# കർമ്മശേഷിയുടെ കാതൽ

(മലയാളം)

**കർമ്മശേഷിയുടെ കാതൽ**
**(ജീവചരിത്രം)**

**ഡോ. എം. കുര്യൻ തോമസ്, ജോയ്സ് തോട്ടയ്ക്കാട്**

ഒന്നാം പതിപ്പ് : 2008 നവം. 2

കോപ്പി : 1000

ഡി.റ്റി.പി. : സോഫിയാ പ്രിന്റ് ഹൗസ്, കോട്ടയം
Mob: 99471 20697

**Rs. 100.00**

# കർമ്മശേഷിയുടെ കാതൽ

## (കടവിൽ പൗലോസ് മാർ അത്താനാസിയോസ്)

ഡോ. എം. കുര്യൻ തോമസ്

ജോയ്സ് തോട്ടയ്ക്കാട്

## ഡോ. എം. കുര്യൻ തോമസ്



സഭാചരിത്രകാരനും ഗവേഷകനും. 1964 ഡിസംബർ 25-ന് കോട്ടയം ജില്ലയിൽ അരീപ്പറമ്പ് മേലേടത്ത് ഫാ: എം. റ്റി. കുര്യൻ കത്തനാരുടേയും മറിയാമ്മയുടേയും പുത്രനായി ജനിച്ചു. ഫിസിക്സിൽ ബിരുദവും, ബിസിനസ് അഡ്മിനിസ്ട്രേഷനിൽ ബിരുദാനന്തര ബിരുദവും, മാർക്കറ്റിംഗ് മാനേജ്മെന്റിൽ ബിരുദാനന്തര ഡിപ്ലോമായും.

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ സ്കൂൾ ഓഫ് സോഷ്യൽ സയൻസസിൽ ഡോ. എം. ആർ. രാഘവ വാര്യരുടെ മേൽനോട്ടത്തിൽ മലങ്കര നസ്രാണികളുടെ 18-ാം നൂറ്റാണ്ടിലെ സ്വത്വബോധ പ്രശ്നങ്ങളെപ്പറ്റി നടത്തിയ ഗവേഷണത്തിന് ഡോക്ടറേറ്റ് ലഭിച്ചു.

1990 മുതൽ അഡ്വർടൈസിംഗ് ബിസിനസിൽ. മുന്നൂറിലധികം ടെലിവിഷൻ പരിപാടികൾ സംവിധാനം ചെയ്തിട്ടുണ്ട്. നൂറോളം സഭാചരിത്ര ലേഖനങ്ങളുടെ കർത്താവാണ്. അവ ഇപ്പോൾ *നസ്രാണി പഠനങ്ങൾ* എന്നപേരിൽ ഗ്രന്ഥപരമ്പരയായി പ്രസിദ്ധീകരിച്ചുവരുന്നു. 2000-ൽ മലയാള ഭാഷയിലെ ആദ്യ ചരിത്രഗ്രന്ഥമായ *നിരണം ഗ്രന്ഥവരി* ഇദംപ്രഥമമായി എഡിറ്റുചെയ്തു പ്രസിദ്ധീകരിച്ചു. അനേകം സഭാചരിത്ര രേഖകൾ കണ്ടെടുക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. വടക്കൻമണ്ണൂർ പള്ളി ഇടവകാംഗം

മറ്റ് കൃതികൾ: മാർ ഗ്രീഗോറിയോസ് അബ്ദൽ ജലീദ്, കാതോലിക്കേറ്റിന്റെ നിധി (എക്സിക്യൂട്ടീവ് എഡിറ്റർ)

ഫോൺ: 93495 55585, 94470 55585 (M) E-mail: drmkurianthomas@gmail.com

## ജോയ്സ് തോട്ടയ്ക്കാട്

ഗവേഷകനും പത്രപ്രവർത്തകനും പ്രസാധകനും.

സോഫിയാ ബുക്സ്, ഗ്രിഗറി ഓഫ് ഇന്ത്യാ സ്റ്റഡി സെന്റർ, പൗലോസ് മാർ ഗ്രീഗോറിയോസ് ഡോട്ട് ഇൻഫോ, മലങ്കര ഓർത്തഡോക്സ് ടി. വി. എന്നിവയുടെ സ്ഥാപകൻ.

മലയാള ഭാഷയിലെ ആദ്യ ചരിത്രഗ്രന്ഥമായ *നിരണം ഗ്രന്ഥവരി*, ആദ്യത്തെ ലക്ഷണമൊത്ത യാത്രാവിവരണമായ *ഊർശ്ലേം യാത്രാവിവരണം* നാലാമത്തെ യാത്രാവിവരണമായ *കൊളംബ് യാത്രാവിവരണം* എന്നിവ ഉൾപ്പെടെ മുപ്പതോളം ഗ്രന്ഥങ്ങളുടെ പ്രസാധകൻ.

പൗലോസ് മാർ ഗ്രീഗോറിയോസിന്റെ പേഴ്സണൽ അസിസ്റ്റന്റ്, മാർ ഗ്രീഗോറിയോസ് ഫൗണ്ടേഷന്റെ സ്ഥാപക സെക്രട്ടറി, മലങ്കര ഓർത്തഡോക്സ് സഭാവിജ്ഞാനകോശത്തിന്റെ എഡിറ്റോറിയൽ അസിസ്റ്റന്റ്, മലങ്കരസഭ മാസികയുടെ പത്രാധിപ സമിതിയംഗം എന്നീ നിലകളിൽ പ്രവർത്തിച്ചു.

കൃതികൾ: ദാർശനികന്റെ വിചാരലോകം (എഡിറ്റർ), പ്രകാശത്തിലേയ്ക്ക് ഒരു തീർത്ഥയാത്ര (പൗലോസ് മാർ ഗ്രിഗോറിയോസിന്റെ ജീവചരിത്രം), കുട്ടികളുടെ തിരുമേനി (പൗലോസ് മാർ ഗ്രിഗോറിയോസിന്റെ ജീവചരിത്രം), ആദിമസഭാ ജ്യോതിസ്സുകൾ (എഡിറ്റർ), സി. പി. ചാണ്ടി: മലങ്കരസഭയുടെ സ്വർഗീയ കിന്നരം (എഡിറ്റർ), കാതോലിക്കേറ്റിന്റെ നിധി (എഡിറ്റർ), സ്നേഹം, സ്വാതന്ത്ര്യം, പുതിയ മാനവികത (സമ്പാദകൻ).

വിലാസം: സോഫിയാ, കണ്ടത്തിൽ ബിൽഡിംഗ്, തിരുനക്കര, കോട്ടയം-1

ഫോൺ: 0481 3255054 (O), 99471 20697 (M) E-mail: joicethottackad@yahoo.com

# വാങ്മുഖം

**1991–ൽ** ഞാൻ 'മലങ്കരസഭ' മാസികയുടെ സബ് എഡിറ്ററായി സേവനമനുഷ്ടിക്കുന്ന കാലം. കോട്ടയം ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായായിരുന്ന കടവിൽ പൗലോസ് മാർ അത്താനാസ്യോസിന്റെ ഒരു ജീവചരിത്രം തയ്യാറാക്കണമെന്നും അതിന് ഉപകരിക്കുന്ന കുറെ രേഖകൾ മെത്രാപ്പോലീത്തായുടെ കുടുംബാംഗമായ ഡോ. കെ. പി. ജോർജിന്റെ കൈവശമുണ്ടെന്നും മാസികയുടെ മാനേജരായിരുന്ന ഫാ. റ്റി. ജി. സഖറിയ എന്നെ അറിയിച്ചു. അച്ചനും ഞാനും കൂടി ഒരു ദിവസം ഡോ. കെ. പി. ജോർജിന്റെ വീട്ടിലെത്തി കടവിൽ തിരുമേനിയുടെ കുറെ കത്തുകളും ഡോക്ടർ ആരെയോ കൊണ്ടെഴുതിച്ച ഒരു കൈയെഴുത്ത് ജീവചരിത്രവും കുറെ പത്രവാർത്തകളും ഏറ്റുവാങ്ങി. അവ ഉപയോഗിച്ച് മെത്രാപ്പോലീത്തായുടെ ഒരു ജീവചരിത്ര ലേഖനം ഞാൻ തയ്യാറാക്കിയത് 1991 നവംബറിലെ 'മലങ്കരസഭ' മാസികയിൽ പ്രസിദ്ധീകരിച്ചു. കടവിൽ തിരുമേനിയെ സംബന്ധിക്കുന്ന എന്തെങ്കിലും രേഖകൾ കൈവശമുള്ളവർ അറിയിക്കണമെന്ന അഭ്യർത്ഥന മലയാള മനോരമ പത്രത്തിലും മലങ്കരസഭാ മാസികയിലും ഫാ. റ്റി. ജി. സഖറിയ പ്രസിദ്ധപ്പെടുത്തി. പക്ഷേ, കാര്യമായ പ്രതികരണങ്ങളൊന്നും ലഭിച്ചില്ല.

അങ്ങനെയിരിക്കെയാണ് ദേവലോകം കാതോലിക്കേറ്റ് അരമനയിൽ നിന്നും ഒരു സ്ഥാത്തിക്കോൻ ഞാൻ കണ്ടെത്തിയത്. അത് അന്ന് ഓർത്തഡോക്സ് വൈദികസെമിനാരി മല്പാനായിരുന്ന ഞാർത്താങ്കൽ കോരുത് അച്ചനെ കാണിച്ച് വായിപ്പിച്ചപ്പോളാണ് അത് കടവിൽ തിരുമേനിയുടെ സ്ഥാത്തിക്കോനാണെന്ന കാര്യം തിരിച്ചറിഞ്ഞത്. ഓർത്തഡോക്സ് സെമിനാരി ആർക്കൈവ്സിലേക്ക് കൈമാറിയ പൊടിഞ്ഞു തുടങ്ങിയിരുന്ന ആ സ്ഥാത്തിക്കോൻ സഭാചരിത്ര ഗവേഷകനായ ഡോ. എം. കുര്യൻ തോമസിന്റെ സഹായത്തോടെ ഇരുവശവും ലാമിനേറ്റ് ചെയ്ത് ഭംഗിയാക്കി സൂക്ഷിക്കാൻ സാധിച്ചിട്ടുണ്ട്.

മലങ്കരസഭയിലെ സഭാചരിത്രപരമായ രേഖകൾ മൈക്രോഫിലിമിലാക്കി സൂക്ഷിക്കുവാനുള്ള വൈദികസെമിനാരിയുടെ പ്രോജക്ട് നടന്നുകൊണ്ടിരുന്നതും ആ സമയത്തായിരുന്നു. അതിന്റെ ഒരു ചുമതലക്കാരനായി സേവനമനുഷ്ടിച്ചിരുന്ന ഞാൻ, സെമിനാരി ആർക്കൈവ്സിലെ രേഖകളും ഗ്രന്ഥങ്ങളും പരിശോധിച്ചുവരവെ ഫാ. സൈമൺ പുലിക്കോട്ടിൽ എഴുതിയ കടവിൽ തിരുമേനിയുടെ ജീവചരിത്രം അവിടെനിന്നും കണ്ടെത്തി. വീണ്ടും തുടർന്ന ഗവേഷണത്തിനിടയിൽ രണ്ടാം കാതോലിക്കാ പ. ഗീവർഗീസ് പ്രഥമൻ ബാവായുടെ ഡയറിയിൽ കൊളംബിലേക്ക്

കടവിൽ തിരുമേനിക്കൊപ്പം നടത്തിയ യാത്രയുടെ വിവരണമുണ്ട് എന്ന വിവരം ലഭിച്ചു. ഡയറി കൈവശത്തിൽ സൂക്ഷിച്ചിരുന്ന വള്ളിക്കാട്ട് ദയറായുടെ സമീപം താമസിക്കുന്ന ചൂരപ്പാടിലച്ചന്റെയടുത്തെത്തി കാര്യങ്ങൾ പറഞ്ഞപ്പോൾ അദ്ദേഹം ഡയറിയിലെ പ്രസക്ത ഭാഗങ്ങൾ വായിച്ചു കേൾപ്പിച്ചു. ഡയറി കൈയിൽ തരികയോ ഫോട്ടോസ്റ്റാറ്റ് എടുക്കാൻ അനുവദിക്കുകയോ ചെയ്യാഞ്ഞതിനാൽ നോട്ടു കുറിച്ചെടുക്കുകയാണ് അന്ന് ചെയ്തത്. പിന്നീട് വർഷങ്ങൾക്കുശേഷം, ഔഗേൻ മാർ ദീവന്നാസ്യോസ് തിരുമേനിയുടെ നേതൃത്വത്തിൽ ഈ ഡയറി പ്രസിദ്ധീകരിച്ചപ്പോൾ അതിന്റെ എഡിറ്റിംഗും ഡി.റ്റി.പി. വർക്കുകളും ചെയ്തുകൊടുക്കാൻ എനിക്ക് ഭാഗ്യമുണ്ടായി.

പ. പരുമല തിരുമേനിയുടെ ഒരു 'കല്പന ബുക്ക്' ദേവലോകം കാതോലിക്കേറ്റ് അരമന ലൈബ്രറിയിൽ നിന്നും ഞാൻ കണ്ടെടുത്ത് പ്രസിദ്ധീകരിച്ചതിനെ തുടർന്ന്, കടവിൽ തിരുമേനിയുടെ കല്പനബുക്കും എവിടെയെങ്കിലും കാണും എന്ന പ്രതീക്ഷയിൽ നടത്തിയ അന്വേഷണത്തിനൊടുവിൽ ആലുവാ തൃക്കുന്നത്തു സെമിനാരിയിൽ നിന്നും 2006-ൽ അവ കണ്ടെത്തി. കാലപ്പഴക്കം കൊണ്ട് മങ്ങിയതും പൊടിഞ്ഞു തുടങ്ങിയതുമായ ആ ബുക്കുകളിൽ നിന്നും പകർത്തിയെഴുതിയെടുക്കുക തന്നെ ബുദ്ധിമുട്ടാണ്. എഴുതിയെടുക്കാൻ സാധിച്ച വളരെ കുറച്ചു ഭാഗം ഈ ഗ്രന്ഥത്തിൽ ചേർത്തിട്ടുണ്ട്. ഡോ. കെ. പി. ജോർജ് നൽകിയ പഴകിയതും പൊടിഞ്ഞതുമായ സ്വകാര്യ കത്തുകളുടെ മുക്കാൽ പങ്കും ഞാൻ പകർത്തിയെഴുതിയെടുത്തിരുന്നു. അവയും ഈ ഗ്രന്ഥത്തിൽ ചേർത്തിട്ടുണ്ട് (പഴയ ചരിത്രരേഖകളിലെയും ഗ്രന്ഥങ്ങളിലെയും ഉദ്ധരണികൾ ഭാഷ മാറ്റാതെ അതേപടിയാണ് ഈ ഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്).

നീണ്ട 16 വർഷത്തിനുശേഷം 2007-ൽ കടവിൽ തിരുമേനിയുടെ കത്തുകൾ തിരികെ ലഭിക്കാനായി ഡോ. കെ. പി. ജോർജ് എന്റെ ഫോൺ നമ്പർ സംഘടിപ്പിച്ച് വിളിച്ചു. കത്തുകൾ അദ്ദേഹത്തിന് തിരികെ നൽകുകയും കടവിൽ തിരുമേനിയുടെ ജീവചരിത്രം ഡി.റ്റി.പി. ചെയ്തു തയ്യാറാക്കിയതത്രയും അദ്ദേഹത്തെ കാണിക്കുകയും ചെയ്തു. 2007 നവംബർ 2-ന് കടവിൽ തിരുമേനിയുടെ ജന്മശതാബ്ദിയാണെന്നും അത് സഭ ആഘോഷിക്കണമെന്നും ആവശ്യപ്പെട്ട് ഈ ഗ്രന്ഥത്തിന്റെ പ്രൂഫുമായി ഡോ. കെ. പി. ജോർജ് സഭാനേതൃത്വത്തിലുള്ള പലരെയും സമീപിച്ചു. ഒടുവിൽ പ. ദിദിമോസ് കാതോലിക്കാബാവായെ കണ്ട് കാര്യം ഉണർത്തിച്ചതിന്റെ ഫലമായി കടവിൽ തിരുമേനിയുടെ ജന്മശതാബ്ദി ആഘോഷിക്കണമെന്ന് ആവശ്യപ്പെട്ട് കോട്ടയം, അങ്കമാലി ഭദ്രാസനങ്ങൾക്ക് പ. പിതാവ് കല്പന നല്കി. അതനുസരിച്ച് കോട്ടയം ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ നിലയ്ക്കൽ പള്ളിയിൽ വച്ച് 2007 ഡിസംബറിൽ വിപുലമായ സമ്മേളനം

നടന്നു. പ. പിതാവിന്റെ നിർദ്ദേശാനുസരണം ഈ ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണം സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണവിഭാഗമായ എം. ഒ. സി. പബ്ലിക്കേഷൻസ് ഏറ്റെടുക്കുകയും ചെയ്തു.

കടവിൽ തിരുമേനിയെക്കുറിച്ചുള്ള അന്വേഷണത്തിൽ, പല സഭാ ചരിത്ര വിഷയങ്ങളിലുള്ള അന്വേഷണങ്ങളിലുമെന്നപോലെ എന്റെ സ്നേഹിതനും ചരിത്രകാരനുമായ ഡോ. എം. കുര്യൻ തോമസും എനിക്കൊപ്പം ഉണ്ടായിരുന്നു. കടവിൽ തിരുമേനിയുടെ സംഭാവനകളെ, അദ്ദേഹം ജീവിച്ച കാലഘട്ടത്തിന്റെ പശ്ചാത്തലത്തിൽ വിലയിരുത്തുന്ന ശ്രദ്ധേയമായ ഒരു പഠനം അദ്ദേഹം ഈ ഗ്രന്ഥത്തിൽ നടത്തിയിട്ടുണ്ട്.

കടവിൽ തിരുമേനിയുടെ ജീവചരിത്രം കെട്ടുകഥകളിലൂടെയും അഭ്യൂഹങ്ങളിലൂടെയും അവതരിപ്പിക്കുവാൻ ഞങ്ങൾ ആഗ്രഹിച്ചില്ല. അതിനാൽ ചരിത്രരേഖകൾ കണ്ടെത്തി അവയുടെ പിൻബലത്തോടെ, വ്യാഖ്യാനങ്ങളുടെ പിൻബലമില്ലാതെ, അദ്ദേഹത്തെ അവതരിപ്പിക്കുവാനാണ് ഞങ്ങൾ ശ്രമിച്ചിരിക്കുന്നത്. മലങ്കരസഭയിലെ നാലു പരിശുദ്ധ പിതാക്കന്മാരെ പൗരോഹിത്യപാതയിലേക്കു കൈപിടിച്ചു നയിക്കാൻ അപൂർവ്വ ഭാഗ്യം ലഭിച്ച ഈ പിതാവിന്റെ മഹത്വം തിരിച്ചറിയുവാൻ നമുക്ക് 100 വർഷം വേണ്ടിവന്നു എന്നത് നമ്മുടെ ചരിത്രരചനാ വിഭാഗത്തിന്റെ പരാജയം കൂടെയാണ് പ്രദർശിപ്പിക്കുന്നത്. ഈ മഹാനുഭാവനായ മെത്രാപ്പോലീത്താ മലങ്കരസഭയ്ക്കു നൽകിയ സംഭാവനകൾ കണ്ടെത്തി അവ ഗ്രന്ഥരൂപത്തിലാക്കാൻ സാധിച്ചു എന്നതിൽ ഞങ്ങൾ അഭിമാനിക്കുന്നു.

കടവിൽ തിരുമേനിയുടെ ജീവചരിത്രം രചിക്കാൻ ഞങ്ങളെ ഉത്സാഹിപ്പിക്കുകയും പ്രചോദനം നൽകുകയും ചെയ്ത പ്രിയപ്പെട്ട ഫാ. റ്റി. ജി. സഖറിയായുടെ സ്മരണയ്ക്കു മുമ്പിൽ ഈ ഗ്രന്ഥം സമർപ്പിക്കുന്നു.

ഈ ഗ്രന്ഥം പ്രസിദ്ധീകരിച്ചു കാണാൻ അതിയായി ആഗ്രഹിച്ച പ. മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവായോടും, ഞങ്ങളുടെ ഗവേഷണ സംരംഭങ്ങളെ എന്നും പ്രോത്സാഹിപ്പിച്ചിട്ടുള്ള എം.ഒ.സി. പബ്ലിക്കേഷൻസിന്റെ പ്രസിഡണ്ട് കൂടിയായ തോമസ് മാർ അത്താനാസ്യോസ് തിരുമേനിയോടും, സെക്രട്ടറിയും ഞങ്ങളുടെ സ്നേഹിതനുമായ ഫാ. തോമസ് വർഗീസിനോടും, ഈ ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണത്തിനായി പരിശ്രമിച്ച ഡോ. കെ. പി. ജോർജിനോടും ഞങ്ങൾക്കുള്ള കൃതജ്ഞത രേഖപ്പെടുത്തുന്നു.

കടവിൽ തിരുമേനി എന്ന മഹാനുഭാവന്റെ ഈ ജീവചരിത്രം വായനക്കാർക്ക് ജീവിതത്തിൽ സൽപ്രേരണകൾ നൽകുമെന്ന പ്രതീക്ഷയോടെ ഈ കൃതി മലങ്കരസഭയിലെ പ്രബുദ്ധരായ വായനക്കാർക്കായി സമർപ്പിക്കുന്നു.

**ജോയ്സ് തോട്ടയ്ക്കാട്**

# ഉള്ളടക്കം


പ്രസാധകകുറിപ്പ് 5

വാങ്മുഖം 6

**ദളം ഒന്ന്**

**ജീവിതം**

1. വ്യക്തിയും കാലവും — ഡോ. എം. കുര്യൻ തോമസ് 12

2. വിശുദ്ധ ജീവിതങ്ങളുടെ വഴികാട്ടി — ജോയ്സ് തോട്ടയ്ക്കാട് 35

3. ഗുരുവിന്റെ വഴികൾ ശിഷ്യന്റെ നാൾവഴിയിൽ നിന്നും — ഗീവർഗീസ് റമ്പാൻ 110

**ദളം രണ്ട്**

**രചനകൾ**

1. കല്പനകൾ 146

2. സ്വകാര്യ കത്തുകൾ 156

3. കല്പനബുക്ക് 176

**അനുബന്ധം**

1. ജീവിത നാൾവഴി — വിപിൻ കെ. വർഗീസ് 181

2. മംഗളപത്രം 183

3. പത്രവാർത്തകൾ 185

4. കടവിൽ തിരുമേനിയുടെ വിൽപത്രം 189

5. കടവിൽ തിരുമേനിയിലൂടെ ഈശ്വരാധീനം — ഡോ. കെ. പി. ജോർജ്ജ് 194

6. കടവിൽ തിരുമേനിയും ഭദ്രാസനങ്ങളും — വർഗീസ് ജോൺ തോട്ടപ്പുഴ 197



കടവിൽ പൗലോസ് മാർ അത്താനാസ്യോസ്. ദേവലോകം അരമന യിൽ സൂക്ഷിച്ചിരിക്കുന്ന ഒരു ചിത്രം.



1958–ൽ മലങ്കര സഭാ മാസിക യിൽ പ്രസിദ്ധീകരിച്ച ഒരു ഫോട്ടോ.

## ദളം 1

# ജീവിതം

# കടവിൽ മാർ അത്താനാസ്യോസ്: വ്യക്തിയും കാലവും

ഡോ. എം. കുര്യൻ തോമസ്

**ആമുഖം**

പാണ്ഡിത്യവും ഭരണശേഷിയും കൈമുതലായിരിക്കുക. മൊത്തം മൂന്നു ദശാബ്ദക്കാലം മികച്ച രണ്ടു ഭദ്രാസനങ്ങളുടെ പ്രഗൽഭനായ സാരഥിയായിരിക്കുക. മലങ്കരസഭയുടെ മൂന്നു ഭാവി മേലദ്ധ്യക്ഷന്മാരെ പൗരോഹിത്യത്തിലേയ്ക്കു കൈപിടിച്ചുയർത്തുക. ഒരു മഹാപരിശുദ്ധനെ കണ്ടെത്തി സഭയ്ക്കായി ആദായപ്പെടുത്തുക. ഇവയൊക്കെയും ചെയ്തിട്ടും ചരിത്രത്തിന്റെ വിസ്മൃതകോടിയിൽ തള്ളപ്പെടുക. ഈ ദൗർഭാഗ്യത്തിനിരയായ വ്യക്തിത്വമാണ് കടവിൽ പൗലൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ.

കോട്ടയം ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായും അങ്കമാലി ഭദ്രാസനത്തിന്റെ ദ്വിതീയ മെത്രാപ്പോലീത്തായുമായിരുന്ന കടവിൽ മാർ അത്താനാസ്യോസാണ് മലങ്കരസഭയിലെ രണ്ടും, മൂന്നും, നാലും കാതോലിക്കാമാരായ പ. വാകത്താനത്തു ബാവാ, പ. കല്ലാശ്ശേരിൽ ബാവാ, പ. ഔഗേൻ ബാവാ എന്നിവർക്ക് ആദ്യപട്ടങ്ങൾ നൽകിയത്. പ. വാകത്താനത്തു ബാവായ്ക്ക് കോറൂയോ മുതൽ റമ്പാൻ വരെയുള്ള എല്ലാ സ്ഥാനങ്ങളും നൽകിയതും ഇദ്ദേഹമാണ്. ഒരു സാധാരണ ഗ്രാമീണ ബാലനായിരുന്ന പ. പാമ്പാടി തിരുമേനിയിലെ ദൈവീകത്വം കണ്ടെത്തി സഭാനേതൃത്വത്തിലേയ്ക്ക് വിളിച്ചടുപ്പിച്ചതും കടവിൽ മാർ അത്താനാസ്യോസാണ്. തനിക്ക് ലഭിച്ച കോട്ടയം ഭദ്രാസനത്തിലെ ഒരു പള്ളിപോലും നവീകരണക്കാരുടെ കയ്യിൽ അകപ്പെടാതെ സൂക്ഷിക്കുന്നതിലും അദ്ദേഹം വിജയിച്ചു. എങ്കിലും സഭാചരിത്രത്തിൽ അദ്ദേഹം ശ്രദ്ധിക്കപ്പെടാതെ പോയത് താൻ വളർത്തിയെടുത്തതും കബറടങ്ങിയതുമായ ആലുവാ തൃക്കുന്നത്തു സെമിനാരിയെ ബാധിച്ച ദുര്യോഗം കൊണ്ടാകാം.

കടവിൽ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ സഭാ സേവനസരണി വിശകലനം ചെയ്യുമ്പോൾ അതിൽ വ്യക്തമായ മൂന്നു കാലഘട്ടങ്ങൾ ഉള്ളതായി കാണാം. അവയെ സെമിനാരി മല്പാൻ കൂരൻ പൗലൂസ് കത്തനാർ, കോട്ടയം ഇടവകയുടെ കടവിൽ പൗലൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ, കോട്ടയം, അങ്കമാലി ഇടവകകളുടെ കടവിൽ പൗലൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ എന്നിങ്ങനെ നാമകരണം ചെയ്യാൻ സാധിക്കും. ഈ മൂന്നു കാലഘട്ടങ്ങളിലെയും

അദ്ദേഹത്തിന്റെ സംഭാവനകളെ വിലയിരുത്തുവാൻ ആ കാലഘട്ടങ്ങളുടെ പശ്ചാത്തല പഠനം കൂടി അത്യന്താപേക്ഷിതമാണ്. കാരണം, ഇവ മൂന്നിനും സവിശേഷവും വ്യതിരക്തവുമായ വ്യത്യസ്ത സ്വഭാവങ്ങളുണ്ട്. ഇവയെ മനസിലാക്കാതെ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തിയാൽ തികച്ചും വിപരീതമായ ഫലങ്ങളാവും ലഭിക്കുക. ഈ സ്വഭാവങ്ങളെ വിലയിരുത്തുവാൻ 19-ാം നൂറ്റാണ്ടിലെ മലങ്കരസഭയുടെ ചരിത്ര-സാംസ്കാരിക സ്വഭാവം മനസിലാക്കേണ്ടിയിരിക്കുന്നു.

**പശ്ചാത്തലം**

1808-ൽ വലിയ മാർ ദീവന്നാസ്യോസ് എന്ന മാർത്തോമ്മാ ആറാമൻ കാലം ചെയ്തതോടെ നൂറ്റാണ്ടുകൾ നീണ്ട പകലോമറ്റം ഭരണത്തിന്റെ അപചയം ആരംഭിച്ചു. *വമ്പന്റെ പിമ്പേ വന്നവരുടെ* ദൗർബല്യം ഇതിന്റെ മുഖ്യഹേതുവാണെങ്കിലും *മെത്രാനെ ഭരിക്കുകയും* അതുവഴി *തങ്ങൾ ഭരിക്കപ്പെടാതിരിക്കുകയും ചെയ്യുക* എന്ന ഗൂഢലക്ഷ്യത്തോടെ പ്രവർത്തിച്ച ഒരു വിഭാഗം നസ്രാണി പട്ടക്കാരുടെയും പ്രമാണിമാരുടെയും പ്രതിലോമ പ്രവർത്തനം പിൽക്കാല മാർത്തോമ്മാ മെത്രാന്മാരുടെ ഭരണം ദുർബലവും ദുഷ്ക്കരവും കാര്യക്ഷമതാരഹിതവുമാക്കി. 18-ാം നൂറ്റാണ്ടിന്റെ ആരംഭം മുതലെങ്കിലും ഇത്തരം പ്രതിലോമ പ്രവർത്തനം സജീവമായിരുന്നുവെന്ന് സമകാലിക രേഖകൾ സാക്ഷിക്കുന്നുണ്ട്. വലിയ മാർ ദീവന്നാസ്യോസിന്റെ ദീർഘവും കാര്യക്ഷമവുമായ ഭരണകാലത്ത് ഇത്തരം ശക്തികളെ അദ്ദേഹം നിർദ്ദയം അടിച്ചമർത്തി. എന്നാൽ ദുർബലരായ അദ്ദേഹത്തിന്റെ പിൻഗാമികളുടെ കാലത്ത് ഈ ശക്തികൾ വീണ്ടും തലപൊക്കി.

നേതൃത്വവിരുദ്ധ ശക്തികൾക്ക് അനുകൂലമായ ഒരു രാഷ്ട്രീയഘടകവും ഇക്കാലഘട്ടത്തിൽ ഉരുത്തിരിഞ്ഞു. അത്, ടിപ്പു സുൽത്താന്റെ അക്രമണവും തുടർന്നുണ്ടായ വേലുത്തമ്പി വിപ്ലവവും തിരുവിതാംകൂറിലും കൊച്ചിയിലും സൃഷ്ടിച്ച അപരിമിതമായ ബ്രിട്ടീഷ് മേൽക്കോയ്മയാണ്. ഒരു *ക്രൈസ്തവ ബ്രിട്ടീഷ് ഇന്ത്യയെ* സ്വപ്നംകണ്ട ബ്രിട്ടീഷ് സാമ്രാജ്യം, സഹസ്രാബ്ദങ്ങളുടെ പാരമ്പര്യവും ദേശീയ പശ്ചാത്തലവുമുള്ള നസ്രാണികളെ അതിലേയ്ക്കുള്ള സുഗമമായ ചവിട്ടുപടിയായിക്കണ്ടു. ചർച്ച് ഓഫ് സ്‌ക്കോട്ട്ലന്റിലെ ഒരു ശെമ്മാശനും തീവ്രതയുള്ള ക്രിസ്താനിയുമായ കേണൽ മൺറോ തിരുവിതാംകൂറിലും കൊച്ചിയിലും ബ്രിട്ടീഷ് റസിഡണ്ടും തുടർന്ന് ദിവാനുമായതോടെ നസ്രാണികളെ പ്രൊട്ടസ്റ്റന്റ് വേദശാസ്ത്രം അംഗീകരിപ്പിച്ച് തങ്ങളുടെ വിശാല ഇന്ത്യൻ സഭയുടെ മൂലക്കല്ലാക്കാനുള്ള ബ്രിട്ടീഷ് കൊളോണിയൽ ശ്രമങ്ങൾക്ക് രൂക്ഷതയേറി.

വിവിധങ്ങളും വ്യക്തിപരവുമായ കാരണങ്ങളാൽ മാർത്തോമ്മാ എട്ടാമനോട് മറുതലിച്ചു നിന്നവർ അദ്ദേഹത്തിനെതിരായി കേണൽ മൺറോ

യുടെ മുമ്പിലെത്തി. എന്നാൽ ബ്രിട്ടീഷുകാർക്ക് നിയമസാധുത്വത്തോടുള്ള സഹജമായ പ്രതിപത്തി മൂലം കേണൽ മൺറോ മാർത്തോമ്മാ എട്ടാമൻ കാലം ചെയ്യുന്നതുവരെ ഇക്കാര്യത്തിൽ തീരുമാനമൊന്നും എടുക്കാതെ ഒഴിഞ്ഞുമാറി. എന്നാൽ 1808 ചിങ്ങം 1-ന് കണ്ടനാട്ടു കൂടിയ *മലങ്കര പള്ളിയോഗം* എടുത്ത തെക്കും വടക്കും വൈദികാഭ്യസനത്തിനായി ഓരോ *പഠിത്തവീടു* തുടങ്ങണമെന്ന തീരുമാനം അതുവരെ നടപ്പാക്കിയിട്ടില്ലെന്ന വിവരം കേണൽ മൺറോ അറിഞ്ഞതോടെ അതു തങ്ങളുടെ ദീർഘകാലപദ്ധതിക്ക് അനുരൂപമായിരിക്കുമെന്നു മനസിലാക്കി ആ ആശയത്തെ പിന്തുണച്ചു. വിമതപക്ഷ നേതാവും *പഠിത്തവീടിന്റെ* ശക്തനായ വക്താവുമായ പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാന് എല്ലാവിധ പിന്തുണയും കേണൽ മൺറോ വാഗ്ദാനം ചെയ്തു. അദ്ദേഹത്തിന്റെ ശുപാർശകൊണ്ട് തിരുവിതാംകൂർ സർക്കാർ *പഠിത്തവീടു* വയ്ക്കുന്നതിന് കോട്ടയത്ത് കരമൊഴിവായി ഭൂമിയും, പണിയാൻ സൗജന്യമായി തേക്കുതടിയും, കുറെ പണവും സംഭാവന നൽകി. ഇട്ടൂപ്പ് റമ്പാന്റെ നേതൃത്വത്തിൽ *പഠിത്തവീടിന്റെ* പണി 1814-ൽ പൂർത്തിയാക്കുകയും ചെയ്തു.

സെമിനാരിയിൽ വിദ്യാഭ്യാസം ആരംഭിച്ചതോടെ കേണൽ മൺറോ ആംഗ്ലിക്കൻ മിഷനറിമാരുടെ സേവനം അവിടെ വാഗ്ദാനം ചെയ്തു. ഇംഗ്ലീഷ് ഭാഷയും അധുനിക ശാസ്ത്രങ്ങളും അഭ്യസിപ്പിക്കുക എന്നതായിരുന്നു അവരുടെ ഉപരിപ്ലവമായ ജോലി എങ്കിലും ആത്യന്തികമായി *ക്രൈസ്തവ ഇന്ത്യ* എന്ന ബ്രിട്ടീഷ് കൊളോണിയൽ ലക്ഷ്യപ്രാപ്തിയായിരുന്നു ഇവരിലൂടെ ഉദ്ദേശിച്ചിരുന്നത്. ഭാഗികമായെങ്കിലും സെമിനാരിയിൽ ഇവരുടെ സാന്നിദ്ധ്യം അനുവദിച്ചുകൊടുക്കാൻ ഇട്ടൂപ്പ് റമ്പാൻ നിർബന്ധിതനായി.

തുടർന്നുള്ള രണ്ടു ദശകങ്ങൾ ആംഗ്ലിക്കൻ മിഷനറിമാരുമായുള്ള സഹവാസം തുടർന്നെങ്കിലും എന്നെങ്കിലും അത് സുഖകരമായിരുന്നോ എന്ന് സംശയമാണ്. പ്രൊട്ടസ്റ്റന്റ് രീതിയിൽ ആരാധനാ പരിഷ്ക്കരണം നടത്തുവാനുള്ള ആംഗ്ലിക്കൻ മിഷനറിമാരുടെ നിർദേശം 1818-ൽ മാവേലിക്കരയിൽ കൂടിയ *മലങ്കര പള്ളിയോഗം* തള്ളി. തുടർന്ന് മലങ്കര നസ്രാണികൾ അന്ന് ഉപയോഗിച്ചുവന്നിരുന്ന പാശ്ചാത്യ സുറിയാനി തക്സാ തങ്ങളുടേതായ രീതിയിൽ പരിഷ്ക്കരിച്ച് അവരെ പ്രൊട്ടസ്റ്റന്റാക്കാനുള്ള ശ്രമം ആരംഭിച്ചു. പാലക്കുന്നത്ത് അബ്രഹാം മല്പാനെപ്പോലെയുള്ള ഏതാനും വൈദികരെ അവർക്കിതിനു സഹായത്തിനും ലഭിച്ചു. പക്ഷേ, ഈ ശ്രമവും മലങ്കരസഭ തള്ളി.

ഈ കാലത്താണ് കൽക്കട്ടയിലെ ആംഗ്ലിക്കൻ ബിഷപ്പ് ഡാനിയേൽ വിൽസൺ മലങ്കരസഭയുടെ സമഗ്ര പരിഷ്ക്കരണത്തിനായി അഞ്ചു നിർദേശങ്ങൾ മുമ്പോട്ടുവെച്ചത്. നടപ്പാകുന്നപക്ഷം മലങ്കരസഭ പൂർണമായും

ചുരുങ്ങിയ കാലംകൊണ്ട് ആംഗ്ലിക്കൻ മിഷനറിമാർക്കും പ്രൊട്ടസ്റ്റന്റ് വിശ്വാസത്തിനും കീഴ്പ്പെടുന്നവയായിരുന്നു ആ നിർദേശങ്ങൾ.

### ബ്രിട്ടീഷ് സാമ്രാജ്യത്വം

നസ്രാണികളുടെ രാഷ്ട്രീയനില മുമ്പെങ്ങുമില്ലാത്തവിധം അന്നു പരുങ്ങലിലായിരുന്നു. ബ്രിട്ടീഷ് സാമ്രാജ്യത്വം തിരുവിതാംകൂറിലും കൊച്ചിയിലും പൂർണമായും പിടിമുറുക്കിയിരുന്നു. ആദ്യകാല ആംഗ്ലിക്കൻ മിഷനറിമാർക്കു ശേഷം വന്ന അപക്വമതികളും ചെറുപ്പക്കാരുമായ മിഷനറിമാർ തങ്ങളുടെ ലക്ഷ്യപ്രാപ്തിക്ക് ഏതു മാർഗ്ഗവും സ്വീകരിക്കുന്നവരായിരുന്നു. മതകാര്യങ്ങളിൽ കമ്പനി ഇടപെടരുതെന്ന പ്രഖ്യാപിത ബ്രിട്ടീഷ് നയം അവർ തെല്ലും വകവെച്ചിരുന്നില്ല. തിരുവിതാംകൂറിലെ ഉദ്യോഗസ്ഥവൃന്ദം ബ്രിട്ടീഷ് അധികാരികളുടെ അധീനത്തിലാണെന്നതുമൂലം മഹാരാജാവിനു പോലും തങ്ങളെ സഹായിക്കാനാവില്ല എന്ന തിരിച്ചറിവ് നസ്രാണികൾക്കുണ്ടാക്കി. ഈ സാഹചര്യത്തിലാണ് ബിഷപ്പ് ഡാനിയേൽ വിൽസന്റെ നിർദേശങ്ങൾ പരിഗണിക്കാൻ 1836-ൽ മാവേലിക്കരയിൽ *മലങ്കര പള്ളിയോഗം* ചേരുന്നത്.

തികച്ചും അപകടകരമായ ഒരവസ്ഥയെയാണ് നസ്രാണികൾക്ക് നേരിടേണ്ടിവന്നത്. ബിഷപ്പ് ഡാനിയേൽ വിൽസന്റെ നിർദേശങ്ങൾ അംഗീകരിച്ചാൽ തങ്ങളുടെ ഓർത്തഡോക്സ് വിശ്വാസവും ദേശീയ തനിമയും പാരമ്പര്യങ്ങളും സ്വയംശീർഷകത്വവും സ്വയംഭരണവും എന്നെന്നേക്കുമായി നഷ്ടപ്പെടും. അവ നിരാകരിക്കാതിരിക്കാനുള്ള രാഷ്ട്രീയ സമ്മർദ്ദങ്ങൾ മാവേലിക്കര യോഗത്തിനു മുമ്പുതന്നെ സജീവമായിരുന്നു. അതിനാൽ നിരാകരിച്ചാൽ ഉണ്ടാകാവുന്ന പകപോക്കൽ അചിന്ത്യമായിരിക്കും. കാരണം, ഏതാനും ദശകങ്ങൾക്കു മാത്രം മുമ്പുണ്ടായ തച്ചിൽ മാത്തുത്തരകൻ പീഡയുടെ സ്മരണകൾ വിസ്മൃതിയിലാവാനുള്ള കാലമായിട്ടില്ലായിരുന്നു.

### കൈസറെ അഭയംചൊല്ലുന്നു

ഈ സാഹചര്യത്തിൽ അപകടകരമായ ഒരു ഞാണിന്മേൽക്കളിക്ക് നസ്രാണികൾ തയാറായി. തങ്ങളുടെ വേദതലവനായ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അനുവാദം കൂടാതെ വിശ്വാസ-ആചാരങ്ങൾ ഭേദപ്പെടുത്തുവാനാവില്ലെന്ന് 1836-ൽ മാവേലിക്കരയിൽ ചേർന്ന *മലങ്കര പള്ളിയോഗം* പടിയോല എഴുതി ബിഷപ്പ് ഡാനിയേൽ വിൽസന്റെ നിർദേശങ്ങൾ പൂർണ്ണമായി തള്ളിക്കളഞ്ഞു. തികച്ചും തന്ത്രപരമായ ഒരു നീക്കമായിരുന്നു അത്. അധികാരം തങ്ങളുടെ കൈകളിലില്ല എന്ന ന്യായത്തിൽ തങ്ങൾക്കു രക്ഷപെടാം. ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ വരുതിയിലല്ലാത്ത തുർക്കി രാജ്യത്തെ പ്രജയായ അന്ത്യോഖ്യാ പാത്രിയർക്കീസിനെ ആംഗ്ലിക്കൻ മിഷ

നറിമാർക്കു സ്വാധീനിക്കാനാവില്ല. ഇതായിരുന്നു കണക്കുകൂട്ടൽ. താൽക്കാലികമായി ഈ കണക്കുകൂട്ടൽ വിജയിച്ചു. പക്ഷേ, അതിന് മലങ്കര സഭയും സഭാതലവനായ ചേപ്പാട്ട് മാർ ദീവന്നാസ്യോസ് നാലാമനും കൊടുക്കേണ്ടിവന്ന വില ഭീമമായിരുന്നു.

### മിഷനറിമാരുടെ പ്രതികാരം

മാവേലിക്കര പടിയോലയിലൂടെ തങ്ങളുടെ ഇംഗിതത്തിനു മലങ്കരസഭ വശംവദയാകുന്നില്ലെന്നു മനസ്സിലാക്കിയ മിഷനറിമാർ പ്രതികാരനടപടികൾ ആരംഭിച്ചു. കേണൽ മൺറോയുടെ കാലംമുതൽ തിരുവിതാംകൂർ-കൊച്ചി സർവീസിൽ നിയമിക്കപ്പെട്ടുവന്നിരുന്ന സുറിയാനി ക്രിസ്ത്യാനികളായ ജുഡീഷ്യൽ-റവന്യൂ ഉദ്യോഗസ്ഥരെ മുഴുവൻ ഒറ്റയടിക്കു പുറത്താക്കി. 1836-ലെ ഓശാന ഞായറാഴ്ച ബ്രിട്ടീഷ് മിഷനറി ജോസഫ് പീറ്റ് സെമിനാരി ബസ്ഗാസാ മുറി കുത്തിത്തുറന്ന് മുതലുകൾ അപഹരിച്ചു. നസ്രാണിപള്ളികളിൽ പരസ്യമായി വേദവിപരീതം പ്രസംഗിച്ചു തുടങ്ങിയതോടെ മിഷനറിമാർ പള്ളികളിൽ പ്രസംഗിക്കുന്നത് മാർ ദീവന്നാസ്യോസ് നാലാമൻ നിരോധിച്ചു. മെത്രാനെ കള്ളക്കേസിൽ കുടുക്കി വിചാരണ നടത്തുകയും സ്വത്തുക്കൾ കണ്ടുകെട്ടിക്കുകയും ചെയ്ത് മിഷനറിമാർ തിരിച്ചടിച്ചു. മാത്രമല്ല സമുദായ സ്വത്തുക്കൾമേൽ അവർ അവകാശവാദം ഉന്നയിക്കുകയും 1840-ലെ കൊച്ചി പഞ്ചായത്തുവിധിപ്രകാരം അവയിൽ ഭൂരിപക്ഷവും കൈക്കലാക്കുകയും ചെയ്തു.

### *അപ്പനുമല്ല ചിറ്റപ്പനുമല്ല*

ചേപ്പാട്ടു മാർ ദീവന്നാസ്യോസ് നാലാമനെ പീഡിപ്പിക്കുന്ന മിഷനറിമാരെ പിന്തുണയ്ക്കാൻ ഒരു വിഭാഗം നസ്രാണികൾ തയാറായി. ഇവരിൽ വിരലിലെണ്ണാവുന്നവർ മാത്രമായിരുന്നു പ്രൊട്ടസ്റ്റന്റ് വിശ്വാസത്തിൽ ആകൃഷ്ടരായവർ. ബാക്കിയുള്ളവർ ഭരിക്കുന്ന മെത്രാനോട് തങ്ങൾക്ക് വിവിധ കാരണങ്ങളാലുള്ള വിരോധം തീർക്കാൻ ശക്തമായ ഒരു ആയുധം എന്ന നിലയിൽ മിഷനറിമാരോടൊപ്പം താൽക്കാലികമായി ചേർന്നു എന്നു മാത്രം.

നാലാം മാർത്തോമ്മായുടെ കാലംമുതലെങ്കിലും ഭരിക്കുന്ന മെത്രാന് എതിരായി വിഭാഗീയത സൃഷ്ടിക്കുക എന്നത് നസ്രാണികളുടെ പതിവായിരുന്നു. വ്യക്തിപരവും പ്രാദേശികവുമായ കാരണങ്ങൾ ഒഴികെ താത്വികമായ അടിത്തറയൊന്നും ഈ വിഭാഗീയതയ്ക്കു പിന്നിലില്ലായിരുന്നു. അപ്പപ്പോൾ ലഭ്യമാകുന്ന വിദേശ മെത്രാനോട് ചേർന്ന് തങ്ങളുടെ സഭാതലവനെ എതിർക്കുക എന്നതായിരുന്നു പതിവ്. നെസ്തോറിയൻ മെത്രാൻ മാർ ഗബ്രിയേലിനെ അദ്ദേഹത്തിന്റെ ആഗമനവേളയിൽ കൊച്ചിയിൽ സന്ദർശിച്ചു മടങ്ങിയ ഒരു നസ്രാണിപ്രമാണി പറഞ്ഞ *അപ്പനുമല്ല*

*ചിറ്റപ്പനുമല്ല ഇപ്പോഴത്തെ കാര്യത്തിന്* (മാർത്തോമ്മാ മെത്രാനെ എതിർക്കുന്നതിന്) *കൊള്ളാം* എന്ന നയമായിരുന്നു മിഷനറിമാരോടുള്ള സഹവാസത്തിലും ഈ നസ്രാണികൾ അനുവർത്തിച്ചത്. അതിനാലാണ് മെത്രാനെതിരെ 1836 സെപ്തംബറിൽ പാലക്കുന്നത്തു അബ്രഹാം മല്പാൻ മുതൽപേർ ബ്രിട്ടീഷ് റസിഡന്റിനു നൽകിയ ഹർജിയിൽ ഒപ്പിടാനും ആളുണ്ടായത്. മാർത്തോമ്മാ എട്ടാമനെതിരെ ഇട്ടൂപ്പു കത്തനാർ മുതൽപേർ നൽകിയ ഹർജിപോലെ ഇതിലും തീരുമാനമെടുക്കാൻ സർക്കാർ വിസമ്മതിച്ചു. എങ്കിലും ഭരിക്കാനോ സമാധാനത്തോടെ ജീവിക്കാനോ സാദ്ധ്യമല്ലാത്ത അവസ്ഥ മാർ ദീവന്നാസ്യോസ് നാലാമന് സംജാതമായി.

## പാലക്കുന്നത്ത് മാർ അത്താനാസ്യോസ്

ഈ സാഹചര്യത്തിലാണ് 1843-ൽ പാലക്കുന്നത്ത് മാർ മാത്യൂസ് അത്താനാസ്യോസ് അന്ത്യോഖ്യാ പാത്രിയർക്കീസിൽ നിന്നും മേല്പട്ട സ്ഥാനം ഏറ്റുവന്നത്. കേവലം 24 വയസ്സു മാത്രം പ്രായമുണ്ടായിരുന്ന മാർ അത്താനാസ്യോസിനെ അംഗീകരിക്കുന്നതിനു ചേപ്പാട്ടു മാർ ദീവന്നാസ്യോസ് ആദ്യം തയാറായി എങ്കിലും ഫലവത്തായില്ല. മാർ അത്താനാസ്യോസിന്റെ സ്ഥാത്തിക്കോനെപ്പറ്റിയുണ്ടായ സംശയങ്ങളാണ് 1843 ചിങ്ങം 3-ന് കണ്ടനാട്ടു കൂടിയ *മലങ്കര പള്ളിയോഗം* അദ്ദേഹത്തെ നിരസിക്കാൻ മുഖ്യ കാരണമായത്. പിതൃസഹോദരനായ പാലക്കുന്നത്തു അബ്രഹാം മല്പാന്  പ്രൊട്ടസ്റ്റന്റ് വിഭാഗം നേതാവെന്ന നിലയിലുള്ള ദുഷ്പ്പേരും മാർ അത്താനാസ്യോസിനെ സംശയദൃഷ്ടിയോടെ വീക്ഷിക്കാൻ *മലങ്കര പള്ളിയോഗത്തെ* പ്രേരിപ്പിച്ചിരിക്കാം.

ലഭ്യമായ രേഖകൾപ്രകാരം ഉൽക്കർക്ഷേഛുവായ മാർ അത്താനാസ്യോസ് മേല്പട്ടമേറ്റ് കേരളത്തിലെത്തിയപ്പോൾ മുതൽ മലങ്കര മെത്രാൻ സ്ഥാനത്തിനു ശ്രമം ആരംഭിച്ചിരുന്നു. മദ്രാസിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം നടത്തിയ അദ്ദേഹത്തിന് തിരുവിതാംകൂറിലെ ബ്രിട്ടീഷുകാരും നാട്ടുകാരുമായ ഉദ്യോഗസ്ഥരുമായി സൗഹൃദം സ്ഥാപിക്കുക അനായാസമായിരുന്നു. തങ്ങളുടെ വിശ്വസ്ത സഹചാരിയായ പാലക്കുന്നത്തു അബ്രഹാം മല്പാന്റെ സഹോദരപുത്രൻ എന്ന നിലയിൽ മാർ അത്താനാസ്യോസിന്റെ അധികാരപ്രാപ്തി തങ്ങളുടെ ലക്ഷ്യപ്രാപ്തിക്ക് അനുകൂലമാകുമെന്ന് മിഷനറിമാർ കണക്കുകൂട്ടുകയും അദ്ദേഹത്തെ അധികാരപ്രാപ്തിക്കായി അകമഴിഞ്ഞു സഹായിക്കുകയും ചെയ്തു.

## അപകടകരമായ നീക്കം

എന്നാൽ ഇവയൊന്നും മാർ അത്താനാസ്യോസിനു സഹായകരമായില്ല. കാരണം, തന്റെ അവകാശവാദത്തെ സാധൂകരിക്കാൻ അത്യന്താപേക്ഷിതമായ *മലങ്കര പള്ളിയോഗത്തിന്റെ* തിരഞ്ഞെടുപ്പ് അദ്ദേഹത്തി

നില്ലായിരുന്നു. ഈ സാഹചര്യത്തിൽ ഭാവിയിൽ തനിക്കും മലങ്കരസഭയ്ക്കു മുഴുവനും ദോഷകരമായി മാറിയ അപകടകരമായ ഒരു നീക്കം മാർ അത്താനാസ്യോസ് നടത്തി. തന്നെ അന്ത്യോഖ്യാ പാത്രിയർക്കീസ് മലങ്കരസഭാദ്ധ്യക്ഷനായി വാഴിച്ചിട്ടുണ്ടെന്നും, മാർ ദീവന്നാസ്യോസിനെ സസ്പെന്റ് ചെയ്തിട്ടുണ്ടെന്നും അതിനാൽ തന്നെ നിയമാനുസൃത മെത്രാനായി അംഗീകരിക്കണമെന്നും മാർ അത്താനാസ്യോസ് വാദിച്ചു.

1836-ലെ *മാവേലിക്കര പടിയോല* അന്ത്യോഖ്യാ പാത്രിയർക്കീസിനെ വേദതലവനായി ഉയർത്തിക്കാട്ടിയിരുന്നു എന്ന വസ്തുതയുടെ പശ്ചാത്തലത്തിൽപോലും ഈ വാദം അദ്ദേഹത്തിനു ഗുണം ചെയ്തില്ല. എങ്കിലും ഈ വാദം ഗുരുതരമായ ദൂരവ്യാപക പ്രത്യാഘാതങ്ങളുണ്ടാക്കി. മലങ്കരയിൽ ഇദംപ്രഥമമായി അന്ത്യോഖ്യാ പാത്രിയർക്കീസിൽ നിന്നും മേല്പട്ടസ്ഥാനം സ്വീകരിച്ചത് മാർ അത്താനാസ്യോസാണ്. അതു മലങ്കരസഭയുടെ തീരുമാനപ്രകാരമോ ആവശ്യപ്രകാരമോ ആയിരുന്നില്ല. മറിച്ച്, മാർ അത്താനാസ്യോസിന്റെ തികച്ചും വ്യക്തിപരമായ ഒരു നടപടിയായിരുന്നു. മലങ്കരയിൽ മെത്രാന്മാരെ *ആക്കാനും നീക്കാനുമുള്ള* അവകാശം തങ്ങൾക്കാണെന്ന് 18-ാം നൂറ്റാണ്ടു മുതൽ അന്ത്യോഖ്യാ പാത്രിയർക്കീസുമാർ അവകാശവാദം ഉന്നയിയിച്ചിരുന്നെങ്കിലും മലങ്കരസഭ ഇത് അംഗീകരിച്ചിരുന്നില്ല. മാർ അത്താനാസ്യോസിന്റെ സ്ഥാനത്വര മൂലം ഒറ്റയടിക്ക് അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ രണ്ട് അവകാശവാദങ്ങളാണ് അംഗീകരിക്കപ്പെട്ടത്.

### യൂയാക്കിം മാർ കൂറിലോസിന്റെ ആഗമനം

മലങ്കരമെത്രാൻ സ്ഥാനത്തിനായുള്ള മാർ അത്താനാസ്യോസിന്റെ സജീവശ്രമം മാർ ദീവന്നാസ്യോസിന്റെ ജീവിതം കൂടുതൽ ദുഷ്ക്കരമാക്കി. ഈ സാഹചര്യത്തിലാണ് 1846-ൽ യൂയാക്കിം മാർ കൂറിലോസ് എന്ന പരദേശമെത്രാൻ കേരളത്തിലെത്തുന്നത്. നാലാം ദിവസം 1846 ചിങ്ങം 30-ന് ചേപ്പാട്ടു മാർ ദീവന്നാസ്യോസ്, മാർ കൂറിലോസിന് സ്ഥാനം ഒഴിഞ്ഞുകൊടുത്തു എന്നതിൽ നിന്നുതന്നെ അദ്ദേഹം എത്രമാത്രം പീഡിപ്പിക്കപ്പെട്ടിരുന്നു എന്ന് വ്യക്തമാണ്.

ഈ സ്ഥാനത്യാഗം മാർ അത്താനാസ്യോസും മാർ കൂറിലോസും മലങ്കരമെത്രാൻ സ്ഥാനത്തിന് നേരിട്ട് ഏറ്റുമുട്ടുന്ന അവസ്ഥയിലെത്തിച്ചു. മാർ അത്താനാസ്യോസിനെപ്പോലെ മാർ കൂറിലോസിന്റെയും അവകാശവാദത്തിന്റെ പിൻബലം അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ നിയമനാധികാരമായിരുന്നു. ഇരുപക്ഷവും ഒരേ വാദം ഉന്നയിച്ചതിനാൽ ഇരുവരുടെയും അവകാശവാദങ്ങൾ പഠിച്ച കൊല്ലം പഞ്ചായത്തിന് ഈ വിഷയം പരിഗണിക്കേണ്ടി വന്നില്ല. വിദേശിയായ മാർ കൂറിലോസിന് മലങ്കര

സിംഹാസനം അവകാശപ്പെടാൻ അർഹതയില്ലെന്ന കൊല്ലം പഞ്ചായത്തിന്റെ വിധിപ്രകാരം മാർ അത്താനാസ്യോസിന് അനുകൂലമായ രാജകീയ വിളംബരം 1852 കർക്കിടകം 15-ന് പുറപ്പെടുവിച്ചു.

ചേപ്പാട്ടു മാർ ദീവന്നാസ്യോസ് സ്ഥാനത്യാഗം ചെയ്തു എന്ന ഒറ്റ കാരണത്താലാണ് മാർ അത്താനാസ്യോസിന്റെ അവകാശവാദം പരിഗണിക്കപ്പെട്ടത്. അദ്ദേഹം സ്ഥാനത്തു തുടരുകയോ *മലങ്കര പള്ളിയോഗം* കൂടി മറ്റൊരാളെ തിരഞ്ഞെടുത്ത് വാഴിക്കുകയോ ചെയ്തിരുന്നെങ്കിൽ മാർ അത്താനാസ്യോസ് ഒരിക്കലും മലങ്കരമെത്രാൻ സ്ഥാനം പ്രാപിക്കുകയില്ലായിരുന്നു. പക്ഷേ, അന്നത്തെ സാഹചര്യത്തിൽ ഇവ രണ്ടും മാർ ദീവന്നാസ്യോസിന് അസാദ്ധ്യമായിരുന്നു.

തിരുവെഴുത്തു വിളംബരം വകവയ്ക്കാതെ മാർ കൂറിലോസ് അധികാരം നടത്താൻ ശ്രമിച്ചതിനെത്തുടർന്ന് നിയമാനുസൃത മെത്രാനെ അനുസരിക്കാൻ തയാറല്ലാത്തവർ വേറെ പള്ളി വെച്ചു മാറിക്കൊള്ളണമെന്ന് തിരുവിതാംകൂർ ദിവാൻ മാധവരായർ 1038-ാമാണ്ടു മാശി മാസം 3-നു (1863 ഫെബ്രുവരി 13) കർശനമായ ഉത്തരവയച്ചു. ഇതോടെ മാർ കൂറിലോസിന് തിരുവിതാംകൂറും കൊച്ചിയും ഉപേക്ഷിച്ച് ബ്രിട്ടീഷ് കൊച്ചിയിൽ അഭയം തേടേണ്ടിവന്നു.

## മാർ അത്താനാസ്യോസും പ്രൊട്ടസ്റ്റന്റ് വിശ്വാസവും

പാലക്കുന്നത്ത് മാർ അത്താനാസ്യോസിന്റെ പ്രൊട്ടസ്റ്റന്റ് വിശ്വാസം വളരെ വിവാദപരമായ ഒരു വിഷയമാണ്. അദ്ദേഹത്തെ സഭാനവീകരണത്തിന്റെ പ്രാരംഭ ശില്പിയായാണ് നവീകരണ സുറിയാനിക്കാർ പുകഴ്ത്തുന്നത്. കടുത്ത പ്രൊട്ടസ്റ്റന്റ് വിശ്വാസ പ്രചാരകനാണെന്ന് എതിർപക്ഷവും ആരോപിക്കുന്നു. ഇരുവിഭാഗക്കാർക്കും ഈ പ്രചരണത്തിൽ വ്യത്യസ്തമായ സ്ഥാപിതതാല്പര്യങ്ങളുണ്ടെന്നു മനസിലാക്കി വേണം ഇതിന്റെ യാഥാർത്ഥ്യത്തെപ്പറ്റി പഠനം നടത്താൻ.

പാലക്കുന്നത്ത് മാർ അത്താനാസ്യോസ് അധികാരത്തിലേറിയപ്പോൾ അദ്ദേഹം പ്രൊട്ടസ്റ്റന്റ് വിശ്വാസം നടപ്പാക്കുമെന്ന് ആംഗ്ലിക്കൻ മിഷനറിമാർ സ്വാഭാവികമായും പ്രതീക്ഷിച്ചു. താൻ ഏകപക്ഷീയമായി സൃഷ്ടിച്ച *അരക്കുർബാന*യും മറ്റ് പ്രൊട്ടസ്റ്റന്റ് അനുരൂപ വ്യതിയാനങ്ങളും തന്റെ സഹോദരപുത്രനായ നവമെത്രാൻ സഭ മുഴുവൻ വ്യാപിപ്പിക്കുമെന്ന് അബ്രഹാം മല്പാനും പ്രതീക്ഷിച്ചു. എന്നാൽ ഇത്തരം എടുത്തുചാട്ടങ്ങൾക്കൊന്നും മാർ അത്താനാസ്യോസ് തുനിഞ്ഞില്ല. എന്നെങ്കിലും മാർ അത്താനാസ്യോസ് *അരക്കുർബാന* ചൊല്ലിയതായി സൂചനകളൊന്നുമില്ല. മറിച്ച് അദ്ദേഹം പിൻഗാമിയായി വാഴിച്ച, മാർത്തോമ്മാ സഭാസ്ഥാപകൻ തോമസ് അത്താനാസ്യോസ്, അബ്രഹാം മല്പാൻ സൃഷ്ടിച്ച തക്സാ

വച്ച് *അരക്കുർബാന* ചൊല്ലാനാവാത്തതിനാൽ കത്തനാരു പട്ടമേറ്റിട്ട് 18 വർഷം പുത്തൻ കുർബാന ചൊല്ലാതെ നിന്നതായി ചില സമകാലിക രേഖകളിൽ കാണുന്നുണ്ട്. മാർ മാത്യൂസ് അത്താനാസ്യോസ് വരുത്തിയതായി പില്കാലത്ത് മാർത്തോമ്മാ സഭ അവകാശപ്പെടുന്ന *പരിഷ്ക്കാരങ്ങളൊന്നും* അദ്ദേഹം നടത്തിയിട്ടില്ലെന്ന് തെളിയിക്കുവാൻ അദ്ദേഹത്തിന്റെ ശിഷ്യനും സെക്രട്ടറിയുമായിരുന്ന താഴത്ത് ചാക്കോ ചാണ്ടപ്പിള്ള കത്തനാർ *വിലാപങ്ങൾ* എന്ന പേരിൽ ഒരു പുസ്തകം തന്നെ എഴുതി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

മാർ മാത്യൂസ് അത്താനാസ്യോസിനെ പ്രൊട്ടസ്റ്റന്റ് വിശ്വാസിയായി ചിത്രീകരിക്കേണ്ടത് പ്രതിപക്ഷത്തിന്റെ ആവശ്യമായിരുന്നു. കാരണം, ന്യായവും നിലനിൽക്കുന്നതുമായ മറ്റാരോപണങ്ങളൊന്നും അദ്ദേഹത്തിന്റെ പേരിൽ ഉന്നയിക്കാനില്ലായിരുന്നു. അബ്രഹാം മല്പാന്റെ സഹോദരപുത്രൻ എന്ന വിലാസം അപ്രകാരം ഒരു സംശയത്തിന്റെ സാഹചര്യം ന്യായമായും സൃഷ്ടിച്ചിരുന്നു. കൂടാതെ, മാർ മാത്യൂസ് അത്താനാസ്യോസിന്റെ അടുത്ത സഹചാരികളിൽ പലരും അബ്രഹാം മല്പാന്റെ നവോപദേശങ്ങൾ പിൻതുടരുന്നവരുമായിരുന്നു.

1889-ൽ തിരുവിതാംകൂർ റോയൽ കോടതിയിലെ പരാജയത്തിനു ശേഷം പുതുതായി ഒരു സഭ സ്ഥാപിച്ചു മാറേണ്ടിവന്ന തോമസ് അത്താനാസ്യോസിനും കൂട്ടർക്കും മാർ മാത്യൂസ് അത്താനാസ്യോസിനെ പ്രൊട്ടസ്റ്റന്റ് വിശ്വാസിയായി ഉയർത്തിക്കാട്ടേണ്ടത് നിലനിൽപ്പിന്റെ പ്രശ്നമായിരുന്നു. സ്വന്തമായ വ്യക്തിത്വമോ താത്വിക അടിത്തറയോ വേദശാസ്ത്രമോ ഇല്ലാത്ത ആ കൂട്ടർക്ക് മലങ്കരസഭയുടെ ഉപരിപ്ലവമായ ലക്ഷണങ്ങളും പ്രൊട്ടസ്റ്റന്റ് വേദശാസ്ത്രവും കൊണ്ടുമാത്രം നിലനില്ക്കാനാവുമായിരുന്നില്ല. മാർ മാത്യൂസ് അത്താനാസ്യോസിന്റെ പിൻഗാമിത്വംകൂടി അവർ ഇതിനായി അവകാശപ്പെട്ടു. അദ്ദേഹത്തിന്റെ മേല്പട്ട പിൻഗാമിത്വം മാത്രമല്ല, തത്വശാസ്ത്ര പിന്തുടർച്ചയും തങ്ങൾക്കാണെന്ന് അവർ അവകാശപ്പെട്ടു. അതിനായി അവരും മാർ മാത്യൂസ് അത്താനാസ്യോസിനെ പൂർണ്ണ പ്രൊട്ടസ്റ്റന്റ് വിശ്വാസിയായി ചിത്രീകരിച്ചുതുടങ്ങി. പക്ഷേ, ഇത് 1889-നു ശേഷംമാത്രം ആരംഭിച്ച ഒരു നടപടിയാണ്.

## നവീകരണ കോലാഹലം

19-ാം നൂറ്റാണ്ടിലെ മലങ്കരസഭാചരിത്രം മുഴുവൻ നവീകരണ കോലാഹലത്തെ ചുറ്റിപ്പറ്റിയാണ് മുമ്പോട്ടു നീങ്ങുന്നത്. 1815 മുതൽ മലങ്കരയുമായി സഹവാസത്തിലെത്തിയ ആംഗ്ലിക്കൻ മിഷനറിമാരാണ് ഈ കോലാഹലത്തിനു പിമ്പിലെന്നാണ് പൊതുവെ പറയപ്പെടുന്നത്. എന്നാൽ യഥാർത്ഥത്തിൽ 18-ാം നൂറ്റാണ്ടിൽ കേരളത്തിലെത്തിയ അന്ത്യോഖ്യൻ

മേല്പട്ടക്കാരാണ് മലങ്കരയിൽ നവീകരണ കോലാഹലം അഴിച്ചുവിട്ടത്.

1599-ലെ ഉദയംപേരൂർ സുന്നഹദോസിനു മുമ്പ് മലങ്കരസഭയുടെ സഭാശാസ്ത്ര വിജ്ഞാനീയം *മാർത്തോമ്മായുടെ മാർഗ്ഗം* എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. പേർഷ്യൻ സഭയുടെ കൂദാശകളും നെസ്തോറിയൻ വേദശാസ്ത്രവും സർവോപരി മലങ്കരയുടെ ദേശീയ പാരമ്പര്യങ്ങളും ചേർന്നായിരുന്നു *മാർത്തോമ്മായുടെ മാർഗ്ഗം* രൂപപ്പെട്ടത്. ഉദയംപേരൂർ സുന്നഹദോസ് ഇതിൽ റോമൻ കത്തോലിക്കാ സഭയുടേതായ തിരുത്തലുകളും കൂട്ടിച്ചേർക്കലുകളും നടത്തി. 1653-ലെ കൂനൻകുരിശു സത്യത്തിനുശേഷം റോമൻ കലർപ്പുകൾ ഒഴിവാക്കി *മാർത്തോമ്മായുടെ മാർഗ്ഗം* പുനഃസ്ഥാപിക്കാനാണ് മലങ്കര നസ്രാണികൾ ശ്രമിച്ചത്. ഈ പ്രക്രിയയുടെ പാതയിൽ 1686-ൽ മലങ്കരസഭ അലക്സാൻഡ്രിയൻ വേദശാസ്ത്രം അംഗീകരിച്ചു. പേർഷ്യൻ സഭയുടെ കൂദാശകളും അലക്സാൻഡ്രിയൻ വേദശാസ്ത്രവും മലങ്കരയുടെ ദേശീയ പാരമ്പര്യങ്ങളും റോമൻ കത്തോലിക്കാ സഭയുടെ കൂട്ടിച്ചേർക്കലുകളും കലർന്ന സങ്കീർണ്ണമായ ഒരു സഭാശാസ്ത്ര വിജ്ഞാനമാണ് 18-ാം നൂറ്റാണ്ടിൽ ഇവിടെ നിലവിലിരുന്നത്.

*എടത്തിലെ മര്യാദ* എന്നറിയപ്പെട്ട ഈ തനതു സഭാശാസ്ത്ര വിജ്ഞാനം അംഗീകരിക്കാൻ 18, 19 നൂറ്റാണ്ടുകളിൽ കേരളത്തിലെത്തിയ അന്ത്യോഖ്യൻ മേല്പട്ടക്കാർ തയാറായില്ല. മദ്ധ്യപൗരസ്ത്യദേശത്ത് തങ്ങൾ പിന്തുടരുന്ന പ്രാദേശിക പാരമ്പര്യമൊഴികെ മറ്റൊന്നിനെയും ക്രൈസ്തവമായി പരിഗണിക്കാൻ അവരുടെ പരിമിതവും വികലവുമായ സഭാശാസ്ത്ര വിജ്ഞാനത്തിനാവുമായിരുന്നില്ല. 1876-ൽ വന്ന പത്രോസ് തൃതീയൻ പാത്രിയർക്കീസും ഈ സങ്കുചിതത്വത്തിനു വിധേയനായിരുന്നു. 18-ാം നൂറ്റാണ്ടിൽ മാർത്തോമ്മാ പഞ്ചമനും വലിയ മാർ ദീവന്നാസ്യോസും ഉണ്ടാക്കിയ ഉടമ്പടികൾ അന്ത്യോഖ്യൻ മേല്പട്ടക്കാരുടെ നവീകരണ കോലാഹലത്തെ കൂദാശാനുഷ്ടാനങ്ങളിൽ മാത്രമായി പരിമിതപ്പെടുത്തുന്നതിൽ വിജയിച്ചു.

1815-നു ശേഷം മലങ്കരസഭയെ നവീകരിക്കാൻ കച്ചകെട്ടിയിറങ്ങിയ ബ്രിട്ടീഷ് മിഷനറിമാരുടെ സഭാശാസ്ത്ര വിജ്ഞാനം ഇതിലും ദയനീയമായിരുന്നു. തങ്ങളുടെ ആംഗ്ലിക്കൻ ലോ ചർച്ച് ആചാരങ്ങളും പ്രൊട്ടസ്റ്റന്റ് വിശ്വാസവുമൊഴികെ മറ്റൊന്നും ക്രൈസ്തവമല്ല എന്നതായിരുന്നു അവരുടെ നിലപാട്. അവരുടേതിൽനിന്നും വിഭിന്നമായി മലങ്കരസഭയിൽ കാണപ്പെട്ടതെല്ലാം റോമൻ കത്തോലിക്കാ സഭ കൂട്ടിച്ചേർത്തതാണെന്നായിരുന്നു അവരുടെ നിലപാട്. മലങ്കരസഭയ്ക്ക് ഒരു ദേശീയ പാരമ്പര്യമുണ്ടെന്നും അത് പിന്തുടരാനുള്ള അവകാശം അവർക്കുണ്ടെന്നും ഇരുകൂട്ടർക്കും മനസ്സിലാക്കാൻ സാധിച്ചില്ല.

മലങ്കരസഭയുടെ തനതു സഭാശാസ്ത്ര വിജ്ഞാനം നിഷ്ക്കാസനം ചെയ്യാനുള്ള അന്ത്യോഖ്യൻ മേല്പട്ടക്കാരുടെ പരിശ്രമത്തിൽ മലങ്കരയുടെ ദേശീയ പാരമ്പര്യങ്ങളും അവശേഷിച്ച റോമൻ കത്തോലിക്കാ - കൽദായ പാരമ്പര്യങ്ങളും മാത്രമായിരുന്നു വർജ്ജിക്കേണ്ടതായി കണ്ടതെങ്കിൽ അവർ കത്തിവയ്ക്കാത്ത പൊതുവായ സുറിയാനി പാരമ്പര്യവും, അലക്സാൻഡ്രിയൻ വേദശാസ്ത്രത്തിൽ അധിഷ്ഠിതമായ പൂർവിക സഭാ വിശ്വാസവും ആചാരങ്ങളും കൂടി ബ്രിട്ടീഷ് മിഷനറിമാർക്കു വർജ്ജിതമായിരുന്നു. ഫലത്തിൽ, ഇരുകൂട്ടരും വരുത്തുവാനുദ്ദേശിച്ച *നവീകരണത്തിന്റെ* ആത്യന്തികഫലം മലങ്കരസഭയെ സംബന്ധിച്ചിടത്തോളം, സത്യവിശ്വാസത്തിന്റെ കാര്യത്തിലൊഴികെ, ഒന്നുതന്നെയായിരുന്നു.

ഇതു വെറും ബാലിശമായ ഒരു വാദമല്ല. വ്യക്തമായ തെളിവുകൾ ഇക്കാര്യത്തിൽ ലഭ്യമാണ്. അബ്രഹാം മല്പാനും പ്രഭൃതികളും നിർദ്ദേശിച്ച പരിഷ്ക്കാരങ്ങളിൽ ഭൂരിഭാഗവും, വിശിഷ്യാ ആചാരപരമായവ, 19-ാം നൂറ്റാണ്ടിൽ യൂയാക്കീം മാർ കൂറിലോസും തുടർന്ന് പത്രോസ് തൃതീയൻ പാത്രിയർക്കീസും മലങ്കരയുടെമേൽ അടിച്ചേല്പിക്കുവാൻ ശ്രമിച്ചു എന്നതുതന്നെ ഈ വാദത്തെ സാധൂകരിക്കുന്നു. റവ. ജോർജ്ജ് മാത്തൻ പാദ്രിയെപ്പോലുള്ളവർ മലങ്കരസഭയിലെ ഒരു ശെമ്മാശനായിരിക്കെ പ്രൊട്ടസ്റ്റന്റ് വിശ്വാസത്തിൽ ആകൃഷ്ടനായി ആംഗ്ലിക്കൻ വിശ്വാസവും പാരമ്പര്യവും സ്വീകരിച്ചവരാണ്. ആ മാതൃകയ്ക്ക് വിപരീതമായി, മലങ്കരസഭയുടെ ബാഹ്യമായ ലക്ഷണങ്ങൾ നിലനിർത്തി ഇടവകപ്പട്ടത്വം മുതലായ അവകാശങ്ങൾ സംരക്ഷിക്കുകയും അതേസമയം ആംഗ്ലിക്കൻ മിഷനറിമാരുടെ വേദവിപരീതം സഭയിൽ കലർത്തി അവരുടെ പ്രീതിസമ്പാദിക്കുകയും ചെയ്യുകയെന്ന തികച്ചും അവസരവാദപരവും ദ്വിമാനവുമായ നിലപാടാണ് അബ്രഹാം മല്പാൻ മുതൽപേർ സ്വീകരിച്ചതെന്ന വസ്തുതയും കൂടി ഇവിടെ പരിഗണിക്കണം.

*എടത്തിലെ മര്യാദ* അഴിക്കുന്ന നടപടികളൊന്നും മാർ മാത്യൂസ് അത്താനാസ്യോസിന്റെ പ്രവർത്തനങ്ങളിൽ, പ്രത്യേകിച്ചും ആദ്യ ദശകങ്ങളിൽ കാണുന്നില്ല. മറിച്ച്, യാഥാസ്ഥിതികനെന്നു *നവീകരണ*പക്ഷപാതികൾ വിശേഷിപ്പിക്കുന്ന ഇടവഴിക്കൽ പീലിപ്പോസു കത്തനാരെപ്പോലുള്ളവർ മാർ മാത്യൂസ് അത്താനാസ്യോസുമായി ചേർന്നു പ്രവർത്തിയ്ക്കുന്നതും യേറുശലേമിലെ സുറിയാനി പാത്രിയർക്കീസായ മാർ ഗ്രീഗോറിയോസിന്റെ ആഗമനവേളയിൽ അദ്ദേഹത്തെ മാർ മാത്യൂസ് അത്താനാസ്യോസ് സ്വീകരിക്കുന്നതുമാണ് ഇക്കാലത്ത് ദൃശ്യമാകുന്നത്.

### മാർ മാത്യൂസ് അത്താനാസ്യോസിന്റെ ഭരണം

വിശ്വാസപരമായ സാഹചര്യങ്ങൾ ഇപ്രകാരം നിലനിൽക്കുമ്പോൾ

തന്നെ ചുരുങ്ങിയ കാലംകൊണ്ടു മാർ മാത്യൂസ് അത്താനാസ്യോസ് ആവശ്യത്തിലധികം ശത്രുക്കളെ സമ്പാദിച്ചു. കർക്കശനായ ഒരു ഭരണാധികാരിയായിരുന്നു അദ്ദേഹം എന്നതായിരുന്നു അതിനു മുഖ്യകാരണം.

ഇവിടെ പരിഗണിക്കേണ്ടുന്ന വസ്തുത ഈ കാലയളവിൽ എന്തായിരുന്നു മലങ്കര മെത്രാന്റെ *ഭരണം* എന്നുള്ളതാണ്. ഇതിനെ പൊതുസഭ, ഇടവകപ്പള്ളി എന്നിങ്ങനെ രണ്ടായി തിരിക്കാം. പൊതുസഭയിൽ ഭരിക്കാൻ പ്രത്യേകിച്ചൊന്നും ഉണ്ടായിരുന്നില്ല എന്നതാണ് വാസ്തവം. ആംഗ്ലിക്കൻ മിഷനറിമാരുടെ മോഷണവും പങ്കുവയ്ക്കലും കഴിഞ്ഞ് മലങ്കര മെത്രാന് *ഭരിയ്ക്കാൻ* കാര്യമായൊന്നും ശേഷിച്ചിരുന്നില്ല. ആംഗ്ലിക്കൻ മിഷനറിമാർ പരസ്യമായി വേദവിപരീതം പഠിപ്പിച്ചതിനാൽ പഴയസെമിനാരിയിലെ വൈദിക വിദ്യാഭ്യാസം മുമ്പുതന്നെ ചേപ്പാട്ടു മാർ ദീവന്നാസ്യോസ് നിരോധിച്ചിരുന്നു.

പിന്നീടുള്ളത് ഇടവകപ്പള്ളികളുടെ ഭരണമാണ്. ഇതിൽ മലങ്കര മെത്രാന്റെ പങ്ക് തുലോം പരിമിതമായിരുന്നു. ആകെ ഉണ്ടായിരുന്ന അവകാശങ്ങളെ താഴെ പറയുംവിധം ക്രോഡീകരിക്കാം.

1. ഇടവകപ്പള്ളിയോഗങ്ങളുടെ *ദേശകുറി* അംഗീകരിച്ച് പട്ടംകൊടുക്കുക.

2. ഇടവകപ്പള്ളികൾക്ക് വികാരിമാരെ നിയമിക്കുക.

3. ഇടവകപ്പള്ളിയോഗങ്ങളിൽ കേട്ടുതീരാത്ത പള്ളിക്കണക്കു കേട്ടു തീർക്കുകയും, പുതിയ കൈക്കാരന്മാരെ നിയമിക്കുകയും ചെയ്യുക.

4. വിവിധ വിഷയങ്ങളിലുള്ള പരാതികൾ കേട്ട് തീർപ്പു കല്പിക്കുകയും ശിക്ഷണ നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

5. പുതിയ പള്ളിവയ്ക്കാൻ അനുവാദം കൊടുക്കുക.

19-ാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ പുതിയ പള്ളിവയ്ക്കൽ തീർത്തും വിരളമായിരുന്നു. *ദേശകുറി* അംഗീകരിച്ച് പട്ടംകൊടുക്കുക എന്നത് യാന്ത്രികമായ ഒരു നടപടിയും, വികാരിമാരെ നിയമിക്കുക എന്നത് അതിന്റെ സ്വാഭാവിക പരിണാമവുമായിരുന്നു. പരാതികളും വിധികളും നസ്രാണികൾക്ക് ഒരു വിഷയമായിരുന്നില്ല. അവശേഷിച്ച കണക്കു കേൾക്കലും കൈസ്താനവും പ്രമാണിമാർക്കെങ്കിലും ഒരു വിഷയമായിരുന്നു.

യുവാവും ഉല്പതിഷ്ണുവുമായിരുന്ന മാർ മാത്യൂസ് അത്താനാസ്യോസ് ശക്തനായ ഒരു ഭരണാധികാരിയായിരുന്നു. തിരുവിതാംകൂറിലെ ബ്രിട്ടീഷ് - സ്വദേശി ഉദ്യോഗസ്ഥരുമായുള്ള സൗഹൃദം അദ്ദേഹത്തെ കൂടുതൽ ശക്തനാക്കി. സമാന്തരഭരണം സ്ഥാപിക്കാൻ ശ്രമിച്ച മാർ കൂറിലോസിനെ 1863-ൽ തിരുവിതാംകൂറിൽ നിന്നും കൊച്ചിയിൽ നിന്നും തുരത്തി

യതോടുകൂടെ മാർ മാത്യൂസ് അത്താനാസ്യോസിന്റെ ശക്തിയെപ്പറ്റി ജനത്തിനു തികച്ചും ബോദ്ധ്യമായി. കഴിഞ്ഞ ഒന്നര നൂറ്റാണ്ടു കാലത്തെ *അങ്ങുമിങ്ങും രണ്ടേജമാനന്മാരാ*യുള്ള താന്തോന്നിത്തം ഇനി നടക്കില്ല എന്ന തിരിച്ചറിവ് പ്രമാണിമാരെ സ്വാഭാവികമായും അസ്വസ്ഥരാക്കി. കണക്കുകേൾക്കൽ, കൈസ്താനം എന്നിവയിലെടുത്ത ഏതു തീരുമാനവും ഒരു വിഭാഗത്തെ ശത്രുക്കളാക്കി.

അന്നത്തെ ഇടവകപ്പള്ളികളുടെ കുത്തഴിഞ്ഞ ഭരണക്രമത്തിന്റെ ഏറ്റവും വലിയ തെളിവ് ഇടവഴിക്കൽ ഫീലിപ്പോസ് കത്തനാർ മുതൽപേർ മുൻകയ്യെടുത്തു തയ്യാറാക്കിയതും 1853 ഫെബ്രുവരി 14 (1028 കുംഭം 2) നു കോട്ടയം പഴയസെമിനാരിയിൽ കൂടിയ *മലങ്കര പള്ളിയോഗം* അംഗീകരിച്ചതുമായ *ചട്ടവര്യോല*യാണ്. 101 വകുപ്പുകളുള്ള ഇതിൽ ഭൂരിഭാഗവും ഇടവകപ്പള്ളികളുടെ ഭരണം ക്രമീകരിക്കാനും നിയന്ത്രിക്കാനും ഉദ്ദേശിച്ചുള്ളവയാണ്. *കരവട്ടുവീട്ടിൽ മാർ ശീമോൻ ദീവന്നാസ്യോസിന്റെ നാളാഗമ*പ്രകാരം പള്ളിക്കാർ അനുസരിയ്ക്കാത്തതിനാൽ ഏതാനും നാളുകൾക്കകം ഈ *ചട്ടവര്യോല* നിരുപയോഗമായി. നിയന്ത്രണങ്ങൾക്കു വിധേയമാകാൻ പള്ളിഭരണം കൈയാളിയിരുന്ന പട്ടക്കാർക്കും പ്രമാണിമാർക്കും താല്പര്യമില്ലായിരുന്നു എന്നാണ് ഇതിന്റെ അർത്ഥം.

നിയമാനുസൃത മെത്രാനെ അനുസരിക്കാൻ തയാറല്ലാത്തവർ വേറെ പള്ളിവെച്ചു മാറിക്കൊള്ളണമെന്ന തിരുവിതാംകൂർ ദിവാൻ മാധവരായരുടെ 1038-ാമാണ്ടു മാശി മാസം 3-നു (1863 ഫെബ്രുവരി 13) ഉത്തരവുണ്ടായെങ്കിലും അക്കാലത്തു സ്ഥാപിക്കപ്പെട്ട പള്ളികളുടെ എണ്ണം അംഗുലീപരിമിതമാണ്. അത്യപൂർവം പുതിയ ഇടവകകളുടെ സ്ഥാപനചരിത്രം പരിശോധിച്ചാൽ അവയ്ക്കു പിന്നിൽ വിശ്വാസം, ഭരണം ഇവയൊന്നുമല്ല സ്ഥാപനഹേതുവെന്നു വ്യക്തമാകുന്നുണ്ട്. ചുരുക്കത്തിൽ ബഹുഭൂരിപക്ഷം നസ്രാണികളും മാത്യൂസ് അത്താനാസ്യോസിന്റെ ഭരണത്തിൻകീഴിലായിരുന്നു.

മാത്യൂസ് അത്താനാസ്യോസാകട്ടെ തന്റെ ഭരണം ഉറച്ചതോടെ മാർ കുറിലോസിന്റെ മേലുള്ള നിയന്ത്രണം കുറച്ചതായാണ് കാണുന്നത്. മലങ്കരയിൽ, പ്രത്യേകിച്ചും വടക്കൻ ഇടവകകളിൽ, മാർ കൂറിലോസ് പ്രവേശിക്കുന്നതും പട്ടം കൊടുക്കുന്നതും മാത്യൂസ് അത്താനാസ്യോസ് തടയാതിരുന്നതിൽനിന്നും ഇതു വ്യക്തമാണ്. മാർ കൂറിലോസ് പട്ടം കൊടുത്തവരെ മാർ മാത്യൂസ് അത്താനാസ്യോസ് അംഗീകരിച്ചു. മറിച്ച്, മാർ കൂറിലോസാകട്ടെ, മാർ മാത്യൂസ് അത്താനാസ്യോസ് പട്ടം കൊടുത്തവർ വീണ്ടും പട്ടമേല്ക്കണമെന്ന് ആവശ്യപ്പെട്ടു. സ്വാഭാവികമായും മാർ മാത്യൂസ് അത്താനാസ്യോസ് തന്റെ ഭരണാധികാരത്തിനു നേരെയുള്ള വെല്ലുവിളി എന്ന നിലയിൽ ഇതിനെ എതിർത്തു കാണണം. അതോടെ

മാർ മാത്യൂസ് അത്താനാസ്യോസ് പട്ടം കൊടുത്തവർക്ക് കോർഎപ്പിസ്ക്കോപ്പാ സ്ഥാനംകൊടുത്തു *പട്ടംപൂർത്തീകരിച്ചതായി* ഭാവിച്ച് മാർ കൂറിലോസ് തൃപ്തിയടഞ്ഞു.

## വൈദിക വിദ്യാഭ്യാസം

പഴയസെമിനാരിയിലെ വൈദിക വിദ്യാഭ്യാസം ചേപ്പാട്ടു മാർ ദീവന്നാസ്യോസ് നിരോധിച്ചതിനുശേഷം വൈദിക വിദ്യാഭ്യാസം പഴയപടി മല്പാൻ ഭവനങ്ങളിലേയ്ക്കൊതുങ്ങി. നല്ല ഒരു സുറിയാനി പണ്ഡിതനായിരുന്ന മാർ കൂറിലോസിന് ഇതൊരു സുവർണ്ണാവസരമായി. വടക്കൻ ഇടവകകളിലെ നല്ല പങ്ക് വൈദിക വിദ്യാർത്ഥികളും പഠനത്തിനോ ഉപരി പഠനത്തിനോ മാർ കൂറിലോസിന്റെ ശിഷ്യത്വം സ്വീകരിച്ചവരായി. അദ്ദേഹത്തിന് അവരുടെമേൽ നിർണായകമായ സ്വാധീനം നേടാൻ ഇതു സഹായിച്ചു. സ്വാഭാവികമായും പാശ്ചാത്യ സുറിയാനി വേദശാസ്ത്രവും സഭാവിജ്ഞാനീയവുമാണ് അദ്ദേഹം പകർന്നുകൊടുത്തത്. ഇതിനു ദൂരവ്യാപകമായ ഫലങ്ങളുണ്ടായി.

1869-ൽ വട്ടിപ്പണത്തിന്റെ അനേക വർഷങ്ങളിലെ പലിശയും കൂട്ടുപലിശയും ചേർത്ത് 35,000-ൽ അധികം രൂപ മാർ മാത്യൂസ് അത്താനാസ്യോസ് കൈപ്പറ്റി. തുടർന്ന് 1870 മകരം 24-നു പഴയസെമിനാരിയിൽ അദ്ദേഹം വിളിച്ചുകൂട്ടിയ *മലങ്കര പള്ളിയോഗം* ഈ പണത്തിന്റെ വിനിമയത്തിനും സെമിനാരി വിദ്യാഭ്യാസം പുനരാരംഭിക്കുന്നതിനും വ്യവസ്ഥകളുണ്ടാക്കി. ഇതിനെത്തുടർന്ന് 1870 ഇടവം 4-നു സെമിനാരി വിദ്യാഭ്യാസം പുനരാരംഭിച്ചു. അയിരൂർ ചെറുകര പീലിപ്പോസു കത്തനാരെയും വടക്കൻപറവൂർ കടവിൽ കൂരൻ പൗലൂസ് കത്തനാരെയും അവിടെ സുറിയാനി മല്പാന്മാരായി നിയമിക്കുകയും ചെയ്തു.

മാർ കൂറിലോസിന്റെ ശിഷ്യനായ കടവിൽ പൗലൂസ് കത്തനാർ, മാർ മാത്യൂസ് അത്താനാസ്യോസിന്റെ കല്പനപ്രകാരം അദ്ദേഹത്തിന്റെ മേൽനോട്ടത്തിലുള്ള സെമിനാരിയിൽ മല്പാനായി എന്ന വസ്തുത, മാർ മാത്യൂസ് അത്താനാസ്യോസിനോടുള്ള എതിർപ്പ് വിശ്വാസപരം എന്നതിനേക്കാൾ ഉപരിപ്ലവം മാത്രമായിരുന്നു എന്നു തെളിയിക്കുന്നു. ഈ വാദം സാധൂകരിക്കുന്ന മറ്റു വസ്തുതകൾ പിന്നാലെ പരാമർശിക്കും.

വട്ടിപ്പണപലിശയുടെ ലഭ്യത, സെമിനാരി വിദ്യാഭ്യാസം പുനരാരംഭിച്ചു എന്നതുപോലെ മലങ്കര മെത്രാനു *ഭരിക്കാൻ* കുറച്ചു മുതലുമുണ്ടാക്കി. ഇത് മാർ മാത്യൂസ് അത്താനാസ്യോസിന് പ്രബലരായ ശത്രുക്കളെ ഉണ്ടാക്കിക്കൊടുത്തു.

## പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ്

1863-ൽ തൊഴിയൂർ പള്ളിക്കേസിൽ പരാജയപ്പെട്ടതോടെ തങ്ങളുടെ

ലക്ഷ്യപ്രാപ്തിക്ക് മാർ കൂറിലോസിന്റെ ഉപയോഗശൂന്യത മാർ മാത്യൂസ് അത്താനാസ്യോസിന്റെ വിരുദ്ധപക്ഷത്തിനു ബോദ്ധ്യമായി. മലയാളിയായ ഒരു മെത്രാൻ ഉണ്ടെങ്കിൽ മാത്രമേ മാർ മാത്യൂസ് അത്താനാസ്യോസിന്റെ അധികാരത്തെ ചോദ്യംചെയ്യാനാവൂ എന്നത് അവർക്ക് ബോദ്ധ്യമായി. എന്നാൽ ഒരാൾക്ക് ഇവിടെവെച്ച് മേല്പട്ടം ലഭിക്കുക എന്നത് അസാദ്ധ്യമായിരുന്നു. സ്വദേശികൾക്ക് പട്ടം നൽകുവാൻ അന്ത്യോഖ്യാ പാത്രിയർക്കീസ് സമ്മതിച്ചതോടെ ആര് ആ മുൾക്കിരീടം ഏറ്റെടുക്കും എന്നായി ചോദ്യം. ഇവിടെയാണ് പുലിക്കോട്ടിൽ ഇട്ടൂപ്പ് കത്തനാർ രംഗപ്രവേശനം ചെയ്യുന്നതും മർദ്ദീനിൽ പോയി മേല്പട്ടം ഏറ്റുവരുന്നതും.

## മാർ കൂറിലോസിന്റെ എതിർപ്പ്

ഇട്ടൂപ്പ് കത്തനാരുടെ മേല്പട്ടസ്ഥാനത്തേക്കുള്ള പ്രയാണം തികച്ചും ദുർഘടം പിടിച്ചതായിരുന്നു. മലങ്കര സിംഹാസനം സ്വപ്നംകണ്ടു കഴിഞ്ഞിരുന്ന മാർ കൂറിലോസ്, ഇട്ടൂപ്പ് കത്തനാർ മർദ്ദീനിലെത്തുന്നതിനു മുമ്പുതന്നെ അദ്ദേഹത്തിനെതിരായ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞിരുന്നു. മേല്പട്ടസ്ഥാനം ഏറ്റു മടങ്ങിയെത്തിയ മാർ ദീവന്നാസ്യോസിനെ സ്വീകരിച്ചത് അദ്ദേഹത്തെ പള്ളികളിൽ പ്രവേശിപ്പിക്കരുതെന്ന കല്പനയാണ്. 1875-ൽ മാർ കൂറിലോസ് മരിക്കുന്നതുവരെയും മാർ ദീവന്നാസ്യോസിനെ അംഗീകരിക്കാനോ ഉൾക്കൊള്ളാനോ തയാറായില്ല. ഇത് മാർ മാത്യൂസ് അത്താനാസ്യോസിന്റെ വിരുദ്ധപക്ഷത്തെ ഏകോപിപ്പിക്കുന്നതിനു മാർ ദീവന്നാസ്യോസിനു വലിയ വിഘാതമായിരുന്നു. 1875 വരെയുള്ള കാലത്തെ അദ്ദേഹത്തിന്റെ ഏകഹസ്തമായ പ്രവർത്തനങ്ങൾ വിജയിക്കാതെ പോയതിന്റെ പ്രധാന കാരണവും ഇതാണ്.

ഭരണമില്ലെങ്കിലും മലങ്കരയിൽ *മുക്കാൽ പാത്രിയർക്കീസായി* കഴിഞ്ഞിരുന്ന മാർ കൂറിലോസിന് പുലിക്കോട്ടിൽ മെത്രാന് വർദ്ധിക്കുന്ന ജനപിന്തുണ തികച്ചും അരോചകമായിരുന്നു. *മാർ മാത്യൂസ് അത്താനാസ്യോസ് വിരുദ്ധപക്ഷത്തിന്റെ* മുടിചൂടാമന്നൻ എന്ന തന്റെ സ്ഥാനം നഷ്ടപ്പെടുന്നത് അദ്ദേഹത്തിനു സഹിക്കാനാവുമായിരുന്നില്ല. സ്വപക്ഷത്തുണ്ടായ ഈ നൂതന ശത്രുവിനെ ഉൻമൂലനം ചെയ്യുവാൻ ഏതററംവരെ പോകുവാനും മാർ കൂറിലോസ് തയാറായി എന്നതിനു തെളിവുകളുണ്ട്.

## മാർ മാത്യൂസ് അത്താനാസ്യോസിനും ഭീഷണി

മാർ ദീവന്നാസ്യോസിന്റെ രംഗപ്രവേശനം മാർ മാത്യൂസ് അത്താനാസ്യോസ് ഗൗരവമായാണ് കണക്കാക്കിയത്. മാർ കൂറിലോസിനെപ്പോലെ ഉപദ്രവരഹിതനല്ല പുതിയ മെത്രാൻ എന്ന് കൂർമ്മബുദ്ധിയായ മാർ മാത്യൂസ് അത്താനാസ്യോസിനു മനസിലായി. സ്വദേശി, യുവാവ് എന്നീ മുൻതൂക്കങ്ങളോടൊപ്പം ചുരുങ്ങിയപക്ഷം വടക്കുള്ള പ്രമാണിമാരും പള്ളി

ക്കാരുമെങ്കിലും മാർ ദീവന്നാസ്യോസിന്റെ പിമ്പിലുണ്ടായിരുന്നു. ഇതിനേക്കാളുപരി, താൻ ആരുടെ കല്പനപ്രകാരം അധികാരത്തിലേറിയെന്ന് അവകാശപ്പെടുന്നുവോ ആ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ പിന്തുണയും അപ്പോൾ മാർ ദീവന്നാസ്യോസിനായിരുന്നു. ഈ ഘടകങ്ങൾ തനിയ്ക്കു തികച്ചും പ്രതികൂലമാണെന്ന് മാർ മാത്യൂസ് അത്താനാസ്യോസ് തിരിച്ചറിഞ്ഞു.

*രാജകീയ വിളംബരം* എന്ന ഉരുക്കുകോട്ട കൊണ്ട് മറ്റു ഘടകങ്ങളെ പ്രതിരോധിക്കാം എങ്കിലും മാർ ദീവന്നാസ്യോസിനുള്ള അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ പിന്തുണ കൂടുതൽ ആളുകളെ ശത്രുപക്ഷത്തെത്തിയ്ക്കുമെന്ന് മാർ മാത്യൂസ് അത്താനാസ്യോസ് മനസ്സിലാക്കി. ഈ പ്രതിസന്ധി മറികടക്കാൻ പാത്രിയർക്കീസിന്റെ *പ്രതിനിധിയും* സ്വവംശജനുമായ മാർ കൂറിലോസിനെ അദ്ദേഹം കൂട്ടുപിടിച്ചു. തങ്ങൾ രണ്ടാൾക്കും ഭീഷണിയായ മാർ ദീവന്നാസ്യോസിനെ തളയ്ക്കാൻ തന്റെ ആജന്മശത്രുവും, ആർക്കെതിരെ താൻ ഇതഃപര്യന്തം മലങ്കരയിൽ പോരാടിയെന്ന് അവകാശപ്പെടുന്നുവോ ആ മാർ മാത്യൂസ് അത്താനാസ്യോസുമായി ഐക്യപ്പെടുവാൻ മാർ കൂറിലോസിന് യാതൊരു മടിയുമുണ്ടായില്ല.

കരവട്ടുവീട്ടിൽ മാർ ശിമവോൻ ദീവന്നാസ്യോസിന്റെ അഭിപ്രായം വിശകലനം ചെയ്താൽ ഈ കൂട്ടുകെട്ട് കാര്യമായ ഗുണം ചെയ്തില്ല എന്നു കാണാം. മാർ കൂറിലോസിനു സ്വാധീനമുണ്ടായിരുന്ന വടക്കൻ ഇടവകകൾ അപ്പോഴേയ്ക്കും മാർ ദീവന്നാസ്യോസിന്റെ പിമ്പിലായിക്കഴിഞ്ഞിരുന്നു.

പക്ഷേ, ഈ കൂട്ടുകെട്ട് മറ്റൊരു വസ്തുത വെളിപ്പെടുത്തുന്നുണ്ട്. അത് മാർ മാത്യൂസ് അത്താനാസ്യോസിനോടുള്ള എതിർപ്പിന് വിശ്വാസപരമായ അടിസ്ഥാനകാരണങ്ങൾ ഒന്നും ഇല്ലെന്നാണ്. അപ്രകാരം യഥാർത്ഥത്തിൽ ഉണ്ടായിരുന്നെങ്കിൽ സ്വപക്ഷക്കാരനും സ്വവിശ്വാസക്കാരനുമായ മാർ ദീവന്നാസ്യോസിനെതിരെ മാർ മാത്യൂസ് അത്താനാസ്യോസുമായി കൂട്ടുചേരുവാൻ മാർ കൂറിലോസിനു സാധിക്കുമായിരുന്നില്ല.

മാർ കൂറിലോസിന്റെ ശിഷ്യനായ കടവിൽ പൗലൂസ് കത്തനാർ, മാർ മാത്യൂസ് അത്താനാസ്യോസിന്റെ കീഴിൽ സെമിനാരി മല്പാനായി ചേർന്നതും പ. പത്രോസ് തൃതീയൻ പാത്രിയർക്കീസ് മലങ്കരയിലെത്തിയ ശേഷവും ആ സ്ഥാനത്തു തുടർന്നതും ഇതേ പശ്ചാത്തലത്തിൽ പരിശോധിച്ചാൽ മാർ മാത്യൂസ് അത്താനാസ്യോസിന്റെ വിശ്വാസവൈപരീത്യമെന്ന വാദം വീണ്ടും ദുർബലമാകും.

## മാർ ദീവന്നാസ്യോസിന്റെ ദൗർബല്യം

തനിക്ക് ജനപിന്തുണ ഏറിക്കൊണ്ടിരുന്നെങ്കിലും മാർ ദീവന്നാസ്യോ

സിനു ഗുരുതരമായ ഒരു ദൗർബല്യമുണ്ടായിരുന്നു. ജനങ്ങളെ പ്രതിനിധീകരിക്കുവാനുള്ള അവകാശത്തിന്റെ അഭാവമായിരുന്നു അത്. അപ്രകാരമുള്ള ഒരു അധികാരം കൂടാതെ മാർ മാത്യൂസ് അത്താനാസ്യോസുമായുള്ള യുദ്ധം വിജയപ്രദമാകില്ല എന്നദ്ദേഹം തിരിച്ചറിഞ്ഞു. പരമ്പരാഗതമായ *മലങ്കര പള്ളിയോഗം* വിളിച്ചുകൂട്ടുവാൻ നിയമാനുസൃതനായ മലങ്കര മെത്രാൻ ആയി അംഗീകരിക്കപ്പെടാത്തതിനാൽ മാർ ദീവന്നാസ്യോസിനു അവകാശമില്ലായിരുന്നു.

ഈ സാഹചര്യത്തിലാണ് തനിക്ക് പ്രാതിനിത്യാവകാശം നൽകുന്ന ഒരു പ്രസ്ഥാനത്തിന്റെ ആവശ്യകത അദ്ദേഹത്തിനു ബോദ്ധ്യപ്പെട്ടത്. *മലങ്കര പള്ളിയോഗ*ത്തെ നിയമപരമായ ഒരു ചട്ടക്കൂടിനുള്ളിൽ പുനഃസൃഷ്ടിച്ച് അതിന്റെ അദ്ധ്യക്ഷനാവുക എന്നതായിരുന്നു അതിന്റെ പ്രതിവിധി. ഈ തിരിച്ചറിവിന്റെ ഫലമായാണ് 1873-ൽ പരുമലയിൽ *മലങ്കര പള്ളിയോഗം* വിളിച്ചുകൂട്ടിയതും മലങ്കര അസ്സോസിയേഷനും അതിനൊരു മാനേജിംഗ് കമ്മറ്റിയും നിയമാവലിയും രൂപീകരിച്ചതും. പിൽക്കാലത്ത് *അസ്സോസ്സിയേഷൻ പ്രസിഡന്റ് എന്ന നിലയിലാണ് തനിക്ക് ജനങ്ങളുടെ അംഗീകാരവും പ്രാതിനിത്യവുമുള്ളത്* എന്ന് മാർ ദീവന്നാസ്യോസ് മൊഴികൊടുക്കുന്നതിൽ നിന്നും ഈ ഉദ്ദേശ്യം വെളിപ്പെടുന്നുണ്ട്.

തെക്കും വടക്കും നിന്ന് മികച്ച പ്രാതിനിധ്യം ഉണ്ടായിരുന്നിട്ടും പരുമലയോഗ നിശ്ചയങ്ങൾ പ്രാബല്യത്തിലെത്തിയില്ല. രണ്ടു പ്രധാന കാരണങ്ങളാണ് അതിനുള്ളത്. മാർ ദീവന്നാസ്യോസിനു മേൽക്കൈ കിട്ടുന്ന യാതൊരു സംഗതിയും മാർ കൂറിലോസ് അംഗീകരിച്ചിരുന്നില്ല. ഇതു മുൻകൂട്ടിക്കണ്ട് മാർ കൂറിലോസിനെ പരുമലയോഗത്തിന്റെ അദ്ധ്യക്ഷസ്ഥാനത്തിരുത്തുകയും, പുതുതായി രൂപീകരിച്ച അസ്സോസ്സിയേഷൻ പ്രസിഡന്റായി തന്റെ പേര് പറയാതെ *ഭരിക്കുന്ന മെത്രാപ്പോലീത്താ* എന്ന് മാർ ദീവന്നാസ്യോസ് ഒഴുക്കൻമട്ടിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടും ഫലമുണ്ടായില്ല.

രണ്ടാമതായി പരുമലയിൽ കൂടിയ *മലങ്കര പള്ളിയോഗ*ത്തിന്റെ ക്രമരാഹിത്യമാണ്. സാങ്കേതികമായ അർത്ഥത്തിൽ മാർ ദീവന്നാസ്യോസിനോ മാർ കൂറിലോസിനോ *മലങ്കര പള്ളിയോഗം* വിളിച്ചുകൂട്ടാൻ അധികാരമില്ലായിരുന്നു. അതിനാൽ ഈ യോഗത്തിന്റെ നിശ്ചയങ്ങൾ കോടതിയിൽ നിലനിൽക്കാനുള്ള സാദ്ധ്യത പരിമിതമായിരുന്നു. അനിവാര്യമായ പ്രാതിനിധ്യാധികാരം നേടാൻ മാർ ദീവന്നാസ്യോസിനു മറ്റു വഴികൾ തേടേണ്ടിവന്നു. ഈ സാഹചര്യത്തിലാണ് അന്ത്യോഖ്യാ പാത്രിയർക്കീസിനെ മലങ്കരയിലേയ്ക്ക് ക്ഷണിക്കാൻ മാർ ദീവന്നാസ്യോസ് നിർബന്ധിതനായത്.

## അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അധികാരം

18-ാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽതന്നെ മലങ്കരസഭ അന്ത്യോഖ്യാ പാത്രിയർക്കീസിനെ *വേദതലവനായി* അംഗീകരിച്ചിരുന്നു. 1836-ലെ മാവേലിക്കര പടിയോലയിലും ഇത് ആവർത്തിച്ചു. എന്നാൽ ഈ സ്ഥാനത്തിന്റെ വ്യാപ്തി ഒരിക്കലും നിർവചിക്കപ്പെട്ടിരുന്നില്ല. അതിന്റെ ആവശ്യം ഉണ്ടായില്ലാ എന്നതാണ് വാസ്തവം. 18-ാം നൂറ്റാണ്ടിൽ എന്തെങ്കിലും അധികാരം പ്രയോഗിക്കാനുള്ള അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ ശ്രമങ്ങളെ മലങ്കരസഭ അംഗീകരിച്ചിരുന്നില്ല എന്നതാണ് ചരിത്രം.

ഈ സാഹചര്യത്തിലാണ് ഏകപക്ഷീയമായി മേല്പട്ട സ്ഥാനമേറ്റ മാർ മാത്യൂസ് അത്താനാസ്യോസ്, അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അധികാരത്തിനു പുതിയ മാനവുമായി രംഗത്തെത്തിയത്. ചേപ്പാട്ട് മാർ ദീവന്നാസ്യോസ് നാലാമനെ അന്ത്യോഖ്യാ പാത്രിയർക്കീസ് സസ്പെന്റ് ചെയ്തു എന്നും പകരം തന്നെ അദ്ദേഹം മലങ്കര മെത്രാൻ സ്ഥാനത്തു നിയമിച്ചുയെന്നും, അതിനാൽ ആ സ്ഥാനം തനിക്കു തരണമെന്നും സിവിൽ അധികാരികളോട് മാർ മാത്യൂസ് അത്താനാസ്യോസ് ആവശ്യപ്പെട്ടു. പ്രത്യക്ഷമായും അന്ത്യോഖ്യാ പാത്രിയർക്കീസിന് ഇതഃപര്യന്തം ഇല്ലാതിരുന്ന അധികാരം അംഗീകരിച്ചുകൊടുക്കുന്ന ഒരു നടപടിയായിരുന്നു അത്. പക്ഷേ, മലങ്കര മെത്രാൻ സ്ഥാനം അവകാശപ്പെടാൻ മാർ മാത്യൂസ് അത്താനാസ്യോസിനു മറ്റു പിൻബലമൊന്നും ഇല്ലായിരുന്നു.

തൊട്ടുപിന്നാലെയെത്തിയ മാർ കൂറിലോസും അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ നിയമനത്തിന്റെ പിൻബലത്തിലാണ് മലങ്കര മെത്രാൻ സ്ഥാനം അവകാശപ്പെട്ടത്. ഈ സാഹചര്യങ്ങൾ നിലനിന്നതിനാൽ മാർ ദീവന്നാസ്യോസിനും അന്ത്യോഖ്യാ പാത്രിയർക്കീസിൽനിന്നും മേല്പട്ട സ്ഥാനം ഏൽക്കുകയും ആ സ്ഥാത്തിക്കോന്റെ പിൻബലം തേടുവാൻ നിർബന്ധിതനാവുകയും ചെയ്തു. തുടർച്ചയായി നടന്ന ഈ സംഭവ പരമ്പരകൾ മൂലം അന്ത്യോഖ്യാ പാത്രിയർക്കീസിന് മലങ്കരമേൽ *എന്തോ* അധികാരം ഉണ്ടെന്നു സിവിൽ അധികാരികൾ ധരിച്ചെങ്കിൽ അതിൽ അസ്വഭാവികതയൊന്നുമില്ല.

ഈ സാഹചര്യം മുതലാക്കാൻ മാർ ദീവന്നാസ്യോസ് ശ്രമിച്ചു എന്നു വേണം മനസ്സിലാക്കാൻ. മാർ മാത്യൂസ് അത്താനാസ്യോസ് പാത്രിയർക്കീസിന്റെ *വേദതലവ*സ്ഥാനത്തെ പരസ്യമായി നിഷേധിക്കാതിരുന്ന സാഹചര്യത്തിൽ മലങ്കരയിൽ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ സാന്നിദ്ധ്യം കൊണ്ട് ത്രിവിധ നേട്ടങ്ങൾ ഉണ്ടാക്കാം എന്ന് മാർ ദീവന്നാസ്യോസ് കണക്കുകൂട്ടി. അവ,

1. അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ പിന്തുണ തനിക്കാണെന്നും മാർ

മാത്യൂസ് അത്താനാസ്യോസിനല്ലെന്നും സിവിൽ അധികാരികളെ അസന്നിഗ്ദമായി ബോദ്ധ്യപ്പെടുത്തുകയും, തദ്വാര തിരുവെഴുത്തു വിളംബരം എന്ന *പൊളിയാത്ത വേലിയ്ക്കു* പ്രതിവിധി കണ്ടെത്തുകയും ചെയ്യുക.

2. മാർ മാത്യൂസ് അത്താനാസ്യോസും *വേദതലവനായി* അംഗീകരിക്കുന്ന അന്ത്യോഖ്യാ പാത്രിയർക്കീസിനെക്കൊണ്ട് *മലങ്കര പള്ളിയോഗം* വിളിച്ചുകൂട്ടി 1873-ൽ പരാജയപ്പെട്ട മലങ്കര അസ്സോസിയേഷനും അതിനൊരു മാനേജിംഗ് കമ്മറ്റിയും നിയമാവലിയും രൂപീകരിക്കുക.

3. അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ പ്രതിനിധി എന്നവകാശപ്പെടുന്ന മാർ കൂറിലോസിന്റെ എതിർപ്പ് അവസാനിപ്പിക്കുക.

പ. പത്രോസ് തൃതീയന്റെ ആഗമനംമൂലം ഇവയിൽ ആദ്യത്തെ രണ്ടിലും മാർ ദീവന്നാസ്യോസ് സമ്പൂർണ്ണ വിജയംനേടി. അതിനു മുമ്പു തന്നെ മാർ കൂറിലോസ് കാലം ചെയ്തതിനാൽ മൂന്നാമത്തെ ലക്ഷ്യം അപ്രസക്തമായി.

## പാത്രിയർക്കീസിന്റെ ആഗമനം

ഉദാത്തമായ ലക്ഷ്യങ്ങൾ വിളംബരം ചെയ്തുകൊണ്ട് 1876-ൽ മലങ്കരയിലെത്തിയ പ. പത്രോസ് തൃതീയൻ പാത്രിയർക്കീസ് തന്റെ രണ്ടു വർഷം നീണ്ട സന്ദർശനത്തിന്റെ ആദ്യപകുതിയിൽ യാത്രോദ്ദേശ്യത്തോട് പൂർണ്ണമായും നീതിപുലർത്തി. പാത്രിയർക്കീസിന്റെ കടുംപിടുത്തമോ, മാർ മാത്യൂസ് അത്താനാസ്യോസിന്റെ ജാത്യാഭിമാനമോ (അതോ അഹങ്കാരമോ) ഇവയിൽ ഏതിന്റെ ഫലമായാലും മാർ ദീവന്നാസ്യോസും മറ്റനേകരും ആഗ്രഹിച്ചതുപോലെ ഇരുപക്ഷവും തമ്മിൽ ഐക്യമുണ്ടായില്ല. കടവിൽ പൗലൂസ് മല്പാനെപ്പോലുള്ളവർ പാത്രിയർക്കീസിനെയും മാർ മാത്യൂസ് അത്താനാസ്യോസിനെയും തമ്മിൽ അനുരഞ്ജനപ്പെടുത്തുവാൻ നടത്തിയ ശ്രമങ്ങളൊന്നും വിജയം കണ്ടില്ല എന്നത് ഈ കാലത്തിന്റെ ഒരു പരാജയമായി വിലയിരുത്താം.

എന്നാൽ തന്റെ സന്ദർശനത്തിന്റെ രണ്ടാം പകുതിയിൽ തികച്ചും പ്രതിലോമമായ നടപടികളാണ് പാത്രിയർക്കീസ് സ്വീകരിച്ചത്. അദ്ദേഹത്തിന്റെ മൊത്തം നടപടികളെ വ്യക്തമായ രണ്ട് പദ്ധതികളായി തരം തിരിക്കാം. അവ.

1. നസ്രാണി സമൂഹത്തെ തികച്ചും അറബിമട്ടിൽ ഉടച്ചു വാർക്കുക.

2. മലങ്കരസഭയെ ആത്മീയമായും ലൗകികമായും പൂർണ്ണമായും തന്റെ ഭരണത്തിലാക്കുക.

ഇവയിൽ ആദ്യത്തേത് 18-ാം നൂറ്റാണ്ടു മുതൽ കേരളത്തിലെത്തിയ പാശ്ചാത്യ സുറിയാനി മെത്രാന്മാരുടെയെല്ലാം നയമായിരുന്നു. കൂദാശാ

നുഷ്ടാനങ്ങളിലെ പാശ്ചാത്യ സുറിയാനിവല്ക്കരണത്തിൽ ഒന്നര നൂറ്റാണ്ടുകൊണ്ട് ഇവർ ഏതാണ്ടു പൂർണ്ണമായും വിജയിച്ചു എങ്കിലും നസ്രാണികളുടെ ജാത്യാചാരങ്ങളിൽ കൈവയ്ക്കുവാൻ ഇവർക്കു സാധിച്ചില്ല.

19-ാം നൂറ്റാണ്ടിൽ ജീർണ്ണപ്രായമായ പാശ്ചാത്യ സുറിയാനി സഭാശാസ്ത്ര വിജ്ഞാനീയത്തിന്റെയും തീവ്രസന്യാസത്വം നൽകുന്ന സങ്കുചിതത്വത്തിന്റെയും സൃഷ്ടിയായിരുന്നു പ. പത്രോസ് തൃതീയൻ പാത്രിയർക്കീസ്. അതിനാൽ നസ്രാണികളുടെ തനത് വ്യക്തിത്വത്തേയൊ ദേശീയാചാരങ്ങളെയോ ക്രൈസ്തവമായി ഉൾക്കൊള്ളുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. മദ്ധ്യപൗരസ്ത്യദേശത്ത് താൻ ജനിച്ചുവളർന്ന പ്രദേശത്തെ ജീവിതശൈലിയും താൻ അനുവർത്തിച്ചുവരുന്ന ആചാരാനുഷ്ടാനങ്ങളും മാത്രമായിരുന്നു അദ്ദേഹത്തിനു *ക്രൈസ്തവം*. അവയുമായി പൊരുത്തപ്പെടാത്തതായി താൻ മലങ്കരയിൽ കണ്ടതെല്ലാം *കാവ്യർക്കടുത്തതും റോമാസഭയുടെ കൂട്ടിച്ചേർക്കലുകളുമായി* അദ്ദേഹം കണക്കാക്കി.

പ. പത്രോസ് തൃതീയൻ പാത്രിയർക്കീസ് മലങ്കരയിലെത്തിയപ്പോൾ ലഭിച്ച രാജകീയ സ്വീകരണവും *ദൈവതുല്യമായ* ഭക്ത്യാദരവുകളും തന്റെ യാതൊരു നടപടികളും ചോദ്യം ചെയ്യപ്പെടുകയില്ല എന്ന മിഥ്യാധാരണ അദ്ദേഹത്തിൽ ജനിപ്പിച്ചു. വന്നിറങ്ങിയപ്പോൾ മുതൽ മലങ്കരയെ പാശ്ചാത്യ സുറിയാനി രീതിയിൽ പരിഷ്ക്കരിക്കുവാനുള്ള ശ്രമങ്ങളും അദ്ദേഹം ആരംഭിച്ചു. പള്ളികളിൽ കൊട്ടും, ആട്ടവും, കളികളും, വെച്ചൂട്ടും, പള്ളിമതിലിനു പുറത്ത് പ്രദക്ഷിണവും നിരോധിച്ചു. എന്തിന് പള്ളികളിലെ പുരാതനമായ ഓട്ടുവിളക്കുകൾ പോലും അദ്ദേഹം വിലക്കിയ വസ്തുക്കളിൽ ഉൾപ്പെടുന്നു എന്നതുതന്നെ അറബിവൽക്കരണത്തിന്റെ രൂക്ഷത വെളിപ്പെടുത്തുന്നു. നസ്രാണികൾ എങ്ങനെ കൂദാശാനുഷ്ടാനങ്ങൾ നടത്തണമെന്നു മാത്രമല്ല, എങ്ങനെ ചരിക്കണമെന്നും എന്തു ധരിക്കണമെന്നും പോലും പാത്രിയർക്കീസ് നിശ്ചയിച്ചു വാക്കാലും കല്പനയാലും അറിയിച്ചു. കൂട്ടത്തിൽ *തന്റെ കല്പനകളെ കാനോനാകൾപോലെ കരുതിക്കൊള്ളണമെന്ന് ആജ്ഞാപിക്കുകയും ചെയ്തു*. ഈ പരിഷ്ക്കാരങ്ങളുടെ ഗതി എന്തായെന്നത് ഒരു ഗവേഷണ വിഷയമാണ്. ഏതായാലും അവ ഫലപ്രാപ്തിയിലെത്തിയില്ലെന്നു നിസംശയം പറയാം.

## പാത്രിയർക്കീസിന്റെ മനംമാറ്റം

തന്റെ സന്ദർശനത്തിന്റെ ആദ്യഘട്ടത്തിൽ കൈമുത്തുപോലും സ്വീകരിക്കാതിരുന്ന പാത്രിയർക്കീസ് രണ്ടാം പകുതിയിൽ പള്ളികളിൽനിന്നും പണം കണക്കു പറഞ്ഞു വാങ്ങാനും പണം തികഞ്ഞില്ലെങ്കിൽ പ്രോനോട്ട് എഴുതിവാങ്ങാനും തുടങ്ങി. മാത്രമല്ല, ഒരു സ്ഥിരം സംവിധാനമെന്ന നില

യിൽ *പാത്രിയർക്കീസിന്റെ ശു. സിഹാസനത്തിന്റെ അവകാശമായ റിശ്ശീസ്സാ* വർഷംതോറും പിരിച്ചയയ്ക്കണമെന്നും നിർദ്ദേശിച്ചു. മലങ്കരയുടെ ഭരണം കൈപ്പിടിയിലാക്കാൻ നടത്തിയ ശ്രമങ്ങളുടെ മുഖ്യകാരണം ഈ വരുമാന സ്രോതസ് നിലനിർത്തുക എന്നതായിരുന്നു.

മലങ്കരയിലെ പള്ളികളുടെ സമ്പത്തും തനിക്കു ലഭിച്ച ദൈവതുല്യമായ ബഹുമാനവുമാണ് പാത്രിയർക്കീസിന്റെ മനംമാറ്റത്തിനു പിന്നിൽ പ്രവർത്തിച്ച ശക്തികൾ. ഇതു കൂടാതെ തങ്ങളുടെ ലക്ഷ്യം നേടിക്കഴിഞ്ഞാൽ പാത്രിയർക്കീസിനെ *വേദതലവനായി* ഒതുക്കിക്കളയുമെന്ന് പാത്രിയർക്കീസിന് ബോദ്ധ്യമായി. പതിനെട്ടാം നൂറ്റാണ്ടിൽ വലിയ മാർ ദീവന്നാസ്യോസും പാറേമ്മാക്കൽ തൊമ്മൻ കത്തനാരും നസ്രാണികളെ യോജിപ്പിക്കാൻ നടത്തിയ ശ്രമങ്ങളെ റോമൻ കത്തോലിക്കാ അധികാരികൾ എതിർത്തതും ഈ ഭയം മൂലമാണ്. പാത്രിയർക്കീസിന്റെ ഈ ഭയം ശരിയാണെന്ന് മുളന്തുരുത്തി സുന്നഹദോസിന്റെ തൊട്ടുപിന്നാലെ നടന്ന സംഭവങ്ങൾ തെളിയിക്കുന്നുണ്ട്.

തങ്ങളോട് ആലോചിക്കാതെ പാത്രിയർക്കീസ് ഏകപക്ഷീയമായി നടത്തിയ മെത്രാൻ വാഴ്ചയിൽ പ്രതിഷേധിച്ച് പുതുതായി തിരഞ്ഞെടുക്കപ്പെട്ട മാനേജിംഗ് കമ്മിറ്റി ഒന്നടങ്കം രാജിവെച്ചതും 1877-ൽ വെളിയനാട്ടു കൂടിയ അസ്സോസിയേഷൻ, കൂടുതൽ മെത്രാന്മാരെ വാഴിക്കുന്നതിനു തടയിട്ടതും പാത്രിയർക്കീസിന്റെ ഭയം ശരിവയ്ക്കുക മാത്രമല്ല, ഭാവിയിലേയ്ക്ക് വ്യക്തമായ ഒരു ചൂണ്ടുപലകയുമായിരുന്നു. *മെത്രാന്മാരുടെ ഏകനായകത്വത്തിന് എതിർ ശക്തിയായി* രൂപപ്പെടുത്തിയ അസ്സോസിയേഷൻ തന്റെ ഏകനായകത്വവും അംഗീകരിക്കുന്നില്ലെന്നു പാത്രിയർക്കീസിനു വ്യക്തമായി. അതിനാലാണ് അസോസിയേഷനും മാനേജിംഗ് കമ്മറ്റിയും ഇനി വിളിച്ചു കൂട്ടരുതെന്ന് തന്റെ യാത്രാവേളയിൽ പാത്രിയർക്കീസ് അഭിനവ മെത്രാന്മാർക്ക് കർശന നിർദ്ദേശം നൽകിയത്.

വ്യക്തിപരമായി യോഗ്യനെങ്കിലും മലങ്കരസഭയുടെ തിരഞ്ഞെടുപ്പോ സമ്മതമോ കൂടാതെ മെത്രാൻ സ്ഥാനത്തെത്തിയ കടവിൽ പൗലൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായ്ക്ക് മലങ്കര മെത്രാനെ ഒഴിവാക്കിയുള്ള പാത്രിയർക്കീസിന്റെ ഭരണരീതിയോടായിരുന്നു ആഭിമുഖ്യം. എന്നാൽ പാത്രിയർക്കീസിന്റെ മടക്കയാത്രയ്ക്കു തൊട്ടുപിന്നാലെ വെട്ടിക്കൽ ദയറായിൽ കൂടിയ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് മലങ്കര മെത്രാനെ മേൽസ്ഥാനിയായി അംഗീകരിച്ചതും മാനേജിംഗ് കമ്മിറ്റി വിളിച്ചുകൂട്ടാൻ തീരുമാനിച്ചതും കടവിൽ മാർ അത്താനാസ്യോസിന് മനസ്സില്ലാമനസ്സോടെ അംഗീകരിയ്ക്കേണ്ടി വന്നു. തന്റെ അതൃപ്തി കടവിൽ മാർ അത്താനാസ്യോസ് പരസ്യമായി പ്രകടിപ്പിച്ചു എന്നത് നവീകരണ വിഭാഗം ഈ വസ്തുതയെ കേസ്സിൽ ഉന്നയിക്കാൻ ശ്രമിച്ചു എന്നതിൽ

നിന്നും വ്യക്തമാണ്. 1889-ൽ നവീകരണവിഭാഗവുമായുള്ള വ്യവഹാരം അവസാനിച്ചശേഷം മാനേജിംഗ് കമ്മറ്റി എടുത്ത പല കർശന തീരുമാനങ്ങളും പാത്രിയർക്കീസിന്റെ *ഏകനായകത്വവും* അതിനോട് കടവിൽ മാർ അത്താനാസ്യോസിനുള്ള പ്രതിപത്തിയും വ്യക്തമാക്കുന്നവയാണ്. എന്നാൽ മാനേജിംഗ് കമ്മിറ്റിയുടെ കർശന നിലപാടുകളും പ. പരുമല തിരുമേനിയെപ്പോലുള്ളവരുടെ പിൻതുണയും മലങ്കര മെത്രാനെ കൂടുതൽ ശക്തനാക്കുകയും പാത്രിയർക്കീസിനെ *വേദതലവനായി* ഒതുക്കുന്നതുമാണ് ഈ കാലത്ത് സംഭവിക്കുന്നത്.

**ഇടവക ഭരണം**

പൊതുസഭയുടെ ഭരണം ഈ വിധത്തിൽ സംഘർഷഭരിതമായിരുന്നെങ്കിലും കോട്ടയം ഇടവക മെത്രാൻ എന്ന നിലയിൽ കടവിൽ മാർ അത്താനാസ്യോസ് തികഞ്ഞ വിജയമായിരുന്നു. 1889-ലെ റോയൽകോർട്ടു വിധി വരെ നവീകരണ വിഭാഗത്തിന്റെ കേന്ദ്രമായിരുന്ന പഴയസെമിനാരിക്കു സമീപസ്ഥമായ കോട്ടയം ഇടവകയെ വീണ്ടെടുക്കാൻ ഭഗീരഥപ്രയത്നം ആവശ്യമായിരുന്നു. കടവിൽ മാർ അത്താനാസ്യോസ് അതിൽ ഏതാണ്ട് പൂർണമായും വിജയിച്ചു. ഏതാനും ആളുകൾ വേറെ പള്ളി വെച്ചുമാറിയെങ്കിലും ദേവാലയങ്ങളെല്ലാം വീണ്ടെടുക്കാൻ അദ്ദേഹത്തിനു സാധിച്ചു.

ഇവിടെ *കോട്ടയം ഇടവകയെ വീണ്ടെടുക്കുക* എന്നതിനെ *നവീകരണത്തിന്റെ* പ്രാദേശിക മാനങ്ങളുടെ മുകളിൽ പറഞ്ഞ പശ്ചാത്തലത്തിൽ വേണം പരിഗണിക്കാൻ. നവീകരണവിഭാഗം തലവൻ തോമസ് അത്താനാസ്യോസിനെ പിൻതുണച്ചിരുന്ന ഇടവകപട്ടക്കാരെയും തദ്വാര അവരെ പിൻതുണയ്ക്കുന്ന ജനങ്ങളെയും, തന്റെയും അതുവഴി ഔദ്യോഗിക സഭാകേന്ദ്രത്തിന്റെയും അധികാരപരിധിയിലാക്കുക എന്നതായിരുന്നു ഈ വീണ്ടെടുക്കൽ.

തികച്ചും തന്ത്രപരമായ ഒരു സമീപനമാണ് കടവിൽ മാർ അത്താനാസ്യോസ് ഇക്കാര്യത്തിൽ സ്വീകരിച്ചത്. ഔദ്യോഗിക പക്ഷത്തിന് പ്രവർത്തന സ്വാതന്ത്ര്യം ഇല്ലാത്ത സ്ഥലങ്ങളിൽ പുതിയ പള്ളിവച്ചു ആരാധനാസ്വാതന്ത്ര്യം ഉറപ്പാക്കി. മണർകാട് പള്ളിയിലെ നടപടി മാത്രം ഉദാഹരണമായി എടുക്കാം. നവീകരണവിഭാഗത്തെ പിൻതുണച്ചിരുന്ന ഇടവകപട്ടക്കാർക്ക് അവിടെ ഭുരിപക്ഷമുണ്ടായിരുന്നതിനാൽ തന്നെ പിന്തുണയ്ക്കുന്നവർക്കായി തൊട്ടുചേർന്ന് മറ്റൊരു പള്ളിവെച്ചു. കുടാതെ ഏതാനും കിലോമീറ്റർ ദൂരെ അമയന്നൂരിൽ മറ്റൊരു ചാപ്പലും സ്ഥാപിച്ചു. മണർകാട് പള്ളി കൈവശം ലഭിച്ചതോടെ അവിടുത്തെ പുതിയപള്ളി മണർകാടുപള്ളിയുടെ ചാപ്പലും (ഇന്ന് മണർകാട് കരോട്ടെ പള്ളി) അമയന്നൂരെ ചാപ്പൽ വടക്കൻമണ്ണൂർ പള്ളി എന്ന സ്വതന്ത്ര ഇടവകയുമായി.

ഇത്തരം പ്രവർത്തനങ്ങളുടെ ഫലമായി തന്റെ ഭരണാവസാനമായപ്പോഴേയ്ക്കും കോട്ടയം ഭദ്രാസനത്തിൽ 16 പുതിയ ഇടവകകൾ കൂടി രൂപീകൃതമായിരുന്നു.

1891–ൽ അമ്പാട്ട് മാർ കൂറിലോസ് കാലം ചെയ്തതിനെത്തുടർന്നാണ് അങ്കമാലി ഭദ്രാസനത്തിന്റെ ഭരണം കടവിൽ മാർ അത്താനാസ്യോസ് ഏറ്റെടുക്കുന്നത്. എന്നാൽ കോട്ടയം ഭദ്രാസന ഭരണംപോലെ സുഗമമായിരുന്നില്ല അങ്കമാലി ഭദ്രാസനഭരണം എന്നാണ് സമകാലിക രേഖകൾ സൂചിപ്പിക്കുന്നത്. മാർ മാത്യൂസ് അത്താനാസ്യോസിന്റെ ഉരുക്കുമുഷ്ടി ഭരണത്തിൽനിന്നും ഏതാണ്ട് വിമുക്തമായിരുന്ന ഈ ഇടവകകൾക്ക് ഒരു നിയമവിധേയ സമൂഹമാവുക ക്ഷിപ്രസാദ്ധ്യമായിരുന്നില്ല. അക്കാലത്തെ *ഇടവക പത്രിക*യിലെ പരാമർശനങ്ങളനുസരിച്ചാണെങ്കിൽ *അർത്ഥം കിടുകിടുക്കുന്ന* ആ ഇടവകകൾക്ക് ഭരിക്കപ്പെടാൻ താല്പര്യവുമില്ലായിരുന്നു.

കടവിൽ മാർ അത്താനാസ്യോസിന്റെ ഭദ്രാസന ഭരണത്തിലെ ശ്രദ്ധേയമായ ഒരു സംഗതി വികാരി ജനറാൾമാരുടെ നിയമനമാണ്. കോട്ടയം ഇടവകയിൽ ഉപ്പൂട്ടിൽ യാക്കോബ് കത്തനാരും അങ്കമാലിയിൽ കോനാട്ടു മാത്തൻ മല്പാനുമായിരുന്നു ഈ സ്ഥാനം വഹിച്ചിരുന്നത്. കൊല്ലവർഷം 1028 കുംഭം 2–നു പാസാക്കിയ *ചട്ടവര്യോല*പ്രകാരം സഞ്ചാര വികാരിമാരെ നിയമിക്കേണ്ടതാണെങ്കിലും ഇതിനു മുമ്പോ പിമ്പോ മറ്റാരും അപ്രകാരം ചെയ്തതായി കാണുന്നില്ല.

പ്രായവും രോഗവും അലട്ടിയ അവസാനകാലമായപ്പോഴേയ്ക്കും ആലുവായിലെ പൊതുസ്ഥലത്തിന്റെ – തൃക്കുന്നത്തു സെമിനാരിയുടെ – പൂർത്തീകരണത്തിലായി കടവിൽ മാർ അത്താനാസ്യോസിന്റെ മുഖ്യശ്രദ്ധ. പക്ഷേ, അതു പൂർണ്ണമാക്കാൻ അദ്ദേഹത്തിന്റെ ആരോഗ്യസ്ഥിതി അനുവദിച്ചില്ല. എങ്കിലും തന്റെ ഐഹിക സമ്പാദ്യങ്ങൾ ഏതാണ്ടു പൂർണമായും തൃക്കുന്നത്തു സെമിനാരിയ്ക്കു ഒസ്യത്ത് എഴുതിവെച്ച് ആ സ്ഥാപനത്തിന്റെ മുമ്പോട്ടുള്ള ഗതിക്ക് മാർഗ്ഗമുണ്ടാക്കി.

### ഉപസംഹാരം

ബഹുമുഖ പ്രതിഭയും കർമ്മശേഷിയുടെ കാതലുമായിരുന്ന കടവിൽ മാർ അത്താനാസ്യോസിന്റെ കാലഘട്ടത്തെക്കുറിച്ചുള്ള ഒരു പശ്ചാത്തല പഠനം മാത്രമാണ് ഈ ലേഖനം എന്നതിനാൽ അദ്ദേഹത്തിന്റെ വ്യക്തിപരമായ സംഭാവനകളെ വിലയിരുത്തുവാൻ മുതിർന്നിട്ടില്ല. എന്നാൽ ഒരു കാര്യം വ്യക്തമാണ്. മലങ്കരസഭയ്ക്ക് സമഗ്ര സംഭാവനകൾ നൽകിയ അപൂർവം മേല്പട്ടക്കാരുടെ ഗണത്തിൽ പേരെഴുതപ്പെടാൻ തികച്ചും യോഗ്യനാണ് കടവിൽ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ.

# വിശുദ്ധ ജീവിതങ്ങളുടെ വഴികാട്ടി

## ജോയ്സ് തോട്ടയ്ക്കാട്

**പാ**മ്പാടി വലിയപള്ളിക്കു സമീപത്തായി ബാലന്മാർ കന്നുകാലികളെ മേയ്ക്കുക പതിവായിരുന്നു. കൂട്ടുകാരുമൊത്ത് കുറിയാക്കോസ് എന്ന ബാലനും അവിടെ കന്നുകാലികളെ മേയിച്ചിരുന്നു. അന്നൊക്കെ നാട്ടിൻ പുറത്തുള്ള സാധാരണക്കാർ പാള കൊണ്ടുണ്ടാക്കിയ തൊപ്പി ധരിച്ചുകൊണ്ടായിരുന്നു പുരയിടങ്ങളിൽ പണിയെടുത്തിരുന്നത്. കുറിയാക്കോസും കൂട്ടുകാരും പാളത്തൊപ്പി ധരിച്ചിരുന്നു. ഒരു മെത്രാപ്പോലീത്താ പാമ്പാടി വലിയപള്ളിയിൽ എഴുന്നള്ളിയിരിക്കുന്ന കാലം. പാളത്തൊപ്പി ധരിച്ച ബാലന്മാർ കന്നുകാലികളെയും കൊണ്ട് കടന്നുപോകുന്നു. മെത്രാപ്പോലീത്താ അവരെ വീക്ഷിക്കുന്നു. അതു ബാലന്മാർ അറിയുന്നില്ല. ഒരു പശുവിന്റെ കുറെ ചാണകം പള്ളിമുറ്റത്തു വീണു. ബാലന്മാർ അതു ശ്രദ്ധിച്ചതേയില്ല. എന്നാൽ ഒരു ബാലൻ പെട്ടെന്ന് മടങ്ങിവന്ന് ചാണകം മുഴുവൻ രണ്ടു കൈകൊണ്ടും വാരിയെടുത്ത് പള്ളിവക ഒരു തെങ്ങിന്റെ മൂട്ടിൽ കൊണ്ടുചെന്ന് ഇട്ടു. ഈ രംഗം മെത്രാപ്പോലീത്തായുടെ ഹൃദയത്തെ സ്പർശിച്ചു. 'ബാലൻ പള്ളിപരിസരത്തോട് ആദരവ് കാണിക്കുക മാത്രമല്ല ചെയ്തത്; ചാണകം പ്രയോജനപ്രദമായ രീതിയിൽ നിക്ഷേപിക്കുക കൂടി ചെയ്തിരിക്കുന്നു. ഇവൻ കന്നുകാലികളെ മേയിക്കേണ്ടവനല്ല; മലങ്കരസഭാമക്കളെ മേയിക്കേണ്ടവനാണ്. പാളത്തൊപ്പിയണിയേണ്ട ശിരസല്ല ഇവന്റേത്; പ്രത്യുത മഹത്വത്തിന്റെ കിരീടമാണ് അണിയേണ്ടത്' എന്നിങ്ങനെയുള്ള ചിന്തകൾ മെത്രാപ്പോലീത്തായുടെ മനസിൽ കൂടി മിന്നൽ പോലെ കടന്നുപോയിരിക്കാം. അദ്ദേഹം ചാടിഎഴുന്നേറ്റ് കൈകൊട്ടി ബാലനെ വിളിച്ചു. ചാണകം പുരണ്ട കൈകൾ കഴുകി വരുവാൻ കല്പിച്ചു.


ബാലൻ അപ്രകാരം ചെയ്തു. പാളത്തൊപ്പി തലയിൽ നിന്നും എടുത്തു കൈയിൽ പിടിച്ചുകൊണ്ട് ആദരവോടും വിനയത്തോടും കൂടി ബാലൻ നിലകൊണ്ടു. മെത്രാപ്പോലീത്താ ബാലനോട് അവനെക്കുറിച്ചുള്ള വിവരങ്ങളെല്ലാം ചോദിച്ചറിഞ്ഞു. വീട്ടിൽ ചെന്ന് അപ്പനെ വിളിച്ചുകൊണ്ടുവരുവാൻ കല്പിച്ചു. ബാലൻ അപ്രകാരം ചെയ്തു. അപ്പൻ വന്ന് മെത്രാപ്പോലീത്തായുടെ കൈമുത്തിയശേഷം സാദരം നിലയുറപ്പിച്ചു. "ഈ മോനു പട്ടം കൊടുക്കണം. തടസമൊന്നും പറയരുത്." മെത്രാപ്പോലീത്താ ആവശ്യപ്പെട്ടു. സാമ്പത്തിക പരാധീനതകൾ ഉണ്ടായിരുന്ന ചാക്കോച്ചൻ സമ്മതിക്കാതെ ഒഴിവുകഴിവു പറഞ്ഞ് മടങ്ങിപ്പോയി. മെത്രാപ്പോലീത്തായ്ക്ക് നിരാശ തോന്നി. എന്നാൽ ദൈവവിളിക്കു വിധേയനായി മകനെ സമർപ്പി

ക്കാഞ്ഞതുമൂലമായിരിക്കാം ചാക്കോച്ചന്റെ വീട്ടിൽ പല കുഴപ്പങ്ങളും സംഭവിച്ചു. പിന്നീട് ഒട്ടും താമസിച്ചില്ല; മെത്രാപ്പോലീത്തായെ ചെന്നു കണ്ട് കുറിയാക്കോസിന് പട്ടം കൊടുക്കുന്നതിന് സമ്മതമാണെന്ന് അറിയിച്ചു. പാവപ്പെട്ട ഒരു ഇടയച്ചെറുക്കൻ മലങ്കര ഓർത്തഡോക്സ് സഭയിലെ ജനസഹസ്രങ്ങളുടെ ഇടയനായി മാറുന്നതിന്റെ പ്രാരംഭമായിരുന്നു ഈ സംഭവം.

ഈ കുറിയാക്കോസാണ് പിന്നീട് പ. പാമ്പാടി തിരുമേനി എന്ന പേരിൽ പ്രസിദ്ധനായ മെത്രാപ്പോലീത്താ ആയിത്തീർന്നത്. വെറുമൊരു ഇടയച്ചെറുക്കനിൽ ഭാവിയിലെ ഒരു പരിശുദ്ധനെ ദർശിച്ച ദാർശനികനായ മെത്രാപ്പോലീത്താ കടവിൽ പൗലൂസ് മാർ അത്താനാസ്യോസ് ആയിരുന്നു. മലങ്കരസഭയിലെ നാലു പരിശുദ്ധ പിതാക്കന്മാർക്ക് പൗരോഹിത്യത്തിന്റെ ആദ്യപടിയായ 'കോറൂയോ' പട്ടം കൊടുക്കുന്നതിനുള്ള അപൂർവ്വഭാഗ്യം ലഭിച്ച പരിശുദ്ധ പിതാവാണിദ്ദേഹം. കോട്ടയം ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായും അങ്കമാലി ഭദ്രാസനത്തിന്റെ ദ്വിതീയ മെത്രാപ്പോലീത്തായും, ആലുവാ തൃക്കുന്നത്ത് സെമിനാരിയുടെ സ്ഥാപകനുമായ മഹാനുഭാവനാണ് കടവിൽ പൗലോസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ.

## ജനനവും ബാല്യവും

മലങ്കരയിലെ പുരാതനവും അതിപ്രശസ്തവുമായ ഒരു ദേവാലയമാണ് വടക്കൻപറവൂർ മാർത്തോമ്മൻ പള്ളി. മലങ്കരസഭയുടെ ഒരു വലിയ വിപൽഘട്ടത്തിൽ മലങ്കരയിൽ വന്ന് സഭയ്ക്ക് സഹായം നൽകിയ യരുശലേമിന്റെ മെത്രാപ്പോലീത്തായായിരുന്ന മാർ ഗ്രീഗോറിയോസ് അബ്ദൽ ജലീലിന്റെ കബറിടം സ്ഥിതിചെയ്യുന്ന ഈ ദേവാലയം ഒരു തീർത്ഥാടനകേന്ദ്രം കൂടിയാണ്.


ചേപ്പാട്ട് മാർ ദീവന്നാസ്യോസ്

മലങ്കരയിലെ അതിപ്രശസ്തമായ ഈ ഇടവകയിൽ കടവിൽ വലിയ മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ 1008 (1833 AD) വൃശ്ചികം 19-നു ഭൂജാതനായി. പിതാവായ അവിരാ വർക്കി അങ്കമാലി അങ്ങാടിക്കടവിൽ കൂരൻ കുടുംബാംഗമായിരുന്നു. കുളങ്ങര കുടുംബത്തിൽ അവകാശം സിദ്ധിച്ചതുകൊണ്ട് അദ്ദേഹം പറവൂരിൽ താമസമാക്കി. മാതാവ് വടക്കൻപറവൂർ വട്ടപ്പറമ്പത്ത്

വറുഗീസിന്റെ പുത്രി അന്നമായിരുന്നു. കുട്ടിക്ക് മാമോദീസായിൽ പൗലോസ് എന്ന പേർ ലഭിച്ചു. പൗലോസിന് നാലു സഹോദരന്മാരും മൂന്ന് സഹോദരിമാരുമാണ് ഉണ്ടായിരുന്നത്.

പൗലോസിന്റെ മാതാപിതാക്കന്മാർ ദൈവഭക്തരും പ്രാർത്ഥനയിൽ അതീവ തല്പരരുമായിരുന്നു. ബാലനായ പൗലോസിനെ അക്കാലത്തെ നാട്ടുനടപ്പനുസരിച്ച് കുടിപള്ളിക്കൂടത്തിലാക്കി. പഠിത്തത്തിൽ സമർത്ഥനും സൽഗുണസമ്പന്നനുമായ ബാലനെ വൈദികവൃത്തിക്ക് അയയ്ക്കണമെന്ന ആഗ്രഹം എല്ലാവർക്കുമുണ്ടായി. അതനുസരിച്ച് പൗലോസിനെ ഈരാളിൽ അബ്രഹാം കത്തനാരുടെ അടുത്ത് സുറിയാനി പഠനത്തിനായി അയച്ചു. രണ്ടു കൊല്ലം സുറിയാനി പഠനം നടത്തിയശേഷം പൗലോസിന് ശെമ്മാശ് പട്ടം നൽകണമെന്ന് നിശ്ചയിച്ചു.

അക്കാലത്ത് മലങ്കര മെത്രാപ്പോലീത്തായായിരുന്ന ചേപ്പാട്ട് മാർ ദീവന്നാസിയോസ് കോട്ടയം ചെറിയപള്ളിയിൽ വെച്ച് പൗലോസിന് 1021 (1846) കുംഭമാസം 10-നു കോറൂയോ സ്ഥാനം നൽകി. കോറൂയോ പട്ടമേറ്റതിന്റെ ശേഷം ഒരു കൊല്ലം കൂടി ഈരാളിൽ ബ. അബ്രഹാം കത്തനാരുടെ അടുക്കൽ തന്നെ താമസിച്ച് സുറിയാനി പഠനം തുടർന്നു. പിന്നീട് അദ്ദേഹത്തിന്റെ അനുവാദത്തോടെ അങ്കമാലിയിൽ പാറയ്ക്കൽ മത്തായി കത്തനാരുടെ അടുക്കലും പിന്നീട് അകപ്പറമ്പിൽ ചക്കരയവുത്തൂട്ട് അരീയ്ക്കൽ ദാവീദ് കത്തനാരുടെ അടുക്കലും പഠനം തുടർന്ന് സുറിയാനിയിൽ അഗാധ പാണ്ഡിത്യം സമ്പാദിച്ചു.



**കടവിൽ തിരുമേനിയുടെ മാതൃ ഇടവകയായ വടക്കൻപറവൂർ പള്ളി.**

ഈ കാലഘട്ടത്തിൽ (1022 ചിങ്ങ മാസത്തിൽ) അന്ത്യോഖ്യയിൽ നിന്നും യൂയാക്കീം മാർ കൂറിലോസ് മലങ്കരയിലെത്തി. സുറിയാനി പഠനത്തിൽ തല്പരനായിരുന്ന പൗലോസ് ശെമ്മാശ്ശൻ യൂയാക്കീം മാർ കൂറിലോസിന്റെ ശിഷ്യത്വം സ്വീകരിച്ചു. 1026-ൽ മാർ കൂറിലോസിൽ നിന്ന് മ്ശമ്ശോനോ വരെയുള്ള വൈദികസ്ഥാനങ്ങൾ സ്വീകരിച്ചു. ശെമ്മാശൻ മുഴുവൻ സമയവും വൈദികപഠനത്തിൽ സമയം ചിലവാക്കി.

## വൈദിക സ്ഥാനലബ്ധി

മാർ കൂറിലോസിൽ നിന്നും സുറിയാനിസഭയിലെ യതിവര്യന്മാരുടെ തപശ്ചര്യകളെപ്പറ്റി പഠിച്ച പൗലോസ് ശെമ്മാശൻ അവരുടെ കാലടികളെ പിൻതുടർന്ന് ഒരു സന്യാസി വൈദികനായി ജീവിക്കണമെന്ന് ദൃഢ നിശ്ചയം ചെയ്തു. വിവാഹം കഴിക്കുന്നതിനുള്ള എല്ലാ പ്രേരണകളേയും അദ്ദേഹം തിരസ്കരിച്ചു. 1029 മകരം 6-നു തന്റെ ഗുരുഭൂതനായ മാർ കൂറിലോസിൽ നിന്ന് കത്തനാർ പട്ടമേറ്റു. 1030 വൃശ്ചികം 27-ന് സ്വന്തം ഇടവകയായ പറവൂർ പള്ളിയിൽ വെച്ച് പൗലോസ് കത്തനാർ നവപൂജാർപ്പണം നടത്തി ഇടവകഭരണം കയ്യേറ്റു. പള്ളിയിൽ അദ്ദേഹം സ്ഥിരതാമസമാക്കി. വളരെ അത്യാവശ്യ കാരണത്താലല്ലാതെ സ്വന്തം വീട്ടിലോ മറ്റു വീടുകളിലോ അദ്ദേഹം പോവുക പതിവില്ലായിരുന്നു.

ചേപ്പാട്ട് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായെ തുടർന്ന് അദ്ദേഹത്തിന്റെ പിൻഗാമിയായി പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസിയോസ് മലങ്കര മെത്രാപ്പോലീത്തായായി അവരോധിക്കപ്പെട്ടു. ഇടവകാംഗങ്ങളുടെ നിർബന്ധം മൂലം പറവൂർ പള്ളിയുടെ വികാരിസ്ഥാനം ഏല്ക്കണമെന്ന് മാത്യൂസ് മാർ അത്താനാസിയോസ് പൗലോസ് കത്തനാരെ നിർബന്ധിച്ചെങ്കിലും തന്റെ പ്രിയ ഗുരുവിനെ മാറ്റി ആ സ്ഥാനം കയ്യേൽക്കുന്നതിലുള്ള സങ്കടം മെത്രാപ്പോലീത്തായെ അറിയിച്ചതിന്റെ ഫലമായി അദ്ദേഹം ആ നിർദ്ദേശം പിൻവലിച്ചു.

പൗലോസ് കത്തനാർ പറവൂർ പള്ളിയിൽ താമസിച്ചുകൊണ്ട് ശെമ്മാശന്മാരെ സുറിയാനി പഠിപ്പിക്കാൻ തുടങ്ങി. കുളങ്ങര തീത്തൂസ് കോറെപ്പിസ്കോപ്പാ, ഈരാളിൽ മാത്തു കത്തനാർ, ഈരാളിൽ കോരുത് കത്തനാർ മുതലായവർ അദ്ദേഹത്തിന്റെ അക്കാലത്തെ ശിഷ്യന്മാരായിരുന്നു.

## പഴയസെമിനാരി മല്പാൻ

വൈദികരുടെ അഭ്യസനത്തെപ്പറ്റി ആലോചിക്കുന്നതിനായി 1044 കുംഭത്തിൽ മാത്യൂസ് മാർ അത്താനാസിയോസ് കോട്ടയം സെമിനാരിയിൽ ഒരു മലങ്കര പള്ളിയോഗം വിളിച്ചുകൂട്ടി. വട്ടിപ്പണത്തിന്റെ പലിശ ഉപയോഗിച്ച് പഴയസെമിനാരിയിൽ വൈദിക വിദ്യാഭ്യാസം ആരംഭിക്കണമെന്നും

അതിന് രണ്ടു മല്പാന്മാരെ നിയമിക്കണമെന്നും യോഗം നിശ്ചയിച്ചു. പൗലോസ് കത്തനാരെയും ചെറുകര പീലിപ്പോസ് കത്തനാരേയും ആയിരുന്നു മല്പാന്മാരായി തെരഞ്ഞെടുത്തത്. അതനുസരിച്ച് ഇരുവരും 1045 ഇടവം മുതൽ മല്പാന്മാരായി ചുമതലയേറ്റു.

*മാർ ശെമവൂൻ ദീവന്നാസ്യോസിന്റെ നാളാഗമത്തിൽ* ഇതിനെക്കുറിച്ച് ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: "മകരമാസത്തിൽ സിമ്മനാരിയിൽ എല്ലാവരും കൂടിനിശ്ചയിച്ച് എഴുതിവച്ചതിൻവണ്ണം ഇടവമാസം 4-ന് തിങ്കളാഴ്ച മുതൽ സിമ്മനാരിയിൽ പഠിത്തം തുടങ്ങിയിരിക്കുന്നു. സുറിയാനി പഠിപ്പിക്കുന്നതിന് രണ്ട് മല്പാന്മാരെയും മലയാളം പഠിപ്പിക്കുന്നതിന് ഒരു ആശാനേയും നിശ്ചയിച്ച് നടന്നുവരുന്നു. സുറിയാനി പഠിപ്പിക്കുന്നതിന് നിയമിച്ചത് അത്താനാസ്യോസ് മെത്രാച്ചന്റെ അനന്തിരവൻ അയിരൂർ പള്ളി എടവകയിൽ ചെറുകരെ പീലിപ്പോസ് കത്തനാരെ ഒന്നാമനായിട്ടും വടക്കൻപറവൂർ പള്ളി എടവകയിൽ കൂരൻ എന്ന് തറവാട്ട പേരും കടവിൽ എന്ന് സാധാരണയായും പറഞ്ഞുപോരുന്ന പൗലോസ് കത്തനാരെ രണ്ടാമനായിട്ടും നിയമിച്ചിരിക്കുന്നു."

മാത്യൂസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായ്ക്ക് പൗലോസ് മല്പാനോട് വളരെ വാത്സല്യമായിരുന്നു. മെത്രാപ്പോലീത്തായുടെ ഭാഗിനേയൻ തോമസ് കത്തനാരും ചെറുകര ഫീലിപ്പോസ് മല്പാനുമായുണ്ടായിരുന്ന സ്വരചേർച്ചയില്ലായ്മ പൗലോസ് കത്തനാരുടെ പരിശ്രമഫലമായി നിശ്ശേഷം മാറുകയുണ്ടായി. ഈ സംഭവം പൗലോസ് കത്തനാരെ മെത്രാപ്പോലീത്തായുടെ പ്രത്യേക അഭിനന്ദനത്തിന് പാത്രമാക്കി. അക്കാലത്ത്



**കോട്ടയം പഴയസെമിനാരി**

സെമിനാരിയിൽ താമസിച്ചിരുന്ന തൊഴിയൂർ (ആഞ്ഞൂർ) ഇടവകയുടെ മാർ കൂറിലോസ് മെത്രാപ്പോലീത്തായ്ക്ക് പൗലോസ് കത്തനാരെ തന്റെ പിൻഗാമിയായി വാഴിച്ച് ആഞ്ഞൂര് താമസിപ്പിക്കണമെന്ന് വലിയ ആഗ്രഹമുണ്ടായിരുന്നു. എന്നാൽ സ്ഥാനമാനങ്ങളിൽ ഒട്ടും തന്നെ ആഗ്രഹമില്ലാതിരുന്ന പൗലോസ് കത്തനാർ അതിന് വഴിപ്പെട്ടില്ല.

ഇക്കാലത്ത് സമുദായാന്തരീക്ഷത്തിൽ ചില കോളിളക്കങ്ങൾ ഉണ്ടായി. മാത്യൂസ് മാർ അത്താനാസിയോസിന്റെ നവീകരണ പരിശ്രമങ്ങളെ എതിർത്തിരുന്ന വിഭാഗം അതിനെപ്പറ്റി അന്ത്യോഖ്യാ പാത്രിയർക്കീസിന് നിരവധി പരാതികൾ അയയ്ക്കുകയുണ്ടായി. ഇതിന് നേതൃത്വം കൊടുത്തവർ കുന്നംകുളം സ്വദേശിയായ പുലിക്കോട്ടിൽ ജോസഫ് കത്തനാരെ അന്ത്യോഖ്യയിലേക്ക് അയച്ചു. അദ്ദേഹം മാർ ദീവന്നാസ്യോസ് എന്ന പേരിൽ മെത്രാപ്പോലീത്തായായി തിരികെയെത്തി. മാർ അത്താനാസ്യോസിനെ തിരെയുള്ള അദ്ദേഹത്തിന്റെ പരിശ്രമങ്ങൾ വിജയിക്കാതിരുന്നതിനെ തുടർന്ന് പാത്രിയർക്കീസ് ബാവായെ മലങ്കരയിലേയ്ക്ക് അദ്ദേഹം ക്ഷണിച്ചു വരുത്തി. 1875 ഇടവം 27-നു പത്രോസ് പാത്രിയർക്കീസ് ബാവാ മലങ്കരയിൽ എത്തി. പാത്രിയർക്കീസ് ബാവായും മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായും തമ്മിലുള്ള അഭിപ്രായവ്യത്യാസം പറഞ്ഞുതീർക്കുന്നതിനായി പൗലോസ് കത്തനാർ പാത്രിയർക്കീസ് ബാവായെക്കണ്ട് പരിശ്രമങ്ങൾ നടത്തി. പൗലോസ് കത്തനാരുടെ ശ്രമം ഏതാണ്ട് വിജയകരമായി തീരാൻ സാധ്യതയുണ്ടായിരുന്നുവെങ്കിലും മാർ അത്താനാസ്യോസിന്റെ നിസ്സഹകരണം മൂലം ആ അനുരഞ്ജനശ്രമം പരാജയപ്പെട്ടു. പൗലോസ് കത്തനാർക്ക് വളരെയധികം ഹൃദയവേദനയുണ്ടാക്കിയ സംഭവമായിരുന്നു അത്. തുടർന്ന് അദ്ദേഹം സെമിനാരിയിലെ മല്പാൻ സ്ഥാനം ഉപേക്ഷിച്ചിട്ട് സ്വന്തം ഇടവകപള്ളിയായ പറവൂർ ചെന്ന് താമസമാക്കി.

*മാർ ശെമവൂൻ ദീവന്നാസ്യോസിന്റെ നാളാഗമത്തിൽ* ഈ സംഭവങ്ങളുടെ ദൃക്സാക്ഷി വിവരണമുള്ളത് കാണുക: “ഇതിനിടയിൽ 10-ന് ചൊവ്വാഴ്ച കോട്ടയത്ത് സിമ്മനാരിയിൽ പഠിപ്പിക്കുന്ന വടക്കൻപറവൂർ കൂരൻ പൗലോസ് മല്പാൻ ബാവായുടെ തിരുമുമ്പാകെ വന്നിട്ടുണ്ടായിരുന്നു. പാലക്കുന്നത്ത് അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ കാര്യം പ്രമാണിച്ച് ഞങ്ങൾ തമ്മിൽ പറഞ്ഞപ്പോൾ മെത്രാച്ചൻ തിരുമുമ്പാകെ വരേണ്ടുന്ന കാര്യം പ്രമാ



പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസ്

ണിച്ച് എന്നോട് കല്പിച്ചാൽ ഞാൻ തിരുവനന്തപുരത്തിന് പോയി കൊണ്ടുവരാമെന്ന് പറകയാൽ മക്കുദിശായോടും സ്തേഫാനോസ് ശെമ്മാശനോടും ഈ വിവരം ഞാൻ പറഞ്ഞപ്പോൾ സന്തോഷത്തോടു കൂടി അവർ തിരുമനസ്സറിയിച്ചു. ആ സമയം ഞാനും മക്കുദിശായും കൂരൻ പൗലോസ് മല്പാനും മാത്രം ഉണ്ടായിരുന്നു. ലണ്ടനിൽ നിന്ന് മക്കുദിശാ യുടെ പേർക്ക് എഴുതിയ പ്രകാരവും കല്പിച്ചതു തന്നെയല്ല, വരുന്നത് എനിക്ക് പെരുത്ത് സന്തോഷമെന്നും അതിനാൽ നീ തിരുവനന്തപുര ത്തേക്ക് പോകുന്നത് നല്ലതെന്നും കല്പിച്ചതിനാൽ അപ്പോൾത്തന്നെ മല്പാൻ സന്തോഷത്തോടു കൂടി തിരുവനന്തപുരത്തേക്ക് പോകയും, അവിടെ ചെന്നതിന്റെ ശേഷം 14-ാം തീയതി ശനിയാഴ്ച തിരുവനന്തപു രത്തു നിന്നും കൊച്ചിയിൽ പാർക്കും ഇംഗ്ലീഷ് കുരുവിള പാതിരിയുടെ പേർക്ക് മക്കുദിശായോട് പറവാനായി കമ്പി അയച്ചു. അതിന്റെ സാരം.

കൊച്ചിക്ക്. തിരുവനന്തപുരത്തു നിന്നും. റവ. കുരുവിളയ്ക്ക് പൗലോസ് മല്പാൻ. അത്താനാസ്യോസ് മെത്രാപ്പോലീത്തായെ കണ്ടു. വിവരം പറഞ്ഞു. രാജാവിന്റെ മുമ്പാകെ പഠിത്തത്തെക്കുറിച്ച് ഒരു കമ്മട്ടി. അതി നാൽ വരുന്നതിന് ഇടയില്ല. തിരുവനന്തപുരത്തു വച്ച് കണ്ടുകൊള്ളാം. മക്കുദിശായോട് പറയണം. 1875 മിഥുനം 14-ാം തീയതി.

ഈ വിവരം മക്കുദിശാ അറിഞ്ഞശേഷം ബാവായെ തിരുമനസ്സറിയിച്ചു. അവന്റെ കാലം നല്ലതല്ലെന്നും അവന് നാശം അടുത്തിരിക്കുന്നു എന്നും കല്പിച്ചു."

പൗലോസ് കത്തനാരുടെ സ്വഭാവ നൈർമ്മല്യവും കുശാഗ്രബുദ്ധിയും പാണ്ഡിത്യവും പാത്രിയർക്കീസ് ബാവായെ ഹഠാദാകർഷിച്ചു. അദ്ദേ


പത്രോസ് തൃതീയൻ പാത്രിയർക്കീസ്


അബ്ദുള്ളാ പാത്രിയർക്കീസ്

ഹത്തെ, റമ്പാൻ ചാത്തുരുത്തിൽ ഗീവറുഗീസ് കോർഎപ്പിസ്കോപ്പായോടൊപ്പം (പിന്നീട് പ. പരുമല മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ) തന്റെ സന്ദർശനങ്ങളിൽ ദ്വിഭാഷിയായി ബാവാ കൊണ്ടുപോയി.

തുടർന്നുണ്ടായ ചില സംഭവങ്ങൾ കരവട്ടുവീട്ടിൽ ശെമവൂൻ റമ്പാൻ തന്റെ *നാളാഗമത്തിൽ* ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: "ഇങ്ങനെ ഇരിക്കുമ്പോൾ അഞ്ഞൂർ പള്ളിയിലിരിക്കും കൂറിലോസ് മെത്രാൻ എന്ന് പറഞ്ഞുവരുന്ന ആലത്തൂക്കാരൻ കോട്ടയത്തു സെമിനാരിയിൽ ചെന്ന് പാലക്കുന്നനെയും കണ്ടുംവച്ച് 15-ാം തീയതി ശനിയാഴ്ച ഉഷസ്സിന് കൊച്ചിയിൽ മട്ടാഞ്ചേരി നമ്മുടെ പള്ളിയിൽ എത്തി. എന്റെ പേർക്കും വടക്കൻപറവൂർക്കാരൻ കടവിൽ പൗലോസ് കത്തനാരച്ചന്റെ പേർക്കും എഴുതി അയച്ചു. ഈ പൗലോസ് കത്തനാരച്ചൻ സിമ്മനാരിയിൽ പഠിപ്പിച്ചിരുന്ന ആൾ ആയിരുന്നു. ബാവാ വന്നതിൽ പിന്നെ സിമ്മനാരിയിൽ അധികം താമസിക്കുകയും പഠിപ്പിക്കുകയും ചെയ്തിരുന്നില്ല.

ഞങ്ങൾക്ക് എഴുതിയതിന്റെ പകർപ്പ്: 'നമ്മുടെ ശെമവൂൻ കോറിയ്ക്ക് വാഴ്വ്. ഏറെനാളായി തമ്മിൽ കാണുന്നതിന് ഇട വന്നില്ല. ഈ ജനത്തിന്റെ ഉള്ളിൽ ഒരു സമാധാനം ഉണ്ടാക്കണമെന്ന് വിചാരിച്ച് നാം സിമ്മനാരിക്ക് പോയി സകലവും ആലോചിച്ച് ഇവിടെ എത്തിയിരിക്കുന്നു. തമ്മിൽ കണ്ട് ആലോചിപ്പാൻ ഉണ്ടാകകൊണ്ട് ഉപേക്ഷ വിചാരിക്കാതെ ഇന്നുതന്നെ ഇത്രടം വരണം. ശേഷം മുഖദാവിൽ. വിവരങ്ങൾ പറഞ്ഞയച്ചിട്ടുമുണ്ട്.'

(1876-ന് 1051 ഇടവം 15-ന് കൊച്ചിയിൽ ഇരുമീസെ പള്ളിയിൽ നിന്നും)

ഇതുപ്രകാരം കടവിൽ കത്തനാരച്ചനും എഴുത്തു വന്നു. അയാൾ ബാവായോട് സൊരുമിച്ച് കരിങ്ങാശ്ര ആയിരുന്നു. എഴുത്തു കിട്ടിയ ഉടനെ ഞങ്ങൾ രണ്ടുപേരും കൂടി എഴുത്തു ബാവായെ കാണിച്ച് തിരുമനസ്സറിയിച്ചാറെ 'നിങ്ങൾ പോകുന്നതിന് വിരോധം ഇല്ലെന്നും അവരുടെ മനസ്താപം പത്രോസിന്റെ പോലെ ആയിരിക്കണമെന്നും സ്കറിയോത്തായുടേതു പോലെ ആയിരിക്കരുതെന്നും മനസ്താപത്തോടു കൂടി വരുന്ന പക്ഷം നമുക്ക് വിരോധം ഇല്ലെന്നും' മറ്റും കല്പന ആയി. ഉടനെ ഞങ്ങൾ രണ്ടുപേരും അവിടെനിന്ന് വന്ന ആളും സൊരുമിച്ച് കൊച്ചിയിൽ എത്തി. വിവരം പറഞ്ഞ് ആലോചിച്ചാറെ ഒന്നുകൂടെ ഞാൻ സിമ്മനാരിക്കു പോയി ആലോചിക്കണമെന്നും അദ്ദേഹത്തിന് അനുസരണത്തിന് സമ്മതമില്ലാത്തപക്ഷം ഞാൻ അനുസരിച്ച് നടന്നുകൊള്ളാമെന്നും മറ്റും പറഞ്ഞു ബോധിപ്പിച്ചു. 17-ാം തീയതി ഞങ്ങൾ ഇങ്ങോട്ടും അദ്ദേഹം സിമ്മനാരിക്കും മടങ്ങിപ്പോയി. ഇവിടെ വന്ന് വിവരങ്ങൾ ബാവായുമായിട്ടും മറ്റും തിരുമനസ്സറിയിച്ചാറെ അവരുടെ വാക്ക് നമുക്ക് വിശ്വസിക്കാൻ പാടില്ലെന്നും മനസ്താപത്തോടു കൂടി മുടിയനായപുത്രന്റെ സാദൃശ്യത്തിൽ വരുന്ന

പക്ഷം വിരോധമില്ലെന്നും മറ്റും കല്പന ആയി. പിന്നീട് കോട്ടയത്തിന് പോയി 21-ന് ഉഷസ്സിന് കൊച്ചിയിൽ എത്തി. മുമ്പിലത്തെപ്പോലെ ഞങ്ങളുടെ പേർക്ക് എഴുതി അയച്ചു. അതിന്റെ പകർപ്പ്: 'വാഴ്വ്. തമ്മിൽ കണ്ട് ഉറച്ചപ്രകാരം പോയി ആലോചിച്ച് ഇതാ വന്നുചേർന്നിരിക്കുന്നു. അഞ്ഞൂർ നിന്നും അടിയന്തിരത്തിൽ ഒരു കത്ത് കോട്ടയത്ത് വച്ച് കിട്ടിയിരിക്കുന്നതും വരുന്ന ഞായറാഴ്ച പന്തിക്കുസ്തി ആകകൊണ്ടും ഇന്ന് അസ്തമിച്ച് വടക്കോട്ട് തിരിക്കേണ്ടതാകുന്നു. അതിനാൽ ഇന്ന് തന്നെ വരണം. ശേഷം മുഖദാവിൽ. 1876-ന് 1051 ഇടവം 21-ന് കൊച്ചിയിൽ നിന്നും.

ഇപ്രകാരം ഞങ്ങളുടെ പേർക്ക് എഴുതി അയച്ചാറെ ഞങ്ങൾ കൊച്ചിയ്ക്ക് പോയില്ല. കാര്യവിവരം എഴുത്തിൽ കാണിക്കാതെ അഞ്ഞൂർക്ക് പോകണമെന്നുള്ള അടിയന്തിരം മുഖ്യമായി എഴുത്തിൽ കണ്ടതിനാലത്രേ പോകാതെ ഇരുന്നത്. അയാൾ, ഞങ്ങൾ ചെല്ലാഞ്ഞതിനാൽ ശനിയാഴ്ച അസ്തമിച്ച് അഞ്ഞൂർക്ക് തിരികെ പോകയും ചെയ്തു."

### അജപാലനദൗത്യത്തിലേയ്ക്ക്

പൗലോസ് മല്പാന്റെ സ്വഭാവമഹിമ മനസ്സിലാക്കിയ പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവാ അദ്ദേഹത്തെ എപ്പിസ്കോപ്പായാക്കി വാഴിക്കണമെന്നുള്ള തന്റെ നിശ്ചയം അദ്ദേഹത്തെ അറിയിച്ചു. പ. പിതാവിന്റെ ആജ്ഞയെ അവഗണിക്കാൻ പാടില്ലാത്തതുകൊണ്ട് അദ്ദേഹം "തിരുമനസ്സിന്റെ ഇഷ്ടം പോലെയാകട്ടെ" എന്ന് സമ്മതിച്ചു.

മുളന്തുരുത്തി സുന്നഹദോസിന്റെ ആദ്യ ദിനത്തിൽ, താൻ മെത്രാനായി വാഴിക്കാൻ ഉദ്ദേശിച്ചവർക്ക് പത്രോസ് പാത്രിയർക്കീസ് റമ്പാൻ സ്ഥാനം നൽകി.

*"മിഥുന മാസം 15-ന് സുന്നഹദോസിന്റെ ദിവസം ശുദ്ധമുള്ള മാറാൻ പാത്രിയർക്കീസ് ബാവാ തൃപ്പൂണിത്തുറ പള്ളി എടവകയിൽ മൂക്കഞ്ചേരിൽ ഗീവറുഗീസ് കശ്ശീശയ്ക്കും വടക്കൻപറവൂർ പള്ളിയിൽ കടവിൽ എന്ന് സാധാരണ ആയിട്ടും കൂരൻ എന്ന് തറവാട്ടു പേരും വിളിച്ചുവരുന്ന പൗലൂസ് കശ്ശീശായ്ക്കും അങ്കമാലി പള്ളിയിൽ അമ്പാട്ട് ഗീവർഗ്ഗീസ് കശ്ശീശായ്ക്കും റമ്പത്വം കൊടുത്തു."*


മെത്രാൻ സ്ഥാനത്തു വരുന്നവർ ഭാവിയിൽ തന്റെ വരുതിയിലും മുഷ്കരത്വത്തിലും നിൽക്കുവാനായി അവരിൽ നിന്നു പാത്രിയർക്കീസ് ഉടമ്പടി എഴുതി വാങ്ങിച്ചു.

*"പാമ്പാക്കുട കോനാട്ട് ഗീവറുഗീസ് റമ്പാനും വടക്കൻപറവൂർ കടവിൽ പൗലോസ് റമ്പാനും മുളന്തുരുത്തി ചാത്തുരുത്തിൽ ഗീവറുഗീസ് റമ്പാനും അങ്കമാലിൽ അമ്പാട്ട് ഗീവറുഗീസ് റമ്പാനും മെത്രാന്റെ സ്ഥാനം കൊടു*

*ക്കാമെന്നും ആയതിനു കല്പന പോലെ നടന്നുകൊള്ളാമെന്നും കല്പന വ്യത്യാസം ചെയ്യുന്ന ദിവസം ആളൊന്നിന് 500 രൂപാ വീതം കെട്ടിവച്ച് സ്ഥാനത്തിൽ നിന്നും ഒഴിഞ്ഞു കൊള്ളാമെന്നും മറ്റും രജിസ്റ്റർ ചെയ്ത് എഴുതിത്തന്നാൽ സ്ഥാനം കൊടുക്കാമെന്ന് കല്പിക്കുകയാൽ അവർ നാലുപേരും കൂടി ആയതിനെ സമ്മതിച്ച് എറണാകുളം രജിസ്റ്റാറിൽ പടി കെട്ടി രജിസ്റ്റർ ചെയ്യാനായി മുദ്രക്കടലാസ്സോടു കൂടി 15-ന് രജിസ്ട്രാറും വന്നിരുന്നു. 16-ന് തിരുമനസ്സറിയിച്ച് രജിസ്റ്റർ ചെയ്യുന്നതിനു തുടങ്ങി."*

1052 (1876 AD) വൃശ്ചികം 21-നു പൗലോസ് മല്പാനെ അത്താനാസിയോസ് എന്ന പേരിലും കോനാട്ട് ഗീവറുഗീസ് കത്തനാരെ യൂലിയോസ് എന്ന പേരിലും വാഴിച്ചു.

*"ശനിയാഴ്ച പറവൂർ പള്ളിയിൽ എത്തി. 15-ാം തീയതി ഞായറാഴ്ച പറവൂർക്കാർ രണ്ട് കത്തനാരച്ചന്മാർക്കും ചക്കരക്കടവുകാരൻ ഒരു കത്തനാരച്ചനും കത്തനാർപട്ടം രണ്ടാമതും കൊടുത്തു. 22-ാം തീയതി ഞായറാഴ്ച പാമ്പാക്കുട കോനാട്ട് ഗീവറുഗീസ് റമ്പാച്ചനും പറവൂർ കൂരൻ*



**കടവിൽ പൗലോസ് മാർ അത്താനാസ്യോസിന്റെ സ്ഥാത്തിക്കോനിൽ നിന്നൊരു ഭാഗം**

*എന്നും കടവിൽ എന്നും പറഞ്ഞു വരുന്ന പൗലോസ് റമ്പാച്ചനും മെത്രാൻ സ്ഥാനം കൊടുത്തു. കടവിൽ റമ്പാച്ചന് അത്താനാസ്യോസ് എന്ന് സ്ഥാനപ്പേരും കൊല്ലം, മാവേലിക്കര മുതലായി ഇരുപതിൽ ചില്വാനം പള്ളികൾക്കുമായിട്ടും കോനാട്ട് റമ്പാച്ചന് യൂലിയോസ് എന്ന് സ്ഥാനപ്പേരും തുമ്പോൻ മുതലായി ഇരുപതിൽ ചില്വാനം പള്ളികൾക്കുമായി അത്രേ സ്ഥാനം കൊടുത്തത്.*

*പിന്നീട് 29-ാം തീയതി ഞായറാഴ്ച അകമ്പറമ്പിൽ വടക്കൻ എന്നും അമ്പാടൻ എന്നും പറയുന്ന ഗീവറുഗീസ് റമ്പാച്ചനും കണ്ടനാട് പള്ളിപ്രം എന്നും മുളന്തുരുത്തേൽ പള്ളത്തട്ടേൽ എന്നും സാധാരണ ചാത്തുരുത്തിൽ എന്നും പറഞ്ഞുവരുന്ന ഗീവറുഗീസ് റമ്പാച്ചനും മെത്രാന്റെ സ്ഥാനം കൊടുത്തു. അമ്പാട്ട് റമ്പാച്ചന് കൂറിലോസ് എന്ന് സ്ഥാനപ്പേരും അങ്കമാലി, പറവൂർ മുതലായി ഇരുപതിൽച്ചില്വാനം പള്ളികൾക്കായിട്ടും ചാത്തുരുത്തിൽ റമ്പാച്ചന് ഗ്രീഗോറിയോസ് എന്ന് സ്ഥാനപ്പേരും നിരണം മുതലായി ഇരുപതിൽച്ചില്വാനം പള്ളികൾക്കുമായിട്ടത്രേ കൊടുത്തത്. ഇവർ നാലു പേരും 36-ാമത് ലക്കത്തിൽ പറഞ്ഞിരിക്കുന്നപ്രകാരം തിരുവിതാംകൂർ സംസ്ഥാനത്ത് റജിസ്റ്റർ ചെയ്തു.*

*പിന്നീട് ബാവാ അവിടെനിന്നും റീശീസാ പിരിക്കുന്നതിന് പാമ്പാക്കുട മെത്രാച്ചനെ വടക്കുള്ള പള്ളികളിലേക്ക് കല്പനയും കൊടുത്തയച്ചു. ധനുമാസം 2-ാം തീയതി വ്യാഴാഴ്ച അവിടെനിന്നും യാത്ര പുറപ്പെട്ട് കൊച്ചിക്ക് തന്നെ തിരികെ വരികയും ചെയ്തു. ഇവർക്ക് മെത്രാന്റെ സ്ഥാനം കൊടുക്കുന്ന സമയം ഗ്രീഗോറിയോസ് ബാവായും പുലിക്കോട്ടിൽ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും തെക്കേ ദിക്കിൽ ആയിരുന്നു."*

പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസിനെയും തന്റെ കൂടെ വന്ന അബ്ദുള്ളാ മാർ ഗ്രീഗോറിയോസിനെയും ഒഴിവാക്കിക്കൊണ്ട് ഏകപക്ഷീയമായി പത്രോസ് പാത്രിയർക്കീസ് നടത്തിയ ഈ വാഴ്ചകൾക്കു ശേഷം മലങ്കരയെ ഏഴു ഭദ്രാസനങ്ങളായി തിരിച്ച് പുതുതായി വാഴിക്കപ്പെട്ട മെത്രാന്മാർക്ക് ഭദ്രാസനചുമതല നൽകി.

*"യൂലിയോസ് മെത്രാപ്പോലീത്തായ്ക്ക് തുമ്പമൺ ഉൾപ്പെട്ട പള്ളികളിലേക്കും ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായ്ക്ക് നിരണം ഉൾപ്പെട്ട പള്ളികളിലേക്കും അത്താനാസ്യോസ് മെത്രാപ്പോലീത്തായ്ക്ക് കോട്ടയം ഉൾപ്പെട്ട പള്ളികളിലേക്കും കൂറിലോസ് മെത്രാപ്പോലീത്തായ്ക്ക് അങ്കമാലി ഉൾപ്പെട്ട പള്ളികളിലേക്കും ആയി സ്ഥാത്തിക്കോൻ എഴുതി മുദ്ര വച്ച് കൊടുത്തത് കൂടാതെ കോട്ടയിൽ റവന്യൂ കച്ചേരിയിൽ ഉദ്യോഗസ്ഥനാകുന്ന പിസ്ക്കാൾ സായിപ്പ് അവർകളെ വരുത്തി സുസ്താത്തിക്കോ*

*നിൽ അയാളുടെ കൈയ്യൊപ്പും സർക്കാർ മുദ്രയും സാക്ഷിയായി വയ്പിച്ചത്രെ കൊടുത്തത്."*

പാത്രിയർക്കീസ് ബാവാ 1052 (1877 AD) ഇടവം 5-നു കുന്നംകുളം ചിറളയം പള്ളിയിൽ വെച്ച് കരോട്ടുവീട്ടിൽ ശെമഓൻ റമ്പാനെ ദീവന്നാസിയോസ് എന്ന പേരിലും മുറിമറ്റത്തിൽ പൗലോസ് റമ്പാനെ ഈവാനിയോസ് എന്ന പേരിലും മെത്രാപ്പോലീത്തന്മാരായി വാഴിച്ചു.

*"റജിസ്റ്റർ ചെയ്തിരിക്കുന്നവരായ കോലഞ്ചേരി പള്ളി ഇടവകയിൽ മുറിമറ്റത്തിൽ പൗലോസ് റമ്പാച്ചനും കണ്ടനാട്ട് പള്ളി ഇടവകയിൽ കരവട്ട് ശെമവൂൻ റമ്പാച്ചനും ഇടവമാസം 5-ാം തീയതി വ്യാഴാഴ്ച നാല്പതാം പെരുന്നാൾ ദിവസം മെത്രാന്റെ സ്ഥാനം കൊടുത്ത് പൗലോസ് റമ്പാച്ചൻ കണ്ടനാട് മുതലായ ഇടവകകളിലേക്ക് ഈവാനിയോസ് എന്ന് പേരും ശെമവൂൻ റമ്പാച്ചനു ദീവന്നാസ്യോസ് എന്ന പേരും കൊച്ചി ഇടവകകളിലേക്കും ആയി അത്രേ സ്ഥാനം കൊടുത്തത്. മേൽപ്രകാരം അവർ രണ്ടു പേർക്കും സ്താത്തിക്കോനും എഴുതിക്കൊടുത്തു."*

തുടർന്ന് പത്രോസ് പാത്രിയർക്കീസ് ബാവാ സ്വദേശത്തേക്ക് മടങ്ങി. പൗലോസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായ്ക്ക് ലഭിച്ച കോട്ടയം ഭദ്രാസനത്തിലെ പള്ളികൾ ഇവയായിരുന്നു:

*"കോട്ടയം മുതലായ ഇടവകകളുടെ വിവരം. 1. കോട്ടയത്ത് ചെറിയപള്ളി 2. ടി വലിയപള്ളി, 3. ടി പുത്തൻപള്ളി, 4. ടി കുരിശുപള്ളി, 5. വാകത്താനത്ത് പുത്തൻപള്ളി, 6. കുറിച്ചി പള്ളി, 7. വെളിനാട്ട് പള്ളി, 8. കുമരകത്തു പള്ളി, 9. പാമ്പാടി പള്ളി, 10. തോട്ടക്കാട്ട് പള്ളി, 11. ചെങ്ങളത്തു പള്ളി, 12. പുതുപ്പള്ളി പള്ളി, 13. വാകത്താനത്ത് പള്ളി, 14. പുതിശേരി പള്ളി, 15. പള്ളത്തു പള്ളി, 16. ടി പുത്തൻ പള്ളി, 17. നീലംപേരൂർ പള്ളി, 18. കല്ലുങ്കത്ര പള്ളി, 19. മണർകാട് പള്ളി, 20. നാലുന്നാക്കിൽ പള്ളി.*

*മേൽപ്പറഞ്ഞ പള്ളികൾ ഭരിപ്പാനായി കൊല്ലം, മാവേലിക്കര മുതലായ സ്ഥലങ്ങളിലേക്കായി പട്ടം കെട്ടിയിരുന്ന കൂരൻ അത്താനാസ്യോസ് പൗലോസ് മെത്രാപ്പോലീത്തായെ നിയമിച്ച് സ്ഥാത്തിക്കോനും കൊടുത്തിരിക്കുന്നു."*

ഈ സ്ഥാനലബ്ധിയിൽ വിവിധ ജാതിമതസ്ഥരായ ആളുകൾ മെത്രാപ്പോലീത്തായെ അനുമോദിച്ചു. അന്ന് പറവൂർ ജില്ലാ ജഡ്ജി (പിന്നീട് തിരുവിതാംകൂർ ഹൈക്കോർട്ട് ജഡ്ജിയായിരുന്ന) ടി. ആർ രാമൻപിള്ള അദ്ദേഹത്തിന് ഇപ്രകാരം ഒരു കത്തെഴുതി:

"പ്രിയമുള്ള സ്നേഹിതാ, താങ്കൾക്ക് അവകാശമുള്ള സ്ഥാനം കിട്ടിയ

വർത്തമാനം കേട്ട് ഞാൻ വളരെ സന്തോഷിക്കുന്നു. ഈ സ്ഥാനം താങ്കളുടെ സത്യത്തിനും സന്മാർഗ്ഗനടപടികൾക്കുമായി ബ. പാത്രിയർക്കീസ് ബാവാ മൂലം ദൈവം തന്ന സമ്മാനമാകുന്നു. ഈ സ്ഥാനം എല്ലാ യോഗ്യതയോടും കൂടി വഹിക്കുന്നതിനു വേണ്ടുന്ന ബുദ്ധിശക്തിയും നാട്ടുകാർക്ക് ഇഹത്തിലും പരത്തിലും ഉപകാരപ്രദമായ എല്ലാ പ്രവൃത്തികളും ചെയ്യുന്നതിനുള്ള സാവകാശവും മനസ്സും താങ്കൾക്ക് സർവ്വശക്തൻ നൽകട്ടെ.

എന്നു ടി. ആർ. നാരായണപിള്ള (ഒപ്പ്)"

പാത്രിയർക്കീസ് ബാവാ മലങ്കരനിന്നു തിരിച്ചെഴുന്നള്ളിയശേഷം കല്പനപ്രകാരവും പരുമല മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ പ്രത്യേക താല്പര്യപ്രകാരവും ആറു മെത്രാന്മാരും വെട്ടിക്കൽ ദയറായിൽ പോയി 40 ദിവസത്തെ ഒരു പ്രത്യേക നോമ്പെടുത്തു. 40 ദിവസം പ്രാർത്ഥനയിലും ഉപവാസത്തിലും ധ്യാനത്തിലും ഉറ്റിരുന്ന് ദൈവികാനുഗ്രഹം പ്രാപിച്ച തിരുമേനിമാർ ഓരോരുത്തരും അവരവർക്കു നിശ്ചയിച്ചിരുന്ന ഇടവകകളിലെ ഭരണത്തിനായി അതാതു സ്ഥലങ്ങളിലേക്കെഴുന്നെള്ളി. ആ കൂട്ടത്തിൽ കടവിൽ അത്താനാസ്യോസ് മെത്രാപ്പോലീത്തായും തനിക്കു ലഭിച്ച കോട്ടയം ഇടവകയുടെ ഭരണത്തിനായി തെക്കൻ പ്രദേശത്തേക്കു തിരിച്ചു.

**ഇടവകഭരണം**

അക്കാലത്ത് കോട്ടയം ഭദ്രാസനത്തിലെ പള്ളികളുടെ നില വളരെ ശോചനീയമായിരുന്നു. പഴയസെമിനാരിയും കോട്ടയത്തെ പ്രധാന പള്ളിയായ ചെറിയപള്ളിയും നവീകരണകക്ഷിയുടെ അധീനതയിലായിരുന്നു. മറ്റൊരു പ്രധാന ദേവാലയമായിരുന്ന മണർകാട്ട് പള്ളിയിലും അന്തഃഛിദ്രവും വ്യവഹാരവുമായിരുന്നു. മണർകാട് പള്ളി പുനരുദ്ധരിച്ച് അതിനെ


**വെട്ടിക്കൽ ദയറാ**



തന്റെ ആസ്ഥാനമാക്കണമെന്നും തന്റെ സ്വത്ത് ആ പള്ളിക്ക് ദാനം ചെയ്ത് അവിടെ കബറടങ്ങണമെന്നും മെത്രാപ്പോലീത്തായ്ക്ക് ആഗ്രഹമുണ്ടായിരുന്നു. എന്നാൽ ഏതാനും ആളുകളുടെ എതിർപ്പ് മൂലം അത് സാധിച്ചില്ല.

മണർകാട് പള്ളി കൈവശപ്പെടുത്തുന്നതിനായി പള്ളിമാളികയിൽ നില ഉറപ്പിച്ചിരുന്ന മാത്യൂസ് മാർ അത്താനാസ്യോസിനെ ഒരു സംഘം ഇടവകക്കാർ താഴെ കരിമ്പിൻചണ്ടിയും തൊണ്ടും ഇട്ട് പുകച്ച് അവിടെ നിന്നും ഓടിച്ചു. മെത്രാപ്പോലീത്തായുടെ പരാതി അനുസരിച്ച് പോലീസ് പത്തു പന്ത്രണ്ട് പേരെ അറസ്റ്റു ചെയ്യുകയും അവരെ കഠിനതടവിന് ശിക്ഷിക്കുകയും പള്ളി പൂട്ടി മുദ്ര വെക്കുകയും ചെയ്തു.

ഈ സംഭവവികാസങ്ങൾ മൂലം മണർകാടും പരിസരങ്ങളിലുമുള്ള സഭാവിശ്വാസികൾക്ക് പൊതു ആരാധനയ്ക്കുണ്ടായിരുന്ന ദേവാലയം നഷ്ടപ്പെട്ടു. പുതിയ ഒരു ദേവാലയം ആവശ്യമായി വന്നു. മണർകാട് പള്ളിയുടെ കിഴക്ക് ഭാഗത്തുള്ള സ്ഥലത്ത് കതിരായി കിടന്ന നെല്ല് പിഴുതുമാറ്റി മുളയും പരമ്പും ഉപയോഗിച്ച് ഒരു ദേവാലയം പണിതീർത്തു. ഇടവക മെത്രാപ്പോലീത്തായായിരുന്ന കടവിൽ മാർ അത്താനാസിയോസ് ഒരു ഓലക്കുടിലിൽ വന്ന് താമസിച്ച് പള്ളിപണിയുടെ മേൽനോട്ടം വഹിച്ചു. പകലും രാത്രിയുമായി പണി തിടുക്കത്തിൽ നടന്നു. രാത്രികാലങ്ങളിൽ തിരുമേനി സ്വയം റാന്തൽ വിളക്ക് ഉയർത്തിപ്പിടിച്ചുകൊണ്ട് പണിക്കാരെ സഹായിക്കുമായിരുന്നു. ഇടവക ജനത്തിന്റെ ഉള്ളഴിഞ്ഞ സഹകരണത്തിന്റെ ഫലമായി ഇന്നു കാണുന്ന ചെറിയപള്ളി രൂപംകൊണ്ടു. ഈ ചെറിയപള്ളി ഇന്നും മെത്രാപ്പോലീത്തായുടെ ത്യാഗസുരഭിലമായ പ്രയത്നത്തിന്റെ സ്മാരകമായി നിലകൊള്ളുന്നു (*അത്ഭുതസൗധം* - മണർകാട് വി. മർത്തമറിയം പള്ളി ചരിത്രം, പേജ് 46).



**പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയൻ (എം. ഡി. സെമിനാരിയുടെയും പരുമല സെമിനാരിയുടെയും സ്ഥാപകൻ)**

പുതിയ പള്ളികൾ സ്ഥാപിച്ച് ആരാധനാസൗകര്യമൊരുക്കി ജനങ്ങളെ ഓർത്തഡോക്സ് ക്രിസ്തീയ വിശ്വാസത്തിൽ ഉറപ്പിച്ചു നിർത്തുവാൻ മെത്രാപ്പോലീത്താ അഹോരാത്രം കഷ്ടപ്പെട്ടു. കോട്ടയം ചെറിയപള്ളി നവീകരണക്കാരുടെ കൈവശത്തിലായതു മൂലം പാണംപടിയിൽ പുതിയ ഒരു ദേവാലയം പണിത് കൂദാശ ചെയ്തതിനെപ്പറ്റി 1898 ഇടവം ലക്കം 'ഇടവകപത്രിക'യിൽ കൊടുത്തിരിക്കുന്ന വാർത്ത കാണുക: "ചെറിയ പള്ളി ഇടവകക്കാരായി വേളൂർ, കിളിരൂർ, തിരുവാർപ്പ് ഈ കരകളിൽ ഉള്ള സുറിയാനിക്കാരുടെ ചിലവിന്മേൽ ഇവിടെ സമീപം പാണംപടിക്കൽ ഒരു പുതിയപള്ളി പണിതീർപ്പിച്ചതു ഈ മാസം 8-നു നി. വ. ദി. ശ്രീ. മാർ പൗലോസ് അത്താനാസ്യോസ് മെത്രാപ്പോലീത്താ അവർകളാൽ ശുദ്ധീകരണം ചെയ്യപ്പെട്ടിരിക്കുന്നു. ഈ പള്ളി ആരംഭിച്ചിട്ടു ഏഴെട്ടു മാസത്തിൽ അധികമായില്ല."

നവീകരണക്കാരുടെ കൈവശമുള്ള ദേവാലയങ്ങൾ കേസ് നടത്തി തിരികെ ലഭിക്കുന്നതിനുള്ള പരിശ്രമങ്ങൾ മലങ്കര മെത്രാപ്പോലീത്തായായ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസിന്റെ നേതൃത്വത്തിൽ നടന്നുകൊണ്ടിരുന്നതിന് കടവിൽ തിരുമേനി പൂർണ്ണ പിന്തുണ നൽകി. ചെറിയപള്ളിക്കേസ് സംബന്ധിച്ച് 'ഇടവകപത്രിക'യിൽ (1896 മിഥുനം) കൊടുത്തിരിക്കുന്ന ഒരു വാർത്ത ഇങ്ങനെയാണ്: "ചെറിയപള്ളി കേസ്: കോട്ടയത്ത് ചെറിയപള്ളിയും സ്വത്തുക്കളും ഒഴിപ്പിക്കുന്നതിനുള്ള അന്യായം ഈ മാസം ആദ്യം ആലപ്പുഴജില്ലയിൽ 303 നമ്പ്രായി ഫയൽ ചെയ്യപ്പെട്ടിരിക്കുന്നു. വാദികൾ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ അവർകൾ, മാർ പൗലോസ് അത്താനാസ്യോസ് മെത്രാപ്പോലീത്താ അവർകൾ, വികാരി കാരക്കാട്ടു തോമാ കത്തനാർ, കൈക്കാരന്മാരായ കുന്നുമ്പുറത്തു കുര്യൻ, നട്ടാശ്ശേരി ചെറിയാൻ ഇവരും പ്രതികൾ പുന്നത്ര ചാണ്ടപ്പിള്ള കത്തനാർ, ടി ചാക്കോ, വളവുചിറയ്ക്കൽ വർക്കി, പനമ്പുന്നയിൽ ഉണ്ണിച്ചെറിയ, കൈപ്പള്ളിൽ മാത്തൻ ഇവരുമാണ്. അന്യായചുരുക്കം. വിവാദ പള്ളിയും വസ്തുക്കളും യാക്കോബായ വിശ്വാസപ്രകാരമുള്ള ആരാധനയ്ക്കായി അന്ത്യോഖ്യാ പാത്രിയർക്കീസിനും ആ ആജ്ഞയിൽ ഉള്ള മെത്രാൻ, കത്തനാർ എന്നിവരുടെ കീഴിലും ഇരിപ്പാൻ തക്കവണ്ണം ഒരു പ്രത്യേക ട്രസ്റ്റിന്മേൽ ഉണ്ടായിട്ടുള്ളതും പ്രതികൾ വിശ്വാസവും മേലധികാരവും ഭേദപ്പെടുത്തിയിരിക്കുന്നതിനാൽ ആദ്യ ട്രസ്റ്റിന്റെ ഉദ്ദേശത്തിലേക്കു ഒഴിപ്പിച്ചു കൊടുക്കണമെന്നുമാകുന്നു."

കടവിൽ മെത്രാപ്പോലീത്തായ്ക്ക് മീനടം പള്ളിക്കാർ നൽകിയ സ്വീകരണത്തിൽ മംഗളപത്രം വായിച്ച സമർത്ഥനായ ബാലൻ മെത്രാപ്പോലീത്തായുടെ പ്രത്യേക ശ്രദ്ധയ്ക്ക് പാത്രീഭൂതനായി. അന്വേഷണത്തിൽ ആ ബാലൻ മണർകാട്ട് വെട്ടിക്കുന്നേൽ കുടുംബാംഗമായ കുര്യാക്കോസാ

ണെന്ന് മനസ്സിലായി. സൽസ്വഭാവിയും സമർത്ഥനുമായിരുന്ന ബാലന് മെത്രാപ്പോലീത്താ പട്ടം കൊടുത്തു. ആ ബാലനാണ് മണർകാടു പള്ളിയെ 60 കൊല്ലത്തോളം സ്തുത്യർഹമായ നിലയിൽ ഭരിച്ച് ഇന്നത്തെ നിലയിലെത്തിച്ച വൈദികശ്രേഷ്ഠനായ വെട്ടിക്കുന്നേൽ കുര്യാക്കോസ് കത്തനാർ (വല്യച്ചൻ).

കോട്ടയം ഭദ്രാസനത്തിലെ പാണമ്പടി പള്ളി, കുമരകം പള്ളി, കല്ലുങ്കത്രപള്ളി എന്നിവ പുനരുദ്ധരിക്കുന്ന കാര്യത്തിലും മെത്രാപ്പോലീത്താ കഠിനാധ്വാനം ചെയ്തതായി 'ഇടവകപത്രിക'യുടെ പുറങ്ങൾ സാക്ഷ്യം വഹിക്കുന്നു.

വ്യവഹാരം തീർന്നപ്പോൾ കോട്ടയം പഴയസെമിനാരി സമുദായത്തിന് തിരിച്ചുകിട്ടി. 1062–ൽ അവിടെ വീണ്ടും വൈദികപഠനം ആരംഭിച്ചു. അതിന്റെ പ്രധാന ചുമതല കടവിൽ തിരുമേനി തന്നെയാണ് വഹിച്ചത്. വൈദികരെ ആത്മീയകാര്യങ്ങളിൽ പ്രബുദ്ധരാക്കുന്നതിന് അദ്ദേഹം വാകത്താനം കേന്ദ്രമാക്കി ഒരു വൈദികസംഘവും നടപ്പാക്കി. അധഃകൃതരുടെ ഇടയിൽ സുവിശേഷ പ്രവർത്തനം നടത്തി നിരവധി ആളുകളെ ക്രിസ്തുമാർഗ്ഗത്തിൽ ചേർത്തു. അവരുടെ ആവശ്യത്തിനായി കല്ലുങ്കത്ര, അമയന്നൂർ, വെളിയനാട് മുതലായ സ്ഥലങ്ങളിൽ പ്രത്യേകം പള്ളികൾ സ്ഥാപിച്ചു.

1895 മിഥുനം ലക്കം 'ഇടവകപത്രിക'യിൽ കടവിൽ തിരുമേനിയുടെ കോട്ടയം – അങ്കമാലി ഭദ്രാസനങ്ങളിലെ പ്രവർത്തനങ്ങൾ പ്രതിപാദിച്ചിട്ടുള്ളത് കാണുക: "നി. വ. ദി. ശ്രീ. കോട്ടയം അങ്കമാലി ഇടവകകളുടെ മാർ അത്താനാസ്യോസു മെത്രാപ്പോലീത്താ അവർകൾ കോട്ടയത്തു എഴുന്നള്ളിയിരിക്കുന്നു. പാമ്പാടിയിൽ കഴിഞ്ഞുപോയ ദൈവഭക്തനായ പട്ടക്കാരന്റെ പരിശ്രമത്താൽ ഉണ്ടായിട്ടുള്ള പുലയ സഭക്കാരുടെ ഒരു പള്ളിക്കൂടം ഈ വർഷത്തിൽ ഉണ്ടായ കൊടുങ്കാറ്റിനാൽ വീണുപോകയും അതിനെ പുനരുദ്ധാരണം ചെയ്‌വാൻ സ്ഥലത്തു ഇപ്പോൾ ഉള്ള സാധുവായ പട്ടക്കാരനാൽ അസാദ്ധ്യമായിത്തീരുകയും ചെയ്തതുകൊണ്ടു തിരുമനസ്സുകൊണ്ടു തന്നെ പാമ്പാടിക്കു നീങ്ങി വേണ്ട ഏർപ്പാടുകൾ ചെയ്തും വച്ച് കോട്ടയം വഴി വടക്കോട്ടു മടങ്ങിയിരിക്കുന്നു. വടക്കു കുന്നക്കുരുടി പള്ളി പൊളിച്ചു വലുതായി പണിവാൻ ആരംഭിച്ചിരിക്കുന്നതിനാൽ അതിന്റെ പൂർത്തിക്ക് മേല്പട്ടക്കാരന്റെ ദൃഷ്ടി ആവശ്യപ്പെടുകയാൽ അങ്ങോട്ടാണ് നീങ്ങിയിരിക്കുന്നത്."

1896 മിഥുനം ലക്കം 'ഇടവകപത്രിക'യിൽ അമയന്നൂരിൽ ക്രിസ്തീയ വിശ്വാസത്തിലേക്ക് ചേർന്നവർക്കായി തുടങ്ങിയ പള്ളിയെക്കുറിച്ച് പറയുന്നു: "പുലസഭ – മണർകാടു പള്ളിയിൽ ഉൾപ്പെട്ട അമയന്നൂർ ദേശത്തു

മറ്റത്തിൽ തോമാ എന്ന ആളിന്റെ ഉത്സാഹത്തിന്മേൽ ഒരു പുലസഭ നടത്തിവരുന്ന വിവരം ഇതിനു മുമ്പിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ആ സഭ ഇന്നും നന്നായി നടന്നുവരുന്നു എന്നറിയുന്നതിൽ സന്തോഷിക്കുന്നു. ഇപ്പോൾ പുതു ക്രിസ്ത്യാനികളുടെ ആവശ്യത്തിനായി പരജനസഹായത്തിന്മേൽ ഒരു പള്ളി പണിയിച്ചു വരുന്നു. ആരംഭകാലത്തു സുറിയാനി ക്രിസ്ത്യാനികൾ ഇതിൽ വേണ്ട സഹായം ചെയ്യാമെന്ന് വാഗ്ദത്തം ചെയ്തിരുന്നതിനെ വിശ്വസിച്ചാണ് ടി തോമാ വേല ആരംഭിച്ചത്. പള്ളി പണിയുമ്പോൾ പുല ക്രിസ്ത്യാനികൾക്കായിട്ടല്ല പഴയക്രിസ്ത്യാനികൾക്കായിട്ടു ഉപയോഗപ്പെടുത്തിക്കൊള്ളാമെന്നുള്ള വിചാരത്തിന്മേൽ ആയിരുന്നു സമീപസ്ഥന്മാർ ആദ്യം ഉത്സാഹിച്ചതെന്നു തോന്നുന്നു. പുതുക്രിസ്ത്യാനികൾക്കായിട്ടു മാത്രം പള്ളി ഉപയോഗപ്പെടുത്തുവാൻ തീർച്ചപ്പെടുത്തിയപ്പോൾ ആദ്യ സഹായികൾ പിന്മാറിക്കളഞ്ഞതുമൂലം നടത്തിപ്പുകാരനായ തോമ്മാ വളരെ ബുദ്ധിമുട്ടി വരുന്നു. ഏതുവിധവും ശരിയായി നടത്തണമെന്നുള്ള ഉത്സാഹത്തിന്മേൽ ആ മനുഷ്യൻ സ്വന്ത കയ്യിൽ നിന്നും തന്നെ 100 രൂപാ വരെ ചിലവു ചെയ്തിരിക്കുന്നതായി അറിയുന്നു. നി. വ. ദി. ശ്രീ. മാർ പൗലോസ് അത്താനാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടും മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടും ഈ വേല കണ്ടു ശ്ലാഘിക്കയും പരജനസഹായത്തിനു കല്പനകൾ കൊടുക്കയും ചെയ്തിട്ടുണ്ട്. എല്ലാവരും കഴിയുന്ന സഹായങ്ങൾ ചെയ്തുകൊടുത്താൽ കൊള്ളാം. തോമ്മാ അവർകൾ ധർമ്മശേഖരത്തിനായി സഞ്ചരിക്കേണ്ടി വന്നിരിക്കുന്നതിനാൽ...”

അങ്കമാലി ഭദ്രാസനത്തിന്റെ ഭരണസാരഥ്യം വഹിച്ചിരുന്ന അമ്പാട്ട് മാർ കൂറിലോസ് മെത്രാപ്പോലീത്താ കാലം ചെയ്തപ്പോൾ അങ്കമാലി ഭദ്രാസനത്തിന്റെ ചുമതലയും മെത്രാപ്പോലീത്തായ്ക്ക് ഏറ്റെടുക്കേണ്ടതായി വന്നു. അങ്കമാലി ഇടവകയിലെ എല്ലാ പള്ളികളും അദ്ദേഹം സന്ദർശിച്ച് വൈദികരും ജനങ്ങളുമായി സമ്പർക്കം പുലർത്തി അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കി. എല്ലാവരും അദ്ദേഹത്തെ സ്നേഹബഹുമാനാദരങ്ങളോടെ സ്വീകരിച്ചു. ഭരണവിഷയത്തിൽ മെത്രാപ്പോലീത്തായെ സഹായിക്കാൻ കോട്ടയം ഇടവകയ്ക്ക് ഉപ്പൂട്ടിൽ യാക്കോബ് കത്തനാരേയും അങ്കമാലി ഇടവകയ്ക്ക് കോനാട്ട് മാത്തൻ കത്തനാരേയും വികാരി ജനറൽമാരായി നിയമിച്ചു.

അങ്കമാലി ഭദ്രാസന വികാരി ജനറലായ കോനാട്ട് മാത്തൻ മല്പാന്റെ പ്രവർത്തനങ്ങളെപ്പറ്റി 1894 മിഥുനം ലക്കം ‘ഇടവകപത്രിക’യിൽ ഇങ്ങനെ കാണുന്നു: “ജനറാൾ വികാരി അവർകളുടെ വിസിറ്റ്. ഇദ്ദേഹം കിഴക്കേ പള്ളികളിലോട്ടു വിസിറ്റു ചെയ്തതിൽ കാരക്കുന്നത്തു പള്ളിയിലെ അച്ചന്മാരും പ്രമാണികളും തമ്മിലുണ്ടായിരുന്ന വഴക്കുകൾ പറഞ്ഞുതീർത്തു

സമാധാനമാക്കി പള്ളിവകയ്ക്കു തീരുവാനുണ്ടായിരുന്ന ചില സംഖ്യ കൾ തീർപ്പിക്കുകയും ശേഷിച്ച വകകൾക്കു അവധി വയ്ക്കുകയും മേൽനടപടിക്കു ഒരു നിയമം ഏർപ്പെടുത്തുകയും ചെയ്തു. അവിടെനിന്നു കോതമംഗലത്തു ചെറിയപള്ളിയിൽ എത്തി. നാലുകൊല്ലത്തെ കണക്കു കേട്ടു തീരാതെ കിടക്കുന്നതു കേട്ടു തിരട്ടു തീർപ്പിക്കുകയും കോതമംഗ ലത്തു വലിയപള്ളിയിൽ വെച്ച് ആ പള്ളിയിലെ ഒരു പട്ടക്കാരൻ കാര ക്കുന്നത്തു പള്ളി ഇടവകയിലെ കല്യാണം ആ പള്ളി വികാരിയുടെ സമ്മതം കൂടാതെ നടത്തി കൊടുത്തു എന്നുള്ള സംഗതിയെപ്പറ്റി വിചാ രണ ചെയ്തു തെളിവെടുത്തു. ടി വല്യപള്ളിയിലെ പട്ടക്കാരനെ വീഴ്ച സമ്മതിപ്പിക്കുകയും അദ്ദേഹം സഭാചട്ടത്തിനു എതിരു പ്രവർത്തിച്ചതി നു 25 രൂപാ പിഴ വയ്പ്പിക്കയും മെത്രാപ്പോലീത്താ തിരുമനസ്സിലെ അനു വാദത്തോടു കൂടി ആ വക രൂപ മലബാർ ത്രീസസ്സ് ശുബഹോ സമൂഹം വകയ്ക്കു മുതൽ കൂട്ടുകയും പോത്താനിക്കാടു പള്ളിയിൽ വെച്ചു ആ പള്ളിയിലെ ഒരു പട്ടക്കാരൻ ന്യായരഹിതമായി നടത്തികൊടുത്ത പ്രകാരം ആവലാതി വന്നിരിക്കുന്ന കല്യാണകാര്യത്തെക്കുറിച്ച് വിചാ രണ നടത്തി മെത്രാപ്പോലീത്താ തിരുമനസ്സിലെ സന്നിധിയിൽ എഴുതി അയയ്ക്കുകയും ചെയ്തു. തിരികെ ക്ഷേമത്തോടെ എത്തിയിരിക്കുന്നു."

1877–ൽ ഇരുപതു പള്ളികളുമായി ആരംഭിച്ച കോട്ടയം ഭദ്രാസനം കട വിൽ തിരുമേനിയുടെ സ്തുത്യർഹവും കാര്യക്ഷമവുമായ ഭരണത്തിൻ കീഴിൽ, 1907–ൽ അദ്ദേഹം കാലം ചെയ്യുമ്പോൾ 43 പള്ളികളായി ഉയർന്നു. 1907–ൽ ഗീവറുഗീസ് റമ്പാൻ (പിന്നീട് രണ്ടാം കാതോലിക്കാ) പ്രസിദ്ധീ കരിച്ച സഭാ പഞ്ചാംഗത്തിൽ കാണുന്ന പള്ളികളുടെ ലിസ്റ്റ് ഇപ്രകാര മാണ്:

"1. കോട്ടയത്തു വലിയപള്ളി. ശു: ദൈവമാതാവു. 2. കോട്ടയം ചെറിയ ശു: ദൈവമാതാവു. 3. ടി. പുത്തൻ. ശു: മാർ ബർസൌമ്മാ. 4. ടി. പുത്ത നങ്ങാടി കുരിശു. ശു: മാർ തൊമ്മാശ്ലീഹാ. 5. മനൊരമ ചാപ്പൽ. ശു: മാർ ഏലിയാ നിബിയാ. 6. പാണമ്പടിക്കൽ ശു: ദൈവമാതാവു. 7. ചെങ്ങള ത്തിൽ ശു: മാർതോമ്മാശ്ലീഹാ. 8. കുമരകം ശു: മാർ യൊഹന്നാൻ മാംദാനാ 9. കല്ലുങ്കത്ര ശു: മാർ ഗീവറുഗീസു സഹദാ. 10. ഒളശയിൽ ശു: മാർ യോഹന്നാൻ ശ്ലീഹാ. 11. കോട്ടയം സിമ്മനാരി. ശു: മാർ തൊമ്മാശ്ലീഹാ 12. പാറമ്പുഴ. ശു: മാർ യോഹന്നാൻ ശ്ലീഹാ. 13. പെരൂർ. ശു: മർത്തശ്മൂനി യുടെയും ഏഴു മക്കളുടെയും. 14. നെട്ടാശെരി ശു: മാർ ഗീവറുഗീസു സഹ ദാ. 15. മണർകാട്ടു പഴയ ശു: ദൈവമാതാവു. 16. ടി. പുത്തൻ ശു: ഗീവറു ഗീസു സഹദാ. 17. അമയന്നൂർ വടക്കൻമണ്ണൂർ ശു: മാർ തൊമ്മാശ്ലീഹാ 18. മാങ്ങാനം ശു: മാർ തൊമ്മാശ്ലീഹാ. 19. കാരിക്കാമറ്റം ശു: മാർ ശെമ ഊൻദെസ്തുനാ. 20. പാമ്പാടി ശു: മാർ യോഹന്നാൻ മാംദാനാ. 21. വാഴൂര

ശു: മാർ പത്രൊാസു മാർ പൌലൊസു ശ്ലീഹന്മാർ. 22. കങ്ങഴ ശു: മാർ ഗീവറുഗീസു സഹദാ. 23. മീനടം കിഴക്കെ. ശു: മാർ തൊമ്മാശ്ലീഹാ. 24. മീനടം പടിഞ്ഞാറെ ശു: മാർ യോഹന്നാൻ മാംദാനാ. 25. പുതുപ്പള്ളി ശു: മാർ ഗീവറുഗീസു സഹദാ. 26. നിലയ്ക്കൽ. ശു: പന്ത്രണ്ടു ശ്ലീഹന്മാർ. 27. അഞ്ചേരി. ശു: മാർ പത്രൊാസു മാർ പൌലൊസു ശ്ലീഹന്മാർ. 28. പരിയാരം. ശു: മാർ അപ്രെം മല്പാൻ. 29. പുതുശേരി ശു: മാർ ശെമഓൻ ശ്ലീഹാ 30. വാകത്താനത്തു ശു: മാർ യൊഹന്നാൻ മാംദാനാ. 31. വള്ളിക്കാട്ടു ശു: ദൈവമാതാവു. 32. വെട്ടിക്കകുന്നെൽ ശു: മാർ ഗീവറുഗീസു സഹദാ. 33. നാലുന്നാക്കൽ ശു: മാർ ആദായിശ്ലീഹാ. 34. കുഴിമറ്റത്തു ശു: മാർ ഗീവറുഗീസു സഹദാ. 35. ചിങ്ങൊനത്തു ദയറാ ശു: മാർ യൊഹന്നാൻ ശ്ലീഹാ 36. ചിങ്ങൊനത്തു പുത്തൻ. ശു: മാർ യൊഹന്നാൻ ശ്ലീഹാ. 37. പള്ളത്തു ശു: പൌലൊസു ശ്ലീഹാ. 38. പാക്കിൽ ശു: മാർ തൊമ്മാശ്ലീഹാ. 39. ആലപ്പുഴ (കൊല്ലാടു) ശു: മാർ പൌലൊസു ശ്ലീഹാ. 40. കുറിച്ചി ശു: മാർ പത്രൊാസ മാർ പൌലൊസ ശ്ലീഹന്മാർ. 41. നീലംപേരൂർ ശു: മാർ ഗീവറുഗീസ സഹദാ. 42. വെളിയനാടു ശു. മാർ എസ്തെപ്പാനൊസ സഹദാ. 43. ചേന്ദംകരി ശു: മാർ തൊമ്മാശ്ലീഹാ."



**1892–ൽ എടുക്കപ്പെട്ട ഫോട്ടോ.** ഇരിക്കുന്നവർ:- അൽവാറീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ (ഗോവാ), മാർ ഈവാനിയോസ് മെത്രാപ്പോലീത്താ (മുറിമറ്റത്തിൽ, ഒന്നാം കാതോലിക്കാ), മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ (പുലിക്കോട്ടിൽ), മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ (കടവിൽ), മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ (പരുമല). ഇരിക്കുന്നവരിലെ അവസാനത്തെയാൾ അമ്പാട്ട് മാർ കൂറിലോസ് ആണോ എന്നു സംശയിക്കുന്നു. നിൽക്കുന്നവരിൽ, കൊച്ചുപറമ്പിൽ പൗലോസ് റമ്പാൻ, മൂക്കഞ്ചേരിൽ ഗീവറുഗീസ് റമ്പാൻ, ചാലപ്പുറത്ത് യാക്കോബ് റമ്പാൻ, സ്ളീബാ ശെമ്മാശൻ (പിന്നീട് മാർ ഒസ്താത്തിയോസ്) എന്നിവരെ കാണാം.

## പ. ഗീവർഗീസ് പ്രഥമൻ ബാവാ (വള്ളിക്കാട്ട് ബാവാ)

1883 തുലാ മാസം 30-ന് ഇടവക സന്ദർശനാർത്ഥം വാകത്താനം വലിയപള്ളിയിൽ എത്തിയിരുന്ന കടവിൽ അത്താനാസ്യോസ് തിരുമേനിയുടെ മുമ്പാകെ വന്ന് വാകത്താനം വലിയപള്ളി വികാരി കളപ്പുരയ്ക്കൽ പൗലൂസ് കത്തനാർ കൈമുത്തി തന്റെ വലിയ ഒരു ആഗ്രഹം അറിയിച്ചു. തന്റെ പിൻഗാമിയായി കുടുംബത്തിൽപെട്ട ഒരാളിന് പട്ടം കൊടുക്കണം. യോഗ്യനായ ഒരാളെ കണ്ടുപിടിച്ചാൽ അതിൽ വിരോധമില്ലായെന്ന് തിരുമേനി മറുപടി പറഞ്ഞു.

ഉടൻതന്നെ അച്ചൻ ദൈവവേലയ്ക്കായി സ്വന്തം മകനെ സമർപ്പിച്ചിരുന്ന കാരുചിറ പുന്നച്ചനെ വിവരമറിയിച്ചു. പുന്നച്ചന്റെ മകൻ ഗീവറുഗീസിനെ പള്ളിയിൽ വരുത്തി. ഗീവറുഗീസിന്റെ വിനയവും സ്വരമാധുരിയും പക്വമായ പെരുമാറ്റവും തിരുമേനിയെ ആകർഷിച്ചു. ഉടൻ ബാലനെ പള്ളിനടയിൽ നിർത്തി അനുഗ്രഹാശീർവാദങ്ങളോടെ സുറിയാനിയുടെ ആദ്യാക്ഷരങ്ങൾ അവന് ചൊല്ലിക്കൊടുത്തു. സുറിയാനി പഠിപ്പിക്കുവാനുള്ള ചുമതല കളപ്പുരയ്ക്കലച്ചനെ ഏല്പിക്കുകയും ചെയ്തു.

1886 മിഥുനം 1-ാം തീയതി പെന്തിക്കോസ്തി ഞായറാഴ്ച ആയിരുന്നു. പെന്തിക്കോസ്തി ശുശ്രൂഷ നടത്തുന്നതിനായി അന്ന് കടവിൽ അത്താനാസ്യോസ് തിരുമേനി വാകത്താനം പള്ളിയിൽ എത്തിച്ചേർന്നിരുന്നു. വാകത്താനം നിവാസികൾ അന്നൊരു ഉത്സവതിമിർപ്പോടെ പള്ളിയിലെത്തി. ഗീവറുഗീസ് എന്ന ബാലനെ വൈദികനാക്കുവാൻ ഇടവകക്കാർ ഒന്നടങ്കം സമ്മതിച്ച് രേഖപ്പെടുത്തിയ ദേശകുറി വികാരി അഭിവന്ദ്യ തിരുമേനിയെ ഏല്പിച്ചു. നേരത്തേതന്നെ തനിക്ക് പ്രിയംകരനായിരുന്ന ബാലന് വൈദികപട്ടം കൊടുക്കുന്നതിൽ തിരുമേനി സന്തുഷ്ടി പ്രകടിപ്പിച്ചു.

വൈദികപദവിയുടെ ആദ്യപടിയായി 'കോറൂയോ' പട്ടം നല്കി. അങ്ങനെ പില്ക്കാലത്ത് മലങ്കരസഭയുടെ മഹാപുരോഹിതനായിത്തീർന്ന ഗീവർഗ്ഗീസ് പ്രഥമൻ ബാവാ പൗരോഹിത്യ പാതയിലേക്ക് പ്രവേശിക്കപ്പെട്ടു.

## പ. ഗീവർഗീസ് ദ്വിതീയൻ ബാവാ

1889-ാമാണ്ട് വാകത്താനം വലിയപള്ളിയിൽ എഴുന്നള്ളിയ കടവിൽ അത്താനാസ്യോസ് മെത്രാപ്പോലീത്താ ഗീവറുഗീസ് ശെമ്മാശനെ തന്റെ സെക്രട്ടറിയായി നിയമിച്ചു. 1890 ഇടവ മാസത്തിൽ ഇടവകസന്ദർശനാർത്ഥം കടവിൽ തിരുമേനി കുറിച്ചി വലിയപള്ളിയിൽ എഴുന്നള്ളി. വാർദ്ധക്യസഹജമായ രോഗങ്ങളാൽ ഒരാഴ്ചയോളം തിരുമനസ്സുകൊണ്ട് പള്ളിയിൽ താമസിക്കുന്നതിന് ഇടയായി. ഈ താമസത്തിനിടയിൽ ഇടവക

യിലെ ഒരു ബാലനിൽ തിരുമനസ്സു കൊണ്ട് ആകൃഷ്ടനായി. ഉടൻതന്നെ ഗീവർഗീസ് ശെമ്മാശനെ വിളിച്ച് ആ ബാലനെപറ്റിയുള്ള കൂടുതൽ വിവരങ്ങൾ ശേഖരിപ്പാനും അവന്റെ മാതാപിതാക്കളെ ആളയച്ചു വരുത്തുവാനും കല്പിച്ചു.

ഈ കുട്ടി പരുമല മാർ ഗ്രീഗോറിയോസ് തിരുമേനിയോടൊപ്പം വളരെ നാൾ താമസിച്ചതാണെന്നും സുറിയാനി ആദ്യ പാഠങ്ങൾ അദ്ദേഹത്തിൽ നിന്ന് പഠിച്ചതാണെന്നും കല്ലാശ്ശേരിൽ ഉലഹന്നാൻ എന്ന ആളിന്റെ മകനാണെന്നും മനസ്സിലാക്കി, അവനു വൈദികപട്ടം നല്കുവാനുള്ള തന്റെ ആഗ്രഹം പിതാവായ ഉലഹന്നാനെ അറിയിച്ചു. തിരുമനസ്സിലെ ആഗ്രഹമെന്തും ശിരസ്സാ വഹിക്കുവാൻ സന്നദ്ധനാണെന്ന് ഉലഹന്നാൻ സമ്മതിച്ചു. അതിൻപ്രകാരം 1890 ഇടവമാസം 20-ന് പുന്നൂസ് എന്ന ഈ കുട്ടിക്ക് വൈദികപദവിയുടെ ആദ്യപടിയായി 'കോറൂയോ' പട്ടം നല്കി. ഒപ്പം തിരുമനസ്സിലെ സെക്രട്ടറിയായ ഗീവറുഗീസ് ശെമ്മാശന് 'യൗഫ്പദിയോക്കിനോ' പട്ടവും. കടവിൽ മാർ അത്താനാസ്യോസ് തിരുമനസ്സിലെ ദൈവികമായ കരങ്ങളിൽ നിന്ന് പരിശുദ്ധാത്മ നൽവരങ്ങൾ ഏറ്റുവാങ്ങിയ ഈ ബാലന്മാർ, പില്ക്കാലത്ത് മലങ്കരസഭയെ നയിക്കുവാനുള്ള രണ്ടു കാതോലിക്കാമാരാകുമെന്ന് ആരും അന്ന് നിരൂപിച്ചു കാണുകയില്ല.

### സിലോൺ യാത്ര

മലങ്കരസഭയുടെ ശാഖകൾ വിദേശങ്ങളിൽ സ്ഥാപിക്കുവാനും കടവിൽ തിരുമേനിക്ക് ഭാഗ്യം സിദ്ധിച്ചു. 1888-ൽ ഗോവായിലെ ഒരു റോമൻ കത്തോലിക്കാ വൈദികനായിരുന്ന ഫാദർ അൽവാറീസും അനുയായികളും മലങ്കരസഭയിൽ ചേർന്നു. അവർക്കായി ഫാദർ അൽവാറീസിനെ സിലോൺ, ഗോവ മുതലായ ഇടവകയുടെ മെത്രാപ്പോലീത്തായായി വാഴിക്കുന്നതിന് പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവാ അനുവാദം നൽകി. അതനുസരിച്ച് മുറിമറ്റത്തിൽ മാർ ഈവാനിയോസ്, പരുമല മാർ ഗ്രീഗോറിയോസ് എന്നീ സഹോദര മെത്രാന്മാരുടെ സഹകരണത്തിൽ പഴയസെമിനാരിയിൽ വെച്ച് 1889-ൽ (1064) മെത്രാനായി വാഴിക്കുന്നതിന് കടവിൽ മെത്രാപ്പോലീത്താ മുഖ്യകാർമ്മികത്വം വഹിച്ചു.

അമേരിക്കൻ ഐക്യനാടുകളിൽ നിന്നും സുറിയാനിസഭയിൽ ചേർന്ന ആളുകളുടെ മെത്രാപ്പോലീത്തായായി അവരിൽ ഒരാളായ റെനി വിലാത്തി എന്ന ഓൾഡ് കാതലിക് സഭയിൽപെട്ട ഫ്രഞ്ചു പാതിരിയെ വാഴിക്കുന്നതിന് പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവാ തീരുമാനിച്ചു. ഇതിനായിട്ട്, കടവിൽ തിരുമേനി, പരുമല തിരുമേനി, അൽവാറീസ് മാർ യൂലിയോസ് എന്നീ മെത്രാപ്പോലീത്തന്മാർ 1892 ഇടവം 3-ന് സിലോണിലേക്ക് യാത്രയായി. യാത്രാസംഘത്തിൽ കാരുചിറ ഗീവറുഗീസ് ശെമ്മാശനും

(പിന്നീട് രണ്ടാം കാതോലിക്കാ) മറ്റും ഉണ്ടായിരുന്നു. യാത്രാമദ്ധ്യേ പല അപകടങ്ങളും റോമാസഭക്കാരുടെ ഉപദ്രവങ്ങളും ഉണ്ടായി എങ്കിലും ആ ഗൂഢാലോചനകളിൽ നിന്നൊക്കെയും ദൈവകരുണയാൽ മെത്രാപ്പോലീത്തന്മാർ രക്ഷപ്പെട്ടു. മെത്രാപ്പോലീത്തന്മാരെ അനേകായിരം ജനങ്ങൾ ചേർന്ന് സിലോണിൽ എതിരേറ്റു. 16-നു വ്യാഴാഴ്ച സ്വർഗ്ഗാരോഹണ പെരുന്നാൾ ദിവസം ഫാ. റെനി വിലാത്തിക്ക് റമ്പാൻ സ്ഥാനവും 17-ന് (1892 മെയ്) മൂന്ന് മെത്രാപ്പോലീത്തന്മാരും കൂടി മെത്രാൻസ്ഥാനവും നൽകി. തീമോത്തിയോസ് എന്ന സ്ഥാനപ്പേരിൽ അമേരിക്കായുടെ മെത്രാപ്പോലീത്താ ആയിട്ടാണ് അദ്ദേഹത്തെ അവരോധിച്ചത്. പുതുതായി വാഴിക്കപ്പെട്ട മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായുടെ ഉത്സാഹത്താൽ കടവിൽ തിരുമേനിക്കും പരുമല തിരുമേനിക്കും അമേരിക്കയിലുള്ള ഒരു പ്രധാന സംഘത്തിൽ നിന്നും 'കമാൻഡർ ഓഫ് ദി ക്രൗൺ ഓഫ് തോൺസ്' (Commander of the Crown of Throwns) എന്ന ബഹുമതി ലഭിച്ചു.

സിലോൺ യാത്രയിൽ കടവിൽ മെത്രാപ്പോലീത്തായോടൊപ്പം ഉണ്ടായിരുന്ന സെക്രട്ടറി കാരുചിറ ഗീവർഗീസ് ശെമ്മാശൻ (പിന്നീട് രണ്ടാം കാതോലിക്കായായ ഗീവർഗീസ് പ്രഥമൻ ബാവാ) ഈ യാത്രയെക്കുറിച്ച് ഡയറിയിലെഴുതിയ വിവരണം കണ്ടെത്തി സോഫിയാ ബുക്സ് *കൊളംബ് യാത്രാവിവരണം* എന്ന പേരിൽ 2005 ഡിസംബറിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മലയാള ഭാഷയിലെ നാലാമത്തെ യാത്രാവിവരണമാണിത്. കടവിൽ തിരുമേനിയുടെ യാത്രയുടെ വിശദാംശങ്ങൾ അറിയുവാൻ ആ യാത്രാവിവരണം അതേപടി ഇവിടെ ഉദ്ധരിക്കുന്നു:

"അമേരിക്കൻ ഐക്യനാടുകളിലെ വിസക്കൊൻസി കെവാനി നഗരത്തിലെ ജനങ്ങൾ റൊമാ മതവിശ്വാസത്തെ ഉപേക്ഷിച്ചു അന്ത്യോക്യാ[1] സഭയോട് ചേരുവാൻ ആഗ്രഹിച്ചപ്പോൾ അവരെ ഭരിച്ചുകൊള്ളുന്നതിന് ഒരു മെത്രാപ്പോലീത്താ ആവശ്യപ്പെട്ടതിനാൽ അവരുടെ പട്ടക്കാരനായ റേനി വിലാത്തി[2] എന്ന പാദ്രി മലങ്കര ഇടവകയുടെ മാർ ദിവന്നാസ്യോസു മെത്രാനൊടും[3] ഇൻഡ്യ സിലോൻ ഗോവ ഇടവകയുടെ മാർ യൂലിയോസ് മെത്രാപ്പോലീത്തായോടും[4] വിവരം അറിയിച്ചതിനാൽ അവർ പാത്രിയർക്കീസു ബാവ[5] തിരുമനസിലേക്ക് അപേക്ഷ അയച്ച് റെനി വിലാത്തിയെ മെത്രാനായി വാഴിക്കുന്നതിന് കല്പന വരുത്തുകയും അദ്ദേഹം കൊളംബിൽ[6] എത്തി താമസിയ്ക്കുകയും ചെയ്യുമ്പോൾ മാർ അത്തനാസ്യോസ് മെത്രാപ്പോലീത്തായും[7] മാർ ഗ്രീഗോറിയോസു മെത്രാപ്പോലീത്തായും[8] മാർ യൂലിയോസ് അൽവാറീസ് മെത്രാപ്പോലീത്തായും[9] കൂടെ കോട്ട യത്ത് സിമ്മനാരിയിൽ[10] നിന്നും ക്രിസ്താബ്ദം 1892 കൊല്ലം 1067 ഇടവം 3 ന് ഞായറാഴ്ച രാത്രി 12 മണിയ്ക്ക് യാത്ര പുറപ്പെട്ടു.

മാർ അത്തനാസ്യോസു മെത്രാപ്പോലീത്തായോടു കൂടെ കുമരകത്ത് കളത്തിൽപറമ്പിൽ യൗസെപ്പു ശെമ്മാശും വാകത്താനത്ത് കാരുചിറ ഗീവറുഗീസ് ശെമ്മാശും[11] മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായോട് കൂടെ കാരിച്ചാൽ കൊച്ചു കോശി കത്തനാരും തുമ്പമൺകാരൻ യാക്കോബ് ശെമ്മാശും അൽവാറീസ് മെത്രാപ്പോലീത്തായോട് കൂടെ ഗോവാക്കാരൻ കൈത്താൻ എന്ന ഒരു അയ്മേനിയും[12] വാലിയക്കാരായി ഇട്ടീരാ – തോമാ എന്നവരും വിശേഷാൽ ശീമക്കാരൻ സ്ലീബാ ശെമ്മാശനും[13] അതു കൂടാതെ ശീമയ്ക്ക് പോകുന്നതിനായി മല്ക്കി എന്നൊരു ശീമക്കാരനും ഉണ്ടായിരുന്നു. ഇവർ എല്ലാവരും യാത്രയ്ക്ക് ഒരുങ്ങി, അപ്പോൾ സിമ്മനാരിയിൽ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായും മൂക്കഞ്ചെരിൽ ഗീവറുഗീസ് റമ്പാച്ചനും* കോനാട്ട് മാത്തൻ മൽപ്പാനച്ചനും മറ്റും ഉണ്ടായിരുന്നു.

കോട്ടയത്തു നിന്ന് കെട്ടുവള്ളത്തിലായി പുറപ്പെട്ടു. 4 ന് 8 മണിക്ക് ആലപ്പുഴ എത്തിയശേഷം വേറെ മൂന്നു വള്ളം പിടിച്ച് 12 മണിക്ക് അവിടെ നിന്നും പുറപ്പെട്ട് സന്ധ്യയോടുകൂടെ തോട്ടപ്പള്ളി ചീപ്പുകൽ എത്തി. 5 ന് 6 മണിക്ക് പൊച്ചനയും 12 മണിക്ക് കൊല്ലത്തും അടുത്തു. നെയിത്താപ്പീസ്, ഓട്ടാപ്പീസ്, കയറു പിരിക്കുന്ന യന്ത്രം മുതലായവകളെ യാത്രയിൽ കണ്ടു. 6 മണിക്കു നടുചിറയും 9 മണിക്ക് വർക്കല വലിയ തുരുത്തിലും തുരങ്കത്തിലും 10 മണിക്ക് ചെറിയ തുരങ്കത്തിങ്കലും 6 ന് 12 മണിക്ക് തിരുവനന്തപുരത്ത് ചാക്കെക്കടവിലും എത്തി വള്ളക്കാരെ പിരിച്ചു വിട്ടു. ഉടനെ വണ്ടി പിടിച്ച് പുത്തൻ കച്ചെരിക്ക് പടിഞ്ഞാറു ഭാഗത്തു കുമരകത്തുകാരൻ ഉമ്മൺ ഇൻസ്പെക്ടർ താമസിച്ചിരുന്ന പാത്രിയർക്കീസു ബാവായുടെ ബങ്കളാവിൽ എത്തി. അന്നു തന്നെ ചില സാമാനങ്ങൾ വാങ്ങിക്കുന്നതിനായി ചില ഷാപ്പുകളിലും കാഴ്ച ബങ്കളാവും മറ്റും കാണുന്നതിനായും പോയി.

മാർ അത്താനാസ്യോസു മെത്രാപ്പോലീത്തായും മാർ ഗ്രീഗോറിയോസു മെത്രാപ്പോലീത്തായും സവാരിക്കു പോയി വേറൊരു ബങ്കളാവിൽ താമസിക്കുകയും പിറ്റെ ദിവസം കാഴ്ചബങ്കളാവു മുതലായതു സന്ദർശിക്കയും ചെയ്തു. കാഴ്ചബങ്കളാവിൽ സിംഹം, കരടി, കടുവാ, പുലി മുതലായ കാട്ടുമൃഗങ്ങളും മയിൽ, പഞ്ചവർണ്ണക്കിളി മുതലായി വിവിധ തരത്തിൽ പക്ഷിക്കൂട്ടങ്ങളും ഉണ്ടായിരുന്നു. ഭരണി, പിഞ്ഞാണം മുതലായവ ഉണ്ടാക്കുന്ന ആപ്പീസുകളും ഹൈസ്ക്കൂളും കണ്ടതിന്റെ ശെഷം ആദ്യം വന്ന ബങ്കളാവിൽ എത്തി തിരുനൽവേലിയിലേയ്ക്ക് യാത്രയ്ക്ക് വണ്ടി പിടിച്ചു. 9 മണിക്ക് എല്ലാവരും പുറപ്പെട്ടു. വണ്ടി തഫാൽ[14] വണ്ടി ആയിരുന്നു. 8 നാഴിക കഴിയുമ്പോൾ കുഴൽ ഊതുകയും വേറെ കാളയെ മാറി കൊടുക്കുകയും ചെയ്തിരുന്നു. തിരുവനന്തപുരത്തു നിന്നും നടുവത്ത് കോയി

പ്പുറത്ത് പൊന്നന്റെ മകൻ അബ്രഹാമിനെ കൂടെ സുഭാഷിയായി കൊണ്ടുപോയി.

8 ന് കുഴിത്തുറ പാലത്തിങ്കൽ എത്തി. ഈ പാലം വളരെ വീതിയും നീളവും ഉയരവും ഒരു അരികിന് എകെദേശം 108 കാലുകളും ഉള്ളതാകുന്നു. ഇതിന് സമീപം മുസ്സാവിരി ബങ്കളാവുണ്ട്. അവിടെ 12 മണിക്ക് എത്തി ഭക്ഷണം കഴിച്ച് 1 മണിക്ക് തിരുവാങ്കൊടു[15] വഴിയായി പുറപ്പെട്ടു 6 മണിക്ക് പത്മനാഭപുരത്തെത്തി. തിരുവിതാംകൂർ മഹാരാജാവിന്റെ കോട്ട ആദ്യം ഇവിടെക്കും പിന്നെ തിരുവനന്തപുരത്തേക്കും മാറ്റി. ഇവിടെ പുല്ലിക്കുറിച്ചിയിൽ റോമാ മതക്കാരുടെ ഒരു പള്ളി ഉണ്ട്. ദൈവസഹായ പിള്ളയ്ക്ക് ദാഹിച്ചപ്പോൾ മുട്ടു കൊണ്ട് പാറയിൽ ഇടിച്ചു എന്നും അപ്പോൾ വെള്ളം പുറപ്പെട്ടു എന്നും ആ വെള്ളം കുറവു കൂടാതിരിക്കുന്നുവെന്നും റോമാക്കാർ പറയുന്ന സ്ഥലം ഈ പള്ളിയുടെ പടിഞ്ഞാറു വശത്തു മുഖവാരത്തോട് ചേർന്നാകുന്നു. ആ പള്ളിയിൽ യാത്രക്കാർ കേറി കാണുകയും വെള്ളം വാങ്ങിച്ചു കുടിക്കയും ചെയ്തു. ഉടനെ അവിടെ നിന്നും ചെങ്കോട്ട വഴിയായി പോരുമ്പോൾ വലിയ വലിയ പാറക്കൂട്ടങ്ങളും മലകളും ഇടക്കിടെക്ക് കരിമ്പനകളും കാണുകയും 6 മണിക്ക് തന്നെ വടക്കോട്ട് കടന്ന് തിരുനെൽവേലി അതൃത്തിയിലിറങ്ങുകയും ചെയ്തു. ഈ സ്ഥലം തിരുവിതാംകൂറിന്റെ അതൃത്തിയും വലിയ മല വെട്ടിതാഴ്ത്തി ഉണ്ടാക്കീട്ടുള്ളതുമാകുന്നു. ഈ ദേശം സമഭൂമിയും വളരെ കരിമ്പനയും പുളിയും ഉള്ളതും നെല്ല്, പുല്ല്, ആവണക്ക്, പരുത്തി മുതലായ കൃഷികളും ഉള്ളതാകുന്നു. ഈ ദേശത്ത് മഴ നന്നേ കുറവും കാറ്റ് അധികവും ആകുന്നു.

9 ന് 6 മണിക്ക് യാത്ര പുറപ്പെട്ടു. 10 മണിക്ക് വള്ളിയൂരിലും 1 മണിക്ക് രാജായമംഗലത്തും പിന്നെ പാപകുളം ഊരിലും അ... കുളത്തും എത്തി. അവിടെ കരിങ്കല്ലു കൊണ്ട് കെട്ടിയ വിശേഷമായ കുളം ഉണ്ട്. അവിടെ നിന്നും 5 മൈൽ വടക്ക് ... വിശേഷാൽ ഒരു ഗോപുരവും കണ്ടു. ഈ യാത്രയിൽ ഗ്രീഗൊറിയോസു മെത്രാപ്പോലീത്തായുടെ വണ്ടി മുമ്പ് കടന്ന് ഓടിച്ചതിനാൽ മുൻകൂട്ടി തിരുനൽവേലീൽ എത്തി റെയിൽവെയി മാനേജരുടെ ആപ്പീസിൽ താമസിച്ചു. ശേഷം പേർ 4 മണിക്ക് തത്രപ്പർണ്ണി ആറ്റിലുള്ള പാലത്തിങ്കൽ എത്തി. ഈ പാലം വളരെ വലിപ്പമുള്ളതും ... ഇഷ്ടിക കൊണ്ട് വളച്ചതും പാലത്തെ വളരെ വിളക്കുകളും ഉള്ളതാകുന്നു. ഇതിനടുത്താകുന്നു തീവണ്ടി സ്റ്റേഷൻ. 10 ന് 5 മണിക്ക് എല്ലാവരും തീവണ്ടി ആപ്പീസിൽ എത്തി. യാത്രക്കാർക്ക് തീവണ്ടി യാത്ര ആദ്യമായിരുന്നതിനാൽ വിസ്മയജനകമായിരുന്നു.

മെത്രാച്ചന്മാർ രണ്ടാം ക്ലാസ്സിലും ശെഷം പേർ 3-ാം ക്ലാസിലും ആയി തീവണ്ടി കയറി. ഗനായകണ്ടി, മണിയാച്ചി ഈ ആഫീസുകളിൽ എത്രയും

വേഗത്തിൽ എത്തി. മണിയാച്ചി ആഫീസിൽ നിന്നും അപ്പോൾ മധുരയ്ക്ക് ഒരു വണ്ടി പുറപ്പെട്ടു. അവിടെ നിന്നും വണ്ടി പുറപ്പെട്ട് തത്തപ്പാറയി എന്ന ആപ്പീസിലും അവിടെ നിന്നും പുറപ്പെട്ട് 3 മണിക്ക് തൂത്തുക്കുടി ആപ്പീസിലും എത്തി. പിന്നെ ആപ്പീസ് മുറി വിട്ടിറങ്ങി വല്ലോം ആശ്വസിച്ചശേഷം ആപ്പീസിന് സമീപം പി. പി. ദുറാൾ എന്ന ഒരു വലിയ ഷാപ്പിന്റെ സ്ഥലത്തു താമസിച്ചു. ഈ മനുഷ്യൻ അൽവാറീസു മെത്രാപ്പോലീത്തയുമായി പരിചയമുള്ള ആളായിരുന്നു. അതു നിമിത്തമാണ് അയാളുടെ സ്ഥലത്ത് യാത്രക്കാരെ താമസിപ്പിക്കുന്നതിന് കാരണമായത്. ഇവിടെ റോമാസഭക്കാരും ... മുതലായവകളും വളരെ കച്ചവടങ്ങളും ഉള്ള ഒരു പ്രധാന തുറമുഖവും കപ്പൽ അടുക്കുന്നതും ആകുന്നു. തിരുനൽ വേലീൽ നിന്നും ഇവിടേക്ക് ഏകദേശം 36 മയിൽ അകലം ഉണ്ട്. യാത്രക്കാർക്ക് അന്നേ ദിവസം കപ്പൽ ഏതുമില്ലാത്തതിനാൽ അവിടെ താമസിക്കുന്നതിനിടയായി. അപ്പോൾ വളഞ്ഞ റോമാക്കാർ വന്നു യാത്രക്കാരെ കാണുകയും അൽവാറീസു മെത്രാച്ചൻ റോമാക്കാർക്കു വിരോധമായി അച്ചടിച്ചു വച്ചിട്ടുള്ള പുസ്തകങ്ങൾ സമ്മാനിക്കയും ചെയ്തതിനാൽ വളരെ തർക്കവും വിരോധവും ഉണ്ടായി. 11 ന് തിങ്കളാഴ്ച കോട്ടയത്തേക്കും കൊളംബിലേയ്ക്കും കമ്പി അടിച്ചു. 3 മണിക്ക് താമസ സ്ഥലത്തു നിന്നും വണ്ടി വഴിയായി കടവിലേക്ക് പുറപ്പെട്ടു. കടവിൽ നിന്നും വളരെ ദൂരത്തിൽ 2 കപ്പൽ അടുത്തിരുന്നു. കപ്പൽ യാത്രക്കുള്ള കൂലിയും മറ്റും തീർത്ത് കടൽ വഞ്ചിയിൽ കയറി നീങ്ങി ഒരു കപ്പലിന്റെ അടുക്കൽ സന്ധ്യയോട് കൂടെ എത്തി. അപ്പോൾ നിങ്ങൾ കൂലി തീർത്ത കപ്പൽ മറ്റേതാണെന്നും അവിടേയ്ക്ക് പോകണമെന്നും കപ്പിത്താൻ പറഞ്ഞപ്പോൾ വഞ്ചിക്കാർ അവർക്ക് കഴിയുകയില്ലെന്നും മറ്റും തടസം പറഞ്ഞു.അങ്ങനെ ചെയ്യാത്തതു റോമാക്കാരുടെ അസൂയ കൊണ്ടായിരുന്നു.

പിന്നെ കപ്പിത്താന്റെ ശാസന കൊണ്ടും അൽവാറീസു മെത്രാച്ചൻ കൈക്കൂലി കൊടുത്തതു കൊണ്ടും വള്ളക്കാർ മറ്റെ കപ്പലിന്റെ അടുക്കൽ കൊണ്ടുപോയി ഇറക്കി. കടലിലെ ഓളത്തിന്റെ കഠിനം കൊണ്ട് യാത്രക്കാർക്ക് തലതിരിച്ചിലും ഛർദ്ദിയും ഉണ്ടായി. കപ്പലിന്റെ ....... വെള്ളത്തിൽ നിന്നും വളരെ ഉയരത്തിൽ ആയിരുന്നതിനാൽ കേറുന്നതിനും മറ്റും വളരെ പ്രയാസം നേരിട്ടു. അതിനാൽ ഗോവണി ഇറക്കി തന്നതിൽ കൂടി കപ്പലിൽ കയറി. അപ്പോൾ ആ കപ്പലിൽ കുന്നംകുളങ്ങരെ പനയ്ക്കൽ ഇട്ടിമാത്തു ഉണ്ടായിരുന്നു. അയാൾ ആലപ്പുഴെ നിന്നും കൊളംബിലേക്ക് നമ്മുടെ യാത്രക്കാരുടെ സഹായത്തിനായി പുറപ്പെട്ടതാണ്. അയാളെ കണ്ടതിൽ വളരെ സന്തോഷമുണ്ടായി. രാത്രി 11 മണിക്ക് കപ്പൽ തുറമുഖത്തു നിന്നും കുളംബിലേയ്ക്ക്[16] നീങ്ങി. കാറ്റും കോളും അധികമായതിനാൽ കപ്പൽ നന്നാ ഇളകുകയും വെള്ളം കപ്പലിനകത്തു വീഴുകയും ചെയ്തു.

വെള്ളം അടിത്തട്ടിലേക്ക് പോകാതിരിക്കത്തക്കവണ്ണം പണി ചെയ്തിരിക്കുന്നതിനാൽ വെള്ളം വീണാലും അതു പുറത്തേക്ക് പോകുന്നതുകൊണ്ട് കുലുങ്ങുകയില്ല. മെത്രാന്മാർ 2-ാം ക്ലാസിലും ശേഷം പേർ 3-ാം ക്ലാസിലും ആയിട്ടാണ് കേറിയത്. 2-ാം ക്ലാസ് മുറികൾ വളരെ വിശേഷമായിരുന്നതിനാൽ അതിൽ വെള്ളം കേറുകയില്ല. അതിൽ ഇരിപ്പിനും ......... സ്ഥലസൗകര്യങ്ങളും ഉണ്ട്. ഭക്ഷണം അതിൽ തന്നെ കൊണ്ടുവന്ന് കൊടുക്കും. 3-ാം ക്ലാസ്സുകാർ മേൽത്തട്ടിൽ ഇരിക്കുന്നതു കൊണ്ട് പല ഉപദ്രവങ്ങളും ഉണ്ട്. വെള്ളം പൊട്ടി വീണാറെ യാത്രക്കാർ നനയുകയും മറ്റുമുണ്ടായി. ഇങ്ങിനെ കപ്പൽ ഓടിച്ച് 12 ന് ഉച്ചയ്ക്ക് കൊളംബു തുറമുഖത്ത് അടുത്തു. അപ്പോൾ തുറമുഖത്ത് വളരെ തീകപ്പലുകളും പായ്ക്കപ്പലുകളും കടൽ വഞ്ചികളും വളരെ ജനങ്ങളും ഉണ്ടായിരുന്നു. ഉടനെ കൊളംബു പള്ളിയിലെ ഒരു പ്രധാനിയായ ഡോക്ടർ പിന്റോയും മറ്റു മഹാന്മാരും നമ്മുടെ യാത്രക്കാരുടെ കപ്പലിൽ വന്ന് തിരുമേനികളുമായി സന്തോഷ സംഭാഷണം കഴിക്കയും തിരുമേനികളെയും സ്ലീബാ ശെമ്മാശനെയും കൊച്ചു കോശി കത്തനാരെയും ഒഴിച്ചുള്ള ആളുകളെയും സാമാനങ്ങളെയും കടൽ വഞ്ചിയിൽ കയറ്റി തുറമുഖത്തുള്ള ഗവർമെണ്ടു വക കെട്ടിടത്തിലേയ്ക്ക് കൊണ്ടുപോയി. അവിടെ വച്ച് ദാഹത്തിന് ഓരോ കുപ്പി ലിബിനെെറ്റ് കുടിച്ചാശ്വസിച്ച ശേഷം കുതിരവണ്ടിയിൽ കേറ്റി ഔവർ ലെയിഡി ഗുഡ് ഡെത്ത് എന്ന് പേരുള്ള അവരുടെ പള്ളിയിലേയ്ക്ക് കൊണ്ടുപോയി. അവിടെ എത്തിയപ്പോൾ റെനി വിലാത്തി എന്ന അമേരിക്കൻ പാദ്രിയും ഫാദർ അന്തോനിയോസും ഉണ്ടായിരുന്നു. അവർ യാത്രക്കാരെ വളരെ സന്തോഷത്തോടെ കൈക്കൊണ്ടു. റ്റീ മുതലായവ തയ്യാറാക്കി കുടിച്ചുംകൊണ്ട് ആഘോഷമായി എതിരെൽക്കുന്നതിനായി അവർ കപ്പലിലെത്തി. ആദരിച്ച് ഗവെർമെണ്ട് വക വലിയ ബോട്ടിൽ കയറ്റി കരയ്ക്കടുപ്പിച്ച് ഗവർമെണ്ട് കെട്ടിടത്തിൽ ഇരുത്തി. അവിടെ നിന്ന് കുതിരവണ്ടികളിലായി ബാന്റ്, ബൊക്കെ മുതലായ ആഘോഷത്തോടും വളരെ ജനക്കൂട്ടത്തോടും കൂടെ യാത്ര തിരിച്ച് മേല്പ്പറഞ്ഞ പള്ളിയിൽ എത്തി. ലുത്തിനിയാ[17] കഴിച്ച് പള്ളിയോട് ചേർന്നുള്ള കെട്ടിടത്തിൽ താമസിച്ചു. തൂത്തുക്കുടിയിൽ നിന്ന് കൊളംബിലേയ്ക്ക് കപ്പൽ കൂലി 1-ാം ക്ലാസിന് 25. 2 -ന് 10. 3 ന് 8 രൂപ വീതവും ആയിരുന്നു.

13 ന് പലരും വന്ന് കാണുകയും സന്തോഷിക്കയും ചെയ്തിരുന്നു. 14 ന് സ്വർഗാരോഹണപ്പെരുന്നാളായിരുന്നു.[18] റെനി വിലാത്തി പാദ്രിക്ക് ഗ്രീഗൊറിയോസ് മെത്രാപ്പോലീത്താ കുർബാന ചൊല്ലി റമ്പത്വം കൊടുത്തു. ഉച്ചകഴിഞ്ഞ് ടി. റമ്പാൻ കുതിരവണ്ടി വരുത്തി, തിരുമേനികളും അദ്ദേഹവും സ്ലീബാ ശെമ്മാശനും കൂടി വിസീറ്റയ്ക്ക് പോയി. കാഴ്ച ബങ്കളാവ് മുതലായവ കണ്ട് സന്ധ്യയ്ക്ക് തിരിച്ചെത്തി.

കൊളംബിലെ പള്ളീടെ വടക്ക് വശത്തു കൂടി വഴിയുള്ളതിനാൽ പള്ളി ഇരിക്കുന്നതു തെക്ക് വടക്ക് ആയിരുന്നു. ഇതിന്റെ മദ്ബഹായോട് ചേർന്ന് കിഴക്ക് പടിഞ്ഞാറായി താമസത്തിനുള്ള മുറിയും അതിന് തെക്ക് വശത്ത് കുശിനി മുറിയും കിഴക്ക് വശത്ത് കിണറും അതിന് പടിഞ്ഞാറ് വേറൊരു കെട്ടിടവും ഉണ്ട്. പള്ളിയകത്ത് ഇരുവശത്ത് തൂണ് നിറുത്തി ഉത്തരവും വച്ച് റാന്തൽ വശത്ത് ചുവരുകെട്ടി അടച്ച് ജനലുകളും വച്ച് വിസ്താരമുള്ളതും മുറിത്തട്ടും പടിഞ്ഞാറു വശത്ത് ഒരു മട്ടുപ്പാവും മദ്ബഹായ്ക്ക് തെക്ക് വടക്ക് ...... ഒഴുകുവാര മുറികളും. പള്ളിക്കകത്ത് മുഴുവൻ കയറ്റ് പായും കസേറകളും ഉണ്ട്. ജനങ്ങൾ കൂടിയാൽ കസേരയിൽ ആണ് ഇരിക്കുന്നത്. ഈ പള്ളിക്കു സമീപം പെട്ടയിൽ ഒരു പള്ളി ഉണ്ടെന്നും ദൂരെ മാന്നാർ എന്ന സ്ഥലത്ത് ഒരു വലിയ പള്ളിയും കുറെ ചാപ്പലുകളും ഉണ്ടെന്നവർ പറഞ്ഞു. ഈ പള്ളിയുടെ പടിഞ്ഞാറു വശത്തു ഹൈക്കോട്ടും തെക്കു വശത്ത് റെയിൽവേ സ്റ്റേഷനും കിഴക്കു വശത്തു തേങ്ങ ആട്ടുന്ന എണ്ണ ചക്കും മറ്റ് യന്ത്രങ്ങളും ഉണ്ട്. പട്ടണം വളരെ ആൾ പെരുപ്പവും വളരെ വലിയ കെട്ടിടങ്ങളും കച്ചവടവും ഉള്ളതാകുന്നു. എല്ലാ വഴികളിലും കുഴൽ വെള്ളവും ഉണ്ട്.

15 ന് റെനി വിലാത്തി റമ്പാന് സ്ഥാനം കൊടുക്കുന്നത് ലത്തീൻ ഭാഷയിൽ ആയിരിക്കണമെന്ന് അൽവാറീസ് മെത്രാച്ചനും മറ്റും തിരുമേനികളോട് അറിയിച്ചു. അത് പാടില്ലെന്ന് പറകയാൽ തർക്കം ഉണ്ടായി. കുറെ വ്യസനിച്ചും എങ്കിലും ചെന്നുപോയതു കൊണ്ട് സംഗതി നടക്കാതെ പോയാൽ ആക്ഷേപമാകുമല്ലോ എന്ന് കരുതി സ്ഥാനം കൊടുക്കുന്ന ദിവസം അൽവാറീസ് കുർബാന ചൊല്ലണമെന്നും പട്ടംകൊട സുറിയാനിയിലായിരിക്കണമെന്നും നിശ്ചയിച്ചു. അന്നേ ദിവസം പാത്രിയർക്കീസ് ബാവായുടെ ഒരു കല്പന വായിച്ചു. അതിൽ റെനി വിലാത്തി സത്യവിശ്വാസത്തിൽ സ്ഥിരപ്പെട്ടിരിക്കണമെന്നും അദ്ദേഹത്തിന് സ്ഥാനം കൊടുക്കുന്നതിന് അനുവദിക്കുന്നുവെന്നും മറ്റുമായിരുന്നു. 17 ന് അൽവാറീസ് മെത്രാച്ചൻ കുർബാനക്കായി ഒരുങ്ങുകയും, ശേഷം തിരുമേനികളും കൂടെയുള്ളവരും പ്രാർത്ഥന കഴിഞ്ഞശേഷം സുറിയാനി മര്യാദപ്രകാരമുള്ള ക്രമങ്ങൾ കഴിക്കയും പാത്രിയർക്കീസ് ബാവായുടെ കല്പന വായിക്കയും മറ്റും ചെയ്ത്, റെനി വിലാത്തിക്ക് മൂന്നു പേരും കൂടി കൈവച്ച് തീമൊഥയൊസെന്ന സ്ഥാനപ്പേർ കൊടുത്തു അമോലോഗിയ[19] വായിച്ച് ഒപ്പു വച്ച് വാങ്ങിച്ചു. പിന്നെ കുറെയാശ്വസിച്ച ശേഷം എല്ലാവരും പള്ളിയകത്തു പോയി. അൽവാറീസ് കുർബാന ചൊല്ലുകയും ഏതാനും ക്രമങ്ങൾ കഴിക്കയും ചെയ്തു. പള്ളിയിൽ അമെറീക്ക കൊൻസൽ മുതലായ മഹാന്മാരും വളരെ ജനങ്ങളും കൂടിയിരുന്നു. ഇവരെ കഴിഞ്ഞ് തിരുമേനികൾ മുറിയിൽ വന്നപ്പോൾ ഡോക്ടർ പിന്റോ തിരുമേനികൾക്ക് വെവ്വേറെ

വന്ദനവുകൾ പറയുകയും അവർ യഥോചിതമായ മറുപടി പറയുകയും ചെയ്തു. അന്ന് രാത്രി 8 മണി മുതൽ പിന്റോ മുതൽ പേർ മാജിക്കലാണ്ട് എന്ന സൂത്രം കാണിച്ച് രസിപ്പിച്ചു.

18 ന് റെനിവിലാത്തി തിമൊത്തിയോസ് മെത്രാപ്പോലീത്തായ്ക്ക് പാത്രിയർക്കീസ് ബാവായുടെ അധികാരപത്രവും മൂന്ന് മെത്രാന്മാരും കൂടി അധികാര സാക്ഷ്യപത്രവും കൊടുത്തു. 19 ന് യാത്രക്കാർ കൊളംബിലുള്ള കൊപ്രാ ആട്ടുന്ന ചക്കും മറ്റും കാണുന്നതിനായി പോയി. ആ കെട്ടിടം വളരെ വലിപ്പമുള്ളതും വളരെ വേലക്കാർ ഉള്ളതും ആകുന്നു. അതു കഴിഞ്ഞ് പെൻസൽ ഉണ്ടാക്കുന്നതിനുള്ള ഈയം വെലം ചെയ്യുന്ന സ്ഥലവും ചെന്ന് കണ്ടു തിരിച്ചു വന്നു. പട്ടംകൊടയുടെ സംഗതികളെ കുറിച്ചും മറ്റും പാത്രിയർക്കീസ് ബാവായ്ക്ക് എഴുത്തയച്ചു. ഉച്ച കഴിഞ്ഞ് ശെമ്മാശൻമാർ അവിടെയുള്ള കാഴ്ച ബങ്കളാവ് കാണുന്നതിനായി പോയി. അവിടെ തിരുവനന്തപുരത്തെപ്പോലെ കാഴ്ചകൾ ഉണ്ടെങ്കിലും ജീവനുള്ളതായിരുന്നില്ല. സിംഹം, കരടി, ആന മുതലായ അനേക മൃഗങ്ങളുടെയും അനേക തരത്തിലുള്ള പക്ഷികളുടെയും തോലുകൾ ഉണക്കി സാക്ഷാൽ എന്ന് തോന്നിക്കത്തക്ക വിധത്തിൽ സൂക്ഷിച്ചിരുന്നു. അനേകം ആളു രൂപങ്ങളും കാട്ടാളന്മാരുടെ വേഷങ്ങളും സാക്ഷാൽ ഉള്ളതെന്ന് തോന്നിക്കത്തക്ക വിധത്തിൽ സൂക്ഷിച്ചിരുന്നു. വലിയ തിമിംഗലങ്ങളുടെ അസ്ഥികളും തോലുകളും ഉണക്കി വച്ചിട്ടുണ്ട്. കാഴ്ച ബംങ്കളാവിന്റെ മിറ്റത്ത് ഒരു തറയിൽ കാട്ടാളന്റെ ഒരു വലിയ രൂപം കരിങ്കല്ല് കൊണ്ടു തീർത്ത് സ്ഥാപിച്ചിരുന്നു. അതു കഴിഞ്ഞ് ഒരു പാലം കാണുന്നതിനായി പോയി. ആ പാലം വെള്ളത്തിൽ അനേക വള്ളങ്ങൾ നിരത്തിയിട്ടു അതിന്മേൽ തുടൽ വലിച്ച് കെട്ടി പലക നിരത്തിയും എത്ര വെള്ളം പൊങ്ങിയാലും തരക്കേടില്ലാത്തതും ആകുന്നു. പിന്നീട് കടപ്പുറം മുതലായ സ്ഥലങ്ങൾ കണ്ടു. യാത്രയിൽ റോമാക്കാർ, ഇംഗ്ലീഷുകാർ, മഹമ്മദുകാർ മുതലായവരുടെ പള്ളികളും കെട്ടിടങ്ങളും കണ്ട് തിരിച്ചെത്തി. പിന്നീട് ഡോക്ടർ പിന്റോയുടെ ബംങ്കളാവിൽ നമ്മുടെ യാത്രക്കാരെ സല്ക്കരിച്ചു. 20 ന് തിരുമേനികൾ പോയശേഷം ആ പള്ളിയുടെ കൈക്കാരനും പ്രധാനിയുമായ പെരോരയുടെ ക്ഷണിതപ്രകാരം അയാളുടെ വീട്ടിൽ എല്ലാവരും പോയി. തീറ്റിക്കു റോമാ സമ്പ്രദായത്തിൽ ആണുങ്ങളും പെണ്ണുങ്ങളും ഒരു മേശയ്ക്ക് ചുറ്റും ഇരുന്നു. അനേകതരത്തിൽ വിശേഷ സാമാനങ്ങൾ ഉണ്ടായിരുന്നു. അയാൾ ഒരു കച്ചവടക്കാരനും ആകുന്നു. 21 ന് ഷാപ്പുകളിൽ കൊട മുതലായ സാമാനങ്ങൾ വാങ്ങിക്കുന്നതിനായി പോയി തിരിച്ചു വന്നു.

25 ന് അൻപതാം പെരുന്നാളിന്[20] കൊച്ചുകോശി കത്തനാർ കുർബ്ബാന ചൊല്ലി. പെരുന്നാളിന്റെ ഒരു ബെശുമെശ്ത്താ[21] കഴിച്ചു. പിന്നീട് അൽവാ

റീസ് മെത്രാച്ചനും മറ്റും അവരുടെ ക്രമപ്രകാരം ശുശ്രൂഷകൾ കഴിച്ച് 3 പ്രാവശ്യം വെള്ളം തളിക്കയും ഒരു പ്രസംഗം പറയുകയും ചെയ്തു. 12 മണി കഴിഞ്ഞ് യൗവനക്കാർ വന്ന് കളിസ്ഥലം ഒരുക്കുകയും കൊടി കുത്തുകയും 1 മണിക്ക് വൃദ്ധന്മാരും വാല്യക്കാരും പെൺകുട്ടികളും വന്ന് ഓട്ടം, ചാട്ടം മുതലായ കളികൾ കാണിക്കയും പെൺകുട്ടികൾ ഓട്ടത്തിൽ സൂചിക്കുഴയിൽ നൂൽ കോർക്കയും മറ്റും ഉണ്ടായി. ജയിച്ചവർക്ക് ഓരോ തരം പടങ്ങളും മറ്റും സമ്മാനിക്കയും ചെയ്തു. 5 മണിക്ക് മാർ അത്തനാസ്യോസ് മെത്രാപ്പോലീത്തായ്ക്കും മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായ്ക്കും കൂടി ഇംഗ്ലീഷിൽ ഒരു മംഗളപത്രം സമർപ്പിക്കയും അവർ സമയോചിതമായി മറുപടി പറയുകയും കൊളംബിലേയും അമെരിക്കയിലേയും സഭയെപ്പറ്റി അല്പം പ്രസംഗിക്കയും ചെയ്തശേഷം പുതിയ മെത്രാപ്പോലീത്തായ്ക്ക് ഒരു മംഗളപത്രം സമർപ്പിക്കയും മറുപടി പറയുകയും ചെയ്തു. ഒടുവിൽ ചീയർ വിളിച്ച് കൈകൊട്ടി സന്തോഷിച്ച് പിരിയുകയും രാത്രി 8 മണി മുതൽ 9 മണി വരെ മാജിക്കലാണ്ട് കാണിക്കുകയും കരിമരുന്ന് പ്രയോഗം നടത്തുകയും ചെയ്തു.

25 ന് തിരിച്ച് യാത്രക്കുള്ള കപ്പൽ അന്വേഷിച്ചെങ്കിലും ഏനമായി കിട്ടിയില്ല. 26 ന് 12 പേർക്കും കപ്പൽ കൂലി ഒടുക്കി ടിക്കറ്റും വാങ്ങിച്ചു. 2 മണിക്ക് പള്ളിയിൽ നിന്നും കടവിലേക്ക് യാത്ര തിരിച്ചു. പുതിയ മെത്രാപ്പോലീത്തായും അമെറിക്കയിലേക്ക് യാത്ര തിരിച്ചു. ഒന്നിച്ചു പുറപ്പെട്ട് കടവു വരെ എത്തി. കടവു വരെ അൽവാറീസ് മെത്രാപ്പോലീത്തായും മറ്റും വന്നിരുന്നു. തമ്മിൽ സമാധാനം പറഞ്ഞ് വള്ളത്തിൽ കയറി കപ്പലിൽ ചെന്നെത്തുകയും കപ്പലിൽ നടന്ന് എല്ലാ സ്ഥലങ്ങളും കാണുകയും ചെയ്തു. തിരുമേനികൾ മുമ്പെപ്പോലെ 2-ാം ക്ലാസിലും ശേഷം പേർ 3-ാം ക്ലാസ്സിലും ആണ് കേറിയത്. ശീമക്കാരൻ മല്കി എന്നവൻ ഞങ്ങളിൽ നിന്നു പിരിഞ്ഞു ശീമയ്ക്ക് യാത്രയാവുകയും ചെയ്തു. രാത്രി 8 മണിക്ക് കപ്പൽ നീങ്ങി. പിറ്റെ ദിവസം കാലത്തു തൂത്തുക്കുടിയിൽ കപ്പൽ അടുത്തില്ല. അതു നിമിത്തം പലരും വ്യസനിച്ചു. വഴി തെറ്റിപ്പോയിട്ടാണെന്നും മറ്റും പലരും പറഞ്ഞു. ഞങ്ങളിൽ പലർക്കും കപ്പൽ ചൊരുക്കുണ്ടായിരുന്നതിനാൽ ഒന്നും ഭക്ഷിക്കുന്നതിനും പാടില്ലാതെ ക്ഷീണതയിൽ ആയിപ്പോയി. ബുധനാഴ്ച രാത്രി 12 മണിക്ക് തൂത്തുക്കുടി തുറമുഖത്ത് വിളക്ക് കണ്ട് ആശ്വസിച്ചു. കാലത്തെ കരയിൽ നിന്നും വള്ളം കപ്പലിങ്കൽ കൊണ്ടുവന്ന് അതിൽ എല്ലാവരും കേറി കരയിലേക്ക് യാത്ര തിരിച്ചു. ആ വള്ളത്തിൽ കരയിലേക്കിറങ്ങുന്നതിനായി ചില സായ്പന്മാരും മദാമ്മമാരും ഉണ്ടായിരുന്നു. അവർ മെത്രാന്മാരെ കണ്ടപ്പോൾ വർത്തമാനങ്ങൾ ചോദിക്കുകയും സുറിയാനി സഭയെക്കുറിച്ച് ഒരു വിവരണം അവരെ മനസ്സിലാക്കയും ഓരോ പുസ്തകങ്ങൾ അവർക്ക് സമ്മാനിക്കയും ചെയ്തു. വള്ളം

കരക്കടുപ്പിച്ച് ഇറങ്ങി മുൻ താമസിച്ചിരുന്ന മുറാൾ എന്ന കച്ചവടക്കാരന്റെ ആപ്പീസിൽ എത്തി ഭക്ഷണം കഴിച്ചാശ്വസിക്കയും 4 മണിക്ക് യാത്ര പറഞ്ഞ് തീവണ്ടിയിൽ കേറി രാത്രി 7 മണിക്ക് തിരുനെൽവേലീൽ എത്തി. മുൻ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ എത്തി താമസിച്ച സായ്പിന്റെ ബങ്കളാവിൽ താമസിച്ചു. അയാൾ നമ്മുടെ യാത്രക്കാരുടെ മേൽ ദയയുള്ള ആളായിരുന്നു. അയാളുടെ മകൾക്ക് ചില സമ്മാനങ്ങളും മറ്റും കൊടുത്തു. വെള്ളിയാഴ്ച ഭക്ഷണവും മറ്റും കഴിച്ച് തിരുവനന്തപുരത്തേക്ക് തഫാൽ വണ്ടിയിലായി യാത്ര തിരിച്ചു. വണ്ടി 1 ക്ക് പന്ത്രണ്ട് രൂപാ വീതം കൂലിയായിരുന്നു.

മുപ്പതിന് തിരുവിതാംകോട്ട പള്ളിയിൽ എത്തി. ഈ പള്ളി ധരിയാക്കളായ സുറിയാനിക്കാരുടെ പള്ളി ആകുന്നു. അന്ന് ആ പള്ളിയിൽ പുതുപ്പള്ളിക്കാരൻ കുരുവിള ഇഞ്ചിനീയർ താമസിക്കുന്നുണ്ടായിരുന്നു. ഈ പള്ളി വളരെ പുരാതന പള്ളിയും മുമ്പ് വളരെ ഇടവകക്കാർ ഉണ്ടായിരുന്നതും ആകുന്നു. ഇപ്പോൾ ഒന്ന് രണ്ട് വീട്ടുകാർ മാത്രമേ ഇടവകക്കാരായി ഉള്ളു. അവർക്ക് കുടുമ്മ ഉണ്ട്. സ്ത്രീകൾ പാണ്ടിക്കാരുടെ വസ്ത്രധാരണയിലും ആണ് നടക്കുന്നത്. ഈ പള്ളി ജീർണ്ണിതപ്പെട്ടു കിടന്നിരുന്നതു എഞ്ചിനീയറിന്റെ ഉത്സാഹത്താൽ നന്നാക്കി. പിറ്റെ ദിവസം ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ ആ പള്ളിയിൽ കുർബാന ചൊല്ലി പ്രസംഗിച്ചു. അന്യജാതിക്കാർ പലരും വെളിക്ക് കൂടിയിരുന്നു. അവിടെ വെച്ചുണ്ടായ ചിലവ് ഇഞ്ചിനിയറുടെ വകയായിരുന്നു. ഉച്ചകഴിഞ്ഞ് അവിടെ നിന്ന് പുറപ്പെട്ട് രാത്രി 12 മണിക്ക് തിരുവനന്തപുരത്ത് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ താമസിച്ചിരുന്ന ബങ്കളാവിൽ എത്തി യാത്രയിൽ ഉണ്ടായ വിവരങ്ങൾ അറിയിക്കുകയും സകല അപകടങ്ങളിൽ നിന്നും രക്ഷിച്ച ദൈവത്തെ സ്തുതിക്കയും ചെയ്തു.

മിഥുനം 2 ന് പുത്തൻകച്ചരി മുതലായതു കാണുന്നതിനായി പോയപ്പോൾ ജഡ്ജിമാരുടെ വിസ്താരവും മറ്റും കണ്ട് തിരികെ ബങ്കളാവിൽ എത്തിയശേഷം തിരുവനന്തപുരത്ത് താമസിച്ച് പഠിക്കുന്ന സുറിയാനി വിദ്യാർത്ഥികൾ, വക്കീലന്മാർ മുതലായവർ തിരുമേനികൾ കൊളംബിലേക്ക് സുവിശേഷ പ്രചാരണത്തിനായി പോയി തിരിച്ചുവന്നതിന്റെ സന്തോഷം നിമിത്തം ഒരു മംഗളപത്രം അച്ചടിച്ച് വായിക്കുന്നതിനായി നാലര മണിക്ക് ഒരു യോഗം കൂടുകയും പുതുപ്പള്ളി കൊച്ചുപാറേട്ട് പീലിപ്പോസ് ബി. എ. വായിക്കയും ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ മറുപടി പറയുകയും അത്തനാസ്യോസ് മെത്രാപ്പോലീത്താ കൊളമ്പിലേയും അമേരിക്കയിലേയും സഭയെക്കുറിച്ചും യാത്രയിൽ വന്ന ബുദ്ധിമുട്ടുകളെക്കുറിച്ചും പ്രസംഗിക്കുകയും പ്രസിഡന്റ് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ പാത്രിയർക്കീസു ബാവായെയും നമ്മുടെ സത്യവിശ്വാസ

ത്തെയും കാനോനുകളെയും സത്യകൈവെപ്പിനെയും കുറിച്ച് എത്രയും രസകരമായ വിധത്തിൽ പ്രസംഗിക്കയും അമേരിക്കയിലും കൊളംബിലും ചുവപ്പു കുപ്പായം തുന്നുന്നതിന് തയ്യൽക്കാർ ഇല്ലാഞ്ഞിട്ടല്ല അവർ വന്നതെന്നും കല്പിച്ച് പ്രസംഗം അവസാനിപ്പിക്കുകയും പാത്രിയർക്കീസ് ബാവായ്ക്കും തിരുമേനികൾക്കും ചീയർ പറഞ്ഞ് കൈകൊട്ടി സന്തോഷിക്കയും തിരുമേനികൾക്ക് പൂമാലകൾ കൊടുക്കയും ചെയ്തശേഷം യോഗം പിരിഞ്ഞു. അതിന് ശേഷം പട്ടാളക്കാരുടെ ബാൻഡ് കേൾക്കുന്നതിനായി പോയി. പിറ്റെ ദിവസം യാത്രക്കാർ അവിടെ നിന്നും യാത്ര തിരിച്ചു. 8 മണിക്ക് ചാക്കെക്കടവിൽ എത്തി. 2 വള്ളങ്ങളിലായി പുറപ്പെട്ടു. ...... മണിക്ക് കായങ്കുളത്ത് പള്ളിയിൽ എത്തി. ഈ പള്ളി വളരെ പഴക്കമുള്ളതും കൊല്ലം ....1 ൽ അടിസ്ഥാനപ്പെടുത്തിയതെന്നു വിചാരിച്ച് വരുന്നതും ആകുന്നു. അവിടെ നിന്ന് അത്താഴം കഴിഞ്ഞ് യാത്ര പുറപ്പെട്ട് ശനിയാഴ്ച 8 മണിക്ക് പരുമല സിമ്മനാരിയിൽ എത്തുകയും ഗ്രീഗൊറിയൊസ് മെത്രാപ്പോലീത്താ അവിടെ താമസിക്കയും അത്തനാസ്യോസു മെത്രാപ്പോലീത്തായും കൂടെ ഉള്ളവരും കുമരകത്ത് പള്ളിയിലേയ്ക്ക് പുറപ്പെട്ട് ഞായറാഴ്ച കാലത്തെ അവിടെ എത്തി. കുർബാനയ്ക്ക് തിരുമനസു കൊണ്ട് യാത്രയെപ്പറ്റിയും സുറിയാനി സഭയുടെ മഹിമയെപ്പറ്റിയും പ്രസംഗിച്ചു. 2 ദിവസം കൂടെ ഗീവറുഗീസ് ശെമ്മാശൻ അവിടെ താമസിച്ച് തിരിച്ച് വീട്ടിൽ എത്തുകയും ചെയ്തു.

കൊളമ്പിൽ പല രാജാക്കന്മാരുടെ പ്രതിനിധികളായ കൊൻസൽമാർ[22] താമസിക്കുന്നുണ്ട്. ആയ്ത് റഷ്യാ, ജർമ്മൻ, ഓസ്റ്റ്റിയാ, ഇറ്റലി, സ്പെയിൻ മുതലായവരുടെ ആകുന്നു. അവിടുത്തെ സ്വജാതികൾ സിങ്കാളികൾ[23] ആകുന്നു. ബുദ്ധ മതക്കാരും, ഇംഗ്ലീഷുകാരും, മഹമ്മദ്കാരുമായി മറ്റ് പല ജാതികളും ഉണ്ട്. കൊളംബു യാത്രക്കു വേണ്ട ചിലവുകൾ അൽവാറീസ് മെത്രാപ്പോലീത്താ ചിലവിടാമെന്ന് പറഞ്ഞാണ് കൊണ്ടുപോയത്. അങ്ങോട്ടുള്ള യാത്രയ്ക്ക് മാത്രം ചിലവിട്ടു. തിരിച്ച് പോരുന്നതിനുള്ള ചിലവു തിരുമേനികളുടെ കയ്യിൽ നിന്നായിരുന്നു."

തിരികെ തിരുവനന്തപുരത്തെത്തിയ മെത്രാപ്പോലീത്താമാരെ വൻ സ്വീകരണം നൽകിയാണ് മലങ്കരസഭ വരവേറ്റത്. ആ അവസരത്തിൽ സമർപ്പിച്ച മംഗളപത്രവും മെത്രാപ്പോലീത്താമാർ അതിനു നൽകിയ മറുപടിയും (*1892 ചിങ്ങം ലക്കം മലങ്കര ഇടവകപത്രിക*യിൽ നിന്നും) ചുവടെ ചേർക്കുന്നു:

**നിതാന്ത വന്ദ്യ ദിവ്യശ്രീ കോട്ടയം ഇടവകയുടെ
മാർ അത്താനാസ്യോസ് മെത്രാപ്പൊലീത്താ തിരുമനസ്സിലെക്കും
നിരണം ഇടവകയുടെ മാർ ഗ്രീഗോറിയോസ് മെത്രാപ്പൊലീത്താ
തിരുമനസ്സിലെക്കും**

നിതാന്ത വന്ദ്യന്മാരായ പ്രിയ പിതാക്കന്മാരെ,

ലോകരക്ഷിതാവായ യേശുക്രിസ്തുവിന്റെ കല്പനപ്രകാരം തന്റെ ശിഷ്യനായ വിശുദ്ധ മാർ തോമ്മാശ്ലീഹാ മലങ്കര വന്നു സഭ സ്ഥാപിച്ചിട്ടു 1800-ൽ ചില്വാനം സംവത്സരങ്ങളായിട്ടും ഇതേവരെ മതപ്രചാര വിഷയങ്ങളായി അന്യദേശങ്ങളിലേക്കു ആരുംതന്നെ സഞ്ചരിച്ചിട്ടുള്ളതായി കേട്ടുകേൾവിപോലും ഇല്ലാതിരിക്കെ അമ്മരിക്കായുടെ ഐക്യനാടുകളിലെ പൂർവ്വീക കാതോലിക്കാ സഭയിലെ റെവറന്ത റെനിവിലാത്തി പാദ്രി അവർകളുടെയും അദ്ദേഹത്തിന്റെ കീഴുവരുതിയിലുള്ള സഭക്കാരുടെയും അപേക്ഷപ്രകാരം നമ്മുടെ വിശുദ്ധപിതാവായ അന്ത്യോക്യായുടെ സിംഹാസനത്തിൽ വാഴുന്ന മാറാന്മാർ ഇഗ്നാത്യോസു പാത്രിയർക്കീസു ബാവാ തിരുമനസ്സിലെ ആജ്ഞയിൻകീഴും നമ്മുടെ സഭയിലെ വിശ്വാസരീതി അനുസരിച്ചും അദ്ദേഹത്തെ മെത്രാനായി വാഴിക്കുന്നതിലേക്കുവേണ്ടി തിരുമേനികൾ കുളമ്പിലേക്കു പുറപ്പെട്ടു തിരിച്ചുവന്ന ഈ സന്ദർഭത്തിൽ അടിയങ്ങൾക്കുണ്ടായിട്ടുള്ള അതി സന്തോഷ ചിഹ്നങ്ങളെ തിരുമേനികളുടെ മുമ്പാകെ പ്രകാശിപ്പിച്ചുകൊള്ളുന്നതിനു അടിയങ്ങൾ സവിനയം അനുവാദത്തെ അപേക്ഷിച്ചുകൊള്ളുന്നു.

ആകയാൽ തിരുമേനികളുടെ ഈ പ്രവൃത്തികൊണ്ടു കൃതാർത്ഥചിത്തന്മാരായിരിക്കുന്ന അനേകായിരങ്ങളുടെ കൂട്ടത്തിൽ തിരുവിതാംകൂറിന്റെ തലസ്ഥാനമാകുന്ന തിരുവനന്തപുരത്തു താമസിക്കുന്നവരായ ഈ കുറഞ്ഞൊരാളുകളുടെയും സന്തോഷാധിക്യത്തെ പ്രദർശിപ്പിക്കുന്നതിനു ഇവിടെ അടുത്തുവന്നിട്ടുള്ളതാകുന്നു.

പ്രാചീനത്വം കൊണ്ടുതന്നെ പവിത്രമായിരിക്കുന്ന നമ്മുടെ സഭക്കു അന്യന്മാരാലുണ്ടായിട്ടുള്ള പീഡകളാലും സഭയിൽ തന്നെ ഉണ്ടായിട്ടുള്ള അന്തഃഛിദ്രങ്ങളാലും ഈ സത്യവിശ്വാസത്തെ അന്യദേശങ്ങളിൽ പരത്തുന്നതിനു ഇതുവരെ കഴിഞ്ഞില്ലാ എങ്കിലും ഇപ്പോൾ നമ്മുടെ വിശുദ്ധ പിതാവായ മാറാന്മാർ ഇഗ്നാത്യോസു പാത്രിയർക്കീസു ബാവാതിരുമനസ്സിലെയും മലങ്കര ഇടവകയുടെ മാർ ദിവന്നാസ്യോസു മെത്രാപ്പോലീത്താ തിരുമനസ്സിലെയും തിരുമേനികളുടെയും കാലത്തു അതിലേക്കു സ്വല്പമായ സന്ദർഭമുണ്ടായതിൽ വച്ചു തിരുമേനികൾ സന്തോഷപൂർവ്വം കൊളമ്പിലെക്കു എഴുന്നെള്ളിയ ഏക സംഗതിയെ ആലോചിക്കുമ്പോൾ മതപ്രചാര വിഷയത്തിൽ ഈ സഭക്കാർ തീരുമാനം മടിയുള്ളവരല്ലാ എന്നു ബോദ്ധ്യപ്പെടുന്നതാകുന്നു.

നമ്മുടെ വിശുദ്ധ പിതാക്കന്മാരെയും നമ്മുടെ സഭയെയും വളരെ ഉപദ്രവിച്ച പോർട്ടുഗീസുകാരുടെ മതത്തിൽ ഉൾപ്പെട്ടിരുന്ന മാർ യൂലിയൊസു മെത്രാപ്പോലീത്താ അവർകളെ "പ്രതിക്രിയ യഹോവായ്ക്കുള്ളതാകുന്നു"

എന്ന വാകൃത്തിന്റെ നിവൃത്തിക്കായി എന്നു തോന്നുമാറു നമുക്കുവേണ്ടി യുദ്ധത്തിനായി ദൈവം തിരഞ്ഞെടുത്തു വിശുദ്ധ സിംഹാസനത്തിലെ കല്പനപ്രകാരം ഇവിടെനിന്നും സ്ഥാനം കൊടുത്തു പോയ കാരണം കൊണ്ടാണ് നൂതന ഖണ്ഡമായ അമ്മരിക്കായുടെ ഐകൃനാടുകളിൽ കൂടി നമ്മുടെ സഭയുണ്ടാകുവാൻ ഇടയായിട്ടുള്ളത് എന്ന സംഗതി തർക്കമറ്റ താണല്ലൊ.

ഇതിലേക്കു റവറന്ത റെനിവിലാത്തീ അവർകൾക്കു സ്ഥാനം കൊടുക്കുന്നതിനായി കടലിലും കപ്പലിലും സഞ്ചരിച്ചിട്ടില്ലാത്ത തിരുമേനികൾ വളരെ പ്രയാസങ്ങളും കഷ്ടതകളും സഹിച്ചു എഴുന്നെള്ളിയതിനെപ്പറ്റി അടിയങ്ങൾ വളരെ അതിശയിക്കയും തിരുമേനികളെ വളരെ അഭിനന്ദിക്കയും ചെയ്യുന്നു.

അത്രയുമല്ലാ ഇപ്പോൾ മലങ്കര ഇടവകയുടെ ശാഖകളായി ഏർപ്പെടുത്തപ്പെട്ടിരിക്കുന്ന രണ്ട് ഉപസഭകളെയും ഭരിപ്പാൻ വാഴിച്ചിട്ടുള്ള രണ്ടു പിതാക്കന്മാർക്കും ഇവിടെനിന്നും സ്ഥാനം കൊടുപ്പാൻ എത്രയും ദയവായി അനുവദിച്ച നമ്മുടെ മാർഗ്ഗികതലവനായ വിശുദ്ധ പത്രോസിന്റെ സിംഹാസനത്തിൽ വാഴുന്ന വിശുദ്ധ പിതാവായ മാറാൻമാർ ഇഗ്നാത്യോസു പാത്രിയർക്കീസു ബാവാ തിരുമനസ്സിലെയും, തന്റെ അനേക ഭാരമേറിയ ചുമതലകൾ മൂലം കുളമ്പിലേക്കു എഴുന്നെള്ളിയില്ലാ എങ്കിലും തന്റെ സഹോദരന്മാരെ ഇതിലേക്കു പ്രോത്സാഹിപ്പിച്ചു അയച്ച അവരുടെ തിരിച്ചുവരവിൽ സന്തോഷചിത്തനായിരിക്കുന്ന നി. വ. ദി. ശ്രീ. മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്താ തിരുമനസ്സിലെയും നാമങ്ങൾ ഈ സംഗതിയിൽ അടിയങ്ങൾ മുഖ്യമായി ആദരിച്ചുകൊള്ളുന്നു.

ഇതു കൂടാതെയും ഇതിനുമുമ്പു ഒരു മെത്രാപ്പോലീത്തായുടെ കാലത്തും ഇങ്ങനെ മതപ്രചാര വിഷയമായ ഒരു യാത്ര സംഭവിച്ചിട്ടില്ലാത്തതിനാലും തിരുമേനികളുടെ കാലത്തു ഉണ്ടായതിനാലും ഈ സംഗതിയും ഇതെ സംബന്ധിച്ചു തിരുമേനികളുടെ പ്രയത്നവും ഭാവികാലത്തു സുറിയാനി സഭാചരിത്രത്തിന്റെ ഒരു മുഖ്യഭാഗമായിരിക്കുമെന്നു അടിയങ്ങൾ ഉറപ്പായി വിശ്വസിക്കുന്നു.

ഈ യാത്രയിൽ തിരുമേനികളെ സഹായിച്ചിട്ടുള്ള എല്ലാവർക്കും പ്രത്യേകം മാർ അൽവാറീസു യൂലിയൊസു തിരുമനസ്സിലെക്കും അടിയങ്ങൾ വന്ദനം പറഞ്ഞുകൊള്ളുന്നു.

തിരുമേനികളെ സകലവിധ സുഖങ്ങളൊടും കാത്തുകൊണ്ട കാരുണ്യവാനും സർവശക്തനുമാകുന്ന ദൈവം ആയുരാരോഗ്യ സുഖങ്ങൾ തന്നു ഈ സത്യവിശ്വാസത്തെ ഇനിയും മറ്റുള്ള രാജ്യങ്ങളിലും പരത്തുന്നതിനു തിരുമേനികളെയും മാർ അൽവാറീസു യൂലിയൊസു തിരുമനസ്സിലെയും

ഇപ്പോൾ വാഴിക്കപ്പെട്ട മാർ തിമൊത്തിയൊസു തിരുമനസ്സിലെയും മറ്റും ശക്തന്മാരാക്കി തീർക്കണമെന്നുള്ള പ്രാർത്ഥനയോടുകൂടി ഈ മംഗളപത്രത്തെ സമർപ്പിച്ചുകൊള്ളുന്ന അവിടുത്തെ ഭയഭക്തി വിശ്വാസാദികളൊടു കൂടിയ ഇഷ്ടപുത്രന്മാർ.

തിരുവനന്തപുരം 1892 മിഥുനം 2-ന്

## മറുപടി

ദൈവകാരുണ്യത്താൽ മിശിഹായുടെ ദാസന്മാരായ മാർ അത്താനാസ്യോസ് മെത്രാപോലീത്തായിൽ നിന്നും മാർ ഗ്രീഗോറിയോസ് മെത്രാപോലീത്തായിൽ നിന്നും

(മുദ്ര) (മുദ്ര)

യാക്കോബായ സുറിയാനിക്കാരായി തിരുവനന്തപുരത്തു താമസിച്ചു വരുന്ന ഞങ്ങളുടെ വാത്സല്യപുത്രന്മാർക്കു. സർവശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ വസിച്ചിരിക്കുമാറാകട്ടെ.

റെവറണ്ടു റെനിവിലാത്തി പാദ്രി അവർകളെ മെത്രാപ്പോലീത്താ ആയി വാഴിക്കുന്നതിനുവേണ്ടി ഞങ്ങൾ കൊളമ്പിലെക്കു പോകയും ക്ഷേമത്തോടെ തിരിച്ചുവരികയും ചെയ്തതിങ്കൽ നിങ്ങൾക്കുണ്ടായിട്ടുള്ള സന്തോഷത്തെ പ്രദർശിപ്പിക്കുന്നതിനു നിങ്ങളാൽ ഇപ്പോൾ സമർപ്പിക്കപ്പെട്ട ഈ മംഗളപത്രത്തെ സന്തോഷപൂർവ്വം കൈക്കൊള്ളുകയും ഞങ്ങളുടെ ഈ ചുമതലയെ സഫലമാക്കിയ ദൈവതിരുനാമത്തെ സ്തുതിക്കയും ചെയ്യുന്നു.

പ്രിയമുള്ളവരെ ഈ പ്രവൃത്തി ഞങ്ങൾക്കു ചുമതലപ്പെട്ട മഹത്തായ അനേകജോലികൾ ഒന്നെന്നല്ലാതെ വിശേഷവിധമായി ഞങ്ങൾ ഗണിക്കുന്നില്ല.

ഈ ലഘുവായ കാര്യം നിങ്ങളുടെ സ്നേഹകണ്ണുകളിൽ ഘനമുള്ളതായി തോന്നി ദൃഢീകരിച്ചിരിക്കുന്നതിനെ കുറിച്ചു വിചാരിച്ചാൽ നിങ്ങൾ സൽക്രിയകളിൽ പൂർണ്ണമനസ്സുള്ളവരും താല്പര്യമുള്ളവരുമെന്നു ഇതിനാൽ വെളിപ്പെടുകയും നിങ്ങളുടെ ഭക്തിക്കടുത്ത ഈ പ്രവൃത്തിയിൽ ഞങ്ങൾ അത്യന്തം സന്തോഷിക്കയും ചെയ്യുന്നു എന്നല്ലാ. ഇതു മുഖാന്തരം ഇതിലും പ്രയാസമായ കാര്യങ്ങളെ നിർവഹിക്കുന്നതിനു ധൈര്യപൂർവ്വം ഞങ്ങളെ ഉത്സാഹിപ്പിക്കുന്നതിനും സംഗതിയാക്കി തീർന്നിരിക്കുന്നു.

ആകയാൽ പ്രിയമുള്ളവരെ, നമ്മുടെ സമുദായത്തിന്റെ ക്ഷേമാഭിവൃദ്ധിക്കുവേണ്ടി തന്റെ വാർദ്ധക്യത്തിൽ ഇവിടെ എഴുന്നെള്ളി സഭയെ യഥാ

സ്ഥാനപ്പെടുത്തുകയും ഈ മേല്പട്ടസ്ഥാന പ്രതിഷ്ടക്കു ദയവായി അനുവദിക്കുകയും ചെയ്ത നമ്മുടെ വിശുദ്ധപിതാവായ മാറാൻ മാർ ഇഗ്നാത്യോസു പാത്രിയർക്കീസു ബാവാ അവർകളെയും സിലോൻ, ഗോവ, അമ്മറിക്ക മുതലായ പരദേശങ്ങളിലെ ഇതരസഭക്കാരെ നമ്മുടെ സഭാശാഖകളാക്കി തീർക്കുന്നതിനു മുഖ്യമായി പരിശ്രമിച്ചിട്ടുള്ള ഞങ്ങളുടെ ബഹുമാനപ്പെട്ട സഹോദരൻ മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്താ അവർകളെയും ഈ സൽക്രിയയ്ക്കു ഞങ്ങളോടുകൂടി ബുദ്ധിമുട്ടുകയും പ്രയത്നപ്പെടുകയും ചെയ്തിട്ടുള്ള മാർ യൂലിയോസു മെത്രാപ്പോലീത്താ അവർകളേയും നമ്മുടെ സത്യവിശ്വാസമാകുന്ന വിലയേറിയ മാണിക്കത്തെ അന്വേഷിച്ചു പുതിയലോകമാകുന്ന അമ്മറിക്കായിൽ നിന്നു ദൂരയാത്ര ചെയ്തു വരികയും ആ വിശേഷ നൽവരത്തെ പ്രാപിക്കയും ചെയ്ത മാർ തിമൊത്തെയൂസ് മെത്രാപ്പോലീത്താ അവർകളേയും ഈ സന്ദർഭത്തിൽ നാം അഭിനന്ദിക്കേണ്ടിയിരിക്കുന്നു.

ദൈവമായ കർത്താവു നിങ്ങൾ എല്ലാവരേയും അനുഗ്രഹിച്ചു സഭ ഇടപെട്ട സകല കാര്യങ്ങളിലും ഭക്തിവൈരാഗ്യമുള്ളവരും ദൈവമഹത്വത്തെ പ്രകാശിപ്പിക്കുന്നവരും വിദ്യയിൽ നിപുണന്മാരും നിത്യജീവനെ



**1899–ൽ എടുക്കപ്പെട്ട ഫോട്ടോ.** ഇരിക്കുന്നവർ:- മാർ ഈവാന്നിയോസ് മുറിമറ്റം (മലങ്കരയിലെ പ്രഥമ കാതോലിക്കാ), മാർ അത്താനാസ്യോസ് കടവിൽ, മാർ ദീവന്നാസ്യോസ് പുലിക്കോട്ടിൽ, മാർ ഗ്രീഗോറിയോസ് പരുമല. നിൽക്കുന്നവർ:- വട്ടശ്ശേരിൽ ഗീവറുഗീസ് കത്തനാർ (പിന്നീട് മാർ ദീവന്നാസ്യോസ്), കല്ലാശ്ശേരിൽ പുന്നൂസ് റമ്പാൻ (മൂന്നാമത്തെ കാതോലിക്കാ), കൊച്ചുപറമ്പിൽ പൗലൂസ് റമ്പാൻ (മാർ കൂറിലോസ്), കാരുചിറ ഗീവറുഗീസ് റമ്പാൻ (ദ്വിതീയ കാതോലിക്കാ), കോനാട്ട് മാത്തൻ മൽപ്പാൻ.

പിന്തുടരുന്നവരും ആയിതീരുന്നതിനു ഞങ്ങൾ സർവ്വശക്തനായ ദൈവ ത്തോടു പ്രാർത്ഥിക്കുന്നു.

ദൈവമായ കർത്താവിന്റെ കൃപയും അനുഗ്രഹങ്ങളും സദാ നിങ്ങളു ടെമേൽ ഉണ്ടായിരിക്കട്ടെ.

മാർ പൌലൂസ് അത്താനാസ്യൊസു മെത്രാപ്പോലീത്താ (ഒപ്പ്)

മാർ ഗ്രീഗോറിയോസ് മെത്രാപ്പൊലീത്താ (ഒപ്പ്)

തിരുവനന്തപുരം
1892 മിഥുനം 2-നു

1892 ഇടവം 'ഇടവകപത്രിക'യിൽ ഈ മെത്രാൻ വാഴ്ചയെക്കുറിച്ച് ഇങ്ങനെ വിവരിച്ചിരിക്കുന്നു:

"**മെത്രാസ്ഥാനം:** മുൻലക്കങ്ങളിൽ പ്രസ്താവിച്ചിരുന്ന പ്രകാരം അമ്മെ റിക്കായിലെ ഐക്യനാടുകളിൽ നിന്നും സുറിയാനിമതത്തിൽ ചേർന്ന ലത്തീൻകാരുടെ പ്രതിനിധിയായ ഫാദർ വിലാത്തി അവർകളുടെ സ്ഥാനാ ഭിഷേകത്തിനായി മലങ്കരനിന്നും കൊളമ്പിലേക്കു നീങ്ങിയ സുറിയാനി മെത്രാപ്പോലീത്തന്മാർ ഈ മാസം 10-നു കൊളമ്പിൽ എത്തി. ഡാക്ടർ പിന്റോ മുതലായ അനേകം മഹാന്മാർ തീബോട്ടിൽ കയറി കപ്പലിൽ വന്നു എതിരേല്ക്കുകയും ഫാദർ വിലാത്തി അനേകായിരം കാണികളോടുകൂടി കടപ്പുറത്തു വച്ചു എതിരേറ്റും ആഘോഷമായി കൊളമ്പിലെ നൽമരണ മാതാവിന്റെ ഭദ്രാസന പള്ളിയിലേക്കു കൊണ്ടുപോകയും ചെയ്തു. 14 -നു വ്യാഴാഴ്ച സ്വർഗ്ഗാരോഹണ പെരുന്നാൾ ദിവസം വിലാത്തി പാദ്രി അവർകൾക്കു റമ്പാൻ സ്ഥാനവും 17-നു ഞായറാഴ്ച മെത്രാപ്പോലീത്താ സ്ഥാനവും കൊടുക്കപ്പെട്ടു. സ്ഥാനാഭിഷേക ദിവസം പള്ളി വളരെ കേമ മായി അലങ്കരിച്ചിരുന്നു. അയ്യായിരം ജനത്തിൽ കുറയാതെ ഹാജരുണ്ടാ യിരുന്നു. ശേഷം കൊളമ്പിൽ താമസിക്കുന്ന അമ്മേറിക്കാ ഗവർമെണ്ടിന്റെ കൊൻസൽ മലങ്കര മെത്രാപ്പോലീത്തന്മാരെ ഭക്തിപൂർവ്വം ബഹുമാനിക്കു കയും തന്റെ ചിലവിന്മേൽ പ്രദഷ്ട ദിവസം പള്ളി അലങ്കാരവും ബാണ്ടു മുതലായ ഘോഷങ്ങളും നടത്തുകയും ചെയ്തിരിക്കുന്നു. വാഴ്ച സമയം അന്ത്യോഖ്യാ പാത്രിയർക്കീസു ബാവാ തിരുമനസ്സിലെ അനുവാദ കല്പന ഡാക്ടർ പിന്റോ അവർകൾ സ്പഷ്ടമായി പള്ളിയിൽ വായിച്ചു. അന്നു ഉച്ച കഴിഞ്ഞു കൊളമ്പിലെ ലത്തീൻ സുറിയാനി സമുദായം, മെത്രാപ്പോ ലീത്തന്മാർക്കു ഒരു മംഗളപത്രം സമർപ്പിച്ചതിൽ അന്ത്യോഖ്യാ സിംഹാ സനത്തോടു അവർക്കുള്ള സ്വാമിഭക്തിയേയും പാത്രിയർക്കീസുബാവാ തിരുമേനിയോടും എ. പെ. പെ. ബ. മാർ ദിവന്നാസ്യോസു മെത്രാപ്പോ ലീത്താ തിരുമേനിയോടും അവർക്കുള്ള കൃതജ്ഞതയേയും സ്പഷ്ടമായി

അറിയിക്കയും മെത്രാപ്പോലീത്തന്മാർ പ്രത്യേകം പ്രത്യേകം മറുപടി ഉച്ച രിക്കയും ചെയ്തു. പുതിയ മെത്രാപ്പോലീത്താ അവർകളുടെ സ്ഥാനപ്പേർ മാർ തീമോത്തിയോസ് എന്നാകുന്നു. ഐക്യനാടുകളിൽ വിസ്കൊൻസിൽ പട്ടണത്തിലെ വലിയപള്ളി ഭദ്രാസനമായും അമ്മേറിക്ക ഖണ്ഡം തന്റെ ഇടവകയായും തിരിച്ചു വാഴിച്ചിരിക്കുന്നു. ഇദ്ദേഹം താമസിയാതെ അമ്മേ റിക്കായ്ക്കു പുറപ്പെടുന്നതാണ്. സുറിയാനി സഭയുടെ ഒരു ശാഖ പുതിയ ലോകത്തിൽ ഇദ്ദേഹം മുഖാന്തിരം സ്ഥാപിക്കപ്പെടുന്നതു വർദ്ധിച്ചു വരു വാൻ മലങ്കരസഭ പ്രാർത്ഥിക്കുമെന്നു വിശ്വസിക്കുന്നു."

## പുലിക്കോട്ടിൽ തിരുമേനിയുടെ പൗരോഹിത്യ കനകജൂബിലി

അന്നത്തെ മലങ്കര മെത്രാപ്പോലീത്തായായിരുന്ന പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് തിരുമേനിയുടെ പൗരോഹിത്യ കനക ജൂബിലി ആഘോഷം മലങ്കരസഭാമക്കളിൽ ആവേശം പകർന്ന ഒരു സംഭ വമായിരുന്നു. നവീകരണക്കാരുമായുള്ള പോരാട്ടത്തിൽ ധീരമായ വിജയം കൈവരിച്ച സമയമായിരുന്നതിനാൽ ആവേശോജ്ജ്വലമായ പരിപാടികൾ ക്കാണ് രൂപംകൊടുത്തത്. 1902 വൃശ്ചികം 12-നു നടന്ന ഈ ആഘോഷപരി പാടികൾക്ക് മാത്രം ആയിരംപറ അരിയുടെ സദ്യ നടത്തി എന്നു പറയു മ്പോൾ എത്ര വിപുലമായിരുന്നു അന്നത്തെ പരിപാടികൾ എന്ന് ഊഹി ക്കാവുന്നതേയുള്ളൂ. ജൂബിലി ആഘോഷകമ്മറ്റിയുടെ അദ്ധ്യക്ഷനായിരുന്ന് ഈ പരിപാടികൾ വിജയപ്രദമായി നടത്തുവാൻ ചുക്കാൻ പിടിച്ചത് കട വിൽ തിരുമേനിയായിരുന്നു.

## പരുമലതിരുമേനിയുമായുള്ള സ്നേഹബന്ധം

പ. പരുമല തിരുമേനിയും കടവിൽ തിരുമേനിയും തമ്മിൽ സുദൃഢ മായ സ്നേഹബന്ധമാണുണ്ടായിരുന്നത്. പരുമല തിരുമേനിയുടെ ഊർശ്ലേം യാത്രയിൽ *ദ്രവ്യസഹായത്താൽ* കടവിൽ തിരുമേനി സഹായി ച്ചതായി *ഊർശ്ലേം യാത്രാ വിവരണ*ത്തിൽ പരുമല തിരുമേനി പ്രത്യേകം എഴുതിയിട്ടുണ്ട്. ഇവർ തമ്മിലുള്ള സ്നേഹബന്ധം വെളിപ്പെടുത്തുന്ന ഒരു കത്ത് പ. പരുമല തിരുമേനിയുടെ 1897-ലെ കല്പനബുക്കിൽ കാണുന്ന തിപ്രകാരമാണ്:

"തുലാം 2. നമ്പ്ര 11. മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ തിരു മനസ്സിലേക്കു. നമ്മുടെ കുറുംപ്പമ്പടി പള്ളിയിൽ ഉണ്ടായെ സംഗതിയെ ക്കുറിച്ചു മൂപ്പൻ കത്തനാരു മുതൽപേരും കൊച്ചുകോരുള മുതൽ പേരും ഇവിടെ വന്നിരുന്നു. ഒന്നാം ക്ലാസ്സിൽ ഉണ്ടായിരുന്ന അവരുടെ വ്യവഹാര ത്തിൽ കൊച്ചുകൊരുളയ്ക്കു കുറ്റം കൂടാതെ തീർന്നു. പിന്നത്തെതിൽ കൊച്ചുകൊരുളയ്ക്കു കുമ്പസാരിച്ചു കുർബാന കൈക്കൊള്ളണമെന്നുള്ള

അപെക്ഷയും ആഗ്രഹവും അല്പമല്ലന്നും അതിനാൽ ഈവക തർക്കങ്ങൾ ഒക്കയും ഉണ്ടായി എന്നും കാണുന്നു. അതുകൂടാതെ നിങ്ങളും അറിയുന്നപ്രകാരം അല്പമായ പ്രകത വ്യത്യാസം ഉണ്ടന്നും തൊന്നുന്നു. വഴക്കിന്റെ ആരംഭത്തിങ്കൽ കുമ്പസാരിപ്പാനായിട്ടു കൊച്ചുകൊരുള മൂപ്പച്ചന്റെ അടുക്കൽ ചെന്നു മുട്ടുകുത്തിയപ്പൊൾ പള്ളിക്കു ഏതാണ്ടൊ കൊടുപ്പാനുണ്ടന്നും മറ്റുമുള്ള സംഗതികൾ പറഞ്ഞു എങ്കിലും അവസാനം പാത്രിയർക്കീസ് ബാവാ തിരുമനസ്സിലെക്കുള്ള റിശ്ശീസാപണം വയ്ക്കണമെന്നും ആയതു വയ്ക്കാതെ കുമ്പസാരിപ്പിപ്പാൻ പാടുള്ളതല്ലെന്നും പറഞ്ഞപ്പോൾ ആയതും വയ്ക്കാഴിക നിമിത്തം കുമ്പസാരിപ്പിക്കാതെയും മറ്റും വിട്ടയച്ചതാകുന്നു എന്നു ഇരുഭാഗവും പ്രസ്താവിക്ക ഉണ്ടായി. അപ്പൊൾ ഇവരിൽ ഒരു സമാധാനമുണ്ടാകെണ്ടുന്നതിനും ഇനിയും മെൽപ്രകാരമുള്ള തകരാറുകൾ പള്ളിയിലും പട്ടക്കാരുടെ അടുക്കലും ഉണ്ടാകാതിരിക്കെണ്ടുന്നതിനുമായി റിശ്ശീസാപണത്തിന്റെ കാര്യമെങ്കിലും തീർത്തു അവിടുത്തെ പെർക്കു ഒരു എഴുത്തു അയച്ചാൽ കൊച്ചുകൊരുളയ്ക്കു കുർബാന കൈക്കൊള്ളണമെന്നുള്ള അപെക്ഷയുടെതെങ്കിലും തീർന്നുപൊകുമെല്ലൊ എന്നും റിശ്ശീസാപണം ഇവിടെ വൈപ്പിച്ചാൽ മതിയെല്ലൊ എന്നും അവരിവിടെ അറിയിക്കകൊണ്ടത്രെ ഇതെഴുതികൊള്ളുന്നതു. റിശ്ശീസാപണം 72-മാണ്ടു വരെ കൊച്ചുകൊരുളയുടെ കുഡുംബത്തിൽനിന്നു വരുവാനുള്ളതു കണക്കു തീർത്ത മൂപ്പച്ചൻ മുതൽ പെരു പറഞ്ഞ ഇവിടെ വൈപ്പിക്കയും ചെയ്തു. അതിനാൽ ആ സംഗതിയൊടുകൂടെ ശേഷം കാര്യങ്ങളെക്കുറിച്ചും അവർ അവിടുത്തെ അടുക്കൽ വരുമ്പൊൾ അവിടുത്തെ ഹൃദയത്തിൽ ദൈവം തോന്നിപ്പിക്കുന്ന പ്രകാരമുള്ള തീരുമാനത്തൊടുകൂടെ സംഗതിക്കു പരിഹാരം ഉണ്ടാക്കി കൊള്ളുമെന്നു വിശ്വസിക്കുന്നു. എന്നാൽ ഇങ്ങനെ ചെയ്താൽ മെലാൽ വഴക്കും തകരാറും കൂടാതെ നടന്നുപൊകുമെന്നു പ്രത്യേകം മൂപ്പൻ കത്തനാർക്കും മറ്റും ആഗ്രഹമുള്ളതായി അറിയിക്കയാലും കൂടയത്രെ അവനെക്കൊണ്ടു ഇവിടെ പണം വൈപ്പിക്കുകയും ഈ എഴുത്തു എഴുതുകയും ചെയ്തതു. അവിടുത്തെ ഇഷ്ടംപൊലെ എന്നല്ലാതെ യാതൊരു നിർബന്ധവും ഈ കാര്യത്തിൽ നമുക്കു ഇല്ലാത്തതുമാകുന്നു. ശേഷമൊക്കയും നമ്മുടെ മൂപ്പൻ കത്തനാരു മുതൽ പെരു അവിടെ അറിയിച്ചുകൊള്ളുന്നതുമാകുന്നു എന്നു കോട്ടയത്തു പഴയസിമ്മനാരിയിൽ നിന്നും" (ജോയ്സ് തോട്ടയ്ക്കാട് ദേവലോകം കാതോലിക്കേറ്റ് അരമന ലൈബ്രറിയിൽ നിന്നും കണ്ടെടുത്ത കല്പനബുക്കിൽ നിന്നും. ഇപ്പോൾ ഈ ഗ്രന്ഥം ഓർത്തഡോക്സ് സെമിനാരിയിലെ ആർക്കൈവ്സിൽ സൂക്ഷിച്ചിരിക്കുന്നു).

### ആലുവാ സെമിനാരി

അങ്കമാലി ഇടവകയുടെ അമ്പാട്ട് ഗീവറുഗീസ് മാർ കൂറിലോസ് മെത്രാ

പ്പോലീത്താ ആലുവായിൽ ഒരു പള്ളി സ്ഥാപിക്കുന്നതിന് നിശ്ചയിച്ച്, സ്ഥലം വാങ്ങി, സർക്കാർ അനുവാദം വാങ്ങി 1064 കുംഭം 18-നു പള്ളിക്കു കല്ലിട്ടു.

ആലുവാ തൃക്കുന്നത്ത് പള്ളിസ്ഥാപനത്തിന് മാർ കൂറിലോസ് മെത്രാപ്പോലീത്താ തിരുമനസ്സിലേക്കു ഗവർമ്മേണ്ടിൽ നിന്നും കിട്ടിയ ഉത്തരവ് ഇപ്രകാരമായിരുന്നു:

"നമ്പർ 1404-ാമത് ജമാബന്തി

കുന്നത്തുനാട് മണ്ടപത്തുംവാതുക്കൽ കച്ചേരിയിൽ നിന്നും

മലങ്കരെ അങ്കമാലി മുതലായ പള്ളികളുടെ മേലധികാരികൾക്ക് എഴുതിയ നോട്ടീസ്സ്.

പള്ളിവക ആലുവാ കരയിൽ പണ്ടാരവകപാട്ടം പതിഞ്ഞിരിക്കുന്ന തൃക്കുന്നൂർ പുരയിടത്തിൽ ഒരു പള്ളി വയ്പാൻ അനുവാദമുണ്ടാകണമെന്ന് അപേക്ഷിച്ചു വിചാരണ നടത്തി എഴുതി ബോധിപ്പിച്ച് എഴുതി അയച്ചിരുന്നതിനു അതിൻവണ്ണം അനുവദിച്ച് കല്പനപ്രകാരം എഴുതിചെന്ന് ഹാജൂരിൽ നിന്നും ജമാബന്തി 6363-ാമത് നമ്പരിൽ ഇടവമാസം 11-നു എഴുതിയ സാധനം ചെന്നു. 10660-ാം നമ്പരിൽ എഴുതി ഉത്തരവ് വന്നിരിക്കുന്നതാകകൊണ്ട് വിവരം തെര്യപ്പെടുത്തിയിരിക്കുന്നു.

എന്ന്, 1055-ാമാണ്ട് ആനിമാസം 7-ാം തീയതി

ശങ്കരൻ നാരായണൻ (ഒപ്പ്)"

*മാർ ശെമവൂൻ ദീവന്നാസ്യോസിന്റെ നാളാഗമത്തിൽ* ആലുവാ പള്ളി സ്ഥാപനത്തെക്കുറിച്ച് ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: "അങ്കമാലി ഇടവകയുടെ മാർ കൂറിലോസ് മെത്രാപ്പോലീത്താ ആലുവായിൽ ഒരു പള്ളി മുതലായത് സ്ഥാപിക്കണമെന്ന് നിശ്ചയിച്ച് ഒരു പറമ്പ് വാങ്ങുകയും പള്ളിക്ക് അനുവാദത്തിന്നായി എഴുതി ബോധിപ്പിക്കുകയും ചെയ്തിരിക്കുന്നതു കൂടാതെ ആ പറമ്പിൽ തൽക്കാലം ഒരു കുശിനിയും ഒരു കിണറും തീർത്ത് ആ വകക്ക് അങ്കമാലി, അകപ്പറമ്പ്, പിച്ചാനിക്കാട്, കോതമംഗലം, കുറുപ്പംപടി മുതലായ ഇടവകകളിൽനിന്നുള്ള പിടിയരിയും നെല്ലും പിരിച്ചും മേൽപ്പറഞ്ഞ ഇടവകകളിലെ ജനങ്ങളുടെ മനസ്സുപോലെ ഉള്ള ധർമ്മശേഖര പിരിവ് കൊണ്ടും അത്രേ പണി തുടങ്ങിയിരിക്കുന്നത്. മേൽപ്പറഞ്ഞ പള്ളിക്കാർക്ക് മുമ്പേയും ഇപ്പോഴും ആലുവായിൽ പള്ളി മുതലായത് തീരണമെന്ന് ആഗ്രഹം ഉള്ളതിനാൽ അദ്ദേഹത്തിന്റെ താല്പര്യത്താൽ ഉടനെ തീരുമെന്ന് വിചാരിക്കുന്നു."

കടവിൽ തിരുമേനിയുടെ പ്രഥമ ജീവചരിത്രകാരനായ ഫാ. സൈമൺ

പുലിക്കോട്ടിൽ തുടർന്നുള്ള സംഭവങ്ങൾ ഇങ്ങനെ രേഖപ്പെടുത്തുന്നു. *"ഉത്തരവു ലഭിച്ചശേഷം 1055-ൽ തിരുമനസ്സുകൊണ്ട് പള്ളി പണിയ്ക്കുള്ള ഒരുക്കമായി. സ്വന്തഇടവകയായ അങ്കമാലി അകപ്പറമ്പ് പള്ളികളിലെ ജനങ്ങളിൽ നിന്നുള്ള പിടിനെല്ലു, പിടിയരി മുതലായവ പിരിച്ചും സ്വന്തം കൈയിൽ നിന്ന് കുറെ അധികം ദ്രവ്യം എടുത്തും പണികൾ നടത്തി. മദ്ബഹായുടെ വളവു തേപ്പ് മുതലായവയും മുഖവാരത്തിന്റെ ഏതാനും പണികളും ഒഴിച്ചുശേഷമുള്ള പണികൾ പൂർത്തിയാക്കി ഓല കൊണ്ട് കെട്ടിമേഞ്ഞു. 1064-ാമാണ്ടു കുംഭം 18-ാം തീയതി പള്ളിക്കു കല്ലിടുകയും ആദ്യമായി വി. കുർബ്ബാന അനുഷ്ഠിക്കയും ചെയ്തു. സംഗതികളെല്ലാം ഈ വിധത്തിൽ നിറവേറിയതിൽ അദ്ദേഹത്തിനു സന്തോഷമുണ്ടായി എങ്കിലും അവസാനത്തിൽ മനസ്ഥാപത്തിനാണ് സംഗതിയായതു.*

*സ്വന്തം ആളുകളായി ആരുംതന്നെ ഇല്ലാതിരുന്ന അക്കാലത്തു അവിടെ ഒരു പള്ളി പണിയിപ്പാൻ അദ്ദേഹത്തെ പ്രേരിപ്പിച്ച ശക്തി ഏതായിരിക്കും. ധീരനായ അദ്ദേഹം ദൈവത്തിൽ ആശ്രയിച്ചു കണ്ണുനീരോടെ ഈ മഹൽ കൃതൃത്തിനു ഒരുമ്പെടുകയാണുണ്ടായത്. തിരുമേനിയുടെ കാലംവരെ അങ്കമാലി അകപ്പറമ്പുപള്ളികളിലെ പട്ടക്കാരെകൊണ്ട് ആലുവായിലെ പള്ളിയാവശ്യങ്ങൾ നടത്തിച്ചു. പള്ളിക്കു കല്ലിട്ടതിന്റെ ശേഷം മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ ക്ഷണമനുസരിച്ചു കണ്ടനാടു ഭദ്രാസന ഇടവകയിൽപെട്ട ചില പള്ളികളിൽ സഞ്ചരിച്ചുകൊണ്ടിരിക്കയും അങ്ങിനെ പാമ്പാക്കുട വലിയപള്ളിയിൽ എത്തിയപ്പോൾ തിരുമേനിക്കു ദീനമാരംഭിക്കയും ഉടനെതന്നെ അകപ്പറമ്പു വലിയപള്ളിയിലേക്കു പോരികയും ചെയ്തു (ചെറിയപള്ളി റോമൻ കത്തോലിക്കരുടെ കൈവശമാണ്).*

*ആലുവായിൽ ഒരു പള്ളി സ്ഥാപിച്ചു അപൂർണ്ണാവസ്ഥയിൽ ഇടുവാൻ സംഗതിയായതുകൊണ്ട് തിരുമേനിക്കു വലിയ ദുഃഖമുണ്ടായിരുന്നു. മറ്റു യാതൊന്നിനെ കുറിച്ചും തിരുമനസ്സിലേക്കു ഭയമോ വ്യസനമോ ഉണ്ടായിരുന്നില്ല. "ഞാൻ ആലുവായിൽ ഒരു പള്ളി സ്ഥാപിച്ചു. ഇനി അതു ആരു നോക്കും" എന്നിപ്രകാരം അദ്ദേഹം ദീനക്കിടക്കയിൽ വച്ചു സദാ പറഞ്ഞുകൊണ്ടിരുന്നു. "ദൈവത്തിലുള്ള ആരംഭം നല്ല അവസാനത്തെ പ്രാപിക്കും" എന്നുള്ള വി. മാർ അപ്രേമിന്റെ അഭിപ്രായം എത്ര ശരിയായിരിക്കുന്നു.*

*ദീനത്തിനു കുറെ ശമനമുണ്ടായപ്പോൾ തിരുമേനി അങ്കമാലി പള്ളിയിലേക്കു നീങ്ങി. പിന്നീടു തന്റെ കബറടം ഇന്നസ്ഥലത്തു വേണമെന്നു തിരുമേനി നിശ്ചയിച്ച് അവിടെ തറകെട്ടിച്ചു. കുറച്ചുനാൾ കഴിഞ്ഞപ്പോൾ വീണ്ടും ദീനമാരംഭിച്ചു. തന്റെ കബറടം ആലുവായിൽ വേണമെന്നു തിരുമേനിക്കു ആദ്യം ആഗ്രഹമുണ്ടായിരുന്നു എങ്കിലും പിന്നീടു അങ്കമാലിയിൽ തന്നെ മതിയെന്നു തീരുമാനിക്കയാണുണ്ടായത്. രോഗത്തിൽ നിന്ന്*

*തനിക്കു രക്ഷയില്ലെന്നു അദ്ദേഹം നിശ്ചയിച്ചു. അവിടന്ന് അന്ത്യകൂദാശ കൈക്കൊണ്ട് മരണത്തിനായി ഒരുങ്ങി. അവസാനംവരെ തിരുമനസ്സിലേക്കു സുബോധമുണ്ടായിരുന്നു. "കർത്താവിനു സ്തുതി" എന്ന വാക്കുകൾ ഉച്ചരിച്ച് കുരിശു വരച്ച് അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു. 1066 കുംഭം 25–ാം തീയതിയാണു കാലം ചെയ്തത്. ധീരനും സമർത്ഥനുമായ ആ വന്ദ്യ പുരോഹിതന് കാലം ചെയ്യുമ്പോൾ 56 തിരുവയസ്സു മാത്രമേ പ്രായമുണ്ടായിരുന്നുള്ളൂ. തിരുമേനിയുടെ മൃതശരീരം അദ്ദേഹം തന്നെ ഒരുക്കിയിട്ടിരുന്ന സ്ഥലമായ അങ്കമാലി ചെറിയപള്ളിയുടെ വടക്കുവശത്തു ഹൈക്കലായോടു ചേർന്നു തയ്യാറാക്കിയിരുന്ന കബറടത്തിൽ യഥാവിധി സംസ്കരിച്ചു. ....*

*ആലുവാ പള്ളി സ്ഥാപിച്ച അങ്കമാലി ഇടവകയുടെ പരേതനായ ഗീവറുഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ തിരുമനസ്സിലേക്ക് അദ്ദേഹത്തിന്റെ ആഗ്രഹപ്രകാരമുള്ള ഉന്നതി ആ സ്ഥലം പ്രാപിച്ചു കാണ്മാൻ ആയുസ്സ് അനുവദിച്ചില്ല. ഇടവകഭരണത്തിൽ ബദ്ധശ്രദ്ധനായിരുന്ന നമ്മുടെ കഥാനായകന് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ നിര്യാണശേഷം അദ്ദേഹത്തിന്റെ ആഗ്രഹം നിറവേറ്റുവാൻ ഉടനടി സാധിച്ചില്ല. ഉത്തമനായ ഒരു ഭരണകർത്താവിന് ഇടവകഭരണം തന്നെ ഒരു നല്ല ചുമതലയാണല്ലോ. എങ്കിലും ഓലകൊണ്ട് കെട്ടിമേഞ്ഞിരുന്ന ആലുവാ പള്ളിയുടെ മേപ്പുര അദ്ദേഹം താമസംവിനാ ഓടുമേച്ചിൽ കഴിപ്പിച്ചു. പൂർത്തിയാകാതെ കിടന്നിരുന്ന മുഖവാരത്തിന്റെ ശേഷിച്ചിരുന്ന പണികൾ "ത്രീസ്സസ്സ് ശുബഹൊ" സമൂഹം എന്ന പേരിൽ നടത്തപ്പെട്ടിരുന്ന സംഘത്തിന്റെ ഭാരവാഹികൾ ഭംഗിയായി നടത്തി (ഇപ്പോൾ ഈ സംഘം നടക്കുന്നില്ല).*

*തിരുമനസ്സിലെ പിന്നത്തെ ശ്രമം ആലുവായിൽ ഒരു സെമിനാരി സ്ഥാപിക്കുവാനായിരുന്നു. തന്റെ വാർദ്ധക്യം അതിനായി വിനിയോഗിക്കുവാൻ തീർച്ചയാക്കി. അവിടെ ഒരു സെമിനാരി പണിചെയ്ത് കാണ്മാൻ പലർക്കും ആഗ്രഹം ജനിച്ചു. ഇവരിൽ പ്രധാനി പരേതനായ കെ. പി. മാത്യു അവർകൾ ബി. എ. ബി. എൽ. (പറവൂർ) ആയിരുന്നു (മാത്യു, മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ സഹോദരീപുത്രനാണെന്നുള്ള വിവരം പ്രസ്താവയോഗ്യമാണ്).*

*ക്രിസ്താബ്ദം 1903–ന് കൊല്ലം 1078–ാമാണ്ടു മീനമാസം 19–ാം തീയതി സെമിനാരി പണിയെക്കുറിച്ചും അതിനുള്ള മാർഗ്ഗങ്ങളെപ്പറ്റി ആലോചിക്കുന്നതിനുമായി ആലുവായിൽ പള്ളിപ്രതിപുരുഷന്മാരുടെ ഒരു യോഗം കൂടി. പ്രസ്തുത യോഗത്തിൽ പള്ളികളിൽ നിന്നും ജനങ്ങളിൽ നിന്നും വേണ്ട സഹായങ്ങൾ ചെയ്യാമെന്ന് ഐകകണ്ഠ്യേന സമ്മതിച്ച് എഴുതപ്പെട്ട നിശ്ചയത്തിൽ എല്ലാവരും ഒപ്പു വച്ചു.*

*1079 കുംഭമാസം 18–ാം തീയതി തിരുമനസ്സുകൊണ്ട് ആലുവാ തൃക്കുന്നത്തു സെമിനാരിക്ക് അടിസ്ഥാനക്കല്ലിട്ടു. പിരിഞ്ഞ് കിട്ടിയ പണംകൊണ്ട് പണികൾ നടത്തി ഒരു നില വരെ ആക്കുകയും 1081 ധനു 9–ാം തീയതി ഓട് മേച്ചിൽ കഴിക്കയും ചെയ്തു. സിമ്മനാരി പണിക്ക് പ്രധാന ചുമതല വഹിച്ചിരുന്നത് കൊച്ചുപൗലോസ് റമ്പാച്ചൻ എന്ന പേരിനാൽ അറിയപ്പെട്ടിരുന്ന ദേഹമാണ് (ഇപ്പോഴത്തെ അങ്കമാലി – കൊച്ചി ഭദ്രാസന ഇടവകകളുടെ പൗലോസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ). ഇത്രയുമായപ്പോൾ പള്ളിക്കാരുടെ ഉത്സാഹം കുറഞ്ഞു തുടങ്ങി. അത് മാത്രവുമല്ല പ്രധാനമായ ഒന്നുരണ്ടു പ്രതിബന്ധങ്ങളും നേരിട്ടു. ഇതുകൾ നമ്മുടെ കഥാനായകന് പിടിപെട്ട ശീലായ്മയും മിസ്റ്റർ മാത്യുവിന്റെ അകാല ദേഹവിയോഗവും ആയിരുന്നു. ഇങ്ങനെയുള്ളവരുടെ വേർപാട് സമുദായത്തിന് അപരിഹാര്യമായ നഷ്ടമാണെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലൊ. ആലുവായിൽ ഒരു വിദ്യാലയം നടന്നു കാണ്മാൻ വലിയ ആഗ്രഹമുണ്ടെന്നും അതിനുവേണ്ടി കഴിവുള്ള സഹായം ചെയ്യാമെന്നും മറ്റും കാണിച്ച് മാത്യു തിരുമനസ്സിലെ പേർക്കു ഒരു എഴുത്തയച്ചിരുന്നു.*

*ഈ വിദ്വന്മണിയുടെ മഹാമനസ്കതയേയും സമുദായസ്നേഹത്തേയും കുറിച്ചെന്ത് പറയട്ടെ! മാത്യുവിന്റെ എഴുത്ത് അയാളുടെ സ്വാർത്ഥപരിത്യാഗശീലത്തിന്റേയും സ്വസമുദായ സേവനാത്മാവിന്റേയും പ്രത്യക്ഷലക്ഷ്യമാണ്. വടക്കരുടെ ഔന്നൃത്ത്യത്തിൽ അയാൾക്കുണ്ടായിരുന്ന അതിയായ വാഞ്ചയല്ലയോ ആ ലേഖനം വെളിവാക്കുന്നത്! സമുദായത്തെ പൊതുവായും ആലുവാ സെമിനാരിയെ പ്രത്യേകമായും യഥാർത്ഥത്തിൽ സ്നേഹിച്ചിരുന്ന മാത്യുവിന്റെ വേറൊരു കത്തിൽ "ആലുവായിൽ ഒരു സ്കൂൾ ഉണ്ടായി കണ്ടിട്ട് ചത്താൽ ഭാഗ്യമായിരുന്നു" എന്നും എഴുതിയിരുന്നു. സിമ്മനാരിയുടെ ഹേതുഭൂതന്മാരിൽ ഒരു നല്ല പങ്കിനവകാശിയായിരുന്ന മാത്യുവിന്റെ ദേഹവിയോഗം അയാളുടെ കുടുംബത്തിനും, സുറിയാനി സമുദായത്തിനും, പ്രത്യേകാൽ ആലുവാ സിമ്നാരിക്കും തീർത്താൽ തീരാത്ത ഒരു നഷ്ടം തന്നെയാണ്. അദ്ദേഹം ജീവനോടുകൂടെ കുറെ കാലം ഇരുന്നിരുന്നെങ്കിൽ സെമിനാരിയുടെ ഇന്നത്തെ നില എന്തായിരിക്കുമായിരുന്നെന്ന് ഊഹിക്കുകയത്രെ ഉത്തമം. സിമ്മനാരിപ്പണി ആരംഭിക്കുന്നതിനു മുമ്പു 1079 ചിങ്ങം 15–ാം തീയതി മാത്യു ഈ ലോകരംഗത്തിൽ നിന്നും തിരോധാനം ചെയ്തു. അസാധാരണമായ ബുദ്ധിവൈശിഷ്ട്യം, പരോപകാരതല്പരത, സമ്പൽസമൃദ്ധി, ഉൽകൃഷ്ടവിദ്യാസമ്പാദനം എന്നിവയാൽ ശോഭിച്ചിരുന്ന മാത്യുവിന് മരിക്കുമ്പോൾ (28) വയസ്സ് മാത്രമേ പ്രായമുണ്ടായിരുന്നുള്ളു."*

കുളങ്ങരെ പി. മാത്യു ബി. എ. ബി. എൽ. കടവിൽ തിരുമേനിയുടെ പേർക്ക് അയച്ച എഴുത്ത് ഇപ്രകാരമായിരുന്നു:

പറവൂർ,
1901 ജൂൺ 12

നി. വ. ദി. ശ്രീ. കോട്ടയം അങ്കമാലി മുതലായ ഇടവകകളുടെ മാർ പൗലോസ് അത്താനാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ സന്നിധാനത്തിൽ സമയംപോലെ തിരുമനസ്സറിയിക്കുന്നതിന്,

തിരുമേനി; കുറെ മാസങ്ങൾക്ക് മുമ്പെ ആലുവായിൽ ഒരു സ്കൂൾ സ്ഥാപിക്കുന്ന കാര്യത്തെപ്പറ്റി ആദ്യമായി ഞാൻ പറവൂർ പള്ളിയോഗത്തിലേക്ക് അയച്ചിരുന്ന എഴുത്തിനെക്കുറിച്ച് തിരുമനസ്സിൽനിന്ന് സന്തോഷിച്ചു കല്പിച്ചതായും മറ്റും ഞാൻ കേൾക്കയുണ്ടായി. ആ കാര്യത്തെ സംബന്ധിച്ച് ഇതുവരെ ആ യോഗക്കാരൊ മറ്റുള്ളവരോ യാതൊന്നും പ്രവർത്തിച്ചിട്ടില്ല. അതുകൊണ്ടു തിരുമനസ്സിൽ കൂടി നേരിട്ട് ബോധിപ്പിക്കണമെന്ന് വിചാരിച്ചാണു ഇപ്പോൾ എഴുതുന്നത്.

തെക്കരും വടക്കരും തമ്മിലുള്ള ഭിന്നിപ്പും അതിൽ നിന്ന് ഉത്ഭവിച്ചിട്ടുള്ള പരസ്പര ആക്ഷേപവും രഞ്ജിപ്പില്ലായ്മയും വടക്കർ വിദ്യാവിഹീനന്മാരും അപരിഷ്കൃതന്മാരുമാണെന്നുള്ള തെക്കരുടെ പരിഹാസവും വാസ്തവത്തിൽ വടക്കരുടെ ഇടയിൽ ഇംഗ്ലീഷ് വിദ്യാഭ്യാസമില്ലായ്കയും അതിനാൽ അറിവുകുറവും, അതി ദൂരമാകയാലും തെക്കരുടെ ആക്ഷേപത്താലും മറ്റും കോട്ടയത്തെ ദീവന്നാസ്യോസ് സെമിനാരി ഉപയോഗപ്പെടാതെ വരുന്നതും മറ്റുള്ള കാരണങ്ങളാൽ വടക്ക് പ്രത്യേകം ഒരു ഇംഗ്ലീഷ് സ്കൂൾ അത്യാവശ്യമാണ്. ആലുവാ സുഖവാസസ്ഥലവും ഏകദേശം മദ്ധ്യവും തീവണ്ടിയുള്ളതുകൊണ്ടും മറ്റുള്ള സ്ഥലങ്ങളേക്കാൾ വളരെ ഏറ്റവും പ്രധാനവുമാണ്. അതുകൊണ്ട് സ്കൂൾ സ്ഥാപിക്കുന്നതു അവിടെ തന്നെയാണുത്തമം.

ഇക്കാര്യത്തിൽ തിരുമനസ്സിലേക്ക് ഒരു പ്രത്യേക ചുമതലയുണ്ട്. ഒന്നാമതായി പട്ടാഭിഷേകത്താൽ തന്നെ ഇടവകജനങ്ങളുടെ ആത്മീകമായും ലൗകികമായുമുള്ള സകല ശ്രേയസ്സുകളും വർദ്ധിപ്പിക്കേണ്ട ബാദ്ധ്യത വന്നിട്ടുണ്ട്. രണ്ടാമതായി വടക്കുള്ള പ്രധാന പള്ളികൾ തിരുമനസ്സിലെ അധീനത്തിലാണ്. അതുകൊണ്ടും അവരുടെ അഭിവൃദ്ധിക്കായി സദാ ശ്രമിക്കേണ്ട ഭാരം തിരുമനസ്സിലേക്കാണ്. തിരുമനസ്സിൽ നിന്നു ഈ പറവൂർ പള്ളിയിലോ ആലുവായിലോ എഴുന്നെള്ളിയിരുന്നാൽ മാത്രം മതി. ബുദ്ധിമുട്ടുന്നതിനു മറ്റാളുകളുണ്ട്, പാമ്പാക്കുട മല്പാനച്ചൻ, കുന്നിക്കുരുടിയിൽ ചേലാട്ടച്ചൻ, കുറ്റിക്കാട്ട് കൊച്ചുപൗലോസ് റമ്പാച്ചൻ ഇവർ ജനസമ്മതമുള്ളവരും സമർത്ഥന്മാരുമാണ്. അവരെ വരുത്തി പണം പിരിക്കുന്നതിനും മറ്റും ചുമതലപ്പെടുത്തി അയയ്ക്കേണ്ട ആവശ്യം മാത്രമേയുള്ളൂ.

വിശേഷിച്ചും വടക്കുള്ള കുഞ്ഞുങ്ങളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിൽ എന്റെ ജീവകാലം മുഴുവൻ ചിലവിടണമെന്നാണ് മനസ്സാ ഞാൻ നിശ്ചയിച്ചിരിക്കുന്നത്. ആലുവായിൽ സ്കൂൾ സ്ഥാപിക്കുന്നപക്ഷം ഒരു വക്കീലായിരുന്നാൽ എനിക്കുണ്ടാകാവുന്ന ധനം, മാനം മുതലായതുകൾ ഉപേക്ഷിച്ച് ആ സ്കൂളിൽ ആവശ്യപ്പെടുന്ന വേല ചെയ്വാൻ തയ്യാറാണ്. പ്രതിഫലം കൂടാതെ വേണമെങ്കിൽ അതിനും തയ്യാറാണ്. ചുരുങ്ങിയ പ്രതിഫലത്തിനെങ്കിൽ അതിനും തയ്യാറാണ്. ഇക്കാര്യത്തെപ്പറ്റി തിരുമേനി ദീർഘമായി ആലോചിച്ച് അനുകൂല കല്പന ഉണ്ടാകുമെന്ന് ആശിച്ച് കാത്തിരിക്കുന്നു.

എന്ന്, കുളങ്ങരെ പി. മാത്യു (ഒപ്പ്)

1079 മീനം 19-നു സെമിനാരി പണിയെക്കുറിച്ച് ആലോചിക്കുന്നതിനായി ആലുവായിൽ പള്ളിപ്രതിപുരുഷന്മാരുടെ യോഗം വിളിച്ചുകൂട്ടുന്നതിനായി മെത്രാപ്പോലീത്താ പള്ളികൾക്കയച്ച കല്പന ഇപ്രകാരമായിരുന്നു:

**ദൈവകാരുണ്യത്താൽ മലങ്കര അങ്കമാലി, കോട്ടയം ഈ ഇടവകകളുടെ മാർ പൗലോസ് അത്താനാസ്യോസ് മെത്രാപ്പോലീത്താ എഴുത്ത്**

**മുദ്ര**

നമ്മുടെ ..... പള്ളിയിലെ വികാരിയും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

പ്രിയമുള്ളവരേ, മുന്നറിവുള്ളവനായ ദൈവം ഏതു സംഗതിയേയും മുൻകരുതി പ്രവൃത്തിക്കുന്നവനാകുന്നു എന്നുള്ളതിലേക്ക് ക്നാൻ ദേശം നിനക്കും നിന്റെ സന്തതിക്കും തരാമെന്നു ദൈവം അബ്രാഹാമ്മിനോടു വാഗ്ദത്തം ചെയ്തതു ഏതു കാലത്താണെന്നും, അതിനെ അവർക്കു അനുഭവമാക്കി കൊടുത്തതു ആരുടെ കാലത്താണെന്നും, അതിനു എന്തെല്ലാം പ്രയാസങ്ങൾ വേണ്ടിവന്നു എന്നും വേദ തെളിവുകൾ നമുക്കു സാക്ഷിയാണല്ലോ. എന്നാൽ യാക്കോബായ സുറിയാനിക്കാരായ നമുക്കു വടക്കേ ദിക്കിൽ ഒരു പൊതുസ്ഥലവും സിമ്നാരിയും മറ്റും വേണമെന്നു നമ്മുടെ പൂർവ്വീകന്മാരിൽ പലർക്കും ആഗ്രഹം ജനിക്കയും, ആ ആഗ്രഹ നിവൃത്തിക്കു ആലുവാ തക്കതായ ഒരു സ്ഥലമാണെന്നു കണ്ടു, കാലം ചെയ്ത നമ്മുടെ സഹോദരൻ ബ. മാർ കൂറിലോസ് മെത്രാപ്പോലീത്താ അവർകൾ വേല ആരംഭിക്കയും ഒരു പന്തീരാണ്ടുകാലം അദ്ദേഹം അതിനായി വേല ചെയ്യുകയും അദ്ദേഹത്തിന്റെ ദേഹവിയോഗ സമയത്തു നമ്മെ ഭരമേല്പിക്കയും ചെയ്തിട്ടു ഇപ്പോൾ ഒരു പന്തീരാണ്ടു കാലം കൂടി കഴിഞ്ഞിരിക്കുന്നു.

ഒടുവിൽ പറഞ്ഞ ഈ പന്തീരാണ്ടുകാലത്തിനിടയിൽ ദൈവനിയോഗപ്രകാരം ആലുവായെ വടക്കെ ദിക്കിലെ ഒരു സിമ്നാരി ആക്കേണമെന്നു കോതമംഗലത്തു ചെറിയപള്ളിയിൽ കൂടിയ സമൂഹത്തിൽ മദുബഹാ മുമ്പാകെവച്ചു ചിട്ടിയാൽ ഉറപ്പിക്കയും ചെയ്തുവല്ലോ. തന്റെ അളവറ്റ കരുണക്കു സ്തുതി.

പ്രിയരേ, മേൽപ്പറഞ്ഞ ദൈവനിയോഗത്തെ നിറവേറ്റുവാൻ തക്കവണ്ണം നമ്മാൽ കഴിവുള്ളപ്രകാരം ഇതിനു മുമ്പിൽ തന്നെ നാം ഇവിടെ പ്രയത്നിക്കയും, ചിലവു ചെയ്യുകയും, ചെയ്തിട്ടുള്ളതു കൂടാതെ ഇപ്പോൾ നമുക്കുള്ള സകല സ്ഥാവരജംഗമ സ്വത്തുക്കളും ഒരു വിൽപത്രപ്രകാരം ഈ സ്ഥലത്തേക്കു ദാനം ചെയ്തുകൊണ്ട് ഇവിടെ താമസിക്കുന്നു.

ഈ സ്ഥലത്തേക്കു വേണ്ടി പ്രയത്നപ്പെടുകയും ചിലവു ചെയ്യുകയും, ചെയ്തിട്ടുള്ള മറ്റു ഓരോരുത്തരെയും ഈ അവസരത്തിൽ നാം അഭിനന്ദിക്കുന്നു.

ഇനിയും ഇവിടെ നടത്തേണ്ടതായ സംഗതികൾ ഏതെല്ലാംപ്രകാരം വേണമെന്നു പള്ളിക്കാരെ എല്ലാം വിളിച്ചുകൂട്ടി ആലോചിച്ചു തീർച്ചയാക്കുന്നത് എല്ലാവിധത്തിലും നന്നെന്നു നമുക്കു തോന്നുകയാൽ ഈ കല്പന പള്ളിയിൽ രണ്ടോ മൂന്നോ ആഴ്ച പരസ്യപ്പെടുത്തി ഈ വരുന്ന മീന മാസം 19-നു ബുധനാഴ്ച ഇവിടെ കൂടുവാൻ നിശ്ചയിച്ചിരിക്കുന്ന സംഘത്തിൽ അഭിപ്രായം പറവാൻ തക്കവണ്ണം ആ പള്ളിയിൽ നിന്നും പട്ടക്കാരും അത്മേനികളും ഉൾപ്പെട്ട യോഗപ്രതിനിധികളെ പള്ളിച്ചിലവിന്മേൽ ഇവിടെ അയച്ചുകൊൾകയും വേണം.

ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്ന്, ആലുവാ തൃക്കുന്നത്തു പള്ളിയിൽ നിന്നും.

1904-ക്കു കൊല്ലം 1079 കുംഭം 13-ാം തീയതി.

1079 മീനം 19-നു ആലുവായിൽ കൂടിയ യോഗത്തെക്കുറിച്ച് 'ഇടവക പത്രിക' (1904 മേടം) താഴെ കാണുന്നപ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു:

"ആലുവാ തൃക്കുന്നത്ത് സെമിനാരിയോഗം: ഈ യോഗം 1079 മീനം 18-നു ടി സിമ്മനാരി സ്ഥലത്തു കൂടി. നി. വ. ദി. ശ്രീ. മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്താ അവർകളും അങ്കമാലി, കോട്ടയം ഇടവകകളുടെ മാർ അത്താനാസ്യോസു മെത്രാപ്പോലീത്താ അവർകളും വ. ദി. ശ്രീ. യാക്കോബു റമ്പാച്ചൻ അവർകളും വ. ദി. ശ്രീ. കൊച്ചുപൗലോസു റമ്പാച്ചൻ അവർകളും വ. ദി. ശ്രീ. ഗീവറുഗീസു റമ്പാ

ച്ചൻ അവർകളും അങ്കമാലി ഇടവകയിൽ ഉൾപ്പെട്ട പള്ളികളിലെ പ്രതിപുരുഷന്മാരായ പട്ടക്കാരും അത്മേനികളും മറ്റു ചില ഇടവകകളിൽ നിന്നും പല മാന്യന്മാരും ഹാജരുണ്ടായിരുന്നു. വലിയ തിരുമേനിയാണ് അദ്ധ്യക്ഷം വഹിച്ചത്. സെമിനാരിക്കാര്യം സംബന്ധിച്ച് ചില നിശ്ചയങ്ങൾ ചെയ്കയും മി. എം. പി. വർക്കി എഴുതി അയച്ചുതന്ന ഒരു പ്രസംഗം യോഗമുമ്പാകെ വായിക്കുകയും അപ്പോൾ ഹാജരുണ്ടായിരുന്നവർ 800–ൽ ചില്വാനം ഉറുപ്പിക സെമിനാരി വകക്കു കൊടുപ്പാൻ സമ്മതിച്ചു ലിസ്റ്റിൽ ഒപ്പിട്ടു തരികയും ചെയ്തു. മി. വർക്കിയുടെ പ്രസംഗവും മുൻ പറഞ്ഞ ലിസ്റ്റും ഇതു സഹിതം അയക്കുന്നു. ഇനിയും സെമിനാരി വകയ്ക്കു സംഭാവന ചെയ്യുവാൻ സമ്മതിക്കുന്നവരുടെ വിവരം ലിസ്റ്റ് അതതുസമയം അയച്ചുതന്നുകൊള്ളാം. യോഗമുമ്പാകെ നിർവ്വാഹക സംഘക്കാർ വായിച്ച റിപ്പോർട്ട് – തിരട്ടു – വിസ്തരഭയത്താൽ ഇപ്പോൾ അയക്കുന്നില്ല. അടുത്ത പത്രികയിൽ പ്രസിദ്ധപ്പെടുത്താൻ അയച്ചുതന്നുകൊള്ളാം.”

ആലുവാ സെമിനാരി പണിക്കാവശ്യമായ സാമ്പത്തികസഹായം ചെയ്തുകൊടുക്കണമെന്ന് കല്പിച്ചുകൊണ്ട് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് പൊതുവിൽ അയച്ച കല്പന കാണുക (ഇടവക പത്രിക, 1904 മേടം):

**മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ്**
**മെത്രാപ്പോലീത്തായിൽ നിന്നും**

**(മുദ്ര)**

നമ്മുടെ രക്ഷിതാവായ ഏശുമ്ശിഹായാൽ വിളിക്കപ്പെട്ടതും, തന്റെ അപ്പോസ്തോലനായ മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിക്കപ്പെട്ടതുമായ മലങ്കര ഇടവകയിൽ ഉൾപ്പെട്ട എല്ലാ പള്ളികളിലേയും, പട്ടക്കാരും, ശെമ്മാശന്മാരും പ്രമാണികളും, ശേഷം എല്ലാവരും കൂടികണ്ടെന്നാൽ ദൈവത്തിൽ നിന്നു കൃപയും, സമാധാനവും നിങ്ങൾക്കു വർദ്ധിച്ചിരിക്കുമാറാകട്ടെ.

പ്രിയമുള്ളവരേ, ദൈവീകത്തിലും ലൗകീകത്തിലും പ്രകാശവും ജീവനും ആയിട്ടുള്ളതു ജ്ഞാനമാകുന്നു. അതിനോടു ശരിയായി വേറൊന്നുമില്ല. ജ്ഞാനം പത്മരാഗങ്ങളേക്കാൾ വിലയേറീട്ടുള്ളതാകുന്നു എന്നു മഹാജ്ഞാനിയും പറഞ്ഞിരിക്കുന്നു. നമ്മുടെ രക്ഷിതാവായ മ്ശിഹാ തമ്പുരാൻ ഒന്നാമതായി നടത്തിയതും തന്റെ ശിഷ്യന്മാരെ പ്രത്യേകം ഭരമേല്പിച്ചതും പഠിത്വമാകുന്നു. നമ്മുടെ മഹാരാജാവും രാജ്യക്ഷേമത്തിനായി തന്റെ രാജ്യമൊക്കെയിലും പ്രധാനമായി നടത്തിവരുന്നതും പഠിത്വമത്രേ. അങ്ങിനെ തന്നെ അന്യസഭക്കാരായ പ്രൊട്ടസ്റ്റാന്റുകാരും, റോമാക്കാരും അവരുടെ സ്ഥലങ്ങളിലും പഠിത്വം വർദ്ധിപ്പിക്കേണ്ടതിനായി സിമ്മനാരി

കളായിട്ടും, കോൺവെന്റുകളായിട്ടും മറ്റു പള്ളിക്കൂടങ്ങളായിട്ടും നിറച്ചു വരുന്നു. വടക്കേ ഇടവകകളിൽ പഠിത്വമാകുന്ന ഉറവയും ഒഴുക്കും കുറവായിരിക്കുന്ന സ്ഥിതിക്കു നമ്മുടെ സഭയുടെ എതിരാളികളായി പുറമേ കുഞ്ഞാടിന്റെയും അകമേ ചെന്നായുടെയും വേഷം ധരിച്ചുംകൊണ്ടു വരുന്നവരോടു പോരാടുവാനും പഠിത്വമില്ലാതിരുന്നാൽ കഴിവില്ലല്ലോ. സഭയുടെ ആദ്യകാലത്തു ശാസ്ത്ര പരിചയമുള്ളവനും സമർത്ഥനുമായിരുന്ന വി. അപ്പോസ്തോലനായ പൌലോസിനെ കർത്താവു വിളിക്കയും അവനെ തെരഞ്ഞെടുക്കപ്പെട്ട പാത്രമാക്കി വയ്ക്കയും ചെയ്തപ്രകാരം ഇക്കാലത്തും പഠിത്വവും ദൈവഭയവും ഉള്ള പട്ടക്കാരും അത്മേനികളും വടക്കും തെക്കുമുള്ള ഇടവകകളിൽ ഉണ്ടാകേണ്ടതു അത്യാവശ്യമെന്നു നമ്മോടുകൂടെ നിങ്ങളും എറ്റുപറയുമെന്നു വിശ്വസിക്കുന്നു. നമ്മുടെ സഭയെ ഒന്നടങ്കം വിഴുങ്ങുവാൻ വന്ന ചെന്നായ്ക്കളോടുള്ള പോരാട്ടങ്ങളുടെ ഇടയിൽ ഈ അടുത്തകാലത്തു കോട്ടയത്തു പുത്തൻ സിമ്മനാരിയും, നമ്മുടേയും കഴിഞ്ഞുപോയ സഹോദരൻ ബഹുമാനപ്പെട്ട മാർ ഗ്രീഗോറിയോസു മെത്രാപ്പോലീത്താ അവർകളുടെയും ഉത്സാഹത്തിൽ തിരുവല്ലാ ഹൈസ്കൂളും സ്ഥാപിച്ചു പഠിത്വം നടത്തിവരികയും, പരുമലെ ഒരു പൊതുസ്ഥലം ഉണ്ടാക്കുകയും ചെയ്തിരിക്കുന്നു. മേൽപറഞ്ഞ കാരണങ്ങളാൽ നമുക്കു വടക്കേ ഇടവകകളിൽ സഞ്ചരിച്ചു പഠിത്വം നടത്തുന്നതിലേക്കു കഴിഞ്ഞില്ലാ. ആലുവായിൽ ഒരു പൊതുസ്ഥലം ഉണ്ടാക്കണമെന്നു ഒരമ്പതു സംവത്സരക്കാലം മുമ്പെതന്നെ നമുക്കും മറ്റു ചിലർക്കും ആഗ്രഹമുണ്ടായിരുന്നു. വിശ്വാസത്യാജ്യം വടക്കേ ഇടവകകളിൽ ഇല്ലാതിരുന്നതിനാലും, നമ്മുടെ പോരാട്ടം തെക്കേ ഇടവകകളിൽ ആയിരുന്നതിനാലും നമ്മുടെ ആദ്യ ആലോചനയെ നിറവേറ്റുന്നതിനു ഇടവന്നില്ല. എങ്കിലും ആ കുറവിനെ നികത്തുവാൻ എന്നപോലെ കഴിഞ്ഞുപോയ സഹോദരൻ ബ. മാർ കൂറിലോസു മെത്രാപ്പോലീത്താ അവർകളുടെ ഉത്സാഹത്താൽ ടി ഉദ്ദേശ്യത്തോടുകൂടി ആലുവായിൽ ഒരു പള്ളി വയ്പിക്കയും, അതിന്റെ പൂർത്തിക്കു മുമ്പു അദ്ദേഹം കാലം ചെയ്തു പോകയും പിന്നീടു അതിനെ പിന്തുടർന്നു സഹോദരൻ ബ. മാർ അത്താനാസ്യോസു മെത്രാപ്പോലീത്താ അവർകളും പള്ളിയുടെ തീരാനുണ്ടായിരുന്ന ഏതാനും പണികൾ തീർപ്പിക്കയും കഴിഞ്ഞ മീനമാസത്തിൽ ഒരു പൊതുയോഗം വിളിച്ചുകൂട്ടിയതിൽ ആലുവായിൽ ഒരു സിമ്മനാരി സ്ഥാപിച്ചു പഠിത്വം നടത്തേണമെന്നും, അതിന്റെ ചിലവിലേക്കു അങ്കമാലി ഇടവകയിൽ ഉൾപ്പെട്ട പള്ളികളിൽനിന്നും ഒരു കൊല്ലത്തെ വരുമാനം കൊടുക്കേണമെന്നും, നിശ്ചയം ചെയ്തപ്രകാരം ചില പള്ളിക്കാർ കൊടുത്തിട്ടുള്ള സംഖ്യ കൊണ്ടു സെമിനാരിപണി ആരംഭിക്കുകയും ചെയ്തിരിക്കുന്നു.

പ്രിയരേ, മാർ അത്താനാസ്യോസു മെത്രാപ്പോലീത്താ അവർകൾ ഈ സിമ്മനാരിയുടെ പണി പൂർത്തിയായി, അതിൽ പഠിത്വം നടന്നുകണ്ടു സന്തോഷിപ്പാൻ അവിടെത്തന്നെ തന്റെ വൃദ്ധതയുടെ സമയത്തെ ചിലവഴിച്ചു നോക്കിപാർത്തുകൊണ്ടിരിക്കുന്നു എന്നു മാത്രവുമല്ല തന്റെ വകകൾ അതിലേക്കു വിട്ടുകൊടുക്കുകയും ചെയ്തിരിക്കുന്നു.

പ്രിയമുള്ളവരേ, വെള്ളത്തിന്റെ ഗുണംകൊണ്ടും കച്ചവടവർദ്ധനകൊണ്ടും ആലുവാ മുമ്പേ തന്നെ കേൾവിപ്പെട്ടതും ഇപ്പോൾ തീവണ്ടി മുതലായ നവീന ഏർപ്പാടുകളാലും ആലുവായ്ക്കു ഒരു പുതിയ ജീവൻ വീണിട്ടുണ്ടെന്നും, തെക്കും വടക്കുമുള്ള നമ്മുടെ മക്കൾക്കു ഒരാശ്വാസ സ്ഥലമായിരിക്കുമെന്നും വടക്കേ ഇടവകയുടെ ഒരു സെഹിയോൻ ആയിതിക്കാൻ തക്ക യോഗ്യതയുള്ള സ്ഥലമെന്നും നാം കഴിഞ്ഞമാസത്തിൽ അവിടെ എത്തിക്കണ്ടതിൽ എത്രയും വേഗത്തിൽ അതിനെ നിവൃത്തിക്കേണ്ടതാണെന്നും തോന്നുകയാൽ പൊതുവിൽ ഇപ്രകാരമുള്ള ഒരു കല്പന എഴുതുന്നതിനു ഇടവന്നതാണ്.

അതിനാൽ അങ്കമാലി ഇടവകയിൽ ഉൾപ്പെട്ട എല്ലാ പള്ളിക്കാരും ഒരു കൊല്ലത്തെ വരുമാനം കഴിയുംവേഗത്തിൽ കൊടുത്തുതീർക്കയും, ടി ഇടവകയൊഴിച്ചു തെക്കും വടക്കുമുള്ള എല്ലാ പള്ളിക്കാരും ജനങ്ങളും അവരവരാൽ കഴിയുന്ന സഹായങ്ങൾ ചെയ്തുകൊടുക്കയും ചെയ്യണമെന്നു നമ്മുടെ വൃദ്ധതയും ഓർപ്പിച്ചുകൊള്ളുന്നു.

സർവശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരുടെമേലും വർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്നു 1904 മീനം 5-നു
അകപ്പറമ്പു പള്ളിയിൽ നിന്നും (ഒപ്പ്)

## ശിക്ഷ്യന്റെ ഗുരുദക്ഷിണ

1079 കുഭം 18-നു മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ ആലുവാ തൃക്കുന്നത്ത് സെമിനാരിക്ക് ശിലാസ്ഥാപനം നടത്തി. കടവിൽ മാർ അത്താനാസ്യോസ് ആലുവാപള്ളിയെ ഒരു പൊതുസ്ഥാപനമാക്കി വടക്കുള്ള സഭാകേന്ദ്രമാക്കി വളർത്തുക എന്നത് ഒരു വെല്ലുവിളിയായി ഏറ്റെടുത്തു. തന്റെ ജന്മനാടായ പറവൂരിനു സമീപസ്ഥമായ ആലുവായോട് അദ്ദേഹത്തിനു പ്രത്യേക പ്രതിപത്തി ഉണ്ടായിരുന്നിരിക്കാം. തുടർന്നു നടന്ന സംഭവങ്ങൾ പ. വാകത്താനത്തു ബാവായുടെ *സഭാജീവിത നാൾവഴി*യിൽ നിന്നും ഇപ്രകാരം സംഗ്രഹിക്കാം:

*...(കൊല്ലവർഷം) 1077 വൃശ്ചിക മാസം 9-ന് മലയാളം കണക്കിൽ 7-ന് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ തനിക്കുള്ള സമ്പാദ്യ*

*ങ്ങൾ ആലുവാ പള്ളിക്ക് കൊടുത്തിരിക്കുന്നതായി ഒരു ഉടമ്പടി എഴുതി പറവൂർ കൊർട്ടിൽ രജിസ്ട്രറാക്കി. ടി. പള്ളിയുടെ കാര്യാമ്പേഷണത്തി നായി കൊച്ചുപൗലോസു റമ്പാച്ചനേയും ഗീവറുഗീസ് റമ്പാച്ചനേയും പൈനാടത്തു യൗസേപ്പ് ശെമ്മാശ്ശനേയും ഉടമ്പടിയാൽ നിയമിക്കയും ചെയ്തു....*

കടവിൽ മാർ അത്താനാസ്യോസ് തൃക്കുന്നത്തു സെമിനാരിയെ ഒരു ട്രസ്റ്റാക്കി. വാകത്താനത്തു ബാവാ, കൊച്ചു പൗലോസു റമ്പാനെ (പിന്നീട് കുറ്റിക്കാട്ടിൽ മാർ അത്താനാസ്യോസ്) ട്രസ്റ്റിമാരിൽ ഒരാളായി സൂചി പ്പിക്കുന്നുണ്ടെങ്കിലും മാർ അത്താനാസ്യോസിന്റെ വിൽപ്പത്രത്തിൽ അപ്ര കാരം സൂചനയില്ല. ടി. വിൽപ്പത്രത്തിലെ പ്രസക്ത ഭാഗം ഇപ്രകാരമാണ്. *.... ട്രസ്റ്റിന്റെ ഭരണകർത്താക്കന്മാരും സ്ഥലത്തെ ഭാരവാഹികളുമായി ദയ റാക്കാരായ രണ്ട് പേർ വേണമെന്ന് നമുക്ക് ആഗ്രഹം ഉള്ളതിനാൽ അതി ലേയ്ക്ക് വിശ്വസ്ഥന്മാരെന്ന് നമുക്ക് ബോദ്ധ്യപ്പെട്ടിരിക്കുന്ന വാകത്താനത്ത് പള്ളി ഇടവകയിൽ കാരുചിറ പുന്നൂസിന്റെ മകൻ ഗീവറുഗീസ് റമ്പാനേയും ഈ ദയറായിൽ സ്ഥിരവാസം ചെയ്തു കാര്യഭരണം നടത്തിക്കൊള്ളാ മെന്ന് നമ്മുടെ മുൻപാകെ സമ്മതിച്ചിരിക്കുന്ന അകപ്പറമ്പ് പള്ളി ഇടവക യിൽ പൈനാടത്ത് കുര്യതിന്റെ മകൻ യൗസേഫ് ശെമ്മാശനേയും നിയ മിക്കുകയും അധികാരം കൊടുക്കുകയും ചെയ്തിരിക്കുന്നു. ....*

തനിക്ക് വ്യക്തിപരമായി അസാദ്ധ്യമെന്ന് ബോദ്ധ്യമായതിനാലാവാം പിന്നീട് മാർ അത്താനാസ്യോസ് ആലുവാ സെമിനാരിപണി ഒരു പൊതു ക്കാര്യമാക്കിയത്. *"....1079 മീനം 19-ന് ആലുവാ പള്ളിയിൽ അങ്കമാലി മുത ലായ വടക്കേ ഇടവകക്കാരുടെ ഒരു കൂട്ടം ഉണ്ടായി. ഈ കൂട്ടത്തിന് വടക്കെ ഇടവകക്കാരിൽ അധികം പള്ളിക്കാരും കൂടിയിരുന്നു. ആ യോഗക്കാർ ആലുവായിൽ ഒരു സിമ്മനാരി ഉണ്ടാക്കി ഇംഗ്ലീഷും സുറിയാനിയും പഠിപ്പിക്കണമെന്നും പണി വകക്കായി അങ്കമാലി ഇടവക യിലെ എല്ലാ പള്ളികളിൽ നിന്നും ഒരു കൊല്ലത്തെ വരുമാനം കൊടു ക്കണമെന്ന് നിശ്ചയിച്ച് ആയത് നട ത്തിക്കുന്നതിന് ഏതാനും പേരെ കമ്മട്ടിക്കാരായി തിരഞ്ഞെടുക്കു കയും നിർവാഹകസംഘത്തിൽ ഒരം*



പ. ബസേലിയോസ് ഗീവർഗീസ് പ്രഥമൻ വള്ളിക്കാട്ട്

*ഗമായി ഗീവറുഗീസ് റമ്പാനെ നിയമിച്ചു. ടി. കൂട്ടത്തിന് തെക്കു നിന്ന് വട്ടശ്ശേരി മല്പാനച്ചനും, പത്രാധിപരും, ജോൺ വക്കീലും പല പട്ടക്കാരും ഹാജരായി...* എന്നാണ് *സഭാജീവിത നാൾവഴിയിൽ* ഇതിനെപ്പറ്റിയുള്ള പരാമർശനം. അക്കാലത്തെ സമുദായ പ്രമുഖരായ വട്ടശ്ശേരിൽ മല്പാൻ, ഇലഞ്ഞിക്കൽ ജോൺ വക്കീൽ, കണ്ടത്തിൽ വർഗീസ് മാപ്പിള തുടങ്ങിയവരുടെ സാന്നിദ്ധ്യം സൂചിപ്പിക്കുന്നത് ആലുവാ സെമിനാരിയെ സഭ ഒരു പൊതു സ്ഥാപനമായി കണ്ടിരുന്നു എന്നാണ്.

കമ്മറ്റിക്കാരനായ ഗീവറുഗീസ് റമ്പാന് സെമിനാരി പണിക്കാവശ്യമായ പണം സമ്പാദിക്കുക എന്നത് ഭഗീരഥപ്രയത്നമായിരുന്നു. അങ്കമാലി ഇടവകയിലെ പള്ളികളുടെ *സഹകരണം* മിക്കവാറും നിഷേധാത്മകമായിരുന്നു. *സഭാജീവിത നാൾവഴിയിലെ* ഏതാനും ഉദാഹരണങ്ങൾ കൊണ്ടു തന്നെ ഗീവറുഗീസ് റമ്പാന്റെ കഷ്ടപ്പാട് വ്യക്തമാകുന്നുണ്ട്:

*...1079 ഇടവം 16-ന് കഥാനായകൻ...കുന്നക്കുരുടി പള്ളിയിലേക്ക് പോയി. ആ പള്ളിയിലെ ഒരു കൊല്ലത്തെ വരുമാനം ആലുവാ സിമ്മനാരിക്ക് കൊടുത്തുകൊള്ളാമെന്ന് സമ്മതിച്ച് കണക്കു തിട്ടപ്പെടുത്തി സംഖ്യ കുറിച്ചു തന്നു. അവിടുത്തെ ഒരു കൊല്ലത്തെ വരുമാനം 916 രൂപയാണ്... മിഥുനം 21-ന് കഥാനായകൻ കോതമംഗലത്തു ചെറിയപള്ളിയിൽ നിന്നും പോത്താനിക്കാട് പള്ളിയിലേക്ക് കാൽനടയായി പോയി. വഴിയുടെ ദുർഘടം കൊണ്ടും മഴയുടെയും വെള്ളപ്പൊക്കത്തിന്റേയും ഉപദ്രവം കൊണ്ടും എത്രത്തോളം കഷ്ടപ്പാടുണ്ടായി എന്ന് പറവതില്ല. സന്ധ്യയ്ക്കു മുമ്പായി അവിടെ എത്തി. കയ്യിൽ ഉണ്ടായിരുന്ന കിടക്ക മുതലായവകൾ എല്ലാം നനഞ്ഞു മിശ്രമായി. ഏകദേശം 10 നാഴികയിൽ അധികം വഴിദൂരം ഉണ്ടായിരുന്നു. ... 23-ന് കൈസ്താനികൾ മുതലായവർ കൂടി കണക്ക് കേൾക്കുകയും മേൽ കുഴപ്പം ഉണ്ടാകാതിരിപ്പാൻ ചട്ടം കെട്ടി ഡയറി എഴുതിക്കയും ചെയ്തു.*

ഉയർന്ന സാമ്പത്തിക സ്ഥിതിയുള്ള ഇടവകകളുടെ സഹകരണത്തിന്റെ ഉദാഹരണമായി കോതമംഗലം ചെറിയപള്ളിയിലെ അനുഭവം പരിഗണിക്കാം:

*"... (കൊല്ലവർഷം)1078 കന്നി മാസം 21 ന് ഞായറാഴ്ചയും തലെദിവസം പെരുന്നാളിന്നും കഥാനായകൻ ശു: കുർബ്ബാന ചൊല്ലി. 22 ന് ആലുവാ സിമ്മനാരി പിരിവിനെ കുറിച്ച് യോഗക്കാർ കൂടി ആലോചിച്ചതിൽ തല്ക്കാലം പള്ളിയിൽ പണമില്ലാത്തതിനാൽ പിന്നീട് കൊടുത്തുകൊള്ളാമെന്ന് ഒഴിവു പറഞ്ഞതിനാൽ 24 ന് അവിടെ നിന്നും ഗീവറുഗീസ് റമ്പാൻ ചെലാട്ട് പള്ളിയിലേക്ക് പോയി..."*

പിരിവു പുരോഗമിക്കുമ്പോൾത്തന്നെ സെമിനാരിപണി ആരംഭിച്ചു.

*...1904 കുംഭം 17-ന് മാർ അത്തനാസ്യോസ് മെത്രാപ്പോലീത്താ, വട്ടശ്ശേരിൽ ഗീവറുഗീസു റമ്പാൻ, കുറ്റിക്കാട്ട് കൊച്ചു പൗലോസു റമ്പാൻ, നമ്മുടെ കഥാനായകൻ എന്നിവരോടൊരുമിച്ച് പ്രാർത്ഥന കഴിച്ചുകൊണ്ട് ആലുവ സിമ്മനാരിക്ക് അടിസ്ഥാന കല്ല് സ്ഥാപിച്ചു. 22-ന് ആലുവാ സിമ്മനാരി നിർവാഹക സംഘം കൂടി മീനം 18-ന് പൊതുയോഗം കൂടണമെന്ന് നിശ്ചയിച്ച് ടി. സംഘം പിരിഞ്ഞു...* എന്നാണ് ഈ സംഭവത്തെപ്പറ്റി *സഭാജീവിത നാൾവഴിയി*ലെ പരാമർശനം. ഇതനുസരിച്ച് .... *മീനം 17-ന് ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തൃശൂർ നിന്നും ആലുവായിലേക്ക് നീങ്ങി. 18-ന് മുൻ നിശ്ചയമനുസരിച്ച് ആലുവായിൽ ഒരു പൊതുയോഗം കൂടി. വല്ല്യ തിരുമേനി യോഗത്തിൽ അഗ്രാസനം വഹിച്ചു. യോഗത്തിൽ സിമ്മനാരി പണിയെ സംബന്ധിച്ച ചില നിശ്ചയങ്ങൾ പാസാക്കുകയും സിമ്മനാരി വക റിപ്പോർട്ടും മൂക്കഞ്ചേരിൽ മിസ്റ്റർ എം. പി. വർക്കി എഴുതി അയച്ചിരുന്ന ഒരു പ്രസംഗവും വായിച്ചു. അന്നു തന്നെ യോഗം പിരിയുകയും ചെയ്തു...*

പള്ളികളുടെ സഹകരണം പരിമിതമായതിനാൽ സെമിനാരി പണി ഇഴഞ്ഞാണ് നീങ്ങിയത്. പലപ്പോഴും മാർ അത്താനാസ്യോസിന്റെ സ്വകാര്യ സമ്പാദ്യം കൂടി ഉപയോഗിച്ചാണ് പണി മുമ്പോട്ടുനീക്കിയത്. 1080 ചിങ്ങം 10-നു ഗീവറുഗീസ് റമ്പാൻ എഴുതിയ കത്തിലെ ....*ഇവിടെ കെട്ടിടത്തിന്റെ പണി ധൃതിയായി നടക്കുന്നു. കട്ടിളയും ജെനെലയും എല്ലാം വച്ചു. വടക്കേ അറ്റത്തെ മുറികളുടെ പൊക്കം മുഴുവനായി. ഈ മാസം കൊണ്ടു കൽപ്പണി മുഴുവൻ കഴിക്കാം....തിരുമനസ്സിലെ കയ്യിൽ പണം അശേഷവും തീർന്നിരിക്കകൊണ്ട് ചുമ്മാരിനോടു കർക്കടകം 30-നു വരെയുള്ള പാട്ടം വാങ്ങിച്ച് മണിയോഡറായി അയക്കയോ ഇവിടെ കൊണ്ടുവന്നു തരികയോ ചെയ്യുന്നതിനു ശട്ടം കെട്ടണം. ഈ കാര്യത്തിൽ ഒട്ടും അമാന്തം വിചാരിക്കരുത്. അത് ഇവിടെ കിട്ടാഞ്ഞാൽ എല്ലാം കുഴങ്ങും.* .... എന്ന പരാമർശനത്തിൽ നിന്നും വ്യക്തമാണ്.

പണം മാത്രമല്ല സെമിനാരി പണിക്കാവശ്യമായ സാമഗ്രികൾ സമ്പാദിക്കുന്നതിലും ഗീവർഗീസ് റമ്പാന് കഠിനയത്നം വേണ്ടി വന്നുവെന്ന് *സഭാജീവിത നാൾവഴി* സാക്ഷിക്കുന്നു: *...1905 മകര മാസം 24-ന് കഥാനായകൻ കൊച്ചി രാജരാജശ്രീ ഒല്ലീബായി കാതൃബായി കബനി ആദം ജി അക്കിം ജി സേട്ട് അവർകളെ കണ്ട് ആലുവാ സിമ്മന്നാരി കെട്ടിടത്തിന്റെ പണിവകക്ക് തടി കിട്ടേണ്ടതിന് ആലോചിപ്പാനായി പോയി. അയാൾ കൊല്ലത്ത് ആയിരുന്നതിനാൽ കാണുന്നതിന് ഇടയാകാതെ പിറ്റെ ദിവസം ആലുവായ്ക്ക് തിരിച്ചു പോന്നു...മീനം 24 ന് വരാപ്പുഴ ഡിപ്പോവിൽ തടിലേലം ഉണ്ടായിരുന്നതിനാൽ ആലുവാ സിമ്മന്നാരി കെട്ടിടത്തിന്റെ പണിക്ക് വേണ്ടി കുറെ തടി ലേലം പിടിക്കുന്നതിനായി കഥാനായകനും കാവാലഞ്ചേരി മാത്തുവും*

*കൂടി വാരാപ്പുഴയ്ക്ക് പോവുകയും 25, 26 തീയതികളിൽ 20 കണ്ടി ഇരുമുള്ള് തടി ലേലം പിടിച്ച് 26 ന് ആലുവായ്ക്ക് തിരിച്ചു പോരികയും ചെയ്തു...കർക്കടകം 28-ന് ...ആലുവാ സിമ്മനാരി കെട്ടിടത്തിന് ഇറക്കുവാൻ ഓട് കടമായി കിട്ടുവാൻ മാർഗ്ഗമുണ്ടോ എന്നറിവാനും ആയി കൊച്ചീക്ക് പോയി. കമ്പനിക്കാരെ കണ്ട് ഏനമില്ലാന്നറിഞ്ഞ് പിറ്റെ ദിവസം തിരിച്ചു പോരികയും ചെയ്തു...*

മാർ അത്താനാസ്യോസിന്റെ ആരോഗ്യസ്ഥിതി മോശമായതും പള്ളികളുടെ നിസ്സഹകരണവും ആലുവാ സെമിനാരി പണി സന്നിഗ്ദാവസ്ഥയിലാക്കി. തുടർന്ന് *....1905 കന്നി മാസം 4-ന് ആലുവാ സിമ്മനാരി നിർവാഹക സംഘം കൂടി 7 പേർ ഹാജരുണ്ടായിരുന്നു. സിമ്മന്നാരി രണ്ട് നില എന്നുള്ളതു സാധിക്കാൻ പ്രയാസമെന്ന് കാണുകയാൽ ഒറ്റ നിലയിൽ പണി നിവർത്തിക്കണമെന്ന് നിശ്ചയിച്ച് ഉറപ്പിച്ചു.* തുടർന്ന് അതേ വർഷം ധനു മാസം *9-ന് ആലുവാ സെമിനാരി കെട്ടിടത്തിന്റെ ഓട് മുഴുവൻ തിരൂർ നിന്നും വരുത്തിയിരുന്നതിനാൽ ആയത് മേച്ചിൽ കഴിച്ച് ടി. ആശാരിമാരെയും മേസ്തിരിമാരെയും കണക്കും തീർത്ത് പിരിച്ചുവിട്ടു...*

ഭാഗികമായാണെങ്കിലും പണി പൂർത്തിയായതിനെത്തുടർന്നു ആലുവാ സെമിനാരിയുടെ കണക്കു പാസാക്കി. 1906 വൃശ്ചികം (1082) 'ഇടവകപത്രിക'യിൽ തൃക്കുന്നത്ത് സെമിനാരി പണിയുടെ കണക്ക് കേൾക്കാനായി മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ ആലുവായിൽ എത്തിയിരിക്കുന്ന കാര്യം രേഖപ്പെടുത്തിയിരിക്കുന്നു: "അങ്കമാലി മുതലായ പള്ളിക്കാരുടെ ഒരു പൊതുയോഗത്തെ ആലുവാ തൃക്കുന്നത്തു വിളിച്ചുകൂട്ടി ടി സിമ്മനാരി സംബന്ധമായി ഇതേവരെയുള്ള കണക്കു കേൾക്കുന്നതിനും മേൽനടപടികളെ കുറിച്ചു ആലോചന നടത്തുന്നതിനും മറ്റുമായി വലിയ തിരുമേനി ഈ മാസം 27-നു ബുധനാഴ്ച ആലുവാ തൃക്കുന്നത്തു സെമിനാരിയിൽ എഴുന്നള്ളി താമസിച്ചുവരുന്നതായി അറിയുന്നു."

*"...1082-നു 1906 ധനു മാസം 4-നു മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ ഒരു കല്പന കഥാനായകനു വന്നതിൽ താനും കൂടി ആലുവാ സിമ്മനാരി കണക്കു കേൾവിക്കായി എത്തണമെന്ന് ആജ്ഞാപിച്ചിരിക്കുന്നതിനാൽ പിറ്റെദിവസം കഥാനായകൻ പുറപ്പെട്ട് 6-നു എറണാകുളത്ത് എത്തി. ...14-നു അങ്കമാലി മഹായിടവകക്കാരുടെ ഒരു യോഗം ആലുവായിൽ കൂടിയതിൽ 20 ൽ അധികം പള്ളിക്കാർ എത്തിയിരുന്നു. ചാക്കോ മജിസ്ട്രേട്ട് മുതലായ മാന്യന്മാരും ഉണ്ടായിരുന്നു. വലിയ തിരുമേനി അഗ്രാസനസ്ഥൻ ആയിരുന്നു. കണക്കും റിപ്പോർട്ടും പൗലോസു റമ്പാൻ വായിച്ചു യോഗം സമ്മതിക്കയും ചെയ്ത ശേഷം മേൽനടപടിക്ക് ചില നിശ്ചയങ്ങൾ ചെയ്യുകയും മകരത്തിൽ സിമ്മന്നാരിയിൽ സുറിയാനി, ഇംഗ്ലീഷ് മുതലായ പഠിത്തങ്ങൾ ആരംഭിക്കണമെന്ന് പാസാക്കുകയും*

*ചെയ്തു... (സഭാജീവിത നാൾവഴിയിൽ നിന്നും).*

1906 ധനുവിലെ 'ഇടവകപത്രിക'യിൽ ആലുവാ തൃക്കുന്നത്ത് സെമിനാരിയിൽ ഇംഗ്ലീഷ് പഠനം ആരംഭിക്കുന്നതിനെക്കുറിച്ച് വന്ന വാർത്ത കാണുക: "ഈ മാസം ആലുവാ തൃക്കുന്നത്തു സിമ്മനാരിയിൽ നി. വ. ദി. ശ്രീ. മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്താ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുയോഗത്തിൽ വെച്ചു ടി സെമിനാരിയിൽ സുറിയാനിയും, ഇംഗ്ലീഷും പഠിപ്പിക്കണമെന്നു നിശ്ചയിച്ചിരിക്കുന്നതിനാൽ അടുത്ത മകരം 1–ാം തീയതി പഠിത്തം ആരംഭിക്കുന്നതാണ്. അതിലേക്കു ചുമതലപ്പെട്ടു നടത്തുന്നതിന് മല്പാനെയും മറ്റും നിയമിച്ചിരിക്കുന്നതിനാൽ സെമിനാരിയിൽ ചേർന്നു പഠിക്കണമെന്നു വിചാരിക്കുന്ന ശെമ്മാശന്മാർക്കും കുട്ടികൾക്കും പഠിക്കാവുന്നതാണ്. എന്നു കല്പനപ്രകാരം കൊച്ചുപൗലോസു റമ്പാൻ."

അത്താനാസ്യോസു മെത്രാപ്പോലീത്തായുടെ സുഖക്കേടും ആലുവാ തൃക്കുന്നത്തു വിദ്യാലയ പണിയും സംബന്ധിച്ച് 'ഇടവകപത്രിക' ഒരു കത്ത് 1905 മീനത്തിൽ പ്രസിദ്ധീകരിച്ചു. വാകത്താനം ഗീവർഗീസ് റമ്പാനോ, മെത്രാപ്പോലീത്തായുടെ സെക്രട്ടറിയായിരുന്ന ഡീക്കൻ സൈമൺ പുലിക്കോട്ടിലോ (പ്രഥമ ജീവചരിത്രകാരൻ), ആലുവാ സെമിനാരിയുമായി അടുപ്പമുള്ള മറ്റാരെങ്കിലുമോ എഴുതിയതാകാം ഈ കത്തെന്ന് വിചാരിക്കുന്നു:

ആലുവാ, 1905 മീനം 7–നു

## നി. വ. ദി. ശ്രീ. മാർ അത്താനാസ്യോസു മെത്രാപ്പോലീത്താ തിരുമനസ്സിലെ സുഖക്കേടും ആലുവാ തൃക്കുന്നത്തു വിദ്യാലയ പണിയും

നി. വ. ദി. ശ്രീ. മലങ്കരെ, കോട്ടയം, അങ്കമാലി ഇടവകകളുടെ മാർ അത്താനാസ്യോസു മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു സുഖക്കേടിൽ ഇരിക്കുന്ന വിവരം പ്രസിദ്ധമാണല്ലോ. തിരുമനസ്സിലെ സുഖക്കേടു ഏതു സ്ഥിതിയിൽ ഇരിക്കുന്നു എന്നറിവാൻ പലരും ആഗ്രഹിച്ചിരിക്കകൊണ്ടു അതിന്റെ ഒരു വിവരണവും മറ്റും പത്രികയിൽ പരസ്യം ചെയ്താൽ അധികംപേർക്കും അറിവാൻ ഇടയുള്ളതാകകൊണ്ടു ഈ ലേഖനത്തെ പത്രികയിൽ ചേർക്കുമെന്നു വിശ്വസിക്കുന്നു.

തിരുമനസ്സിലേക്കു സുഖക്കേടു ആരംഭിച്ചിട്ടു കുറെ അധികനാളായെങ്കിലും കഴിഞ്ഞ ചിങ്ങമാസം മുതലാണു ആയ്തു വർദ്ധിച്ചത്. ടി മാസത്തിൽ ഒരു ഞായറാഴ്ച കുർബ്ബാന കഴിഞ്ഞു പള്ളിയിൽ വന്നവരോടു പതിവുപോലെ വർത്തമാനങ്ങൾ ചോദിച്ചറികയും മറ്റും ചെയ്തശേഷം

മുറിയ്ക്കകത്തു കടന്നു കതകടച്ചു കിടക്കയും, ഉച്ചഭക്ഷണം തയ്യാറാക്കി കൊണ്ടുചെന്നു മുട്ടിവിളിച്ചാറെ നിശ്ശബ്ദമായിരിക്കയും നാലു മണിവരെ കാത്തിരുന്നിട്ടും കതകു തുറക്കാതിരുന്നതിനാൽ ഉപായത്തിൽ അകത്തു കടന്നുചെന്നപ്പോൾ ബോധക്കേടുള്ളപ്രകാരം തോന്നി. ആ സമയം തിരുമനസ്സിലെ കൂടെയുണ്ടായിരുന്നവർ തന്നെയും എല്ലാവരും സ്ഥലത്തില്ലായിരുന്നു. ഉണ്ടായിരുന്നവർ വ്യസിനിച്ചു അടുത്ത ഇടവകക്കാരെ അറിയിക്കയും മറ്റും ചെയ്തു. അവർ വന്നുചേരുന്നതിനു മുമ്പായിതന്നെ രാത്രി ഏകദേശം 8 മണിയായപ്പോൾ ബോധക്കേടു നീങ്ങി എഴുന്നേറ്റിരുന്നു ഭക്ഷണം കഴിച്ചു പൂർവ്വസ്ഥിതിയിലായി. പിറ്റേദിവസം രാത്രിയിലും ഒരു മണിക്കൂർ നേരത്തേക്കു മേൽപ്പറഞ്ഞ സുഖക്കേടുണ്ടായതിന്റെ ശേഷം ഒരു മാസത്തേക്കു വലിയ സുഖക്കേടൊന്നുമില്ലാതിരുന്നിരുന്നു. അനന്തരം സുഖക്കേടിന്റെ പ്രകൃതം ഒന്നു മാറിവീണു. എങ്ങിനെയെന്നാൽ, ദേഹം വളരെ ക്ഷീണിച്ചും നടക്കുന്നതിനു അന്യസഹായം വേണ്ടിയും ഇരിക്കുന്ന തിരുമേനി തന്റെ ക്ഷീണത്തേയോ ബലഹീനതയേയോ ഓർക്കാതെ നിന്ന നിലയിൽ തന്നെ, എട്ടോ, പത്തോ മണിക്കൂർ നേരം പ്രാർത്ഥിക്കയോ, ധ്യാനിക്കയോ ചെയ്യും. അതുപോലെ തന്നെ കുമ്പിടീൽ തുടങ്ങിയാലും അധികസമയം കഴിക്കും. ഇങ്ങിനെ ദീർഘനേരത്തെ പ്രാർത്ഥനയോ, ധ്യാനമോ, കുമ്പിടീലോ കഴിച്ചുകൊണ്ടിരിക്കുമ്പോൾ അത് അവസാനിപ്പിക്കുന്നതിനു മുമ്പായി, ഇരിക്കുന്നതിനോ, ഭക്ഷണം കഴിക്കുന്നതിനോ മറ്റുള്ളവർ അപേക്ഷിച്ചാൽ അതിൽ അനിഷ്ടം തോന്നുക പതിവാണ്. ഇതിനെക്കുറിച്ചു ആലോചിക്കുന്നതായിരുന്നാൽ "മിശിഹാതമ്പുരാൻ ദൈവത്തിന്റെ വലത്തുഭാഗത്തു ഇരിക്കുന്ന സ്ഥലമായ മേലുള്ള കാര്യങ്ങളെ വിചാരിപ്പിൻ ഭൂമിയിലുള്ളതല്ല" എന്നു വിശുദ്ധ പൗലൂസ് കോലൊസ്സി 3:1–ൽ പറയുംപ്രകാരമുള്ള കാര്യങ്ങളിലേക്കു തന്റെ ശരണമെല്ലാം ആകർഷിച്ചിരിക്കുന്നു എന്നുവേണം വിചാരിപ്പാൻ. എല്ലാ സമയവും പ്രാർത്ഥനയും ധ്യാനവുമായി കഴിച്ചുകൂട്ടുന്നതുകൂടാതെ മേലുള്ള സൈന്യങ്ങളോടുകൂടെയുള്ള സംസർഗ്ഗ വിചാര ...... പ്രകാരമുള്ള തിരുമേനിയുടെ സ്ഥിതിയെക്കുറിച്ചു സുബുദ്ധിയില്ലെന്നു പറയുന്നവരും ഇല്ലെന്നില്ല. ഭക്തരെക്കുറിച്ചും ഭക്തിയുള്ള പ്രവൃത്തികളെക്കുറിച്ചും ലോകം അങ്ങിനെ അഭിപ്രായപ്പെടുക പതിവുമാണെല്ലോ. എന്നാൽ തിരുമനസ്സിലെ എപ്പോഴുമുള്ള പ്രാർത്ഥനകളാലും മറ്റും അവിടുത്തെ ശ്രദ്ധയെല്ലാം മേലുള്ള കാര്യങ്ങളിലും ശുദ്ധിമാന്മാരോടും മാലാഖമാരോടും കൂടെയുള്ള സംസർഗ്ഗ മാധുര്യങ്ങളിലും ആകർഷിച്ചിരിക്കയാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ജീവിക്കുന്നതിനു മാത്രം ഭക്ഷണം, കുളി മുതലായ്തുമുണ്ടു. ഈ വിവരം പ്രസ്താവിക്കുന്നതിനോടുകൂടെ ഈ സ്ഥലത്തെക്കുറിച്ചും ഇവിടത്തെ സ്ഥിതിയെക്കുറിച്ചും അല്പം പ്രസ്താവിക്കുന്നതു അനുചിതമായിരിക്കയില്ലെന്നു വിശ്വസിക്കുന്നു. അതു പ്രത്യേകം തിരുമനസ്സിലെ ഇടവകകളി

ലുള്ള പള്ളിക്കാരുടേയും, പൊതുവിൽ എല്ലാവരുടേയും ശ്രദ്ധയ്ക്കു ഇട യാകണമെന്നു ആഗ്രഹിക്കുന്നു.

ഈ ആലുവായിൽ ഒരു പൊതുസ്ഥലം ഉണ്ടാക്കേണമെന്നു അനേകം പേരും ആശിച്ചിരുന്നതും ആ ആഗ്രഹനിവൃത്തിയ്ക്കായിട്ടു നി. വ. ദി. ശ്രീ. അങ്കമാലി ഇടവകയുടെ കഴിഞ്ഞുപോയ മാർ കൂറിലോസു മെത്രാപ്പോലീത്താ അവർകൾ വേല ആരംഭിക്കുകയും അതിനെ തുടർന്നു ഈ തിരുമേനിയും മറ്റും പ്രയത്നിക്കുകയും ചെയ്തതു കൂടാതെ 78 മീനം 19-നു ഇവിടെ ഒരു പൊതുയോഗം കൂടി. ആ യോഗത്തിൽ ഈ സ്ഥലത്തു ഒരു വിദ്യാലയം പണിയിച്ചു പഠിത്വം ആരംഭിക്കേണമെന്നും അതിലേക്കു അങ്കമാലി ഇടവകയിലുൾപ്പെട്ട എല്ലാ പള്ളിക്കാരും ഒരു കൊല്ലത്തെ വരുമാനം 4 കൊല്ലം കൊണ്ടു കൊടുക്കേണമെന്നും തീരുമാനിച്ചു സമ്മതിച്ചപ്രകാരം പള്ളിക്കാർ കൊടുത്ത സംഖ്യകൊണ്ടു കെട്ടിടത്തിന്റെ പണി പകുതി വരെ ആയിട്ടുള്ള വിവരം എല്ലാവർക്കും അറിവുണ്ടല്ലോ. തിരുമേനിയുടെ സുഖക്കേടു ആരംഭിച്ചതിനോടുകൂടി പള്ളിക്കാരുടെ ഉത്സാഹം അല്പം കുറഞ്ഞിരിക്കുന്നതായി വിചാരിക്കേണ്ടിയിരിക്കുന്നു. കാരണം മേൽപ്രകാരം നിശ്ചയം ചെയ്തിട്ട് ഇപ്പോൾ രണ്ടു കൊല്ലമായിരിക്കുന്ന സ്ഥിതിക്കു പള്ളികളിൽനിന്നും പകുതി സംഖ്യ തീർത്തുകിട്ടേണ്ടതാണല്ലോ. അതിൽ കാൽ ഭാഗം പോലും തരാത്ത പള്ളിക്കാരുണ്ടെങ്കിൽ അതു വലിയ കഷ്ടമായിപ്പോയെന്നു പറയാതെ നിവൃത്തിയില്ല. പരമാർത്ഥം പറയുന്നതായാൽ പള്ളിക്കാർ പരിഭവിക്കുമായിരിക്കും. ഈ നല്ല ഉദ്ദേശ്യത്തിനായി പണം ചോദിക്കുമ്പോൾ കാണിക്കുന്ന വൈമനസ്യം എന്തു മാത്രം? ഒരു കാശുപോലും പള്ളിമേംപൂട്ടിൽ ഇല്ലെങ്കിലും വ്യർത്ഥവ്യവഹാരങ്ങൾക്കായും മറ്റും ഒരായിരം രൂപ ഒന്നിച്ചു കടംവാങ്ങിച്ചു ചിലവഴിക്കുന്നതിനു നല്ല ഉത്സാഹമുണ്ട്. അതുപോലെ ഈ കാര്യത്തിലും ഒരു നല്ല മനസ്സുണ്ടായിരുന്നെങ്കിൽ കെട്ടിടത്തിന്റെ പണിക്കുറ ഇതിനു മുമ്പു തന്നെ തീരുമായിരുന്നു. കഴിവില്ലാഞ്ഞിട്ടാണെന്നു ചിലർ പറയുമായിരിക്കും. "മനസ്സുണ്ടെങ്കിൽ കഴിവിനേക്കാൾ അധികം പ്രവൃത്തിപ്പാൻ കഴിയുമെന്നുള്ള" വിശുദ്ധ ശ്ലീഹായുടെ വചനത്തെ അവർ ഓർക്കട്ടെ. ആലുവാക്കുന്നിൽ കെട്ടിടം പണിവകയ്ക്കായി ദൈവമുതൽ ഏതാനും ചിലവഴിക്കുകയും ഉത്സാഹക്കുറവു നിമിത്തം പണിതീർക്കാതെ നഷ്ടപ്പെടുത്തുകയും ചെയ്യുന്നതു ദൈവമക്കൾക്കു വ്യസനവും, ഇതര സമുദായക്കാർക്കു ആക്ഷേപത്തിന്നു കാരണവുമാണല്ലോ. തിരുമനസ്സിലേക്കു സുഖമുണ്ടായിരുന്നെങ്കിൽ പള്ളിക്കാർ യാതൊരു ഒഴികഴിവും പറകയില്ലായിരുന്നു. ഒഴികഴിവു പറയുന്ന പള്ളിക്കാരുണ്ടെങ്കിൽ ആ പള്ളിയിലേക്കു തിരുമേനി നീങ്ങി പണം തരാതെ പോകയില്ലെന്നു കല്പിച്ചാൽ പള്ളിക്കാർക്കു കൊടുക്കാതിരിപ്പാൻ നിവൃത്തിയില്ലാതെ വന്നേനെ. അധികചെലവിനെ ഓർത്തി

ട്ടെങ്കിലും സംഖ്യ വേഗത്തിൽ കൊടുത്തുതീർക്കും. തിരുമനസ്സിലേക്കു സുഖമില്ലാതെ പോയതു ഈ സ്ഥലത്തിന്റെ നിർഭാഗ്യവും കഷ്ടകാലവും എന്നേ പറവാനുള്ളൂ. ....... പള്ളികളിൽ ചെല്ലുന്നതു പള്ളിക്കാർക്കു സന്തോഷവും എത്രനാൾ എങ്കിലും താമസിക്കുന്നതു തൃപ്തിയുമാണ്. ഒരു റമ്പാച്ചനും വേലക്കാരനും മാത്രമേ ഉണ്ടായിരിക്കയൊള്ളു. ചിലവു കൊടുക്കുന്ന കാര്യത്തിലും വലിയ ഭാരമില്ല. ഇങ്ങിനെ അവർ ചുറ്റിത്തിരിയുന്നതും കാര്യനിവൃത്തിക്കു കാലതാമസം വരുന്നതും സങ്കടം തന്നെ. തിരുമേനിക്കോ ഇതു നിറവേറ്റിക്കാണണമെന്നുള്ള ആഗ്രഹം അനല്പവുമാകുന്നു. പള്ളിക്കാർ ഇതുകൾ വല്ലതും ആലോചിക്കുന്നുണ്ടോ, അറിയുന്നുണ്ടോ? അതിനാൽ പള്ളിക്കാർ ദൈവമുതലിന്റെ നഷ്ടത്തെ ഓർത്തും വൃദ്ധതയിൽ ഇരിക്കുന്ന തിരുമേനിയെ ഓർത്തും സമുദായാഭിവൃദ്ധിയെ വിചാരിച്ചും നിശ്ചയപ്രകാരമുള്ള സംഖ്യ കൊടുത്തു വേഗം പണി നിവൃത്തിക്കുന്നതിനു ഇടയാക്കിത്തീർക്കേണമെന്നു അപേക്ഷിക്കുന്നു.

എന്നാൽ ഇവിടത്തെ സ്ഥിതിയെപ്പറ്റി അല്പം പറയാമെന്നു മേൽ പ്രസ്ഥാവിച്ചിട്ടുണ്ടല്ലോ. ഈ ആലുവാ വെള്ളത്തിന്റെ ഗുണം കൊണ്ടും, തീവണ്ടിയുടെ വരവുകൊണ്ടും, കച്ചവടം കൊണ്ടും മറ്റും കീർത്തിപ്പെട്ട ഒരു സ്ഥലമാണെന്നുള്ളതിനു സംശയമില്ലാ. ഈ സ്ഥലത്താണല്ലോ നമുക്കും ഒരു പൊതുസ്ഥലവും പള്ളിയും ആരംഭിച്ചിരിക്കുന്നത്. ഇതിനു പൊതുജനങ്ങളുടേയും പള്ളിക്കാരുടേയും സഹായമെന്നല്ലാതെ മറ്റൊന്നുമില്ലാ. തിരുമേനി ഇവിടെ താമസം തുടങ്ങീട്ടു രണ്ടര കൊല്ലത്തോളമായിരിക്കുന്നു. ഇതിനിടയ്ക്കു തിരുമേനിയുടെയും പരിവാരങ്ങളുടെയും പോഷണത്തിനു പ്രത്യേകമായി അങ്കമാലി ഇടവകക്കാരും മറ്റേതാനും പള്ളിക്കാരും മാന്യന്മാരും സഹായിച്ചിട്ടുള്ളതു അഭിനന്ദനീയം തന്നെ. ഇപ്പോൾ ചിലവിന്റെ സംഗതിയിൽ വലിയ ഞെരുക്കമായിരിക്കുന്നു. സുഖക്കേടു എന്നു പറഞ്ഞു പള്ളിക്കാരും ശ്രദ്ധ കുറച്ചിരിക്കുന്നതായി വിചാരിക്കേണ്ടിയിരിക്കുന്നു. തിരുമനസ്സിലേക്കും കുറെ സ്വത്തുക്കൾ ഇല്ലെന്നില്ലാ. അതു ഇവിടത്തെ ചിലവിലേക്കു മതിയാകയില്ലെന്നുള്ളതു സർവസമ്മതമാണ്. അതിനാൽ പള്ളിക്കാരും മറ്റും തിരുമനസ്സിലെ വൃദ്ധതയെ കുറിച്ചു ഓർമ്മയോടിരുന്നു ഇസ്ഹാക്കിന്റെ അടുക്കൽ യാക്കോബ് എന്ന പോലെ പ്രവൃത്തിക്കേണമെന്നു ഓർപ്പിച്ചുകൊണ്ടു തല്ക്കാലം വിരമിക്കുന്നു.

എന്നു ദോലാദു

## അവസാനദിനങ്ങൾ

ഇരുപത്തേഴ് വർഷം തുടർച്ചയായി നിർവ്വഹിച്ച ഇടവകഭരണവും പ്രായാധിക്യവും മൂലം കടവിൽ തിരുമേനി രോഗിയായി തീർന്നു. തന്റെ അവസാനകാലം സമീപിച്ചിരിക്കുന്നു എന്നു ബോദ്ധ്യമായതിനാൽ തന്റെ

എല്ലാവക സമ്പത്തും ആലുവാ പള്ളിക്കായി ഒരു വിൽപത്രത്തിലൂടെ ദാനം ചെയ്തു. കുടുംബത്തിൽ നിന്ന് ലഭിച്ച സ്വത്തിൽ ഒരു ഭാഗം സ്വന്തം ഇടവകയായ പറവൂർപള്ളിക്കും ദാനം ചെയ്തു (അദ്ദേഹത്തിന്റെ ഓർമ്മ എല്ലാ വർഷവും പറവൂർ പള്ളിയിൽ ആചരിച്ചുവരുന്നുണ്ട്).

നാലു വർഷത്തോളം അദ്ദേഹം രോഗത്തിൽ കഴിഞ്ഞുകൂടി. അന്യ സഹായം കൂടാതെ നടക്കാൻ നിവൃത്തിയില്ലെന്നായി. എങ്കിലും പതിവാ യുള്ള പ്രാർത്ഥനയും ധ്യാനവും യഥാസമയം നടത്തിവന്നു. രോഗമായി രുന്ന കാലം അധികവും അകപ്പറമ്പ് പള്ളിയിലാണ് കഴിച്ചുകൂട്ടിയത്. രോഗം കൂടിയപ്പോൾ ആലുവായിലേക്ക് കൊണ്ടുവന്നു.

കടവിൽ തിരുമേനി പള്ളികൾക്കയച്ച അന്ത്യകല്പനയിലും ആലുവാ തൃക്കുന്നത്ത് സെമിനാരിക്കാര്യമാണ് ഊന്നിപ്പറഞ്ഞത്:

**ദൈവകാരുണ്യത്താൽ മലങ്കരെ കോട്ടയം, അങ്കമാലി ഇടവകകളുടെ ബലഹീനനായ മാർ പൗലോസ് അത്താനാസ്യോസ് മെത്രാപ്പോലീത്താ എഴുത്ത്**

**മുദ്ര**

നമ്മുടെ രക്ഷിതാവായ യേശുമിശിഹായുടെ വിലമതിച്ചുകൂടാത്ത തിരു രക്തത്താൽ വിലയ്ക്കു വാങ്ങപ്പെട്ടവരും പത്രോസിന്നടുത്ത അടിസ്ഥാന ത്തിന്മേൽ ഉറപ്പിച്ചു സ്ഥിരപ്പെട്ടിരിക്കുന്നവരും ആയി ദൈവമായ കർത്താ വിന്റെ നിഴലിൻകീഴ് മലങ്കരെ ഇടവകയിൽ ഉൾപ്പെട്ട സ്നേഹിക്കപ്പെട്ടവരും അനുഗ്രഹിക്കപ്പെട്ടവരും വാത്സല്യമുള്ളവരും ആയ നമ്മുടെ ...... പള്ളി ഇടവക പട്ടക്കാരുടേയും ജനങ്ങളുടേയും മേൽ ദൈവത്തിൽ നിന്നുള്ള കൃപയും സമാധാനവും വർദ്ധിച്ചിരിക്കുമാറാകട്ടെ.

കർത്താവിൽ പ്രിയമുള്ളവരും അനുഗ്രഹിക്കപ്പെട്ടവരുമെ! കഷ്ടതകളും ദുഃഖങ്ങളും ആവലാധികളും നിറഞ്ഞ ഈ അനിത്യ ലോകത്തിൽ നിന്നു ആശ്വാസവും ഇമ്പവും സൌഭാഗ്യവും നിറഞ്ഞ നിത്യ പരലോകത്തി ലേക്കു നമ്മുടെ ശരണത്തെ പ്രത്യേകം വച്ചിരിക്ക കൊണ്ടും നാം ബലഹീ നനും രോഗിയും വൃദ്ധനും ആകകൊണ്ടും പാപിയായ നമുക്കു വേണ്ടി നിങ്ങളുടെ പ്രാർത്ഥനയെ ഉണർത്തുന്നതിന്നു നിങ്ങളെ അറിയിക്കണ മെന്നു നമുക്കു തോന്നിയിരിക്കുന്നതിനാൽ നമ്മുടെ ചരിത്ര സംക്ഷേ പത്തെ പറഞ്ഞുകൊണ്ടു നിങ്ങളുടെ സ്നേഹത്തോടു അപേക്ഷിക്കുന്നു.

പ്രിയരെ! നമ്മുടെ പതിമൂന്നാം വയസ്സിൽ ചേപ്പാട്ടു മാർ ദീവന്നാ സ്യോസ് മെത്രാപ്പോലീത്തായിൽ നിന്നും "കോറൂയൊ" സ്ഥാനവും ഇരുപ ത്തിഒന്നാം വയസ്സിൽ മാർ കൂറിലോസ് ബാവായിൽ നിന്നു കശീശാ സ്ഥാന വും കൈക്കൊണ്ട് വിശുദ്ധ കർമ്മം അനുഷ്ഠിച്ച് നമ്മുടെ സ്വന്ത ഇടവ

കയെ 15 സംവത്സരം നമ്മുടെ അറിവിനു തക്കവണ്ണം ഭരിച്ച് ചില ശിഷ്യന്മാരേയും കർത്താവിൽ വളർത്തി. പിന്നെ കോട്ടയം സിമ്മനാരിയിൽ മല്പാനായിരുന്ന് അഞ്ചു സംവത്സരത്തോളം ശെമ്മാശന്മാരെ അഭ്യസിപ്പിച്ചു. ആ കാലത്തു അന്ത്യോഖ്യായുടെ 3-ാമത്തെ പത്രോസു എന്ന ശു: മാറാൻ മാർ ഇഗ്നാത്യോസ് പാത്രിയർക്കീസ് ബാവാ മലയാളത്തിലേക്കു എഴുന്നള്ളുകയും 15 മാസം അവിടത്തെ പരിശുദ്ധതയ്ക്കു ശുശ്രൂഷിക്കുകയും ചെയ്തു. ദൈവ നിശ്ചയപ്രകാരം ഈ വിശുദ്ധ പിതാവിന്റെ പ്രീതിയാൽ ബലഹീനനായ നമുക്കു ഈ മഹിമയേറിയ സ്ഥാനത്തെ തന്നു. അന്നുമുതൽ ഇരുപത്തഞ്ചിൽ അധികം സംവത്സരം നമുക്കു ഭരമേല്പിക്കപ്പെട്ടിരിക്കുന്ന ഇടവകകളിലും മറ്റും സഞ്ചരിക്കുകയും ദൈവം നമ്മെ ശക്തിപ്പെടുത്തിയപ്രകാരം പ്രസംഗിക്കയും പഠിപ്പിക്കയും കർത്താവിങ്കലേക്കു നിങ്ങളുടെ സ്നേഹത്തെ ഉണർത്തുകയും ചില പള്ളികളുടെ ജീർണ്ണതകൾ തീർപ്പിക്കയും ചില സ്ഥലങ്ങളിൽ പുതിയ പള്ളികളെ സ്ഥാപിക്കയും ചെയ്തു. ഇപ്പോൾ 2, 3 സംവത്സരമായി നരയും ജരയും നീരും ക്ഷീണവും നമുക്കു അധികരിച്ചിരിക്കുന്നതിനിടയിൽ വടക്കുള്ള നമ്മുടെ ശെമ്മാശന്മാരുടേയും കുട്ടികളുടേയും ആത്മീകവും ലൌകീകവും ആയ വിദ്യാഭ്യാസത്തിലുള്ള കുറവിനെ പരിഹരിപ്പാനായി ഈ സ്ഥലത്തു ഒരു വിദ്യാലയം സ്ഥാപിക്കണമെന്നു കരുതി ഇവിടെ അടുത്തുള്ള ഇടവകക്കാരെ കൂട്ടി വേണ്ട ആലോചനകൾ ചെയ്തു കെട്ടിടം പണി നടത്തി വരുന്നുണ്ട്. പ്രിയരെ! ദൈവീകത്തിലും ലൌകീകത്തിലും പ്രകാശവും ജീവനും ആയിട്ടുള്ളതു ജ്ഞാനമാകുന്നു. അതിനോടു ശരിയായി മറ്റൊന്നുമില്ലാ. "ജ്ഞാനം പത്മരാഗങ്ങളേക്കാൾ വില ഏറീട്ടുള്ളതാകുന്നു" എന്നു മഹാജ്ഞാനിയും പറഞ്ഞിരിക്കുന്നു. അതിനാൽ പത്മരാഗങ്ങളേക്കാളും വിലയേറിയതായ ജ്ഞാനത്തിന്റെ ഉറവിനെ ഒഴുക്കുവാനായി സ്ഥാപിച്ചിരിക്കുന്ന ഈ വിദ്യാലയത്തിന്റെ പണികൾ തീർത്തു അതിൽ പഠിത്തം നടത്തി കണ്ടു സന്തോഷിപ്പാൻ നാം വാഞ്ഛയോടിരിക്കുന്നു. നാമും നമുക്ക് മുമ്പുള്ളവരും ആശിച്ചിരുന്നതായ ഈ നല്ല കാര്യത്തെ ദൈവം തന്നെ നടത്തിക്കൊള്ളുമെന്നു നാം തന്നിൽ വിശ്വസിക്കുന്നു.

വാത്സല്യമുള്ളവരെ! ഇതേവരെയുള്ള നമ്മുടെ ജീവിതകാലത്തെ ദൈവ തിരുവചനപ്രകാരം ദൈവഭയത്തോടും നീതിയോടും കൂടി ആയിരിക്കേണ്ടതിനു നമ്മുടെ ബലഹീനത കഴിയുന്നതും ശ്രമിച്ചിട്ടുണ്ട്. എന്നിരുന്നാലും "സർവ്വമനുഷ്യരും പാപികളും കുറ്റക്കാരും ആകുന്നു" എന്നും "ആകാശം കൂടെയും തന്റെ തിരുമുമ്പാകെ നിർമ്മലമായിരിക്കുന്നില്ലെന്നും" മറ്റുമുള്ള വേദവാക്യങ്ങളും രക്ഷനാഥന്റെ ദൃഷ്ടാന്തങ്ങളും നോക്കിയാൽ നാം അധികം പാപിയും നികൃഷ്ടനും എന്നു ഏറ്റുപറയുന്നു. "നാം ലോകത്തിലേക്കു ഏതും കൊണ്ടുവന്നിട്ടില്ല. ലോകത്തിൽ നിന്നു ഏതും കൊണ്ടു

പോകുവാൻ കഴിയുന്നതുമല്ലാ" എന്നും "ഒരു മനുഷ്യൻ തന്റെ മാതാവിന്റെ വയറ്റിൽ നിന്നു ഏതുപ്രകാരം പുറപ്പെട്ടുവോ അപ്രകാരം തന്നെ തിരിച്ചു പോകുന്നു എന്നും" മഹാജ്ഞാനിയും "ഒരു മനുഷ്യൻ ലോകമൊക്കയും നേടി തന്റെ ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ എന്തു പ്രയോജനമെന്നു നമ്മുടെ രക്ഷകനും കല്പിച്ചിരിക്കുന്നു. "സർവ്വ ജഡവും വയലിലെ പുല്ലു പോലെയും പുഷ്പം പോലെയും വാടുകയും ഉണങ്ങുകയും ചെയ്യുന്നു. ആത്മാവൊ എന്നേയ്ക്കും നിലനില്ക്കുന്നു. അതിനാൽ നിലനിൽക്കുന്നതും നാശമില്ലാത്തതുമായ ആത്മാവ് ദൈവത്തിങ്കലേക്കു ചേരുന്നതിനും അതിന് ഒരു നല്ല അവസാനം ഉണ്ടാകുന്നതിനും നാം ദൈവഭയത്തിലും സൽക്രിയകളിലും ജീവിക്കേണ്ടതാകുന്നു. സർവവല്ലഭനും സർവജ്ഞാനിയും സർവ്വഗുണവാനും ആയിരിക്കുന്ന ദൈവം ഓരോരുത്തനോടും അവനവന്റെ പ്രവൃത്തികൾക്കു തക്കവണ്ണം പ്രതിപകരം കൊടുപ്പാൻ തന്റെ സ്വർഗ്ഗദൂതന്മാരോടു ഒരുമിച്ചു മഹാഭയങ്കരങ്ങളോടുകൂടി എഴുന്നെള്ളുവാനിരിക്കുന്നു. അപ്പോൾ ദുഷ്ടന്മാരെ ദൈവ കോപാഗ്നിയുടെ ഉഗ്രമായ തീക്കനലുകൾ കത്തി എരിഞ്ഞുകൊണ്ടിരിക്കുന്നതും അവിടത്തെ പുഴു ചാകാത്തതും അഗ്നി കെട്ടുപോകാത്തതും ആയ സ്ഥലത്തു വേദനപ്പെടുത്തുവാനും, നീതിമാന്മാർക്കു നിത്യപരമാനന്ദ സൌഭാഗ്യസ്ഥലമായ മേലുള്ള സ്വർഗ്ഗീയ ഊർശ്ലേമിനെ അവകാശമായി കൊടുപ്പാനും ഇരിക്കുന്നു. ഈ സൌഭാഗ്യം എല്ലാവനും കിട്ടുന്നതിന്നു പ്രത്യേകം ഒരുങ്ങി കാത്തിരിക്കണം. ഇപ്പോൾ നമ്മുടെ ആയുസ്സിനെക്കുറിച്ചു നിങ്ങൾ ചോദിക്കുന്നു എങ്കിൽ "അവയിൽ ഞങ്ങളുടെ ആണ്ടുകളുടെ ദിവസങ്ങൾ 70 സംവത്സരങ്ങളും പ്രയാസത്തോടെ എണ്പതും എന്നു 90–ാം സ. 10–ാം വാക്യത്തിൽ പറയുംപ്രകാരം 72 ആയിരിക്കുന്നു. "നിങ്ങൾ നിങ്ങളുടെ അകൃത്യങ്ങളെ തമ്മിൽ തമ്മിൽ ഏറ്റുപറയുന്നവരും സൌഖ്യപ്പെടുവാനായിട്ടു തമ്മിൽ തമ്മിൽ പ്രാർത്ഥിക്കുന്നവരും" ആകുവിൻ എന്നും "ഏവനും തന്റെ സഹോദരനോടു അവന്റെ അകൃത്യത്തെ ക്ഷമിക്കണമെന്നും" കല്പിച്ചിരിക്കുന്നപ്രകാരം നമ്മുടെ ഭരണകാലത്തിൽ നിങ്ങളിൽ ചെറിയവനോടെങ്കിലും വചനം കൊണ്ടോ, പ്രവൃത്തി കൊണ്ടോ, കോപം കൊണ്ടൊ, ഏതൊരു പ്രകാരമെങ്കിലും കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ നമ്മോടു നിങ്ങൾ ക്ഷമിച്ചുകൊള്ളണമെന്നു കർത്താവേശുമിശിഹായുടെ സ്നേഹം മൂലം നിങ്ങളുടെ സ്നേഹത്തോടു നാം അപേക്ഷിക്കുന്നു. നിങ്ങൾ നമ്മോടു വല്ലതും കുറ്റം കാണിച്ചിട്ടുണ്ടെങ്കിൽ ആയതു നാമും ക്ഷമിച്ചിരിക്കുന്നു. ബലഹീനനും രോഗിയും വൃദ്ധനും ആയിരിക്കുന്ന നമുക്കു അവസാനത്തിൽ സൌഭാഗ്യവും ജീവകിരീടവും ലഭിപ്പാൻ ഇടവിടാതെ നിങ്ങൾ പ്രാർത്ഥിക്കുന്നതു കൂടാതെ നമ്മുടെ വൃദ്ധതയുടെ നടുതലയായിരിക്കുന്ന മേൽപ്പറഞ്ഞ വിദ്യാലയത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി ഇവിടെ അടുത്തുള്ള ഇടവകക്കാർ മാത്രമല്ലാ ദൂരസ്ഥന്മാരായ നിങ്ങളെല്ലാവരും വചനം

കൊണ്ടും മനസ്സുകൊണ്ടും പ്രവൃത്തികൊണ്ടും മനസ്സുകൊണ്ടും ദൈവം ഓരോരുത്തനേയും തോന്നിക്കുന്നപ്രകാരം ഔദാര്യ സഹായങ്ങൾ കൊണ്ടും സഹായിപ്പിൻ. നമ്മുടെ ബലഹീനതയെ സ്നേഹിക്കുന്ന എല്ലാവരും ഈ കാര്യത്തിൽ സഹായിക്കുമെന്നു നമുക്കു പൂർണ്ണ വിശ്വാസമുണ്ട്. നിങ്ങളുടെ ജ്ഞാനത്തിന്നു ഇതു മതി.

നമ്മുടെ കർത്താവായ യേശുമിശിഹാ സൈത്തു പർവതത്തിൽ വെച്ചു തന്റെ ശിഷ്യന്മാരെ തന്റെ വിശുദ്ധതൃക്കൈ നീട്ടി വാഴ്ത്തി അനുഗ്രഹിച്ച പ്രകാരം നാം നമ്മുടെ ബലഹീന കൈ നീട്ടി നിങ്ങളെ എല്ലാവരേയും അനുഗ്രഹിക്കയും താൻ തന്റെ ദൈവീക വലത്തുകൈനീട്ടി നിങ്ങളേയും നിങ്ങളുടെ ഭവനങ്ങളേയും നിങ്ങളുടെ പുത്രന്മാരെയും പുത്രിമാരേയും വാഴ്ത്തുവാനും നിങ്ങളുടെ കൃഷി കച്ചവടങ്ങളേയും സമ്പാദ്യങ്ങളേയും അനുഗ്രഹിപ്പാനും കരുണയുടെ വാതിലിനെ നിങ്ങളുടെ മുമ്പാകെ തുറന്നുതന്നു തന്റെ സത്യമുള്ള വാഗ്ദത്തങ്ങളെ നിങ്ങൾക്കു നിവൃത്തിവരുത്തി തരുവാനും എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ, ലോകാരംഭത്തിന്നുമുമ്പെ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന സ്വർഗ്ഗരാജ്യം അവകാശമായി അനുഭവിപ്പിൻ എന്നു വലത്തുഭാഗത്തുള്ളവരോട് അരുളിച്ചെയ്യുന്ന സന്തോഷശബ്ദത്തെ നമ്മേയും നിങ്ങളേയും കേൾപ്പിപ്പാനും ആയിട്ടു തന്നോടു നാം യാചിക്കുന്നു.

പിതാവായ ദൈവത്തിന്റെ സ്നേഹവും ഏകപുത്രന്റെ കൃപയും വിശുദ്ധ റൂഹായുടെ സംബന്ധവും സഹവാസവും നിങ്ങളെല്ലാവരോടും കൂടെ എന്നേക്കും ഉണ്ടായിരിക്കുമാറാകട്ടെ.

അതു തമ്പുരാനെ പ്രസവിച്ച മർത്തമറിയം അമ്മയുടേയും സകല ശുദ്ധിമാന്മാരുടേയും പരിശുദ്ധ മാർതോമാ ശ്ലീഹായുടേയും പ്രാർത്ഥനയാൽ തന്നെ. ആമ്മീൻ. (ഒപ്പ്)

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ ഇത്യാദി.

എന്നു 1904 കന്നി 27-ാം തീയതി.
ആലുവാ തൃക്കുന്നത്തു പള്ളിയിൽ നിന്നും

1904 വൃശ്ചികം 'ഇടവകപത്രിക'യിൽ അദ്ദേഹത്തിന്റെ രോഗാവസ്ഥയെക്കുറിച്ച് ഇപ്രകാരം കാണുന്നു: "കോട്ടയം, അങ്കമാലി ഇടവകകളുടെ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു എല്ലാ പള്ളികൾക്കും അയച്ചിട്ടുള്ള അന്ത്യകല്പനയിൽ നിന്നും അദ്ദേഹത്തിന്റെ തല്ക്കാല സ്ഥിതി നമ്മുടെ വായനക്കാർ അറിഞ്ഞിട്ടുണ്ടല്ലോ. ഈ പിതാവ് രോഗിയായിട്ടു വളരെനാളായി. സുഖക്ഷയത്തിൽ ഇരുന്നിട്ടും ആലുവാ പള്ളിയിൽ താമസിച്ച് അവിടെ ആരംഭിച്ച സിമ്മനാരി പണി പൂർത്തിയാ

ക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ പണി ഒരു നില തീർന്നു. രണ്ടാം നില ആരംഭിച്ചിരിക്കുന്നു. ഇപ്പോൾ തിരുമനസ്സിലേക്കു ഒട്ടും സുഖമില്ലെന്നറിയുന്നതിനാൽ ഞങ്ങൾ വ്യസനിക്കുന്നു. വളരെ അവശതയിൽ ഇരുന്നിട്ടും സിമ്മനാരി പണികാര്യത്തിൽ അന്വേഷണവും ശ്രദ്ധയും കുറവില്ല. ആ തിരുമേനിയുടെ രോഗശാന്തതയ്ക്കായി വായനക്കാർ പ്രാർത്ഥിക്കുകയും അവിടുത്തെ അന്ത്യശ്രമം നിറവേറ്റുന്നതിനു കഴിയുന്ന സഹായം ചെയ്തുകൊടുക്കയും ചെയ്യേണ്ടതു ആവശ്യമാണെന്നുള്ള വിവരങ്ങൾ ഏവരേയും ഓർപ്പിച്ചുകൊള്ളുന്നു."

1907 ചിങ്ങം 30-ന് തിരുമേനിയുടെ ദീനം വർദ്ധിച്ചു. ആ ആഴ്ചയിൽ തിരുമേനിയെ ആലുവായിൽ കൊണ്ടുവന്നു. തുലാം 10-ന് കാരുചിറ റമ്പാൻ, കൊച്ചുപൗലോസ് റമ്പാച്ചന്റെയും മറ്റും സഹകരണത്തോടെ തിരുമേനിക്ക് കന്തീലാ ശുശ്രൂഷ നടത്തി. 12-ന് കണ്ടനാട് ഇടവകയുടെ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ (പിന്നീട് ഒന്നാം കാതോലിക്കാ) ആലുവായിലെത്തി തിരുമേനിയെ സന്ദർശിച്ചു. രോഗം വർദ്ധിച്ചുകൊണ്ടേയിരുന്നതിനാൽ തിരുമേനി ആലുവാ സെമിനാരിയിൽ തന്നെ താമസിച്ചു. 13-ന് പരുമലയിൽ നിന്ന് വട്ടശ്ശേരിൽ റമ്പാച്ചനും (പിന്നീട് പ. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് തിരുമേനി) കോട്ടയത്തുനിന്നു കൊച്ചുപറമ്പിൽ പൗലൂസ് റമ്പാച്ചനും (പിന്നീട് പൗലോസ് മാർ കൂറിലോസ്) തിരുമേനിയെ സന്ദർശിച്ചു.

1907 നവംബർ 2-നു രോഗം അത്യാസന്നനിലയിലെത്തി. അന്ന് പകൽ 10 മണിക്ക് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ കാലം ചെയ്തു. അദ്ദേഹത്തിന്റെ നേരത്തേയുള്ള ആഗ്രഹമനുസരിച്ച് ആലുവാ പള്ളിയുടെ വടക്കുവശത്തു തയ്യാറാക്കിയ കല്ലറയിൽ ഭൗതികദേഹം സംസ്ക്കരിച്ചു.

മരണവും കബറടക്കവും സംബന്ധിച്ച വിശദ വിവരങ്ങൾ സെക്രട്ടറി കാരുചിറ ഗീവർഗീസ് റമ്പാൻ (പിന്നീട് രണ്ടാം കാതോലിക്കാ) ഡയറിയിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: "ഉടനെ കുളിപ്പിച്ച് ക്രമപ്രകാരം കാപ്പാ മുതലായ വിശുദ്ധ വസ്ത്രങ്ങൾ ധരിപ്പിച്ച് 'കൊഹനൈയ്ക്ക് നെൽ ബ്ശൂൻ' ചൊല്ലി ധൂപം വയ്ക്കയും പള്ളിയകത്തു കൊണ്ടുപോയി മദ്ബഹായുടെ വാതുക്കൽ പടിഞ്ഞാറോട്ട് മുഖമായി കസേരയിൽ ഇരുത്തുകയും ചെയ്തുകൊണ്ട് ശുശ്രൂഷകൾ കഴിച്ചു തുടങ്ങി. പിന്നെ പള്ളികൾക്ക് എഴുത്തയക്കയും കമ്പി അടിച്ച് അറിയിക്കേണ്ട സ്ഥലങ്ങളിലേക്ക് ആയത് അറിയിക്കയും ചെയ്തു. രാത്രി മുഴുവൻ മസുമൂറാ വായിച്ചുകൊണ്ടിരുന്നു. പിറ്റെ ദിവസം ഞായറാഴ്ച മാർ ഈവാനിയോസ് മെത്രാപ്പോലീത്താ കുർബാന ചൊല്ലുകയും ഉച്ചകഴിഞ്ഞ് ക്രമങ്ങൾ മുഴുവൻ കഴിച്ച ശേഷം മദ്ബഹായിലേക്കും പള്ളിയകത്തേക്കും പുശുബശ്ലോമ്മായും ചൊല്ലി നഗരി കാണിക്കാൻ പടിഞ്ഞാറെ കുരിശുവരെ പള്ളി സാമാനങ്ങ

ളോടെ മൃതശരീരത്തെ കൊണ്ടുപോയി തിരിച്ചു വന്ന് പള്ളി പ്രദക്ഷിണവും കഴിച്ച് പടിഞ്ഞാറെ മുറ്റത്ത് വച്ച് കൈമുത്തലും നേർച്ച ഇടീലും കഴിച്ചു. അപ്പോൾ മഴയുടെ ഉപദ്രവം കുറെ ഉണ്ടായി എങ്കിലും വലിയ കലശൽ കൂടിയില്ല. പിന്നീട് മൃതശരീരത്തെ പള്ളിക്കു വടക്കുവശത്തു കെട്ടിഒരുക്കിയിരുന്ന കുഴിയിൽ ഇറക്കി കിഴക്കോട്ട് മുഖമായി ഇരുത്തി കഴുത്തു വരെ കുന്തിരിക്കവും ഇട്ട് പലക മൂടി അതിൻമേൽ കല്ലും നിരത്തി മൂടി. അന്നേ ദിവസം പ്രദക്ഷിണത്തിനും മറ്റും 9 വെള്ളി കുരിശും മറ്റു പള്ളി സാമാനങ്ങളും പള്ളിക്കാർ കൊണ്ടുവന്നിരുന്നു. ഏകദേശം 5000 ൽ പരം ജനങ്ങളും കൂടിയിരുന്നു. ഇതുകളൊക്കെയും കഴിഞ്ഞ് സന്ധ്യയോടു കൂടി എല്ലാവരും പിരികയും ചെയ്തു. അതുമുതൽ 40 ദിവസത്തേക്കു തിരുമനസ്സിലെ ആത്മാനുകൂലാർത്ഥം വി. കുർബാന ചൊല്ലി. ...

മുൻ 21-ന് പള്ളിക്കാർ കൂടി കാലംചെയ്ത തിരുമേനിയുടെ 30-ാം ദിവസം അടിയന്തിരം 300 പറ അരിവച്ച് കഴിക്കണമെന്നും അത് വൃശ്ചികം 26-ന് നടത്തണമെന്നും നിശ്ചയിച്ചിരുന്നു. ഈ വിവരത്തിന് പള്ളികൾക്ക് കല്പന കൊടുക്കുന്നതിനു വേണ്ടി ആയത് അച്ചടിപ്പിക്കുന്നതിനായി കഥാനായകൻ എറണാകുളത്തേക്ക് പോയി സ്പാനിഷ്കാരുടെ അച്ചുകൂടത്തിൽ ഏൽപ്പിച്ച് അച്ചടിപ്പിച്ച് വരുത്തുകയും അങ്കമാലി, കോട്ടയം, കണ്ടനാട് ഈ ഇടവകകൾക്ക് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായും ശേഷം ഇടവകകൾക്ക് വല്യ മെത്രാച്ചനും (പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ്) കല്പനകൾ അയച്ചു. ...

27-ന് ഈവാനിയോസു മെത്രാച്ചനും പള്ളിക്കാരും കൂടി കാലം ചെയ്ത തിരുമേനി എഴുതിവച്ചിരുന്ന വിൽപത്രം വായിക്കുകയും അദ്ദേഹത്തിന്റെ സാമാനങ്ങൾക്ക് ഒരു ലിസ്റ്റു എഴുതി ഒപ്പും മുദ്രയും തിരുമേനി വയ്ക്കയും കാലം ചെയ്ത തിരുമേനിയുടെ മുദ്ര നശിപ്പിക്കയും ചെയ്തു. പിന്നെ ആലുവായിലെ കാര്യനടത്തിപ്പിലേക്ക് പൗലോസ് റമ്പാനെ നിയമിച്ച് ഈവാനിയോസ് മെത്രാച്ചൻ ഒരു കല്പന കൊടുക്കയും അതുപോലെ ഒരു കല്പന വല്യമെത്രാച്ചനും കൊടുക്കണമെന്ന് എഴുതി അയക്കയും ചെയ്തു. അന്നേദിവസം കാലംചെയ്ത തിരുമേനിയുടെ ചുവന്ന പട്ടു ളോഹയും



**പ. ബസേലിയോസ് പൗലൂസ് പ്രഥമൻ മുറിമറ്റത്തിൽ**

വില കൂടിയ ഒരു പുറങ്കുപ്പായവും മപ്രീന ചുവപ്പു ളോഹയും ഈവാനി യോസു മെത്രാച്ചനു കൊടുക്കയും വല്യ മെത്രാച്ചന് പൊൻ പൂശുള്ള കുമള വച്ച് തൈയിച്ച ശീലമുടി കൊടുപ്പാൻ നിയമിക്കയും മറ്റ് ചിലർക്ക് ചില്ലറ സാമാനങ്ങൾ കൊടുക്കയും ചെയ്തു.

ധനു മാസം 3-ന് ഈവാനിയോസ് മെത്രാച്ചൻ ആലുവായിൽ നിന്നും കൂത്താട്ടുകുളത്തേക്ക് നീങ്ങി. ... അന്നേ ദിവസം കഥാനായകനും യൗസേപ്പു ശെമ്മാശനും കാലം ചെയ്ത തിരുമേനിയുടെ വാലിയക്കാരും കൂടെ വലിയ തിരുമേനിയെ (മലങ്കര മെത്രാപ്പോലീത്താ) കാണ്മാനും സംഗതികൾ തിരുമനസ്സറിയിക്കുവാനും ആയി കോട്ടയത്തേക്ക് പുറപ്പെട്ട് കോട്ടയത്തു ചെറിയപള്ളിയിൽ എത്തി എല്ലാ കാര്യങ്ങളും തിരുമനസ്സറിയിക്കയും കാലം ചെയ്ത തിരുമേനിയുടെ വടി, കുരിശ്, സ്ലീബാ, ഇതുകൾ പാത്രിയർക്കീസ് ബാവായ്ക്ക് അയപ്പാൻ തിരുമുമ്പാകെ ഏല്പിക്കയും ചെയ്തു. കാലംചെയ്ത തിരുമനസിലെ വാലിയക്കാരിൽ യൌനാനു 150 രൂപായും ഇട്ടി കുര്യന് 125 രൂപായും കുഞ്ഞിചെറിയക്ക് 100 രൂപായും കൊടുക്കണമെന്ന് വല്യതിരുമേനി തീരുമാനിച്ചു."

കടവിൽ തിരുമേനിയുടെ നിര്യാണത്തെപ്പറ്റി മലയാള മനോരമ *(1907 നവംബർ 9, M E 1083 തുലാം 24 ശനി)* പ്രസിദ്ധപ്പെടുത്തിയ റിപ്പോർട്ട് ഇപ്രകാരമായിരുന്നു:

## കാലം ചെയ്ത മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായവർകളുടെ ശവസംസ്ക്കാരം

(സ്വന്തം ലേഖകൻ)

കേരളീയ സുറിയാനി സമുദായത്തിന്റെ പ്രധാന തൂണുകളിൽ ഒന്നും വടക്കുള്ള സുറിയാനി ക്രിസ്ത്യാനികളുടെ നടുനായകവും ആലുവാ സിമ്മനാരിയുടെ സ്ഥാപകനുമായ മാർ പൌലൂസ് അത്താനാസ്യോസ് മെത്രാപ്പോലീത്താ അവർകൾ ഈ കഴിഞ്ഞ ശനിയാഴ്ച പകൽ പത്തുമണിക്കു ചരമഗതിയെ പ്രാപിച്ച വിവരം അപ്പോൾതന്നെ കമ്പിമൂലം അറിയിച്ചിട്ടുണ്ടല്ലോ. മരണത്തിനു ഏതാനും ദിവസങ്ങൾക്കു മുമ്പുതന്നെ മെത്രാപ്പോലീത്താ അവർകൾ തന്റെ മരണസമയത്തെപ്പറ്റി പ്രസ്താവിക്കുകയും അതിൻപ്രകാരം ആ സമയത്തുതന്നെ കാലം ചെയ്യുകയുമാണ് ചെയ്തിട്ടുള്ളത്. സ്വതേ ഭക്തനായ ഇദ്ദേഹത്തിന്റെ കാര്യത്തിൽ ഇപ്രകാരം സംഭവിച്ചതിൽ ഒട്ടുംതന്നെ അതിശയിക്കാനില്ല. മരണസമയത്ത് കണ്ടനാട്ടിടവകയുടെ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ അവർകളും രണ്ടു റമ്പാന്മാരും അനേകം പട്ടക്കാരും ഇദ്ദേഹത്തിന്റെ സമീപത്തിൽ ഉണ്ടായിരുന്നു. ഞായറാഴ്ച കാലത്ത് കുർബാനാനന്തരം മാർ ഈവാനിയോസ് മെത്രാപ്പോലീത്താ അവർകൾ ശേഷക്രിയകളെല്ലാം കഴിക്കയും അനന്തരം

അനേക വൈദികഗണങ്ങളുടെയും തങ്ങളുടെ വന്ദ്യപിതാവിന്റെ ദേഹവിയോഗം പ്രമാണിച്ച് കൊട, കൊടി മുതലായവകളോടു കൂടി അന്നവിടെ എത്തിയിരുന്ന അനേകം പള്ളിക്കാരുടേയും മറ്റു ജനങ്ങളുടേയും അകമ്പടിയോടുകൂടി മെത്രാപ്പോലീത്താ അവർകളുടെ മൃതശരീരം "നഗരികാണിക്ക'യുണ്ടായി.

ഏകദേശം പത്തോളം വെള്ളിക്കുരിശുകളുടേയും അണിയണിയായി നിരത്തിപ്പിടിച്ചിട്ടുള്ള അനേകം കൊട, കൊടി മുതലായവകളുടേയും പിന്നിലായിട്ടായിരുന്നു മെത്രാപ്പോലീത്താ അവർകളുടെ മൃതശരീരം അനേകം വൈദികന്മാർ കൂടി വഹിച്ചുകൊണ്ട് നടന്നത്. ഈ യാത്ര ഏറ്റവും വ്യസനകരമായ ഒന്നായിരുന്നു എന്നുള്ളത് അവിടെ കൂടിയിരുന്നവർ എല്ലാവരും ഒരുപോലെ നിലവിളിച്ചു പോയതുകൊണ്ടു തന്നെ അറിയാവുന്നതാണ്. അവിടത്തെ പ്രിയശിഷ്യനും ഒരു സമയം പോലും അടുക്കൽ നിന്നു മാറാതെ ശുശ്രൂഷിച്ചുകൊണ്ടിരിക്കുന്ന ആളുമായ വന്ദ്യ ദിവ്യശ്രീ കൊച്ചു പൌലോസ് റമ്പാൻ അവർകളുടെ അതിദുസ്സഹമായ ദുഃഖമുഖത്തെ കണ്ടാൽ ആരും നിലവിളിച്ചു പോകും.

"നഗറി കാണിക്ക" കഴിച്ചു തിരികെ മൃതശരീരം പള്ളിയിൽ കൊണ്ടു വരികയും "അന്ത്യചുംബനം" മുതലായതു കഴിഞ്ഞു ഏകദേശം മൂന്നു മണിയോടു കൂടി മെത്രാപ്പോലീത്താ അവർകളുടെ ആജ്ഞപ്രകാരവും അവിടുത്തെ പ്ലാൻ അനുസരിച്ചും പള്ളിയുടെ വടക്കുവശത്തു വളരെ മുൻപിൽ കൂട്ടി പണിയിച്ചിരുന്ന കബറിൽ അടക്കം ചെയ്യുകയും ചെയ്തു. അന്നത്തെ ദിവസം അവിടെ ഏകദേശം മുന്നൂറ്റിച്ചില്വാനം രൂപയോളം വരവുണ്ടായിരുന്നു. മുപ്പത്തിയെട്ടാം ദിവസം അടിയന്തിരം കഴിക്കണമെന്നാണ് ഏകദേശമായ ഒരു തീയതി നിശ്ചയിച്ചിരിക്കുന്നതെങ്കിലും തീയതി ക്ലിപ്തപ്പെടുത്തുന്നത് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ അവർകൾ കൂടി വന്നുചേർന്നശേഷം മാത്രമേയുള്ളൂ."

മെത്രാപ്പോലീത്തായുടെ ഗുണവിശേഷങ്ങളെ പ്രകീർത്തിച്ച് 'മലയാള മനോരമ'യും 'ഇടവകപത്രിക'യും പ്രസിദ്ധപ്പെടുത്തിയ മുഖപ്രസംഗങ്ങൾ കാണുക:

### പരേതനായ മാർ പൌലൂസ് അത്താനാസ്യോസു മെത്രാപ്പോലീത്താ അവർകൾ

അങ്കമാലി, കോട്ടയം ഇടവകകളുടെ മാർ പൌലൂസ് അത്താനാസ്യോസ് മെത്രാപ്പോലീത്താ അവർകൾ ഈ തുലാ മാസം 17-ാം തീയതി ശനിയാഴ്ച പകൽ പന്ത്രണ്ടു മണിയോടുകൂടി ചരമഗതിയെ പ്രാപിച്ചിരിക്കുന്നു എന്നുള്ള അത്യന്തം വ്യസനകരമായ ദുഃഖവർത്തമാനത്തിനു കിട്ടിയ കമ്പിവാർത്ത കഴിഞ്ഞലക്കത്തിൽ പ്രസ്താവിച്ചിരുന്നല്ലോ. പല

പ്രകാരത്തിൽ പ്രസിദ്ധനും പരമ ശുദ്ധനുമായിരുന്ന ഈ മഹാനുഭാവന്റെ ദേഹവിയോഗം കേരളീയ സുറിയാനി സമുദായത്തിനു പൊതുവെ ഒരു വലിയ നഷ്ടമായിട്ടാണു തീർന്നിരിക്കുന്നതെന്നുള്ളതിനു സംശയമില്ല.

ഈ മെത്രാപ്പോലീത്താ അവർകൾ പറവൂരിടവകയിൽ ചേർന്ന "കട വിൽ" എന്ന പ്രസിദ്ധ കുടുംബത്തിൽ 1008-മാണ്ടാണ് ജനിച്ചതെന്നു പറ ഞ്ഞാൽ ഇപ്പോൾ അദ്ദേഹത്തിനു 75 വയസ്സേ ആയിരുന്നുള്ളൂ എന്നു വിശേ ഷിച്ചു പറയണമെന്നില്ലല്ലോ. ഇദ്ദേഹം നാട്ടുഭാഷയും അകപ്പറമ്പിൽ ചക്ക രയകത്തൂട്ടു മല്പാന്മാരിൽ നിന്നു സുറിയാനി ഭാഷയും അഭ്യസിച്ച് അവ യിൽ വേണ്ടത്തക്ക പാണ്ഡിത്യം സമ്പാദിച്ചതിന്റെ ശേഷം ചേപ്പാട്ട് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ അവർകളിൽ നിന്നു ചെമ്മാശുപട്ടവും 1022-ാമാണ്ട് കേരളത്തിൽ വന്ന മാർ കൂറിലോസ് ബാവായിൽ നിന്നു കത്ത നാരുപട്ടവും ഏറ്റു. അനന്തരം ഇദ്ദേഹം വളരെക്കാലം കോട്ടയത്തു സുറി യാനി സിമ്മനാരിയിൽ സുറിയാനി മല്പാനായിരിക്കുകയും ആ വിഷയ ത്തിൽ അത്യന്തം പ്രഖ്യാതി സമ്പാദിക്കുകയും ചെയ്തിട്ടുണ്ട്. ഇദ്ദേഹ ത്തിനു മലയാളത്തിലും സുറിയാനിയിലും അന്യാദൃശ്യമായ പാണ്ഡിത്യം ഉണ്ടായിരുന്നതിനു പുറമെ ഇംഗ്ലീഷിലും സംസ്കൃതത്തിലും കൂടി സാമാ ന്യമായ പരിജ്ഞാനം ഉണ്ടായിരുന്നതിനാൽ അദ്ദേഹത്തെ പോലെ വേറെ ഒരു മല്പാനെ കിട്ടാൻ അത്ര എളുപ്പമല്ലെന്നുള്ള ബോധം മേലധികാരി കൾക്കുണ്ടായിരുന്നതുകൊണ്ടു ഇദ്ദേഹത്തിനു മെത്രാൻ സ്ഥാനം കൊടു ക്കുന്നതിനു തീർച്ചപ്പെടുത്തുന്നതുവരെ റമ്പാൻപട്ടം കൊടുക്കാതെ വച്ചി രുന്നു. മെത്രാൻപട്ടം കൊടുക്കുന്നതിനു തീർച്ചയായതിനുശേഷം റമ്പാൻ സ്ഥാനം കൊടുക്കുകയും ഉടനെതന്നെ 1052-ാമാണ്ട് വൃശ്ചികമാസം 2-ാം തീയതി അന്നു ജീവിച്ചിരുന്ന പത്രോസ് പാത്രിയർക്കീസു ബാവാ കോട്ടയം ഇടവകയുടെ മെത്രാപ്പോലീത്തായായി ഇദ്ദേഹത്തെ അഭിഷേകം ചെയ്യു കയും ചെയ്തു. മെത്രാൻസ്ഥാനം സ്വീകരിച്ചതോടുകൂടി ഇദ്ദേഹം മല്പാൻ സ്ഥാനം ഉപേക്ഷിക്കേണ്ടതായി വന്നുവെങ്കിലും കോട്ടയം സിമ്മനാരിയിലെ വിദ്യാഭ്യാസ സംബന്ധങ്ങളായ കാര്യങ്ങളിൽ പ്രത്യേകം മനസ്സുവയ്ക്കു കയും ആ വിഷയത്തിൽ അവിടെ പല പരിഷ്ക്കാരങ്ങൾ വരുത്തുകയും ചെയ്തു. അക്കാലത്ത് ഇദ്ദേഹം ജനോപകാരാർത്ഥം സുറിയാനി ഭാഷ യിൽ നിന്നു മഖാബിയർ, തൂബിദ്, രൂഥ്, മസൂമൂർ മുതലായ അനേകം പുസ്തകങ്ങൾ മലയാളത്തിൽ തർജ്ജമ ചെയ്തിട്ടുണ്ട്. കോട്ടയം ഇടവ കയുടെ മാത്രം മെത്രാപ്പോലീത്താ ആയിരുന്ന ഇദ്ദേഹം അങ്കമാലി ഇടവ കയുടെ മാർ കൂറിലോസ് മെത്രാപ്പോലീത്താ അവർകളുടെ ദേഹവിയോ ഗാനന്തരം ആ ഭരണകർതൃത്വം കൂടി കയ്യേൽക്കേണ്ടതായി വന്നതിനാ ലാണ് അങ്കമാലി, കോട്ടയം എന്നീ രണ്ട് ഇടവകകളുടേയും മെത്രാപ്പോ ലീത്താ ആയിത്തീർന്നത്.

1063-ാമാണ്ട് കേരളത്തിലുള്ള മറ്റു മെത്രാന്മാരോടൊന്നിച്ച് സിലോൺ, ഗോവ മുതലായ സ്ഥലങ്ങളിലെ മാർ അൽവാറീസ് യൂലിലോസ് മെത്രാപ്പോലീത്താ അവർകളെ പാത്രിയർക്കീസ് ബാവായുടെ അനുവാദത്തോടു ആ സ്ഥാനത്ത് അഭിഷേകം ചെയ്ത് വാഴിച്ചത് ഇദ്ദേഹമാണ്. തദനന്തരം യാക്കോബായക്കാരുടെ വിശ്വാസത്തെ അമേരിക്കയിലും വ്യാപിപ്പിക്കുന്നതിനു വേണ്ടി മാർ തിമോഥേയോസ് റീനി വിലാത്തി അവർകളെ സിലോണിൽ വെച്ച് മെത്രാപ്പോലീത്താ ആയി വാഴിക്കുന്നതിനു ഇദ്ദേഹം ആ സ്ഥലത്തു പോവുകയും വിശേഷ സ്ഥലങ്ങളെ സന്ദർശിക്കുകയും ചെയ്തിട്ടുണ്ടെന്നുള്ളത് പ്രസിദ്ധമാണ്.

മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ അവർകളുടെ സ്വർണ്ണ ജൂബിലി മഹോത്സവകമ്മറ്റിയുടെ അദ്ധ്യക്ഷനായിരുന്ന് അതിനെ വേണ്ടതുപോലെ നടത്തിച്ചിട്ടുള്ളതും ഈ മഹാനാണെന്നു എല്ലാവർക്കും അറിയാവുന്നതാണല്ലോ.

വടക്കൻ ദിക്കിലുള്ള സുറിയാനിക്കാർ വിദ്യാഭ്യാസവിഷയത്തിൽ വളരെ പിന്നോക്കമായിരിക്കുന്നു എന്നുള്ള ദോഷത്തെ പരിഹരിക്കാനായി ഇദ്ദേഹം ചെയ്തിട്ടുള്ള പരിശ്രമവും ഒട്ടും ചില്ലറയല്ല. ഇദ്ദേഹം ആലുവായിൽ ഒരു സുറിയാനി സിമ്മനാരി സ്ഥാപിച്ചിട്ടുള്ളത് കൂടാതെ ഏകദേശം പതിനായിരം രൂപയ്ക്കുള്ള വസ്തുക്കൾ ആലുവാ സിമ്മനാരിക്കും ഏതാനും വസ്തുക്കൾ പറവൂർ പള്ളി വകയ്ക്കും ദാനം ചെയ്തിട്ടുണ്ട്.

പ്രസംഗവിഷയത്തിലും അന്യന്മാരെ യഥായോഗ്യം ബഹുമാനിക്കുന്നതിലും ഈ മെത്രാപ്പോലീത്താ അവർകൾക്കുണ്ടായിരുന്ന വാസനയും സാമർത്ഥ്യവും ഒന്നു വേറെ തന്നെയായിരുന്നു. ഇപ്രകാരം അനേക ഗുണങ്ങളുടെ വാസസ്ഥാനമായിരുന്ന ഈ മഹാനുഭാവന്റെ ദേഹവിയോഗത്തെപ്പറ്റി വ്യസനിക്കാത്തവരായി അദ്ദേഹത്തെ ഒരിക്കൽ കണ്ടിട്ടുള്ളവരിൽ ആരും ഉണ്ടായിരിക്കുമെന്നു തോന്നുന്നില്ല. അദ്ദേഹത്തിന്റെ ആജ്ഞ പ്രകാരം മുൻകൂട്ടി അദ്ദേഹം നിശ്ചയിച്ച സ്ഥലമായ ആലുവായിൽ പണിയപ്പെട്ടിരിക്കുന്ന കല്ലറയിൽ തന്നെ അദ്ദേഹത്തിന്റെ മൃതശരീരം സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു. അദ്ദേഹത്തിനു ദീനം ആരംഭിച്ചതു മുതൽ ദേഹവിയോഗം വരെയും അദ്ദേഹത്തെ യഥാക്രമം ശുശ്രൂഷിക്കുകയും തദനന്തരവും അദ്ദേഹത്തിന്റെ ഇഷ്ടപ്രകാരം പ്രവർത്തിക്കുകയും ചെയ്ത ആ ഔദാര്യനിധികളെ ഞങ്ങൾ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു.

*(മലയാള മനോരമ, 1907 നവംബർ 6, 1083 തുലാം 21 ബുധൻ)*



**ആലുവാ തൃക്കുന്നത്തു സെമിനാരിയിലെ
കടവിൽ തിരുമേനിയുടെ കബറിടം.**

## കോട്ടയം അങ്കമാലി ഇടവകകളുടെ കാലം ചെയ്ത നി. വ. ദി. ശ്രീ. മാർ പൌലൂസ് അത്താനാസ്യോസ് മെത്രാപ്പോലീത്താ അവർകൾ

ശരീരത്തിന്റെ അസ്വാസ്ഥ്യം മൂലം കുറെക്കാലമായി ഇടവകഭരണം ഒഴിഞ്ഞു സുഖക്കേടിൽ ഇരുന്നിരുന്ന കോട്ടയം അങ്കമാലി ഇടവകകളുടെ മാർ പൌലൂസ് അത്താനാസ്യോസു മെത്രാപ്പോലീത്താ തിരുമനസ്സു കൊണ്ട് ഈ മാസം (സുറിയാനിക്കണക്കിൽ) 20-ാം തീയതി (മലയാളം കണക്കിൽ 17-ാം തീയതി) ശനിയാഴ്ച പകൽ ആലുവാപള്ളിയിൽ വച്ചു പരലോക പ്രാപ്തനായിരിക്കുന്നു എന്നുള്ള ദുഃഖകരമായ വാർത്ത അത്യന്ത വ്യസനത്തോടുകൂടി ഞങ്ങൾ വായനക്കാരെ അറിയിച്ചുകൊള്ളുന്നു.

ആലുവാ ഇദ്ദേഹത്തിന്റെ സ്ഥിരതാമസമായിരുന്നു എങ്കിലും സുഖക്കേടുമൂലം കുറെനാളായി അകപ്പറമ്പു പള്ളിയിൽ ആയിരുന്നു താമസിച്ചിരുന്നത്. എങ്കിലും ശവസംസ്ക്കാരം ആലുവാ പള്ളിയിൽ ആയിരിക്കണമെന്നു അവിടുത്തേക്കു അപേക്ഷയുണ്ടായിരുന്നതിനാൽ സുഖക്കേടു അസാദ്ധ്യമെന്നു തോന്നിയതിനോടുകൂടി ആലുവായിലേക്കു കൊണ്ടുപോരികയാണു ചെയ്തതു. വലിയ തിരുമനസ്സിലെ ആവശ്യപ്രകാരം കണ്ടനാടു ഇടവകയുടെ നി. വ. ദി. ശ്രീ. മാർ ഈവാനിയോസു മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു ആലുവായ്ക്കു നീങ്ങുകയും അന്ത്യശുശ്രൂഷകൾ മുതലായതു ഈ തിരുമേനിയാൽ കഴിക്കപ്പെടുകയും ചെയ്തു. 21-ാം തീയതി ഞായറാഴ്ച സമീപമുള്ള മിക്ക പള്ളിക്കാരുടെയും അനേകം പട്ടക്കാർ റമ്പാന്മാർ മുതലായവരുടെയും സാന്നിദ്ധ്യത്തോടുകൂടെയും മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു ശവസംസ്ക്കാര ശുശ്രൂഷ കഴിച്ചു.

കാലം ചെയ്ത ഈ പിതാവിന്റെ ഒരു ജീവചരിത്രം വായനക്കാരുടെ അറിവിനുവേണ്ടി ചുരുക്കത്തിൽ താഴെ എഴുതികൊള്ളുന്നു.

ഈ വന്ദ്യപിതാവു വടക്കൻപറവൂർപള്ളി ഇടവകയിൽ കടവിൽ കുഡുംബത്തിൽ കൊല്ലം 1007-ൽ ജനിച്ചു. ആ കാലാവസ്ഥയിൽ പ്രാപിയ്ക്കാവുന്ന നാട്ടുഭാഷാ വിദ്യാഭ്യാസം ചെയ്തശേഷം വൈദീകജോലിയ്ക്കായി വേർതിരിയ്ക്കപ്പെട്ടു. പിന്നത്തേതിൽ അസാമാന്യ സാമർത്ഥ്യം പ്രദർശിപ്പിക്കയാൽ ഗുരുക്കന്മാരുടെ തൃപ്തിക്കു ഈ ശെമ്മാശു ചെറുപ്പത്തിലെ പാത്രീഭവിച്ചു. സുറിയാനിഭാഷയിലും ആ ഭാഷയിൽ വൈദികശ്രേഷ്ടന്മാരാൽ എഴുതപ്പെട്ട വേദശാസ്ത്രഗ്രന്ഥങ്ങളിലും നല്ല പാഠം സമ്പാദിച്ച ശേഷം കാലം ചെയ്തുപോയ മാർ ഗ്രീഗോറിയോസു ബാവായിൽ നിന്നു കശീശാസ്ഥാനം പ്രാപിയ്ക്കയും സ്വന്ത ഇടവകയുടെ ഭരണം കയ്യേ

ല്ക്കയും ചെയ്തു. പൌലൂസ് കശീശായിൽ പ്രശോഭിതങ്ങളായിരുന്ന സന്മാർഗ്ഗനിഷ്ഠ, ദൈവഭക്തി, സത്യസന്ധത, പ്രസംഗചാതുര്യം, കണിശം മുതലായ വിശേഷഗുണങ്ങൾ തന്റെ ഇടവകക്കാരുടെയും ചുറ്റുമുള്ള പള്ളിക്കാരുടെയും ഇടയിലും ക്രമേണ മലങ്കരെ ഒട്ടുക്കും പ്രസിദ്ധമായിതീർന്നതിനാൽ കഴിഞ്ഞുപോയ മാത്യൂസ് അത്താനാസ്യോസു മെത്രാന്റെ ഭരണത്തിൽ കോട്ടയത്തു സിമ്നാരിയിൽ കൊല്ലം 1046-ാമാണ്ടിടയ്ക്കു സുറിയാനി പഠിത്വം ആരംഭിച്ചപ്പോൾ ഇദ്ദേഹം അന്നത്തെ പ്രധാന മല്പാനായി നിയമിക്കപ്പെട്ടു. മല്പാന്റെ നിലയിലും അദ്ദേഹം തന്റെ ശിഷ്യന്മാരുടെ മാത്രമല്ല മലങ്കരെ എല്ലാ പള്ളിക്കാരുടെയും രഞ്ജന പ്രാപിച്ചു. സന്മാർഗ്ഗ നടപടികളിൽ പ്രതിപത്തിയില്ലാതിരുന്ന അന്നത്തെ സിമ്മനാരി ഭാരവാഹികളുടെ ഇടയിൽ ഇദ്ദേഹം ഒരു വ്യത്യസ്തമായിരുന്നു എന്നു എല്ലാവരാലും ഐകകണ്ഠ്യേന സമ്മതിക്കപ്പെട്ടിരുന്നു.

ഇങ്ങനെ സിമ്മനാരിയിൽ പഠിപ്പിച്ചുകൊണ്ടിരിക്കുമ്പോളായിരുന്നു കാലം ചെയ്ത പാത്രിയർക്കീസു ബാവാ തിരുമനസ്സുകൊണ്ടു മലയാളത്തു എഴുന്നെള്ളിയതു. ബാവായുടെ വരവോടുകൂടി മാത്യൂസ് അത്താനാസ്യോസുമെത്രാനെ ബാവായുടെ അടുക്കൽ കൊണ്ടുപോയി ക്ഷമായാചന ചെയ്യിച്ചു സമാധാനമുണ്ടാക്കാമെന്നുള്ള ഉദ്ദേശത്തോടുകൂടെ നമ്മുടെ പൌലൂസ് മല്പാൻ കുറെ ശ്രമം ചെയ്തു. അതിനു അദ്ദേഹം വഴിപ്പെട്ടില്ലന്നു മാത്രമല്ല അദ്ദേഹം നാൾക്കുനാൾ വഷളത്വത്തിൽ വർദ്ധിക്കയാണ് ചെയ്തുകൊണ്ടിരുന്നതെന്നു കാണുകയാൽ പൌലൂസ് മല്പാൻ തന്റെ മല്പാൻ ജോലിയും ശമ്പളവും ഉപേക്ഷിച്ചു പാത്രിയർക്കീസു ബാവായുടെ തിരുമുമ്പാകെ എത്തി അഭയം പ്രാപിച്ചു. ഇങ്ങനെ പെട്ടെന്നു സിമ്മനാരി വിട്ടുപോകുവാൻ ഉണ്ടായ ഒരു തൽക്കാലകാരണം ഈ പിതാവിന്റെ തിരുവായിൽ നിന്നു തന്നെ ഞങ്ങൾ കേട്ടിട്ടുള്ളതു ഇപ്രകാരമാകുന്നു. ഒരു ദിവസം സന്ധ്യാസമയം മല്പാനും ശിഷ്യന്മാരായ ശെമ്മാശന്മാരും സിമ്മനാരി പള്ളിയിൽ പതിവുപ്രകാരമുള്ള പ്രാർത്ഥനാശുശ്രൂഷ നടത്തികൊണ്ടിരിക്കുമ്പോൾ മത്യൂസ് അത്താനാസ്യോസു സാവധാനത്തിൽ നടന്നു പ്രാർത്ഥിക്കുന്നവരുടെ പിന്നിൽവന്നു കൈ കൊട്ടിക്കൊണ്ടു ഉറച്ച ശബ്ദത്തിൽ വള്ളപ്പാട്ടു പാടുകയും പ്രാർത്ഥിക്കുന്നവരെ അസഭ്യവാക്കുകൾ പറകയും ചെയ്തു. മദ്യപാനംകൊണ്ടു ബുദ്ധി മറിഞ്ഞിരുന്ന ആളിനോടു അപ്പോൾ വല്ലതും പറഞ്ഞാൽ വെട്ടാൻ വരുന്ന കന്നിനോട് വേദം ഓതുന്നതുപോലെയാകുമല്ലോ എന്നു ഭയന്നു നമ്മുടെ മല്പാൻ അന്നേ ദിവസം മൗനമായിരുന്നു കളഞ്ഞു. അടുത്തനാൾ രാവിലെ ആ "വൈദീക ശ്രേഷ്ടനോടു" തന്റെ അവിവേക പ്രവൃത്തിയെക്കുറിച്ചു മല്പാൻ സങ്കടത്തോടുകൂടെ സംസാരിച്ചപ്പോൾ മാനസാന്തരപ്പെടുന്നതിനു പകരം "നീ എന്നെ സന്മാർഗ്ഗം പഠിപ്പിക്കാൻ വരുന്നോ" എന്നു പറഞ്ഞുംകൊണ്ടു മല്പാനെ

തൊഴിക്കാൻ ഭാവിച്ചതിനോടുകൂടി ഇനി ഈ അഭക്തന്റെ കീഴിലിരിക്കയില്ലെന്നു ശപഥം ചെയ്തു സിമ്മനാരിയിൽ നിന്നു മല്പാൻ പോയ്ക്കളകയാണുണ്ടായത്. പിന്നീടു പാത്രിയർക്കീസു ബാവാ ഇദ്ദേഹത്തെ റെമ്പാനാക്കുകയും 1876 വൃശ്ചികം 14-ാം തീയതി വടക്കൻപറവൂർ പള്ളിയിൽ വെച്ചു മാർ അത്താനാസ്യോസു എന്ന സ്ഥാനപ്പേരിൽ മെത്രാനായി വാഴിച്ചു കോട്ടയം ഇടവകയ്ക്കു നിയമിക്കുകയും ചെയ്തു. കോട്ടയത്തു സിമ്മനാരി വിധി നടത്തി കൈവശം കിട്ടിയതിനോടുകൂടി മൂന്നാലു വർഷത്തോളം അവിടത്തെ പഠിത്വത്തിന്റെ മാനേജ്മെന്റു വഹിച്ചതു ഈ വന്ദ്യപിതാവായിരുന്നു.

അങ്കമാലി ഇടവകയുടെ മാർ കൂറിലോസ് മെത്രാപ്പോലീത്താ കാലം ചെയ്തപ്പോൾ പാത്രിയർക്കീസു ബാവാ തിരുമനസ്സുകൊണ്ടു ആ ഇടവകയും മാർ അത്താനാസ്യോസു മെത്രാപ്പോലീത്തായെ ഭരമേല്പിച്ചു. മാർ കൂറിലോസിനാൽ ആരംഭിക്കപ്പെട്ട ആലുവാപള്ളിയുടെ പണി പൂർത്തിയാക്കിയതു ഇദ്ദേഹമായിരുന്നു. അതുകൂടാതെ ആലുവായിൽ ഒരു സിമ്മനാരി പണിയിപ്പാൻ വേണ്ട ഏർപ്പാടുകളും ഇദ്ദേഹം ചെയ്തു. അതിന്റെ പണി മുഴുവനായിട്ടില്ലെങ്കിലും മിക്കവാറും തീർന്നിരിക്കയാണ്. ഈ വന്ദ്യപിതാവു രോഗത്തിൽ വീഴുന്നതിനു വളരെ മുമ്പെ തന്നെ തന്റെ സർവ്വസ്വത്തുക്കളും ആലുവാ സിമ്മനാരിക്കു മരണപത്രം മൂലം ദത്തം ചെയ്കയും അതിന്റെ കാര്യാന്വേഷണത്തിനു പ്രത്യേകം വ്യവസ്ഥകൾ ചെയ്കയും ചെയ്തിട്ടുണ്ടു. പഠിപ്പു, ദൈവഭക്തി, സത്യം, സന്മാർഗ്ഗം, കണിശം എന്നിങ്ങനെ പല ഗുണങ്ങളുടെ വിളനിലമായിരുന്ന ഈ പുരോഹിതന്റെ നിര്യാണം മലങ്കരെയ്ക്കു ഒരു വലിയ നഷ്ടമാകുന്നു.

മരണവാർത്ത കോട്ടയത്തു അറിവുകിട്ടിയ ഉടൻ ഇവിടെയുള്ള എല്ലാ പള്ളികളിലും ദുഃഖമണി അടിക്കയും യോഗം കൂടി തങ്ങളുടെ പിതാവിനു വേണ്ടി പ്രാർത്ഥനകളും ശുശ്രൂഷകളും കഴിക്കയും ചെയ്തു. ഈ പിതാവിന്റെ ആത്മാവിനു വേണ്ടിയും അദ്ദേഹത്തിന്റെ പ്രാർത്ഥന നമുക്കു ഒരു കോട്ടയായിരിപ്പാൻ വേണ്ടിയും വായനക്കാർ എല്ലാവരും പ്രാർത്ഥിപ്പാറാകണം.

*(മലങ്കര ഇടവകപത്രിക, 1907 തുലാം)*

## ഒരു ധന്യ ജീവിതം

പൗലോസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ അനേകം വിശിഷ്ട ഗുണങ്ങളുടെ വിളനിലമായിരുന്നു. അദ്ദേഹത്തിന്റെ സ്വഭാവത്തിൽ പല സവിശേഷതകളും കാണുന്നുണ്ട്.

ഒന്നാമതായി, അദ്ദേഹം മഹാനായ ഒരു ഗുരുനാഥനായിരുന്നു. കോട്ടയം

സെമിനാരിയിലേയും തൃക്കുന്നത്ത് സെമിനാരിയിലേയും പ്രധാന മല്പാൻ എന്ന നിലയിൽ അദ്ദേഹം സർവ്വാദരണീയനായിരുന്നു. അക്കാലത്തെ പ്രമുഖ വൈദികരെല്ലാം അദ്ദേഹത്തിന്റെ ശിഷ്യന്മാരായിരുന്നു. അവരെല്ലാം ഗുരുവിനെ വളരെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നു.

രണ്ടാമതായി, അദ്ദേഹം മഹാനായ ഒരു വേദശാസ്ത്ര പണ്ഡിതനായിരുന്നു. സുറിയാനിയിലുള്ള മിക്കവാറും എല്ലാ വേദശാസ്ത്ര ഗ്രന്ഥങ്ങളും അദ്ദേഹം ഹൃദിസ്ഥമാക്കിയിരുന്നു. മൂസ്സലിൽ നിന്നും കോനാട്ട് ഗ്രന്ഥശേഖരത്തിലേക്ക് വരുത്തിയ എല്ലാ ഗ്രന്ഥങ്ങളും അദ്ദേഹം ശ്രദ്ധാപൂർവ്വം പഠിച്ചതായി 'ഇടവകപത്രിക'യിൽ പറയുന്നു. പല വിശിഷ്ട ഗ്രന്ഥങ്ങളും അദ്ദേഹം സുറിയാനിയിൽ നിന്നും മലയാളത്തിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്. അവയിൽ മഖാബിയർ, രൂഥ്, തൂബിദ്, മസുമൂർ മുതലായ പുസ്തകങ്ങൾ പഴയസെമിനാരിയിലെ മാർത്തോമസ് അച്ചുകൂടത്തിൽ നിന്ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ബൈബിൾ പൂർണ്ണമായും മലയാളത്തിലേക്ക് വിവർത്തനം ചെയ്യണമെന്ന് അദ്ദേഹത്തിന് ആഗ്രഹമുണ്ടായിരുന്നു എങ്കിലും ആ പ്രവർത്തനം മുഴുവനാക്കുന്നതിന് അദ്ദേഹത്തിന് സാധിച്ചില്ല. പിന്നീട് ശിഷ്യനായ കാരുചിറ ഗീവർഗീസ് റമ്പാൻ ഈ ആഗ്രഹം നിറവേറ്റിയെങ്കിലും നിർഭാഗ്യവശാൽ ആ തർജ്ജമയും പ്രസിദ്ധീകരിക്കപ്പെട്ടില്ല.

മൂന്നാമതായി, അദ്ദേഹം അർപ്പണബോധമുള്ള ഒരു സുവിശേഷ പ്രവർത്തകനായിരുന്നു. അദ്ദേഹത്തിന്റെ ഭരണകാലത്ത് കോട്ടയം - അങ്കമാലി ഭദ്രാസനങ്ങളിൽ വിജാതീയരുടെ ഇടയിൽ സുവിശേഷമറിയിച്ച് നിരവധി ആളുകളെ ക്രിസ്തുമാർഗ്ഗത്തിൽ ചേർത്തിട്ടുണ്ട്. അവർക്കായി വിവിധ സ്ഥലങ്ങളിൽ പള്ളി വെച്ചുകൊടുക്കുകയുമുണ്ടായി.

അദ്ദേഹം വലിയൊരു അനുരഞ്ജകനായിരുന്നു. പഴയസെമിനാരിയിലെ മല്പാന്മാർ തമ്മിലുണ്ടായ അഭിപ്രായവ്യത്യാസങ്ങൾ പറഞ്ഞുതീർത്ത് രമ്യത ഉണ്ടാക്കുന്നതിനുള്ള അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ മാത്യൂസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ പോലും അഭിനന്ദിച്ചു. പാത്രിയർക്കീസ് ബാവായും പാലക്കുന്നത്ത് മെത്രാപ്പോലീത്തായുമായുള്ള അഭിപ്രായവ്യത്യാസങ്ങൾ പറഞ്ഞുതീർത്ത് സമുദായത്തിൽ സമാധാനം പുലർത്തുന്നതിനായി അദ്ദേഹം നടത്തിയ ശ്രമങ്ങളുടെ വിവരങ്ങൾ *കണ്ടനാട് ഗ്രന്ഥവരി* വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. വളരെ ശ്രമങ്ങൾ നടത്തിയെങ്കിലും അത് വിജയിച്ചില്ല. അതിൽ നിരാശനായ അദ്ദേഹം കോട്ടയം സെമിനാരിയിലെ മല്പാൻസ്ഥാനം ഉപേക്ഷിച്ചു സ്വദേശത്തേക്ക് മടങ്ങുകയാണുണ്ടായത്.

അദ്ദേഹം വലിയൊരു പ്രാർത്ഥനാ മനുഷ്യനായിരുന്നു. പ്രാർത്ഥനയ്ക്കും ധ്യാനത്തിനും വേദവായനയ്ക്കുമായി ഓരോ ദിവസവും നല്ല ഒരു ഭാഗം അദ്ദേഹം നീക്കിവെച്ചിരുന്നു. രോഗാതുരനായിരുന്ന കാലത്തും അക്കാര്യത്തിൽ യാതൊരു വിട്ടുവീഴ്ചയുമില്ലായിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ ശ്രോതാക്കളുടെ ഹൃദയത്തിൽ സ്പർശിച്ച് മാനസാന്തരത്തിന് പ്രേരണ നൽകുന്നതായിരുന്നു. അദ്ദേഹത്തിന്റെ ജീവിതകാലത്തു തന്നെ നിരവധി ആളുകൾക്ക് അദ്ദേഹത്തിന്റെ പ്രാർത്ഥന മൂലം പല അനുഗ്രഹങ്ങൾ ലഭിച്ചതായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ദിവംഗതനായതിന് ശേഷവും അദ്ദേഹത്തിന്റെ മധ്യസ്ഥപ്രാർത്ഥനയിൽ ആശ്രയിച്ചവർക്ക് അത്ഭുതകരമായ പല അനുഗ്രഹങ്ങളും ലഭിച്ചിട്ടുണ്ട്.

അദ്ദേഹം സ്നേഹസമ്പന്നനായ ഒരു ഇടയൻ ആയിരുന്നു. അങ്കമാലി, കോട്ടയം എന്നീ വിസ്തൃതമായ ഭദ്രാസനങ്ങളിലെ എല്ലാ പള്ളികളും അദ്ദേഹം സന്ദർശിക്കുകയും സഭാവിശ്വാസത്തിൽ ജനങ്ങളെ ഉറപ്പിക്കുകയും ചെയ്തു. ഭക്തനും പണ്ഡിതനുമായ ഒരു സുവിശേഷ പ്രസംഗകൻ എന്ന ബഹുമതി അദ്ദേഹത്തിനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ അർപ്പണബോധത്തോടു കൂടെയുള്ള പ്രവർത്തനം ഇല്ലായിരുന്നെങ്കിൽ കോട്ടയത്ത് മലങ്കരസഭ ഇന്നത്തെ നിലയിൽ കാണുമായിരുന്നോ എന്നു സംശയമാണ്.

അദ്ദേഹം പ്രഗത്ഭനായ ഒരു വിദ്യാഭ്യാസ പ്രവർത്തകനായിരുന്നു. വൈദിക വിദ്യാഭ്യാസത്തിനു പുറമെ ഇംഗ്ലീഷ് വിദ്യാഭ്യാസവും സഭാംഗങ്ങളിൽ പ്രചരിപ്പിക്കുന്നതിന് അദ്ദേഹം പരിശ്രമിച്ചു. ആലുവായിൽ ഇംഗ്ലീഷ് സ്കൂൾ സ്ഥാപിക്കുന്നതിന് അദ്ദേഹം പരിശ്രമിച്ചു. കുളങ്ങര കെ. പി. മാത്യു, വക്കീൽ ജോലി ഉപേക്ഷിച്ച് അദ്ധ്യാപകനായി മുഴുവൻ സമയവും പ്രവർത്തിക്കാമെന്ന് സമ്മതിച്ചു. എന്നാൽ കെ. പി. മാത്യുവിന്റെ അകാല നിര്യാണം മൂലം ആ സ്കൂൾ സ്ഥാപനം നടക്കാതെ പോയി.

ഇങ്ങനെ വിവിധങ്ങളായ സ്വഭാവ വിശേഷങ്ങളാൽ അലംകൃതനായ ഒരു വൈദിക മേലധ്യക്ഷനായിരുന്നു കടവിൽ പൗലോസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ. ഈ വിശുദ്ധന്റെ ഓർമ്മ ആലുവാ തൃക്കുന്നത്തു സെമിനാരിയിൽ നവംബർ 2-ാം തീയതി കൊണ്ടാടി വരുന്നു. ഈ പിതാവിന്റെ പ്രാർത്ഥന മലങ്കരസഭയ്ക്കു കോട്ടയായിരിക്കട്ടെ.

## കുറിപ്പുകൾ

1. ഓറിയന്റൽ ഓർത്തഡോക്സ് സഭകളിൽ ഒന്ന്. അപ്പോസ്തോലിക കാലത്തു തന്നെ ഇത് സ്ഥാപിതമായി. 19-ാം നൂറ്റാണ്ടിൽ മലങ്കരസഭയുമായി ബന്ധമുണ്ടായി. മലങ്കരയുടെ ലൗകികഭരണം കീഴ്പെടുത്താൻ ശ്രമിച്ചു.
2. പോളീഷ് വംശജനായ ഇദ്ദേഹം റോമൻ കത്തോലിക്കാ സഭാംഗമായി

രുന്നു. പിന്നീട് ഓൾഡ് കാതലിക് ചർച്ചിലും റഷ്യൻ ഓർത്തഡോക്സ് സഭയിലും പട്ടക്കാരൻ. 1891-ൽ സുറിയാനി സഭയിൽ ചേർന്നു. 1892 മെയ് 29-നു കൊളംബോയിൽ വച്ചു അമേരിക്കയുടെ മെത്രാപ്പോലീത്തായായി. തുടർന്ന് ആഫ്രിക്ക, യൂറോപ്പ്, അമേരിക്ക എന്നീ ഭൂഖണ്ഡങ്ങളിലായി അനേകം സഭകൾ സ്ഥാപിക്കുകയും അനേകം പേരെ വൈദികരായും മേല്പട്ടക്കാരായും വാഴിക്കുകയും ചെയ്തുവെങ്കിലും സഭാപരമായി ഇദ്ദേഹത്തിന്റെ നിലപാടുകൾക്ക് സ്ഥിരതയില്ലായിരുന്നു. 1929 ജൂലൈ 8-നു കാലം ചെയ്തു.

3. മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് (1833 - 1909). വിദ്യാഭ്യാസ, പത്രപ്രവർത്തന, പ്രസിദ്ധീകരണ മേഖലകളിലെല്ലാം പ്രവർത്തിച്ച സാമൂഹ്യ പരിഷ്കർത്താവ്. മലയാള മനോരമ പത്രത്തിന്റെ സ്ഥാപനത്തിൽ നിർണായക പങ്കു വഹിച്ചു. 1865-ൽ മെത്രാപ്പോലീത്തായായി. നവീകരണ കൊടുങ്കാറ്റിൽ നിന്ന് മലങ്കരസഭയെ രക്ഷപ്പെടുത്തി. മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ, മാനേജിംഗ് കമ്മറ്റി എന്നിവയുടെ ശില്പി. ആരാധനാക്രമങ്ങൾ മലയാളത്തിൽ പ്രസിദ്ധീകരിച്ചു. 200-ൽ പരം സ്കൂളുകൾ സ്ഥാപിച്ചു. 1909 ജൂലൈ 11-നു കാലം ചെയ്തു. പഴയസെമിനാരി ചാപ്പലിൽ കബറടക്കി.

4. റോമൻ കത്തോലിക്കാ സഭയിൽ നിന്നും 1887-ൽ സുറിയാനി സഭാ വിശ്വാസത്തിലേക്കു വന്ന ഒരു ജസ്യൂട്ട് പുരോഹിതൻ. 1889 ജൂലൈ 29-ന് കോട്ടയം പഴയസെമിനാരിയിൽ വച്ച് മെത്രാപ്പോലീത്തായായി. ഗോവയിൽ നിന്നും പ്രസിദ്ധീകരിക്കുന്ന ഏതാനും പ്രസിദ്ധീകരണങ്ങളുടെ പത്രാധിപരായിരുന്നു. ഗോവയുടെ സ്വാതന്ത്ര്യത്തിനു വേണ്ടി പോരാടിയതു മൂലം പോർട്ടുഗീസ് - റോമൻ കത്തോലിക്കാ ഭരണാധികാരികളാൽ പീഡിപ്പിക്കപ്പെട്ടു. പല കുറ്റങ്ങളും ആരോപിക്കപ്പെട്ട് ജയിലിലടക്കപ്പെട്ടു. 1923 സെപ്റ്റംബർ 23-ന് കാലം ചെയ്തു. പൊതു ശ്മശാനത്തിൽ അടക്കപ്പെട്ടു. 1967-ൽ ഭൗതികാവശിഷ്ടം പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ (അന്ന് ബാഹ്യ കേരളാ ഭദ്രാസന മെത്രാപ്പോലീത്താ) ഗോവാ സെന്റ് മേരീസ് പള്ളിയുടെ മദ്ബഹായുടെ താഴെ പ്രത്യേകം തയാറാക്കിയ കല്ലറയിൽ നിക്ഷേപിച്ചു.

5. അന്ത്യോഖ്യാ പാത്രിയർക്കീസായിരുന്ന മാർ ഇഗ്നാത്തിയോസ് പത്രോസ് തൃതീയൻ. 1875-ൽ കേരളത്തിൽ വന്നു. 1894-ൽ കാലം ചെയ്തു. തുർക്കിയിലെ കുർക്കുമാ ദയറായിൽ കബറടക്കി.

6. ഇന്ത്യയുടെ തെക്കുകിഴക്കൻ തീരത്ത് ഇന്ത്യൻ മഹാ സമുദ്രത്തിൽ സ്ഥിതി ചെയ്യുന്ന 65.610 കിലോമീറ്ററുള്ള ദ്വീപ് രാഷ്ട്രമാണ് ശ്രീലങ്ക. ഇതിന്റെ തലസ്ഥാനമാണ് കൊളംബോ. സിംഹളരും തമിഴരുമാണ് പ്രധാന വംശീയ വിഭാഗം. ബി. സി. അഞ്ചാം നൂറ്റാണ്ടിൽ ഇന്ത്യയിൽ നിന്നും കുടിയേറിയ ഇന്തോ ആര്യന്മാരുമായി ദ്വീപിലെ ആദിവാസികൾ കൂടികലർന്നതാണ് സിംഹള ജനത. ദ്രാവിഡ ഭാരതത്തിൽ നിന്നും പിൽക്കാലത്ത് കുടിയേറിയവരാണ് തമിഴർ. 1802-ൽ ബ്രിട്ടീഷ് കോളനിയായി തീർന്നു. 1948-ലാണ് സ്വാതന്ത്ര്യം നേടുന്നത്.

7. കടവിൽ പൗലൂസ് മാർ അത്താനാസ്യോസ്, കോട്ടയം ഭദ്രാസനത്തിന്റെ

പ്രഥമ മെത്രാപ്പോലീത്താ. 1876 ഡിസംബർ 3-ന് വടക്കൻപറവൂർപള്ളിയിൽവെച്ച് മേൽപ്പട്ടസ്ഥാനം. 1907 നവംബർ 2 ന് കാലം ചെയ്തു. ആലുവാ തൃക്കുന്നത്തു സെമിനാരിയിൽ കബറടക്കി.

8. പ. പരുമല തിരുമേനി (1848 - 1902). 1848 ജൂൺ 15 ന് ജനിച്ചു. 1857 സെപ്റ്റംബർ 26-ന് കോറൂയോ ആയി. 1865-ൽ കശീശായും കോറെപ്പിസ്ക്കോപ്പായും. 1872 ഏപ്രിൽ 7-ന് റമ്പാൻ. 1876 ഡിസംബർ 10-ന് മലങ്കരസഭയിലെ മെത്രാപ്പോലീത്തായായി വാഴിച്ചു. നിരണം, തുമ്പമൺ, കൊല്ലം ഭദ്രാസനങ്ങളുടെ മെത്രാപ്പോലീത്താ. മലയാള സഞ്ചാരസാഹിത്യത്തിൽ ലക്ഷണമൊത്ത ആദ്യത്തെ സഞ്ചാരസാഹിത്യ കൃതിയായ 'ഊർശ്ലേം യാത്രാവിവരണം' 1895 ൽ രചിച്ചു പ്രസിദ്ധീകരിച്ചു. 1902 നവംബർ 3-ന് തിങ്കളാഴ്ച വെളുപ്പിന് ഒരു മണിക്ക് കാലം ചെയ്തു. 1902 നവംബർ 4-ന് ചൊവ്വാഴ്ച പരുമല സെമിനാരിയിൽ കബറടക്കി. സാമൂഹ്യ പരിഷ്ക്കർത്താവ്, ആധുനിക വിദ്യാഭ്യാസത്തിന്റെ പ്രചാരകൻ, ദളിത് വിഭാഗങ്ങളുടെ വിമോചകൻ, അനുഗൃഹീത പ്രഭാഷകൻ, അജപാലകൻ എന്നീ നിലകളിൽ തിളക്കമാർന്ന വ്യക്തിത്വം. 1947 നവംബർ 2-ന് മലങ്കര ഓർത്തഡോക്സ് സഭ ഇദ്ദേഹത്തെ പരിശുദ്ധനായി പ്രഖ്യാപിച്ചു.

9 മുൻകുറിപ്പ് 4 കാണുക.

10. കോട്ടയം ഓർത്തഡോക്സ് സെമിനാരി (പഴയസെമിനാരി). സ്ഥാപകൻ മലങ്കര മെത്രാപ്പോലീത്താ, പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് പ്രഥമൻ.

11. വാക്കിന്റെയർത്ഥം 'പൂർണ്ണ ശെമ്മാശനു താഴെയുള്ള' സ്ഥാനം (Sub deacon) എന്നാണ്. വൈദികപദവിയിലേക്കു വരുമ്പോൾ ഇപ്പോൾ അധികവും ഈ സ്ഥാനമാണ് ആദ്യം നൽകുന്നത്. ഇവർ ശുശ്രൂഷക്കുപ്പായത്തിനു പുറമെ, ഊറാറ മാറിലൂടെ ഒന്നു ചുറ്റി ഇടത്തെ തോളിലൂടെ അതിന്റെ തുമ്പുകൾ മുമ്പോട്ടും പിമ്പോട്ടുമായി ഇട്ട് ധരിക്കുന്നു.

12. പട്ടക്കാരനല്ലാത്ത സാധാരണ ക്രിസ്ത്യാനികളെ വിശേഷിപ്പിക്കുന്നത്.

13. പിന്നീട് സ്ലീബാ മാർ ഒസ്താത്തിയോസ്. തുർക്കിയിലെ ഡയർബക്കർ സ്വദേശി. 1881 ൽ ശീമോൻ അത്താനാസ്യോസിന്റെ കൂടെ ശെമ്മാശനായി കേരളത്തിൽ വന്നു. 1908 ൽ ഇറാക്കിലെ മൂസലിൽ വെച്ച് ഒസ്താത്തിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തായായി കേരളത്തിൽ തിരിച്ചെത്തി. 1930 മാർച്ച് 19-നു കാലം ചെയ്തു. മലങ്കരയിലെ അന്ത്യോഖ്യാ പ്രതിനിധി എന്ന് അവകാശപ്പെട്ടിരുന്നു. ആർത്താറ്റ് കുന്നംകുളം പുത്തൻ പള്ളിയിൽ കബറടക്കി.

* മൂക്കഞ്ചേരിൽ ഗീവർഗീസ് റമ്പാൻ (1829 - 1898) പരുമല തിരുമേനിയുടെ ഒരു ആത്മസുഹൃത്തായിരുന്നു. നവീകരണത്തിനെതിരെയുള്ള പ്രവർത്തനങ്ങൾക്ക് മുൻപന്തിയിലായിരുന്നു.

14. നിശ്ചിതസമയക്രമം അനുസരിച്ച് നിശ്ചിത റൂട്ടിൽ പോകുന്ന വാഹനം. തപാൽ ഉരുപ്പടികൾ കൊണ്ടുപോകുന്നതിനാലാണ് ഈ പേര് ലഭിച്ചത്.

15. മാർത്തോമാശ്ലീഹാ സ്ഥാപിച്ച ഏഴരപള്ളികളിൽ ഒന്ന്.

16. കൊളംബ്.
17. ഈസ്റ്ററിനു ശേഷം 40 -ാം ദിവസം. യേശു സ്വർഗാരോഹണം ചെയ്തത് സ്മരിക്കുന്നു (ലൂക്കോസ് 24:50-51; അപ്പോ. പ്ര. 1:9-11).
18. ഗ്രീക്ക് പദം. 'പ്രധാന പിതാവ്' എന്നർത്ഥം. വലിയ പട്ടണങ്ങളിലെ മേല്പട്ടക്കാരെ പാത്രിയർക്കീസന്മാർ എന്നു വിളിക്കുന്നു.
19. ഒരേ വിശ്വാസം എന്നാണ് വാക്കിന്റെ അത്ഥം. പട്ടംകൊട സമയത്ത് പ്രധാന കാർമ്മികൻ സഭയുടെ അടിസ്ഥാനവിശ്വാസം പ്രഖ്യാപിക്കുന്നു. പട്ടം ഏൽക്കുന്നയാൾ ഈ വിശ്വാസം സ്വീകരിച്ച് കൈഒപ്പ് വയ്ക്കുന്നു. ഈ പ്രഖ്യാപനമാണ് അമലോഗിയ.
20. പെന്തിക്കോസ്തിപ്പെരുന്നാൾ (അപ്പോ. പ്ര. 2:1-42).
21. തെശ്മെശ്ത്താ: 'ശുശ്രൂഷ' 'ക്രമം' 'ഭാഗം' എന്നർത്ഥം.
22. അംബാസിഡർമാർ.
23. സിംഹളർ.

## കടപ്പാട്:

1. ഡോ. കെ. പി. ജോർജ്ജ് കടവിൽ സമ്പാദനം ചെയ്ത 1907 നവം. 2, നവം. 6, നവം. 9, ഡിസം. 18 എന്നീ തീയതികളിലെ മലയാള മനോരമ ദിനപത്രത്തിലെ തിരുമേനിയെക്കുറിച്ചുള്ള വിവരങ്ങൾ.

2. മാർ ശെമവൂൻ ദീവന്നാസ്യോസിന്റെ നാളാഗമം.

## ഗ്രന്ഥങ്ങൾ

1. *പാമ്പാടി തിരുമേനി*, കെ. എം. കുറിയാക്കോസ്.

2. *മലങ്കരയിലെ രണ്ടാം കാതോലിക്കാ*, കെ. കുറിയാക്കോസ്.

3. *മലങ്കര നസ്രാണികൾ (വാല്യം 3),* ഇസ്സഡ് എം. പാറേട്ട്.

4. *പരുമല കൊച്ചുതിരുമേനി*, ഫാ. ഇ. ജെ. ഏബ്രഹാം.

5. *പവിത്രരചനകൾ*, ഡോ. സാമുവൽ ചന്ദനപ്പള്ളി.

6. *പ. ഗീവർഗീസ് ദ്വിതീയൻ ബാവാ*, ഫാ. റ്റി. ജി. സഖറിയാ.

7. *കടവിൽ തിരുമേനി*, ഫാ. സൈമൺ പുലിക്കോട്ടിൽ.

8. *കാതോലിക്കേറ്റിന്റെ നിധി*, എം. കുര്യൻ തോമസ്, ജോയ്സ് തോട്ടയ്ക്കാട് (എഡി.), കോട്ടയം, 2006.

## ലേഖനം

1. തൃക്കുന്നത്തു സെമിനാരി, ഡോ. എം. കുര്യൻ തോമസ്.

# ഗുരുവിന്റെ ജീവിതം ശിഷ്യന്റെ നാൾവഴിയിൽ നിന്നും

*(പ. ഗീവർഗീസ് പ്രഥമൻ ബാവായുടെ ഡയറിയിലെ, ഗുരുവായ കടവിൽ തിരുമേനിയെക്കുറിച്ചുള്ള പരാമർശനങ്ങൾ ഇവിടെ സമാഹരിച്ചിരിക്കുന്നു. ഇതിൽ കഥാനായകൻ എന്നു പരാമർശിക്കുന്നത് എഴുത്തുകാരനായ ഗീവർഗീസ് റമ്പാനെ തന്നെയാണ് - ഡോ. എം. കുര്യൻ തോമസ്)*

പിന്നീട് 1058 ചിങ്ങത്തിൽ കോട്ടയത്ത് പുത്തൻപള്ളിയിൽ കാലം ചെയ്തിരിക്കുന്ന മാർ ശെമഓൻ അത്തനാസ്യോസ് ബാവായും, കോട്ടയം ഇടവകയുടെ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായും കൂടി വാകത്താനത്ത് പള്ളിയിലേക്ക് റീശീസാ പിരിവിനായി നീങ്ങുകയും ടി. പിരിവ് കഴിഞ്ഞ് ശെമഓൻ അത്താനാസ്യോസ് ബാവാ കോട്ടയത്ത് കുരിശുപള്ളിയിലേക്ക് നീങ്ങുകയും അത്താനാസ്യോസ് മെത്രാപ്പോലീത്താ വാകത്താനത്ത് തന്നെ താമസമാക്കുകയും ചെയ്തു. കളപ്പുരയ്ക്കൽ പൗലോസ് കത്തനാർക്ക് തന്റെ അനന്തിരവനായി ഒരാൾക്ക് പട്ടം കൊടുക്കണമെന്ന് ആഗ്രഹമുണ്ടായതിനെ ടി. മെത്രാപ്പോലീത്തായെ താൻ അറിയിച്ചതിനെ സ്വീകരിച്ച് ഗീവറുഗീസിനെ പള്ളിയിൽ വരുത്തി ടി. തുലാ മാസത്തിൽ മെത്രാപ്പോലീത്താ തന്നെ പള്ളിനടയിൽ പ്രാർത്ഥന കഴിച്ച ശേഷം സുറിയാനി ആദ്യാക്ഷരം ചൊല്ലി കൊടുക്കുകയും ടി. മാസം 30 ന് പാമ്പാടിയിലേയ്ക്ക് അദ്ദേഹം നീങ്ങുകയും ചെയ്തു.

പിന്നീട് ടി. ആണ്ട് ഇടവ മാസത്തിൽ ഗീവറുഗീസിന് പട്ടം കൊടുക്കണമെന്ന് പൗലോസ് കത്തനാരും മറ്റും തീർച്ചയാക്കി. പള്ളിക്കാരുടെ യോഗക്കുറിപ്പും വാങ്ങി അന്ന് കോട്ടയം ഇടവകയുടെ മാർ അത്തനാസ്യോസ് മെത്രാപ്പോലീത്താ തന്റെ സഞ്ചാരത്തിൽ കല്ലുങ്കത്ര പള്ളിയിലേക്ക് നീങ്ങിയിരിക്കയായിരുന്നു. അവിടെ ഗീവറുഗീസിന്റെ പിതാവെത്തി തിരുമനസ്സറിയിച്ചതിൽ വാകത്താനത്ത് പള്ളിയിൽ എത്തി പട്ടം കൊടുത്തു കൊള്ളാമെന്ന് കല്പിച്ചു. താമസം കൂടാതെ തന്നെ തിരുമേനി ടി. പള്ളിയിൽ നീങ്ങി മിഥുന മാസം 1 ന് ഞായറാഴ്ച പെന്തിക്കൊസ്തി പെരുനാളിൽ ഗീവറുഗീസിന് കോറൂയോ പട്ടം കൊടുക്കുകയും പിന്നീട് അദ്ദേഹം ഏകദേശം ഒരു മാസത്തോളം ടി. പള്ളിയിൽ ഇരുന്നു.

മിഥുന മാസം 4 വാകത്താനത്ത് നിന്നും മാർ അത്തനാസ്യോസ് മെത്രാപ്പോലീത്തായും സിമ്മനാരിയിൽ വന്നു താമസം തുടങ്ങി. 1062 ചിങ്ങം 30 ന് സിമ്മനാരിയിൽ ഒരു പൊതുയോഗം കൂടി. ആ യോഗത്തിൽ മലങ്കരയുള്ള എല്ലാ ശെമ്മാശന്മാരെയും വൈദിക വിദ്യാർത്ഥികളെയും വരുത്തി സിമ്മനാരിയിൽ പഠനം നടത്തണമെന്ന് ആയതിലേക്ക് മാർ അത്തനാ

സ്യോസ് മെത്രാപ്പോലീത്തായെ വിചാരവും കോനാട്ട് മാത്തൻ മല്പാനും വട്ടശ്ശേരിൽ ഗീവറുഗീസ് മല്പാനും മല്പാൻമാർ ആയിരിക്കണമെന്ന് നിശ്ച യിക്കയും യോഗം പിരിയുകയും ചെയ്തു. ടി. കന്നി മാസം 20 ന് കൊച്ചി ഇടവകയുടെ ദിവന്നാസ്യോസ് കാലം ചെയ്തു. തുരുത്തിക്കര പള്ളിയിൽ അടക്കി. ടി. ആണ്ട് തുലാ മാസം 15 ന് ഗീവറുഗീസ് ശെമ്മാശു സിമ്മനാ രിയിൽ പഠിക്കാൻ പോയി. വൃശ്ചികം ആദ്യം മല്പാനച്ചന്മാരും ശെമ്മാശ ന്മാരും വിദ്യാർത്ഥികളും വന്ന് ചേരുകയും അത്തനാസ്യോസ് മെത്രാപ്പോ ലീത്തായുടെ ഒരു പ്രസംഗത്തിന്റെയും കണ്ണീരോടെ ഉള്ള പ്രാർത്ഥനയു ടെയും ശേഷം പഠിത്തം ആരംഭിച്ചു. ആയത് വൃശ്ചികം 3-ന് ആകുന്നു.

1065 മാണ്ട് ചിങ്ങത്തിൽ ........ പിന്നീട് മാർ അത്തനാസ്യോസ് മെത്രാ പ്പോലീത്താ പാമ്പാടി പള്ളിയിൽ എഴുന്നള്ളിയിരിക്കയാൽ പഠിക്കുന്നതി നായി ടി. കന്നി മാസം 23 ന് അവിടെ എത്തി ടി. തിരുമേനിയുടെ അടു ക്കൽ സുറിയാനി പഠിത്തം തുടങ്ങി. ഇങ്ങിനെ പാമ്പാടിയിൽ താമസിച്ചു കൊണ്ടിരിക്കുമ്പോൾ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ മാർ അത്ത നാസ്യോസ് മെത്രാപ്പോലീത്തായ്ക്ക് ആളെ അയയ്ക്കയാൽ പാമ്പാടി പള്ളിയിൽ നിന്നും കോട്ടയത്ത് സിമ്മനാരിയിലേയ്ക്ക് തിരുമേനി നീങ്ങി. ഗീവറുഗീസ് ശെമ്മാശനും കൂടെ പോയി. മുരീയ്ക്കൽ മത്തായി ശെമ്മാ ശൻ തിരുമേനിയുടെ കൂടെ പഠിക്കയായിരുന്നു.

വെളിയനാടു പള്ളിയിൽ വച്ച് ക്നാനായ കമ്മട്ടിക്കാരുടെ ഒരു യോഗം കൂടുന്നതിൽ തിരുമേനികളും എഴുന്നള്ളിയിരിക്കണമെന്ന് അവർ അപേ ക്ഷിക്കയാൽ മകരം 7 ന് തിരുമേനികളും പരിവാരങ്ങളും സിമ്മനാരിയിൽ നിന്നും പുറപ്പെട്ട് പുത്തനങ്ങാടിയിൽ എത്തി. അവിടെ നിന്നും ബോട്ടിൽ ആയിരുന്നു എഴുന്നള്ളത്ത്. ആ എഴുന്നള്ളത്ത് എത്രയും ആഘോഷ ത്തോടെ ആയിരുന്നു. സന്ധ്യയ്ക്ക് വെളിയനാടു പള്ളിയിൽ എത്തി. ടി. 8 ന് എസ്തപ്പാനോസു സഹദായുടെ പെരുന്നാളും ക്നാനായ കമ്മട്ടിക്കാ രുടെ കൂട്ടവും ആയിരുന്നു. കൂട്ടത്തിനായി അനേകം ജനങ്ങൾ എത്തിയി രുന്നു.

അങ്കമാലി ഇടവകയുടെ മാർ കൂറിലോസ് മെത്രാപ്പോലീത്തായ്ക്ക് ദീനം അത്യന്തമെന്ന് മാർ അത്തനാസ്യോസ് മെത്രാപ്പോലീത്താ അവിടേയ്ക്ക് നീങ്ങണമെന്നും അങ്കമാലിപ്പള്ളിക്കാരുടെ കമ്പി വരികയാൽ 8 ന് കാലത്തെ മാർ അത്തനാസ്യോസു മെത്രാപ്പോലീത്താ അവിടേക്ക് നീങ്ങു കയാൽ കമ്മട്ടിയിൽ കൂടുന്നതിന് ഇടയായില്ല. ടി. തിരുമേനിയോട് കൂടെ മൂരിയ്ക്കൽ മത്തായി ശെമ്മാശനും ഗീവറുഗീസ് ശെമ്മാശനും പോയി രുന്നു.

9 ന് സന്ധ്യയോട് കൂടി അകപ്പറമ്പു പള്ളിയിൽ എത്തി മെത്രാപ്പോലീ ത്തായെ കണ്ടു. കുറെ ദിവസം കൊണ്ട് അദ്ദേഹത്തിന്റെ സുഖക്കേട് തീർ

ന്നതിനാൽ തിരുമേനി അവിടെ നിന്നും പറവൂർ പള്ളിയിലേയ്ക്കും അവിടെ നിന്നും കല്ലുങ്കത്ര പള്ളിയിലേയ്ക്കും നീങ്ങി. മീനം 3 ന് തിരു മേനി മുരീയ്ക്കൽ മത്തായി ശെമ്മാശനു കത്തനാരു പട്ടവും കല്ലുങ്കത്ര യാക്കോബിനും ശാലാശേരിൽ വർക്കിക്കും കോറൂയോ പട്ടവും കൊടുത്തു.

മേട മാസത്തിൽ പാമ്പാക്കുട യോഹന്നാൻ മല്പാനച്ചന്റെ നാല്പതാം ദിവസമടിയന്തിരത്തിൽ തിരുമേനി എത്തണമെന്ന് അവരുടെ എഴുത്ത് വരി കയാൽ കല്ലുങ്കത്രയിൽ നിന്നും മേടം 3 ന് പുറപ്പെട്ടു. 4–ന് പിറവത്ത് പള്ളിയിൽ കൂടി പാമ്പാക്കുടെ എത്തി. 5 ന് നാല്പതാം ദിവസം അടിയ ന്തിരം ഭംഗിയായി കഴിക്കയും മാത്തൻ കത്തനാരെ മല്പാനായി മാർ ദിവ ന്നാസ്യോസ് മെത്രാപ്പോലീത്തായും മാർ അത്തനാസ്യോസ് മെത്രാപ്പോ ലീത്തായും മാർ ഈവാനിയോസ് മെത്രാപ്പോലീത്തായും കൂടെ പേര് വിളി ക്കയും മോതിരം, പട്ട്, ളോഹ മുതലായവ ഇടുവിക്കയും ചെയ്തു. അവിടെ നിന്നും അത്തനാസ്യോസ് മെത്രാപ്പോലീത്താ തിരിച്ച് കല്ലുങ്കത്ര പള്ളി യിലേയ്ക്ക് നീങ്ങി. കല്ലുങ്കത്ര പള്ളിയിൽ നിന്നും ഇടവ മാസത്തിൽ തിരു മേനി കുറിച്ചി പള്ളിയിലേക്ക് നീങ്ങുകയും 20 ന് കല്ലാശേരി പുന്നൂസിന് കോറൂയോ പട്ടവും അതോടുകൂടെ കഥാനായകൻ ഗീവറുഗീസിന് കോറൂ യോയ്ക്ക് എവുപ്പതിയക്കോനോ എന്ന പട്ടവും ടി. തിരുമേനി കൊടുത്തു. അവിടെ നിന്നും തിരുമേനി സിമ്മനാരിയിലേക്ക് നീങ്ങുകയും ചെയ്തു.

1066 മകര മാസത്തിൽ ഗീവറുഗീസ് ശെമ്മാശൻ പള്ളത്തെ പള്ളിക്കൂ ടത്തിൽ പ്രൈവറ്റായി ഇംഗ്ലീഷ് പഠിക്കുന്നതിനായി മാർ അത്തനാസ്യോസ് മെത്രാപ്പോലീത്തായുടെ അടുക്കൽ നിന്നും പോരുകയും തിരുമേനി പറ വൂർക്ക്, നീങ്ങുകയും ചെയ്തു.

പിന്നീട് ഗീവറുഗീസ് ശെമ്മാശു കർക്കിടകം 13 ന് പള്ളത്തിന് പഠി പ്പാൻ പോയി. 68 ചിങ്ങത്തിൽ മാർ അത്തനാസ്യോസ് മെത്രാപ്പോലീത്താ വാകത്താനത്ത് പള്ളിയിലേയ്ക്ക് നീങ്ങുകയും ടി. കന്നി മാസം 6 ന് ഗീവ റുഗീസ് ശെമ്മാശു മ്മ്ശമീശാനപ്പട്ടം ടി. തിരുമേനിയോട് ഏൾക്കുകയും ചെയ്തു. അന്ന് ഇടവഴിക്കൽ ലൂക്കോസ് ശെമ്മാശൻ വന്നു കത്തനാരു പട്ടവും ഏറ്റു.

ഇടവ മാസത്തിൽ മാർ അത്തനാസ്യോസ് മെത്രാപ്പോലീത്താ മണർ കാട്ടു പള്ളിയിലേക്ക് നീങ്ങിയിരിക്കുമ്പോൾ ഗീവറുഗീസ് ശെമ്മാശൻ വീണ്ടും അവിടെ എത്തി സുറിയാനി പഠിക്കാൻ തുടങ്ങി. മണർകാട് പുത്തൻപള്ളി പണി തീരാതെ ജീർണ്ണതയിൽ കിടന്നിരുന്നതിനാൽ മെത്രാ പ്പോലീത്താ അവിടെ താമസിച്ച് ജനങ്ങളെ താല്പര്യപ്പെടുത്തണമെന്ന് യോഗക്കാർ അപേക്ഷിച്ചതുകൊണ്ട് അവിടെ താമസിച്ച് പിരിവെടുത്ത് പള്ളി പണിക്കാരംഭിച്ചു. ടി. മാസത്തിൽ അൽവാറീസു മെത്രാപ്പോലീത്താ

മണർകാട്ടു പള്ളിയിൽ നീങ്ങി അത്തനാസ്യോസ് മെത്രാപ്പോലീത്തായെ കണ്ട് തിരിച്ച് പോവുകയും ചെയ്തു.

69 ചിങ്ങത്തിൽ മുളന്തുരുത്തി പള്ളിയിൽ ത്രീസാസ്സാ ശുബഹാ സമൂഹം കൂടുന്നതിനായി തിരുമേനി അവിടേക്ക് നീങ്ങിയപ്പോൾ ഗീവറുഗീസ് ശെമ്മാശു കൂടെ പോയി. 19 ന് മുളന്തുരുത്തി പള്ളിയിൽ എത്തി. 20 ന് കൂറിലോസു ബാവായുടെ ഓർമ്മയും പെരുന്നാളും 21 –ം, 22 –ം തീയതികളിൽ കമ്മട്ടി നിശ്ചയവും കഴിഞ്ഞ് 25 ന് തിരിച്ച് മണർകാട് എത്തി. കന്നി മാസം 7 ന് മുമ്പു മണർകാട്ടു പള്ളി മദുബഹായുടെ വളവും അകത്തെ തേപ്പും കഴിഞ്ഞതിനാൽ 8 ന് കൂദാശ കഴിച്ച് തിരുമേനി കുർബ്ബാന ചൊല്ലി. പിന്നെ ഹൈക്കലായുടെ പണി ആരംഭിച്ചു നടത്തി വന്നു.

കുംഭം 6 ന് പാമ്പാടി പള്ളിയിലേയ്ക്ക് തിരുമേനിയോടു കൂടെ ഗീവറുഗീസ് ശെമ്മാശനും പോയി. ആ സമയം ഉണ്ടായിരുന്ന വസന്ത നിമിത്തം 3 നോമ്പിൽ ഉപവാസവും പ്രാർത്ഥനയും പ്രത്യേകം കഴിക്കയുണ്ടായി. വടക്കൻപറവൂർ പള്ളി മതിലകത്ത് നിന്ന് പൂവരശ് വെട്ടിയതിനെ കുറിച്ചും കൈസ്ഥാനത്തെ സംബന്ധിച്ചും അവിടെ വഴക്കുണ്ടായതിനാൽ അവരിൽ ചിലർ പാമ്പാടി പള്ളിയിൽ എത്തിയതിനാൽ തിരുമേനി അവിടെ നിന്നും പുറപ്പെട്ട് കല്ലുങ്കത്ര വഴിയായി കുംഭം 16 ന് രാത്രി 10 മണിക്ക് പറവൂർ പള്ളിയിൽ എത്തി. 21 ന് ആലുവാ പള്ളിയിലേക്ക് തിരുമേനി നീങ്ങിയതിനോടു കൂടി ഗീവറുഗീസ് ശെമ്മാശും പോയി. 22 ന് ത്രീസ്സായ് ശുബഹോ കമ്മട്ടിയും പെരുന്നാളും കഴിഞ്ഞ് തിരിച്ച് പറവൂരെത്തി. കുംഭം 28 ന് അവിടുത്തെ വഴക്ക് തീർക്കുന്നതിനായി ഒരു ഭാഗക്കാർ വല്ല്യ മെത്രാച്ചനെയും കൊണ്ടു വന്നു. തിരുമേനികളും മുനിസിഫും വക്കീലന്മാരും മറ്റും കൂടി രാജി പറഞ്ഞാറെ തീരാഴികയാൽ വല്ല്യ മെത്രാച്ചൻ മീനം 10 ന് കൊല്ലത്തേക്ക് പോയി. മീനം 16 ന് പറവൂർ നിന്നും വെട്ടിക്കൽ ദയറായിലേക്കുള്ള തിരുമേനിയുടെ യാത്രയിൽ തൃപ്പൂണിത്തുറ പള്ളിയിൽ 18 ന് എത്തി താമസിച്ചു. അന്നവിടെ കരോട്ടുവീട്ടിൽ യുയാക്കീം കത്തനാർ വികാരിയായിരുന്നു. 20 ന് ഞായറാഴ്ച ടി. അച്ചൻ കുർബാന ചൊല്ലുകയും തിരുമേനി പ്രസംഗിക്കുകയും ചെയ്തു. അവർക്ക് വളരെ താത്പര്യമായിരുന്നു. 21 ന് അവിടെ നിന്നും വണ്ടി വഴിയായി പുറപ്പെട്ട് കല്ലുങ്കത്ര പള്ളിയിലും അവിടെ നിന്ന് മൂക്കഞ്ചേരി റമ്പാച്ചന്റെ ബെസ സ്കാസാ കുന്നിലും അവിടെ നിന്നും തുരുത്തി പള്ളിയിലും എത്തി താമസിക്കയും 22 ന് കാലത്ത് യാത്ര പുറപ്പെട്ട് 9 മണിക്ക് വെട്ടിക്കലും എത്തി. ടി. തുരുത്തി പള്ളിയിൽ കൊച്ചി ഇടവകയുടെ ദിവന്നാസ്യോസ് മെത്രാച്ചൻ കബറടങ്ങിയിരുന്നു.

22 ന് പാമ്പാക്കുടെ മല്പാനച്ചനും അടുത്ത പള്ളിക്കാരിൽ പ്രമാ

ണികളും വന്നുചേർന്നു. റമ്പാച്ചന്മാർ തമ്മിലുണ്ടായിരുന്ന വഴക്കുകൾ തീർക്കുന്നതിന് ആലോചിച്ച് ഒരു ഉടമ്പടി എഴുതി തീർക്കയും ദയറായിലെ കാര്യാന്വേഷണത്ത് 4 കൈക്കാരൻമാരെ നിയമിക്കയും ചെയ്തു. 28 ന് വെട്ടിക്കൽ നിന്നും തിരുമേനിയും പരിവാരങ്ങളും മുളന്തുരുത്തി പള്ളിയിൽ എത്തി. അവിടെ നിന്നും കോട്ടയത്തേക്ക് പോരുംവഴി കൊച്ചു മെത്രാച്ചന്റെ വീട്ടിൽ കയറി. അവിടെ നിന്ന് കല്ലുങ്കത്രയും അവിടെ നിന്നും 30 ന് സിമ്മനാരിയിലും എത്തി.

മേടം 1 ന് സിമ്മനാരിയിൽ ഒരു കമ്മട്ടി ഉണ്ടായിരുന്നു. അതിലേക്ക് കമ്മട്ടിക്കാരും തിരുമേനികളും കൂടി വേണ്ട കാര്യങ്ങൾ നിശ്ചയിച്ച് കമ്മട്ടിക്കാർ പിരിഞ്ഞു. മേടം 9 ന് സിമ്മനാരിയിൽ നിന്നും മണർകാട്ടേക്ക് വള്ളം വഴിയായി പോകയും 20 ന് തിരിച്ചു സിമ്മനാരിയിൽ എത്തുകയും 22 ന് കോട്ടയത്ത് ചെറിയപള്ളി വ്യവഹാരത്തിനുള്ള ഏർപ്പാടുകൾ നടക്കയും ചെയ്തു.

ഇടവം 8 ന് വല്യ മെത്രാച്ചനും അത്തനാസ്യോസ്, ഈവാനിയോസ് എന്ന തിരുമേനികളും കൂടി കുരിശുപള്ളിയിൽ നീങ്ങി. പട്ടക്കാരും ജനങ്ങളും തമ്മിലുണ്ടായ വഴക്ക് തീർത്ത് തിരിച്ച് സിമ്മന്നാരിയിലെത്തി. 17 ന് ദിവാൻ ശങ്കരസുബ്ബയർ കോട്ടയത്തു വന്നിരുന്നു. വല്യ തിരുമേനി ചെന്ന് അദ്ദേഹത്തെ കണ്ടു. 11 ന് സിമ്മന്നാരിയിൽ നിന്നും തിരുമേനി മണർകാട്ടിന് പോയി. 12 ന് വട്ടക്കുന്നേൽ അച്ചൻ കുർബ്ബാന ചൊല്ലുകയും ഹസ്കി. 47:9 വാക്യത്തെ സംബന്ധിച്ച് തിരുമേനി പ്രസംഗിക്കയും ചെയ്തു.

### കർക്കടകം

1 ന് മണർകാട് പുത്തൻപള്ളി പണിയിച്ച ആണ്ടും കാലവും ഇന്നാരുടെ കാലത്തെന്നും ...... ബന്ധത്തെ ഇംഗ്ലീഷിൽ ഗീവറുഗീസ് ശെമ്മാശു കൊത്തി. 2 ന് മെത്രാച്ചൻ തോട്ടക്കാടു പള്ളിയിലേയ്ക്ക് നീങ്ങി. യാത്രയിൽ അഞ്ചേരി പള്ളിയിലും കയറി പ്രാർത്ഥന കഴിച്ചു. 3 ന് തിരുമേനി കുർബാന ചൊല്ലി. സങ്കീ. 92:12 വാക്യത്തെ കുറിച്ച് പ്രസംഗിച്ചു. മണർകാട്ടേക്ക് തിരിച്ചു പോയി. കോനാട്ട് മല്പാനച്ചൻ മണർകാട്ട് വന്നിരുന്നു. ചിങ്ങം 30 ന് തിരുമേനി മണർകാട്ടു നിന്നും സിമ്മന്നാരിയിലേക്ക് പോയി. പറവൂർ പള്ളിക്കാരുടെ സംഗതി തീരുമാനിക്കുന്നതിനായി കമ്മട്ടിക്കാർ കൂടി തീരുമാനിച്ചു.

കന്നി 3-ന് തിരുമേനി സിമ്മന്നാരിയിൽ നിന്ന് വെളിയന്നൂരേക്കു പോയിരുന്നു. തിരുമേനി കുർബ്ബാന ചൊല്ലി പ്രസംഗിച്ചു. 6 ന് തിരുമനസിലെ സ്താത്തിക്കോൻ ആലപ്പുഴ കോർട്ടിൽ ഇരുന്നതു വാങ്ങിപ്പാനായി ഗീവറുഗീസ് ശെമ്മാശൻ അവിടേക്ക് പോയി തിരിച്ചു വരുംവഴി ചെന്നങ്കരി പള്ളിയിൽ കയറി കുരുവിള കത്തനാരെയും മറ്റും കാണുകയും ചെയ്തുകൊണ്ട്

തിരിച്ച് പള്ളിയിൽ എത്തി.

കന്നി 9 ന് വെളിയനാട്ടു നിന്നും തിരുമേനി സിമ്മന്നാരിയിലേക്കും അവിടെ നിന്നു 10 ന് കല്ലുങ്കത്ര പള്ളിയിലേക്കും പോയി. 13 ന് കല്ലുങ്കത്ര പള്ളിക്കാർ പള്ളി സംബന്ധമായ ഒരു ഉടമ്പടി എഴുതി രജിസ്ട്രർ ആക്കി. 14 ന് തിരുമേനി കോതമംഗലത്തേക്ക് യാത്ര പുറപ്പെട്ടു. 15 ന് രാമ്മങ്ങലത്തു പള്ളിയിലും സന്ധ്യയോടു കൂടെ റാക്കാട്ടു പള്ളിയിലും 17 ന് കോതമംഗലത്തു ചെറിയപള്ളിയിലും എത്തി താമസിച്ചു.

19 ന് രാത്രി പരിശുദ്ധന്മാരുടെ ഓർമ്മയെക്കുറിച്ച് സ്ലീബാ ശെമ്മാശൻ സുറിയാനിയിൽ പ്രസംഗിക്കയും മല്പാനച്ചൻ പൊരുൾ തിരിക്കയും ചെയ്തു. 20 ന് ബസേലിയോസ് ബാവായുടെ ഓർമ്മ ദിവസം തിരുമേനി കുർബ്ബാന ചൊല്ലി പ്രസംഗിച്ചു. അന്ന് ഉണ്ടായ കുർബാനപ്പണം എല്ലാ പട്ടക്കാർക്കും കൂടി ഒരു പോലെ വീതിച്ചു കൊടുത്തു.

25 ന് പത്രോസ് പാത്രിയർക്കീസ് ബാവാ തിരുമനസു കൊണ്ട് കാലം ചെയ്തു. തുലാ മാസം 2 ന് ഞായറാഴ്ച പള്ളിയകത്തേക്ക് ഇറങ്ങിയപ്പോൾ പാത്രിയർക്കീസു ബാവാ തിരുമേനി കാലം ചെയ്തെന്നുള്ള വിവരത്തിന് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ കല്പന വരികയും അതിനെക്കുറിച്ച് ദുഃഖിക്കയും ചെയ്തു. തിരുമേനി പ്രസംഗത്തിൽ പാത്രിയർക്കീസു ബാവായുടെ ഗുണങ്ങളെ കുറിച്ചും മറ്റും ദീർഘമായി പ്രസംഗിക്കയും കുർബ്ബാന കഴിഞ്ഞ് കൊഹനൈത്തായിൽ ഒരു തെശ്മെശ്ത്താ കഴിക്കയും ചെയ്തു.

8 ന് ചെറിയപള്ളിയിൽ നിന്നും വലിയപള്ളിയിലേക്ക് പോയി. 9 ന് തിരുമേനി കുർബ്ബാന ചൊല്ലി പ്രസംഗിച്ചു. ഉച്ചകഴിഞ്ഞ് തിരികെ ചെറിയ പള്ളിയിലേക്ക് പോരികയും ചെയ്തു.

14 ന് തിരുമേനി കോതമംഗലത്തു നിന്നും ചേലാട്ടു പള്ളിയിലേക്കും പോകയും ആ പള്ളിയിൽ മേൽനടപടിക്ക് ഒരു രജിസ്ട്രർ ഉടമ്പടി എഴുതിക്കയും ആയത് ഗീവറുഗീസ് ശെമ്മാശന്റെ കൈപ്പടയിൽ എഴുതുകയും ചെയ്തു. 19 ന് തിരുമേനി അവിടെ നിന്നും കോതമംഗലത്തേക്കും അവിടെ നിന്നും കുറുപ്പുംപടിക്കലേക്കും പോയി. 20 ന് അവിടെ ബസേലിയോസ് ബാവായുടെ ഓർമ്മ ആഘോഷിച്ചു. തിരുമേനി പ്രസംഗിക്കയും കുർബ്ബാന ചൊല്ലുകയും ചെയ്തു.

24 ന് തിരുമേനി അവിടെ നിന്നും കോട്ടപ്പടി പള്ളിയിലേക്ക് നീങ്ങി 25 ന് അവിടെ പെരുന്നാളായിരുന്നതിനാൽ തിരുമേനി കുർബ്ബാന ചൊല്ലി പ്രസംഗിച്ചു. 28 ന് തിരുമേനി കോട്ടപ്പടിയിൽ നിന്നും വെങ്ങൂ പള്ളിയിലേക്ക് പോയി. 29-ന് ഗീവറുഗീസ് ശെമ്മാശൻ മലയാറ്റൂർ കുരിശുമല കാണാൻ പോയി തിരിച്ചുവന്നു.

വൃശ്ചികം 1 ന് അവിടെ പെരുന്നാളായതിനാൽ തിരുമേനി കുർബ്ബാന

ചൊല്ലി പ്രസംഗിച്ചു. 2–ന് വെങ്ങൂർ നിന്നും കുറുപ്പുംപടി പള്ളിയിലും 5ന് അവിടെനിന്നു പറവൂർ പള്ളിയിലും എത്തി. തീത്തോസ് അച്ചന്റെ ദീനം കണ്ടും വച്ച് 8 ന് സിമ്മന്നാരിയിൽ എത്തി പാത്രിയർക്കീസു ബാവാ യുടെ 40–ാം ദിവസം എത്രയും കേമമായി കഴിക്കയുണ്ടായി.

10 ന് ഗീവറുഗീസ് ശെമ്മാശൻ വാകത്താനത്ത് എത്തി. 18 ന് തിരിച്ച് സിമ്മന്നാരിയിൽ എത്തുകയും 19 ന് അവിടെനിന്നും പുറപ്പെട്ട് 20 ന് മണ കുന്നത്തു പള്ളിയിലും 21 ന് റാക്കാട്ടു പള്ളിയിലും എത്തി. ആ പള്ളി യുടെ ജീർണ്ണത തീർക്കുന്നതിനും മറ്റും തിരുമേനി ഏർപ്പാട് ചെയ്യുകയും ചെയ്തു. പണപ്പിരിവ് എടുത്ത് ഓടു മാറി ഇടീക്കലും കുദൂശ്കുദീശാ പണിക്കു മെസ്തിരിയെ ഏപ്പിക്കയും ചെയ്തു.

ധനു മാസം 10 ന് റാക്കാട്ടു നിന്നും മാറാട്ട് പള്ളിയിൽ എത്തി. 11 ന് തിരുമേനി കുർബ്ബാന ചൊല്ലുകയും പള്ളിക്കാരായ 2 കുട്ടികൾക്ക് മ്മ്സ ്രമാനാ പട്ടവും റാക്കാട്ടുകാരൻ ഒരു ശെമ്മാശന് മ്മ്ശമിശാനാ പട്ടവും കൊടുത്തു. 3 ന് തിരിച്ചു റാക്കാട്ടേക്കു തന്നെ പോയി. അവിടെയും ഒരു രജിസ്ട്രർ ഉടമ്പടി എഴുതിച്ചു.

മേടം 18 ന് റാക്കാട്ടു നിന്നും കുന്നക്കുരുടി പള്ളിയിലേക്ക് പോയി. 24 ന് അവിടെ ഗീവറുഗീസ് സഹദായുടെ പെരുന്നാൾ ആഘോഷമായി കഴി ക്കയും കുർബാന കഴിഞ്ഞ് പഴയപള്ളി പൊളിച്ചു പണിയുന്നതിനായി മദ്ബഹായുടെ കിഴക്ക് വശത്ത് തിരുമേനി പ്രാർത്ഥനയോടും കണ്ണുനീരോ ടും കൂടെ അടിസ്ഥാന കല്ല് സ്ഥാപിക്കുകയും ചെയ്തു. ഇടവം 20 ന് ഊർശ്ലെമിന് പോയ റമ്പാച്ചനും മല്പാനച്ചനും കുന്നക്കുരുടിയിൽ വന്ന് അവരുടെ യാത്രയെപ്പറ്റി തിരുമനസ്സറിയിക്കയും ചില ബുർക്ക്സാകൾ തരി കയും ചെയ്തു.

മിഥുനം 5 ന് കുന്നക്കുരുടി നിന്നും കോട്ടയത്തിന് പുറപ്പെട്ട് 7 ന് സിമ്മ ന്നാരിയിൽ എത്തി. 8 ന് ചെറിയപള്ളി വ്യവഹാരത്തിനുള്ള ആലോചന ഉണ്ടായി. 9 ന് സിമ്മന്നാരിയിൽ നിന്ന് ഗീവറുഗീസ് ശെമ്മാശൻ വാക ത്താനത്തിന് പോവുകയും 22 ന് സിമ്മന്നാരിയിൽ എത്തുകയും 25 ന് അവിടെ നിന്ന് പുത്തൻപള്ളിയിലും 26 ന് കല്ലുങ്കത്ര പള്ളിയിലും കർക്ക ടകം 3 ന് അവിടെ നിന്ന് ആലുവാ പള്ളിയിലേക്കും പുറപ്പെട്ടു. 5 ന് അവിടെ എത്തി താമസിച്ചു.

1071 ചിങ്ങം 1 ന് തിരുമേനി കുർബാന ചൊല്ലി. പള്ളിക്കരെ പാപ്പാറെ മത്തായിക്ക് സമ്രാന പട്ടം കൊടുത്തു. 16 ന് ഗീവറുഗീസു ശെമ്മാശൻ വാകത്താനത്തേക്ക് പുറപ്പെട്ടു. 17 ന് കല്ലുങ്കത്രയും 18 ന് സിമ്മന്നാരിയും വഴിയായി പോയി വാകത്താനത്ത് എത്തി താമസിച്ചു. വാകത്താനത്തു പള്ളിയുടെ മദ്ബഹായ്ക്ക് പൊക്കം പോരാതെയിരുന്നതിനാൽ കളപ്പുര യ്ക്കൽ പൗലോസു കത്തനാർ മേൽക്കൂട് പൊളിച്ച് പൊക്കം വരുത്തി

ഓടിടീൽ ആയിരുന്നതിനാൽ അതിനായിട്ട് പള്ളീൽ എത്തിയിരുന്നു.

കന്നി 25 ന് സിമ്മന്നാരിയിലേക്ക് ഗീവറുഗീസ് ശെമ്മാശൻ പോവുകയും 26 ന് പാത്രിയർക്കീസു ബാവായുടെ ഓർമ്മ ദിവസം കഴിച്ചതിൽ സംബന്ധിക്കയും ചെയ്തു. 27 ന് വീട്ടിലെത്തി. കന്നി 30 മുതൽ ഗീവറുഗീസ് ശെമ്മാശൻ പള്ളിയിൽ താമസിച്ചു നിറപറ, പിടിയരി കുടിശിക മുതലായവകൾ പിരിപ്പിച്ചും നടവരവ് എടുത്ത് ശരിയായി കണക്കെഴുതിയും മുതൽ ശേഖരിച്ച് പള്ളിമിറ്റം നന്നാക്കിയും മുഖവാരത്തിന്റെ മുകൾ ഭാഗം പൊളിച്ചു പണിയിക്കയും ചെയ്തു. അങ്ങനെ പള്ളിയിൽ താമസിച്ചു പണി നടത്തികൊണ്ടിരിക്കുമ്പോൾ മകരം 10 ന് കാട്ടിൽ ഉലഹന്നാൻ എന്ന കൊച്ചച്ചന് പട്ടം കൊടുക്കുന്നതിനായി യോഗക്കുറി വാങ്ങിച്ച് കാട്ടിലച്ചനും മറ്റും ആലുവായ്ക്ക് പോയപ്പോൾ ഗീവറുഗീസ് ശെമ്മാശനും അവിടേക്ക് യാത്ര പുറപ്പെട്ടു. 13 ന് അവിടെ എത്തുകയും 14 ന് അത്തനാസ്യോസ് മെത്രാപ്പോലീത്താ ടി. കൊച്ചന് പട്ടം കൊടുക്കുകയും ചെയ്തു. അന്ന് ഉച്ചതിരിഞ്ഞ് തിരിച്ച് പോരുംവഴി കൊച്ചീൽ കയറി ചില സാമാനങ്ങൾ വാങ്ങിക്കയും 17 ന് വാകത്താനത്ത് എത്തുകയും ചെയ്തു.

10 ന് ഗീവറുഗീസു ശെമ്മാശന്റെ പിതാവ് പിന്നെയും പട്ടം ഏൽപ്പിക്കുന്നതിനുള്ള ധൃതി കൊണ്ട് ആലുവായിൽ മാർ അത്തനാസ്യോസ് മെത്രാപ്പോലീത്തായുടെ അടുക്കൽ പോയി തിരുമനസറിയിക്കുകയും ശെമ്മാശനെ റമ്പാച്ചനാക്കുന്നതു സിമ്മന്നാരിയിൽ വച്ച് ആയിരിക്കണമെന്നും അതിലേക്ക് എഴുന്നള്ളണമെന്നും അപെക്ഷിക്കയും ചെയ്തു. അദ്ദേഹത്തിന് കോട്ടയത്തിന് പോരാൻ ഏനമില്ലാ എന്ന് പറഞ്ഞിട്ട് വല്യ മെത്രാച്ചന്റെ പേർക്ക് ഒരെഴുത്തു കൊടുത്തതും കൊണ്ട് 15 ന് തിരിച്ച് പോരികയും ചെയ്തു. എഴുത്തിന്റെ പകർപ്പ് താഴെ കൊടുക്കുന്നു.

"വാകത്താനത്തു കാരുചിറെ ഗീവറുഗീസ് ശെമ്മാശൻ പട്ടം ഏല്ക്കാതെ പ്രായമായി നിക്കുന്നതും ഇപ്പോൾ അയാൾക്ക് ദയറയൂസാ കിട്ടണമെന്നും ഞാൻ കൂടെ സിമ്മന്നാരിയിൽ എത്തി നടത്തണമെന്നും അയാളുടെ അപ്പൻ ഇവിടെ പറഞ്ഞിരിക്കുന്നു. ഇപ്പോൾ മലവെള്ളത്തിന്റെ സമയവും എന്റെ രോഗസ്ഥിതിക്ക് മഴയും കാറ്റും ഏറ്റുകൂടാത്തതുമാക കൊണ്ട് അവിടെ നിന്ന് തന്നെ പ്രത്യേകം താല്പര്യം വച്ച് ദയറായൂസോയും കശീശൂസായും കൊടുക്കണമെന്ന് ആഗ്രഹിക്കുന്നു."

ഈ എഴുത്ത് വീട്ടിൽ കൊണ്ടുവന്ന് കണ്ടപ്പോൾ ശെമ്മാശൻ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ അടുക്കൽ താമസിക്കയും പഠിക്കയും ചെയ്ത സ്ഥിതിക്ക് താൻ തന്നെ അവിടെയെത്തി അനുവാദം വാങ്ങി പോരാതെ വന്നാൽ അതു തന്നെ വലിയ മുഷിച്ചിലിനു കാരണമായേക്കും എന്ന് വിചാരിച്ച് ശെമ്മാശൻ 22 ന് ആലുവായ്ക്ക് യാത്ര തിരിച്ചു. സിമ്മന്നാരിയിൽ എത്തി താമസിച്ച് 23 ന് സിമ്മന്നാരിയിൽ നിന്നും ഒരാളെയും

കൂട്ടി രാത്രി 10 മണിക്ക് തഫാൽ വള്ളത്തിൽ എത്തി വൈക്കത്തേക്ക് വള്ളം വിട്ടു. വെള്ളപ്പൊക്കത്തിന്റെ കൂടുതൽ കൊണ്ടും മഴയും ഇരുട്ടും കൊണ്ട് വള്ളം പല അപകടങ്ങളിലും പാഞ്ഞു കയറിയപ്പോൾ വല്ല്യ ഭയമുണ്ടായി. എങ്കിലും ദൈവാനുഗ്രഹത്താൽ യാതൊരപകടവും ഉണ്ടാ വാതെ 24 ന് വൈക്കത്തും, 25 ന് ആലുവായിലുമെത്തി. പട്ടത്തെക്കു റിച്ച് മെത്രാപ്പോലീത്തായോട് അറിയിച്ചതിൽ സിമ്മന്നാരിയിൽ വച്ച് മറ്റൊരു മെത്രാപ്പോലീത്തായിൽ നിന്നും പട്ടം ഏറ്റും വച്ച് വന്നാൽ അപ്പോൾ ഉണ്ടാകാനിരിക്കുന്ന മുഷിച്ചിലിനെക്കുറിച്ചും മറ്റും കല്പിക്ക യാൽ സിമ്മന്നാരിയിൽ വച്ച് പട്ടം ഏൾക്കുന്നില്ലന്നും ആലുവായിൽ വച്ച് അദ്ദേഹം തന്നെ പട്ടം തന്നാൽ മതിയെന്നും ഗീവറുഗീസ് ശെമ്മാശൻ സമ്മതിച്ചു. ഇന്നപ്പോൾ പട്ടം ഏൽ ക്കുന്നുവെന്നും വാകത്താനത്തേക്ക് എഴുത്തും അയച്ചു.

1072 ചിങ്ങ മാസം 4 ന് ഗീവറുഗീസു ശെമ്മാശൻ കത്തനാർ പട്ടവും ഏറ്റു. പട്ടംകൊടയിൽ സംബന്ധിപ്പാൻ അങ്കമാലി പാറക്കലച്ചനും മറ്റും വന്നിരുന്നു. 11 ന് ഗീവറുഗീസ് കത്തനാരെ റമ്പാച്ചനാക്കുവാൻ നിശ്ചയി ച്ചിരിക്കകൊണ്ട് അതിൽ കൂടുന്നതിനായി റാക്കാട്ടും കുറുപ്പുംപടിക്കലും മറ്റുമുള്ള ചില കൊച്ചച്ചന്മാർക്ക് തിരുമേനി എഴുതി അയക്കയും അതിൻ പ്രകാരം 10 ന് റാക്കാട്ട് കൊച്ചുകുട്ടി മത്തായി കത്തനാരും കുറുപ്പുംപടി യിൽ പടയാട്ടിൽ ഇസഹാക്ക് കത്തനാരും കണ്ടനാട്ട് പുന്നച്ചാലി അച്ചനും അങ്കമാലിയിലെ പട്ടക്കാരും വാകത്താനത്തു നിന്ന് പുത്തൻപുരയിൽ വർക്കി എന്നയാളും മറ്റും വന്ന് ചേരുകയും 11 ന് തിരുമേനി കുർബാന ചൊല്ലി, കുർബാനമദ്ധ്യേ കണ്ണീരോടും പ്രാർത്ഥനയോടും ക്രമം കഴിച്ച് റമ്പാച്ചനായി ഗീവറുഗീസ് കത്തനാർക്ക് പട്ടം കൊടുക്കുകയും 14 ന് ഗീവ റുഗീസ് റമ്പാൻ കുർബാന ചൊല്ലുകയും അതിലേയ്ക്ക് സദ്യ കഴിക്കയും ചെയ്തു. വാകത്താനത്തു നിന്നും വന്നവർ തിരിച്ചു പോകയും ചെയ്തു.

28 ന് ഗീവറുഗീസ് റമ്പാന്റെ അപ്പൻ ആലുവാ പള്ളിയിൽ എത്തി റമ്പാ ച്ചനെ വാകത്താനത്തേക്ക് ഒന്ന് കൊണ്ടുപോണമെന്ന് തിരുമനസറിയിച്ച് അനുവാദപ്രകാരം വാകത്താനത്തേയ്ക്ക് പോരികയും 29 ന് കോട്ടയത്ത് പുത്തനങ്ങാടി കുരിശുപള്ളിയിൽ എത്തി 30 ന് അവിടെ കുർബാന ചൊല്ലു കയും ഉച്ച കഴിഞ്ഞ് സിമ്മനാരിയിലെത്തി താമസിക്കുകയും 31 ന് വാക ത്താനത്ത് വരികയും ചെയ്തു.

23 ന് അത്തനാസ്യോസ് മെത്രാപ്പോലീത്തായും ഗീവറുഗീസ് റമ്പാനും കൂടെയുള്ളവരും കൂടി ആലുവായിലേക്ക് പോയി. 25 ന് പാത്രിയർക്കീസ് ബാവായുടെ ഓർമ്മ ദിവസത്തെ ആ പള്ളിയിൽ ആഘോഷമായി കഴിച്ചു.

കുംഭം 24 ന് കൂറിലോസു മെത്രാപ്പോലീത്തായുടെ ഓർമ്മ ദിവസത്തെ അങ്കമാലി പള്ളിയിൽ ആഘോഷിച്ച് കഴിച്ചതിൽ സംബന്ധിപ്പാനായി

മെത്രാപ്പോലീത്തായും ഗീവറുഗീസ് റമ്പാനും പോകയും അവിടെ നിന്നും മീനം 8 ന് പീച്ചാനിക്കാട്ട് പള്ളിയിൽ എത്തുകയും ചെയ്തു. ടി. പള്ളിയുടെ മദ്ബഹാ പണി കഴിഞ്ഞതിനാൽ മുമ്പു കല്ലിട്ടിരുന്ന സ്ഥലത്തുന്നിന്ന് ആയത് എടുത്ത് മദ്ബഹായിൽ സ്ഥാപിക്കയും റമ്പാൻ കുർബാന ചൊല്ലി പ്രസംഗിക്കയും ചെയ്തു.

13 ന് അവിടെ നിന്നും മെത്രാപ്പോലീത്തായും ഗീവറുഗീസ് റമ്പാനും മഞ്ഞപ്ര പള്ളിയിൽ എത്തുകയും 16 ന് തിരുമേനി കുർബാന ചൊല്ലി മങ്ങാട്ടു പള്ളി ഗീവറുഗീസ് ശെമ്മാശന് കത്തനാരു പട്ടവും മണർകാട്ടു വെട്ടിക്കുന്നേൽ കുറിയാക്കോസിന് കോറൂയോ പട്ടവും കൊടുത്തു.

20 ന് തിരുമേനിയും ഗീവറുഗീസ് റമ്പാനും വെങ്ങൂർ പള്ളിയിൽ എത്തി. ഗീവറുഗീസ് റമ്പാന് ആർയ്യ്യക്കാട്ടുകുഴി പൗലോസ് കത്തനാർ ഒരു ചാരുകസേര സമ്മാനിച്ചു. ആ പള്ളിക്കാരെ കൊണ്ട് ഒരു ഉടമ്പടിയും തീർപ്പിച്ചു കൊണ്ട് മേടം 3 ന് ചെലാട്ടു പള്ളിയിൽ എത്തി താമസിച്ച് ഓശാന, നോമ്പ് വീടൽ മുതലായ ക്രമങ്ങൾ ആയാണ്ടിലെത്തത് കഴിച്ചു.

16 ന് അവിടെ നിന്നും കോതമംഗലത്ത് ചെറിയപള്ളിയിലും ഇടവം 10 ന് അവിടെ നിന്നും കുന്നക്കുരുടി പള്ളിയിലും 31 ന് അവിടെ നിന്ന് മഴുവന്നൂർ പള്ളിയിലും മിഥുനം 11 ന് തിരിച്ച് കുന്നക്കുരുടി പള്ളിയിലും എത്തി. കർക്കടകം 17 ന് തിരുമേനിയും ഗീവറുഗീസ് റമ്പാനും കൂടി കുന്നക്കുരുടിയിൽ നിന്നും വാകത്താനത്തു പള്ളിയിലേക്ക് യാത്ര തിരിച്ചു. വണ്ടി വഴിയായി വള്ളത്തുകടവിൽ എത്തി 2 വള്ളത്തിൽ ആയി പുറപ്പെട്ടു കൊച്ചിയിൽ അടുത്തു. ഗീവറുഗീസ് റമ്പാച്ചനും കാപ്പശീല മുതലായവ വാങ്ങിച്ചും കൊണ്ട് 20 ന് വാകത്താനത്തു പള്ളിയിൽ എത്തുകയും ചെയ്തു.

ടി. പള്ളിയുടെ മേൽ നടത്തയ്ക്കു ചില നിശ്ചയങ്ങൾ പള്ളിക്കാരോട് ആലോചിച്ച് നടത്തിവരുമ്പോൾ തിരുമനസിലെ ജേഷ്ഠന്നു ദീനം അത്യന്തമെന്ന് കമ്പി വരികയാൽ ആയതു അവസാനിക്കുന്നതിന് മുമ്പായി തിരുമനസു കൊണ്ട് 1072 കന്നി മാസം 26 ന് പറവൂർക്ക് നീങ്ങുകയും ഗീവറുഗീസു റമ്പാൻ അവിടെ താമസിക്കയും കാർയ്യ്യ തീർച്ചക്കായി മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായ്ക്ക് കല്പന തരികയും ചെയ്തു.

തുലാ മാസം 5 ന് ഗീവറുഗീസ് റമ്പാൻ ഗവർണർ സായിപ്പിന്റെ വരവു കാൺമാനായി വാകത്താനത്തു നിന്നും തിരുവനന്തപുരത്തേക്ക് മറ്റ് ചിലരുമായി യാത്ര പുറപ്പെട്ടു. ചങ്ങനാശ്ശേരിയിൽ എത്തി അവിടെ നിന്നും ആലപ്പുഴയും അവിടെ നിന്നും തിരുവനന്തപുരത്തെത്തി. മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ താമസിച്ചിരുന്ന ബംഗ്ലാവിൽ താമസിച്ചു. ഗവർണറിന്റെ വരവും അതിനുള്ള ഒരുക്കങ്ങളും ആഘോഷങ്ങളും വെടിക്കെട്ടും ദീപക്കാഴ്ചയും എത്രയും കോലാഹലമായിരുന്നു. മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായെ കൂടാതെ ഈവാനിയോസ് മെത്രാപ്പോ

ലീത്തായും പല പട്ടക്കാരും അത്മേനികളും എത്തിയിരുന്നു. തിരുമേനികളും സഭക്കാരും കൂടി വട്ടിപ്പണം കിട്ടേണ്ടതിനായി ഗവർണരുടെ അടുക്കൽ ഒരു ഹർജി വയ്ക്കയും റസിഡണ്ടു ബംഗ്ലാവിൽ എല്ലാവരും എത്തി അദ്ദേഹത്തെ കാണുകയും അതുകഴിഞ്ഞ് ഗീവറുഗീസ് റമ്പാൻ തിരിച്ച് വാകത്താനത്ത് എത്തുകയും ചെയ്തു.

25 ന് പരുമലയിൽ നിന്നും ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ വാകത്താനത്ത് പള്ളിയിൽ എത്തി പള്ളിക്കാരെ കൂട്ടി ആലോചിച്ച് വൃശ്ചികം 2 ന് ഒരു പടി എഴുതിക്കയും അതു അവസാനിക്കുന്നതിന് മുമ്പായി 11 ന് സിമ്മന്നാരി പള്ളി കൂദാശയ്ക്കായും മറ്റും കോട്ടയത്തു സിമ്മന്നാരിയിലേക്ക് നീങ്ങുകയും ഗീവറുഗീസ് റമ്പാനും സിമ്മന്നാരിയിൽ എത്തുകയും ചെയ്തു.

12 ന് സിമ്മന്നാരി പള്ളിയിൽ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായും ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായും ഗീവറുഗീസ് റമ്പാനും കൂടി മൂന്നിൻമേൽ കുർബാന ചൊല്ലുകയും ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ കൂദാശയുടെ ശുശ്രൂഷകൾ കഴിക്കയും ചെയ്തു. 13 ന് ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായും ഗീവറുഗീസ് റമ്പാനും വാകത്താനത്ത് പള്ളിയിൽ എത്തുകയും മുൻ ഉടമ്പടി തീർപ്പിച്ചുകൊണ്ട് തിരുമേനി പരുമലയ്ക്ക് നീങ്ങുകയും ചെയ്തു.

ഗീവറുഗീസ് റമ്പാൻ അവിടെ താമസിച്ചു പള്ളിയുടെ വെള്ളതേപ്പു മുതലായവ നടത്തിച്ചു തുടങ്ങി. ധനു മാസം 9 ന് ഗീവറുഗീസ് റമ്പാൻ കുറിച്ചീ പള്ളിയിൽ കോലത്തുകളത്തിൽ മൂപ്പച്ചന്റെ കബറടക്കത്തിനായി പോയി. കല്ലുങ്കത്ര പള്ളിയിൽ നിന്നും ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായും സിമ്മന്നാരിയിൽ നിന്നും പൗലോസ് റമ്പാച്ചനും മല്പാനച്ചൻമാരും മറ്റ് പട്ടക്കാരും ശെമ്മാശൻമാരും എത്തിയിരുന്നു. അന്നേ ദിവസം കബറടക്കാതെ പിറ്റെ ദിവസത്തേക്ക് മാറ്റി വച്ചു. പിറ്റെ ദിവസം ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ രസകരവും ഇമ്പകരവും ആയ ചൊല്ലുകളോട് കൂടെ ശവസംസ്കാര ശുശ്രൂഷകളും ദീർഘമായ പ്രസംഗവും കഴിച്ച് കബറടക്കം കഴിച്ചു. അന്നു ഗ്രഹണം ആയതിനാൽ സൂര്യപ്രകാശം അശേഷം ഇല്ലായിരുന്നു. ആയത് കഴിഞ്ഞ് ഗീവറുഗീസ് റമ്പാൻ വാകത്താനത്ത് പള്ളീൽ എത്തി.

മകരം 26 ന് ഗീവറുഗീസ് റമ്പാനും മറ്റു ചിലരും കൂടി അത്തനാസ്യോസ് മെത്രാപ്പോലീത്തായെ കാണുന്നതിനായി പറവൂർക്ക് പോകയും തിരിച്ച് കുംഭം 1 ന് വാകത്താനത്ത് എത്തുകയും ചെയ്തു. പറവൂർ പള്ളിയിൽ തീത്തൊസ കത്തനാർക്ക് പരുവിന്റെ സുഖക്കേടായതിനാൽ നോമ്പിലെ ക്രമങ്ങൾ കഴിക്കുന്നതിനായി ഗീവറുഗീസ് റമ്പാച്ചൻ അവിടെ എത്തണമെന്ന് പള്ളിക്കാരും മെത്രാപ്പോലീത്തായും എഴുതി അയക്കയാൽ കുംഭം

16 ന് ഗീവറുഗീസ് റമ്പാൻ അവിടേക്ക് പോയി നോമ്പിലെ ക്രമങ്ങൾ കഴിച്ചു. താൻ പറവൂർക്ക് പോയപ്പോൾ പള്ളിയിൽ പണി നടത്തിക്കുന്നതിനായി കളപ്പുരക്കൽ പൗലോസു കത്തനാർ പള്ളിയിൽ താമസിച്ച് നടത്തിച്ചു.

മേടം 14 ന് പറവൂർ പള്ളിക്കാരു സ്വന്ത ചിലവിൽമേൽ അവിടെ കാലം ചെയ്തടക്കപ്പെട്ടിരിക്കുന്ന ഗ്രീഗോറിയോസ് ബാവായുടെ ഓർമ്മയെ പറവൂർ പള്ളിനമ്പ്ര ജയിച്ചതിന്റെ ഓർമ്മയ്ക്കായിട്ട് ആഘോഷമായി ഏറ്റ് കഴിച്ചു. അതിലേക്കായി ഗ്രീഗോറിയോസു മെത്രാപ്പോലീത്തായെയും പള്ളിക്കാർ ആഘോഷമായി എഴുന്നള്ളിച്ചുകൊണ്ടു വന്നു.

20 ന് ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായും ഒരുമിച്ച് ഗീവറുഗീസ് റമ്പാൻ പറവൂർ നിന്നും പോരികയും 21 ന് കൊച്ചിയിൽ എത്തി ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെ കണ്ടും വച്ച് കല്ലുങ്കത്ര പള്ളിയിൽ എത്തുകയും അവിടെ നിന്ന് സിമ്മന്നാരിയിലും അവിടെ നിന്ന് വാകത്താനത്തും എത്തി.

14 ന് തിരുമേനിയും ഗീവറുഗീസ് റമ്പാച്ചനും കളരിക്കലച്ചനും കൂടെ റമ്പാച്ചന്റെ 40 -ാം ദിവസത്തിന് മൂന്നുമ്മേൽ കുർബാന ചൊല്ലുകയും തിരുമേനി പ്രസംഗിക്കയും കബറുങ്കൽ ധൂപം വയ്ക്കയും ചെയ്തു. അന്നു തന്നെ അവിടെ നിന്നും കണ്ടനാട്ടു പള്ളിയിലേക്കു പോകയും 15 ന് തിരുമേനി കുർബ്ബാന ചൊല്ലി പ്രസംഗിക്കയും ചെയ്തു. അവിടെ 15 ന് പെരുന്നാളും ആഘോഷിക്കുന്നുണ്ടായിരുന്നു. 16 ന് കണ്ടനാട്ടു പള്ളിയിൽ ഗീവറുഗീസ് റമ്പാൻ കുർബ്ബാന ചൊല്ലുകയും തിരുമേനി പ്രസംഗിക്കയും 19 ന് അവിടെ നിന്നും തിരുമേനിയുമൊരുമിച്ച് മുളന്തുരുത്തി പള്ളിയിൽ എത്തുകയും ചെയ്തു. മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായും അവിടെ എത്തിയിരുന്നു.

20-ന് കൂറിലോസു ബാവായുടെ ഓർമ്മ ആഘോഷിക്കുന്നുണ്ടായിരുന്നു. 21-ന് ചാലിൽ കൊച്ചുകുഞ്ഞിച്ചെറിയയുടെ ദീനം കാണുന്നതിനായി തിരുമേനിയും ഗീവറുഗീസു റമ്പാനും പോയിരുന്നു. 24 ന് ടിയാൻ മരിച്ചു. തിരുമേനികൾ കൂടി അടക്കം ചെയ്തു. 22 ന് ഗീവറുഗീസ് റമ്പാച്ചൻ യാക്കോബു റമ്പാച്ചനെ കാൺമാനായി വെട്ടിക്കൽ പോയി. അദ്ദേഹം അവിടെ ഇല്ലാതിരുന്നതിനാൽ തിരിച്ച് മുളന്തുരുത്തിൽ എത്തുകയും 26 ന് വാകത്താനത്തേയ്ക്ക് യാത്ര തിരിച്ച് 27-ന് സിമ്മന്നാരിയിലും 28-ന് വാകത്താനത്തു പള്ളിയിലും എത്തി. 29 ന് വാകത്താനത്തു പള്ളിയിൽ പെരുന്നാളിന് കളപ്പുരക്കൽ പൌലോസ് കത്തനാർ കുർബ്ബാന ചൊല്ലി.

കന്നി മാസം 6 ന് വേളൂർ ചേരിക്കൽ വർക്കി വാദ്ധ്യാർ വന്ന് ഗീവറുഗീസു റമ്പാനെ പാണമ്പടിക്കൽ പള്ളിയിൽ അത്തനാസ്യോസ് മെത്രാപ്പോലീത്താ നീങ്ങി ടി. പള്ളിയിൽ കല്ലിട്ട് കൂദാശ കഴിക്കുന്നതിൽ സംബ

ന്ധിക്കുന്നതിനായി കൊണ്ടുപോയി. അന്നു സിമ്മന്നാരിയിൽ എത്തി താമസിച്ചു. 7 ന് അത്തനാസ്യോസ് മെത്രാപ്പോലീത്തായെ ടി. പള്ളിക്കാർ സിമ്മന്നാരിയിൽ നിന്നും എതിരേറ്റു കൊണ്ടുപോയതിനോട് കൂടെ ഗീവറുഗീസ് റമ്പാനും അവിടേയ്ക്ക് പോയി. സന്ധ്യാ നമസ്കാരം കഴിച്ച് ആ പള്ളിയുടെ കല്ലിടീൽ ശുശ്രൂഷ കഴിച്ച് കല്ലിട്ടു. 8 ന് പള്ളി കൂദാശയും കഴിച്ച് 3 ത്രോണോസുകളിലായി മെത്രാപ്പോലീത്തായും പൗലോസു റമ്പാച്ചനും ഗീവറുഗീസ് റമ്പാച്ചനും കൂടി മൂന്നിന്മേൽ കുർബാന ചൊല്ലുകയും തിരുമേനിയും മല്പാനച്ചനും പ്രസംഗിക്കയും ആ ദിവസം പെരുന്നാളായി കൊണ്ടാടുകയും ചെയ്തു.

വൃശ്ചികം 11 ന് ഗീവറുഗീസ് റമ്പാൻ സിമ്മന്നാരിയിൽ എത്തി 12 ന് സിമ്മന്നാരി സ്ഥാപകന്റെ ഓർമ്മയും അങ്കമാലി കുറ്റിക്കാടൻ പൌലോസു ശെമ്മാശനും കല്ലാശ്ശേരി പുന്നൂസു ശെമ്മാശനും കത്തനാരു പട്ടവും മറ്റു ചിലർക്ക് ശെമ്മാശപട്ടവും മാർ ഗ്രീഗോറിയോസു മെത്രാപ്പോലീത്താ തിരുമനസു കൊടുക്കയും ടി. കത്തനാർകൾ 2 പെരേയും 15 ന് റമ്പാച്ചന്മാരായി തിരുമേനി തന്നെ പട്ടം കൊടുക്കയും ചെയ്തു. അതുകഴിഞ്ഞ് ഗീവറുഗീസ് റമ്പാച്ചൻ വള്ളിക്കാട്ടു പള്ളിയിൽ എത്തി താമസിച്ചു.

ധനു മാസം 25 ന് ഗീവറുഗീസു റമ്പാൻ നാലുന്നാക്കൽ പള്ളിയിൽ എത്തി പിറവി തിരുന്നാളിന് കുർബാനയും പ്രസംഗവും കഴിച്ച് തിരികെ വാകത്താനത്തേക്ക് പോന്നു. ആ പള്ളിക്കാർ വീതിച്ച കൈമുത്തും കൊടുത്തു. 31 ന് ഗീവറുഗീസു റമ്പാൻ പാമ്പാടി പള്ളിയിൽ എത്തി. അന്നേ ദിവസം മാർ അത്തനാസ്യോസ് മെത്രാപ്പോലീത്തായും മണർകാട്ട് നിന്നും അവിടേക്ക് നീങ്ങി. ആ പള്ളിയുടെ വെള്ളതേപ്പു മുതലായ സകല പണികളും കഴിഞ്ഞിരുന്നതിനാൽ 7 ന് തിരുമേനി പള്ളി കൂദാശയും തബലൈത്താ കൂദാശയും കഴിച്ചു. 11 ന് ഗീവർഗീസു റമ്പാൻ വാകത്താനത്തേക്ക് പോരികയും മെത്രാപ്പോലീത്താ അവിടെ താമസിക്കയും ചെയ്തു.

ഇടവം 22 ന് ഗീവറുഗീസു റമ്പാൻ പുതുപ്പള്ളിൽ ഇളംതുരുത്തിൽ കോറി പീലിപ്പോസു കത്തനാരുടെ ദീനം കാണുന്നതിനായി പോയി തിരിച്ചു പോരികയും 24 ന് അദ്ദേഹം മരിക്കയാൽ കബറടക്കത്തിന് പോയി. മാർ അത്തനാസ്യോസ് മെത്രാപ്പോലീത്തായും പൌലോസ് റമ്പാച്ചനും കല്ലാശേരി റമ്പാച്ചനും മല്പാനച്ചൻമാരും പല പട്ടക്കാരും ശെമ്മാശൻമാരും കൂടി കബറടക്കം കഴിച്ചു. ആയതു കഴിഞ്ഞ് ഗീവറുഗീസു റമ്പാൻ വാകത്താനത്തേക്ക് പോരികയും ചെയ്തു.

29 ന് വരെ ആയപ്പോൾ വള്ളിക്കാട്ട് പള്ളിയുടെ മദ്ബഹാ പൊളിച്ചു പണിയും ത്രോണോസു കെട്ടും കഴുക്കോലിറക്കും കഴിഞ്ഞ് ആശാരികളെ പിരിച്ചുവിട്ടു. കർക്കടകം 4 ന് അഞ്ചേരി പള്ളിക്ക് കല്ല് ഇടുന്നതിനായി അത്തനാസ്യോസ് മെത്രാപ്പോലീത്താ അവിടേക്ക് നീങ്ങിയപ്പോൾ ഗീവറു

ഗീസു റമ്പാൻ അവിടെ എത്തി. മാർ പത്രോസ് ശ്ലീഹയുടെ നാമത്തിൽ ആ പള്ളിക്ക് കല്ലിട്ടു. അന്നു തന്നെ ഗീവറുഗീസു റമ്പാൻ വാകത്താന ത്തേക്ക് പോന്നു. 26 ന് വരെ ആയപ്പോൾ വള്ളിക്കാട്ടു പള്ളിയുടെ മേച്ചിലും കഴിഞ്ഞു. 1075 ചിങ്ങത്തിൽ അവിടെ ഒരു കിണറും കുഴിപ്പിച്ചു.

തുലാ മാസം 10 ന് വാകത്താനത്ത് വലിയപള്ളിയിൽ ഒരു ഹർജി വായിച്ചു. ആ ഹർജി വള്ളിക്കാട്ട് പള്ളിയുടെ പണി നിമിത്തം വലിയ പള്ളിക്ക് വളരെ ദോഷമുണ്ടെന്നും മറ്റും കാണിച്ച് അത്തനാസ്യോസ് മെത്രാപ്പോലീത്തായുടെ അടുക്കൽ മുട്ടത്തുകരെ ഉതുപ്പു മുതൽ പേരായി 10 പേരും ചേർന്ന് ബോധിപ്പിച്ചിട്ടുള്ളതായിരുന്നു. അതു വള്ളിക്കാട്ടു പള്ളി പണികൾ തീരുന്നതിലുള്ള അസൂയ കൊണ്ട് ബോധിപ്പിച്ചതല്ലാതെ മേൽപ്പ റഞ്ഞ പ്രകാരമല്ലായിരുന്നു.

14 ന് പൂവത്തുംമൂട്ടിൽ പുന്നൂസു മുതൽ പെർ ചേർന്നു വള്ളിക്കാട്ടു പള്ളി ഇടവക തിരിച്ചു കിട്ടണമെന്നും മറ്റും കാണിച്ച് മെത്രാപ്പോലീത്താ യുടെ അടുക്കൽ ബോധിപ്പിച്ചത് വിചാരണയ്ക്ക് അയക്കയും പള്ളിയുടെ കുടിശിക തീർപ്പാനുള്ളവരുടെ അടിയന്തിരങ്ങൾ പട്ടക്കാർ നടത്തിക്കൊ ടുക്കരുതെന്നും മറ്റും കാണിച്ച് 78-ാം നമ്പറായി ഒരു കല്പന അയച്ചതും വായിച്ച് പട്ടക്കാർ പിന്നെയും കുടിശിക ഉള്ളവരുടെ അടിയന്തിരങ്ങൾ കഴിക്കയാൽ പള്ളിക്കാർ വിവരം മെത്രാപ്പോലീത്തായെ ബോധിപ്പിക്കയും മെത്രാപ്പോലീത്താ പട്ടക്കാരെയും കുറ്റപ്പെടുത്തി 31 ന് കല്പന വായി ക്കയും വൃശ്ചികം 7 ാം തീയതിക്ക് മുമ്പായി പട്ടക്കാരുടെയും കുറ്റം തീർ ക്കയും ചെയ്തു.

7 ന് ഗീവറുഗീസ് റമ്പാൻ വള്ളിക്കാട്ട് പള്ളിയിലും കളപ്പുരയ്ക്കൽ പൗലോസ് കത്തനാർ വാകത്താനത്ത് പള്ളിയിലും കുർബ്ബാന ചൊല്ലി. ടി. പൗലോസ് കത്തനാർ വള്ളിക്കാട്ട് പള്ളിയിലെത്തി നാലുന്നാക്കൽ പാർക്കുന്ന കൊച്ച് കറുമ്പനെയും കുടുംബത്തെയും മാമോദീസാ മുക്കി. 14 ന് ഗീവറുഗീസ് റമ്പാൻ വള്ളിക്കാട്ട് പള്ളിയിൽ വച്ച് ഇംഗ്ലീഷ് മത ത്തിൽ ചേർന്നു നടന്നിരുന്ന പാണ്ടൻചിറ വർഗീസിനെയും ഒരു പെൺ കുട്ടിയെയും സുറിയാനി സഭയിൽ ചേർത്ത് ശു. മൂറോൻ പൂശി.

**1900 -മാണ്ട്**

മകരം 5 ന് ഗീവറുഗീസ് റമ്പാൻ നാലുന്നാക്കൽ പുതുപ്പറമ്പിൽ കുര്യൻ കത്തനാരുടെ മകൻ ചാക്കോയ്ക്ക് പട്ടം കൊടുപ്പിക്കുന്നതിനായി അത്ത നാസ്യോസ് മെത്രാപ്പോലീത്തായുടെ അടുക്കൽ മണർകാട്ടു പള്ളിയിൽ എത്തുകയും 6 ന് തിരുമേനി ടി. ചാക്കോയ്ക്കും പോത്താനിക്കാട്ട് പള്ളി ഇടവകയിൽ ഒരു ചെറുക്കനും മ്സമ്രാനാ പട്ടവും കാട്ടിൽ യോഹന്നാൻ ശെമ്മാശനും മറ്റും മ്ശംശാനാ പട്ടവും കൊടുത്തു. 26 ന് ബുധനാഴ്ച രാത്രി ഭൂകമ്പം ഉണ്ടായി. എല്ലാവരും ഭ്രമിച്ചു പോയി. 27 ന് ഗീവറുഗീസ്

റമ്പാൻ വാകത്താനത്ത് പള്ളിയിൽ എത്തുകയും 30 ന് പ്ലാപ്പറമ്പിൽ നിന്നും വടക്ക് കെട്ടിച്ചിരിക്കുന്ന പെണ്ണിന്റെ കുട്ടിയെ മാമോദീസാ മുക്കുകയും ചെയ്തു. കുംഭം 8 ന് ഗീവറുഗീസ് റമ്പാൻ മണർകാട്ട് പള്ളിയിൽ എത്തി മക്കുബായക്കാരുടെയും ശ്ലേമോന്റെയും മറ്റും ജ്ഞാനപുസ്തകവും അത്ത നാസ്യോസ് മെത്രാപ്പോലീത്താ പൊരുൾ തിരിച്ചത് എഴുതി അച്ചടിപ്പിക്കു ന്നതിനായി ഏൽപ്പിക്കയും മസമൂർ പൊരുൾ തിരിക്കുന്നതിന് ആരംഭി ക്കയും ചെയ്തു.

കത്നെ ഞായറാഴ്ച അത്തനാസ്യോസ് മെത്രാപ്പോലീത്താ പാറമ്പുഴ പള്ളി ഇടവകയിലെ 2 കുട്ടികൾക്കും പടിഞ്ഞാറെക്കുറ്റ് അച്ചന്റെ മകനും പട്ടം കൊടുത്തു. മീനം 19 ന് ഞായറാഴ്ച തിരുമേനി വേങ്കടത്തച്ചന്റെ മകനും ഉപ്പൂട്ടിൽ യൗസേപ്പിന്റെ മകനും പട്ടം കൊടുത്തു. 21 ന് മണർകാട്ടു നിന്നും മെത്രാപ്പോലീത്തായും ഗീവറുഗീസു റമ്പാനും വടക്കൻ പറവൂർക്ക് യാത്ര പുറപ്പെട്ട് 22 ന് അവിടെ എത്തി താമസിച്ചു. മേടം 13 ന് ടി. പള്ളി ക്കാർ ഗ്രീഗോറിയോസ് ബാവായുടെ ഓർമ്മ ആഘോഷമായി കഴിച്ചു. മി ഥുനം 4 ന് കുളങ്ങരെ എം. പുന്നൻ ജഡ്ജിയുടെ മകളെ പുനർ വിവാഹം കഴിപ്പിച്ചു.

11 ന് തിരുമേനി പള്ളിക്കരപ്പള്ളിയിൽ കുരിശുങ്കൽ മാണി ശെമ്മാശന് കത്തനാരു പട്ടം കൊടുത്തു. കർക്കടകം 3 ന് വരെ ആയപ്പോൾ ഗീവറു ഗീസ് റമ്പാൻ മസുമൂർ എഴുതി തീർത്തു. അച്ചടിപ്പിക്കുന്നതിന് കോട്ട യത്ത് അയച്ചു.

1076 ചിങ്ങ മാസം 6 ന് ഗീവറുഗീസ് റമ്പാൻ വാകത്താനത്ത് പള്ളി യിൽ കുർബാന ചൊല്ലുകയും കൂടാരപെരുന്നാളിനെ കുറിച്ചും ജനങ്ങ ളുടെ ഭക്തികേടിനെക്കുറിച്ചും സംസാരിച്ചു. 20 ന് ഗീവറുഗീസ് റമ്പാൻ തിരിച്ച് പറവൂർക്ക് യാത്ര പുറപ്പെട്ട് 22 ന് അവിടെയെത്തി. തുലാ മാസം 8 ന് തിരുമേനി പള്ളിക്കരെ കൊച്ചേരി ശെമ്മാശന് കത്തനാർ പട്ടവും വെങ്ങോലക്കാരൻ ഒരു കൊച്ചന് കോറൂയാ പട്ടവും കൊടുത്തു. 25 ന് തിരുമേനി മണർകാട്ട് വെട്ടിക്കുന്നേൽ ശെമ്മാശന് കത്തനാരു പട്ടവും കൊടുത്തു. വൃശ്ചികം 5 ന് ഇൻഡ്യാ വൈസ്രോയി കെഴ്സൻ പ്രഭുവും പത്നിയും എറണാകുളത്തെത്തി താമസിക്കുകയും പിറ്റെ ദിവസം കൊല്ല ത്തേയ്ക്ക് പോവുകയും വലിയ എതിരേല്പും മറ്റും ഉണ്ടാവുകയും ചെയ്തു. 9 ന് തിരുവനന്തപുരത്തുള്ള സുറിയാനി പള്ളി ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ കൂദാശ കഴിച്ചു. 11 ന് അത്തനാസ്യോസ് മെത്രാപ്പോ ലീത്താ തുരുത്തിപ്പള്ളി ഇടവകയിൽ ഒരാൾക്ക് എവുപ്പദിയക്കന പട്ടവും 28 ന് പള്ളിക്കരെ കല്ലാപ്പാറ ശെമ്മാശന് കത്തനാരു പട്ടവും കൊടുത്തു.

**1901 -ാം മാണ്ട്**

മകരം 1 ന് ഏറ്റുമാനൂർ കോതനല്ലൂർ പള്ളിയിൽ ഇടവകയിൽ പാറ

ത്തുണ്ടത്തിൽ യോഹന്നാൻ ശെമ്മാശു റോമാ സഭയിൽ നിന്ന് സുറിയാനി സഭയിലേക്ക് ചേരുകയാൽ അയാൾക്ക് പട്ടം കൊടുക്കണമെന്ന് അത്തനാസ്യോസ് മെത്രാപ്പോലീത്തായോട് അപേക്ഷിക്കുകയും തിരുമേനി അയാൾക്ക് ശെമ്മാശുപട്ടം കൊടുക്കുകയും പിന്നെ അയാൾ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ അടുക്കൽ എത്തി കത്തനാരു പട്ടവും ഏറ്റു. കല്ലുങ്കത്ര പള്ളിയിൽ പുത്തൻ കുർബ്ബാന ചൊല്ലുകയും അയാൾക്ക് ഒരു പള്ളിക്ക് കല്ല് ഇടീച്ച് കൊടുക്കുകയും മറ്റും ചെയ്തു. അയാൾ വഞ്ചകനായിരുന്നതിനാൽ തിരിച്ചു പോയി. 9 ന് ഇംഗ്ലണ്ട് മഹാരാജ്ഞി നാടു നീങ്ങിയ വിവരത്തിന് കമ്പി വന്നു. അതിന് കച്ചേരി ഒഴിവുകളും മറ്റും ഉണ്ടായി.

... 26 ന് പറവൂർക്ക് തിരിച്ചു പോവുകയും ചെയ്തു. കോട്ടയത്തു ചെറിയപള്ളിയുടെ വ്യവഹാരം ബാവാ കക്ഷികൾക്ക് ഗുണമായി തീരുമാനമുണ്ടായതിനാൽ പ്രവേശനത്തിനായി എല്ലാ തിരുമേനികളും എഴുന്നള്ളണമെന്ന് ടി. പള്ളിക്കാർ അപേക്ഷിക്കയാൽ മീനം 1 ന് അത്തനാസ്യോസ് മെത്രാപ്പോലീത്താ പറവൂർ നിന്നും കോട്ടയത്ത് സിമ്മന്നാരിയിലേക്ക് നീങ്ങുകയും ഗീവറുഗീസു റമ്പാൻ പറവൂർ തന്നെ താമസിക്കയും ആയാണ്ടിലെ ഓശാന, കഷ്ടാനുഭവയാഴ്ച, നോമ്പു വീടൽ മുതലായതിന്റെ ക്രമം കഴിക്കയും ചെയ്തു.

മേട മാസത്തിൽ ഗീവറുഗീസു റമ്പാന്റെ ജേഷ്ഠന്റെ മകൻ കൊച്ചു പുന്നനു കല്യാണം നിശ്ചയിച്ചിരിക്കുന്നതിനാൽ ആയതിന് എത്തണമെന്ന് എഴുത്ത് വരികയാൽ 2 ന് പറവൂർ നിന്നും വാകത്താനത്തേയ്ക്ക് യാത്ര പുറപ്പെട്ടു. 3 ന് കല്ലുങ്കത്ര പള്ളിയിലും 4 ന് അവിടെ നിന്നും സിമ്മന്നാരിയിലും അവിടെ നിന്ന് കോട്ടയത്ത് ചെറിയപള്ളിയിലും എത്തി. ദിവന്നാസ്യോസ് മെത്രാപ്പോലീത്താ, അത്തനാസ്യോസ് മെത്രാപ്പോലീത്താ, ഈവാനിയോസ് മെത്രാപ്പോലീത്താ എന്നീ തിരുമേനികളെ കണ്ടും വച്ച് 5 ന് വാകത്താനത്ത് വള്ളിക്കാട്ടു പള്ളിയിൽ എത്തി താമസിച്ചു.

കൊച്ചു പുന്നന്റെ കല്യാണം അഞ്ചേരി പള്ളിയിൽ വച്ച് ആയിരുന്നതിനാൽ 7 ന് റമ്പാച്ചൻ അവിടെ നിന്നും എത്തുകയും 8 ന് കുർബ്ബാന ചൊല്ലി വിവാഹവും നടത്തി തിരികെ വള്ളിക്കാട്ട് പള്ളിയിൽ എത്തുകയും ചെയ്തു. 10 ന് ഗീവറുഗീസു റമ്പാൻ, മാർ ദിവന്നാസ്യോസ് സിമ്മന്നാരിയിൽ സമ്മേളനത്തിനായി പോയി. മാർ ദിവന്നാസ്യോസ്, അത്തനാസ്യോസ്, ഈവാനിയോസ് എന്നീ തിരുമേനികളും പല വക്കീലൻമാരും മാന്യന്മാരായ അനേകരും എത്തിയിരുന്നു. സമ്മേളനം കഴിഞ്ഞ് തിരുമേനികൾ സിമ്മന്നാരിയിലേയ്ക്ക് നീങ്ങുകയും ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ വന്നു ചേരുകയും ചെയ്തു.

11 ന് സിമ്മന്നാരി ട്രസ്റ്റിയായിരുന്ന കഴിഞ്ഞുപോയ കുന്നുമ്പുറത്ത് ഉല

ഹന്നാൻ മൂപ്പിലേക്ക് പകരം ഒരു ട്രസ്റ്റിയെ തിരഞ്ഞെടുക്കുന്നതിനായി പള്ളിക്കാരുടെ ഒരു മഹായോഗം കൂടി ട്രസ്റ്റിയായി ടിയാന്റെ മകൻ കൊച്ചൂഞ്ഞിനെത്തന്നെ സ്ഥിരപ്പെടുത്തുകയും ആ യോഗത്തിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ കശീശാ സ്ഥാനം ഏറ്റ് 50 സംവത്സരം തികയുന്ന വരുന്ന ചിങ്ങം 6 ന് എല്ലാ പള്ളികളിലും പ്രാർത്ഥനയും മറ്റും പ്രത്യേകം കഴിക്കണമെന്നും വരുന്ന വൃശ്ചികം 12 ന് ജൂബിലി ആഘോഷിക്കണമെന്നും നിശ്ചയിച്ച് യോഗം പിരിഞ്ഞു.

12 ന് മാനേജിംഗ് കമ്മറ്റി കൂടി വട്ടിപ്പണക്കേസും മറ്റും നടത്തുന്നതിന് പണം ഉണ്ടാകേണ്ട സംഗതിയെ കുറിച്ചും പാത്രിയർക്കീസു ബാവാ കുസ്തന്തീനൊപ്പൊലീസിൽ നീങ്ങിയിരിക്കയാൽ അവിടത്തെ ചിലപാർപ്പിന് പണം അയക്കേണ്ടതിനെ കുറിച്ചും മറ്റും ആലോചിച്ചു തിരുമേനികൾ പള്ളികൾക്ക് കല്പന അയച്ചു. 18 ന് ഗീവറുഗീസു റമ്പാൻ വാകത്താനത്തു വള്ളിക്കാട്ടു പള്ളിയിൽ എത്തി. ഇടവം 4 ന് ഗീവറുഗീസു റമ്പാച്ചന്റെ കൂടെ നില്ക്കേണ്ടതിന് പറവൂർക്കാരൻ ഇഞ്ചക്കാടൻ വർക്കി വന്നു ചേർന്നു.

20 ന് പെന്തികൊസ്തി ഞായറാഴ്ച ഗീവറുഗീസു റമ്പാച്ചൻ നാലുന്നാക്കൽ പള്ളിയിൽ എത്തി കുർബ്ബാനയും പ്രസംഗവും ക്രമവും കഴിക്കയും കാരിക്കോട്ടുചിറ ഇളയ ചെർക്കന്റെ വിവാഹവും നടത്തി തിരിച്ചു വള്ളിക്കാട്ട് പള്ളിയിൽ എത്തി. മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ യുടെ ജൂബിലി ആഘോഷിക്കുന്നതിന് എല്ലാ പള്ളികളിൽ നിന്നും ജനങ്ങളിൽ നിന്നും പിരിവ് എടുക്കണമെന്നും ജനസംഖ്യ എടുക്കണമെന്നും മറ്റും കമ്മട്ടിക്കാർ നിശ്ചയിച്ച വിവരത്തിന് ജൂബിലി കമ്മട്ടി പ്രസിഡണ്ടായ മാർ അത്തനാസ്യോസ് മെത്രാപ്പോലീത്താ എഴുതി അയക്കയാൽ ഗീവറുഗീസു റമ്പാൻ ടി. പിരിവിനായി കർക്കടം 1 ന് നാലുന്നാക്കൽ പള്ളിയിലും 8 ന് വാകത്താനത്തു പള്ളിയിലും 15 ന് പുതുശെരി പള്ളിയിലും 21 ന് തോട്ടക്കാട്ട് പള്ളിയിലും അഞ്ചേരി പള്ളിയിലും മീനടത്തു പടിഞ്ഞാറെ പള്ളിയിലും 22 ന് മീനടത്ത് കിഴക്കെ പള്ളിയിലും 25 ന് പാമ്പാടി പള്ളിയിലും എത്തി കുർബ്ബാനയും ജൂബിലിയും സംബന്ധിച്ചും പിരിവിനെ സംബന്ധിച്ചും പ്രസംഗിക്കയും ചെയ്തു. 30 ന് ഗീവറുഗീസ് റമ്പാൻ പാമ്പാടി പള്ളിയിൽ നിന്നും പുതുപ്പള്ളി വഴിയായി വാകത്താനത്ത് വള്ളിക്കാട്ട് പള്ളിയിൽ എത്തുകയും ചെയ്തു.

### 1077 ചിങ്ങം

6 ന് ഗീവറുഗീസ് റമ്പാൻ ടി പള്ളിയിൽ കുർബാന ചൊല്ലി ജൂബിലിക്ക് പ്രത്യേകം അച്ചടിച്ചുവന്നിരുന്ന പ്രാർത്ഥനയും അപേക്ഷയും കഴിച്ചു. 20 ന് വള്ളിക്കാട്ട് പള്ളിയിൽ കൂറിലോസ് ബാവായുടെ ഓർമ്മ കഴിച്ചു. 29 ന് വാകത്താനത്തു പള്ളിയിൽ പെരുന്നാളിന് ഗീവറുഗീസു റമ്പാൻ

പോയി. കന്നി മാസം 13 ന് അൽവാറീസ് യൂലിയോസ് മെത്രാപ്പോലീത്താ വാകത്താനത്തു സ്ലീബാ ശെമ്മാശനും ഒരുമിച്ച് വരികയും 15 ന് അവിടെ നിന്നും അദ്ദേഹം വള്ളിക്കാട്ട് പള്ളിയിലും എത്തി. 16 ന് കോട്ടയത്തേക്ക് തിരിച്ചു പോരികയും ചെയ്തു. 20 ന് വള്ളിക്കാട്ട് പള്ളിയുടെ കല്ലിട്ട പെരുന്നാളും ബസേലിയോസ് ബാവായുടെ ഓർമ്മയും കഴിക്കയും അവൽ നേർച്ചയും നേർച്ചയിടീലും ഉണ്ടാകയും ചെയ്തു.

21 ന് ചക്കുപുരയ്ക്കൽ പീലിപ്പോസിന്റെ കല്യാണം ആയിരുന്നതിനാൽ വാകത്താനത്തു പള്ളിയിൽ എത്തി ആയത് കഴിച്ചു. വൃശ്ചികം 10 ന് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ ജൂബിലി ആഘോഷത്തിനായി ഗീവറുഗീസ് റമ്പാൻ കോട്ടയത്തേക്ക് യാത്ര പുറപ്പെട്ട് മാർ ദിവന്നാസ്യോസ് സിമ്മന്നാരിയിൽ എത്തി. അപ്പോൾ അവിടെ വലിയ ഒരുക്കങ്ങളും ആൾക്കൂട്ടവും ഉണ്ടായിരുന്നു. അവിടെനിന്നും പഴയസിമ്മന്നാരിയിലേക്ക് പോകയും ചെയ്തു.

ജൂബിലി 12 ന് തിങ്കളാഴ്ച ആയിരുന്നുവെങ്കിലും ശനിയാഴ്ച വൈകുന്നേരം ആയപ്പോഴേക്കും ആളുകളുടെ വരവ് തുടങ്ങിയിരുന്നു. 11 ന് ഞായറാഴ്ച സിമ്മന്നാരി പള്ളിയിൽ മാർ ഗ്രീഗോറിയോസു മെത്രാപ്പോലീത്താ കുർബ്ബാന ചൊല്ലി പ്രസംഗിക്കയും ജൂബിലിക്കുള്ള പ്രത്യേക പ്രാർത്ഥന കഴിക്കയും ചെയ്തു. നേരത്തെ വന്നുചേർന്നവർക്കും പള്ളിയകത്ത് കടന്നു നിൽക്കാൻ സ്ഥലം കിട്ടാത്തവണ്ണം ആളുകൾ തിങ്ങി നിറഞ്ഞിരുന്നു. 12 മണിയോടു കൂടെ കുർബ്ബാന കഴിഞ്ഞു. അന്യ ദേശങ്ങളിൽ നിന്നും സമീപദേശങ്ങളിൽ നിന്നും വന്നവരെ കൊണ്ട് സന്ധ്യയായപ്പോഴേക്ക് സിമ്മന്നാരി കെട്ടിടം നിറഞ്ഞു. അരിവെയ്പു മുതലായ ഒരുക്കങ്ങൾ രാത്രി കൊണ്ടു കഴിച്ചു.

12 ന് തിങ്കളാഴ്ച നേരം വെളുത്തപ്പോഴേക്കും കോട്ടയം പട്ടണം മുഴുവൻ ആളുകളെ കൊണ്ട് നിറഞ്ഞു കഴിഞ്ഞു. പല തരം വള്ളങ്ങൾ കൊണ്ട് ആറ്റുകടവിലെങ്ങും സ്ഥലമില്ലാതെയായി. വഴികളിൽ കൂടി വണ്ടി യാത്രക്കാർക്ക് ബുദ്ധിമുട്ടായി. സിമ്മന്നാരി പള്ളിയിൽ 6 മണിക്ക് തന്നെ ആരാധന ആരംഭിച്ചു. മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ വലിയ ത്രോണോസിലും ഈവാനിയോസ് മെത്രാപ്പോലീത്തായും ഗ്രീഗോറിയോസു മെത്രാപ്പോലീത്തായും താഴെയുള്ള ത്രോണോസുകളിലും മൂന്നിൻമേൽ കുർബ്ബാന ചൊല്ലി. ഇതിന്റെ ഒടുവിൽ ജൂബിലി കമ്മട്ടി പ്രസിഡണ്ടായ മാർ അത്തനാസ്യോസ് മെത്രാപ്പോലീത്താ അവർകളുടെ ഒരു ചുരുങ്ങിയ പ്രസംഗവും അതിന്റെ ശേഷം പ്രത്യേക ജൂബിലി സ്തോത്രവും കഴിച്ചു. കുർബാന കഴിഞ്ഞു മെത്രാപ്പോലീത്താമാർ പള്ളിയകത്തു നിന്നും പുറപ്പെട്ട് പൂമുഖത്തെത്തിയപ്പോൾ മാർ ദിവന്നാസ്യോസ് സിമ്മന്നാരി മല്പാന്റെയും വിദ്യാർത്ഥികളായ ശെമ്മാശൻമാരുടെയും ഒരു മംഗള പത്ര

വും സമ്മാനവും സമർപ്പിച്ചു. അതുകഴിഞ്ഞ് മുറിയിലെത്തിയപ്പോൾ സി. എം. എസ്. കോളജിലെ സുറിയാനി വിദ്യാർത്ഥികളുടെ ഒരു സമ്മാനവും ഉണ്ടായി. ഇതു കഴിഞ്ഞ് ഉദ്ദേശം ആയിരപ്പറയോളം അരി വെച്ചുള്ള സദ്യയും പൊടിപൂരമായി കഴിഞ്ഞു.

പഴയ സിമ്മന്നാരി വെള്ളയടിച്ചും മറ്റും പുതുക്കിയിരുന്നതു കൂടാതെ ചുറ്റും 3 വശം തട്ടു പന്തലു പടിഞ്ഞാറെ വശത്തു തെക്കു വടക്കായി വളരെ പൊക്കത്തിൽ ഒരു അടിച്ചുകൂട്ട് പന്തലും കെട്ടിയുണ്ടാക്കിയിരുന്നു. ഈ വലിയ പന്തൽ കെട്ടി വിതാനിച്ച ഗ്ലോവുകൾ, രസയുണ്ടകൾ, പല മാതിരി പുതിയതരം ചിമ്മിനി വിളക്കുകൾ, കുലവാഴകൾ മുതലായതുക ളാൽ അലങ്കരിച്ചിരുന്നു. പഴയ സിമ്മനാരി മുതൽ മനോരമ ആപ്പീസു വരെ യുള്ള റോഡുകളും റോട്ടിന്നരികെയുള്ള വീടുകളുടെ പടിവാതിലുകളും തോരണങ്ങളും ആശീർവചനങ്ങൾ അടങ്ങിയ വളച്ചു വാതിലുകളാലും മറ്റും മനോഹരമായിരുന്നു. മാർ ദിവന്നാസ്യോസു സിമ്മനാരിയുടെ മുൻ വശത്തു ഇതിലൊക്കെ വിശേഷമായി ഒരു പന്തലിട്ടു. വളരെ മനോഹര മായി കെട്ടി വിതാനിച്ച് അലങ്കരിച്ചിരുന്നു. സിമ്മന്നാരിയുടെ അകത്തും ലതകൾ പതിച്ചും ആശീർവചനങ്ങൾ കടലാസുകൾ വെട്ടിഎടുത്ത് ഒട്ടിച്ചും ചില ചില്ലറ അലങ്കാരങ്ങൾ ഇല്ലാതിരുന്നില്ല. സിമ്മന്നാരിക്കകത്ത് മധ്യ ഭാഗത്ത് തെക്കേ അരികിൽ ഒരു തട്ട് മേൽക്കട്ടിയും പടികളുമായി ഉയർത്തി പണിതുണ്ടാക്കിയതിൽ ഒരു മേശയും ചുറ്റും കസേരകളും ഇട്ടിരുന്നു. സിമ്മ ന്നാരിക്ക് കിഴക്കു വശത്തുള്ള ചാപ്പലുകളും അലങ്കരിച്ചിരുന്നു.

ഉച്ചകഴിഞ്ഞ് മെത്രാപ്പോലീത്താമാർ പഴയ സിമ്മന്നാരിയിൽ നിന്നും പുത്തൻ സിമ്മന്നാരിയിലേക്ക് വണ്ടിയിൽ രഹസ്യമായി എഴുന്നള്ളി സിമ്മ ന്നാരി ചാപ്പലിൽ ചെന്നു ചേർന്നു. ആളുകൾ വണ്ടികളിലും മറ്റുമായി വരവു തുടങ്ങി. സിമ്മന്നാരിയുടെ മുൻവശത്തു കുരിശുകളും മുത്തുക്കുടകളും അണിയണിയായി നിരത്തി തുടങ്ങി. പത്തഞ്ഞൂറ് കൊടിക്കൂറകൾ ഉല്ലാ സമായി പറന്നുംകൊണ്ട് പൊക്കത്തിൽ നില്ക്കുന്നു. സിമ്മന്നാരിയുടെ ചുറ്റും മണ്ണ് നുള്ളിയിട്ടാൽ താഴാത്ത പോലെ പുരുഷാരം നിറഞ്ഞു തുടങ്ങി. സിമ്മന്നാരിക്കകത്ത് ബിഷോപ്പ് സായ്പ്, പേഷ്കാർ സായ്പന്മാർ, മദാ മ്മമാർ, വക്കീലന്മാർ, ഉദ്യോഗസ്ഥന്മാർ മുതലായവരെ കൊണ്ട് നിറഞ്ഞു കഴിഞ്ഞു. ഇങ്ങിനെ ഇരിക്കെ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ ചാപ്പ ലിൽ നിന്നും നീറാള കുപ്പായവും ധരിച്ച് മുതലവായൻ മുടി ശിരസ്സിലു മായി സഹ മെത്രാന്മാരും കത്തനാരമ്മാരും ശെമ്മാശന്മാരും ഒരുമിച്ച് സിമ്മ ന്നാരിയിൽ പ്രവേശിച്ചു. കൂടിയിരുന്നവരെല്ലാം എഴുന്നേറ്റ് ഉപചാരം ചെയ്തു. എല്ലാവരും ഇരുന്നപ്പോഴേക്ക് ബാൻടു ശബ്ദവും ഒരു പാട്ടും കേട്ടു തുടങ്ങി. ഇതിനു ശേഷം വാദ്ധ്യാന്മാരുടെയും കുട്ടികളുടെയും ഒരു മംഗളപത്രവും വായിക്കയും അതു കഴിഞ്ഞ് ഭദ്രാസന മെത്രാപ്പോലീ

ത്തായ്ക്ക് കാഴ്ച വയ്ക്കയും ചെയ്തു. പിന്നീട് ബിഷോപ്പിന്റെയും പള്ളിക്കുടം ഇൻസ്പെക്ടർ രാമസ്വാമി അയ്യർ അവർകളുടെയും പെൻഷൻ എഞ്ചിനിയർ മിസ്റ്റർ കുരുവിളയുടെയും അതിനു ശേഷം മംഗളപത്രത്തിന് മെത്രാപ്പോലീത്തായുടെ മറുപടി പറച്ചിലും വായനയും കഴിഞ്ഞ് പ്രധാനാദ്ധ്യാപകൻ പ്രസംഗകർത്താക്കന്മാർക്കും പ്രത്യേകിച്ചും ശേഷമുള്ളവർക്കു പൊതുവെയും വന്ദനം പറകയും പാത്രിയർക്കീസു ബാവായ്ക്കും മഹാരാജാവിനും ചിയേഴ്സ് പറകയും ചെയ്തു യോഗം പിരിഞ്ഞു. ഇതിനു ശേഷം പഴയ സിമ്മന്നാരിയിലേക്കുള്ള ഘോഷയാത്രയായി. പോലീസ് ഇൻസ്പെക്ടർമാരായ ഉണ്ണിത്താനും നൈനാനും 2 കുതിരപ്പുറത്ത് കേറി കോൺസ്റ്റബിൾമാരുടെ അകംപടിയോടു കൂടി ഘോഷയാത്രയുടെ മുമ്പേ ഉണ്ട്. മഹമ്മദീയൻമാരുടെ പരീശകളിയും വാളേറും അഭ്യാസവും പിന്നാലെ ആർപ്പുവിളിയും വഞ്ചിപ്പാട്ടുമായി ഒരു കൂട്ടം ആളുകൾ അതിന്റെ പിന്നാലെ പത്തിരുപതു ചെണ്ടകൾ കൊട്ടിത്തകർത്തും കൊണ്ട് മറ്റൊരു കൂട്ടം അതിന്റെ പുറകെ തമ്പേറും, ബാൻടും, നാഗസ്വരം ഇതുകളുടെ പ്രയോഗവും കൂട്ടവും അതിനു പിറകെ ഇവരുടെ പിന്നാലെ സിമ്മന്നാരി വാദ്ധ്യാന്മാരുടെ മേൽവിചാരത്തോടു കൂടെ പത്തറുനൂറു കുട്ടികൾ കയ്യിൽ കൊടികളും പിടിച്ചു പാട്ടു പാടി തകർത്തു കൊണ്ട് അങ്ങനെ നടക്കുന്നു. നടുക്കു സ്വർണ്ണത്തിലും വെള്ളിയിലും ഉള്ള പത്തു നാല്പതു കുരിശുകളും ഇരുഭാഗങ്ങളിലും വളരെ മുത്തുക്കുടകളുമായി ശെമ്മാശന്മാരുടെയും കത്തനാരന്മാരുടെയും രണ്ടണി അതിനു പിറകെ. പിന്നാലെ ഒരു പല്ലക്കിൽ ദിവന്നാസ്യോസു മെത്രാപ്പോലീത്താ മുതലവായൻ മുടിയും നീരാള കുപ്പായവും ധരിച്ചിരിക്കുന്നു. അതിനു പുറകെ സഹ മെത്രാന്മാരും മറ്റു ചിലരും വണ്ടികളിൽ ഘോഷയാത്രയുടെ ഇങ്ങെ അറ്റത്ത് ആകപ്പാടെ പുരുഷാരത്തിന്റെ ബഹളവും എത്രത്തോളമെന്നു പറവതല്ല. ഇങ്ങനെ ഘോഷയാത്രയോടു കൂടെ പഴയ സിമ്മന്നാരിയിൽ 6 മണിക്കെത്തി സന്ധ്യാ വന്ദനം മുതലായ കർമ്മങ്ങൾ കഴിച്ച് ഇത് അവസാനിച്ചു.

പിന്നീട് സിമ്മന്നാരിയുടെ പടിഞ്ഞാറ് വശത്തുള്ള പന്തലിൽ മലങ്കര ഇടവകജനങ്ങളുടെ ഒരു മംഗളപത്ര സമർപ്പണവും അവരുടെ വെണ്കാഴ്ചകളും മെത്രാപ്പോലീത്തായുടെ അനുഗ്രഹവും നടന്നു. അപ്പോഴേക്കും മെത്രാപ്പോലീത്തായുടെ കഴുത്ത് കുരിശുകളാലും മറ്റും അനക്കാൻ പാടില്ലെന്നായി. കാസകൾ, മോതിരങ്ങൾ മുതലായ പല തരം കാഴ്ചകൾ പലരും സമ്മാനിച്ചു. ഇതു കഴിഞ്ഞ് 8 മണിയോടു കൂടി കരിമരുന്ന് പ്രയോഗവും നടന്നു. വാണം, ചക്രം, എലിവാണം, മത്താപ്പ് മുതലായവകൾ അനവധി ഉണ്ടായിരുന്നു. ആകെപ്പാടെ ജൂബിലി ആഘോഷം വളരെ കേമമായി അവസാനിച്ചു എന്നു പറയാം. പിറ്റേദിവസം സ്ഥലത്തുള്ള യൂറോപ്യൻമാർക്കും യൂറെഷ്യൻമാർക്കും ഒരു സല്ക്കാര വിരുന്നും സിമ്മന്നാരിയിൽ വച്ചു കൊടുത്തു. ഹിന്ദുക്കളായി സ്ഥലത്തുള്ള ഉദ്യോഗസ്ഥൻ

മാർക്ക് വയസ്ക്കര വച്ചും ഒരു വിരുന്നു കൊടുത്തു.

കുഴിമറ്റത്ത് പള്ളിക്കു കല്ലിടീൽ കഴിച്ച് കുർബാന ചൊല്ലണമെന്ന് അത്തനാസ്യോസ് മെത്രാപ്പോലീത്തായുടെ കല്പന വരികയാൽ ഗീവറുഗീസ് റമ്പാൻ കുംഭം 1 ന് സന്ധ്യയ്ക്ക് അവിടെ എത്തുകയും 2 ന് കല്ലിട്ട് കൂദാശ കഴിച്ച് കുർബാന ചൊല്ലി തിരിച്ചു പോരികയും ചെയ്തു. 10 ന് നാലുന്നാക്കൽ ഇടത്ര ശെമ്മാശന്റെ വിവാഹം നടത്തുന്നതിനായി ഗീവറുഗീസു റമ്പാൻ അവിടെ എത്തി ആയതു കഴിഞ്ഞ് തിരിച്ചു പോന്നു.

19 ന് വള്ളിക്കാട്ട് പള്ളിയിൽ നിന്നും ഗീവറുഗീസ് റമ്പാൻ സിമ്മന്നാരിയിൽ എത്തുകയും മീനം 6 ന് അവിടെ നിന്നും കല്ലുങ്കത്രയും 10 ന് അവിടെ നിന്ന് അത്തനാസ്യോസ് മെത്രാപ്പോലീത്തായോടു കൂടെ പള്ളിക്കരെ പള്ളിയിലേക്ക് യാത്ര പുറപ്പെട്ട് 12 ന് അവിടെ എത്തി താമസിക്കയും ചെയ്തു. മേട മാസം 21 ന് പുതുഞായറാഴ്ച അത്തനാസ്യോസ് മെത്രാപ്പോലീത്താ കുർബ്ബാന ചൊല്ലി തുരുത്തി പള്ളി ഇടവകയിൽ തോമ്പ്രാ ഗീവറുഗീസിന് കോറൂയോ പട്ടം കൊടുത്തു. അന്നു തന്നെ ചിരട്ടക്കൽ ഇത്താപ്പിരിയുടെ പുത്തൻപള്ളി കൂദാശ ചെയ്യുന്നതിനായി മെത്രാപ്പോലീത്തായും ഗീവറുഗീസ് റമ്പാനും പോയി കൂദാശ കഴിച്ചു. 12 പട്ടക്കാർക്ക് നേർച്ചയും അനേകം പേർക്ക് സദ്യയും ഉണ്ടായിരുന്നു.

ഇടവം 9 ന് അത്തനാസ്യോസ് മെത്രാപ്പോലീത്തായും ഗീവറുഗീസ് റമ്പാനും കൂടെയുള്ളവരും പള്ളിക്കര നിന്നും യാത്ര പുറപ്പെട്ട് 11 ന് പറവൂർ പള്ളിയിൽ എത്തി താമസിച്ചു. മിഥുനം 10 ന് തിരുമേനി കുർബ്ബാന ചൊല്ലി കുറിച്ചിയിൽ തോപ്പിൽ കുർയ്യാക്കോസു ശെമ്മാശനു കത്തനാരു പട്ടം കൊടുത്തു. കർക്കടകം 3 ന് മര്‍ണ്ടോ തുരുത്തീന്നു മദ്രാസ കമ്മട്ടിക്കാരുടെ പേർക്ക് സുറിയാനി അസോസിയേഷൻ കമ്മട്ടി സിക്രട്ടിറി നോട്ടീസയച്ചു. അന്ന് തന്നെ എറണാകുളത്ത് തീവണ്ടിയിൽ ആളു കയറ്റി ഓടിച്ച് തുടങ്ങി.

1078 ചിങ്ങം 11 ന് എണ്ണച്ചേരിൽ ഗീവറുഗീസു കത്തനാരുടെ മകൻ ഉലഹന്നാനും കളപ്പുരയ്ക്കൽ വർക്കിയുടെ മകൻ ഉലഹന്നനും പട്ടം കൊടുപ്പിക്കുന്നതിനായി ദേശക്കുറി എഴുതുകയും ഗീവറുഗീസ് കത്തനാരുടെ മകൻ ഉലഹന്നാൻ പറവൂർ പള്ളിയിൽ എത്തി അത്തനാസ്യോസ് മെത്രാപ്പോലീത്തായോട് 17 ന് പട്ടം ഏറ്റു. 20 ന് വാകത്താനത്തു പള്ളിയിൽ എത്തി പട്ടക്കടലാസു വായിച്ചു.

കന്നിമാസം 5 ന് ഗീവറുഗീസു റമ്പാൻ കോട്ടയത്തു സിമ്മന്നാരിയിൽ എത്തി താമസിച്ചു. കളപ്പുരക്കൽ വർക്കിയുടെ മകൻ പുന്നനു പട്ടം കൊടുപ്പിക്കുന്നതിനായി കളപ്പുരയ്ക്കൽ തോമായും മാളിയേക്കൽ ഔസേപ്പും ടി. പുന്നനും പറവൂർക്ക് പോകയാൽ അവരോട് കൂടി റമ്പാച്ചനും പോയി.

8 ന് പറവൂർ പള്ളിയിൽ എത്തുകയും ചെയ്തു. അന്നു ചെറിയമഠത്തിൽ അന്ത്രയോസു ശെമ്മാശനു അത്തനാസ്യോസു മെത്രാപ്പോലീത്താ കത്തനാരു പട്ടവും കൊടുത്തു.

11 ന് ടി. തിരുമേനി ടി. പുന്നന് മ്സമ്രാന പട്ടം കൊടുത്തു. അന്നു ഉച്ച കഴിഞ്ഞ് ടി. ശെമ്മാശൻ മുതൽപെർ പറവൂർ നിന്നും ആലുവായിലെത്തി. തീവണ്ടി കയറി എറണാകുളത്തിറങ്ങി അവിടെ നിന്നും വാകത്താനത്തേക്ക് പോകയും ഗീവറുഗീസു റമ്പാൻ പറവൂർ താമസിക്കയും ചെയ്തു.

17 ന് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായ്ക്ക് ദീനം അത്യന്തമെന്ന് അത്തനാസ്യോസ് മെത്രാപ്പോലീത്തായ്ക്ക് കമ്പി വന്നു. പരുമലയ്ക്കു പുറപ്പെടുവാൻ തിരുമനസ്സിലേക്ക് സുഖമില്ലാഴികയാൽ പോകുന്നില്ലെന്നു വയ്ക്കയും ഗീവറുഗീസു റമ്പാച്ചൻ പോകുന്നതിന് അനുവദിയ്ക്കയും ചെയ്തു. ഉടനെ ഗീവറുഗീസു റമ്പാച്ചൻ അകപ്പറമ്പു പള്ളിയിൽ താമസിച്ചിരുന്ന കൊച്ചുപൗലോസു റമ്പാച്ചന്റെ പേർക്ക് വിവരത്തിന് എഴുതി അയക്കയും അദ്ദേഹം 18-ന് പറവൂർ വന്നു ചേരുകയും അദ്ദേഹവും ഒരുമിച്ച് അന്നു തന്നെ യാത്ര പുറപ്പെട്ട 21 ന് പരുമല എത്തി തിരുമേനിയെ കണ്ടു. ദീനം എത്രയും കൂടുതൽ ആയിരുന്നു.

22 ന് ഗീവറുഗീസു റമ്പാച്ചൻ കുർബ്ബാന ചൊല്ലുകയും പാമ്പാക്കുട മല്പാനച്ചൻ തിരുമേനിയുടെ സുഖക്കേടിനെപ്പറ്റി പ്രസംഗിക്കയും എല്ലാവരും പ്രത്യേകം പ്രാർത്ഥിക്കയും ചെയ്തു. തിരുമേനി കഴിഞ്ഞു പോയി എന്ന് എല്ലാവരും വിചാരിച്ചുപോകയും വിവരം മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായോട് അറിയിച്ചതിൽ വളരെ വ്യസനിച്ച് നിലവിളിക്കയും ചെയ്തു എങ്കിലും അന്നേ ദിവസം ഒന്നും നടന്നില്ല.

25 ന് കണ്ടനാട്ടു ഇടവകയുടെ ഈവാനിയോസ് മെത്രാപ്പോലീത്തായും വന്നു ചേർന്നു. 29 ന് അദ്ദേഹം കുർബ്ബാന ചൊല്ലി. വട്ടശ്ശേരി മല്പാനച്ചൻ പ്രസംഗിക്കുകയും എല്ലാവരും പ്രത്യേകം സങ്കടത്തോടെ പ്രാർത്ഥിക്കയും ചെയ്തു. തുലാ മാസം 6 ന് ടി. തിരുമേനി കുർബ്ബാന ചൊല്ലുകയും സ്ലീബാ ശെമ്മാശൻ പ്രസംഗിക്കയും ചെയ്തു. 13 ന് തിരുമേനി കുർബ്ബാന ചൊല്ലി മട്ടക്കലച്ചൻ പ്രസംഗിച്ചു. 15 ന് പാലക്കുന്നത്തു കൊച്ചു തീത്തോസ് മെത്രാൻ പരുമല വന്നു തിരുമേനിയുടെ ദീനം കണ്ട് തിരിച്ചു പോയി.

20 ന് വല്യപൗലോസ് റമ്പാച്ചൻ കുർബ്ബാന ചൊല്ലി തിരുമനസ്സിലേക്കും, ശു. കുർബ്ബാന കൊടുത്തു. തിരുമനസ്സിലെ ദീനം ഇതുവരെയായിട്ടും ഒരു കുറവും കണ്ടില്ല. നാട്ടുവൈദ്യൻമാരും അപ്പോത്തിക്കിരികളുമായി അനേകം പേരുടെ ചികിത്സകൾ കഴിച്ചു. എങ്കിലും ദൈവഹിതം തടുക്കുവാൻ കഴിയാകയാൽ ഉച്ചകഴിഞ്ഞ് തിരുമനസ്സിലെ അപേക്ഷപ്രകാരം

കന്തീലായുടെ ക്രമം ഈവാനിയോസ് മെത്രാപ്പോലീത്തായും നാലു റമ്പാച്ചന്മാരുടെ കൂടെയും പല പട്ടക്കാരോടു കൂടെയും കഴിച്ചു. രാത്രി 12 മണിക്ക് കർത്താവിൽ തന്റെ ജീവനെ ഭരമേല്പിച്ചു. ഉടനെ എടുത്ത് കസേരയിൽ ഇരുത്തി ദേഹം ചൂടുവെള്ളം കൊണ്ട് ശുദ്ധിവരുത്തി തന്റെ സ്ഥാനവസ്ത്രങ്ങൾ ധരിപ്പിച്ച് പള്ളിയിൽ അഴിക്കകത്ത് പടിഞ്ഞാറോട്ട് മുഖമായി ഇരുത്തി "കൊഹനെയിക്ക് നെൽ ബ്ശൂൻ" ചൊല്ലിയ ശേഷം അനുതാപത്തിന്റെ ഏഴ് മസുമൂറും എത്തിച്ചു. പിന്നെ പുലരുന്നത് വരെയും മസ്മൂറുകൾ വായിച്ചുകൊണ്ടിരുന്നു. അതികാലത്തെ പ്രാർത്ഥനയും കുർബ്ബാനയും കഴിച്ച് കൊഹനൈത്തായിൽ ഒരു തെശുമെശുത്തായും എത്തിച്ച് താഴെ നിന്നും മദ്ബഹായിൽ കേറ്റി പടിഞ്ഞാട്ടു മുഖമായി ഇരുത്തി. പിന്നെ 11 മണിക്കും 3 മണിക്കും രണ്ട് തെശുമെശ്ത്തായും തികച്ച് രാത്രി മുഴുവൻ മസുമൂറാകൾ വായിച്ചുകൊണ്ടിരുന്നു. 22 കാലത്തെ പ്രാർത്ഥനയും ഗീവറുഗീസ് റമ്പാന്റെ കുർബ്ബാനയും കഴിഞ്ഞ് ഒരു തെശ്മെശ്ത്താ കൂടി കഴിച്ചു. പിന്നെ 10 മണിക്ക് 2 തെശ്മെശ്ത്തായും വായനകളും കഴിച്ച് കിഴക്കോട്ട് മുഖമായി പൊക്കി ഈവാനിയോസ് മെത്രാപ്പോലീത്താ, തിരുമനസ്സിലെ മുഖത്ത് മൂന്നു പ്രാവശ്യം ധൂപം വയ്ക്കയും പുശ്ബശ്ലോമ ചൊല്ലുകയും പിന്നെ പടിഞ്ഞാട്ടു മുഖമായും വടക്കോട്ട് മുഖമായും തെക്കോട്ട് മുഖമായും പൊക്കി പുശുബശ്ലോമോ ചൊല്ലുകയും ചെയ്തശേഷം ഹൈക്കലായിൽ പടിഞ്ഞാറേ അറ്റത്തു കൊണ്ടുവന്ന് കിഴക്കോട്ട് മുഖമായും വടക്കേ വാതുക്കലും തെക്കേ വാതുക്കലും പുശ്ബശ്ലോമോ ചൊല്ലി പടിഞ്ഞാറെ വാതിൽക്കൽ ഇറക്കി നഗരി കാട്ടുവാൻ കൊണ്ടുപോയി. പടിഞ്ഞാറെ അറ്റത്തുവച്ചും കിഴക്കോട്ട് മുഖമായി പൊക്കി പുശ്ബശ്ലോമോ ചൊല്ലി കിഴക്കോട്ട് കൊണ്ടുവന്ന് സിമ്മനാരിയുടെ റാന്തയിൽ പടിഞ്ഞാട്ടു മുഖമായി ഇരുത്തി എല്ലാവരും കൈമുത്തിന്നാരംഭിച്ചു. ആയതു കഴിഞ്ഞ് പള്ളിയകത്തു കേറ്റി തെക്കേ വാതിൽക്കൽ കൂടി പുറത്തിറക്കി കിഴക്ക് വശത്തു കൂടി വന്ന് വടക്ക് വശത്ത് കബറുങ്കൽ വന്നു പ്രാർത്ഥനയും കഴിച്ച് കുഴിയിൽ ഇരുത്തി എല്ലാ വരും കുന്തിരിക്കവും കുഴിയിൽ മുക്കാൽ ഭാഗത്തോളം നിറച്ചു. "മേൽപ്പട്ട ഉയരങ്ങളിൽ" എന്നതും കൈകഹനൈയ്ക്ക്നെൽ ബശൂൻ എന്നതും ചൊല്ലി കുഴിമൂടി ഈവാനിയോസു മെത്രാപ്പോലീത്തായുടെ പ്രസംഗവും കഴിഞ്ഞ് പള്ളിയകത്ത് പ്രവേശിച്ച് കാണിക്കയിടീലും നടത്തി ജനക്കൂട്ടം പിരിയുകയും ചെയ്തു.

### വൃശ്ചിക മാസം

9 ന് മലയാളം കണക്കിൽ 7 ന് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ തനിക്കുള്ള സമ്പാദ്യങ്ങൾ ആലുവാ പള്ളിക്ക് കൊടുത്തിരിക്കുന്നതായി ഒരു ഉടമ്പടി എഴുതി പറവൂർ കൊർട്ടിൽ രജിസ്ട്രറാക്കി. ടി. പള്ളിയുടെ കാര്യാന്വേഷണത്തിനായി കൊച്ചുപൗലോസു റമ്പാച്ചനേയും

ഗീവറുഗീസ് റമ്പാച്ചനേയും പൈനാടത്തു യൗസേപ്പ് ശെമ്മാശ്ശനേയും ഉടമ്പടിയാൽ നിയമിക്കയും ചെയ്തു.

ധനുമാസം 5 ന് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായും ഗീവറുഗീസ് റമ്പാനും കൂടി ആലുവാ പള്ളിയിലേക്ക് പുറപ്പെട്ടു. 6 ന് കാലത്ത് അവിടെ എത്തി താമസിച്ചു. കൊച്ചുപൗലോസ് റമ്പാച്ചനും വന്നു ചേർന്നു. 11 ന് ഗീവറുഗീസു റമ്പാൻ ആലുവാ പള്ളിയുടെ മുറിക്ക് ഓടു ശട്ടം കെട്ടുവാനും മറ്റുമായി തീവണ്ടി വഴിയായി കൊച്ചീക്ക് പോയി. 12 ന് തിരിച്ച് ആലുവായിൽ വന്നു ചേർന്നു.

**1903 മകരം**

10 ന് കല്ലുങ്കത്ര മുപ്പാത്തിയിൽ ആകുന്ന വാണിയപ്പുരയിൽ കുരിയൻ, ഗീവറുഗീസ് റമ്പാച്ചന് ധൂപക്കുറ്റി പണിയിക്കുന്നതിനായി 25 രൂപ കൊടുത്തു. മീനം 16 ന് ഗീവറുഗീസു റമ്പാച്ചൻ വാകത്താനത്തു നിന്നും ആലുവായിലേക്ക് യാത്ര പുറപ്പെട്ടു. 18 ന് അവിടെ എത്തി. 1079 മീനം 19 ന് ആലുവാ പള്ളിയിൽ അങ്കമാലി മുതലായ വടക്കേ ഇടവകക്കാരുടെ ഒരു കൂട്ടം ഉണ്ടായി. ഈ കൂട്ടത്തിന് വടക്കെ ഇടവകക്കാരിൽ അധികം പള്ളിക്കാരും കൂടിയിരുന്നു. ആ യോഗക്കാർ ആലുവായിൽ ഒരു സിമ്മനാരി ഉണ്ടാക്കി ഇംഗ്ലീഷും സുറിയാനിയും പഠിപ്പിക്കണമെന്നും പണി വകക്കായി അങ്കമാലി ഇടവകയിലെ എല്ലാ പള്ളികളിൽ നിന്നും ഒരു കൊല്ലത്തെ വരുമാനം കൊടുക്കണമെന്ന് നിശ്ചയിച്ച് ആയത് നടത്തിക്കുന്നതിന് ഏതാനും പേരെ കമ്മട്ടിക്കാരായി തിരഞ്ഞെടുക്കുകയും നിർവാഹകസംഘത്തിൽ ഒരംഗമായി ഗീവറുഗീസ് റമ്പാനെ നിയമിച്ചു. ടി കൂട്ടത്തിന് തെക്കു നിന്ന് വട്ടശ്ശേരി മല്പാനച്ചനും, പത്രാധിപരും, ജോൺ വക്കീലും പല പട്ടക്കാരും ഹാജരായി.

ഇടവം 14 ന് കഥാനായകൻ ആലുവാ പള്ളിയിൽ നിന്നും പെരുമ്പാവൂർ പുതുതായി ഉണ്ടാക്കിയ പള്ളി കൂദാശ കഴിച്ച് കുരിശു വച്ച് കൊണ്ട് കുർബാന ചൊല്ലുന്നതിനായി ടി. പള്ളിക്കാരുടെ അപെക്ഷ പ്രകാരം അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ അനുമതിയോടുകൂടി അവിടേക്ക് പോയി.

15 ന് ടി പള്ളിയിലെ മദ്ബഹായിലുള്ള പ്രധാന ത്രോണോസുകൾ മാർത്തോമാ ശ്ലീഹായുടേയും വടക്കേ ത്രോണോസുങ്കൽ കുറിയാക്കോസു സഹദായുടേയും തെക്കേ ത്രോണോസുങ്കൽ ഗീവറുഗീസു സഹദായുടേയും നാമങ്ങളിൽ കൂദാശ കഴിച്ച് ഗീവറുഗീസ് റമ്പാൻ ശു: കുർബ്ബാന ചൊല്ലി. പടിഞ്ഞാറു വശത്തു കുരിശു വച്ച സ്ഥലത്തു കന്യാസ്ത്രീയമ്മയുടെ നാമവും വിളിച്ചു.

16 ന് കഥാനായകൻ ടി പള്ളിയിൽ നിന്നും അവരുടെ സന്തോഷബഹു

മാനാദികളെ സ്വീകരിച്ച് കുന്നക്കുരുടി പള്ളിയിലേക്ക് പോയി. ആ പള്ളിയിലെ ഒരു കൊല്ലത്തെ വരുമാനം ആലുവാ സിമ്മനാരിക്ക് കൊടുത്തു കൊള്ളാമെന്ന് സമ്മതിച്ച് കണക്കു തിട്ടപ്പെടുത്തി സംഖ്യ കുറിച്ചു തന്നു. അവിടുത്തെ ഒരു കൊല്ലത്തെ വരുമാനം 916 രൂപയാണ്.

22 ന് കുന്നക്കുരുടിയിൽ നിന്നും കഥാനായകൻ മഴുവന്നൂർ പള്ളിയിലേക്ക് പോയി. 24 ന് ശനിയാഴ്ച ആ പള്ളിയിൽ ശു. കുർബ്ബാന ചൊല്ലി. 25 ന് പെന്തിക്കോസ്തിയായിരുന്നതിനാൽ അന്നും ആ പള്ളിയിൽ ശു. കുർബ്ബാന ചൊല്ലി ക്രമം കഴിക്കയും പെന്തിക്കുസ്തിയെ സംബന്ധിച്ച് പ്രസംഗിക്കയും ചെയ്തു. ആ പള്ളിക്കാരും ഒരു കൊല്ലത്തെ വരുമാനം ആലുവാ സിമ്മനാരിക്കു കൊടുത്തുകൊള്ളാമെന്നു സമ്മതം തന്നു.

26 ന് കഥാനായകൻ മഴുവന്നൂർ നിന്നു റാക്കാട്ടു പള്ളിയിലേക്ക് പോയി. യാത്രയിൽ, കടമറ്റത്തു പള്ളിയിൽ കയറി പ്രാർത്ഥന കഴിച്ചു. ഈ പള്ളി വടക്കും തെക്കുമുള്ള പള്ളികളേക്കാൾ വളരെ വലിപ്പമുള്ളതും നല്ല ഒരു ഉയർന്ന കുന്നിൽ മനോഹരമായ കാഴ്ചയിൽ ഇരിക്കുന്നതുമാകുന്നു. ഈ പള്ളിയുടെ വടക്കുവശത്ത് വിശാലമായ രണ്ടു നിലയിൽ ഒരു മാളികമുറിയുണ്ട്. സന്ധ്യയ്ക്കു മുമ്പായി റാക്കാട്ടു പള്ളിയിൽ എത്തി താമസിച്ചു.

മിഥുനം 1 ന് ടി പള്ളിയിൽ യൊഗം കൂടി കണക്ക് പരിശോധിച്ചു ഒരു കൊല്ലത്തെ വരുമാനം ആലുവാ സിമ്മനാരിക്ക് കൊടുത്തുകൊള്ളാമെന്ന് സമ്മതിയ്ക്കയും 25 രൂപ രൊക്കം തരികയും ചെയ്തു. 2 ന് ഗീവറുഗീസ് റമ്പാൻ റാക്കാട്ടു നിന്നും മാറാട്ടൂ പള്ളിയിലേക്ക് പോയി. അവിടുത്തെ പട്ടക്കാരൻ ആനിപ്ര കുറിയാക്കോസ് കത്തനാരെ കാണാഴികയാൽ റാക്കാട്ടു പള്ളിയിലേക്ക് തിരിച്ചുപോന്നു.

3 ന് റാക്കാട്ട് പള്ളിയിൽ നിന്നും ടി പള്ളിയുടെ കുരിശുപള്ളിയായ കടാതി പള്ളിയിലേയ്ക്കും അവിടെ നിന്നും ഉച്ച കഴിഞ്ഞ് കാരക്കുന്നത്തു പള്ളിയിലേക്കും പോയി (റാക്കാട്ടു പട്ടക്കാരിൽ കടത്തുങ്കൽ പൗലോസ് കത്തനാരും ഓണാട്ടുതോട്ടത്തിൽ യൗസേപ്പു കത്തനാരും കാരക്കുന്നം വരെ കൂടെ പോരികയും ചെയ്തു). കാരക്കുന്നത്തു പള്ളിക്കാർ ആലുവാ സിമ്മനാരിക്കു ഒരു കൊല്ലത്തെ വരുമാനം തന്നുകൊള്ളാമെന്ന് സമ്മതിച്ചു എഴുതിതരികയും ഗീവറുഗീസ് റമ്പാൻ 8 ന് അവിടെ നിന്നും കോതമംഗലത്തു ചെറിയപള്ളിയിലേക്ക് പോകയും ചെയ്തു.

8 ന് കഥാനായകൻ ചെറിയപള്ളിയിൽ നിന്നും ടി വലിയപള്ളിയിലേയ്ക്ക് പോയി. ശു. കുർബ്ബാന ചൊല്ലുകയും ആലുവാ സിമ്മനാരിയെ സംബന്ധിച്ച് പണം പള്ളിയിൽ നിന്നും തരേണ്ട സംഗതിയെക്കുറിച്ചും മറ്റും പ്രസംഗിക്കുകയും ചെയ്തുകൊണ്ട് തിരിച്ച് അന്നു തന്നെ ചെറിയ പള്ളിയിലേയ്ക്ക് പോരികയും ചെയ്തു. 15 ന് കഥാനായകൻ ടി ചെറിയ പള്ളിയിൽ ശു. കുർബ്ബാന ചൊല്ലുകയും നോമ്പിനെ കുറിച്ചും ആലുവാ

സിമ്മനാരി പിരിവിനെക്കുറിച്ചും പ്രസംഗിക്കയും ചെയ്തു.

21 ന് കഥാനായകൻ കോതമംഗലത്തു ചെറിയപള്ളിയിൽ നിന്നും പോത്താനിക്കാട് പള്ളിയിലേക്ക് കാൽനടയായി പോയി. വഴിയുടെ ദുർഘടം കൊണ്ടും മഴയുടെയും വെള്ളപ്പൊക്കത്തിന്റേയും ഉപദ്രവം കൊണ്ടും എത്രത്തോളം കഷ്ടപ്പാടുണ്ടായി എന്ന് പറവതില്ല. സന്ധ്യയ്ക്കു മുമ്പായി അവിടെ എത്തി. കയ്യിൽ ഉണ്ടായിരുന്ന കിടക്ക മുതലായവകൾ എല്ലാം നനഞ്ഞു മിശ്രമായി. ഏകദേശം 10 നാഴികയിൽ അധികം വഴിദൂരം ഉണ്ടായിരുന്നു. ആ പള്ളിയിൽ കണക്ക് കേൾവി ഉണ്ടായിട്ടു 12 കൊല്ലത്തിലധികമായിരിക്കയാൽ പള്ളിവക മുതൽ ഓരോ പ്രകാരത്തിൽ നശിച്ചും ചിലരുടെ കൈവശത്തിലും ആയിപ്പോയി എന്ന് അവർ സങ്കടം പറകയാൽ യൊശു: 6:18 വാക്യത്തെക്കുറിച്ചും ആലുവാ സിമ്മനാരി പിരിവിനെക്കുറിച്ചും പ്രസംഗിക്കയും കണക്കു കേൾവിക്ക് എല്ലാവരും കൂടണമെന്ന് ചട്ടം കൊടുക്കയും ചെയ്തു. 23 ന് കൈസ്താനികൾ മുതലായവർ കൂടി കണക്ക് കേൾക്കുകയും മേൽ കുഴപ്പം ഉണ്ടാകാതിരിപ്പാൻ ചട്ടം കെട്ടി ഡയറി എഴുതിക്കയും ചെയ്തു.

24 ന് പത്രോസു പൗലോസു ശ്ലീഹൻമാരുടെ പെരുന്നാളിൽ റമ്പാച്ചൻ പ്രസംഗിക്കയും കർക്കിടകം 4 ന് അവിടെ നിന്നും കോതമംഗലത്തേയ്ക്ക് തന്നെ തിരിച്ചുപോരികയും ചെയ്തു. 6 ന് ടി ചെറിയപള്ളിയിൽ റമ്പാച്ചൻ ശു. കുർബ്ബാന ചൊല്ലി. 7 ന് കോതമംഗലത്തു നിന്നും പുറപ്പെട്ട് കുറുപ്പുംപടി പള്ളിയിൽ എത്തി ഉച്ചഭക്ഷണവും കഴിച്ചു കൊണ്ട് സന്ധ്യയോടു കൂടി ആലുവായിൽ എത്തുകയും ചെയ്തു.

കന്നി മാസം 14 ന് ആലുവാ സിമ്മനാരിയിൽ ടി സിമ്മനാരി മാനേജിംഗ് കമ്മട്ടി കൂടി ടി സിമ്മനാരി ഖജാൻജി പറവൂർ കുളങ്ങരെ മാത്യു മരിച്ചുപോയതിന് പകരം പള്ളിക്കരെ ചിറ്റെത്തു ഇത്താപ്പിരിയെ ആ സ്ഥാനത്തേക്കു നിയമിച്ചു. പിറ്റെ ദിവസം കമ്മട്ടിക്കാർ പിരിയുകയും ചെയ്തു.

18 ന് കഥാനായകൻ ആലുവാ സിമ്മനാരി പിരിവിനായി കോതമംഗലത്തേക്കു പോകുംവഴി പെരുമ്പാർ താമസിച്ചിരുന്ന കോട്ടയത്തു വെള്ളൂർ സാനിറ്ററി തോമസിന്റെ വസതിയിൽ വെച്ച് ഉച്ചഭക്ഷണവും കഴിച്ചു കൊണ്ട് സന്ധ്യയോടു കൂടി കുറുപ്പുംപടി പള്ളിയിൽ എത്തി താമസിക്കയും പിറ്റെ ദിവസം അവിടെനിന്നും പുറപ്പെട്ട് ഉച്ചയ്ക്ക് കോതമംഗലത്ത് എത്തുകയും ചെയ്തു. കുറുപ്പുംപടി പള്ളി ദൈവമാതാവിന്റെ നാമത്തിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു.

20 ന് ആ പള്ളിയിൽ കാലം ചെയ്ത് ആ പള്ളി മദ്ബഹായിൽ അടക്കപ്പെട്ടിരിക്കുന്ന മാർ ബസേലിയോസു ബാവായുടെ ഓർമ്മദിവസം പെരുന്നാളായി കഴിച്ചു വന്നിരിക്കുന്നതിനാൽ അതേ ദിവസം സന്ധ്യാനമസ്

ക്കാരം കഴിഞ്ഞ് ടി ബാവായെക്കുറിച്ചും പരിശുദ്ധന്മാരുടെ ഓർമ്മ കഴിക്കുന്നതിനാൽ ഉള്ള ഗുണങ്ങളെക്കുറിച്ചും കഥാനായകൻ ഒരു പ്രസംഗം പറഞ്ഞു. കോനാട്ട് മല്പാൻ തുടങ്ങിയ പല പട്ടക്കാരും അനവധി ജനങ്ങളും കൂടിയിരുന്നു. ടി പെരുന്നാളിൽ ഉണ്ടാകുന്ന കുർബ്ബാനപ്പണം കുറെ ആണ്ടുകളായി കൂടുന്ന പട്ടക്കാർ എല്ലാവർക്കും കൂടി വീതിച്ചു കൊടുത്തു വന്നിരുന്നതിനെ മാറ്റപ്പെടുത്തി ഇക്കൊല്ലം ആ പള്ളിയിലെ പട്ടക്കാർ തന്നെ വീതിച്ചെടുത്തു.

22 ന് ആലുവാ സിമ്മനാരി പിരിവിനെ കുറിച്ച് യോഗക്കാർ കൂടി ആലോചിച്ചതിൽ തല്ക്കാലം പള്ളിയിൽ പണമില്ലാത്തതിനാൽ പിന്നീട് കൊടുത്തുകൊള്ളാമെന്ന് ഒഴിവു പറഞ്ഞതിനാൽ 24 ന് അവിടെ നിന്നും ഗീവറുഗീസ് റമ്പാൻ ചെലാട്ട് പള്ളിയിലേക്ക് പോയി.

9 ന് ആലുവാ സിമ്മനാരി കെട്ടിടം പണിയിക്കുന്നതിനുള്ള കണക്ക് ആശാരിയെ വരുത്തി ഒന്ന് നിശ്ചയിച്ചു. പിന്നീട് സി. ജെ. മാണി സൂപ്രവൈസറുടെ പ്ലാൻ അനുസരിച്ചാണ് പണിയിച്ചിട്ടുള്ളത്.

**1904 മകര മാസം**

16 ന് കഥാനായകൻ ടി. പള്ളിയിൽ നിന്നും പുറപ്പെട്ട് 18 ന് ആലുവാ പള്ളിയിൽ എത്തി. അന്ന് മാർ അത്തനാസ്യോസ് മെത്രാപ്പോലീത്താ വാകത്താനത്ത് (വെട്ടിക്കൽ കുന്ന്) കപ്യാരൻമാരുടെ പള്ളിയിൽ കർമ്മം നടത്തുന്നതിന് അനുവാദം കൊടുത്തു.

കുംഭം 17 –ന് മാർ അത്തനാസ്യോസ് മെത്രാപ്പോലീത്താ, വട്ടശ്ശേരിൽ ഗീവറുഗീസു റമ്പാൻ, കുറ്റിക്കാടൻ കൊച്ചുപൗലോസു റമ്പാൻ, നമ്മുടെ കഥാനായകൻ എന്നിവരോടൊരുമിച്ച് പ്രാർത്ഥന കഴിച്ചുകൊണ്ട് ആലുവ സിമ്മനാരിക്ക് അടിസ്ഥാന കല്ല് സ്ഥാപിച്ചു. 22 ന് ആലുവാ സിമ്മനാരി നിർവാഹക സംഘം കൂടി മിനം 18 ന് പൊതുയോഗം കൂടണമെന്ന് നിശ്ചയിച്ച് ടി. സംഘം പിരിഞ്ഞു.

23 ന് മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്താ ആലുവാ പള്ളിയിലേക്ക് നീങ്ങുകയും തിരുവിതാംകൂർ ദിവാൻജി അന്ന് ആലുവായിൽ വന്നിട്ടുണ്ടായിരുന്നതിനാൽ തിരുമേനി കൊട്ടാരത്തിൽ ചെന്ന് അദ്ദേഹത്തെ കാണുകയും ചെയ്തു. പിറ്റെ ദിവസം ദിവാൻജിയും ആലുവാ പള്ളിയിൽ വന്ന് തിരുമേനികളെ കണ്ടുംവച്ച് പോകയും ചെയ്തു. 28 ന് മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്താ ആലുവായിൽ നിന്നും അങ്കമാലിപ്പള്ളിയിലേക്ക് നീങ്ങി.

18 ന് മുൻ നിശ്ചയമനുസരിച്ച് ആലുവായിൽ ഒരു പൊതുയോഗം കൂടി. വല്ല്യ തിരുമേനി യോഗത്തിൽ അഗ്രസെനം വഹിച്ചു. യോഗത്തിൽ സിമ്മനാരി പണിയെ സംബന്ധിച്ച ചില നിശ്ചയങ്ങൾ പാസാക്കുകയും സിമ്മ

നാരി വക റിപ്പോർട്ടും മൂക്കഞ്ചേരിൽ മിസ്റ്റർ എം. പി. വർക്കി എഴുതി അയച്ചിരുന്ന ഒരു പ്രസംഗവും വായിച്ചു. അന്നു തന്നെ യോഗം പിരിയുകയും ചെയ്തു.

19 ന് മാർ അത്തനാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സിലേക്ക് സ്ഥിരബുദ്ധി ഇല്ലാത്ത പ്രകാരം സുഖക്കേട് കണ്ടു തുടങ്ങി. 29 ന് കഥാനായകൻ ആലുവായിൽ നിന്നും എറണാകുളത്തേക്ക് പോയി അവിടെ എഴുന്നള്ളി താമസിച്ചിരുന്ന മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായോട് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ സുഖക്കേട് വിവരം അറിയിച്ചുകൊണ്ട് പിറ്റെ ദിവസം ആലുവായ്ക്ക് തിരിച്ചു പോരികയും ചെയ്തു. മാർ അത്തനാസ്യോസ് മെത്രാപ്പോലീത്തായുടെ ഒരു അന്ത്യകല്പന എഴുതിയിരുന്നത് അച്ചടിപ്പാൻ എറണാകുളത്ത് ഏല്പിക്കയും ചെയ്തു.

തുലാ മാസം 5 ന് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ എറണാകുളത്തു നിന്നും ആലുവായിലേക്ക് നീങ്ങി മെത്രാപ്പോലീത്താ തിരുമനസ്സിലെ സുഖക്കേട് കാണുകയും അവിടുത്തെ ചിലവ് വകക്ക് സഹായധനം അയച്ചുകൊടുക്കണമെന്നും മറ്റും അങ്കമാലി ഇടവകയിലുള്ള എല്ലാ പള്ളിക്കാർക്കും കല്പന അയച്ചു കൊടുക്കയും ചെയ്തുകൊണ്ട് പിറ്റെ ദിവസം എറണാകുളത്തേക്ക് തിരിച്ചെഴുന്നള്ളി. 13 ന് കണ്ടനാട്ട് ഇടവകയുടെ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് ആലുവായിൽ എത്തി തിരുമനസ്സിലെ ദീനം കണ്ടും വച്ച് 14 ന് പരുമലക്ക് നീങ്ങുകയും ചെയ്തു.

9 ന് കഥാനായകൻ ആലുവായിൽ എത്തി. 25 ന് നോമ്പ് വീടലിന് കഥാനായകൻ ആ പള്ളിയിൽ കുർബാന ചൊല്ലുകയും പ്രസംഗിക്കയും ചെയ്തു. 26 നും കുർബാന ചൊല്ലി. 28 ന് പറവൂർ പള്ളിക്ക് കുടിശിഖ തീർപ്പാനുണ്ടായി കടവിൽ കുഞ്ഞവരാ ആ വക പണം ആലുവാ സിമ്മനാരി പണി വകക്ക് പള്ളിക്കാരുടെ സമ്മതത്തോടു കൂടി തരികയും കഥാനായകൻ ആലുവായിലേക്ക് പോകയും ചെയ്തു. രൂപ ആകെ 240 ആയിരുന്നു. 29 ന് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ ആലുവായിൽ എഴുന്നള്ളുകയും പിറ്റെദിവസം അവിടെനിന്ന് കുന്നംകുളങ്ങരയ്ക്ക് നീങ്ങുകയും ചെയ്തു.

**1905 മകര മാസം**

24 ന് കഥാനായകൻ കൊച്ചി രാജരാജശ്രീ ഒല്ലീബായി കാതൃബായി കമ്പനി ആദം ജി അക്കിം ജി സേട്ട് അവർകളെ കണ്ട് ആലുവാ സിമ്മന്നാരി കെട്ടിടത്തിന്റെ പണിവകക്ക് തടി കിട്ടേണ്ടതിന് ആലോചിപ്പാനായി പോയി. അയാൾ കൊല്ലത്ത് ആയിരുന്നതിനാൽ കാണുന്നതിന് ഇടയാകാതെ പിറ്റെദിവസം ആലുവായ്ക്ക് തിരിച്ചു പോന്നു.

മീനം 24 ന് വരാപ്പുഴ ഡിപ്പോവിൽ തടിലേലം ഉണ്ടായിരുന്നതിനാൽ ആലുവാ സിമ്മനാരി കെട്ടിടത്തിന്റെ പണിക്ക് വേണ്ടി കുറെ തടി ലേലം പിടിക്കുന്നതിനായി കഥാനായകനും കാവാലഞ്ചേരി മാത്തുവും കൂടി വാരാപ്പുഴയ്ക്ക് പോവുകയും 25, 26 തീയതികളിൽ 20 കണ്ടി ഇരുമുള്ള് തടി ലേലം പിടിച്ച് 26 ന് ആലുവായ്ക്ക് തിരിച്ചു പോരികയും ചെയ്തു. ടി. തടിക്ക് 204 രൂപയായി. മേല്പറഞ്ഞ തീയതികളിൽ വളരെ തടികൾ ലേലം ഉണ്ടായിരുന്നു. തടിലേലം ചെയ്ത ഫോറസ്റ്റ് ആപ്പീസർ മിസ്റ്റർ വാട്ട് സായിപ്പ് ആയിരുന്നു.

ഇടവം 28 ന് കഥാനായകൻ എറണാകുളത്ത് എഴുന്നള്ളി താമസിച്ചിരുന്ന മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെ കാണുന്നതിനും ചില സംഗതികൾ തിരുമനസ്സറിയിക്കുന്നതിനും ആയി പോകയും തിരുമേനിയെ കണ്ടുംവെച്ച് തിരികെ പോരികയും ചെയ്തു. ടി. മാസത്തിലെ ഇടവകപത്രികയിൽ അബ്ദേദ് മശിഹാ പാത്രിയർ ക്കീസിനെ തുർക്കി സുൽത്താൻ സ്ഥാനഭ്രഷ്ടനാക്കി എന്നു കാണുന്നതിന് ഇടയായതിൽ എല്ലാവരും വ്യസനിച്ചു.

കർക്കടകം 28 ന് കഥാനായകൻ മെത്രാച്ചന് കുപ്പായശീല വാങ്ങിക്കുന്നതിനും ആലുവാ സിമ്മന്നാരി കെട്ടിടത്തിന് ഇറക്കുവാൻ ഓട് കടമായി കിട്ടുവാൻ മാർഗ്ഗമുണ്ടോ എന്നറിവാനും ആയി കൊച്ചീക്ക് പോയി. കമ്പനിക്കാരെ കണ്ട് ഏനമില്ലാന്നറിഞ്ഞ് പിറ്റെ ദിവസം തിരിച്ചു പോരികയും ചെയ്തു. 1081 ചിങ്ങ മാസം 3 ന് കഥാനായകൻ സൈത്തു കൂദാശ ചെയ്യുന്നതിലേക്കായി ആയതു വാങ്ങിപ്പാൻ കൊച്ചീക്കു പോകയും പിറ്റെ ദിവസം വാങ്ങിച്ചുകൊണ്ട് തിരിച്ചു പോരികയും ചെയ്തു.

14 ന് കഥാനായകൻ, മാർ അത്തനാസ്യോസ് മെത്രാപ്പോലീത്താ സുഖക്കേട് നിമിത്തം കുറച്ചു ദിവസം മുമ്പ് അകപ്പറമ്പിലേക്ക് പോയിരുന്നതിനാൽ അദ്ദേഹത്തെ കാണുന്നതിനായി പോകയും പിറ്റെ ദിവസം തിരിച്ചു പോരികയും ചെയ്തു.

കന്നി മാസം 4 ന് ആലുവാ സിമ്മനാരി നിർവാഹക സംഘം കൂടി 7 പേർ ഹാജരുണ്ടായിരുന്നു. സിമ്മന്നാരി രണ്ട് നില എന്നുള്ളതു സാധിക്കാൻ പ്രയാസമെന്ന് കാണുകയാൽ ഒറ്റ നിലയിൽ പണി നിവർത്തിക്കണമെന്ന് നിശ്ചയിച്ച് ഉറപ്പിച്ചു. 6 ന് വടകര ഗീവറുഗീസു റമ്പാൻ ദീനമായി ചികിത്സക്കായി എറണാകുളത്ത് എത്തുമെന്നു കേൾക്കയാൽ അദ്ദേഹത്തെ കാണുന്നതിനായി കഥാനായകൻ കൊച്ചുപൗലോസു റമ്പാൻ ഒരുമിച്ച് അവിടേക്ക് പോകയും ടിയാൻ അവിടെ എത്താതിരുന്നതിനാൽ തിരിച്ച് ആലുവായ്ക്ക് പോരികയും ചെയ്തു.

11 ന് കഥാനായകൻ ദീനത്തിലിരിക്കുന്ന അത്തനാസ്യോസ് മെത്രാപ്പോലീത്തായെ കാണ്മാനായി അകപ്പറമ്പിലേക്ക് പോകയും പിറ്റെ ദിവസം

ആലുവായ്ക്ക് തിരിച്ചു പോരികയും ചെയ്തു.

ധനു മാസം 5 ന് വാലിയക്കാരൻ വർക്കിക്ക് ഒരു സുഖക്കേട് ഉണ്ടായതിനാൽ അവനെ പറവൂർക്കയക്കുന്നതിനായി കഥാനായകൻ അവനെയും കൊണ്ട് ആലുവായ്ക്ക് പോകയും 6 ന് അവിടെ എത്തുകയും ചെയ്തു. 9 ന് ആലുവാ സെമിനാരി കെട്ടിടത്തിന്റെ ഓട് മുൻ തിരൂര് നിന്നും വരുത്തിയിരുന്നതിനാൽ ആയത് മേച്ചിൽ കഴിച്ച് ടി. ആശാരിമാരെയും മേസ്തിരിമാരെയും കണക്കും തീർത്ത് പിരിച്ചുവിട്ടു.

18 ന് കഥാനായകൻ അകപ്പറമ്പ് പള്ളിയിലേക്ക് ആലുവായിൽ നിന്നും പോയി മാർ അത്തനാസ്യോസ് മെത്രാച്ചനെ കണ്ടുംവച്ച് പിറ്റെ ദിവസം തിരിച്ചു പോരികയും ചെയ്തു.

**1906**

ധനു മാസം 4 ന് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ ഒരു കല്പന കഥാനായകനു വന്നതിൽ താനും കൂടി ആലുവാ സിമ്മനാരി കണക്ക് കേൾവിക്കായി എത്തണമെന്ന് ആജ്ഞാപിച്ചിരിക്കുന്നതിനാൽ പിറ്റെദിവസം കഥാനായകൻ പുറപ്പെട്ട് 6 ന് എറണാകുളത്ത് എത്തി. സമയം കഴിഞ്ഞു പോയതിനാൽ കഥാനായകൻ വറുഗീസു വക്കീലിന്റെ വസതിയിൽ താമസിക്കയും പിറ്റെദിവസം കാലത്ത് അവിടെ നിന്നും തീവണ്ടി വഴിയായി പുറപ്പെട്ട് 7 മണിക്ക് ആലുവായിൽ എത്തുകയും ചെയ്തു. അപ്പോൾ അവിടെ വലിയ മെത്രാച്ചൻ ഉണ്ടായിരുന്നു.

8 ന് കഥാനായകൻ അകപ്പറമ്പിലേക്ക് പോയി രോഗിയായ അത്തനാസ്യോസ് മെത്രാപ്പോലീത്തായെ കാണുകയും 10 ന് ആ പള്ളിയിൽ കുർബാനയും പ്രസംഗവും കഴിക്കയും ചെയ്തു. 12 ന് തിരിച്ച് ആലുവായിൽ എത്തുകയും ചെയ്തു.

14 ന് അങ്കമാലി മഹായിടവകക്കാരുടെ ഒരു യോഗം ആലുവായിൽ കൂടിയതിൽ 20 ൽ അധികം പള്ളിക്കാർ എത്തിയിരുന്നു. ചാക്കോ മജിസ്ട്രേട്ട് മുതലായ മാന്യന്മാരും ഉണ്ടായിരുന്നു. വലിയ തിരുമേനി അഗ്രാസനസ്ഥൻ ആയിരുന്നു. കണക്കും റിപ്പോർട്ടും പൗലോസു റമ്പാൻ വായിച്ചു യോഗം സമ്മതിക്കയും ചെയ്ത ശേഷം മേൽനടപടിക്ക് ചില നിശ്ചയങ്ങൾ ചെയ്യുകയും മകരത്തിൽ സിമ്മന്നാരിയിൽ സുറിയാനി, ഇംഗ്ലീഷ് മുതലായ പഠിത്തങ്ങൾ ആരംഭിക്കണമെന്ന് പാസാക്കുകയും ചെയ്തു.

**1906 മകരം**

... ആലുവായ്ക്ക് പോകയും 23 ന് അവിടെ എത്തുകയും ചെയ്തു. 24 ന് ആലുവായിൽ നിന്നും കഥാനായകൻ അകപ്പറമ്പു പള്ളിയിലേക്ക് പോയി അത്തനാസ്യോസ് മെത്രാച്ചന്റെ കൂടെ താമസിച്ചു.

24 ന് കഥാനായകൻ അങ്കമാലിയിലേക്ക് പോകയും പിറ്റെ ദിവസം മാർ കൂറിലോസു മെത്രാപ്പോലീത്തായുടെ ഓർമ്മദിവസം ആയിരുന്നതിനാൽ അന്ന് കുർബാനയും പ്രസംഗവും കഴിച്ച് ഉച്ചതിരിഞ്ഞ് തിരിച്ച് അകപ്പറമ്പിലേക്ക് പോരികയും ചെയ്തു. മീന മാസം 17 ന് കഥാനായകൻ പീച്ചാനിക്കാട് താബോർ പള്ളിയിലേയ്ക്ക് പോകയും 18 ന് കുർബാനയും പ്രസംഗവും കഴിക്കയും പിറ്റെദിവസം അകപ്പറമ്പിലേക്ക് തിരികെ പോരികയും ചെയ്തു.

മേട മാസം 15 ന് മുതൽ 22 ന് നോമ്പുവീടൽ വരെയുള്ള ക്രമങ്ങൾ അവിടത്തെ പട്ടക്കാരുടെ സഹകരണത്തോടു കൂടെ കഥാനായകൻ കഴിക്കയും ഓശാന, പെസഹാ, ദുഃഖവെള്ളിയാഴ്ച, ഉയിർപ്പ് ഈ ദിവസങ്ങളിൽ പ്രസംഗിക്കയും ചെയ്തു. പെസഹായ്ക്ക് രോഗിയായിരുന്ന തിരുമേനിക്ക് ശു. കുർബാന എഴുന്നെള്ളിച്ച് കൊടുക്കയും ചെയ്തു.

27 ന് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ പറവൂർ നിന്നും അകപ്പറമ്പു പള്ളിയിലേക്ക് നീങ്ങി. ഇടവം 8 ന് തിരുമേനി പറവൂർ പള്ളിയിലേക്ക് തിരിച്ചെഴുന്നള്ളി.

14 ന് കഥാനായകൻ അകപ്പറമ്പിൽ നിന്നും വാകത്താനത്തേക്ക് യാത്ര പുറപ്പെട്ട് ... പിറ്റെദിവസം ശനിയാഴ്ച കാലത്തു വള്ളിക്കാട്ട് പള്ളിയിൽ എത്തി താമസിക്കയും ചെയ്തു.

**1083 ചിങ്ങം**

24 ന് കഥാനായകൻ ആലുവായിലേക്ക് പോകണമെന്നുള്ള ഉദ്ദേശത്തോട് കൂടി കരിപ്പാൽ യാക്കോബ് ശെമ്മാശനും വാലിയക്കാരൻ വർക്കിയും ഒരുമിച്ച് സിമ്മനാരിയിലേക്ക് പോകുമ്പോൾ ചങ്ങനാശ്ശേരി പാലത്തുങ്കൽ ഒഴുക്കിന്റെ ശക്തി കൊണ്ട് വള്ളം വിലങ്ങി വെള്ളം കയറി മുങ്ങിപ്പോകയും കാപ്പാ, പുസ്തകം മുതലായ സാമാനങ്ങൾ നനഞ്ഞു പോകയും ചില സാമാനങ്ങൾ ഒഴുകിപ്പോയി നഷ്ടപ്പെടുകയും ചെയ്തു. വിളക്ക്, കെത്തൽ മുതലായ സാധനങ്ങൾ പിറ്റെദിവസം മുങ്ങിയെടുക്കയും ചെയ്തു. ഈ ആപത്തു മൂലം ഉടനെ അവിടെ നിന്നും തിരിച്ച് വള്ളിക്കാട്ട് പള്ളിയിലേക്ക് പോരികയും ആൾ നാശം കൂടാതെ രക്ഷപെട്ടതിൽ എല്ലാവരും ദൈവത്തെ സ്തുതിക്കയും ചെയ്തു. മുങ്ങിയ വള്ളം മുതലകെരീലെ ആയിരുന്നു.

30 ന് കഥാനായകൻ വാകത്താനത്ത് പള്ളിയിൽ പോയി കുർബാന ചൊല്ലുകയും പ്രസംഗം പറയുകയും ചെയ്തു കൊണ്ട് തിരിച്ചു പോന്നു. മാർ അത്തനാസ്യോസ് മെത്രാച്ചന് ദീനം കൂടുതൽ എന്ന് എഴുത്തു വന്നിരുന്നതിനാൽ അന്നു സന്ധ്യയോടു കൂടെ വടക്കോട്ട് പുറപ്പെടുകയും പിറ്റെ ദിവസം അകപ്പറമ്പു പള്ളിയിൽ എത്തുകയും ചെയ്തു. അപ്പോൾ തിരു

മേനി അവിടെ ഇല്ലായിരുന്നു. തലേ വെള്ളിയാഴ്ച ആലുവായിലേക്ക് കൊണ്ടുപോയിരുന്നതിനാൽ പിറ്റെദിവസം കഥാനായകൻ ആലുവായിലെത്തി തിരുമേനിയെ കാണുകയും പലർക്കും വിവരത്തിന് എഴുത്തുകൾ അയക്കയും ചെയ്തു.

10 ന് തിരുമേനിക്ക് പൗലോസു റമ്പാന്റെയും ഇട്ടൂപ്പ് ശെമ്മാശന്റെയും സഹകരണത്തോടു കൂടി കഥാനായകൻ "കന്തീലാ" എന്ന കൂദാശ കഴിച്ചു. 12 ന് കണ്ടനാട് ഇടവകയുടെ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ ആലുവായിലേക്ക് നീങ്ങി താമസം തുടങ്ങി. 13 ന് പരുമല നിന്നും വട്ടശ്ശേരിൽ ഗീവറുഗീസ് റമ്പാച്ചനും കോട്ടയത്തുനിന്ന് പൗലോസു റമ്പാച്ചനും ശെമ്മാശൻമാരും കൂടെ തിരുമേനിയെ കാൺമാൻ വന്നു ചേർന്നു. 14 ന് ഈവാനിയോസു മെത്രാച്ചൻ കുർബാന ചൊല്ലി. വട്ടശ്ശേരിൽ റമ്പാച്ചൻ പ്രസംഗം പറഞ്ഞു. പിറ്റെദിവസം റമ്പാച്ചന്മാരും ശെമ്മാശന്മാരും തെക്കോട്ട് പോകയും ചെയ്തു.

20 ന് ശനിയാഴ്ച പകൽ 10 മണിക്ക് മാർ അത്തനാസ്യോസ് മെത്രാപ്പോലീത്താ തിരുമനസുകൊണ്ട് കാലം ചെയ്തു. ഉടനെ കുളിപ്പിച്ച് ക്രമപ്രകാരം കാപ്പാ മുതലായ വിശുദ്ധ വസ്ത്രങ്ങൾ ധരിപ്പിച്ച് 'കൊഹനൈത്താ നെൽ ബശൂൻ' ചൊല്ലി ധൂപം വയ്ക്കയും പള്ളിയകത്തു കൊണ്ടുപോയി മദ്ബഹായുടെ വാതുക്കൽ പടിഞ്ഞാറോട്ട് മുഖമായി കസെരയിൽ ഇരുത്തുകയും ചെയ്തുകൊണ്ട് ശുശ്രൂഷകൾ കഴിച്ചു തുടങ്ങി. പിന്നെ പള്ളികൾക്ക് എഴുത്തയക്കയും കമ്പി അടിച്ച് അറിയിക്കേണ്ട സ്ഥലങ്ങളിലേക്ക് ആയത് അറിയിക്കയും ചെയ്തു. രാത്രി മുഴുവൻ മസുമൂറാ വായിച്ചുകൊണ്ടിരുന്നു. പിറ്റെ ദിവസം ഞായറാഴ്ച മാർ ഈവാനിയോസ് മെത്രാപ്പോലീത്താ കുർബാന ചൊല്ലുകയും ഉച്ചകഴിഞ്ഞ് ക്രമങ്ങൾ മുഴുവൻ കഴിച്ചശേഷം മദ്ബഹായിലേക്കും പള്ളിയകത്തേക്കും പുശുബശലാമായും ചൊല്ലി നഗരി കാണിക്കാൻ പടിഞ്ഞാറെ കുരിശുവരെ പള്ളി സാമാനങ്ങളോടെ മൃതശരീരത്തെ കൊണ്ടുപോയി തിരിച്ചു വന്ന് പള്ളി പ്രദക്ഷിണവും കഴിച്ച് പടിഞ്ഞാറെ മുറ്റത്ത് വച്ച് കൈമുത്തലും നേർച്ച ഇടീലും കഴിച്ചു. അപ്പോൾ മഴയുടെ ഉപദ്രവം കുറെ ഉണ്ടായി എങ്കിലും വലിയ കലശൽ കൂടിയില്ല. പിന്നീട് മൃതശരീരത്തെ പള്ളിക്കു വടക്കുവശത്തു കെട്ടിഒരുക്കിയിരുന്ന കുഴിയിൽ ഇറക്കി കിഴക്കോട്ട് മുഖമായി ഇരുത്തി കഴുത്തുവരെ കുന്തിരിക്കവും ഇട്ട് പലക മൂടി അതിൻമേൽ കല്ലും നിരത്തി മൂടി. അന്നേ ദിവസം പ്രദക്ഷിണത്തിനും മറ്റും 9 വെള്ളി കുരിശും മറ്റു പള്ളി സാമാനങ്ങളും പള്ളിക്കാർ കൊണ്ടുവന്നിരുന്നു. ഏകദേശം 5000-ൽ പരം ജനങ്ങളും കൂടിയിരുന്നു. ഇതുകളൊക്കെയും കഴിഞ്ഞ് സന്ധ്യയോടു കൂടി എല്ലാവരും പിരികയും ചെയ്തു. അതുമുതൽ 40 ദിവസത്തേക്കു തിരുമനസ്സിലെ ആത്മാനുകൂലാർത്ഥം വി. കുർബാന ചൊല്ലി.

... മുൻ 21 ന് പള്ളിക്കാർ കൂടി കാലംചെയ്ത തിരുമേനിയുടെ 30-ാം ദിവസം അടിയന്തിരം 300 പറ അരിവച്ച് കഴിക്കണമെന്നും അത് വൃശ്ചികം 26 ന് നടത്തണമെന്നും നിശ്ചയിച്ചിരുന്നു. ഈ വിവരത്തിന് പള്ളികൾക്ക് കല്പന കൊടുക്കുന്നതിനു വേണ്ടി ആയത് അച്ചടിപ്പിക്കുന്നതിനായി കഥാ നായകൻ എറണാകുളത്തേക്ക് പോയി സ്പാനിഷ്കാരുടെ അച്ചുകൂടത്തിൽ ഏൽപ്പിച്ച് അച്ചടിപ്പിച്ച് വരുത്തുകയും അങ്കമാലി, കോട്ടയം, കണ്ടനാട് ഈ ഇടവകകൾക്ക് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായും ശേഷം ഇടവകകൾക്ക് വല്യ മെത്രാച്ചനും കല്പനകൾ അയച്ചു.

വൃശ്ചികം 18 ന് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ പാറമ്പുഴ പള്ളിയിൽ വൈലപ്പെള്ളിൽ യാക്കോബ് ശെമ്മാശന് ആലുവാ പള്ളിയിൽ വച്ച് കത്തനാരു പട്ടം കൊടുത്തു. 26 ന് കാലം ചെയ്ത തിരുമേനിയുടെ അടിയന്തിരം 200 പറ അരിവെച്ച് കഴിച്ചു. സകലവും ഭംഗിയായി കഴിഞ്ഞു കൂടി. പിറ്റെ ദിവസം ആലുവായിലെ റോമാക്കാർക്ക് ഒരു സദ്യ കൊടുത്തു.

27 ന് ഈവാനിയോസു മെത്രാച്ചനും പള്ളിക്കാരും കൂടി കാലം ചെയ്ത തിരുമേനി എഴുതിവച്ചിരുന്ന വിൽപത്രം വായിക്കുകയും അദ്ദേഹത്തിന്റെ സാമാനങ്ങൾക്ക് ഒരു ലിസ്റ്റു എഴുതി ഒപ്പും മുദ്രയും തിരുമേനി വയ്ക്കയും കാലം ചെയ്ത തിരുമേനിയുടെ മുദ്ര നശിപ്പിക്കയും ചെയ്തു. പിന്നെ ആലു വായിലെ കാര്യനടത്തിപ്പിലേക്ക് പൗലോസ് റമ്പാനെ നിയമിച്ച് ഈവാ നിയോസ് മെത്രാച്ചൻ ഒരു കല്പന കൊടുക്കയും അതുപോലെ ഒരു കല്പന വല്യമെത്രാച്ചനും കൊടുക്കണമെന്ന് എഴുതി അയക്കയും ചെയ്തു. അന്നേദിവസം കാലംചെയ്ത തിരുമേനിയുടെ ചുവന്ന പട്ടു ളോഹയും വില കൂടിയ ഒരു പുറങ്കുപ്പായവും മപ്രീന ചുവപ്പു ളൊഹയും ഈവാനിയോസു മെത്രാച്ചനു കൊടുക്കയും വല്യ മെത്രാച്ചന് പൊൻ പൂശുള്ള കുമള വച്ച തൈയിച്ച ശീലമുടി കൊടുപ്പാൻ നിയമിക്കയും മറ്റ് ചിലർക്ക് ചില്ലറ സാമാനങ്ങൾ കൊടുക്കയും ചെയ്തു.

ധനു മാസം 3 ന് ഈവാനിയോസ് മെത്രാച്ചൻ ആലുവായിൽ നിന്നും കൂത്താട്ടുകുളത്തേക്ക് നീങ്ങി. അപ്പോൾ അദ്ദേഹത്തിന് 50 രൂപ കൈമുത്ത് കൊടുക്കയും കൂടെയുള്ളവർക്ക് യഥോചിതം കൊടുക്കയും ചെയ്തു. അന്നേ ദിവസം കഥാനായകനും യൗസേപ്പു ശെമ്മാശനും കാലം ചെയ്ത തിരുമേനിയുടെ വാലിയക്കാരും കൂടെ വലിയ തിരുമേനിയെ കാണ്മാനും സംഗതികൾ തിരുമനസ്സറിയിക്കുവാനും ആയി കോട്ടയത്തേക്ക് പുറപ്പെട്ട് കോട്ടയത്തു ചെറിയപള്ളിയിൽ എത്തി എല്ലാ കാര്യങ്ങളും തിരുമനസ്സറി യിക്കയും കാലം ചെയ്ത തിരുമേനിയുടെ വടി, കുരിശ്, സ്ലീബാ, ഇതു കൾ പാത്രിയർക്കീസ് ബാവായ്ക്ക് അയപ്പാൻ തിരുമുമ്പാകെ ഏല്പിക്കയും ചെയ്തു. കാലംചെയ്ത തിരുമനസിലെ വാലിയക്കാരിൽ യൌനാനു 150 രൂപായും ഇട്ടി കുര്യന് 125 രൂപായും കുഞ്ഞിചെറിയക്ക് 100 രൂപായും

കൊടുക്കണമെന്ന് വല്യതിരുമേനി തീരുമാനിച്ചു.

5 ന് യൗസേപ്പു ശെമ്മാശനും യൗനാനും ഇട്ടിക്കുറിയതും ആലുവായ്ക്ക് തിരിച്ചു പോരികയും കഥാനായകൻ സിമ്മനാരിയിലേക്ക് പോയി അവിടെ താമസിക്കയും ചെയ്തു. 9 ന് കഥാനായകൻ സിമ്മനാരി പള്ളിയിൽ കുർബാനയും പ്രസംഗവും കഴിച്ചു. 1908 -മാണ്ടത്തെ മലങ്കര ഇടവക പഞ്ചാംഗം കഥാനായകൻ എഴുതി കൊടുക്കുകയും 10 ന് സിമ്മന്നാരിയിൽ അച്ചടിപ്പാൻ തുടങ്ങുകയും ചെയ്തു.

കാലം ചെയ്ത മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ തിരുമനസിലെ അടിയന്തിര ചിലവിലേക്ക് കാശ് അയപ്പാൻ കല്പന അയച്ചിരുന്നാറെ ചില പള്ളിക്കാർ അയക്കാതിരുന്നതു നിമിത്തം ആയതു പിരിക്കുവാനായി ആലുവായ്ക്ക് പോയിരുന്ന ഇട്ടിക്കറിയ 12 ന് തിരിച്ചുവരികയും വല്യതിരുമനസിലെ കല്പനയോടു കൂടി ടിയാൻ കുമരകം, മണർകാട് മുതലായ പള്ളികളിൽ സഞ്ചരിക്കുമ്പോൾ ടിയാന് വസൂരിയുടെ പനി തുടങ്ങി സിമ്മനാരിയിൽ വരികയും കഥാനായകൻ വള്ളവും ആളും ചട്ടവും കെട്ടി ടിയാനെ ആലുവായ്ക്ക് തിരിച്ചയയ്ക്കുകയും ചെയ്തു.

19 ന് കഥാനായകനുണ്ടായിരുന്ന സുഖക്കേട് വർദ്ധിച്ചതിനാൽ വല്യതിരുമനസിലെ അനുമതിയോടു കൂടി സിമ്മനാരിയിൽ നിന്നും വള്ളിക്കാട്ട് പള്ളിയിലേക്ക് പോരികയും ചെയ്തു. 23 ന് കഥാനായകൻ ടി. പള്ളിയിൽ ശു. കുർബാന ചൊല്ലി. 25 ന് വാകത്താനത്തു പള്ളിയിലും എത്തി കുർബാനയും പ്രസംഗവും കഴിച്ചു തിരിച്ചു വള്ളിക്കാട്ടു പള്ളിയിൽ പോരികയും ചെയ്തു.



കടവിൽ ഡോ. കെ. പി. ജോർജിന്റെ
വസതിയിൽ സൂക്ഷിച്ചിരിക്കുന്ന ചിത്രം.

# ദളം 2

# രചനകൾ

# കല്പനകൾ

## 1

### ദൈവകാരുണ്യത്താൽ മലങ്കരെ, അങ്കമാലി, കോട്ടയം ഇടവകകളുടെ മാർ പൌലോസ് അത്താനാസ്യോസ് മെത്രാപ്പോലീത്താ എഴുത്ത്

**(മുദ്ര)**

നമ്മുടെ കുറുപ്പുമ്പടി പള്ളിയിൽ വികാരിയും ദേശത്തു പട്ടക്കാരരും കൈക്കാരരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

നമ്മുടെ പ്രിയ മക്കളെ, ആ പള്ളിക്കു സമീപെയുള്ള മലയിൽ കുരിശുങ്കൽ കാലം ചെയ്ത നമ്മുടെ സഹോദരൻ ബ: മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ അവർകൾ ഊർശ്ലേമ്മിൽ നിന്നു കൊണ്ടുവന്ന പരിശുദ്ധ മാർ കുറിയാക്കോസു സഹദായുടെ തിരുശേഷിപ്പു സ്ഥാപിക്കുകയും അതുമുതൽ ആ പരിശുദ്ധന്റെ നാമത്തിൽ ആ സ്ഥലത്തേയ്ക്കു അനവധി നേർച്ചകാഴ്ചകൾ വിശ്വാസികൾ കൊടുത്തുവരുന്നതായി അറിയുകയും ചെയ്യുന്നതിൽ സന്തോഷിക്കുന്നു. എന്നാൽ ഇപ്പോൾ ആ സ്ഥലത്തേയ്ക്കു അന്യ ഇടവകകളിലെ ജനങ്ങൾ സ്വയമനസ്സാലെ നേർച്ചകൾ നേരുകയും അതിൻപ്രകാരം ആ സ്ഥലത്തുവച്ചു നേർച്ചകൾ കഴിക്കുന്നതിനും വഴിപാടുകൾ കൊടുക്കുന്നതിനും പുറപ്പെടുമ്പോൾ അതു അനാവശ്യമെന്നും അവനവന്റെ സ്വന്ത ഇടവകയിൽ വച്ചു തന്നെ കഴിക്കയോ വഴിപാടുകൊടുക്കുകയോ ചെയ്താൽ മതി എന്നും മറ്റും നേർച്ചക്കാരുടെ ആഗ്രഹത്തിന്നും അവരുടെ വിശ്വാസത്തിന്നും എതിരായി ചിലർ തടസ്സം ചെയ്യുന്നതായും മറ്റും നാം അറിയുന്നതിനാൽ മനഃസ്ഥാപപ്പെടുന്നു. ആകയാൽ അല്പമായി നിങ്ങളോടു അറിയിക്കേണ്ടതു ആവശ്യമെന്നു വിചാരിക്കുന്നു. നേർച്ചയെ സംബന്ധിച്ചു വി. പുസ്തകത്തിൽ കല്പിച്ചിരിക്കുന്നതു താഴെ വരും പ്രകാരമാകുന്നു. സംഖ്യ 30:2 “ഒരു മനുഷ്യൻ കർത്താവിന്നു നേർച്ച നേരുകയോ തന്റെ ആത്മാവിനെ ഒരു ബന്ധനത്താൽ ബന്ധിക്കുന്നതിനു ആണയിടുകയോ ചെയ്താൽ അവൻ തന്റെ വാക്കിനു ഭംഗം വരുത്താതെ തന്റെ വായിൽ നിന്നു പുറപ്പെടുന്ന പ്രകാരമൊക്കെയും അവൻ ചെയ്യണം.” ഈ തിരുവചനത്തിൽ നിന്നു വെളിവാകുന്നതു ഒരുത്തൻ നേർച്ച നേരുകയോ ആണയിടുകയോ ചെയ്താൽ തന്റെ വായിൽ നിന്നു പുറപ്പെട്ടപ്രകാരം തന്റെ വാക്കിനു ഭംഗം വരുത്താതെ പ്രവർത്തിക്കണമെന്നാകുന്നുവല്ലോ. പിന്നെയും ഇത് സംബന്ധിച്ചു വേറെ ഒരു സാക്ഷികൂടെ പറയുന്നു. ഗിലയാദുകാരനായ നപ്താഹ് ആമ്മോൻകാരോടു യുദ്ധത്തിനു പുറപ്പെട്ടപ്പോൾ ജയം പ്രാപിച്ചു തിരിച്ചുവരുന്നതിനു

ഇടയായാൽ അപ്പോൾ തന്റെ ഭവനത്തിൽ നിന്നു എതിരേല്ക്കുന്നതിനു പുറപ്പെട്ടു വരുന്നതു എന്തായാലും കർത്താവിന്നു ബലിയായി കഴിച്ചു കൊള്ളാമെന്നു അവൻ നേർച്ച നേർന്നു. യുദ്ധത്തിൽ ജയം പ്രാപിച്ചു തിരിച്ചുവന്നപ്പോൾ അവരെ എതിരേല്ക്കുന്നതിനു വന്നതു അവന്റെ ഏക പുത്രിയായിരുന്നു. നരബലി കർത്താവിനു വെറുപ്പാകുന്നു എങ്കിലും അവന്റെ വാക്കിനു ഭംഗം വരുത്താതെ ഇരിപ്പാൻവേണ്ടി തന്റെ ഏകപുത്രിയെ തന്നെ ബലികഴിച്ചു. ഇങ്ങനെ വാക്കിനു ഭംഗം വരുത്തിക്കൂടാ എന്നും നേർന്നിട്ടുള്ളപ്രകാരം കഴിച്ചുകൊള്ളണമെന്നും അനേകം സാക്ഷികളുണ്ട്. അവനവൻ നേർന്നിട്ടുള്ളപ്രകാരം തന്നെ ചെയ്തുകൊള്ളണമെന്നു വി. കാനോനും സാക്ഷിക്കുന്നു. അതിനാൽ പ്രിയമുള്ളവരേ, ഇന്ന പള്ളിയിലേക്കെന്നോ ഇന്ന പരിശുദ്ധന്റെ കബറുങ്കൽ എന്നോ ഒരുത്തൻ നേർച്ച നേർന്നാൽ തന്റെ വാക്കിൻപ്രകാരം ചെയ്യുന്നതു ന്യായമായിട്ടുള്ളതും അല്ലാതെ എവിടേക്കു നേർച്ച നേർന്നാലും അവന്റെ സ്വന്ത ഇടവകയിൽ മാത്രം കഴിച്ചാൽ മതി എന്നു പറഞ്ഞു ജനങ്ങളെ തടസ്സപ്പെടുത്തുന്നതു വി. വേദത്തിനും കാനോനും വിപരീതമായിട്ടുള്ളതുമാകുന്നു. സത്യവിശ്വാസികൾ ക്ഷേത്രങ്ങളിലോ വേദവിപരീതികളുടെ ആലയങ്ങളിലോ വഴിപാടുകളോ നേർച്ചകളോ കൊടുക്കുന്നതായാൽ അതിനെ വിരോധിച്ചു നിർത്തേണ്ടതാകുന്നു.

അതിനാൽ അവനവന്റെ വിശ്വാസപ്രകാരം ഏതു സ്ഥലത്തേയ്ക്കു നേർച്ച നേർന്നുവോ ആ സ്ഥലത്തുവെച്ചു തന്നെ കഴിക്കണമെന്നുള്ള സത്യത്തെ നിങ്ങൾ ജനങ്ങൾക്കു വെളിപ്പെടുത്തിക്കൊള്ളുകയും നീതിമാന്റെ നാമത്തിൽ നീതിമാനെ കൈക്കൊള്ളുന്നവൻ നീതിമാന്റെ കൂലി പ്രാപിക്കുന്നു എന്നും പുണ്യവാളന്റെ നാമത്തിൽ പുണ്യവാളനെ കൈക്കൊള്ളുന്നവൻ പുണ്യവാളന്റെ കൂലി പ്രാപിക്കുമെന്നും ഉള്ള ദൈവതിരുവചനത്തെ ഓർത്തു ഈ പരിശുദ്ധന്റെ നാമത്തിൽ ചെയ്യുന്ന നേർച്ചകളും വഴിപാടുകളും വാഴ്വിനും അനുഗ്രഹത്തിനും ആയിരിക്കുമെന്നു എല്ലാവരോടും ഉപദേശിച്ചുകൊള്ളുകയും വേണം.

ദൈവമായ കർത്താവിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളുടെ മേൽ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. അതു കൃപ നിറഞ്ഞിരിക്കുന്ന മാതാവിന്റേയും മാർ കുറിയാക്കോസു സഹദായുടേയും സകല ശുദ്ധിമാന്മാരുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ

എന്നു 1903 മേടം 10–നു
ആലുവാ തൃക്കുന്നത്ത് പള്ളിയിൽ നിന്നും

(ഇടവകപത്രിക, 1903 ഹ്സീറോൻ)

## 2

1894 കർക്കടക മാസം 15-നു.

### ദൈവകാരുണ്യത്താൽ H.C.C.T. മ. അ. കൊ. ഇ. മാർ പൗലോസ് അത്താനാസ്യോസ് മെത്രാപ്പോലീത്താ എഴുത്ത്

നമ്മുടെ പ്രിയ പുത്രൻ കുഞ്ഞവരായ്ക്കു വാഴ്വ്.

നീ അയച്ച എഴുത്തു കിട്ടി നിങ്ങളുടെയും ജ്യേഷ്ടന്റെയും സൗഖ്യ വിവരം അറിഞ്ഞതിൽ ആശ്വസിക്കുന്നു. ദൈവകൃപയാൽ നാം സുഖത്തോടിരിക്കുന്നു. തോട്ടയ്ക്കാട്ടു പള്ളിയിൽ നിന്നും നാം ഇന്നലെയാണു ഇവിടെ എത്തിയതു. ഇതിന്റെ കഴുക്കോലു കയറ്റി ഓടു മേഞ്ഞ ഉടനെ ഇവിടെ നിന്നും പുറപ്പെടും. താഴത്തു കത്തനാരു ട്രസ്റ്റിസ്ഥാനം ഒഴിഞ്ഞു കോടതിയിൽ എഴുതിവച്ചു. ഈ പള്ളി സംബന്ധിച്ച് ഉണ്ടായിരുന്ന ഒരു കേസും നമുക്കു ഗുണമായി വിധിച്ചു. കൊട്ടാരക്കരെ നമ്മുടെ കക്ഷിക്കു കൈവശം ഇല്ലെന്നു വിധിച്ച 98 നമ്പ്ര ഹൈക്കോർട്ടിൽ നമ്മുടെ കക്ഷിക്കു ഗുണമായിട്ടു വിധിച്ചു. ശേഷം പിന്നാലെ.

ദൈവം അനുഗ്രഹിക്കുമാറാകട്ടെ.

എന്നു മണർകാടു പുത്തൻപള്ളിയിൽ നിന്നും (ഒപ്പ്)

## 3

### കോട്ടയം അങ്കമാലി ഇടവകയുടെ മാർ പൌലോസ് അത്താനാസ്യോസ് മെത്രാപ്പോലീത്താ എഴുത്തു

നമ്മുടെ വടക്കൻപറവൂർ പള്ളിയിൽ വിഗാരിയും ദേശത്തുപട്ടക്കാരും കൈക്കാററും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

നമ്മുടെ പ്രിയ മക്കളെ, ആ ഇടവകയിൽ ഈരാളി മാത്തു കത്തനാരുടെ ന്യായരഹിതമായ ചില നടപടികളെ സംബന്ധിച്ചു നിങ്ങൾ ഈ കഴിഞ്ഞ മേടം 12-നു അയച്ച ഹർജി നമ്മുടെ മുമ്പാകെ എത്തി വിവരം ഗ്രഹിച്ചു. അതിൽ വിവരിച്ചിരിക്കുന്ന സംഗതികൾക്കു വല്ല സമാധാനവുമുണ്ടെങ്കിൽ അറിയിക്കണമെന്നുദ്ദേശിച്ചു ആദ്യം ആളയച്ചും പിന്നീട് എഴുത്തു മൂലവും തിര്യപ്പെടുത്തിയതിൽ അയാൾ ഹാജരായി യാതൊരു സമാധാനവും പറഞ്ഞിട്ടില്ലെന്നു തന്നെയല്ലാ നമ്മുടെ അധികാരത്തെകൂടിയും നിഷേധിക്കുന്നതായി ഒരു മറുപടി അയാൾ നമ്മുടെ പേർക്കു അയച്ചും ഇരിക്കുന്നു. നിങ്ങളുടെ ഹർജിയിൽ പറഞ്ഞിട്ടുള്ള ചില സംഗതികൾ നാം കണ്ടിട്ടുള്ളതും ശേഷം സംഗതികളുടെ സത്യാവസ്ഥ നമുക്കു സ്പഷ്ടമായി ബോദ്ധ്യപ്പെട്ടിട്ടുള്ളതും ആണെന്ന് തന്നെയല്ലാ ശിക്ഷായോഗ്യമായ മറ്റ് അനേക പ്രവൃത്തികളും അയാളിൽ ഉള്ളതായി നാം കണ്ടിരിക്കുന്നു എന്നു കൂടിയും വളരെ ഖേദത്തോടെ പറയേണ്ടിയിരിക്കുന്നു. വിശുദ്ധ

കുർബാനയിലും മറ്റെല്ലാ പള്ളിക്രമങ്ങളിലും സഭാമേലദ്ധ്യക്ഷന്മാരെ ഓർക്കണമെന്നു വിശുദ്ധ ശ്ലീഹന്മാരും നമ്മുടെ പിതാക്കന്മാരും ബലമായി ശട്ടം കെട്ടിയിരിക്കെ മേലധികാരികളെ ഓർക്കുന്നില്ലെന്നു അയാൾ ലജ്ജാഹീനം സമ്മതിച്ചിരിക്കുന്നതും നമ്മുടെ അധികാരത്തെ ധിക്കാരമായി നിഷേധിക്കുന്നതും വലിയ കുറ്റവും ശാപവും ആകുന്നു. കാള തന്റെ ഉടയവനെയും കഴുത തന്റെ യജമാനന്റെ പുൽക്കൂടിനേയും അറിയുന്നു, ഇസ്രായേൽ അറിയുന്നില്ല എന്നു ഏശായ ദീർഘദർശി പറഞ്ഞിരിക്കുന്നതും ഈ സന്ദർഭത്തിൽ ഈ കത്തനാരുടെ സ്ഥിതിയോടു നന്നേ യോജിച്ചിരിക്കുന്നു. എപ്പിസ്ക്കോപ്പായെ ദുഷിക്കയോ ന്യായമല്ലാത്ത കൂട്ടുകെട്ട് ഉണ്ടാക്കയൊ ചെയ്യുന്നവൻ സ്ഥാനഭ്രഷ്ഠനെന്നു ഹൂദായ എന്ന കാനോൻ 1-ാം അദ്ധ്യായം 1-ാം വാക്യത്തിൽ കല്പിച്ചും ഇരിക്കുന്നു. മാറാനായ പെരുനാൾ ദിവസങ്ങളിലും വലിയനോമ്പിൽ പെസഹാ, ദുഃഖവെള്ളിയാഴ്ച മുതലായ വിശേഷദിവസങ്ങളിലും പള്ളിയിൽ വന്നു ദിവ്യശുശ്രൂഷകളിൽ സംബന്ധിക്കാതിരിക്കുന്നതും അയാളുടെ വീതത്തിൽ വരുന്ന മാറാനായ പെരുനാളുകളിൽ കുർബാന ചൊല്ലാതിരിക്കുന്നതും ഉപ്രശുമാ, ശവസംസ്ക്കാരം മുതലായവ നടത്തിക്കൊടുക്കാതിരിക്കുന്നതും മറ്റും സഭാശട്ടങ്ങൾക്കു എതിരും സ്ഥാനത്തിന്നു യോഗ്യമല്ലാത്തതുമാകുന്നു. വലിയ നോമ്പിൽ പെസഹാ മുതലായവ ലംഘിക്കുന്നവൻ നോമ്പിനെ മുഴുവൻ അപമാനിക്കുന്നു എന്നും വീതക്കാരനായ പട്ടക്കാരൻ പള്ളിയിൽ താമസിച്ചു ആഴ്ച മുഴുവനും ആവശ്യമുള്ള ശിശ്രൂഷകൾ നടത്തണം, അല്ലാത്തവൻ സ്ഥാനഭ്രഷ്ഠനെന്നും മുൻപറഞ്ഞ കാനോൻ 5-ാം അദ്ധ്യായത്തിലും കല്പിച്ചിരിക്കുന്നു.

പള്ളിയിൽ തീർക്കേണ്ടതായ പസാരം മുതലായ അവകാശങ്ങൾ അയാൾ തീർക്കാത്തതും ഉയർപ്പു പെരുന്നാൾ ദിവസത്തെ നേർച്ചവരവു ബലമായി എടുത്തുകൊണ്ടുപോയ്തു ചട്ടവിരോധവും അഴിമതികൾക്കും ലഹളയ്ക്കും മാർഗ്ഗവും ആകയാൽ കഠിനമായ ശിക്ഷയ്ക്കു തക്കതും ആകുന്നു. മേൽപ്പറഞ്ഞ സംഗതികളാൽ ടി മാത്തുകത്തനാരു സ്വതെ സ്ഥാനഭ്രഷ്ഠനായിരിക്കുന്നതും അയാളെ സ്ഥാനത്തിൽ വച്ചുകൊണ്ടിരിക്കുന്നതു സഭയുടെ വിശ്വാസത്തിന്നും അഭിവൃദ്ധിക്കും ദോഷഹേതുവും ആണെന്ന് തന്നെയല്ലാ മേല്പട്ടക്കാരനായിരുന്ന ഏലിയുടെ ദൃഷ്ടാന്തത്താൽ അയാളെ മുടക്കുന്നതിനു നാം നിർബ്ബന്ധിതനായിരിക്കയും കൂടി ചെയ്യുന്നു എന്നു മഹാവ്യസനത്തോടെ പറഞ്ഞുകൊള്ളുന്നു. അതിനാൽ കശീശൂസാക്കടുത്ത സകല അധികാരാവകാശങ്ങളേയും ഇന്നുമുതൽ നാം മുടക്കിയിരിക്കുന്നു. യാതൊരുത്തരും അയാളെ കൈക്കൊള്ളുകയോ അയാളെക്കൊണ്ടു വിശുദ്ധ കർമ്മങ്ങൾ ചെയ്യിക്കയോ അയാൾ ചെയ്യുന്ന കർമ്മങ്ങളിൽ സംബന്ധിക്കയോ ചെയ്യരുതെന്നു നാം ആജ്ഞാപിക്കുന്നു. ഇതിനു വിരോധമായി പ്രവൃത്തിക്കുന്നവരും ഈ ശിക്ഷയ്ക്കു അർഹന്മാ

രാണന്നും അയാളോടു നിങ്ങൾ ഏതുവിധത്തിൽ സഹവാസം ചെയ്യണമെന്നുമുള്ളതിലേക്കു ശുദ്ധമുള്ള യോഹന്നാന്റെ 2-ാം ലേഖനം 10, 11 ഉം വാക്യങ്ങൾ നിങ്ങൾ ധരിച്ചിരിക്കേണ്ടതാണെന്നും നാം ഓർമ്മപ്പെടുത്തുന്നു.

ദൈവമായ കർത്താവിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടും കൂടെ സദാ ഉണ്ടായിരിക്കുമാറാകട്ടെ.

എന്നു 1898-ന്നു കൊല്ലം 1073-മാണ്ടു ഇടവമാസം 2-നു വടക്കൻപറവൂർ പള്ളിയിൽ നിന്നും.

(മലങ്കര ഇടവകപത്രിക, 1898 ഈലൂൽ)

# 4

## മലങ്കരെ, കോട്ടയം, അങ്കമാലി ഇടവകകളുടെ മാർ പൗലോസ് അത്താനാസ്യോസു മെത്രാപ്പോലീത്താ എഴുത്തു

നമ്മുടെ പ്രിയ പുത്രന്മാരായ മലങ്കര മല്പാനും പ്രിൻസ്സിപ്പാളുമായ ഗീവറുഗീസു കത്തനാരും അസോസിയേഷൻ കമ്മട്ടി സെക്രട്ടറി എടവഴിക്കൽ പോത്തനും കൂടികണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പാണംപടിയ്ക്കൽ പള്ളി പണിയുന്നതിനു കിട്ടിയിരിക്കുന്ന ഉത്തരവിന്റെ താല്പര്യം കുരിശുപള്ളിയ്ക്കായിട്ടാണെന്നും ഇപ്പോൾ അതു ടൗണിനകത്താകകൊണ്ടു ശവം ഇട്ടുകൂടാ എന്നും സർക്കാർ വിരോധം ഉണ്ടാകുമെന്നു അങ്ങനെ സർക്കാരിന്റെ വിരോധമായി ശവം അടക്കുന്നതിനു അനുവദിച്ചിരിക്കുന്നതു കുറ്റകരമായിട്ടു വരുമെന്നും ടി എടവകയിൽ ചിലർ ഗൗരവമായിട്ടു ഇവിടെ ബോധിപ്പിച്ചു. ഒരു വിചാരണയുണ്ടാകുന്നതുവരെ മുൻപോലെ കോട്ടയത്തു പുത്തൻപള്ളിയിൽ തന്നെ ശവം അടക്കികൊള്ളണമെന്നു നാം കല്പനയും അയച്ചിട്ടുണ്ട്.

അതിനാൽ നിങ്ങൾ രണ്ടുപേരും പാണംപടി പള്ളിയിൽ എത്തി പള്ളിക്കാരെ വിളിച്ചുകൂട്ടി സർക്കാർ വിരോധം ഉണ്ടോ എന്നും പള്ളിക്കാരിൽ ഏറിയകൂറിന്റെ അഭിപ്രായം എങ്ങനെയിരിക്കുന്നു എന്നു രേഖപ്പെടുത്തിയും നിങ്ങളുടെയും അഭിപ്രായസഹിതം റിപ്പോർട്ടു ചെയ്യണം.

ദൈവം അനുഗ്രഹിക്കുമാറാകട്ടെ.

വിശേഷിച്ചും നിലയ്ക്കലേത് പൗലോസു റമ്പാച്ചനും നിങ്ങളും കൂടി പോയി ഭംഗിയായി നടത്തിക്കൊള്ളണം. ശേഷം പിന്നാലെ

എന്നു 1902 ന്നു കൊല്ലം 107 ചിങ്ങം 5-നു പറവൂർ പള്ളിയിൽ നിന്നും (ഒപ്പ്)

# 5

## ദൈവകാരുണ്യത്താൽ മലങ്കരെ കോട്ടയം, അങ്കമാലി ഇടവകകളുടെ ബലഹീനനായ മാർ പൗലോസ് അത്താനാസ്യോസ് മെത്രാപ്പോലീത്താ എഴുത്ത്

### മുദ്ര

നമ്മുടെ രക്ഷിതാവായ യേശുമിശിഹായുടെ വിലമതിച്ചുകൂടാത്ത തിരുരക്തത്താൽ വിലയ്ക്കു വാങ്ങപ്പെട്ടവരും പത്രോസിന്നടുത്ത അടിസ്ഥാനത്തിന്മേൽ ഉറപ്പിച്ചു സ്ഥിരപ്പെട്ടിരിക്കുന്നവരും ആയി ദൈവമായ കർത്താവിന്റെ നിഴലിൻകീഴ് മലങ്കരെ ഇടവകയിൽ ഉൾപ്പെട്ട സ്നേഹിക്കപ്പെട്ടവരും അനുഗ്രഹിക്കപ്പെട്ടവരും വാത്സല്യമുള്ളവരും ആയ നമ്മുടെ ...... പള്ളി ഇടവക പട്ടക്കാരുടേയും ജനങ്ങളുടേയും മേൽ ദൈവത്തിൽ നിന്നുള്ള കൃപയും സമാധാനവും വർദ്ധിച്ചിരിക്കുമാറാകട്ടെ.

കർത്താവിൽ പ്രിയമുള്ളവരും അനുഗ്രഹിക്കപ്പെട്ടവരുമെ! കഷ്ടതകളും ദുഃഖങ്ങളും ആവലാധികളും നിറഞ്ഞ ഈ അനിത്യ ലോകത്തിൽ നിന്നു ആശ്വാസവും ഇമ്പവും സൌഭാഗ്യവും നിറഞ്ഞ നിത്യ പരലോകത്തിലേക്കു നമ്മുടെ ശരണത്തെ പ്രത്യേകം വച്ചിരിക്ക കൊണ്ടും നാം ബലഹീനനും രോഗിയും വൃദ്ധനും ആകകൊണ്ടും പാപിയായ നമുക്കു വേണ്ടി നിങ്ങളുടെ പ്രാർത്ഥനയെ ഉണർത്തുന്നതിന്നു നിങ്ങളെ അറിയിക്കണമെന്നു നമുക്കു തോന്നിയിരിക്കുന്നതിനാൽ നമ്മുടെ ചരിത്ര സംക്ഷേപത്തെ പറഞ്ഞുകൊണ്ടു നിങ്ങളുടെ സ്നേഹത്തോടു അപേക്ഷിക്കുന്നു.

പ്രിയരെ! നമ്മുടെ പതിമൂന്നാം വയസ്സിൽ ചേപ്പാട്ടു മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നും "കോറൂയൊ" സ്ഥാനവും ഇരുപത്തിഒന്നാം വയസ്സിൽ മാർ കൂറിലോസ് ബാവായിൽ നിന്നു കശീശാ സ്ഥാനവും കൈക്കൊണ്ട് വിശുദ്ധ കർമ്മം അനുഷ്ഠിച്ചു. നമ്മുടെ സ്വന്ത ഇടവകയെ 15 സംവത്സരം നമ്മുടെ അറിവിനു തക്കവണ്ണം ഭരിച്ച് ചില ശിഷ്യന്മാരേയും കർത്താവിൽ വളർത്തി. പിന്നെ കോട്ടയം സിമ്മനാരിയിൽ മല്പാനായിരുന്ന് അഞ്ചു സംവത്സരത്തോളം ശെമ്മാശന്മാരെ അഭ്യസിപ്പിച്ചു. ആ കാലത്തു അന്ത്യോഖ്യായുടെ 3-ാമത്തെ പത്രോസു എന്ന ശു: മാറാൻ മാർ ഇഗ്നാത്ത്യോസ് പാത്രിയർക്കീസ് ബാവാ മലയാളത്തിലേക്കു എഴുന്നള്ളുകയും 15 മാസം അവിടത്തെ പരിശുദ്ധതയ്ക്കു ശുശ്രൂഷിക്കുകയും ചെയ്തു. ദൈവ നിശ്ചയപ്രകാരം ഈ വിശുദ്ധ പിതാവിന്റെ പ്രീതിയാൽ ബലഹീനനായ നമുക്കു ഈ മഹിമയേറിയ സ്ഥാനത്തെ തന്നു. അന്നുമുതൽ ഇരുപത്തഞ്ചിൽ അധികം സംവത്സരം നമുക്കു ഭരമേല്പി

ക്കപ്പെട്ടിരിക്കുന്ന ഇടവകകളിലും മറ്റും സഞ്ചരിക്കുകയും ദൈവം നമ്മെ ശക്തിപ്പെടുത്തിയപ്രകാരം പ്രസംഗിക്കയും പഠിപ്പിക്കയും കർത്താവിങ്കലേക്കു നിങ്ങളുടെ സ്നേഹത്തെ ഉണർത്തുകയും ചില പള്ളികളുടെ ജീർണ്ണതകൾ തീർപ്പിക്കയും ചില സ്ഥലങ്ങളിൽ പുതിയ പള്ളികളെ സ്ഥാപിക്കയും ചെയ്തു. ഇപ്പോൾ 2, 3 സംവത്സരമായി നരയും ജരയും നീരും ക്ഷീണവും നമുക്കു അധികരിച്ചിരിക്കുന്നതിനിടയിൽ വടക്കുള്ള നമ്മുടെ ശെമ്മാശന്മാരുടേയും കുട്ടികളുടേയും ആത്മീകവും ലൌകീകവും ആയ വിദ്യാഭ്യാസത്തിലുള്ള കുറവിനെ പരിഹരിപ്പാനായി ഈ സ്ഥലത്തു ഒരു വിദ്യാലയം സ്ഥാപിക്കണമെന്നു കരുതി ഇവിടെ അടുത്തുള്ള ഇടവകക്കാരെ കൂട്ടി വേണ്ട ആലോചനകൾ ചെയ്തു കെട്ടിടം പണി നടത്തി വരുന്നുണ്ട്. പ്രിയരെ! ദൈവീകത്തിലും ലൌകീകത്തിലും പ്രകാശവും ജീവനും ആയിട്ടുള്ളതു ജ്ഞാനമാകുന്നു. അതിനോടു ശരിയായി മറ്റൊന്നുമില്ലാ. “ജ്ഞാനം പത്മരാഗങ്ങളേക്കാൾ വില ഏറീട്ടുള്ളതാകുന്നു” എന്നു മഹാജ്ഞാനിയും പറഞ്ഞിരിക്കുന്നു. അതിനാൽ പത്മരാഗങ്ങളേക്കാളും വിലയേറിയതായ ജ്ഞാനത്തിന്റെ ഉറവിനെ ഒഴുക്കുവാനായി സ്ഥാപിച്ചിരിക്കുന്ന ഈ വിദ്യാലയത്തിന്റെ പണികൾ തീർത്തു അതിൽ പഠിത്തം നടത്തി കണ്ടു സന്തോഷിപ്പാൻ നാം വാഞ്ഛയോടിരിക്കുന്നു. നാമും നമുക്ക് മുമ്പുള്ളവരും ആശിച്ചിരുന്നതായ ഈ നല്ല കാര്യത്തെ ദൈവം തന്നെ നടത്തിക്കൊള്ളുമെന്നു നാം തന്നിൽ വിശ്വസിക്കുന്നു.

വാത്സല്യമുള്ളവരെ! ഇതേവരെയുള്ള നമ്മുടെ ജീവിതകാലത്തെ ദൈവ തിരുവചനപ്രകാരം ദൈവഭയത്തോടും നീതിയോടും കൂടി ആയിരിക്കേണ്ടതിനു നമ്മുടെ ബലഹീനത കഴിയുന്നതും ശ്രമിച്ചിട്ടുണ്ട്. എന്നിരുന്നാലും “സർവ്വമനുഷ്യരും പാപികളും കുറ്റക്കാരും ആകുന്നു” എന്നും “ആകാശം കൂടെയും തന്റെ തിരുമുമ്പാകെ നിർമ്മലമായിരിക്കുന്നില്ലെന്നും” മറ്റുമുള്ള വേദവാക്യങ്ങളും രക്ഷനാഥന്റെ ദൃഷ്ടാന്തങ്ങളും നോക്കിയാൽ നാം അധികം പാപിയും നികൃഷ്ടനും എന്നു ഏറ്റുപറയുന്നു. “നാം ലോകത്തിലേക്കു ഏതും കൊണ്ടുവന്നിട്ടില്ല. ലോകത്തിൽ നിന്നു ഏതും കൊണ്ടുപോകുവാൻ കഴിയുന്നതുമല്ലാ” എന്നും “ഒരു മനുഷ്യൻ തന്റെ മാതാവിന്റെ വയറ്റിൽ നിന്നു ഏതുപ്രകാരം പുറപ്പെട്ടുവോ അപ്രകാരം തന്നെ തിരിച്ചു പോകുന്നു എന്നും” മഹാജ്ഞാനിയും “ഒരു മനുഷ്യൻ ലോകമൊക്കയും നേടി തന്റെ ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ എന്തു പ്രയോജനമെന്നു നമ്മുടെ രക്ഷകനും കല്പിച്ചിരിക്കുന്നു. “സർവ്വ ജഡവും വയലിലെ പുല്ലു പോലെയും പുഷ്പം പോലെയും വാടുകയും ഉണങ്ങുകയും ചെയ്യുന്നു. ആത്മാവൊ എന്നേയ്ക്കും നിലനില്ക്കുന്നു. അതിനാൽ നിലനിൽക്കുന്നതും നാശമില്ലാത്തതുമായ

ആത്മാവ് ദൈവത്തിങ്കലേക്കു ചേരുന്നതിനും അതിന് ഒരു നല്ല അവസാനം ഉണ്ടാകുന്നതിനും നാം ദൈവഭയത്തിലും സൽക്രിയകളിലും ജീവിക്കേണ്ടതാകുന്നു. സർവവല്ലഭനും സർവജ്ഞാനിയും സർവ്വഗുണവാനും ആയിരിക്കുന്ന ദൈവം ഓരോരുത്തനോടും അവനവന്റെ പ്രവൃത്തികൾക്കു തക്കവണ്ണം പ്രതിപകരം കൊടുപ്പാൻ തന്റെ സ്വർഗ്ഗദൂതന്മാരോടു ഒരുമിച്ചു മഹാഭയങ്കരങ്ങളോടുകൂടി എഴുന്നെള്ളുവാനിരിക്കുന്നു. അപ്പോൾ ദുഷ്ടന്മാരെ ദൈവ കോപാഗ്നിയുടെ ഉഗ്രമായ തീക്കനലുകൾ കത്തി എരിഞ്ഞുകൊണ്ടിരിക്കുന്നതും അവിടത്തെ പുഴു ചാകാത്തതും അഗ്നി കെട്ടുപോകാത്തതും ആയ സ്ഥലത്തു വേദനപ്പെടുത്തുവാനും, നീതിമാന്മാർക്കു നിത്യപരമാനന്ദ സൌഭാഗ്യസ്ഥലമായ മേലുള്ള സ്വർഗ്ഗീയ ഊർശ്ലേമിനെ അവകാശമായി കൊടുപ്പാനും ഇരിക്കുന്നു. ഈ സൌഭാഗ്യം എല്ലാവനും കിട്ടുന്നതിന്നു പ്രത്യേകം ഒരുങ്ങി കാത്തിരിക്കണം. ഇപ്പോൾ നമ്മുടെ ആയുസ്സിനെക്കുറിച്ചു നിങ്ങൾ ചോദിക്കുന്നു എങ്കിൽ "അവയിൽ ഞങ്ങളുടെ ആണ്ടുകളുടെ ദിവസങ്ങൾ 70 സംവത്സരങ്ങളും പ്രയാസത്തോടെ എണ്പതും എന്നു 90-ാം സ. 10-ാം വാക്യത്തിൽ പറയുംപ്രകാരം 72 ആയിരിക്കുന്നു. "നിങ്ങൾ നിങ്ങളുടെ അകൃത്യങ്ങളെ തമ്മിൽ തമ്മിൽ ഏറ്റുപറയുന്നവരും സൌഖ്യപ്പെടുവാനായിട്ടു തമ്മിൽ തമ്മിൽ പ്രാർത്ഥിക്കുന്നവരും" ആകുവിൻ എന്നും "ഏവനും തന്റെ സഹോദരനോടു അവന്റെ അകൃത്യത്തെ ക്ഷമിക്കണമെന്നും" കല്പിച്ചിരിക്കുന്നപ്രകാരം നമ്മുടെ ഭരണകാലത്തിൽ നിങ്ങളിൽ ചെറിയവനോടെങ്കിലും വചനം കൊണ്ടോ, പ്രവൃത്തി കൊണ്ടോ, കോപം കൊണ്ടൊ, ഏതൊരു പ്രകാരമെങ്കിലും കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ നമ്മോടു നിങ്ങൾ ക്ഷമിച്ചുകൊള്ളണമെന്നു കർത്താവേശുമിശിഹായുടെ സ്നേഹം മൂലം നിങ്ങളുടെ സ്നേഹത്തോടു നാം അപേക്ഷിക്കുന്നു. നിങ്ങൾ നമ്മോടു വല്ലതും കുറ്റം കാണിച്ചിട്ടുണ്ടെങ്കിൽ ആയതു നാമും ക്ഷമിച്ചിരിക്കുന്നു. ബലഹീനനും രോഗിയും വൃദ്ധനും ആയിരിക്കുന്ന നമുക്കു അവസാനത്തിൽ സൌഭാഗ്യവും ജീവകിരീടവും ലഭിപ്പാൻ ഇടവിടാതെ നിങ്ങൾ പ്രാർത്ഥിക്കുന്നതു കൂടാതെ നമ്മുടെ വൃദ്ധതയുടെ നടുതലയായിരിക്കുന്ന മേൽപ്പറഞ്ഞ വിദ്യാലയത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി ഇവിടെ അടുത്തുള്ള ഇടവകക്കാർ മാത്രമല്ലാ ദൂരസ്ഥന്മാരായ നിങ്ങളെല്ലാവരും വചനം കൊണ്ടും മനസ്സുകൊണ്ടും പ്രവൃത്തികൊണ്ടും മനസ്സുകൊണ്ടും ദൈവം ഓരോരുത്തനേയും തോന്നിക്കുന്നപ്രകാരം ഔദാര്യ സഹായങ്ങൾ കൊണ്ടും സഹായിപ്പിൻ. നമ്മുടെ ബലഹീനതയെ സ്നേഹിക്കുന്ന എല്ലാവരും ഈ കാര്യത്തിൽ സഹായിക്കുമെന്നു നമുക്കു പൂർണ്ണ വിശ്വാസമുണ്ട്. നിങ്ങളുടെ ജ്ഞാനത്തിന്നു ഇതു മതി.

നമ്മുടെ കർത്താവായ യേശുമിശിഹാ സൈത്തു പർവതത്തിൽ വെച്ചു

തന്റെ ശിഷ്യന്മാരെ തന്റെ വിശുദ്ധതൃക്കൈ നീട്ടി വാഴ്ത്തി അനുഗ്രഹിച്ച പ്രകാരം നാം നമ്മുടെ ബലഹീന കൈ നീട്ടി നിങ്ങളെ എല്ലാവരേയും അനുഗ്രഹിക്കയും താൻ തന്റെ ദൈവീക വലത്തുകൈനീട്ടി നിങ്ങളേയും നിങ്ങളുടെ ഭവനങ്ങളേയും നിങ്ങളുടെ പുത്രന്മാരെയും പുത്രിമാരേയും വാഴ്ത്തുവാനും നിങ്ങളുടെ കൃഷി കച്ചവടങ്ങളേയും സമ്പാദ്യങ്ങളേയും അനുഗ്രഹിപ്പാനും കരുണയുടെ വാതിലിനെ നിങ്ങളുടെ മുമ്പാകെ തുറന്നുതന്നു തന്റെ സത്യമുള്ള വാഗ്ദത്തങ്ങളെ നിങ്ങൾക്കു നിവൃത്തിവരുത്തി തരുവാനും എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ, ലോകാരംഭത്തിന്നുമുമ്പെ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന സ്വർഗ്ഗരാജ്യം അവകാശമായി അനുഭവിപ്പിൻ എന്നു വലത്തുഭാഗത്തുള്ളവരോട് അരുളിച്ചെയ്യുന്ന സന്തോഷശബ്ദത്തെ നമ്മേയും നിങ്ങളേയും കേൾപ്പിപ്പാനും ആയിട്ടു തന്നോടു നാം യാചിക്കുന്നു.

പിതാവായ ദൈവത്തിന്റെ സ്നേഹവും ഏകപുത്രന്റെ കൃപയും വിശുദ്ധ റൂഹായുടെ സംബന്ധവും സഹവാസവും നിങ്ങളെല്ലാവരോടും കൂടെ എന്നേക്കും ഉണ്ടായിരിക്കുമാറാകട്ടെ.

അതു തമ്പുരാനെ പ്രസവിച്ച മർത്തമറിയം അമ്മയുടേയും സകല ശുദ്ധിമാന്മാരുടേയും പരിശുദ്ധ മാർതോമാ ശ്ലീഹായുടേയും പ്രാർത്ഥനയാൽ തന്നെ. ആമ്മീൻ. (ഒപ്പ്)

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ ഇത്യാദി.

എന്നു 1904 കന്നി 27-ാം തീയതി.
ആലുവാ തൃക്കുന്നത്തു പള്ളിയിൽ നിന്നും

## 6

## മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും കോട്ടയം, അങ്കമാലി ഇടവകകളുടെ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായും കൂടി എഴുതുന്ന സർക്കുലർ

**(മുദ്രകൾ)**

നമ്മുടെ കോട്ടയം ഇടവകയിൽ ഉൾപ്പെട്ട എല്ലാ പള്ളികളിലെയും യോഗ ജനങ്ങൾക്കു വാഴ്‌വ്.

നമ്മുടെ സമുദായത്തിലെ പട്ടക്കാരുടെ വരുമാനങ്ങളെ ഈ കാലാവസ്ഥയ്ക്ക് തക്കവണ്ണം പരിഷ്കരിച്ചു ഒരു നിയമം ഉണ്ടാക്കി മലങ്കരെ ഒട്ടുക്കുള്ള നമ്മുടെ പള്ളികളിൽ പ്രസിദ്ധപ്പെടുത്തണമെന്നു ആലോചിച്ചിട്ടു കുറെ നാളായി എങ്കിലും എല്ലായിടത്തേയും വരുമാനങ്ങളും അനുഭവങ്ങളും ഏതെല്ലാംപ്രകാരമെന്നു സൂക്ഷ്മപ്പെടുത്തി ചെയ്യേണ്ടതിനു വിചാ

രിച്ചിരിക്കുമ്പോൾ ഈ കോട്ടയം ഇടവകയിൽ ഉൾപ്പെട്ട പള്ളികളിലെ പട്ടക്കാർ കഴിഞ്ഞ വൃശ്ചികം 12-നു സിമ്മനാരി സ്ഥാപകപിതാവിന്റെ ഓർമ്മപ്പെരുന്നാളിൽ ഞങ്ങളുടെ മുമ്പാകെ സമർപ്പിച്ച ഒരു വരുമാനപ്പട്ടികയും, വരുമാനത്തിനു ഒരു നിജസ്ഥിതി വരുത്തി കൊടുക്കണമെന്നുള്ള അവരുടെ അപേക്ഷ ഹർജിയും നോക്കിയതിൽ തല്ക്കാലം കോട്ടയം ഇടവകയിൽ ഇപ്പോൾ നടന്നുവരുന്ന ക്രമം അനുസരിച്ചു ഒരു വരുമാന നിയമം ഉണ്ടാക്കുന്നതു കൊള്ളാമെന്നു ഞങ്ങളും സഹോദരന്മാരായ മെത്രാപ്പോലീത്താമാരും കൂടി ആലോചിച്ചു ഒരു നിയമം എഴുതി തീർത്തിരിക്കുന്നതിനെ അച്ചടിച്ചു പള്ളികൾക്കു അയപ്പാൻ ഏറ്റവും ആവശ്യമായിരിക്കുന്നു. എങ്കിലും ഈ നിയമപകർപ്പു ഈ ഇടവകയിൽ ഉൾപ്പെട്ട എല്ലാ പള്ളികൾക്കും ഓരോന്നു അയച്ചു പള്ളികളിൽ വായിച്ചു കേട്ടു ഇതിൽ ഏതെങ്കിലും വരുമാനങ്ങളെ സംബന്ധിച്ചു കൂടുതൽ കുറവു വല്ല സ്ഥലത്തും ഉള്ളതായോ വല്ലതും ഭേദപ്പെടുത്തേണ്ടതായോ ഉണ്ടായിരുന്നാൽ ആ വിവരവും എഴുതിവരുന്നതിനുമേൽ ഈ നിയമം അച്ചടിച്ചു നടപ്പാക്കണമെന്നു നിശ്ചയിച്ചിരിക്കയാൽ ഈ സാധനം അയക്കുന്നതാണ്. ഇതോടു ഒന്നിച്ചു അയക്കുന്ന നിയമപ്പകർപ്പു ഒന്നോ രണ്ടോ ഞായറാഴ്ച അതാതു പള്ളികളിൽ വായിച്ചുകേട്ടു വിപരീതമായ വല്ല അഭിപ്രായവും ഉണ്ടെന്നിരുന്നാൽ ആ പള്ളിക്കാർ അവരുടെ മറുപടി മീനം 30-നു മുമ്പു 'ഇടവകപത്രിക' പത്രാധിപർക്കു അയച്ചുകൊള്ളേണ്ടതാകുന്നു.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ നിങ്ങളോടുകൂടെ ഉണ്ടായിരിക്കുമാറാകട്ടെ. (ഒപ്പുകൾ)

എന്നു 1899 കുംഭം 25-ന്.

കോട്ടയത്തു സിമ്മനാരിയിൽ നിന്നും.

(ഇടവകപത്രിക, 1899 ശ്ബോത്ത്)

# സ്വകാര്യ കത്തുകൾ

## 1

എറണാകുളം
1877 തുലാം 23-ന് (1072)

പ്രിയമുള്ള കുഞ്ഞവുരായ്ക്കു,

അവിടെനിന്നും അയച്ച എഴുത്തു കിട്ടി. ജ്യേഷ്ഠന്റെ എഴുത്തും ഇന്നലെ കിട്ടി. പണം കുറെക്കൂടെ ഏനപ്പെടാനുണ്ടെന്നും വേഗത്തിൽ കൊണ്ടുവന്നു തീർക്കാമെന്നും എഴുതിയിട്ടുണ്ട്. പഴയ ദിവാൻജി യജമാനൻ തൃശ്ശിവപേരൂര നിന്നു വന്നിട്ടു കണ്ടുപോകുന്നതിനാണ് ഞാൻ ഇതുവരെ താമസിച്ചത്. അദ്ദേഹം ഇന്ന് എത്തി. വൈകുന്നേരം കാണണമെന്നും വൃശ്ചികം .... തിങ്കളാഴ്ച തെക്കോട്ടു പോകണമെന്നും വിചാരിക്കുന്നു. ഞായറാഴ്ച ഇവിടെയുള്ള സ്നേഹിതന്മാരുടെ Social Meeting കൂടണമെന്നു നിശ്ചയിച്ചിരിക്കുന്നു. ഇതിലേക്കു നിങ്ങളെയും ക്ഷണിച്ചു എന്നും രൂപാ സന്തോഷത്തോടെ അയച്ചു എന്നും കേട്ടു ഞാൻ വ്യസനിക്കുന്നു. ഈ വിധം അധികം പണം കൊടുത്തല്ലാ സ്നേഹം പൂർത്തിയാക്കുന്നത്. സ്നേഹമുള്ളവര് ക്ഷണിച്ചിരിക്കുന്ന മുറയ്ക്ക് അഞ്ചിൽ കവിയാത്ത ഒരു സംഖ്യ മതിയായിരുന്നു. നിങ്ങൾ സന്തോഷത്തോടെ അയയ്ക്കുകയും അവർ നന്ദി പറഞ്ഞ് വാങ്ങുകയും ചെയ്തുകഴിഞ്ഞുവല്ലോ. ഒരാൾ പെൻഷൻ വാങ്ങിയതിനു മാത്രം ഇത്ര ലഹള എന്താണെന്നു ചോദിക്കുന്നവരും ഉണ്ട്. അവർക്കു ഈ തുക കൂടി കേൾക്കുമ്പോൾ രസിക്കുമെന്നു തോന്നുന്നില്ല. ഒരു കോപ്പ കാപ്പി തരുന്നതിനായിട്ടാണു അവരു നിശ്ചയിച്ചു തുടങ്ങിയത്. അത് ഉറപ്പിച്ചു വന്നപ്പോൾ ഇങ്ങനെയാണ് കലാശിച്ചത്. പുസ്തകം തിരികെ അയയ്ക്കണമെന്നില്ല. ദൈവകൃപയാൽ എനിക്കു സുഖക്കേട് ഒന്നുമില്ല. ഇവിടെ റോമാ സുറിയാനിക്കാരുടെ നാട്ടുമെത്രാൻ കഴിഞ്ഞ ആഴ്ച വന്നു. എതിരേല്പ് വളരെ കേമമായിരുന്നു. വെള്ളിയും പൊന്നും കുരിശുകളും അസംഖ്യം ജനങ്ങളും ഉണ്ടായിരുന്നു. വേറെ വിശേഷം ഒന്നുമില്ല. ഇതിന്റെ മറുപടി പള്ളത്തിനു അയച്ചാൽ മതി. ഒപ്പ്

പാക്കിൽ സുറിയാനിപള്ളിക്കു സമീപം താമസിക്കുന്ന കൊച്ചി സർക്കാർ അച്ചുകൂടത്തിൽ ഹെഡ് പ്രിന്റർ ആയിരുന്ന വി. മാത്യു കുര്യന്, പള്ളം, കോട്ടയം.

## 2

1897 ചിങ്ങം 26-നു

നമ്മുടെ പ്രിയപുത്രൻ കുഞ്ഞവരായിക്കു വാഴ്‌വ്.

നീ 2-നു അയച്ച എഴുത്ത് ഇന്ന് ഇവിടെ കിട്ടി വിവരം ഗ്രഹിച്ചു. നമ്മുടെ കുഞ്ഞന്നം മരിച്ചുപോയ വിവരം ഇപ്പോൾ നീ അറിഞ്ഞിരിക്കുമല്ലോ. എല്ലാ ദിക്കിലും പഞ്ഞം കടുപ്പം തന്നെ. നിങ്ങളുടെ സൗഖ്യവിവരം അറിയായ്കകൊണ്ട് വ്യസനിച്ചിരുന്നു. വലിയ ജ്യേഷ്ടനു ഒരിടക്കു കുറെ സുഖക്കേടുണ്ടായിരുന്നെന്നും ഇപ്പോൾ കുറെ സുഖം ഉണ്ടെന്നും അവിരാവർക്കിയുടെ എഴുത്തു വന്നു. ദൈവകൃപയാൽ നാം വല്യ സുഖക്കേടു കൂടാതെ ഇരിക്കുന്നു. റോമാക്കാരിൽ നിന്നു ഇങ്ങോട്ടു തിരിഞ്ഞവരെക്കുറിച്ചു സ്ഥിരമായി തിരിഞ്ഞന്നാണ്, പറവൂരു നിന്നും വന്ന എഴുത്ത്. ഈയാണ്ടു പഞ്ഞവും നടപ്പുദീനവും എത്രത്തോളമെന്നറിയാൻ വയ്യ. നിങ്ങളുടെ സൗഖ്യവിവരത്തിനു ഉടനെ എഴുതി അയയ്ക്കണം. പള്ളം അഞ്ചൽ മാസ്റ്റർ നോക്കി വാകത്താനത്തു പള്ളിയിൽ ഇരിക്കും ഇന്നാർക്കു കൊടുപ്പാൻ എന്നെഴുതിയാൽ വേഗത്തിൽ കിട്ടും. അവിടുത്തെ ചിലവു സാധനക്കാരൻ നമ്മുടെ സ്വജാതിയും ആകുന്നു. ശേഷം പിന്നാലെ ദൈവം അനുഗ്രഹിക്കുമാറാകട്ടെ. എന്നു വാകത്താനത്തു പള്ളിയിൽ നിന്നും.

## 3

1899 തുലാ മാസം 12-ന്

നമ്മുടെ പ്രിയപുത്രൻ കുഞ്ഞവരാക്കു വാഴ്‌വ്.

നീ അയച്ച എഴുത്ത് കിട്ടി. വിവരം ഗ്രഹിച്ചു. കുഞ്ഞിന്റെ സുഖക്കേടിനെക്കുറിച്ച് അല്പം വിഷാദമുണ്ട്. ദൈവം ആശ്വാസം കൊടുക്കുമാറാകട്ടെ. വാൽനക്ഷത്രം ഭൂമിയോടു മുട്ടിവീഴുക എന്നു വന്നാൽ ഇതിൽപരം ആപത്തു വരുവാനില്ല. മലയാളകണക്കിൽ വൃശ്ചികമാസം ആദ്യം ആറേഴു ഗ്രഹങ്ങൾ ഒരു രാശിയിൽ വരും. വർഷവും ആപത്തും വളരെയുണ്ടെന്നു പറയുന്നു. നിങ്ങളുടെ സ്കൂളിൽ എത്ര പൈതങ്ങൾ ഉണ്ട്. ആ സ്കൂളിന്റെ സ്ഥിതി എന്താണു സർക്കാർ നിശ്ചയിച്ചിരിക്കുന്നത് എന്നും മറ്റും അറിവാൻ ആഗ്രഹം. ദൈവകൃപയാൽ ഞങ്ങളെല്ലാവരും സുഖത്തോടിരിക്കുന്നു. നിങ്ങളെല്ലാവരുടെയും സൗഖ്യവർത്തമാനത്തിനും മറ്റും എഴുതി അയയ്ക്കയും വേണം. കർത്താവു അനുഗ്രഹിക്കുമാറാകട്ടെ.

എന്ന് പുതുപ്പള്ളി പള്ളിയിൽനിന്നും.

## 4

1900 മീനമാസം 27-ന്

നമ്മുടെ പ്രിയപുത്രൻ കുഞ്ഞവുരായ്ക്കു വാഴ്വ്.

നിന്റെ എഴുത്തു കിട്ടി. ഞങ്ങൾ ഇവിടെ എത്തി. വിശേഷാൽ സുഖക്കേടു കൂടാതെ ഇരിക്കുന്നു. നിന്റെ കുഡുംബാദികൾ ഒക്കെയും സുഖമായിരിക്കുന്നു. നീ എപ്പോൾ വരുമെന്ന് കാത്തും ഇരിക്കുന്നു. ശേഷം കാഴ്ചയിൽ. ദൈവം അനുഗ്രഹിക്കുമാറാകട്ടെ.

എന്നു പറവൂർപള്ളിയിൽ നിന്നും

## 5

1902 ചിങ്ങമാസം 28-ന്

നമ്മുടെ പ്രിയപുത്രൻ കുഞ്ഞവരായ്ക്കു വാഴ്വ്.

നിന്റെ എഴുത്തു കണ്ടു. നിങ്ങളെല്ലാവരുടെയും സൗഖ്യത്തെക്കുറിച്ച് അറിഞ്ഞതിനാൽ ദൈവത്തെ സ്തുതിക്കുന്നു. നമ്മുടെ പ്രിയമുള്ള പനയ്ക്കൽ മാത്തു മൂപ്പിലെ ദീനം ഇപ്പോൾ എങ്ങിനെ ഇരിക്കുന്നു. .... ഇട്ടിമാത്തു വന്നപ്പോൾ അതുവരെയുള്ള വിവരങ്ങൾ പറഞ്ഞറിഞ്ഞു. ദൈവം ആശ്വാസം കൊടുക്കട്ടെ. നീയും ചെന്നു കാണണം. ഇപ്പോൾ ആലപ്പാടൻ കുഞ്ഞിപൌലോന്റെ പാലത്തിങ്കലെ പുരയിടവും നികത്തി തൈ വച്ച നിലവും കൂടി .... തീറെഴുതി വാങ്ങിച്ചു. പിന്നെ അകപ്പറമ്പിൽ കുറ്റിക്കാടൻ റമ്പാച്ചന്റെ വക ... നിലം തീറെഴുതിച്ചു. അതിനു ... നെല്ലു പാട്ടം കിട്ടും. .... കുറെ റമ്പാച്ചന്റെ സൗജന്യവും ആയിരത്തിചില്വാനം രൂപ ഇപ്പോൾ കൊടുക്കയും വേണം. ഇവക്കും പണം തികയാഴികകൊണ്ടു .... അവരാം വർക്കിയുടെ പുരയിടം ..... കുറിക്കാർക്കു നടത്തിച്ചുകൊടുത്തു. അവരാം വർക്കി ഇപ്പോൾ ആദ്യ വ്യവഹാരം ചെയ്വാൻ തുടങ്ങുന്നു. ഞങ്ങളെല്ലാവർക്കും ഒരുവിധം സുഖമെന്നു പറയാം. ദൈവത്തിന്നു സ്തുതി. എല്ലാ വിവരങ്ങൾക്കും ഉടനെ എഴുതി അയയ്ക്കണം.

എന്നു പറവൂർപള്ളിയിൽ നിന്നും.

## 6

1896 കർക്കടക മാസം 14-ന്

നമ്മുടെ പ്രിയമുള്ള കുഞ്ഞവരാക്കു വാഴ്വ്.

നീ ഇവിടെ നിന്നും പോയതിന്റെ ശേഷം കൊച്ചീക്കാരൻ (ഹൈഡ്രോപ്പാത്തി) ..... പരിചയമുള്ള ഒരാൾ ഇവിടെ വന്നു. വിവരങ്ങൾ പറഞ്ഞപ്പോൾ ഒട്ടു കൊള്ളാമെന്നു തോന്നി പിറ്റേദിവസം മുതൽ കാലത്ത് പൂട്ടും പഴവും നാം നീക്കി വെള്ളം പഞ്ചസാര കൂടാതെയും പച്ചപ്പാലും ഉച്ചയ്ക്കു ഗോതമ്പും പുല്ലും പൊടിച്ചു ഒരു പായസമാക്കി പഴവും കൂട്ടിയും വൈകുന്നേരം മേൽപറഞ്ഞവ രണ്ടുംകൂട്ടി അടയും പശുവിൻ പാലും നാം നീക്കി

വെള്ളവും സേവിച്ചുവന്നു. മുളകും അശേഷം നാം ഉപയോഗിക്കുന്നില്ല. പച്ച ഏത്തയ്ക്കാ വച്ചു കൂട്ടാനായിട്ടും ഉപയോഗിക്കുന്നുണ്ടു. ദിവസവും പാളതീയിൽ വെള്ളത്തിലിരിക്കുന്നുമുണ്ട്. വർഷം കലശലായപ്പോൾ വെള്ളം അല്പം അനത്തിയുമാണ്. ജലദോഷം വന്നേക്കുമെന്നു ഭയപ്പെട്ടു ഒരു ദിവസം എണ്ണ കുറെ തലയിൽ പൊത്തി കുളിച്ചു. വെയിർപ്പിക്കുന്ന തിന് ആ വൈദ്യൻ വരുമെന്നു പറഞ്ഞിട്ടു ഇതുവരെയും വന്നില്ല. ആയ തുകൊണ്ടു നീ ആ പുസ്തകത്തിൽ നോക്കി വിയർപ്പിക്കുന്നതിനു എത്ര മിനിട്ട് ആവി കൊള്ളിക്കണമെന്നും ഉടനെതന്നെ പച്ചവെള്ളത്തിൽ ഇരി ക്കണമെന്നും ആ വൈദ്യൻ പറഞ്ഞു എന്നു ഓർക്കുന്നു. അതു വിയർപ്പു തുടച്ചുകളഞ്ഞിട്ടോ, കളയാതെയോ, എപ്പോൾ പച്ചവെള്ളത്തിൽ ഇരിക്ക ണമെന്നു എഴുതി കൊടുത്തയയ്ക്കണം.

ചാലു വില്പന ...... ധൃതിയുണ്ടായി. ഞാൻ അവരാം വർക്കിയെയും വലിയ ഇട്ടിയച്ചനെയും വളരെ ഉത്സാഹിപ്പിച്ചു. ഇട്ടിയച്ചന്മാർ രണ്ടുപേരും അവരാം വർക്കിയും കൂടി അവിടെ ചെന്നു കണ്ടു. ചിങ്ങമാസത്തിൽ ആകട്ടെ എന്നു അവധി വച്ചിരിക്കുന്നു. ഓണ അവധിക്കു നീ ഒന്നു വന്നു പോയാൽ കൊള്ളാം. നിങ്ങൾ എല്ലാവരുടെയും സൗഖ്യവിവരത്തിനു എഴുതി അയയ്ക്കണം.

തീത്തോസു കത്തനാരുടെ ഒടുക്കത്തെ പരുവു നല്ല സൗഖ്യമായില്ല. കീറണമോ എന്നു സംശയിക്കുന്നു. ശേഷം എല്ലാവർക്കും സൗഖ്യം തന്നെ. ദൈവം അനുഗ്രഹിക്കുമാറാകട്ടെ.

എന്ന് പറവൂർപള്ളിയിൽ നിന്നും.

മത്സ്യങ്ങൾ, തൈര്, മോര്, മധുരം ഇവകൾ ഇപ്പോൾ മുടക്കിയിരിക്കുന്നു.

## 7

1904 മിഥുന മാസം 19-ന്

നമ്മുടെ പ്രിയപുത്രൻ കുഞ്ഞവരായ്ക്കു വാഴ്വ്.

അഞ്ചൽ വഴി അയച്ച എഴുത്തു കിട്ടി വിവരം ഗ്രഹിച്ചു. നമ്മുടെ പ്രിയ മുള്ളവളെ നമ്മുടെ നിത്യകർമ്മങ്ങളിൽ നാം ഓർക്കുന്നു.

നമ്മുടെ അവരാം വർക്കി വടക്കോട്ടു ചികിത്സയ്ക്കു പോയിരിക്കു മ്പോൾ ഒരെഴുത്തു അയച്ചിരുന്നു. അതിന്റെ മറുപടി ഒന്നും കിട്ടിയില്ലെന്നു മാത്രമല്ല അവന്റെ സുഖവർത്തമാനങ്ങൾ ഒന്നും അറിയുന്നുമില്ലാ.

നാം ഇപ്പോൾ വാര്യരുടെ ചികിത്സയിൽ ഇരിക്കുകയാണ്. കുറെ എല്ലാം സുഖമുണ്ട്. മറ്റു വിശേഷമൊന്നുമില്ല. നമ്മുടെ പൈലിക്കുഞ്ഞും ജോർ

ജ്ജും നന്നായി പഠിക്കുന്നുണ്ടോ?

അവരാം വർക്കിയുടെ സുഖവർത്തമാനത്തിനു എഴുതി അയയ്ക്കണം. ദൈവം അനുഗ്രഹിക്കുമാറാകട്ടെ.

എന്ന് ആലുവാ തൃക്കുന്നത്തു പള്ളിയിൽ നിന്നും.

## 8

1893 ധനു മാസം 1–നു

നമ്മുടെ പ്രിയപുത്രൻ കുഞ്ഞവുരാക്കു വാഴ്വ്.

നീ അയച്ച എഴുത്തു കിട്ടി വിവരം ഗ്രഹിച്ചു. വരുന്ന മാസം ആദ്യം നാം പറവൂർ എത്തണമെന്നു വിചാരിച്ചിരിക്കുന്നു. ആ സമയത്തു നിങ്ങളും അവിടെ ഉണ്ടായിരിക്കുമല്ലോ. ഇവിടെ പുത്തൻപള്ളി ധൃതി ആയി പണിയുന്നു. പഴയ പള്ളിയെക്കുറിച്ച് വ്യവഹാരവും ഉണ്ട്. നീ മരുന്നിനു എഴുതുമ്പോൾ – സൽഫ്ർ – പഴസാറ്റില് – നക്സൊമിക്കാ – ഇതിനു കൂടെ എഴുതി അയയ്ക്കണം. ദൈവകൃപയാൽ നാം സുഖമായിരിക്കുന്നു. നമ്മുടെ കുഞ്ഞേലിയാമ്മയുടെ മക്കളിൽ പരീതുപിള്ളയ്ക്കും അവരാം മറിയത്തിനും വരുന്ന മാസത്തിൽ കല്യാണം ഉണ്ട്. ആ വിവരം നീ അറിഞ്ഞിരിക്കുമല്ലോ. പിന്നെ വിശേഷം ഒന്നും ഇല്ല. ദൈവം അനുഗ്രഹിക്കുമാറാകട്ടെ.

എന്നു മണർകാട്ടു പുത്തൻപള്ളിയിൽ നിന്നും.

## 9

1894 കർക്കടക മാസം 15–ന്

നമ്മുടെ പ്രിയപുത്രൻ കുഞ്ഞവരായ്ക്കു വാഴ്വ്.

നീ അയച്ച എഴുത്തു കിട്ടി. നിങ്ങളുടെയും ജ്യേഷ്ഠന്റെയും സൗഖ്യവിവരം അറിഞ്ഞതിൽ ആശ്വസിക്കുന്നു. ദൈവകൃപയാൽ നാം സുഖത്തോടിരിക്കുന്നു. തോട്ടയ്ക്കാട്ടു പള്ളിയിൽ നിന്നും നാം ഇന്നലെയാണു ഇവിടെ എത്തിയത്. ഇതിന്റെ കഴുക്കോലു കയറ്റി ഓടുമേഞ്ഞ ഉടനെ ഇവിടെ നിന്നും പുറപ്പെടും. താഴത്തു കത്തനാർ ട്രസ്റ്റിസ്ഥാനം കോടതിയാൽ ഒഴിഞ്ഞു എഴുതി വച്ചു. ഈ പള്ളി സംബന്ധിച്ചു ഉണ്ടായിരുന്ന ഒരു കേസും നമുക്കു ഗുണമായി വിധിച്ചു. കൊട്ടാരക്കര നമ്മുടെ കക്ഷിക്കു കൈവശം ഇല്ലന്നു വിധിച്ചത് ഹൈക്കോർട്ടിൽ നമ്മുടെ കക്ഷിക്കു ഗുണമായിട്ടു വിധിച്ചു. ശേഷം പിന്നാലെ.

ദൈവം അനുഗ്രഹിക്കുമാറാകട്ടെ.

എന്നു മണർകാട്ടു പുത്തൻപള്ളിയിൽ നിന്നും

## 10

നമ്മുടെ പ്രിയപുത്രൻ കൂരൻ അവരാ പൗലോസിനു വാഴ്വ്.

നീ അയച്ചകുറി ഇവിടെ കിട്ടി. അതിനെക്കുറിച്ചു നാം ഒന്നും പറവാൻ കാണുന്നില്ലാ. വ്യസനത്താൽ വ്യസനം തന്നെ. അടിയന്തിരം നിശ്ചയിച്ചപ്രകാരം എല്ലാം നടക്കട്ടെ. നമ്മുടെ പ്രിയമുള്ള കുഞ്ഞിന്റെ ആത്മാവിന്നു വേണ്ടുന്നതൊക്കെയും നാം ചെയ്യുന്നുണ്ട്. ഇനിയും നാം ചെയ്യും.

ദൈവമായ കർത്താവ് നിങ്ങളെല്ലാവരെയും വാഴ്ത്തി അനുഗ്രഹിക്കയും നമ്മുടെ കുഞ്ഞിന്റെ ആത്മാവിന്നു ജീവകിരീടം നല്കുകയും ചെയ്യുമാറാകട്ടെ.

എന്ന് 1903 കർക്കടകം 12-ന്. ആലുവാ പള്ളിയിൽ നിന്നും.

## 11

നമ്മുടെ പ്രിയപുത്രൻ കുഞ്ഞവരായ്ക്കു വാഴ്വ്.

നീ അഞ്ചൽ മാർഗ്ഗം അയച്ച ദുഃഖകരമായ വാർത്ത കിട്ടി. വിവരം ഗ്രഹിക്കയും ചെയ്തു. ഈ ദുഃഖം കേട്ടപ്പോൾ നമുക്കുണ്ടായ വ്യസനവും അവയവങ്ങൾക്കുള്ള തളർച്ചയും ശക്തമായിരുന്നു. പിന്നെ, കൂടെഉണ്ടായിരുന്ന നിങ്ങളുടെ വ്യസനം അധികമായിരുന്നുയെന്നു പറയാനില്ലല്ലോ. അവൻ ഉത്തമ മനുഷ്യനായിരുന്നു. അവന്റെ സൽഗുണങ്ങൾ വർണ്ണിപ്പാൻ വളരെയുണ്ട്. പ്രിയപുത്രാ മരിക്കുന്നവരെക്കുറിച്ച് ദുഃഖിക്കരുതെന്നു പൗലോസ് ശ്ലീഹാ കല്പിച്ചിരിക്കുന്നു. ഒരുത്തൻ അങ്ങിനെ മരിച്ചു ഒരുത്തൻ ഇങ്ങിനെ മരിക്കുന്നു. എല്ലാവരും ലോകത്തിൽ നിന്നു പിരിയേണ്ടിവരും. ദാവീദു പറയുംവണ്ണം ആ ലോകത്തിൽ നിന്നും ഈ ലോകത്തിലേക്കുള്ളതാകുന്ന വഴി ഇതുതന്നെ. അതിനാൽ ദുഃഖിച്ചും വിഷാദിച്ചും ഇരിക്കാതെ ജോലികൾ നോക്കിയും സ്നേഹിതന്മാരുടെ ഇടയിൽ സഞ്ചരിച്ചും മനോധൈര്യപ്പെട്ട് സന്തോഷിക്കാ. വിഷാദവും ദുഃഖവും വലിയ ആപത്തുകളെ ഉണ്ടാക്കും. അവന്റെ മരണം പെട്ടെന്നായി പോയതുകൊണ്ടു നമുക്കു ദുഃഖം. ...... മരിച്ചുയെങ്കിൽ എത്ര ദുഃഖം. പകർന്നും ചീഞ്ഞും ചുഴന്നും കിടന്നെങ്കിൽ വേഗത്തിൽ എടുത്തുകൊള്ളണമെന്ന് നാം തന്നെ അപേക്ഷിക്കുമായിരുന്നു. ഇപ്പോൾ അവൻ മരണമെന്ന കടലിന്റെ ...... അടുക്കലേക്കു കടന്നു. സന്തോഷത്തിലേക്കു പ്രവേശിച്ചു. ദൈവം അവനെ ആശ്വസിപ്പിക്കുമാറാകട്ടെ. ഇന്നു അവൻ നാളെ നാം. എന്തൊരു മായ. .... നീ വൃഥാ ഇരുന്നു ....... വ്യസനിക്കരുത്. ...... സർവ്വശക്തൻ സകലത്തിനും പ്രാപ്തൻ തന്നെ. തന്നിൽ ശരണപ്പെട്ടാൽ സകല വഴികളും താൻ ശുഭമാക്കി തരും.

ദൈവകൃപയാൽ നാം സുഖത്തോടിരിക്കുന്നു. കോട്ടയത്തു പുത്തൻപള്ളിയിൽ ഉണ്ട്. വലിയ മെത്രാച്ചൻ വടക്കുനിന്നും ഇങ്ങോട്ടു വന്നില്ല.

സെമിനാരി വിധിയുടെ ഡിക്രി കോട്ടയത്തു വന്നിട്ടുണ്ട്. മെത്രാച്ചൻ ഇങ്ങോട്ടെത്തിയാൽ തീർച്ച നടത്താം.

ശേഷം പിന്നാലെ ദൈവം അനുഗ്രഹിക്കുമാറാകട്ടെ.

എന്ന് 1886 മകരം 21-ന് കുമരകത്ത് പള്ളിയിൽ നിന്ന്.

# 12

1895 മീനമാസം 7-ന്

നമ്മുടെ പ്രിയപുത്രൻ അവരാം വർക്കിക്കു വാഴ്വ്.

1-ന് നീ അയച്ച എഴുത്ത് ഇന്നു ഇവിടെ കിട്ടി. ജ്യേഷ്ഠന്റെ ദീനത്തെക്കുറിച്ച് വ്യസനം ഉണ്ട്. കഴിയുന്നതു നിങ്ങൾ ചെയ്യുമല്ലോ. ദൈവതിരുവുള്ളം പോലെ അല്ലാതെ ഒന്നും വരികയില്ല. തന്റെ തിരുനാമത്തിനു സ്തുതി.

നമ്മുടെ സുഖക്കേടിന്റെ വിവരമെല്ലാം കഴിഞ്ഞമാസം 26-നു തീത്തോസു കത്തനാർക്ക് എഴുതിയിരിക്കുന്ന എഴുത്തിൽ വെളിപ്പെടുത്തിയിട്ടുണ്ട്. നീ കണ്ടതിൽ കുറെ സുഖമുണ്ട്. എല്ലാവരുടെയും താല്പര്യത്താലും കുര്യന്റെ അദ്ധ്വാനത്താലും മരുന്നുകൾ തെരുതെരെ ഉണ്ടാക്കുന്നുണ്ട്. പെട്ടെന്ന് കുറയുന്നില്ലാ. ഇപ്പോൾ പള്ളം വഴി വരുന്നതിനു ആറ്റിൽ വെള്ളമില്ല. പിന്നെ കരയ്ക്കു വേണം വരാൻ. ദീർഘയാത്രയും ബുദ്ധിമുട്ടും വൈദ്യന്മാർ തീരെ വിരോധിച്ചിരിക്കുന്നു. അതിനാൽ നിങ്ങൾ ചോദ്യകടലാസ് അയപ്പിക്കണം. സമൻ ഒപ്പിട്ടതിന്റെ കുറ്റത്തിന് ഇടവരുത്തരുത്. അതു നിങ്ങൾക്കു പ്രയാസമെങ്കിൽ ഉടനെ ആൾവശം ആ വിവരത്തിനു ഒരെഴുത്തു അയയ്ക്കണം. അഞ്ചൽ ഇവിടെനിന്നു നാലു നാഴിക അകലമുണ്ട്. അതിനാൽ നാലും അഞ്ചും എഴുത്തു കിട്ടിയേ ഇവിടെ കൊണ്ടുവരൂ. താല്പര്യമുള്ള ആളായാൽ പിറ്റേദിവസം ഇവിടെ എത്തുമല്ലോ. അതു കിട്ടിയാൽ ഉടനെ പത്തിരുപതു രൂപാ ചിലവു ചെയ്ത് അപ്പോത്തിക്കരിയെ വരുത്തി കാണിച്ച സർട്ടിഫിക്കറ്റ് വാങ്ങിച്ച് അയയ്ക്കാം. വൈദ്യന്മാരുടെ അഭിപ്രായം ഇപ്പോൾ സൂക്ഷിച്ച് സൗഖ്യമായിരുന്ന്, ചികിത്സിച്ചാൽ സുഖപ്പെടുമെന്നാണ്. അതുകൊണ്ടു വ്യസനിക്കുകയും വിഷാദിക്കുകയും അരുത്. ശേഷം പിന്നാലെ. ദൈവം അനുഗ്രഹിക്കുമാറാകട്ടെ.

എന്നു ....... പള്ളിയിൽ നിന്നും.

മറുപടി അയച്ചില്ലല്ലോ എന്നു നിങ്ങൾ പറയുന്നു. കുറ്റം വരുന്നതും അപകടം വരുന്നതുമായ കാര്യത്തിനു നിവാരണം ചെയ്വാനായിട്ടു തീത്തോസു കത്തനാർക്കു എഴുതി അയച്ചിട്ടു ഇതുവരെയും ഒരു മറുപടിയും കാണുന്നില്ലാ. രാവും പകലും വ്യസനിച്ചാണ് നേരം പോക്കുക. ഈ വാർദ്ധക്യത്തിൽ ഇങ്ങനെ ചെയ്യരുത്. ഒപ്പ്

## 13

1902 മിഥുന മാസം 13-ന്

നമ്മുടെ പ്രിയപുത്രൻ കുഞ്ഞവുരായ്ക്കു വാഴ്വ്.

നിങ്ങൾ പോയതിന്റെ ശേഷം അവിടെനിന്നും വർത്തമാനങ്ങൾ ഒന്നും അറിയായ്കകൊണ്ടു തൃപ്തി ഇല്ലാതെയിരിക്കുന്നു. നമ്മുടെ കാലിന്റെ നീരിന്നു ഒരു ഇലക്കിഴി പിടിക്കുന്നുണ്ട്. കുറെ ആശ്വാസമുണ്ട്. ഇന്നലെ വരെ ഇവിടങ്ങളിൽ വിത ഒന്നും ആയില്ല. ഇന്നലെ വർഷത്തിന്റെ ഭാവത്തിൽ മഴ ഉണ്ടായതുകൊണ്ട് ഇന്നലെയും ഇന്നും വിത ധൃതി തന്നെ. ഇന്നു മഴ ഇല്ലാത്തവിധമാണു കാണുന്നത്. എഡ്വേർഡ് രാജാവിന്റെ സുഖക്കേടു നിമിത്തം ഇന്നു കിരീടധാരണം ഇല്ലെന്നു കമ്പി വന്നു. തക്ക സുഖക്കേട് ഇല്ലാഞ്ഞാൽ അങ്ങിനെ കമ്പി വരാൻ ഇടയില്ലല്ലോ. ഭൂലോകം മുഴുവനും അറിഞ്ഞിരിക്കുന്ന മഹാകാര്യം എന്താ ഇങ്ങിനെ വന്നതെന്നു ആളുകൾ ഭ്രമിക്കുന്നു.

നമ്മുടെ ചാലിലെ കോര നാലാന്നാൾ തന്റൊളിൽ വന്നു. മിനിയാന്നു ഇവിടെയും വന്നു. ഇന്നലെ മറിയപ്പെണ്ണുംപിള്ളയും ഇവിടെ വന്നു. യാത്ര പറഞ്ഞുപോയി. വള്ളം വഴിക്കാണ് അകത്തുകൂടിയാണവരുടെ യാത്ര. അതുകൊണ്ടു ഒന്നും വ്യസനിപ്പാനില്ല. നിങ്ങളെല്ലാവരുടെയും സൗഖ്യ വർത്തമാനത്തിനും മറ്റും എഴുതി അയയ്ക്കണം.

ദൈവം അനുഗ്രഹിക്കുമാറാകട്ടെ. എന്ന് പറവൂർ പള്ളിയിൽ നിന്നും.

## 14

1899 മിഥുനമാസം 21-ന്

നമ്മുടെ പ്രിയപുത്രൻ കുഞ്ഞവുരാക്കു വാഴ്വ്.

നിന്റെ എഴുത്തു കിട്ടി. തീത്തോസു കത്തനാരുടെ കാര്യം എങ്ങിനെ നാം എഴുതേണ്ടു. അതു ഹൃദയത്തിൽ മറയുന്നില്ലങ്കിലും മറച്ചുവയ്ക്കുന്നു. വലിയ നോമ്പു വീടിയതു മുതൽ പാലു നിർത്തി ചെറുപയറും ഉഴുന്നും കടലയും കൂട്ടി കഷായം വച്ചു ആ വെള്ളം കുടിക്കുന്നുണ്ട്. അത് ചെന്നിട്ടല്ലേ എന്നറിഞ്ഞില്ലാ വയറ്റിൽ കുറെശ്ശേ നോവുണ്ട്. അതിന്ന നുനുസോചിക്കാ മുതലായതും ചിലപ്പോൾ കുടിക്കുന്നുണ്ട്. ദെഹനം ഒരു വിധം ഉണ്ട്. നീര് ഈ വർഷത്തിന്റെ അധികത്വം കൊണ്ടോ എന്നറിയുന്നില്ലാ കുറെശ്ശെ ഉണ്ട്. ചിലപ്പോൾ തലതിരിച്ചിലും കുറേശ്ശെ ഉണ്ട്. മൂത്രം കുറെ ചുരുങ്ങി കാണുന്നു.

അവരാം വർക്കിക്കു കറപ്പുകൂട്ടിയ മരുന്നു സേവിക്കാമെന്ന് എഴുതി അയച്ചതു മനുഷ്യരുടെ ആയുസ്സ് കുറവു കാണുക കൊണ്ടാണ്. നാലു ദിവസി ഇരിക്കുന്നു എങ്കിൽ സുഖത്തോടിരിക്കരുതോ. പിന്നെ നിങ്ങളുടെ

അഭിപ്രായം പോലെ ചെയ്തുകൊള്ളണം. നിങ്ങൾ ഒരുവിധം സുഖത്തോടിരിക്കുന്നു എന്ന് അറിയുന്നതിൽ ആശ്വസിക്കുന്നു. നമുക്കു ഈ വെള്ളം വച്ചു കുടിക്കുന്നതിനേക്കാൾ അല്പം നെയ്യ് കൂട്ടുകയല്ലോ നല്ലതെന്ന് വിചാരിക്കുന്നു. ചില അകിഡറൊപാത്തി വൈദ്യന്മാരുടെ അഭിപ്രായം പാലു കുടിക്കാം എന്നുണ്ടല്ലോ. പലരും ആയുസ്സില്ലാതെ പോകുന്നല്ലോ. പിന്നെ എന്തിനു കഷ്ടപ്പെടുന്നു. നിങ്ങളുടെ സൗഖ്യവർത്തമാനത്തിന്നും മറ്റും എഴുതി അയക്കണം. ദൈവം അനുഗ്രഹിക്കുമാറാകട്ടെ.

എന്നു പുതുപ്പള്ളി പള്ളിയിൽ നിന്നും.

## 15

1903 ഇടവമാസം 21-ന്

നമ്മുടെ പ്രിയപുത്രൻ കുഞ്ഞവുരായ്ക്കു വാഴ്വ്.

നമ്മുടെ പ്രിയമകന്റെ ദീനാവസ്ഥയെക്കുറിച്ചു കേട്ടതിൽ നമ്മുടെ വൃദ്ധത വ്യസനിക്കുന്നു. നമ്മുടെ വൃദ്ധതയുടെ യാത്ര കഴിഞ്ഞിട്ടായിരുന്നു എങ്കിൽ വളരെ നന്നായിരുന്നേനെ. എങ്കിലും ദൈവഇഷ്ടം തടുക്കാവതല്ലല്ലോ. നാമും അവശതയിൽ ഇരിക്കുന്നതിനാൽ വന്നു കാണ്മാൻ പ്രയാസമായിരിക്കുന്നതിനാലും അത്യന്തം വ്യസനിക്കുന്നു. തനിക്കു തിരുവിഷ്ടമുണ്ടെങ്കിൽ അവനു സുഖം കൊടുപ്പാനായി പ്രാർത്ഥിക്കുന്നു. ദൈവം അനുഗ്രഹിക്കുമാറാകട്ടെ.

ആലുവാ തൃക്കുന്നത്തു പള്ളിയിൽ നിന്നും. (ഒപ്പ്)

## 16

1894 മീനം 9-ന്

നമ്മുടെ പ്രിയപുത്രൻ കുഞ്ഞവരായ്ക്കു വാഴ്വ്.

നീ അയച്ച എഴുത്തു കിട്ടി വിവരം ഗ്രഹിച്ചു. ഇവിടുത്തെ വഴക്കുകൾ സമാധാനപ്പെടുത്തുവാനായിട്ടു നാം ഇവിടെ എത്തി. ഉടനെ മറ്റവർ പോയി ദീവന്നാസ്യോസു മെത്രാപ്പോലീത്തായെയും കൊണ്ടുവന്നു. രാജി പറഞ്ഞതിൽ നല്ല അനുസരണമില്ലാതെ മറ്റവർ പിരിഞ്ഞു. മെത്രാച്ചൻ അവർക്കു സഹായിക്കുമെന്നാണ് തോന്നുന്നത്. നേരിനു ദൈവം സഹായമുണ്ടാകും. ഒട്ടും സംശയിക്കേണ്ട. മെത്രാച്ചൻ ഇന്നലെ പോയി. ഇവിടെ എല്ലാവരും സുഖമായിരിക്കുന്നു. നാം വരുന്ന ആഴ്ചയിൽ ഇവിടെനിന്നും പോകും. നിന്റെ സൗഖ്യ വർത്തമാനത്തിനും മറ്റും മറുപടി അയയ്ക്കണം. ദൈവം അനുഗ്രഹിക്കുമാറാകട്ടെ.

എന്നു പറവൂർ പള്ളിയിൽ നിന്നും. (ഒപ്പ്)

## 17

1901 ചിങ്ങമാസം 26-ന്

നമ്മുടെ പ്രിയപുത്രൻ കുഞ്ഞവരായ്ക്കു വാഴ്വ്.

നിന്റെ എഴുത്തു കിട്ടി. വിവരം ഗ്രഹിച്ചു. നിന്റെ രൂപായെക്കുറിച്ച് യൂദഭാഗത്തു മാത്തു യോഗത്തു നന്നായി വ്യവഹരിച്ചു. കണക്കുകൂട്ടിയപ്പോൾ 1100 രൂപ ഉണ്ട്. 1100 രൂപായ്ക്കു നൂറ്റുക്കു ഒരു രൂപാ പലിശ പറ്റുശീട്ടും എഴുതി വാങ്ങിച്ചു. ഇനി നീ അതിന്നു വ്യസനിക്കേണ്ട. മാത്തു അങ്ങിനെ ഒരു കാര്യം ചെയ്തുപോയെന്നേ ഉള്ളൂ. ഇപ്പോഴും താല്പര്യം തന്നെ. നമ്മുടെ ഏർപ്പാടുകൾ പറഞ്ഞാൽ മഹാകഷ്ടം തന്നെ. 45-ാംമാണ്ടിനു മുമ്പുണ്ടായ ഏർപ്പാടാണ്. ഇപ്പോൾ കാലഹരണത്തിലുമായി. മാറി എഴുതി തരുന്നുമില്ല. ദൈവം തന്നെ കാണട്ടെ.

ദൈവകൃപയാൽ ഞങ്ങളെല്ലാവരും സുഖത്തോടിരിക്കുന്നു. ദൈവം അനുഗ്രഹിക്കുമാറാകട്ടെ.

എന്നു സിമ്മനാരിയിൽ നിന്നും.

# 18

1902 മകരമാസം 2-ന്

നമ്മുടെ പ്രിയപുത്രൻ കുഞ്ഞവരായ്ക്കു വാഴ്വ്.

നീ ഒരാഴ്ചകൂടി അവധി വാങ്ങി താമസിക്കണമെന്ന് കൊച്ചുവർക്കിയോടു പറഞ്ഞയച്ചിട്ടുണ്ടായിരുന്നല്ലോ. ഇപ്പോൾ നീയും അനിയന്മാരും ഇളയപ്പനുമായി ഭിന്നിപ്പാനുള്ള മുറ കാണുകകൊണ്ടും മറ്റും നാം അതിൽനിന്നു മാറിയിരിക്കുന്നു. നിങ്ങളെ വിമ്മിഷ്ടപ്പെടുത്തരുതല്ലോ. പഠിപ്പിക്കുന്നതിനു മുടക്കം വരാതിരിക്കത്തക്കവണ്ണം പൊയ്ക്കൊള്ളണം. ദൈവം അനുഗ്രഹിക്കുമാറാകട്ടെ.

എന്നു കല്ലുങ്കത്രപള്ളിയിൽ നിന്നും.

# 19

1893 ചിങ്ങമാസം 30-ന്

നമ്മുടെ പ്രിയപുത്രൻ കുഞ്ഞവുരായ്ക്കു വാഴ്വ്.

നിന്റെ എഴുത്തു കിട്ടി വിവരം ഗ്രഹിച്ചു. നാം ഈ മാസം 20-ന് മുളന്തുരുത്തിയിലേക്കു പോയി. 21-ന് ആലുവാ സിമ്മനാരിയെ സംബന്ധിച്ചുള്ള പൊതുയോഗം അവിടെ കൂടി. അതിന്റെ നടപടിക്കു എഴുതി ഉണ്ടാക്കിയ ബിൽ പാസാക്കി. ആലുവായിൽ പണി ഇപ്പോൾ തന്നെ തുടങ്ങണമെന്നു നിശ്ചയിച്ചു. ഞങ്ങൾ 25-ന് ഇവിടെ എത്തി. നിന്റെ എഴുത്തിൽ പറയുന്ന ഗുളികകൾ ഇവിടെ കിട്ടീട്ടില്ല. പുസ്തകങ്ങളും മറ്റും ഉപ്പൂടന്റെ മുഖാന്തിരം തപാൽ അയച്ചാൽ ഇവിടെ കിട്ടുന്നതാകുന്നു. നവീകരണ

ക്കാരുടെ സംശയങ്ങൾ ഒക്കെയും ഇവിടെയും അങ്ങിനെ ഒക്കെ കേൾക്കു ന്നുണ്ട്. അവർക്കു നല്ലബുദ്ധി തോന്നിയെങ്കിലോ കൊള്ളാം. പറവൂര് എല്ലാ വരും സുഖമായിരിക്കുന്നു എന്ന് അറിയുന്നു. ശേഷം പിന്നാലെ.

ദൈവം അനുഗ്രഹിക്കുമാറാകട്ടെ.

## 20

നമ്മുടെ പ്രിയപുത്രൻ കുഞ്ഞവുരാക്കു വാഴ്വ്.

കുറുപ്പുംപടിക്കൽ പോയ്ക്കാട്ടിൽ കത്തനാർക്ക് ഒരു മകൻ മാത്രമേ ഉണ്ടായിരുന്നൊള്ളു. അവൻ ഇംഗ്ലീഷ് പഠിച്ച് മൂവാറ്റുപുഴയിൽ വക്കീലാ യിരുന്നു. അവന് ഒരു പെൺകുഞ്ഞ് ഉണ്ടായപ്പോൾ അവൻ മരിച്ചുപോയി. നമ്മുടെ കുടുംബത്തിലെ ഒരു ചെറുക്കനെകൊണ്ട് കെട്ടിച്ച് അവിടെ നിർ ത്തിയാൽ കൊള്ളാമെന്ന് കത്തനാരു ആഗ്രഹിച്ച് നമ്മുടെ പേർക്ക് എഴുതി അയച്ചിരിക്കുന്നു. അതു കൊള്ളാമെന്നു നമുക്കും തോന്നുന്നു. അവിടെ ചെറുക്കന്മാരില്ലാഞ്ഞിട്ടല്ലാ. ഇംഗ്ലീഷ് പഠിക്കുന്നവൻ ആയിരിക്കണമെന്നും ഇനി നല്ലവണ്ണം പഠിപ്പിക്കണമെന്നും കത്തനാർക്കു വളരെ ആഗ്രഹമുണ്ട്. പട്ടം ഏല്പിക്കണമെന്നില്ല. കത്തനാർക്കു ഈ വിഷാദം ഇരിക്കകൊണ്ടു ഈ വൃശ്ചിക മാസത്തിൽ തന്നെ കല്യാണം നടത്തിയാൽ കൊള്ളാമെന്നും ആഗ്രഹിക്കുന്നു. പെണ്ണിന്നു പ്രായം ആയിട്ടല്ല. നല്ലതായിട്ടു ഒരു ദിക്കിൽ നടന്നാൽ കൊള്ളാമെന്നുള്ള വിചാരം കൊണ്ടാണ്. വേഗത്തിൽ ഇതിനു മറുപടി അയയ്ക്കണം. വിളിച്ചു തരാമെന്നു പറഞ്ഞാൽ വേണ്ടെന്നു പറ യുന്നതു അത്ര യുക്തമല്ല.

ശേഷം പിന്നാലെ. ദൈവം അനുഗ്രഹിക്കുമാറാകട്ടെ.

എന്ന് പറവൂർപള്ളിയിൽ നിന്നും. (ഒപ്പ്)

## 21

നമ്മുടെ പ്രിയപുത്രൻ കുഞ്ഞവുരായ്ക്കു വാഴ്വ്.

നമ്മുടെ പ്രത്യേക സ്നേഹിതൻ വാകത്താനത്തു വെട്ടീപ്പറമ്പിൽ വലിയ തൊമ്മനു കുന്നംകുളങ്ങരയിലുള്ള ചെറുചേന നട്ടുണ്ടാക്കണമെന്ന് ഒരാഗ്രഹം. അതു രോഗികൾക്കു വളരെ ഗുണമുള്ളതാണ്. അതുകൊണ്ടു അര രൂപായുടെ സ്റ്റാമ്പു ഇതുസഹിതം അയക്കും. ആ കൂലിക്ക് അഞ്ച ലിൽ അയയ്ക്കാവുന്ന ചെറുചേനയുടെ വിത്ത് പള്ളം അഞ്ചൽ മാസ്റ്റർ നോക്കി വാകത്താനത്തു കിഴക്കേ വെട്ടീപ്പറമ്പിൽ തൊമ്മനു കൊടുപ്പാൻ എന്ന മേൽവിലാസം എഴുതി വെങ്കിയായിട്ടു അയയ്ക്കണം. നട്ടാൽ പിടി

ക്കത്തക്ക നല്ല വിത്തായിരിക്കണം. അവിടെ പരിചയമുള്ള വിശ്വസ്ഥന്മാരെക്കൊണ്ടു പരിശോധിപ്പിക്കണം. ശേഷം പിന്നാലെ. ദൈവം അനുഗ്രഹിക്കുമാറാകട്ടെ.

എന്ന് ആലുവാ തൃക്കുന്നത്തു പള്ളിയിൽ നിന്നും.

## 22

1896 മീനമാസം 15-ന്

നമ്മുടെ പ്രിയപുത്രൻ കുഞ്ഞവുരായ്ക്കു വാഴ്വ്.

നിന്റെ എഴുത്തു കാണാതെ വിഷാദിച്ചിരിക്കുമ്പോളാണ് എഴുത്ത് കിട്ടിയത്. നിനക്കു പനിയുണ്ടായെന്നും സുഖം കുറെയുണ്ടെന്നും അറിഞ്ഞതിൽ വ്യസനവും ആശ്വാസവും ഉണ്ടായിരിക്കുന്നു. അപ്പീൽ ചെയ്വാൻ പോയവർ ചെയ്തു വന്നു എന്നു കേട്ടു. അവർ പോകുന്നതിനു മുമ്പായി മാത്തു കത്തനാരും ചുള്ളിപ്പറമ്പനും ഇവിടെ വന്നു ചെയ്തതൊക്കെയും അബദ്ധമാണ് രാജിയാക്കി തീർക്കണമെന്ന് പറഞ്ഞു. അങ്ങിനെ രാജി ആലോചിക്കുന്നതിനിടയിലാണു അവർ അപ്പീലിനു പോയത്. ഇവിടെ പള്ളിയുടെ ഓടുമേച്ചിലും മുറിത്തട്ടു പണിയും കിണറുകെട്ടലും മറ്റും നടന്നുവരുന്നു. ദൈവകൃപയാൽ വലിയ സുഖക്കേടുകൾ ഒന്നും ഇല്ലാ. വരുന്ന മാസം 10-ന് കഴിയുമെങ്കിൽ നീ ഇവിടെ വരുമല്ലോ.

ശേഷം പിന്നാലെ. ദൈവം അനുഗ്രഹിക്കുമാറാകട്ടെ.

ആലുവാ തൃക്കുന്നത്തു പള്ളിയിൽ നിന്നും

## 23

1897 ധനു മാസം 26-ന്

നമ്മുടെ പ്രിയപുത്രൻ കുഞ്ഞവുരായ്ക്കു വാഴ്വ്.

ദൈവത്തിനു സ്തുതി. നീ അയച്ച എഴുത്തു കിട്ടി. സത്യസാഗരമായിരിക്കുന്ന ദൈവം നീതി തല്പരനായിരിക്കുന്ന ജഡ്ജിയെക്കൊണ്ട് വഴിപോലെ സത്യത്തെ വെളിപ്പെടുത്തി വിധി തരുവിച്ചിരിക്കുന്നതിനാൽ തനിക്കു സ്തുതി. നീ മുമ്പേ വാങ്ങിച്ചു കൊടുത്തയച്ച കർപ്പൂരതൈലത്തിൽ പാതിയോളം കൊടുത്തയക്കുന്നുണ്ട്. ഹോമിയോപാത്തി വകയാണ്. അതിൽ പ്രത്യേക ചർദ്ദി അദിസാരത്തിനാണു പറയുന്നത്.

ശേഷം പിന്നാലെ. ദൈവം അനുഗ്രഹിക്കുമാറാകട്ടെ.

ആലുവാ തൃക്കുന്നത്തു പള്ളിയിൽ നിന്നും. (ഒപ്പ്)

## 24

1895 മേടമാസം 12-ന്

നമ്മുടെ പ്രിയപുത്രൻ കുഞ്ഞവുരായ്ക്കു വാഴ്വ്.

നീ കൊടുത്തയച്ച എഴുത്തു കിട്ടി. വിവരം ഗ്രഹിച്ചു. നമ്മുടെ സുഖക്കേട് തല്ക്കാലം കുറഞ്ഞു ആശ്വാസം ഉണ്ട്. തീരെ സൗഖ്യമായില്ലാ. ഇവിടുത്തെ പള്ളിയുടെ ജീർണ്ണത തീർത്തു മേൽനടപ്പിനു ഉടമ്പടിയും രജിസ്ട്രാക്കിച്ചു. ഈ 16-നു കുന്നക്കുരുടിക്കു പോകുന്നുണ്ട്. ശേഷം പിന്നാലെ. ദൈവം അനുഗ്രഹിക്കുമാറാകട്ടെ. എന്ന് റാക്കാട്ടു പള്ളിയിൽ നിന്നും. (ഒപ്പ്)

## 25

1899 മിഥുനമാസം 10-ന്

നമ്മുടെ പ്രിയപുത്രൻ കെ. വി. അബ്രാഹാമ്മിനു വാഴ്വ്.

പ്രിയപുത്രാ തീത്തോസ് കോറെപ്പിസ്ക്കോപ്പായുടെ ദേഹവിയോഗ വിവരം അറിഞ്ഞിരിക്കുമല്ലോ. ഓർത്താലും പറഞ്ഞാലും ചങ്കു തകരുന്നു. ദൈവം തന്നു. ദൈവം എടുത്തു. ദൈവത്തിന്റെ നാമം സ്തുതിക്കപ്പെട്ടതായിരിക്കട്ടെ എന്നല്ലാതെ നമുക്കു എന്തു പറവാനുള്ളു. ദുഃഖപ്രവാഹമായി ആ ഏടു മറിക്കുന്നു. നീ പറവൂർ നിന്നും പോയ വിവരവും അവന്റെ ദീനത്തിനു കുറെ സുഖമുണ്ടെന്നും അവരാം വർക്കി എഴുതി അയച്ചു. ഇവിടത്തെ കന്നുകുഴി അപ്പോത്തിക്കരി അയാൾക്കു മൂത്രം ഒഴിവുണ്ടായപ്പോൾ നല്ല കർപ്പച്ചെന്ന ഗുളിക ഉണ്ടാക്കി ഇരുപതു ദിവസം സേവിച്ചപ്പോൾ .... മൂത്രം ഒഴിഞ്ഞിരുന്നതു ക്രമമായി സൗഖ്യപ്പെട്ടു. ഇപ്പഴും രണ്ടു നേരം സേവിച്ചുവരുന്നു. ആ ഗുളിക ഉപയോഗം അപ്പോത്തിക്കരിയെ കൊണ്ടെഴുതിച്ച് അവരാം വർക്കിക്കു അയച്ചിട്ടുണ്ട്. അപ്പോത്തിക്കരി ഞാവൽ കുരു വറുത്തുപൊടിച്ച ഒന്നരയോ രണ്ടോ പണമിട പൊടി രണ്ടു തുടം തിളക്കുന്ന വെള്ളത്തിൽ ഇട്ടു കാപ്പി വെള്ളം പോലെ അനത്തി കുടിക്കും. അതു കുന്നംകുളങ്ങര വളരെയുണ്ട്. അപ്പോത്തിക്കരി അവിടെ നിന്നാണ് വരുത്തുന്നത്. അതുകൊണ്ടു ഞാവൽകുരു കുറെ പറവൂർക്കു കൊടുത്തയയ്ക്കണം. മേൽവിവരിച്ച ഗുളിക രാമയ്യൻകാർ ദിവാൻജിയും പതിവായി സേവിച്ചിരുന്നു. കറപ്പിനെ പേടിക്ക വേണ്ട. മനുഷ്യനു ഭ്രമിക്കൽ അല്പകാലമേ ഉള്ളൂ എന്ന ഈയ്യോബു പറയുന്നതു ഓർക്കണം. അതുകൊണ്ടു കറുപ്പു ചെന്നിട്ടെങ്കിലും ജീവിക്കട്ടെ.

നമ്മുടെ ചികിത്സ നിങ്ങളുടെ നിയമപ്രകാരമല്ലാതെ ഒന്നും വിശേഷം ചെയ്യുന്നില്ലാ. ഈ വലിയനോമ്പു മുതൽ പാലും മുടക്കി. ഈ വ്യസനവും വർഷവും കൂടി ആയപ്പോൾ നീരൊന്നു കൂടി. ഇപ്പോൾ അതിനു ആശ്വാസം ഉണ്ട്. ദൈവം അനുഗ്രഹിക്കുമാറാകട്ടെ. സൗഖ്യാദികൾക്കു ഉടനെ എഴുതി അയയ്ക്കണം.

എന്നു പുതുപ്പള്ളി പള്ളിയിൽ നിന്നും. (ഒപ്പ്)

മേൽവിലാസം കോട്ടയം അഞ്ചൽ മാസ്റ്റർ നോക്കി പുതുപ്പള്ളി പള്ളിയിൽ ഇരിക്കും ഇന്നാർക്കു എന്ന് എഴുതണം.

## 26

1893 കന്നി 26-ന്

നമ്മുടെ പ്രിയപുത്രൻ കുഞ്ഞവരായ്ക്കു വാഴ്വ്.

നിന്റെ എഴുത്ത് കിട്ടി. അതിൽ പറയുന്നതുപോലെ മരുന്നു ബാക്കിയും വന്നു വാങ്ങിച്ചു. നവീകരണക്കാർ തീത്തോസു കത്തനാരെ വാഴിക്ക എന്നു നിശ്ചയിച്ചു. ആഞ്ഞൂക്കാരുടെ (തൊഴിയൂർ മെത്രാന്മാരുടെ) വരവറിഞ്ഞ് തീയതി നിശ്ചയിക്കും. വലിയ മെത്രാച്ചൻ അവിടെ വന്നിട്ടുള്ള വിവരവും ആഞ്ഞൂക്കാരുടെ ആലോചനയും എങ്ങിനെ ഇരിക്കുന്നു.

ബി. എ. പോൾ കുമരകത്തു കിടന്നു മരിച്ചു എന്നു കേട്ടു. നല്ല വിദ്വാനായിരുന്നു. എന്തു ചെയ്യാം. ആർത്താറ്റുപള്ളിക്കും മറ്റും വ്യവഹാരം ചെയ്വാൻ പോകുന്നു എന്നു കേൾക്കുന്നതിന്റെ യഥാർത്ഥം എങ്ങിനെ. പഴഞ്ഞിപ്പള്ളിയുടെ തീർപ്പു ഏതുവിധത്തിൽ ആയിരിക്കുന്നു. നിന്റെ ഭാര്യയും കുഞ്ഞുങ്ങളും പറവൂർ തന്നെയാണോ. ദൈവകൃപയാൽ ഞങ്ങളെല്ലാവരും സുഖമായിരിക്കുന്നു. നമ്മുടെ പ്രിയമുള്ള തര്യൻ മാസ്റ്റർക്കും നാം വാഴ്വു ചൊല്ലുന്നു. ഹോമിയോപ്പതി പുസ്തകം മലയാളത്തിൽ അച്ചടിച്ചതു ഉപ്പൂടനു മേൽവിലാസം വെച്ച് അയയ്ക്കണം. സൗഖ്യവർത്തമാനത്തിനും മറ്റും വേഗത്തിൽ മറുപടി അയയ്ക്കണം.

ദൈവം അനുഗ്രഹിക്കുമാറാകട്ടെ. എന്നു മണർകാട്ടു പള്ളിയിൽ നിന്നും. (ഒപ്പ്)

## 27

നമ്മുടെ പ്രിയപുത്രൻ കുഞ്ഞവരായ്ക്കു വാഴ്വ്.

തീർപ്പിനെക്കുറിച്ചും മറ്റും എഴുതി അയച്ച എഴുത്ത് അവിടെ കിട്ടിയിരിക്കുമല്ലോ. ഗോവാക്കാരൻ അൽവാറീസു കത്തനാർക്കു മെത്രാസ്ഥാനം കൊടുത്ത വിവരവും അറിഞ്ഞിട്ടുണ്ടല്ലോ.

റോയൽ അപ്പീലിൽ ഒന്നും ...... ജഡ്ജിമാരുടെ തീർപ്പു മഹാരാജാവു തിരുമനസുകൊണ്ടു അംഗീകരിച്ചു സൈൻ വച്ചുവെന്ന് ഇന്നലെ ........

ചർദ്ദി അധിസാരത്താൽ താഴത്ത് കത്തനാരുടെ അനുജന്റെ ഭാര്യ മരിച്ചുപോയി. പിന്നെയും ഒന്നുരണ്ടു പേർ താഴത്ത് ഞൊടിയിൽ മരിച്ചുപോയി. താഴത്തു കത്തനാരുടെ അനുജനു നാലു കുഞ്ഞുങ്ങൾ ഉണ്ട്. ഇളയതിനു ...... മാസമേ ആയിട്ടുള്ളൂ. അധികവ്യസനം തന്നെ.

മാർ യൂലിയോസ് അൽവാറീസ് മെത്രാപ്പോലീത്താ ഇന്നലെ സെമിനാരിയിൽ നിന്നു യാത്ര പുറപ്പെട്ടു. അദ്ദേഹത്തിനു കഴിഞ്ഞുപോയ ബാവായുടെ കുർബാന കോപ്പുകളും പഴയ കുരിശും സ്ലീബായും തലപ്പാവും ചുവപ്പുളോഹയും പുറംകുപ്പായവും കൊടുത്തതുകൂടാതെ ഒരു വലിയ ചുവപ്പുളോഹയും ഒരു .... കസവുമൊറിസും ഒരു മുതലവായൻ മുടിയും മറ്റും കൊടുത്തു. അദ്ദേഹം വന്നതു മുതലുള്ള ചിലവും രജിസ്ട്രർ ചെയ്തതിനുള്ള ചിലവും ഈ സാമാനങ്ങൾക്കുള്ള വിലയും നോക്കിയാൽ ........ രൂപായിൽ അധികം വരുമെന്ന് തോന്നുന്നു.

ദൈവകൃപയാൽ ക്ഷേമത്തോടിരിക്കുന്നു. ചർദ്ദി, അതിസാരത്തിനും മറ്റും പറവൂർ വെച്ച് നീ എഴുതിയ കടലാസ് ഇവിടെ വന്നപ്പോൾ കാണ്മാനില്ല. ആയതുകൊണ്ട് ആ വിവരത്തിനും നിങ്ങളുടെ സൗഖ്യവിവരത്തിനും വേഗത്തിൽ എഴുതി അയയ്ക്കണം.

സർവ്വശക്തനായ ദൈവത്തിന്റെ കൃപ നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ. അവിടെയുള്ള നമ്മുടെ പ്രിയമക്കൾക്ക് ഒക്കെയും നാം വാഴ്വ് ചൊല്ലുന്നു.

മണർകാട് പുത്തൻപള്ളിയിൽ നിന്നും.

നീ അയയ്ക്കുന്ന എഴുത്തിന്റെ മേൽവിലാസം കോട്ടയം മുനിസിപ്പ് കോർട്ടിൽ റ്റി. എം. തോമസ് വക്കീൽ മുഖാന്തിരം നമുക്ക് തരുവാനായിരിക്കണം. (ഒപ്പ്)

## 28

1900 മീനം 1-ന്

നമ്മുടെ പ്രിയപുത്രൻ കുഞ്ഞവരായ്ക്ക് വാഴ്വ്.

നീ അയച്ച എഴുത്തു കിട്ടി വിവരം ഗ്രഹിച്ചു. വരുന്ന ഞായറാഴ്ചത്തെ കഞ്ഞി അവരാം വർക്കി തന്നെ കഴിക്കതക്കവണ്ണം ഏറ്റു. ആ കാര്യത്തിൽ വ്യസനിക്കേണ്ട. കോട്ടയത്തു ചെറിയപള്ളിയും തീർപ്പു നടത്തി കിട്ടി. അതിൽ പ്രവേശനത്തിനായിട്ടു നാം കൂടെ ചെല്ലണമെന്നു പ്രത്യേകം എഴുതി അയച്ചിരിക്കുകകൊണ്ടു ഇന്ന് നാം അങ്ങോട്ട് പോകുന്നു. ശേഷം പിന്നാലെ. ദൈവം അനുഗ്രഹിക്കുമാറാകട്ടെ.

എന്ന് പറവൂർ പള്ളിയിൽ നിന്നും. (ഒപ്പ്)

## 29

1899 കുംഭമാസം 19-ന്

നമ്മുടെ പ്രിയപുത്രൻ കുഞ്ഞവരായ്ക്കു വാഴ്വ്.

നിന്റെ എഴുത്ത് കിട്ടിയപ്പോൾ കല്യാണത്തിന്റെ ആലോചന ആയി

രുന്നു. അതൊന്ന് നിവർത്തിയാക്കി എഴുതി അയയ്ക്കാമെന്ന് വിചാരിച്ചു. ഈ മാസം .......നു നിരണത്തു വൈദ്യൻപറമ്പിൽ ഇളച്ചിയെ അവരാംവർക്കിയെക്കൊണ്ടു വിവാഹം കഴിപ്പിച്ചു. തിങ്കളാഴ്ച അവർ എല്ലാവരും കൂടെ പറവൂർക്ക് യാത്ര പുറപ്പെട്ടിട്ടുണ്ട്. പെണ്ണിന്റെ സ്വഭാവം നല്ലതെന്നാണ് എല്ലാവരും പറയുന്നത്. അതുകൊണ്ടാണ് അങ്ങനെ നിശ്ചയിച്ചത്. ദൈവകൃപയാൽ ഞങ്ങൾ എല്ലാവരും സുഖമായിരിക്കുന്നു. നാളെ കോട്ടയത്ത് ദിവാൻജി എത്തുന്നതുകൊണ്ട് നാമും അങ്ങോട്ട് പോകുന്നു. ഉടനെ ഇങ്ങോട്ടേക്ക് തിരിച്ചുവരികയും ചെയ്യും. നിന്റെയും എല്ലാവരുടെയും സൗഖ്യവിവരത്തിന് എഴുതി അയയ്ക്കണം.

ദൈവം അനുഗ്രഹിക്കുമാറാകട്ടെ.

എന്ന് മണർകാട് പള്ളിയിൽ നിന്നും. (ഒപ്പ്)

# 30

1896 ധനുമാസം 29-ന്

നമ്മുടെ പ്രിയപുത്രൻ കുഞ്ഞവിരായ്ക്ക് വാഴ്വ്.

നീ അയച്ച എഴുത്ത് കിട്ടി. നീ പറവൂർ വന്നിട്ടുണ്ടെന്ന് കേട്ടു. നിങ്ങളെല്ലാവരുടെ സൗഖ്യവർത്തമാനത്തിനും മറ്റും ഉടനെ എഴുത്ത് അയയ്ക്കണം. ഹൈർട്ടോപ്പാത്തി തന്നെ ഇപ്പോൾ ചെയ്തുവരുന്നു. കുറെ സൗഖ്യമെന്നല്ലാതെ അസൗഖ്യമെന്ന് പറയാനില്ല. പാടുണ്ടെങ്കിൽ ചാലു വാങ്ങിച്ചാൽ കൊള്ളാം. ജ്യേഷ്ഠന്റെ കല്യാണക്കാര്യം എന്തായി? അതും ഉടനേ നിവൃത്തിക്കണം. അവിടെ നിവൃത്തിച്ചെങ്കിൽ ഏറ്റം കൊള്ളാമല്ലോ. അല്ലെങ്കിൽ ഇവിടെയും നോക്കാം. ശേഷം പിന്നാലെ. ദൈവം അനുഗ്രഹിക്കുമാറാകട്ടെ.

എന്ന് മണർകാട്പള്ളിയിൽ നിന്നും. (ഒപ്പ്)

ഈ മാസം .... ന് ഞാൻ പാമ്പാടിക്കു പോകുന്നുണ്ട്.

നമ്മുടെ കുഞ്ഞാറിയ പെറ്റതു എന്തു കുട്ടി എന്ന് അറിയുന്നില്ല. അതും എഴുതി അയയ്ക്കണം.

# 31

1895 കുംഭ മാസം 16-ന്

നമ്മുടെ പ്രിയപുത്രൻ കുഞ്ഞവിരായ്ക്ക് വാഴ്വ്.

കുറെ നാളായിട്ടു നിന്റെ വർത്തമാനം ഒന്നും തന്നെ അറിയുന്നില്ല. കുറെ ദിവസം മുമ്പ് നമുക്ക് പിത്തനീരിന്റെ സമ്പ്രദായത്തിൽ കുറെ നീരുണ്ടായി. ഇപ്പോൾ മിക്കവാറും സുഖമായിരിക്കുന്നു. അതിനിടയിൽ പറവൂര് വിരോധകക്ഷികൾ ദീനം വൈഷമ്യച്ചു പോയെന്നു അവിടെ

ഘോഷിച്ചു. അതുകൊണ്ട് അവിരാം വർക്കിയും ഇട്ടിമാത്തുവും വ്യസനിച്ച് ഉടനെ ഇവിടെ വന്നു. ഒരു വേള നിന്നെയും വ്യസനിപ്പിച്ചിരിക്കുമെന്ന് വിചാരിക്കുന്നു. കൊച്ചുമെത്രാച്ചൻ മുതൽപേർ ഈ കഴിഞ്ഞ തിങ്കളാഴ്ച ....... നമുക്ക് എഴുതിയിരുന്നത്. കുന്നംകുളങ്ങരെ വന്നുവോ എന്നു പോയി എന്നും നിന്റെ സൗഖ്യാദികൾക്ക് ഉടനെ എഴുതി അയയ്ക്കണം.

മേൽവിലാസം മൂവാറ്റുപുഴ അഞ്ചൽ മാസ്റ്റർ നോക്കി കാവുങ്കൽ ചന്തയിൽ നെല്ലാക്കൽ ചാക്കോ മുഖാന്തിരം റാക്കാട്ടു പള്ളിയിൽ ഇരിക്കും ഇന്നാർക്ക് എന്ന് എഴുതി അയച്ചാൽ വേഗം കിട്ടുന്നതാണ്. ഈ പള്ളിയുടെ മേൽക്കൂടിനു കേട് വന്ന് ജീർണ്ണിച്ചിരുന്നു. അതുകൊണ്ട് നാം ഇവിടെ എത്തി ജനങ്ങളിൽ നിന്നും പിരിവെടുത്ത് ജീർണ്ണത തീർത്ത് പട്ടിക തറച്ച് തീരാറായി. മംഗലാപുരം ഓടും വരുത്തിയിട്ടുണ്ട്. അതു മേയിച്ച് കഴിഞ്ഞ് കുന്നക്കുരുടിയ്ക്കു പോകണമെന്ന് ദൈവത്തിൽ ശരണപ്പെട്ടിരിക്കുന്നു. അവരും മറ്റു പള്ളിക്കാരും പല തവണയും വന്ന് അപേക്ഷിച്ചിട്ടുണ്ട്. ദൈവം അനുഗ്രഹിക്കുമാറാകട്ടെ. എന്ന് റാക്കാട്ടു പള്ളിയിൽ നിന്നും. (ഒപ്പ്)

## 32

നമ്മുടെ പ്രിയപുത്രൻ കുഞ്ഞവുരായ്ക്ക് വാഴ്വ്.

നീ അയച്ച എഴുത്തു ഇന്നിവിടെ കിട്ടി വിവരം ഗ്രഹിച്ചു. യാതൊരു പ്രമോഷനും കൂടാതെ അകലേക്കു മാറ്റം വന്നതിൽ നിന്റെ വിഷാദം തീരാത്തതായി കാണുന്നു. അങ്ങിനെ വെറുതെ ഹൃദയം പുണ്ണാക്കരുത്. അതു രോഗത്തെ ഉണ്ടാക്കും. ആയുസ്സിനെയും ക്ഷയിപ്പിക്കും. അതിനാൽ ഇതൊന്നും വിചാരിക്കാതെ മൗനമായിരിക്കയും അവസരമുള്ളപ്പോൾ നടക്കയും വേണം. ഈ കാലത്തിന്റെ സ്ഥിതിക്കു ഒരു കുറ്റം കൂടാതെ പിരിഞ്ഞതിൽ ദൈവത്തെ സ്തുതിക്കയും വേണം. ഇതിൽ ഒട്ടും വിഷാദിപ്പാനില്ലാ. നിന്റെ കഴിവുപോലെ ജോലി നോക്കുന്നുണ്ട്. പിന്നെ പറയുന്നവർ ഒക്കെ പറയട്ടെ. ഒരുത്തനും കുറ്റം പറയാതിരിപ്പാൻ തക്കവണ്ണം ജോലി നോക്കാമെന്നു ഒരിക്കലും നോക്കണ്ട. യോഹന്നാൻ ..... പിശാചുണ്ടെന്നും നമ്മുടെ കർത്താവു വന്നപ്പോൾ അതിപക്ഷകനെന്നും പരിഹസിച്ചതു ഓർത്താൽ മനുഷ്യരിൽ ആർക്കും ഈ ലോകം പിരിവാൻ കഴിയും. ചെറുപ്പത്തിൽ നമുക്ക് ഈ വിചാരമുണ്ടായിരുന്നു. ഇപ്പോൾ മടങ്ങി നല്ല പാഠം പഠിച്ചു. ഇപ്പഴത്തെ വിചാരം തങ്ങളുടെ അറിവിൻപ്രകാരം തെറ്റുകൂടാതെ നടക്കുക, പിന്നെ പറയുന്നവൻ ഒക്കെ പറയട്ടെ. ദാവീദു പറയുന്നപ്രകാരം കേൾക്കാത്തവനെപ്പോലെയും, ചെകിടനെപ്പോലെയും ഇരിക്ക. മടുപ്പുതോന്നുന്ന കാര്യങ്ങൾ അവിവാദം തോന്നാതെയും ഭ്രമിക്കാതെയും ദൈവത്തിൽ ശരണപ്പെട്ടു തൽക്കാലം വേണ്ട വഴി നോക്കി സകലവും ദൈവത്തിൽ ഭരമേല്പിക്ക. കർത്താവിന്റെ തിരുമനസ്സുപോലെ ആകട്ടെ എന്നു വച്ചു ഇരിക്ക. ഇതു തന്നെ ധൈര്യവും ആശ്വാസവും. സീലാ സായിപ്പ് പാതിരിയായി

കൊച്ചിയിൽ വരുന്നു എന്നു കേട്ടതിൽ സന്തോഷിക്കുന്നു. മുമ്പെ സമയ ക്കുറവുകൊണ്ടു കാണ്മാൻ ഇടവന്നില്ല. എങ്കിലും ഇനി കാണാമെന്നു ആശ യുണ്ടല്ലോ. കിഴക്കുംതലക്കലെ ചീട്ടു നാം വടക്കോട്ടു ചെല്ലുമ്പോൾ വാങ്ങി കാലഹരണം പോക്കിക്കൊള്ളാം.

ഇലർക്കുസെത്രോ ഹോമിയോപ്പതി ചികിത്സപുസ്തകം തർജ്ജമ ചെയ്തതു നമുക്കു പ്രത്യേകം ആവശ്യമാകകൊണ്ടു നീ പോരുമ്പോൾ പറവൂർക്കു കൊണ്ടുപോരണം.

നിന്റെ പഴയ സ്നേഹിതനായ നമ്മുടെ പ്രിയപ്പെട്ട തര്യൻ മാസ്റ്ററും അവിടെ ഉണ്ടല്ലോ. അവിടുത്തെ നിന്റെ താമസത്തിൽ നമുക്കൊരു ധൈര്യവും ആശ്വാസവും ഉണ്ട്. ഞങ്ങൾ അകലമായി പോയതുകൊണ്ടു നീ വ്യസനിക്കരുത്. ദൈവതിരുമനസ്സുപോലെ സകലവും വരും. അങ്ങിനെ ഉറച്ച് ഇളക്കവും നീക്കി ധൈര്യപ്പെട്ടിരിക്ക.

നമ്മുടെ പ്രിയമുള്ള തര്യൻ മാസ്റ്റർക്കും നാം വാഴ്വ് ചൊല്ലുന്നു. അങ്ക മാലി ഇടവകയുടെ ചുമതലയും നമ്മെ ഭരമേല്പിച്ചതിനെക്കുറിച്ചും മറ്റും പറവൂരു കോരുതു ഇട്ടീച്ചൻ മുതലായി നാല്പതുപേരുകൂടി തങ്കമഷിയിൽ അച്ചടിപ്പിച്ച മംഗളപത്രം ഇവിടെ അയച്ചു. അതിന്റെ മറുപടിയും നാം അച്ച ടിപ്പിച്ചു. ദൈവകാരുണ്യത്താൽ നാം സുഖത്തോടിരിക്കുന്നു.

ശേഷം പിന്നാലെ. ദൈവം അനുഗ്രഹിക്കുമാറാകട്ടെ. എന്ന് 1893 കർക്കി ടകം 5-നു മണർകാട്ടു പുത്തൻപള്ളിയിൽ നിന്നും.

# 33

1904 കുംഭമാസം 27-നു

നമ്മുടെ പ്രിയപുത്രൻ കുഞ്ഞവരായ്ക്കു വാഴ്വ്.

നമ്മുടെ ദീനത്തിനു ചിലതിനൊക്കെ കുറവുണ്ട്. രാവും പകലും പതി പ്പത്തു മണി മുതൽ 5 രണ്ടു മണിവരെ പനിയുണ്ട്. അതു നിശ്ചയിക്കുന്ന തിനു തൃപ്പൂണിത്തറ ഉണീത്ര വാര്യരെ ഇന്നലെ വരുത്തി അയാൾ കണ്ട പ്പോൾ രണ്ടുമൂന്നു സംവത്സരത്തേക്കു ഭയപ്പെടുവാനില്ലാ എന്നു പറഞ്ഞ് എണ്ണ, കഷായം മുതലായതു എഴുതിതന്നു. കോരതും മറ്റും അതുണ്ടാ ക്കാൻ ശ്രമിക്കുന്നു. വലിയ മെത്രാച്ചൻ ഇന്നലെ ഇവിടെ എത്തി. ഇന്നലെ കൊട്ടാരത്തിൽ പോയി ദിവാൻജിയെ കണ്ടു. ഇന്നു ഇങ്ങോട്ടുവന്നു ഞങ്ങ ളെയും കണ്ടു. നീ പറഞ്ഞിരിക്കുന്നപ്രകാരം ഈ പള്ളിവകക്കു മരം ഏറ്റി രിക്കുന്നവനോടു പറഞ്ഞു പള്ളി വകയ്ക്കു കണ്ടിക്കു 10 രൂപാ ആയിട്ടു സർക്കാർ രേഖയോടുകൂടെ വാങ്ങിപ്പാൻ ശട്ടം കെട്ടീട്ടുണ്ട്. അതിൽ കൂടെ ആയാൽ എത്ര വേണമെങ്കിലും ആകാം. തല്ക്കാലം 200 കണ്ടി തേക്കിനു 200 രൂപാ ആയിട്ടു അവനെ ഏല്പിച്ചു. ആയതുകൊണ്ടു രണ്ടോ മൂന്നോ ദിവസത്തിനകം രൂപാ കൊണ്ടുവരികയോ തക്ക ആളുടെ പക്കൽ കൊടു

ത്തയയ്ക്കുകയോ വേണം. ഉള്ള എണ്ണയും കടുകും എണ്ണയും ... കിട്ടിയാൽ കൊള്ളാം. ആയതു പീടികക്കാരോടോ വാണിയക്കാരോടോ മറ്റോ തിരക്കണം. അല്ലെങ്കിൽ നമ്മുടെ ഏഴീക്കരെക്കാരൻ മൂപ്പത്തി വാങ്ങി വച്ചിട്ടുണ്ടായിരിക്കാം. ഉണ്ടെങ്കിൽ ആയതു വാങ്ങി അയയ്ക്കണം.

ശേഷം പിന്നാലെ. ദൈവം അനുഗ്രഹിക്കുമാറാകട്ടെ.

എന്നു ആലുവാ തൃക്കുന്നത്തു ദയറായിൽ നിന്നും. (ഒപ്പ്)

## 34

നമ്മുടെ പ്രിയപുത്രൻ കുഞ്ഞവരായ്ക്കു വാഴ്വ്.

വ്യാകുലം നിറഞ്ഞതായ നിന്റെ എഴുത്ത് കിട്ടി. തലേദിവസം വല്യജ്യേഷ്ഠന്റെ എഴുത്തും വന്നുചേർന്നു. വിവരം ഗ്രഹിച്ചു.

കുഞ്ഞിന്റെ സംഗതിയേക്കുറിച്ച് നാം എന്തു പറയേണ്ടു. അവന്റെ നരയായിട്ടുള്ള സംസാരം കേട്ടപ്പോൾ നമുക്കു വിഷാദം ഉണ്ടായിരുന്നു. ദൈവം വയ്ക്കുന്നതെല്ലാം ആഭരണമെന്നു കൈക്കൊള്ളുന്നത് നമ്മുടെ മുറ. സർവ്വശക്തന്റെ ശിക്ഷയെ തടുക്കാവുന്നതും പിറുപിറുക്കാവതും അല്ലല്ലോ. ലോക മായകളുടെ .... അതിൽ ദൈവത്തെ അനിഷ്ടപ്പെടുത്താതെ ചരിക്കുന്നവൻ ഭാഗ്യവാൻ. യോബിന്റെ വചനങ്ങളെ നാം ഓർക്കുക. ദാവീദിന്റെ പുത്രൻ മരിച്ചപ്പോൾ ചെയ്തതു നാം കണ്ടു പഠിക്ക. ആശയില്ലാതെ കാവ്യരെപ്പോലെ ദുഃഖിക്കരുതെന്നു പറയുന്ന പൗലോസ് ശ്ലീഹായെ നാം ശ്രദ്ധിക്കുക. വ്യാകുലമായുള്ള വിചാരം സർവ്വരോഗവും വരുത്തി കൂട്ടും. അതിനാൽ വ്യാകുലം ഒഴിഞ്ഞിരിക്ക. ദൈവം സകലത്തിലും ആശ്വാസവും സുഖവും തരുമാറാകട്ടെ.

രാജികാര്യത്തിനു മെത്രാച്ചൻ നിരണത്തേയ്ക്ക് പോയിട്ട് ഇന്ന് 17 ദിവസമായി. വാദി പ്രതികൾ ഒരുമിച്ചു സന്തോഷത്തോടെ താമസിക്കുന്നു. ഉണ്ടായിരിക്കുന്ന തീർപ്പ് സമ്മതിച്ച് ഉടനെ രാജി ഉണ്ടാകുമെന്നാണ് മെത്രാച്ചന്റെ എഴുത്ത് വന്നിരിക്കുന്നത്.

കണ്ടനാട്ടെ മെത്രാച്ചനെ അടക്കം ചെയ്തുംകൊണ്ടു കൊച്ചുമെത്രാച്ചൻ ഈ വഴിവന്നു പരുമലയ്ക്കു പോയി. പറവൂരെ കൃഷിയുടെ വിവരം ഒന്നും അറിവില്ല. ആ വിവരത്തിനും സൗഖ്യാദികൾക്കും വേഗത്തിൽ എഴുതി അയയ്ക്കണം.

നമ്മുടെ മുരീക്കൽ ശെമ്മാശന്റെ സമീപെയുള്ള ഒരു ബാല്യക്കാരൻ ഇവിടെ താമസിക്കാമെന്നു വച്ചു വന്നു. അവനു ഏകദേശം 22 വയസ്സു പ്രായമുണ്ട്. വിവാഹം കഴിഞ്ഞവനുമാണ്. നല്ല സ്വഭാവമെന്നു ശെമ്മാശൻ പറയുന്നു. നിനക്കു ആവിശ്യമുണ്ടെങ്കിൽ ഇങ്ങോട്ട് എഴുതി അയ

ച്ചാൽ ശെമ്മാശനെകൊണ്ട് എഴുതി അങ്ങോട്ട് അയയ്ക്കാം.

ദൈവമായ കർത്താവു നിങ്ങളെ അനുഗ്രഹിച്ച് വാഴ്ത്തുമാറാകട്ടെ.

എന്ന് 186 കന്നി 26-നു സെമ്മിനാരിയിൽ നിന്നും. (ഒപ്പ്)

## 35

നമ്മുടെ പ്രിയപുത്രൻ കുഞ്ഞവരായ്ക്കു വാഴ്വ്.

കയ്യിലുള്ളതും കടംവാങ്ങിച്ചും വസ്തു സമ്പാദിച്ചു. അതു നല്ലവണ്ണം നോക്കുന്നവനും നന്നാക്കുന്നവനും സമയാസമയത്തു ചോദിക്കുമ്പോൾ പാട്ടം തരുന്നവനും എന്നു വിശ്വസിച്ച് പാട്ടം ഏല്പിച്ചതു എത്ര അബദ്ധ മായി. ആപൽകാലത്തു അതു ഒരു വെളിയായിപ്പോയതും ഭാഗ്യദോഷം തന്നെ. അവരുടെ ദുഷ്ടസ്വഭാവം എവിടെയും വിളങ്ങും. കൊള്ളാവുന്ന വരെ എല്പിച്ചിരുന്നു എങ്കിൽ മുറപ്രകാരമുള്ള കാഴ്ചയും കിട്ടുമായിരുന്നു. ഇപ്പോൾ പണം കണ്ടപ്പോൾ കണ്ണുകടി. അതു ചിലവുണ്ടു, ഇതിനു ചില വുണ്ടു എന്നുള്ള തട്ടാമുട്ടി പറക തന്നെ. വന്ന അബദ്ധം പറഞ്ഞാൽ കഴി വില്ലല്ലോ. മേലാലുള്ളതു നോക്കിക്കൊള്ളാം. ഇപ്പോൾ പാത്രിക്കീസു ബാവായ്ക്കു 100-ൽ ചില്വാനം രൂപാ റിശീശാ കൊടുത്തയപ്പാനുണ്ട്. സമയംപോലെ ഇതുകിട്ടുമെന്ന് വിചാരിച്ചാണ് അതെടുത്തു ചിലവു ചെയ്തതു. ഇപ്പോൾ അതു കൊടുത്തയയ്ക്കണമെന്ന് വലിയ മുട്ടിപ്പായി രിക്കുന്നു. എവിടെ എങ്കിലും കടം വാങ്ങിച്ച് കൊടുത്തയക്കയേയുള്ളൂ. എന്തു ചെയ്യാം. മുള്ളു ചക്കിൽ തറച്ചല്ലോ. ഈ കുഞ്ഞിച്ചെറിയക്കും കുറെ രൂപാ കൊടുപ്പാനുണ്ട്. 6 രൂപ എങ്ങിനെയും ഉണ്ടാക്കി ഇവനു കൊടുക്ക ണമെന്നു അഷാടാപൂതിയായ ചിമ്മാരിനോടു പറഞ്ഞു വാങ്ങിച്ചു കൊടു ക്കണം.

ശേഷം പിന്നാലെ. ദൈവം അനുഗ്രഹിക്കുമാറാകട്ടെ.

എന്ന് 1903 കർക്കടകം 23-നു. ആലുവാ തൃക്കുന്നത്തുപള്ളിയിൽ നിന്നും. (ഒപ്പ്)

# കല്പന ബുക്ക്

## (1892-ാമാണ്ടത്തെ നമ്പ്ര് ബുക്ക്)

1. മകരം 13. .....

2. മേടം 8. വാകത്താനത്തു പള്ളി ഇടവകയിലെ ജനങ്ങളിൽ നിന്നു നിറപറ, എഴപ്പുറത്തുകറ്റ മുതലായ വരവുകൾ പിരിക്കുന്നതിനും കണക്കെഴുതി തീർത്തു തിരട്ടയക്കുന്നതിനും മറ്റും എഴുതിയ കല്പന. കോട്ടയത്തു സിമ്മനാരിയിൽ നിന്നും.

3. മേടം 8. റെശീസായും കൈമുത്തു പണവും കൊണ്ടുവരുവാൻ പാമ്പാടി പള്ളിയിലേക്കു എഴുതിയ കല്പന.

4. മേടം 8. റെശീസായും കൈമുത്തു പണവും കൊണ്ടുവരുവാൻ ...... പള്ളിയിലേക്കു എഴുതിയ കല്പന.

5. മേടം 20. ആലുവാ പള്ളി കെട്ടിമേച്ചിൽ കഴിക്കുന്നതിനു അകപ്പറമ്പു പള്ളിക്കാർക്കു എഴുതി അയച്ചു. സിമ്മനാരി.

6. മേടം 26. ......

7. മേടം 27. കങ്ങഴ പള്ളിയിൽ രണ്ടു ഞായറാഴ്ച ചൊല്ലുന്നതിനു അയ്ക്കെരപ്പള്ളിൽ കത്തനാരുടെ പേർക്കു എഴുതി അയച്ചിരിക്കുന്നു.

8. മേടം 29. പുതുശ്ശേരി പള്ളിക്കാർക്കു കൈമുത്തു പണം കൊടുത്തയക്കുന്നതിനു എഴുതിയ കല്പന.

9. മേടം 29. മീനടത്തു പള്ളിയിലെ കൈമുത്തു പണം കൊടുത്തയക്കുന്നതിനു എഴുതിയ കല്പന.

10. മേടം 29. അഞ്ചേരി പള്ളിയിലെ കൈമുത്തു പണം കൊടുത്തയക്കുന്നതിനു എഴുതിയ കല്പന.

11. മേടം 29. നിലക്കൽ പള്ളിക്കു കൈമുത്തു പണം കൊടുത്തയക്കുന്നതിനു എഴുതിയ കല്പന.

12. മേടം 29. പരിയാരത്തു പള്ളിക്കു കൈമുത്തു പണം കൊടുത്തയക്കുന്നതിനു എഴുതിയ കല്പന.

13. ഇടവം 3. കോട്ടയത്തു പുത്തൻപള്ളി ഇടവകയിൽ വേളൂര വലിയ ഇട്ടിപറമ്പിൽ മാണിയുടെ മകളെ വിവാഹം ചെയ്തവൻ ഉള്ളപ്പോൾ ...

14. കർക്കിടകം 3. വിശുദ്ധ പിതാവിന്റെ കല്പനപ്രകാരം ധർമ്മശേഖരം പിരിക്കുന്നതിനും കാരിക്കാമറ്റത്തിൽ പള്ളിക്കൂടത്തിന്റെ വ്യവഹാരം നടത്തുന്നതിനും പുതുക്രിസ്ത്യാനികളുടെ കാര്യത്തെക്കുറിച്ചും കല്ലുങ്കത്ര പള്ളിയിലേക്കു എഴുതിയ കല്പന.

17. ചിങ്ങം 11. കുറിച്ചി പള്ളിയിൽ നീങ്ങുന്നതിനെക്കുറിച്ച് എഴുതിയ കല്പന.

18. 1892. ചിങ്ങം 14. അവിടെ എത്തുമെന്ന് വാകത്താനത്തു പള്ളിക്കാർക്ക് എഴുതി.

19. ചിങ്ങം 19. കുറിച്ചി ഇടവകയിൽ നീലംപേരൂർകാരൻ കോയിപ്പുറത്ത് ചാക്കോ ചെയ്തിരിക്കുന്ന അറ്റകുറ്റത്തിനു അവരെ പുറത്തു തിരിച്ചു എഴുതിയതു.

20. ചിങ്ങം 19. വിശുദ്ധ പിതാവിന്റെ കല്പനപ്രകാരം കുറുക്കുമാ ദയറായിലെ അച്ചുകൂട്ടം വകക്കു ധർമ്മശേഖരം പിരിപ്പാൻ കുറിച്ചി പള്ളിയിലേക്കെഴുതിയതു.

21. ചിങ്ങം 19. ടി വകക്കു പള്ളത്തു പള്ളിക്കാർക്ക് എഴുതിയ കല്പന.

22. ചിങ്ങം 19. ടി വകക്കു പള്ളത്തു പാക്കി പള്ളിക്കാർക്കു എഴുതിയതു.

23. ചിങ്ങം 19. ടി വകക്കു നീലംപേരൂർ പള്ളിക്കാർക്കു എഴുതിയതു.

24. ചിങ്ങം 19. വകക്കു വെളിയനാട്ടു പള്ളിക്കാർക്കു എഴുതിയ കല്പന.

25. ചിങ്ങം 19. ടി വകക്കു ചിങ്ങോനത്തു പള്ളിക്കാർക്കു എഴുതിയ കല്പന.

26. ചിങ്ങം 19. ടി വകക്കു ചിങ്ങോനത്തു പുത്തൻപള്ളിക്കാർക്കു എഴുതിയ കല്പന.

27. വൃശ്ചികം 6. മണർകാട്ടു പുത്തൻപള്ളിയിൽ തൈക്കാട്ടു മാത്തു കത്തനാരും പൈനങ്കൽ യാക്കോബ് കത്തനാരും ചെയ്ത കുറ്റം നിമിത്തം യോഗക്കാർ എഴുതിയ കുറിക്കു മറുപടി അയച്ചു.

മലങ്കരെ യാക്കോബായ സുറിയാനി അസോസ്യേഷൻ കമ്മട്ടി പ്രസിഡണ്ടായ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും കോട്ടയം മുതലായ പള്ളികളുടെ മാർ പൗലോസ് അത്താനാസ്യോസ് മെത്രാപ്പോലീത്തായും കൂടി

നമ്മുടെ പുതുപ്പള്ളി പള്ളിയിലെ വിഗാരിയും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരും ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

നമ്മുടെ കാക്കോളിൽ കുര്യൻ കത്തനാരെയും പടിഞ്ഞാറെക്കുറ്റ് യാക്കോബ് കത്തനാരെയും മുടക്കുവാൻ ഉണ്ടായ കാരണവും അന്നുമുത

ൽ ഇന്നെയോളവും തമ്മിൽ തമ്മിൽ ഉണ്ടായ ... അടങ്ങാത്ത വ്യവഹാരങ്ങളും നിമിത്തം പള്ളിക്കുണ്ടായ നഷ്ടങ്ങളും നിങ്ങൾ അറിഞ്ഞിരിക്കുന്നവരാകകൊണ്ട് അതിനെപ്പറ്റി ആവർത്തിച്ചു പറഞ്ഞിട്ടാവശ്യമില്ലല്ലോ.

ആകയാൽ പ്രിയമുള്ളവരേ, യോഗത്തിൽ ഭവിച്ചിരിക്കുന്ന ഭിന്നതകളും നശിപ്പും നീങ്ങി ഏകയോഗക്ഷേമമായി കാണണമെന്നുള്ള ആഗ്രഹത്തിന്മേൽ സമാധാനത്തിനു വേണ്ടി വളരെ പ്രാവശ്യം ഞങ്ങൾ ശ്രമിക്കുകയും ഫലപ്രാപ്തി ഉണ്ടായി കാണ്മാൻ കഴിയാതെ ഇരിക്കുകയും ചെയ്തു എങ്കിലും ടി സംഗതി വിവരം സിംഹാസനത്തുങ്കൽ കേൾക്കപ്പെടുവാൻ വരികയും അവിടെ നിന്നുണ്ടായ കല്പനകളിൽ സകല തർക്കങ്ങളും തമ്മിൽ തമ്മിൽ ക്ഷമിച്ചു മേലിൽ സമാധാനത്തോടെ നടന്നുകൊള്ളണമെന്നുണ്ടായ ... ആ കല്പന മൂലം സകല വാദങ്ങളും നിറുത്തി മേലിൽ സിംഹാസനത്തിലെ ചൊല്ലുവിളിക്കും ഞങ്ങളുടെ കല്പനകൾക്കും വിരോധമായോ പള്ളിയിലെ കീഴുനടപ്പിനും ക്ഷേമത്തിനും വിരോധമായ യാതൊന്നും ചെയ്യുന്നതല്ലെന്നും മറ്റും വിവരം കാണിച്ച ടി കുര്യൻ കത്തനാരും ടി യാക്കോബ് കത്തനാരും ഇന്നേ ദിവസം ഉടമ്പടി രജിസ്ട്രാക്കിയിരിക്കയാൽ അവരുടെ മുടക്കു തീർത്തും കല്പനയെ അയക്കുന്നതാക കൊണ്ടും കീഴുനടപ്പിൻപ്രകാരം ആ പള്ളിയുടെ ഇടവകപട്ടക്കാററായി ഭക്തിയോടെ നിങ്ങൾ കൈക്കൊണ്ടു നടന്നുകൊള്ളുകയും വേണം.

വിശേഷിച്ചും പ്രിയമുള്ളവരേ, ഇപ്പോൾ അവിടുത്തെ കർമ്മങ്ങളും ജനത്തിന്റെ ദിഷ്ടതികളും വികാരി കോറി പീലിപ്പോസ് കത്തനാരുടെ സഹായി ആയി നിന്നു നടത്തിവരുന്ന പാറപ്പുറത്തു ഗീവറുഗീസ് കത്തനാരെ ഈ സന്ദർഭത്തിൽ ഒഴിച്ചുവിടുന്നത് ജനങ്ങൾക്കു എത്രയും വ്യസനത്തിനിടയായിത്തീരുമെന്നു മാത്രമല്ല അയാൾ നല്ല സ്വഭാവിയും ഒരുവിധം പ്രസംഗിപ്പാൻ കഴിയുന്ന ആളും ആകകൊണ്ട് അയാളെ വിടർത്തുന്നതു ആ ഇടവകജനങ്ങൾക്കു ഒരു നഷ്ടമായിയെന്ന ഞങ്ങൾ വിചാരിക്കുന്നതാകയാൽ ഇനി ഒരു കല്പന ഉണ്ടാകുന്നതുവരെ ആ ഇടവകപട്ടക്കാരിൽ ഒരാളെ പോലെ ടി കത്തനാരെയും നിങ്ങൾ കൈക്കൊണ്ട് ക്രമപ്രകാരമുള്ള വരുമാനങ്ങളെയും മറ്റും അയാളുടെ ക്ഷേമത്തിനു വേണ്ടുന്ന സഹായങ്ങളെയും നിങ്ങൾ ചെയ്തുകൊടുത്തു പാലിക്കുകയും വേണം.

ശേഷം കാര്യങ്ങൾക്കു പിന്നാലെ എഴുതി അയക്കാം.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ നിങ്ങളോടു കൂടെ വർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്ന് 1892 നു കൊല്ലം 1068

വൃശ്ചികം 18-നു കോട്ടയത്തു സിമ്മനാരിയിൽ നിന്നും.

28. വൃശ്ചികം 6. നമ്മുടെ ആത്മീയ മക്കളായ മണർകാട്ടു പുത്തൻ

പള്ളിയിൽ വിഗാരിയും ദേശത്തു പട്ടക്കാരും കൈക്കാരും ശേഷം ജനങ്ങളും കൂടികണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

ഈ മാസം 1-നു വിശുദ്ധ പിതാവിന്റെ കല്പനയ്ക്കു എതിരായി നില്ക്കുന്ന തോമ്മാസ് അത്താനാസിയോസ് എന്നു പറയുന്ന ആൾ മണർകാട്ടു പഴയപള്ളിയിൽ എത്തിയ സമയം തൈകോട്ടു മാത്തു കത്തനാരും ചയനുങ്കൽ യാക്കോബ് കത്തനാരും സ്തുതിചൊവ്വാകപ്പെട്ട മേൽപട്ടക്കാർക്കു യോഗ്യമാകുംവണ്ണം അംഗീകരിച്ച് അചരിച്ചിരിക്കുന്നു എന്നും മറ്റും നിങ്ങൾ അയച്ചിരിക്കുന്ന കുറികൾ എത്തി വിവരം ഗ്രഹിക്കുകയും ചെയ്തു. അവർ ചെയ്തിരിക്കുന്നത് വിശുദ്ധ പിതാവിന്റെ കല്പനയ്ക്കും ശുദ്ധമുള്ള പള്ളിയിലെ കാനോനായ്ക്കും വിരോധം ആക കൊണ്ട് അവരെ കൊണ്ടു കച്ചീട്ടു എഴുതി വൈപ്പിച്ച മേലാൽ ഇപ്രകാരം ചെയ്യാതെയിരിപ്പാൻ തക്കവണ്ണം ശട്ടംകെട്ടി പരിഹരിച്ചു അയക്കുന്നതാകകൊണ്ടു നിങ്ങൾ എല്ലാവരും ഐകമത്യത്തിലും അനുസരണത്തിലും നടന്നു വിശുദ്ധ പിതാവിന്റെ ശാപത്തിൽ ഉൾപ്പെടാതെ ഇരിപ്പാൻ സൂക്ഷിച്ചുകൊള്ളുകയും വേണം. പള്ളികളുടെ പണി നടത്തുവാൻ ആവശ്യപ്പെട്ടിരിക്കുന്നതു കൊണ്ട് അവയെക്കുറിച്ച് പിന്നാലെ എഴുതി അയക്കുന്നതുമാകുന്നു. പ്രിയമുള്ളവരേ, നിങ്ങൾ വിശുദ്ധ പിതാവിന്റെ കല്പനയെക്കുറിച്ച് നിങ്ങളുടെ ജീവനെ കൂടെ വയ്ക്കുന്നവരാണെന്നു നാം നിങ്ങളെ അറിയുന്നു. അപ്രകാരം അവസാനംവരെ നിലനില്പാൻ നിങ്ങളെ സഹായിപ്പാനായിട്ടു ദൈവത്തോടു നാം പ്രാർത്ഥിക്കയും ചെയ്യുന്നു.

നമ്മുടെ കർത്താവീശോ മശിഹായുടെ കൃപയും വാഴ്വും നിങ്ങൾ എല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

30. ധനു 4. കണക്കു കൊണ്ടുവന്ന് കേൾപ്പിക്കുന്നതിനു മീനടത്തു കുരിശുപള്ളിക്കാർക്ക് എഴുതിയ കല്പന.

31. ധനു 22. പാത്രിയർക്കീസ് ബാവായുടെ കല്പനപ്രകാരം കുറുക്കുമാദയറായിലെ ..... ധർമ്മശേഖരം പിരിച്ചു അയക്കുന്നതിനു ആലപ്പുഴ പള്ളിക്കാർക്കു എഴുതിയ കല്പന. പുതുപ്പള്ളി.

32. ധനു 28-നു. പാമ്പാടി പള്ളിക്കാർക്കു ടി പള്ളിയുടെ നാടകശാല പണി തീർക്കുന്നതിനു 12 കൈക്കാരന്മാരെ കൂടെ നിയമിച്ചും ആയവർ 35 രൂപ വീതം കൊടുക്കുന്നതിനും ആയതു ആണ്ടുതോറും 77 രൂപാ വാങ്ങിക്കുന്നതിനും എഴുതിയ കല്പന.

........

45. കോട്ടയം ഇടവകയിലുള്ള എല്ലാ പള്ളിക്കാർക്കും കൂടി കോട്ടയത്തു പുതിയ കെട്ടിടത്തിൽ ഇംഗ്ലീഷു പഠിത്വം നടത്തുന്നതിനു പണപിരിവിനു എഴുതിയ കല്പന.

46. ധനു മാസം 31-നു. പരിയാരത്തു പള്ളിയിലെ ധർമ്മശേഖരം പുത്തേട്ടുകടുപ്പിൽ മാത്തുവിനെ ഏല്പിക്കുന്നതിനു ടി പള്ളിക്കാർക്കു എഴുതി.

**1893 മകരം**

1. മകര മാസം 7-നു മീനടത്തു വലിയപള്ളിയിൽ എത്തുമെന്ന് എഴുതി അയച്ചു (പുതുപ്പള്ളി).

2. മലങ്കര ത്രീസസ്സ് ശുബഹോ സമൂഹത്തിനു ആലുവാ പള്ളി ഒഴിഞ്ഞു എഴുതിക്കൊടുത്തു (മീനടം).

3. മകരം 21-നു പാമ്പാടി പള്ളിയിലേക്കു എത്തുമെന്ന് എഴുതിയ കല്പന (മീനടം).

4. മകര മാസം 5. അഞ്ചേരി പള്ളിയിൽ കർമ്മം നടത്തുന്നതിനു പുതുപ്പള്ളിപ്പള്ളി കത്തങ്ങളുടെ പേർക്കു മകര മാസം 22-നു കല്പന എഴുതി അയച്ചു.

5. കുംഭം 3-നു. ധർമ്മശേഖരം പിരിക്കുന്നതിനു കങ്ങഴ പള്ളിക്കാർക്ക് എഴുതി അയച്ചു.

6. ടി പള്ളിയിൽ വിഗാരിക്കു ശമ്പളം കൊടുക്കേണ്ടുന്ന സംഗതിയെക്കുറിച്ചു കൈക്കാരന്മാർക്കു എഴുതി അയച്ചു.

7. കുംഭം 11-ന് പാമ്പാടി പള്ളിയുടെ വടക്കു വശത്തുള്ള മുളകുതോട്ടം പള്ളിക്കു തീറാകെ ഒഴിഞ്ഞു കല്പന കൊടുത്തിരിക്കുന്നു.

8. മീനടത്തു വല്യപള്ളിയിലെ തിരട്ട് മുതലായത് കൊണ്ടുവരുന്നതിനു കല്പന അയച്ചിരിക്കുന്നു.

9. ടി 19-നു കോട്ടയത്തു പുത്തൻപള്ളിയിൽ മെയ്ക്കാട്ടു ഗീവറുഗീസ് കത്തനാരു പട്ട ....... അകൃത്യങ്ങൾ ചെയ്തിരിക്കുന്ന .... വിചാരണയാൽ തെളിച്ചു കണ്ടിരിക്കുന്നതിനാൽ ടിയാനെ മുടക്കി കല്പന അയച്ചു.

10. 26-നു കങ്ങഴ പള്ളിയിലേക്കു എഴുന്നള്ളുന്ന വിവരത്തിനു അയച്ച കല്പന.

.......

62. മിഥുനം 11. തോട്ടയ്ക്കാട്ടു പള്ളിക്കാർക്കു ബാവായുടെ ധർമ്മശേഖര പിരിവിനു വീണ്ടും അയച്ച കല്പന. മണർകാട് പള്ളിയിൽ നിന്നും.

63. മിഥുനം 17-നു. കോനാട്ടു മാത്തൻ മല്പാനെ അങ്കമാലി ഇടവകയുടെ ജനറാൾ വിഗാരിയായി നിയമിച്ച ഈയാണ്ടു 54-ാം നമ്പ്ര കല്പനയിലെ വാചകപ്രകാരം എഴുതി അയച്ചു. ടി പള്ളിയിൽ നിന്നും.

64. ടി ടി വിവരത്തിനു മല്പാന്റെ പേർക്ക് എഴുതി അയച്ചു. ടി പള്ളിയിൽ നിന്നും.

# അനുബന്ധം

## 1

## ജീവിത നാൾവഴി

**ജനനം:** 1832 ഡിസംബർ 2 (1008 വൃശ്ചികം 19).

**മാതാപിതാക്കൾ:** പറവൂർ കടവിൽ കൂരൻ അവിരാ വർക്കി & അന്നം.

**മാതൃഇടവക:** മാർത്തോമ്മൻ പള്ളി, വടക്കൻ പറവൂർ.

**ഗുരുക്കന്മാർ:** ഈരാളി അബ്രഹാം കശീശ, പാറയ്ക്കൽ മത്തായി കശീശ, അരീക്കൽ ദാവീദ് കശീശ.

**കോറൂയോ:** 1846 ഫെബ്രുവരി 19-ന് ചേപ്പാട്ട് ഫിലിപ്പോസ് മാർ ദീവന്നാസ്യോസ് മലങ്കര മെത്രാപ്പോലീത്തായിൽ നിന്നും കോട്ടയം സെന്റ് മേരീസ് ചെറിയപള്ളിയിൽ വച്ച്.

**ശെമ്മാശൻ:** 1851-ൽ യൂയാക്കീം മാർ കൂറിലോസിൽ നിന്ന് ചാലിശേരി പള്ളിയിൽ വച്ച്.

**കശീശാ:** 1854 ജനുവരി 18-ന് യൂയാക്കീം മാർ കൂറിലോസിൽ നിന്നും.

**നവപൂജാർപ്പണം:** 1854 ഡിസംബർ 10-ന് വടക്കൻപറവൂർ പള്ളിയിൽ.

**റമ്പാൻ:** 1876 ജൂൺ 27-ന് പ. ഇഗ്നാത്തിയോസ് പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവായിൽ നിന്നും മുളന്തുരുത്തി മാർത്തോമൻ പള്ളിയിൽ വച്ച് (മുളന്തുരുത്തി സുന്നഹദോസിന്റെ പ്രഥമ ദിനം).

**മെത്രാപ്പോലീത്താ:** 1876 ഡിസംബർ 3-ന് പ. ഇഗ്നാത്തിയോസ് പത്രോസ് തൃതീയൻ ബാവായിൽ നിന്നും വടക്കൻപറവൂർ മാർത്തോമ്മൻ പള്ളിയിൽ വച്ച്.

**ഭദ്രാസനചുമതല:** കോട്ടയം (1876-1907), അങ്കമാലി (1891-1907).

**ബഹുമതി:** കമാൻഡർ ഓഫ് ദി ക്രൗൺ ഓഫ് തോൺസ് (അമേരിക്ക).

**പ്രധാന പട്ടംനൽകലുകൾ**

***1. പ. ബസേലിയോസ് ഗീവറുഗീസ് പ്രഥമൻ കാതോലിക്കാ***

| | | |
|---|---|---|
| കോറൂയോ | – | 1885 ജൂൺ 13 |
| യൗപ്പദിയക്കിനോ | – | 1890 ജൂൺ 1 |
| ശെമ്മാശൻ | – | 1892 സെപ്റ്റംബർ 18 |
| കശീശാ | – | 1896 ആഗസ്റ്റ് 16 |
| റമ്പാൻ | – | 1896 ആഗസ്റ്റ് 23 |

***2. പ. ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ.***

| | | |
|---|---|---|
| കോറൂയോ | – | 1890 ജൂൺ 1 |
| ശെമ്മാശൻ | – | 1892 ഏപ്രിൽ 24 |

***3. പ. ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ***

| | | |
|---|---|---|
| ശെമ്മാശൻ | – | 1900 (?) |

***4. കുറിയാക്കോസ് മാർ ഗ്രിഗോറിയോസ് (പാമ്പാടി)***

| | | |
|---|---|---|
| ശെമ്മാശൻ | – | 1899 ഫെബ്രുവരി 5 |
| കശീശ | – | 1906 ജൂലൈ 28 |
| റമ്പാൻ | – | 1906 ജൂലൈ 29. |

***5. മാത്യൂസ് മാർ ഈവാനിയോസ് (പാറേട്ട്)***

| | | |
|---|---|---|
| കോറൂയോ | – | 1899 ജൂൺ 7 |

***6. അൽവാറീസ് മാർ യൂലിയോസ് (ഗോവ)***

| | | |
|---|---|---|
| മെത്രാപ്പോലീത്താ | – | 1889 ജൂലൈ 29 |

***7. റിനവിലാത്തി മാർ തിമോത്തിയോസ്***

| | | |
|---|---|---|
| മെത്രാപ്പോലീത്താ | – | 1892 മെയ് 29. |

## ദേവാലയ സ്ഥാപനം

**കോട്ടയം ഭദ്രാസനം**

1. സെന്റ് പീറ്റേഴ്സ്, പരിയാരം (1890)
2. സെന്റ് തോമസ് കങ്ങഴ (1890)
3. സെന്റ് തോമസ് മീനടം (1890)
4. നിലയ്ക്കൽ പുതുപ്പള്ളി (1891)
5. സെന്റ് ജോർജ് മണർകാട് (1893)
6. സെന്റ് മേരീസ് പാണമ്പടി (1898)
7. സെന്റ് മേരീസ് തിരുവഞ്ചൂർ (1899)
8. സെന്റ് ജോർജ് കുഴിമറ്റം (1902)
9. സെന്റ് സൈമൺസ് വെള്ളൂർ (1903)

**അങ്കമാലി ഭദ്രാസനം**

1. സെന്റ് മേരീസ്, നെല്ലിമോളം (1903)
2. ബഥേൽ സൂലോക്കോ, പെരുമ്പാവൂർ (1903)
3. സെന്റ് മേരീസ്, താമരച്ചാൽ (1903)
4. സെന്റ് ജോൺസ്, പിണ്ടിമന (1904)
5. സെന്റ് പീറ്റേഴ്സ്& സെന്റ് പോൾസ് കിഴക്കമ്പലം (1905)
6. സെന്റ് ജോർജ്, തൃക്കളത്തൂർ (1905)

**കബറടക്കം:** 1907 നവംബർ 2-ന് കാലം ചെയ്തു. പൗലോസ് മാർ ഈവാനിയോസിന്റെ (പിന്നീട് പ. ബസേലിയോസ് പൗലൂസ് പ്രഥമൻ കാതോലിക്കാ) മുഖ്യ കാർമ്മികത്വത്തിൽ നവംബർ 3-ന് ആലുവാ തൃക്കുന്നത്ത് സെമിനാരി സെന്റ് മേരീസ് പള്ളിയിൽ കബറടക്കി.

**(ഗവേഷണം: വിപിൻ കെ. വറുഗീസ്, സൗത്ത് പാമ്പാടി)**

# 2

# മംഗളപത്രം

### നിതാന്ത വന്ദ്യദിവ്യശ്രീ

വിശുദ്ധ സിംഹാസനത്തിന്റെ എപ്പിത്രൂപ്പോയും, ക്നാനായ കമ്മട്ടിയുടെ പ്രസിഡെണ്ടും, ക്രൗൺ ഓഫ് തോറൻസ് എന്ന മഹായോഗത്തിന്റെ ഹോണററി കമാന്റും ആയ, മലങ്കരെ, കോട്ടയം, അങ്കമാലി, പറവൂർ മുതലായ എടവകകളുടെ എ. പെ. പെ. ബ. മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ തിരുമേനി സന്നിധാനത്തിൽ താഴ്മയോടെ സമർപ്പണം ചെയ്തുകൊള്ളുന്നത്.

പ്രശംസനീയ ഗുണങ്ങളോടുകൂടിയ പ്രിയപിതാവേ!

തിരുമേനിയെ പ്രഥമമായി ഏൾപ്പിച്ചിരുന്ന ആളുകളെ ദൈവഭക്തിയിലും, സത്യവിശ്വാസത്തിലും നടത്തുന്നതിൽ ഉണ്ടായ അനേക ഘോരയുദ്ധങ്ങളിൽ പ്രത്യക്ഷപ്പെട്ട അസാമാന്യ സാമർത്ഥ്യത്തേയും, നിപുണതയേയും, വിവേചിച്ചറിഞ്ഞു നമ്മുടെ വിശുദ്ധ പിതാവായ അന്ത്യോഖ്യായുടെ സിംഹാസനത്തിൽ വാഴുന്ന മോറാൻ മോർ ഇഗ്നാത്തിയോസ് പാത്രിയർക്കീസുബാവാ, അങ്കമാലി പറവൂർ, മുതലായ എടവകകളും കൂടി തിരുമേനിയുടെ ഭരണത്തിൻകീഴാക്കിയിരിക്കുന്ന ഈ സന്ദർഭത്തിൽ തന്നെ തിരുമേനിയിൽ സ്പഷ്ടമായി വിളങ്ങുന്ന അനേക വിശിഷ്ടഗുണങ്ങളുടെ ഓർമ്മയെ നിലനിർത്തുന്ന ഒരു സ്തംഭമെന്നപോൽ, നൂതനഖണ്ഡമായ അമ്മേറിയ്ക്കായിലുള്ള ക്രൗൺ ഓഫ് തോറൻസ് എന്ന മഹാ സംഘ

ക്കാർ തിരുമേനിയെ തങ്ങളുടെ, ഹോണററി കമാന്റർ ആയി നിശ്ചയിച്ചു സ്ഥാനചിഹ്നങ്ങൾ നൽകിയിരിക്കുന്നതിനാൽ, തിരുമേനിയെ അഭിനന്ദിയ്ക്കുകയും, സന്തോഷിക്കുന്ന അനേകായിരങ്ങളുടെ കൂട്ടത്തിൽ ഒരു മംഗളപത്രം മുഖേന, യുവാക്കളായ അടിയങ്ങളുടെ അനിർവ്വചനീയ നിഷ്കളങ്ക പരമാഹ്ലാദത്തെ അല്പമെങ്കിലും പ്രദർശിപ്പിയ്ക്കുന്നതിന്നു കല്പിച്ചു അനുവാദം തരേണമെന്നു സവിനയം അപേക്ഷിച്ചുകൊള്ളുകയും ചെയ്യുന്നു.

ഇതിന്നുമുമ്പു, മലങ്കരെ ഭരിച്ചിരുന്ന യാതൊരു മെത്രാപ്പോലീത്തായുടെയും, നാമം അമ്മേറിക്കായിൽ കേട്ടുകേൾവിപോലും ഉണ്ടോ എന്നു സംശയിക്കേണ്ടിയിരിയ്ക്കെ, ഒട്ടും അപ്രധാനമല്ലാത്തതും, അനേക യൂറോപ്യരാജാക്കൾ, രാജകുമാരന്മാർ, ബിഷോപ്പന്മാർ, മുതലായ മഹാന്മാർ അംഗങ്ങളായി ചേർന്നിട്ടുള്ളതും ആയ ടി സമൂഹത്തിന്റെ തലവന്മാരിൽ ഒരുവനായി, തിരുമേനി തെരഞ്ഞെടുക്കപ്പെട്ടിരിയ്ക്കുന്നതിൽ അടിയങ്ങൾ ആനന്ദമഗ്നന്മാരായി ഭവിച്ചിരിയ്ക്കുന്നു.

അന്തഃചിദ്രങ്ങളും, ദുരുപദേശങ്ങളുമാകുന്ന, കാർമ്മേഘങ്ങളാൽ മൂടപ്പെട്ടിരുന്ന സത്യവിശ്വാസ സൂര്യപ്രകാശത്തിലേയ്ക്കു, അമ്മേറിക്കായുടെ ഐക്യനാടുകളിൽ ഉള്ള ഏതാനുംപേർ വന്നെത്തിയിരിക്കുന്നതു “അന്വേഷിക്കുന്നവർ കണ്ടെത്തും” എന്നുള്ള ദിവ്യ വാഗ്ദത്ത നിവർത്തികളിൽ ഒന്നാണെന്നു നിർവിവാദമാണെല്ലോ.

ഈ സംഗതിയും, ഇൻഡ്യയിൽതന്നെ പല സ്ഥലങ്ങളിലും സത്യ അപ്പസ്തോല വിശ്വാസം നടപ്പായി വരുന്നതും, സഭയിൽ നിന്നു ദുരുപദേശികളുടെ ഛേദനവും, വിശുദ്ധ പത്രോസിന്റെ സിംഹാസനത്തിൽ നമ്മുടെ പിതാവായ മോറാൻ മോർ ഇഗ്നാത്തിയോസ് പാത്രിയർക്കീസു ബാവായുടെ വാഴ്ചയും മലങ്കരെ തിരുമേനികളുടെ ഭരണവും, നമ്മുടെ കർത്താവിന്റെ മണവാട്ടിയുടെ ഉദ്ധാരണ സാമീപ്യത്തെ വ്യക്തമാക്കുന്നു.

ക്രിസ്തീയസഭാ ഭരണത്തിൽ അതുല്യഗുണൌഘങ്ങളോടു കൂടിയ തിരുമേനിയെ അടിയങ്ങളുടെ പ്രധാന ഇടയനായി, നിയമിച്ചാക്കിയതിന്നായി വിശുദ്ധ മോറാൻ മോർ ഇഗ്നാത്തിയോസ് പാത്രിയർക്കീസു ബാവാ തിരുമനസ്സിലെ നാമത്തെ അടിയങ്ങൾ വിനയപൂർവ്വം ആദരിക്കയും, തിരുമേനിക്കു ഹോണററി കമാന്റർ ഓഫ് ദ ക്രൗൺ ഓഫ് തോറൻസ് എന്ന ബഹുമതി ലഭിക്കുന്നതിൽ ഉത്സാഹിച്ച എല്ലാപേർക്കും, വിശിഷ്യ, ആ മഹായോഗത്തിനും, സഹൃദയം വന്ദനം പറകയും ചെയ്യുന്നു.

വിശേഷിച്ചും, തിരുമേനിയെ ഭരമേല്പിച്ചിരിക്കുന്ന അനേക ഉൽകൃഷ്ട കൃത്യങ്ങൾ നിർവ്വിഘ്നമാംവണ്ണം നിറവേറ്റുന്നതിന്നു തിരുമേനിയെ പ്രാപ്തനാക്കി തീർക്കുന്നതിനും, മേല്ക്കുമേൽ സ്ഥാനമാനങ്ങൾ ലഭി

ക്കയും, ആയുരാരോഗ്യ സൌഭാഗ്യാദികളോടുകൂടി ചിരകാലം അടിയങ്ങളെ ഭരിക്കയും ചെയ്‌വാൻ ഇടവരുന്നതിനുമായി സർവ്വശക്തനെ പ്രാർത്ഥിച്ചുംകൊണ്ടു ഈ മംഗളപത്രത്തെ സമർപ്പിച്ചുകൊള്ളുന്നു.

തിരുമനസ്സിലെ വാത്സല്യ കുഞ്ഞുങ്ങളായ വടക്കൻപറവൂർ യാക്കോബായ സുറിയാനി ക്രിസ്ത്യാനി യുവാക്കൾ

ഈരാളിൽ കോരതു ഇട്ടീച്ചൻ, അമ്പുക്കൻ മത്തായി കോരതു, കുളങ്ങര മാത്തു ഇട്ടീച്ചൻ, മാഞ്ഞൂരു കുരിയതു ചാക്കൊ, മുട്ടത്തോട്ടി കുമരി വറിയതു പൌലോ, ഈരാളി ഇട്ടീച്ചൻ ചാക്കൊ, കുളങ്ങരെ അവരാ ഇട്ടി മാത്തു, കുളങ്ങരെ മാത്തു പൌലോ, ഈരാളി ചാക്കു അയ്പ്, അമ്പുക്കൻ മത്തായി പൌലോ, വടക്കൻ തോമാ മത്തായി, നമ്പിയത്തു വറിയതു ചാക്കോ, മാണിയാറെ വറിയതു കോരതു, ഈരാളി തോമാ ചാക്കോ, ഈരാളി കോരതു പൌലോസ്, കുളങ്ങര പൈലി കുരിയതു, കുളങ്ങര പൈലി ഇട്ടീച്ചൻ, അരീക്കൽ പൌലോ ചാക്കു, മുളയിരിക്കൽ തോമാ ഇട്ടീച്ചൻ, വെള്ളത്തിക്കുളങ്ങരെ വറിയതു തോമാ, കുമരിക്കൽ വറിയതു ഇട്ടൂപ്പ്, അരീക്കൽ വറിയതു പൌലോ, വട്ടപ്പറമ്പത്ത് വറിയതു തോമാ, മാണിയാറെ വറിയതു വർക്കി, കുളങ്ങരെ മാത്തു ചെറിയ, കൂരൻ കുരിയതു അവരാ, ഈരാളി വർക്കി ഇട്ടീച്ചൻ, മാണിയാറെ പൈലി വറിയതു, എടപ്പിള്ളി കുളങ്ങരെ കുരിയതു വറിയതു, അരീക്കൽ മത്തായി പൌലോ, ഈരാളി പൗലോ തോമാ, മാണിയാറെ വറിയതു ചാക്കൊ, കുളങ്ങരെ യോഹന്നാൻ യാക്കോബ്, കൂരൻ കുരിയതു വറിയതു, പൈനാടത്തു കുരിയതു ഇട്ടൂപ്പ്, മാണിയാറെ വർക്കി വറിയതു, ഈരാളി വർക്കി ചാക്കോ, കൂരൻ ഇട്ടീരാ വറിയതു, കുളങ്ങര വറിയതു ചാക്കോ, മാണിയാറെ ചെറിയതു വറിയതു

1893 മിഥുനമാസം 19-നു

# 3

# പത്രവാർത്തകൾ

## കോട്ടയം വാർത്തകൾ

അങ്കമാലി, കോട്ടയം ഇടവകയുടെ മാർ പൗലോസ് അത്താനാസ്യോസ് മെത്രാപ്പോലീത്താ അവർകളുടെ സുഖക്കേടു പ്രമാണിച്ച് സ്ഥലത്തെ സുറിയാനി സിമ്മനാരി മാനേജർ ദിവ്യശ്രീ വലിയ പൗലോസ് റമ്പാൻ അവർകൾ ആലുവായിക്കു പോയിരിക്കുന്നു.

*(മലയാള മനോരമ, 1907 ഒക്ടോബർ 19 ശനി)*

കോട്ടയം, അങ്കമാലി ഇടവകയുടെ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ അവർകളുടെ സുഖക്കേടിനു വളരെ കുറവുണ്ടെന്നു അറിയുകയാൽ ആലുവായ്ക്കു പോകാൻ തീർച്ചപ്പെടുത്തിയിരുന്ന മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ അവർകൾ ഉടനെ അങ്ങോട്ടു പോകുന്നില്ലെന്നു തീർച്ചപ്പെടുത്തിയിരിക്കുന്നു.

*(മലയാള മനോരമ, 1907 ഒക്ടോബർ 30 ബുധൻ)*

**കമ്പി വാർത്തകൾ**

**(സ്വന്തം ലേഖകൻ)**

ആലുവാ
2–11–07

കോട്ടയം, അങ്കമാലി ഇടവകയുടെ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ അവർകൾ പരലോകപ്രാപ്തനായിരിക്കുന്നു.

*(മലയാള മനോരമ, 1907 നവംബർ 2 / 1083 തുലാം 17 ശനി)*

**കോട്ടയം വാർത്തകൾ**

കോട്ടയം, അങ്കമാലി മുതലായ ഇടവകകളുടെ നിതാന്ത വന്ദ്യ ദിവ്യശ്രീ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ അവർകളുടെ മരണം പ്രമാണിച്ചു പഴയസിമ്മനാരിയും എം. ഡി. സിമ്മനാരിയും ഓരോ ദിവസത്തേക്കു പൂട്ടുകയുണ്ടായി.

*(മലയാള മനോരമ, 1907 നവംബർ 6 ബുധൻ)*

തിരുവല്ല: കോട്ടയം ഇടവകയുടെ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ അവർകളുടെ ദേഹവിയോഗം പ്രമാണിച്ച് ഇന്നലെ സ്ഥലത്തെ എം. ജി. എം. ഹൈസ്ക്കൂൾ പൂട്ടുകയും പള്ളിക്കൂടത്തിലും പള്ളികളിലും ദുഃഖചിഹ്നമായി മണി അടിയ്ക്കയും ചെയ്തു.

*(മലയാള മനോരമ, 1907 നവംബർ 6 ബുധൻ)*

മാവേലിക്കര: നി. വ. ദി. ശ്രീ. മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ അവർകളുടെ മരണം പ്രമാണിച്ചു സ്ഥലത്തെ പള്ളികളിൽ വേണ്ട ശുശ്രൂഷകൾ നടത്തിവരുന്നു.

*(മലയാള മനോരമ, 1907 നവംബർ 6 ബുധൻ)*

കാലം ചെയ്ത മാർ പൌലൂസ് അത്താനാസ്യോസ് മെത്രാപ്പോലീത്താ അവർകൾക്ക് അമേരിക്കയിലെ ഭക്തജന സംഘത്തിൽ നിന്നും Commander of the Crown of Thorns എന്നൊരു സ്ഥാനമാനം ലഭിച്ചിട്ടുണ്ടായി

രുന്നു.

*(മലയാള മനോരമ, 1907 നവംബർ 13 ബുധൻ)*

കാലം ചെയ്ത മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ അവർകളുടെ 40-ാം ദിവസമടിയന്തരം ഈ മാസം 24-ാം തീയതി ആലുവാ തൃക്കുന്നത്തു സിമ്മനാരിയിൽ വച്ചു നടത്തുന്നതാണെന്നറിയുന്നു.

*(മലയാള മനോരമ, 1907 നവംബർ 30 ശനി)*

പരേതനായ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ അവർകളുടെ അടിയന്തിരം ഈയിടെ ആലുവായിൽ വച്ചു നടത്തിയ സമയം അവിടെ സമീപമുള്ള റോമാ പള്ളി ഇടവകക്കാരെയും ക്ഷണിച്ചിരുന്നതായി കാണുന്നു.

*(മലയാള മനോരമ, 1907 ഡിസംബർ 18 ബുധൻ)*

## കാലം ചെയ്ത മാർ പൌലോസ് അത്താനാസ്യോസ് മെത്രാപ്പോലീത്താ അവർകളുടെ അടിയന്തിരം

### (ഒരു ലേഖകൻ)

ആലുവ. 25-4-83. വടക്കുള്ള സുറിയാനി ക്രിസ്ത്യാനികളുടെ വിദ്യാഭ്യാസാഭ്യുദയത്തിനും തൻമൂലം പരിഷ്ക്കാരാഭിവൃദ്ധി, സന്മാർഗ്ഗജീവിതം എന്നിവകൾക്കും ഉതകത്തക്കവിധത്തിൽ വടക്കരുടെ മദ്ധ്യസ്ഥാനമായ ആലുവായിൽ ഒരു സിമ്മനാരി സ്ഥാപിക്കുന്നതിനുള്ള പ്രധാന കാരണഭൂതനും സുറിയാനി ഭാഷയിൽ നല്ല അറിവുണ്ടായിരുന്ന ആളുമായിരുന്ന മാർ പൌലൂസ് അത്താനാസ്യോസ് മെത്രാപ്പോലീത്താ അവർകളുടെ ദേഹവിയോഗം സംബന്ധിച്ചുള്ള അടിയന്തിരം 38-ാം ദിവസം കഴിക്കണമെന്നു നിശ്ചയിച്ചിരുന്ന വിവരം മുമ്പു തന്നെ അറിയിച്ചിരുന്നല്ലോ. അതനുസരിച്ചു പ്രസ്തുത അടിയന്തിരം ഇന്നലെ ദിവസം വളരെ ഭംഗിയായി കഴിഞ്ഞുകൂടിയിരിക്കുന്നു. അടിയന്തിരത്തിൽ പങ്കുകൊള്ളുന്നതിനായി അന്നിവിടെ കൂടിയിരുന്ന ജനങ്ങളുടെ സംഖ്യ ഒട്ടും ചില്ലറയല്ലായിരുന്നു. തലേദിവസമായ ഞായറാഴ്ച മണിയടിച്ചതുമുതൽ ജനങ്ങൾ നാനാ ഭാഗങ്ങളിൽ നിന്നും വന്നു തുടങ്ങി. അന്നേദിവസം രാത്രി ഏകദേശം ഏഴുമണിയോടുകൂടി അനേകം വൈദികന്മാരുടെയും അമ്മേനികളുടേയും അകമ്പടിയോടും കൊട, കൊടി മുതലായ ആഡംബരങ്ങളോടും പള്ളിയുടെ കിഴക്കുവശത്തായി കുറെ ദൂരത്തിൽ പണിചെയ്തിരിക്കുന്ന ഒരു കുരിശു മാർ ഈവാനിയോസു മെത്രാപ്പോലീത്താ അവർകൾ കൂദാശ ചെയ്തു. അടിയന്തര ദിവസമായ തിങ്കളാഴ്ച നേരം വെളുത്തപ്പോൾ ഈ ആലുവാ തൃക്കുന്നിന്മേൽ കാണാമായിരുന്ന ജനങ്ങളുടെ സംഖ്യ അതിന്റെ പേരിനെ യാഥാ

ർത്ഥീകരിക്കത്തക്കതായിരുന്നു എന്നു പറയുന്നതിൽ ലേശം പോലും ശങ്കയ്ക്കവകാശം ഇല്ല. മണി ഏഴടിച്ചപ്പോഴേക്കു കുർബാന ആരംഭിച്ചു. കാലം ചെയ്ത മെത്രാപ്പോലീത്താ അവർകളുടെ ഇഷ്ട സഹോദരൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ അവർകൾ ആയിരുന്നു കുർബാന അണച്ചത്. കുർബാനാനന്തരം കാലം ചെയ്ത മെത്രാപ്പോലീത്താ അവർകളുടെ ഗുണഗുണങ്ങളെ വർണ്ണിച്ച് അദ്ദേഹം കുറഞ്ഞോന്നു പ്രസംഗിച്ചു. അതിനുശേഷം വഴിപാടുകൾ ആരംഭിച്ചു. തങ്ങളുടെ ശക്ത്യാനുസരണമുള്ള വഴിപാടുകൾ ഇട്ടുകൊണ്ടിരുന്ന അവസരത്തിൽ മിക്ക ആളുകളും കണ്ണുനീർ വീഴ്ത്തിക്കൊണ്ടിരുന്നു എന്നുള്ള സംഗതി ഒട്ടും അതിശയോക്തി അല്ല. പിന്നീട് ഇദ്ദേഹം പതിനൊന്നു മണിയോടുകൂടി പ്രദക്ഷിണം ആരംഭിച്ചു. ഏകദേശം നൂറോളം വൈദികന്മാരുടെയും അയ്യായിരത്തിൽപരം അത്മേനികളുടെയും അകമ്പടിയോടും മറ്റു പലവിധമായ ആഡംബരങ്ങളോടും കൂടിയുള്ള ആ യാത്ര കാണേണ്ടതുതന്നെയായിരുന്നു. പ്രദക്ഷിണാനന്തരം അന്നവിടെ കൂടിയിരുന്ന എല്ലാവർക്കും നാനാവിധ വിഭവങ്ങളോടുകൂടി മൃഷ്ടാന്ന ഭോജനം നല്കുകയുണ്ടായി. ഭക്ഷണം കഴിഞ്ഞശേഷം ദിവ്യശ്രീ കുരുശിങ്കൽ മാണികത്തനാർ അവർകൾ ദിവ്യശ്രീ. പി. പി. യോസേപ്പു കത്തനാരവർകൾ മുതലായി പലരും പല വിഷയങ്ങളെ സംബന്ധിച്ച് ദീർഘവും സരസവുമായ പ്രസംഗങ്ങൾ നടത്തി. വടക്കുള്ള സുറിയാനി ക്രിസ്ത്യാനികളുടെ ഇടയിൽ അതിദീപ്തങ്ങളായ നക്ഷത്രങ്ങളെപ്പോലെ ഉജ്ജ്വലിച്ചുകൊണ്ട് പ്രകാശിക്കുന്ന പ്രസ്തുത മഹാന്മാരുടെ പ്രസംഗങ്ങൾ അവിടെ കൂടിയിരിക്കുന്ന ആളുകളെ ആകപ്പാടെ ഒന്നു ഉണർത്തി വശമാക്കി എന്നു പറയാതിരിക്കാൻ നിവൃത്തിയില്ല.

ആണ്ടുതോറും തുലാ മാസം ഇരുപതാം തീയതി പരുമല, പള്ളിക്കര, കുറുപ്പുമ്പടി മുതലായ സ്ഥലങ്ങളിൽ പതിവായി പെരുനാളുകൾ ആഘോഷിക്കപ്പെട്ടു വരുന്നതിനാൽ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ അവർകളുടെ ശ്രാദ്ധമടിയന്തിരം എല്ലാ കൊല്ലങ്ങളിലും തുലാ

മാസം പതിനെട്ടാം തീയതിതോറും ആഘോഷിക്കണമെന്നു തീർച്ച ചെയ്തിട്ടുള്ള വിവരം വിശേഷിച്ചു പ്രസ്താവയോഗ്യമാണ്.

നടവരവിന്റെ സംഖ്യ വിവരമായി അറിയുന്നതിനു സാധിച്ചില്ല. അതിനാൽ വിവരമായി വഴിയെ എഴുതികൊള്ളാം.

മെത്രാപ്പോലീത്താ അവർകളുടെ നാല്പതാം ദിവസം അടിയന്തിരം നാളെ ദിവസം പറവൂർ പള്ളിയിൽ വെച്ചും കൊണ്ടാടുന്നതാണ്.

*(മലയാള മനോരമ, 1907 ഡിസംബർ 18 ബുധൻ)*

# 4

# മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ വിൽപത്രം

**ദൈവത്തിനു സ്തുതി**

ക്രിസ്താബ്ദം 1902 തെശ്രീൻഹ്രോയി 9-ാം തീയതിയ്ക്ക് കൊല്ലം 1078 വൃശ്ചികം 7-ാം തീയതി പിതൃപുത്ര പരിശുദ്ധാത്മാവാം ത്രിത്വൈക ദൈവത്തിന്റെ തിരുനാമത്തിൽ അന്ത്യോഖ്യായുടെ ശ്ലീഹായ്ക്കടുത്ത സിംഹാസനത്തിന്മേൽ വാഴുന്ന രണ്ടാമത്തെ അബ്ദേദ് മിശിഹാ എന്ന മോറാൻ മോർ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് ബാവായുടെ അധികാരത്തിലുൾപ്പെട്ട മലങ്കരെ അങ്കമാലി - കോട്ടയം ഇടവകകളുടെ 71 വയസ്സും പൗലോസ് എന്ന് പ്രത്യേക നാമവുമുള്ള മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ പൂർണ്ണമായ സുബോധത്തോടും സ്വമനസ്സാലെയും എഴുതിവച്ച വിൽപത്രം.

1. നമ്മുടെ ശൈശവം മുതൽ ആചരിച്ചുവരുന്നതായ യാക്കോബായ സുറിയാനി വിശ്വാസത്തിൻപ്രകാരം നമ്മുടെ ആത്മശരീരങ്ങളെ ദൈവതിരുസന്നിധിയിൽ പരമാനന്ദത്തിനും പിന്നെ ഉയിർപ്പിന്റെ ശരണത്തിൽ പരിശുദ്ധന്മാരുടെ സംസർഗ്ഗത്തിലേയ്ക്കും ഭരമേല്പിക്കുന്നു.

2. നമുക്ക് പ്രായം അധികരിക്കുകയും ദേഹസൗഖ്യം കുറഞ്ഞുവരികയും ചെയ്യുന്നതുകൊണ്ട് സ്വന്ത പ്രയത്നത്താൽ സമ്പാദിച്ചിട്ടുള്ളതും നമ്മുടെ സ്വാതന്ത്രീയ അധികാരത്തിന് ഭരമേൽപ്പിക്കപ്പെട്ട് രക്ഷിച്ചുപോരുന്നതുമായ സ്വത്തുക്കളുടെ ഭരണവും ഉപയോഗവും നമ്മുടെ കാലശേഷം ഇന്നപ്രകാരം വേണമെന്ന് വ്യക്തപ്പെടുത്തി ഒരു വിൽപത്രം എഴുതേണ്ടത്

യുക്തമെന്ന് ദൈവം ഇപ്പോൾ നമ്മെ ഓർമ്മപ്പെടുത്തിയിരിക്കുന്നതിനാൽ ഇതിനു കാരണമായതാകുന്നു.

3. താഴെ ചേർത്തിരിക്കുന്ന എ പട്ടിക പ്രകാരമുള്ള സ്ഥാവര സ്വത്തുക്കളിൽ 5 മുതൽ 20 വരെ നമ്പരുകളും ബി പട്ടികപ്രകാരമുള്ള ജംഗമ സ്വത്തുക്കളും നമ്മുടെ സ്വന്തവും പതിനായിരം രൂപാ വില വരുന്നതും എ പട്ടികയിലുള്ള ആറായിരം രൂപാ വിലവരുന്ന ഒന്ന് മുതൽ നാലുവരെ നമ്പരുകളിൽ നാലായിരം രൂപാ വില വരുന്ന സ്വത്തുക്കൾ അങ്കമാലി ഇടവകകളുടെ മേലദ്ധ്യക്ഷനായിരുന്ന് കാലം ചെയ്ത നമ്മുടെ സഹോദരൻ ബ. ഗീവറുഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ സ്വന്തവും മെത്രാപ്പോലീത്തായാൽ നമ്മുടെ പ്രത്യേക ഭരണത്തിനായി ഏല്പിക്കപ്പെട്ടിട്ടുള്ളതും ശേഷം രണ്ടായിരം രൂപായുടെ സ്വത്ത് നമ്മുടെ സ്വന്ത ദ്രവ്യം ചെലവ് ചെയ്ത് അതിനോട് ചേർത്ത് പണിയിച്ചിട്ടുള്ളതും ഇവകളെല്ലാം ഇപ്പോൾ നമ്മുടെ പ്രത്യേക കൈവശത്തിലും സ്വാതന്ത്ര്യത്തിലും ഭരണത്തിലും ഇരിയ്ക്കുന്നതുമാകുന്നു.

4. ബി. പട്ടികയിൽ ഒന്നു മുതൽ മൂന്നു വരെ നമ്പരുകളായി ചേർത്തിട്ടുള്ളതും നമ്മുടെ കാലശേഷം വി. അന്തോഖ്യാ സിംഹാസനത്തിങ്കലേക്ക് അയച്ചുകൊടുക്കുന്നതിലേക്കായി നമ്മുടെ പിൻഗാമിയെ ഏൽപ്പിപ്പാൻ ഇതിൽ പറയുന്ന അധികാരികളോട് ആജ്ഞാപിച്ചിട്ടുള്ളതുമായ വകകൾക്ക് പുറമെ ബി പട്ടികയിൽ നാലാം നമ്പരായി ചേർത്തിട്ടുള്ള സ്വത്ത് നാം മല്പാനായിരുന്ന് പഠിപ്പിച്ചിരുന്ന കോട്ടയത്തെ സുറിയാനി സിമ്മനാരിയ്ക്കും എ പട്ടികയിൽ എട്ടാം നമ്പരായി ചേർത്തിട്ടുള്ളത് പുത്തൻപുരയ്ക്കൽ പുരയിടം നമ്മുടെ ജന്മഇടവകയായ പറവൂർ ചെറിയപള്ളിയിൽ നമ്മുടെ ഓർമ്മ നിലനിൽക്കുന്നതിനായി ആ പള്ളിക്കാര്യത്തിലേക്കും നാം ദാനം ചെയ്തിരിക്കുന്നു.

5. എ പട്ടികയിൽ ഒന്നാം നമ്പര് തൃക്കുന്നത്ത് പുരയിടത്തിലിരിക്കുന്ന അതോട് ചേർന്ന് ദൈവാരാധനയ്ക്കും വിദ്യാഭ്യാസത്തിനുമായി ഉണ്ടാക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളും ഒരു പ്രത്യേക ട്രസ്റ്റിന്റെ മൂലസ്ഥാനമായിരിക്കണമെന്ന് നാം തീരുമാനിച്ചിരിക്കുന്നതും ആ ട്രസ്റ്റിന്റെ ഉപയോഗത്തിനും പ്രയോജനത്തിനുമായി നാലാം വകുപ്പിൽ വിവരിക്കുന്ന വകകൾ ഒഴികെയുള്ള എല്ലാ സ്ഥാവര ജംഗമ സ്വത്തുക്കളും നാം വിട്ടുകൊടുത്തിരിക്കുന്നതുമാകുന്നു.

6. ട്രസ്റ്റിന്റെ ഭരണകർത്താക്കന്മാരും സ്ഥലത്തെ ഭാരവാഹികളുമായി ദയറാക്കാരായ രണ്ട് പേർ വേണമെന്ന് നമുക്ക് ആഗ്രഹം ഉള്ളതിനാൽ അതിലേയ്ക്ക് വിശ്വസ്തന്മാരെന്ന് നമുക്ക് ബോദ്ധ്യപ്പെട്ടിരിക്കുന്ന വാകത്താനത്ത് പള്ളി ഇടവകയിൽ കാരുചിറ പുന്നൂസിന്റെ മകൻ ഗീവറുഗീസ്

റമ്പാനെയും ഈ ദയറായിൽ സ്ഥിരവാസം ചെയ്തു കാര്യഭരണം നടത്തിക്കൊള്ളാമെന്ന് നമ്മുടെ മുൻപാകെ സമ്മതിച്ചിരിക്കുന്ന അകപ്പറമ്പ് പള്ളി ഇടവകയിൽ പൈനാടത്ത് കുര്യതിന്റെ മകൻ യൗസേഫ് ശെമ്മാശനേയും നിയമിക്കുകയും അധികാരം കൊടുക്കുകയും ചെയ്തിരിക്കുന്നു.

7. ഈ ദയറായ്ക്ക് വേണ്ടതായ ചില പണികൾ നടത്തുകയും മറ്റും ചെയ്തിട്ടുള്ള പൈനാടത്ത് പൗലോസ് റമ്പാൻ ഈ ദയറായിൽ താമസിക്കുന്നതിനായി വരുന്നു എങ്കിൽ അയാളുടെ ന്യായമായ ചിലവുകൾ മുൻ ഭാരവാഹികളുടേതുപോലെതന്നെ ട്രസ്റ്റിൽനിന്നും നടത്തേണ്ടതും ഭാരവാഹികളായ മുൻ ആറാം വകുപ്പിൽ പറഞ്ഞവർ തമ്മിൽ ഭരണകാര്യത്തെപ്പറ്റി അഭിപ്രായഭേദം ഉണ്ടായാൽ ഈ പൗലോസ് റമ്പാൻ ഉൾപ്പെടെയുള്ള മൂന്നു പേരിൽ ഭൂരിപക്ഷക്കാരുടെ അഭിപ്രായപ്രകാരം കാര്യങ്ങൾ നടത്തേണ്ടതുമാകുന്നു.

8. ഇവരുടെ കാലശേഷമോ ഈ ചുമതലയിൽനിന്നും ഇവർ സ്വയമായി മാറുകയൊ അവരെ മാറ്റേണ്ടി വരികയൊ ചെയ്യുമ്പോഴൊ സ്ഥലത്തെ ഭാരവാഹികൾ മേലിലും വിശ്വസ്തന്മാരായ ദയറാക്കാരായി ഇരിക്കണമെന്ന് നമുക്ക് ആഗ്രഹമുള്ളതിനാൽ അഞ്ഞൂറ് രൂപയിൽ കുറയാതെ ട്രസ്റ്റിലേയ്ക്ക് ദാനം ചെയ്യുന്ന ദയറാക്കാരിൽ യോഗ്യന്മാരെന്ന് തോന്നുന്ന ആവശ്യംപോലെയുള്ള ഒന്നോ രണ്ടോ ആളുകളേയോ മേൽപ്രകാരമുള്ളവർ ഇല്ലാത്തപക്ഷം യോഗ്യന്മായ മറ്റ് രണ്ട് ദയറാക്കാരേയോ ആറാം വകുപ്പിൽ പറയുന്നവരുടെ പിൻഗാമികളായി നിയമിക്കുന്നതിന് പത്താം വകുപ്പിൽ പറയുന്ന ആൾക്ക് സ്വാതന്ത്ര്യവും ബാദ്ധ്യതയും ഉള്ളതാകുന്നു.

9. മുൻ വകുപ്പുകളിൽ പറയുന്ന പൗലോസ് റമ്പാൻ സ്ഥലത്ത് വന്ന് താമസിയ്ക്കാത്തപക്ഷം മറ്റ് ഭാരവാഹികൾ തമ്മിൽ ഭിന്നാഭിപ്രായം ഉണ്ടായാൽ അതാതുകാലത്തെ അങ്കമാലി മഹാഇടവകയുടെ മെത്രാപ്പോലീത്താ അവർകളെ അറിയിച്ച് അദ്ദേഹത്തിന്റെ അഭിപ്രായം പോലെ കാര്യങ്ങൾ നടത്തേണ്ടതാകുന്നു.

10. ആറാം വകുപ്പിൽ പറയുന്ന ഭരണകർത്താക്കന്മാരെ അധികാരത്തിൽനിന്നും മാറ്റുന്നതിനും ഏഴാം വകുപ്പിൽ പറയുന്ന പൗലോസ് റമ്പാന് ഇതിനാൽ കൊടുത്തിരിയ്ക്കുന്ന അവകാശം ഇല്ലാതാക്കുന്നതിനും വിശ്വാസവിപരീതമായോ സ്ഥാനഭൃഷ്ടിന് കാരണമായ മറ്റ് വല്ല സംഗതികളുമോ അടിസ്ഥാനമാക്കി അങ്കമാലി ഇടവകയുടെ മെത്രാപ്പോലീത്തായ്ക്ക് അധികാരമുണ്ടായിരിയ്ക്കുന്നതും മേൽപറഞ്ഞ വിധത്തിലുള്ള മതിയായ കാരണം കൂടാതെ അദ്ദേഹത്തിനോ മറ്റാർക്കെങ്കിലുമോ ഈ അധികാരം ഉപയോഗിപ്പാൻ പാടില്ലാത്തതുമാകുന്നു.

11. ഈ ട്രസ്റ്റിന്റെ ഉദ്ദേശ്യപ്രകാരം ശരിയായി നടത്തുന്നുണ്ടോ എന്ന്

പരിശോധിയ്ക്കുന്നതിനും പൊതുവേ മേലന്വേഷണം ചെയ്യുന്നതിനും അങ്കമാലി മഹാഇടവകയുടെ അതാതുകാലത്തെ മെത്രാപ്പോലീത്തായ്ക്കും പൊതുയോഗത്തിനും അധികാരവും ചുമതലയും ഉള്ളതാകുന്നു.

12. ഈ ട്രസ്റ്റിന്റെ ഉദ്ദേശ്യം പ്രധാനമായി ദയറാക്കാരുടെ പോഷണത്തിനും ഈ സമുദായത്തിലുൾപ്പെട്ട വിദ്യാഭ്യാസത്തിനായി ഈ ദയറായിൽ താമസിയ്ക്കുകയും ഭാരവാഹികളുടെ അനുസരണത്തിൻകീഴിൽ ഇരിയ്ക്കുകയും ചെയ്യുന്ന ശെമ്മാശന്മാർക്ക് മതസംബന്ധമായ അറിവ് വർദ്ധിപ്പിയ്ക്കുന്നതിനും ആകുന്നു.

13. ട്രസ്റ്റ് മുതലിന്റെ അഭിവൃദ്ധിയും അതാതുകാലത്തെ ഭാരവാഹികളുടെ അഭിപ്രായവും അനുസരിച്ച് ശെമ്മാശന്മാരല്ലാതെ ഈ സമുദായത്തിലുൾപ്പെട്ട വിദ്യാർത്ഥികളുടെ മതസംബന്ധവും അല്ലാതെയുമുള്ള ആവശ്യത്തിലേയ്ക്ക് കൂടി ട്രസ്റ്റ് മുതലിന്റെ ആദായം ഉപയോഗിക്കുന്നതിന് പന്ത്രണ്ടാം വകുപ്പ് തടസ്സമായിത്തീരുന്നതല്ല.

14. ട്രസ്റ്റിന്റെ ഉദ്ദേശ്യനിവൃത്തിക്കും മുൻപറഞ്ഞവരുടെ ഉപജീവനത്തിനും ചിലവാകുന്നത് കഴിച്ചുണ്ടാകാവുന്ന ബാക്കി ആദായവും ഈ ട്രസ്റ്റിന്റെ ധനശേഖരത്തിലേയ്ക്കായി ആരെങ്കിലും വല്ല സംഭാവനകൾ ചെയ്യുന്നതായിരുന്നാൽ അവയും ട്രസ്റ്റിന്റെ പ്രയോജനത്തിനായി സ്ഥാവര സ്വത്തുക്കളിന്മേൽ ഉറപ്പിക്കേണ്ടതാകുന്നു.

15. മേലിൽ ആരെങ്കിലും നൂറുരൂപയിൽ കുറയാതെ ട്രസ്റ്റിലേയ്ക്ക് ദാനം ചെയ്താൽ അവരെ വിശേഷാൽ പള്ളിയിൽ ഓർക്കുന്നതുകൂടാതെ വാർഷികറിപ്പോർട്ടിന്റെ ഒരു പ്രതിവീതം അവർക്കും യോഗ്യമായ വിധത്തിൽ ഈ ട്രസ്റ്റിലേയ്ക്ക് ധനസഹായം ചെയ്യുന്ന പള്ളിക്കാർക്കും അയച്ചുകൊടുക്കേണ്ടതാണ്.

16. ഈ ശുദ്ധമുള്ള അന്ത്യോഖ്യായുടെ മൂന്നാമത്തെ പത്രോസെന്ന മോറാൻ മോർ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് ബാവായുടെ ഓർമ്മ കന്നി 25–ാം തീയതിക്കും നമ്മുടെ ഗുരുഭൂതനായ യൂയാക്കീം മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ ഓർമ്മ ചിങ്ങം 20–ാം തീയതിയും ദയറാസ്ഥാപകനായ ഗീവറുഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ ഓർമ്മ കുംഭം 25–ാം തീയതിയും നമ്മുടെ ഗുരുക്കന്മാർ ഈരാളി അബ്രഹാം കശീശായുടെ ഓർമ്മ തുലാം 22–ാം തീയതിയും പാറയ്ക്കൽ മത്തായി കശീശായുടെ ഓർമ്മ ധനു 23–ാം തീയതിയും അരീക്കൽ ദാവീദ് കശീശായുടെ ഓർമ്മ ചിങ്ങം 30–ാം തീയതിയും നമ്മുടെ പിതാവ് ഗീവറുഗീസിന്റെ ഓർമ്മ മകരം 20–ാം തീയതിയും നമ്മുടെ മാതാവ് അന്നത്തിന്റെ

ഓർമ്മ മിഥുനം 27-ാം തീയതിയും ദയറായിൽ കുർബാനയ്ക്ക് പണം ഏൽപ്പിച്ചിട്ടുള്ളവരായ പൈനാടത്ത് യൗസേഫ് കശീശായുടെ ഓർമ്മ കന്നി 9-ാം തീയതിയും ഈരാളിൽ വർക്കിയുടെ ഓർമ്മ മീനം 25-ാം തീയതിയും ആകയാൽ ആണ്ടുതോറും മേൽപ്പറഞ്ഞ തീയതികളിൽ ഭാരവാഹികൾ കുർബ്ബാന നടത്തേണ്ടതാകുന്നു.

മാർ പൗലോസ് അത്താനാസ്യോസ് മെത്രാപ്പോലീത്താ (ഒപ്പ്) (മുദ്ര)

**സാക്ഷികൾ**

1. പറവൂർ ചെറിയപള്ളിയിൽ വികാരി ചക്കരയവത്തൂട്ട് തരിയത് കൊച്ചു വർക്കി കത്തനാർ ഒപ്പ്

2 കുളങ്ങര ഇട്ടിയച്ചൻ മാത്തു ഒപ്പ്

3 മുട്ടത്തൊട്ടി കുമരി പൗലോ വറീയത് ഒപ്പ്

4 അമ്പൂക്കൻ മത്തായി വർക്കി ഒപ്പ്

ഇലഞ്ഞിക്കൽ ഔസേഫ് വർക്കി കൈപ്പട

സബ് രജിസ്ട്രാർ കൃഷ്ണപിള്ള ഒപ്പ്

താഴെ കയ്യൊപ്പിട്ടിരിക്കുന്ന ആൾ വന്നു താമസിയ്ക്കുന്നതായ പറവൂർ സബ്ബ് ഡിസ്ട്രിക്ടിൽ ചേർന്ന പറവൂർ പ്രവൃത്തിയിൽ പറവൂത്തറ മുറിയിൽ ചെറിയപള്ളിയിൽ വച്ച് 1078-ാമാണ്ട് വൃശ്ചികമാസം 7-ാം തീയതി പകൽ 9 മണി സമയത്ത് ഹാജരാക്കപ്പെട്ടു.

പൗലോസ് എന്ന് നാമധേയമുള്ള മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ ഒപ്പ്

1078-ാം മാണ്ട് വൃശ്ചികമാസം 7-നു

കൃഷ്ണപിള്ള (ഒപ്പ്)
പറവൂർ സബ്ബ് രജിസ്ട്രാർ

താഴെ കൈയൊപ്പിട്ടിരിക്കുന്ന ആൾ എഴുതിക്കൊടുത്തതിനെ മേൽപ്പടി

പള്ളിയിൽവച്ച് സമ്മതിച്ചിരിക്കുന്നു. പൗലോസ് എന്ന് നാമധേയമുള്ള മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ ഒപ്പ് മുദ്ര

1078-ാമാണ്ട് വൃശ്ചികമാസം 7-ാം തീയതി

കൃഷ്ണപിള്ള (ഒപ്പ്)
പറവൂർ സബ്ബ് രജിസ്ട്രാർ.

ആറാം പുസ്തകം ഒന്നാം വാല്യം ഒന്ന് മുതൽ 7 വരെ വശത്ത് ഒന്നാം നമ്പരായി രജിസ്ട്രർ ചെയ്തു. മുദ്ര.

# 5

# കടവിൽ തിരുമേനിയിൽ കൂടി ഈശ്വരാധീനം

## ഡോ. കെ. പി. ജോർജ് കടവിൽ

1942-ൽ ഞാൻ ആലുവാ യു. സി. കോളജിൽ ആദ്യമായി ചേരാൻ പോയ സമയം. 14 വയസ്സുള്ള ഞാൻ തീവണ്ടിയിൽ തൃശൂരിൽ നിന്ന് തനിച്ചാണ് പോയത്. ആലുവാ സ്റ്റേഷനിൽ എന്നെ സ്വീകരിക്കുവാൻ വന്നത് കടവിൽ പോൾ ശെമ്മാശനായിരുന്നു (പിന്നീട് കടവിൽ പൗലോസ് മാർ അത്താനാസ്യോസ് രണ്ടാമൻ). ആലുവാ തൃക്കുന്നത്ത് സെമിനാരിയിൽ കബറടങ്ങിയിരിക്കുന്ന കടവിൽ പൗലോസ് മാർ അത്താനാസ്യോസ് തിരുമേനിയുടെ കബറിങ്കലേക്കാണ് പോൾ ശെമ്മാശൻ എന്നെ ആദ്യമായി കൂട്ടിക്കൊണ്ടുപോയത്. പിന്നീട് പല പ്രാവശ്യവും തിരുമേനിയുടെ കബറിങ്കൽ ഞാൻ പോയി പ്രാർത്ഥിച്ചിട്ടുണ്ട്.

എന്റെ മാതാപിതാക്കളുടെ മരണശേഷം എനിക്കു ലഭിച്ച ഏറ്റവും വലിയ സമ്പത്തായി ഇന്നു ഞാൻ കരുതുന്നത് കുടുംബസ്വത്തായി എനിക്കു ലഭിച്ച തിരുമേനിയുടെ ഛായാചിത്രമാണ്. അതേ ചിത്രം തന്നെ മണർകാട് പള്ളിക്കകത്തെ ഭിത്തിയിൽ കണ്ടപ്പോൾ ഞാൻ അത്ഭുതപ്പെട്ടുപോയി.

1985 ആഗസ്റ്റ് 5 എന്റെ ജീവിതത്തിൽ ഏറ്റവും ആശങ്കാജനകവും ഉത്കണ്ഠാഭരിതവുമായ ഒരു ദിവസമായിരുന്നു. മണർകാട്പള്ളി ആശുപത്രിയിൽ ഞാൻ ജോലിചെയ്യുന്ന സമയമാണത്. രാവിലെ ഏകദേശം പതിനൊന്നര മണിയോടെ എന്റെ ഭാര്യ എന്നെ ഫോണിൽ വിളിച്ചു. വീട്ടിൽ നിന്നിരുന്ന പത്തു വയസ്സുകാരി സുജ എന്ന പെൺകുട്ടിയെ അടുത്ത വീട്ടി

ലേക്ക് അയച്ചിട്ട് മടങ്ങിവന്നിട്ടില്ല. അടുത്ത വീടുകളിലും സമീപത്തുള്ള പാർക്കിലും എല്ലാം അന്വേഷിച്ചു. ഒരു വിവരവും കിട്ടിയില്ല. വീട്ടിലെത്തിയ ഞാൻ ഒന്നു കൂടെ അതേ സ്ഥലങ്ങളിലെല്ലാം അന്വേഷിച്ചു. നിരാശനായ ഞാൻ പൂർവ്വികൻ കടവിൽ തിരുമേനിയെ സ്മരിച്ച് മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്കായി അപേക്ഷിച്ച് കുട്ടിയെ തിരിച്ചുകിട്ടുവാൻ കർത്താവിനോട് പ്രാർത്ഥിച്ചു.

അവസാനം പോലീസ് സ്റ്റേഷനിൽ പരാതി എഴുതിക്കൊടുത്തു: പത്തു വയസ്സുകാരി സുജ എന്ന പെൺകുട്ടിയെ ആരോ തട്ടിക്കൊണ്ടു പോയിരിക്കുന്നു.

ഭർത്താവുപേക്ഷിച്ച കോഴഞ്ചേരിക്കാരി ലക്ഷ്മിക്ക് കൂലിപ്പണിക്ക് പോകുവാൻ സുജ ഒരു തടസ്സമായിരുന്നു. അപ്പോഴാണ് നാട്ടകത്തുള്ള എന്റെ സഹോദരി, മകൾക്ക് ഒരു കളിക്കൂട്ടുകാരിയെ അന്വേഷിച്ച് നടന്നതും സുജയെ കണ്ടുകിട്ടിയതും. പിന്നീട് അവരുടെ മകൾ സ്കൂളിൽ പോയി തുടങ്ങിയപ്പോൾ സുജയെ ഞങ്ങളുടെ വീട്ടിലേക്ക് തന്നു. ഞങ്ങളുടെ വീട്ടിൽ ഉണ്ടായിരുന്ന ജോലിക്കാരിക്ക് ഒരു കൂട്ടായിരുന്നു സുജ.

അന്നു രാത്രി ഞാൻ ഉറങ്ങിയില്ല. പ്രാർത്ഥനയിൽ മുഴുകി. പല സ്ഥലങ്ങളിലും പലരേയും വിളിച്ച് ഇനി എന്തു ചെയ്യണമെന്ന് അന്വേഷിച്ചു.

മണർകാട്പള്ളി ആശുപത്രിയിൽ ജോലി ചെയ്തിരുന്നപ്പോൾ സമയം കിട്ടുമ്പോഴെല്ലാം പള്ളിയിൽ കടവിൽ തിരുമേനിയുടെ ഛായാചിത്രത്തിന് സമീപമിരുന്നു പ്രാർത്ഥിക്കുന്നത് എന്റെ പതിവായിരുന്നു. സംഭവത്തിന് പിറ്റേദിവസവും ഞാൻ വീണ്ടും പള്ളിയിൽ ചെന്ന് നഷ്ടപ്പെട്ടത് തിരിച്ചു ലഭിക്കുവാൻ തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ കർത്താവിനോട് ഹൃദയം നൊന്ത് പ്രാർത്ഥിച്ചു.

അവിശ്വസനീയമെന്ന് പറയട്ടെ, പരാതിയിൽ മേൽനടപടി എടുത്തിരുന്ന പോലീസുദ്യോഗസ്ഥന്റെ ഭാര്യ, അവരുടെ ഒരു പരിചയക്കാരി ഒരു കുട്ടിയുമായി പോകുന്നത് കാണുവാനിടയായി. കുട്ടി ഏതാണെന്നന്വേഷിച്ചപ്പോൾ "എനിക്ക് കിട്ടിയതാണ്" എന്ന് മറുപടി പറകയും ചെയ്തു. സ്റ്റേഷനിൽ നിന്നും പോലീസുകാരൻ പതിവിനു വിപരീതമായി താമസിച്ചു വരുവാനുണ്ടായ കാരണം ഭാര്യയോട് പറഞ്ഞപ്പോഴാണ് കേസിന് ചെറിയ ഒരു തുമ്പുണ്ടായത്. ഒരു കുട്ടിയെ കാണ്മാനില്ല എന്ന പരാതി കിട്ടിയ കാര്യം പോലീസുകാരൻ പറയുകയും അയൽവാസിയുടെ കൂടെ ഒരു കുട്ടിയെ കണ്ടകാര്യം ഭാര്യ പറയുകയും ഒപ്പമായിരുന്നു.

പിറ്റേദിവസം പോലീസുകാരൻ എന്റെ വീട്ടിൽ വന്ന് എന്റെ ഭാര്യയെ കൂട്ടി 8 – 10 കിലോമീറ്റർ അകലെ താമസിക്കുന്ന കുട്ടിയെ കൊണ്ടുപോയി

എന്നു സംശയിക്കുന്ന ആ സ്ത്രീയുടെ വീട്ടിലേക്ക് പോയി. അവിടെ സുജയെ കണ്ടുകിട്ടി. വഴിയിൽ നിന്ന സുജയെ മുട്ടായി കൊടുക്കാമെന്ന് പ്രലോഭിപ്പിച്ച് ടാക്സിയിലും പിന്നീട് ബസ്സിലും കയറ്റി പാമ്പാടിയിൽ സ്വന്തം വീട്ടിലേക്ക് കൊണ്ടുപോയതായിരുന്നു.

അത്ഭുതകരമായി ഈ സാഹചര്യങ്ങൾ ഒത്തിണങ്ങി വന്നില്ലായിരുന്നെങ്കിൽ ഓണംകേറാമൂലയിലേക്ക് കൊണ്ടുപോയ പെൺകുട്ടിയെപ്പറ്റി എന്തെല്ലാം ഊഹാപോഹങ്ങൾ പറയുമായിരുന്നു എന്ന് ഓർക്കുമ്പോൾ ഇന്നും ഹൃദയം നടുങ്ങുന്നു. കുട്ടിയ്ക്കാണെങ്കിൽ അവളുടെ അമ്മയുടെ മേൽവിലാസമോ എന്റെ പേരോ ഒന്നും അറിയുകയുമില്ല. കുട്ടിയെ ഞങ്ങൾക്കും അവളുടെ അമ്മയ്ക്കും എന്നന്നേക്കുമായി നഷ്ടപ്പെട്ടേനെ. പല വിധ ആരോപണങ്ങളും ഉണ്ടായേനെ. കടവിൽ തിരുമേനിയുടെ മദ്ധ്യസ്ഥ പ്രാർത്ഥന ഇതു സാധ്യമാക്കാൻ സഹായിച്ചു എന്നു ഞാൻ ഉറച്ചു വിശ്വസിക്കുന്നു. ഉപകാരസ്മരണയോടെ തിരുമേനിയുടെ ചിത്രം മലയാള മനോരമ പത്രത്തിൽ ഞാൻ പ്രസിദ്ധീകരിക്കുകയും ചെയ്തു.

പിന്നീട് ഒരു സംഭവം ഉണ്ടായത് 1998 നവംബർ മാസത്തിൽ എന്റെ മകൻ തോമസ് എറണാകുളത്തു നിന്നും കോട്ടയത്തിനു വരുന്ന വഴി തീവണ്ടിയിൽ വെച്ച് ബാഗ് നഷ്ടപ്പെട്ടതാണ്. വീടിന്റെ താക്കോലുകളും മറ്റു പല വിലപ്പെട്ട കടലാസ്സുകളും അതിൽ ഉണ്ടായിരുന്നു. കടവിൽ തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ ഞാൻ കർത്താവിനോട് അപേക്ഷിച്ചു. കുറച്ചു ദിവസങ്ങൾക്ക് ശേഷം താക്കോലുകൾ പോസ്റ്റു വഴി തിരികെ കിട്ടി.

കടവിൽ തിരുമേനിയുടെ ചിത്രത്തോടൊപ്പം തിരുമേനി എന്റെ പിതാവിന്റെ പിതാവിന് അയച്ചിരുന്ന കുറെ കത്തുകളും എനിക്ക് ലഭിച്ചിട്ടുണ്ട്. ഭദ്രാസനത്തിലെ ഓരോ പള്ളികളിൽ നിന്നായി എഴുതിയിട്ടുള്ളതാണ് ഈ കത്തുകൾ.

ദേവലോകം അരമന മാനേജരായിരുന്ന ടി. ജി. സഖറിയ അച്ചനെ ഈ കത്തുകൾ കാണിച്ചപ്പോൾ ഇവയെല്ലാം ചേർത്ത് തിരുമേനിയുടെ ഒരു ജീവചരിത്രം എഴുതണമെന്നു പറഞ്ഞു. അതിനു പറ്റിയ ആൾ ശ്രീ. ജോയ്സ് തോട്ടയ്ക്കാട് ആണ് എന്നും എല്ലാം ജോയ്സിനെ ഏല്പിക്കാമെന്നും പറഞ്ഞു. അതിനായി എന്റെ കൈവശമുണ്ടായിരുന്ന രേഖകളെല്ലാം ഞാൻ ബഹു. അച്ചനെ ഏല്പ്പിക്കുകയും ചെയ്തു.

# 6

# കടവിൽ മെത്രാപ്പോലീത്തായും ഭദ്രാസനങ്ങളും

## വർഗീസ് ജോൺ തോട്ടപ്പുഴ

മലങ്കരസഭയിലെ ഭദ്രാസനരൂപീകരണകാലത്തുള്ള മൂന്നു ഭദ്രാസനങ്ങളുമായി കടവിൽ പൗലോസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ ബന്ധപ്പെട്ടിരിക്കുന്നു. ആദ്യം കുറച്ചുനാൾ കൊല്ലം; തുടർന്ന് കോട്ടയം; പിന്നീട് അതോടൊപ്പം അങ്കമാലി.

മലങ്കരയിൽ 1875-ൽ വന്ന പരിശുദ്ധ ഇഗ്നാത്തിയോസ് പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവാ മുളന്തുരുത്തി പള്ളിയിൽ വച്ച് 1876 ജൂൺ 27 (1057 മിഥുനം 15) ചൊവ്വാഴ്ച മറ്റ് രണ്ടുപേരോടൊപ്പം കടവിൽ പൗലോസ് കത്തനാർക്ക് റമ്പാൻ സ്ഥാനം നൽകി.

മലങ്കര മെത്രാപ്പോലീത്തായുടെ കീഴിൽ ഒന്നായിരുന്ന മലങ്കര സുറിയാനി സഭയെ ക്രിസ്ത്വബ്ദം 1876-1877 (കൊല്ലവർഷം 1052) ലാണ് കൊല്ലം, തുമ്പമൺ, നിരണം, കോട്ടയം, കൊച്ചി, കണ്ടനാട്, അങ്കമാലി എന്നീ ഏഴു ഭദ്രാസനങ്ങളായി പത്രോസ് തൃതീയൻ പാത്രിയർക്കീസ് വിഭജിച്ചത്.

മുളന്തുരുത്തി സുന്നഹദോസിന്റെ (1876 ജൂൺ 27-30) നിശ്ചയപ്രകാരമാണ് ഭദ്രാസന വിഭജനം നടത്തിയതെന്ന് ചില ചരിത്രകാരന്മാർ അഭിപ്രായപ്പെടാറുണ്ടെങ്കിലും അതു ശരിയല്ല. സുന്നഹദോസ് ഇങ്ങനെയൊരു വിഷയം പരിഗണിച്ചിട്ടില്ല. സുന്നഹദോസിനെ തുടർന്ന് മുളന്തുരുത്തി പള്ളിയിൽ നടന്ന വിശുദ്ധ മൂറോൻ കൂദാശ (1876 ആഗസ്റ്റ് 27/ഓബ് 15 ഞായറാഴ്ച - വാങ്ങിപ്പു പെരുന്നാൾ) യോടടുത്ത സമയത്താണ് മലങ്കരയിൽ പുതിയ മേൽപ്പട്ടക്കാരെ വാഴിക്കാനും ഭദ്രാസനങ്ങൾ രൂപീകരിക്കാനുമുള്ള ആദ്യ നടപടികൾ പരിശുദ്ധ ഇഗ്നാത്തിയോസ് പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവാ സ്വീകരിച്ചത്. ഈ നടപടികളെ ആ കാലത്തു തന്നെ പലരും എതിർത്തിട്ടുണ്ട്. തങ്ങളോട് ആലോചിക്കാതെ, മേൽപ്പട്ടസ്ഥാനത്തേക്ക് പരിഗണിക്കുന്ന നാലു റമ്പാന്മാരോട് ഉടമ്പടി വാങ്ങാൻ പാത്രിയർക്കീസ് ബാവാ ശ്രമിക്കുന്നതറിഞ്ഞ 15 മാനേജിംഗ് കമ്മറ്റിയംഗങ്ങൾ മുളന്തുരുത്തി പള്ളിയിൽ വച്ച് രാജിക്കത്തു നൽകുക വരെ ചെയ്തു. "മെത്രാന്മാരെ ബാവാ വാഴിച്ചതു ജനത്തിന്റെയും കമ്മട്ടിക്കാരുടെയും സമ്മതത്തൊടു കൂടെയല്ല" എന്നാണ് ഒരു പുരാതന

നാൾവഴി പുസ്തകത്തിൽ കാണുന്നത്.

മൂന്നു പ്രാവശ്യമായി ആറു മേൽപ്പട്ടക്കാരെയാണ് പുതിയതായി വാഴിച്ചത്. ഈ ആറു പേരും സ്ഥാനമേൽക്കുന്നതിനു മുമ്പായി പാത്രിയർക്കീസ് ബാവായ്ക്ക് രജിസ്റ്റർ ഉടമ്പടി (ശൽമൂസാ) നൽകിയിരുന്നു. ഭദ്രാസന രൂപീകരണത്തോട് യോജിപ്പില്ലാതിരുന്നതിനാൽ മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് അഞ്ചാമനും, പാത്രിയർക്കീസ് ബാവായുമായി പിണങ്ങി അകന്നുകഴിയുകയായിരുന്നതിനാൽ അദ്ദേഹത്തോടൊപ്പം മലങ്കരയിൽ വന്ന അബ്ദള്ളാ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായും (പിന്നീട് മാർ ഇഗ്നാത്തിയോസ് അബ്ദള്ളാ പാത്രിയർക്കീസ്) ഈ മേൽപ്പട്ടവാഴ്ചയിലൊന്നും സംബന്ധിച്ചില്ല.

വടക്കൻപറവൂർ മാർത്തോമ്മൻ പള്ളിയിൽ വച്ച് 1876 ഡിസംബർ മൂന്നിന് (സുറിയാനി കണക്കിന് 1876 വൃശ്ചികം 21 / മലയാള കണക്കിന് 1052 വൃശ്ചികം 20) ഞായറാഴ്ച പ. പത്രോസ് മൂന്നാമൻ പാത്രിയർക്കീസ് ബാവാ "തുമ്പമൺ ദൈവമാതാവിന്റെ പള്ളിയും അതിനു ചുറ്റുമുള്ള പള്ളികളും" അടങ്ങുന്ന ഭദ്രാസനത്തിനു വേണ്ടി കോനാട്ട് ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായെയും "കൊല്ലത്ത് മാർതോമ്മാ ശ്ലീഹായുടെ പള്ളിയും അതിനു ചുറ്റുമുള്ള പള്ളികളും" അടങ്ങുന്ന ഭദ്രാസനത്തിനു വേണ്ടി കടവിൽ പൗലോസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായെയും വാഴിച്ചു. പാത്രിയർക്കീസ് ബാവാ തനിച്ചാണ് ഈ മേൽപ്പട്ടവാഴ്ച നിർവഹിച്ചത്.

അവിടെവച്ചു തന്നെ പിറ്റേ ഞായറാഴ്ച (1876 ഡിസംബർ 10/തെശ്രീൻക്രോയ് 28 - വി. യാക്കോബ് ബുർദാനയുടെ പെരുന്നാൾ ദിവസം) "അങ്കമാലി ദൈവമാതാവിന്റെ പള്ളിയും അതിനു ചുറ്റുമുള്ള പള്ളികളും" അടങ്ങുന്ന ഭദ്രാസനത്തിനു വേണ്ടി അമ്പാട്ടു ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായെയും "നിരണത്തു ദൈവമാതാവിന്റെ പള്ളിയും അതിനു ചുറ്റുമുള്ള പള്ളികളും" അടങ്ങുന്ന ഭദ്രാസനത്തിനു വേണ്ടി ചാത്തുരുത്തിൽ ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ (പ. പരുമല കൊച്ചുതിരുമേനി) യെയും വാഴിച്ചു. തലേ ഞായറാഴ്ച വാഴിക്കപ്പെട്ട രണ്ട് മേൽപ്പട്ടക്കാർ ഈ മേൽപ്പട്ടവാഴ്ചയിൽ സഹകാർമ്മികരായിരുന്നു.

കോട്ടയം, കൊച്ചി, കണ്ടനാട് ഭദ്രാസനങ്ങൾക്കുള്ള മേൽപ്പട്ടക്കാരെ അന്നു നിശ്ചയിച്ചിരുന്നില്ല. ഇതിനുശേഷം വെളിയനാടു പള്ളിയിൽ നടന്ന സുന്നഹദോസിൽ (1877 ജനുവരി 27-30) വച്ച് മലങ്കരയിൽ ഇനിയും കൂടുതൽ മേൽപ്പട്ടക്കാരെ വാഴിക്കരുതെന്ന് പ്രതിനിധികൾ അപേക്ഷിച്ചുവെങ്കിലും പാത്രിയർക്കീസ് ബാവാ അതു കൂട്ടാക്കിയില്ല (കൂടുതൽ വിവര

ങ്ങൾക്ക് ഡോ. എം. കുര്യൻ തോമസ് എഴുതിയ *നസ്രാണി പഠനങ്ങൾ* (ഭാഗം ഒന്ന്) എന്ന ഗ്രന്ഥത്തിലെ *ചരിത്രം മറന്ന വെളിയനാടു സുന്നഹദോസ്* എന്ന ലേഖനം കാണുക).

തന്നോടൊപ്പം മലങ്കരയിൽ വന്ന അബ്ദള്ളാ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായെ (പിന്നീട് അബ്ദള്ളാ പാത്രിയർക്കീസ്) കോട്ടയം ഭദ്രാസനത്തിനു വേണ്ടി നിയമിക്കുന്ന കാര്യം പാത്രിയർക്കീസ് ബാവാ പരിഗണിച്ചിരുന്നു. അതനുസരിച്ച് സ്താത്തിക്കോൻ എഴുതി തയ്യാറാക്കുക വരെ ചെയ്തിരുന്നു. എന്നാൽ പാത്രിയർക്കീസും അദ്ദേഹവും തമ്മിൽ ചില അഭിപ്രായ വ്യത്യാസങ്ങളുണ്ടായതിനാൽ ഈ നിയമനം നടന്നില്ല. ഇങ്ങനെയിരിക്കുമ്പോൾ 1877 ഫെബ്രുവരി അവസാനം പിറവം പള്ളി സന്ദർശനവേളയിൽ കടവിൽ പൗലോസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായ്ക്ക് “കോട്ടയത്ത് ദൈവമാതാവിന്റെ പള്ളിയും അതിനു ചുറ്റുമുള്ള പള്ളികളും” അടങ്ങുന്ന ഭദ്രാസനം പാത്രിയർക്കീസ് ബാവാ ഏൽപ്പിച്ചുകൊടുത്തു.

പുതിയതായി വാഴിക്കപ്പെട്ട നാലു മേൽപ്പട്ടക്കാർക്ക് ഭദ്രാസനങ്ങൾ ഏല്പിച്ചുകൊണ്ട് 1877 മെയ് 5 (നീസാൻ 23) ന് സ്താത്തിക്കോൻ എഴുതി കൊച്ചിയിൽ വച്ച് നൽകി. കടവിൽ തിരുമേനിക്ക് കൊല്ലത്തിന് പകരം കോട്ടയം കൊടുത്തെങ്കിലും മറ്റു മേൽപ്പട്ടക്കാർക്ക് ആദ്യം നിശ്ചയിച്ചിരുന്ന ഭദ്രാസനങ്ങൾ തന്നെയാണ് കൊടുത്തത്.

കുന്നംകുളം ചിറളയം സെന്റ് ലാസറസ് പള്ളിയിൽ വച്ച് 1877 മേയ് 17-ന് (സുറിയാനി കണക്കിന് 1877 ഇടവം 5) വ്യാഴാഴ്ച സ്വർഗാരോഹണ പെരുന്നാൾ ദിവസം “കൊച്ചികോട്ടയിൽ മാർ പത്രോസ് ശ്ലീഹായുടെ പള്ളിയും അതിനു ചുറ്റുമുള്ള പള്ളികളും” അടങ്ങുന്ന ഭദ്രാസനത്തിനു വേണ്ടി കരവട്ടുവീട്ടിൽ ശെമവോൻ മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായും “കണ്ടനാട് ദൈവമാതാവിന്റെ പള്ളിയും അതിനു ചുറ്റുമുള്ള പള്ളികളും” അടങ്ങുന്ന ഭദ്രാസനത്തിനു വേണ്ടി മുറിമറ്റത്തിൽ പൗലോസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായും വാഴിക്കപ്പെട്ടു. നേരത്തെ വാഴിക്കപ്പെട്ട നാലു മേൽപ്പട്ടക്കാർ ഈ മേൽപ്പട്ടവാഴ്ചയിൽ സഹകാർമ്മികരായിരുന്നു. അന്ന് വിശുദ്ധ കുർബ്ബാന ചൊല്ലി തികച്ചത് പൗലോസ് മാർ ഈവാനിയോസ് ആയിരുന്നു. രണ്ടുദിവസം കഴിഞ്ഞ് (മെയ് 19) ഇരുവർക്കും ചാലിശ്ശേരി പടിഞ്ഞാറെ പള്ളിയിൽ വച്ച് ഭദ്രാസനങ്ങൾ ഏൽപ്പിച്ചുകൊണ്ടുള്ള സ്താത്തിക്കോൻ കൊടുത്തു. സ്താത്തിക്കോൻ എഴുതി തയ്യാറാക്കിയതും പൗലോസ് മാർ ഈവാനിയോസായിരുന്നുവത്രെ.

ഭദ്രാസന രൂപീകരണത്തിന്റെ പശ്ചാത്തലം സ്താത്തിക്കോനിൽ പാത്രിയർക്കീസ് ബാവാ വിവരിക്കുന്നുണ്ട്. “.... മലയാളക്കരയിലെ നാലു ലക്ഷം

ജനങ്ങൾക്ക് ഒന്നോ രണ്ടോ മെത്രാന്മാർ മാത്രമായിരുന്നാൽ അവർ ആത്മീയ അന്ധന്മാരും അഹങ്കാരികളും ദുരഭിമാനികളും ഗർവ്വുള്ളവരും ആയിത്തീരുന്നതിന് ഇടയാകും. ... ആകയാൽ നമ്മുടെ ജനങ്ങളുടെ പള്ളികളെ ഏഴു ഇടവകകളായി നാം തിരിച്ചു. നമ്മുടെ കർത്താവ് പന്ത്രണ്ട് ശ്ലീഹന്മാരെ നാലു ഭാഗങ്ങളിലേക്കും അയച്ചതുപോലെ ഇവയെ പന്ത്രണ്ടായി വിഭജിക്കേണ്ടതായിരുന്നു. ... എന്നാൽ നാം ഈ വിഭാഗത്തെ ദൈവം മുഖേന വിഭാഗിച്ചു. പുനരുത്ഥാനനാളു വരെയും നിലനിൽക്കത്തക്കതായി റൂളുകളും ശട്ടങ്ങളും നാം നിയമിക്കുകയും ചെയ്തിരിക്കുന്നു. മശിഹായുടെ സഭയിൽ ഈ വിഭാഗത്തെ വ്യത്യാസപ്പെടുത്തുവാൻ ഒരുത്തനും ദൈവത്തിൽ നിന്ന് അധികാരമില്ല. ഒരു മെത്രാൻ തന്റെ ഇടവക വിട്ട് മറ്റൊരു ഇടവകയിൽ കടന്ന് മശിഹായുടെ സഭയിൽ ഭിന്നത ഉണ്ടാക്കുന്നതിനും പിതാക്കന്മാരുടെ കാനോനാകളെ ലംഘിക്കുന്നതിനും അധികാരമില്ല. ...”

പാത്രിയർക്കീസ് ബാവാ 1877 മെയ് 15-ന് (?) കുന്നംകുളം പള്ളിയിൽ നിന്ന് “.... തിരുവിതാംകൂറു ദിവാൻ ആ സമസ്ഥാനത്തു മൂന്നു ലെക്ഷം സുറിയാനി കൃസ്ത്യാനികൾ ഉണ്ടന്നും നമ്മെ അറിവിയ്ക്കയും ചെയ്തിരിയ്ക്കുന്നു. ഈ സ്തിതിക്കു ഒന്നൊ രണ്ടൊ മെത്രാന്മാർ ഈ ജനങ്ങളെ ഭരിയ്ക്കുന്നതു പ്രയാസമെന്നു കണ്ടിട്ടു നാം നമ്മുടെ സഭയിലുള്ള പട്ടക്കാറരെ പരിശൊധിച്ചു. അവരിൽ ഏഴു പെരെ തിരഞ്ഞെടുത്ത മലയാളത്തിലുള്ള സുറിയാനി പള്ളികളുടെ മെത്രാമ്മാരായി വാഴിയ്ക്കുകയും അവരിൽ ഓരൊരുത്തന്നു ഓരൊ അതൃത്തി നിശ്ചയിച്ച ഏഴു പെർക്കും ഏഴ എടവകയും ഏല്പിച്ചുകൊടുക്കുകയും ചെയ്തിരിക്കുന്നു. .... ഈ മെത്രാമ്മാരിൽ ഒരുത്തനും തന്റെ സമാധികാരിയായ മറ്റൊരു മെത്രാന്റെ ഇടവകയിൽ പ്രവെശിച്ചു അധികാരം നടത്തുന്നതിന്നു അവകാശം ഇല്ലാ. ....” എന്ന് കൊച്ചി ദിവാനെ രേഖാമൂലം അറിയിച്ചു.

ഓരോ ഭദ്രാസനത്തിലും ഉൾപ്പെടുന്ന പള്ളികളുടെ പട്ടിക സ്താത്തിക്കോനിൽ പറഞ്ഞിരുന്നു. അതനുസരിച്ച് കോനാട്ട് ഗീവർഗീസ് മാർ യൂലിയോസിന് (തുമ്പമൺ) ഇരുപത്തിയൊന്നും കടവിൽ പൗലോസ് മാർ അത്താനാസിയോസിന് (കോട്ടയം) ഇരുപതും അമ്പാട്ടു ഗീവർഗീസ് മാർ കൂറിലോസിന് (അങ്കമാലി) ഇരുപത്തിരണ്ടും ചാത്തുരുത്തിൽ ഗീവർഗീസ് മാർ ഗ്രീഗോറിയോസിന് (നിരണം) ഇരുപത്തിരണ്ടും കരവട്ടുവീട്ടിൽ ശെമവോൻ മാർ ദീവന്നാസിയോസിന് (കൊച്ചി) ഇരുപത്തിയൊന്നും മുറിമറ്റത്തിൽ പൗലോസ് മാർ ഈവാനിയോസിന് (കണ്ടനാട്) ഇരുപത്തിയൊന്നും പള്ളികളുടെ ഭരണമാണ് ലഭിച്ചത്. ഈ മേല്പട്ടക്കാരിൽ മൂന്നു പേരും കണ്ടനാട് ഭദ്രാസനത്തിൽ നിന്നായിരുന്നു. രണ്ടു പേർ അങ്കമാലി ഭദ്രാസനത്തിൽ നിന്നും ഒരാൾ കൊച്ചി ഭദ്രാസനത്തിൽ നിന്നുമുള്ളവരായിരുന്നു.

മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് അഞ്ചാമന് "കൊല്ലം, മാവേലിക്കര തുടങ്ങിയ പള്ളികൾ" അടങ്ങുന്ന ഭദ്രാസനം ഏൽപ്പിച്ചുകൊണ്ട് 1877 മെയ് അവസാനം ബോംബെയിൽ വച്ച് പാത്രിയർക്കീസ് ബാവാ കല്പന നൽകി. 1865 ഏപ്രിൽ 30 ഞായറാഴ്ച ആമീദിൽ (ടർക്കിയിലെ ഡയർബക്കർ) വച്ച് മെത്രാപ്പോലീത്തായായി വാഴിക്കപ്പെട്ടപ്പോൾ തന്നെ മലങ്കരയ്ക്കു മുഴുവനും സ്താത്തിക്കോൻ ലഭിച്ചിരുന്നതുകൊണ്ടാണ് കല്പന മാത്രം കൊടുത്തത്. എന്നാൽ മലങ്കര മെത്രാപ്പോലീത്താ ആയിരുന്നതുകൊണ്ട് ഈ കല്പന അദ്ദേഹം കാര്യമായി കരുതിയിരുന്നില്ല. കൊല്ലം ഭദ്രാസനത്തിൽ 31 പള്ളികളാണ് ഉൾപ്പെടുത്തിയിരുന്നത്. കോട്ടയം പഴയസെമിനാരിയുടെ ചുമതലയും അദ്ദേഹത്തിനായിരുന്നു.

തിരുവിതാംകൂറിലെ സുറിയാനിക്കാരുടെ സംഖ്യ 2,95,770 എന്നാണ് പാത്രിയർക്കീസ് ബാവായ്ക്ക് ദിവാൻ നൽകിയ കണക്ക്. കൊച്ചി ഒഴികെയുള്ള ആറു ഭദ്രാസനങ്ങളിൽ തിരുവിതാംകൂർ സംസ്ഥാനത്തിലെ പള്ളികളാണ് ഉൾപ്പെടുത്തിയിരുന്നത്. കൊച്ചി ഭദ്രാസനത്തിൽ ബ്രിട്ടീഷ് സംസ്ഥാനത്തിലെയും (ബ്രിട്ടീഷ് കൊച്ചി, മലബാർ) കൊച്ചി സംസ്ഥാനത്തിലെയും പള്ളികൾ ഉൾപ്പെടുത്തി. "ആർത്താറ്റു പള്ളിയും അതിനു ചുറ്റും കൊച്ചി വരെയുള്ള പള്ളികളും" ആണ് കൊച്ചി ഭദ്രാസനത്തിൽ ഉൾപ്പെടുത്തിയതെന്ന് 1877 നീസാൻ 23-ലെ സ്താത്തിക്കോനിൽ ഏഴു ഭദ്രാസനങ്ങളെക്കുറിച്ച് വിവരിക്കുന്ന ഭാഗത്ത് പറയുന്നു. കടുങ്ങമംഗലം പള്ളിയിലുള്ള കൊച്ചിയുടെ പ്രഥമ ഭദ്രാസനാധിപന്റെ കബറിൽ "കൊച്ചി ബ്രിട്ടീഷു പള്ളികളുടെ ......" എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

കോട്ടയം ഭദ്രാസനത്തിൽ ഉൾപ്പെട്ട 20 പള്ളികൾ:- കോട്ടയം മർത്തമറിയം, കോട്ടയം വലിയ, കോട്ടയം പുത്തൻ, കോട്ടയം ചാപ്പൽ, ചെങ്ങളം, പുതുപ്പള്ളി, വാകത്താനം, പുതുശ്ശേരി, വാകത്താനം പുത്തൻ, പള്ളം, പള്ളം പുത്തൻ, കുറിച്ചി, വെളിയനാട്, കല്ലുങ്കത്ര, കുമരകം, മണർകാട്, പാമ്പാടി, നാലുന്നാക്കൽ, തോട്ടയ്ക്കാട്, നീലംപേരൂർ. "കോട്ടയത്തു ദൈവമാതാവിന്റെ പള്ളിയും അതിനു ചുറ്റുമുള്ള പള്ളികളും" അടങ്ങുന്ന ഈ ഭദ്രാസനത്തിൽ കോട്ടയം പഴയസെമിനാരി ഉൾപ്പെടുത്തിയിരുന്നില്ല.

ക്നാനായ ഭദ്രാസന രൂപീകരണത്തോടെ (1910) കോട്ടയം വലിയ, പുതുശ്ശേരി, വെളിയനാട്, നീലംപേരൂർ എന്നീ പള്ളികളും പിൽക്കാലത്ത് സ്ഥാപിതമായ ചിങ്ങവനത്തെ രണ്ടു പള്ളികളും ആ ഭദ്രാസനത്തിൽ ചേർത്തു.

അങ്കമാലി ഭദ്രാസനത്തിൽ ഉൾപ്പെട്ട 22 പള്ളികൾ:- അങ്കമാലി മർത്ത്മറിയം, വടക്കൻപറവൂർ മാർതൊമ്മൻ, അകപ്പറമ്പ്, കുറപ്പംപടി, കോത

മംഗലം ചെറിയ, പള്ളിക്കര, കോതമംഗലം വലിയ, കുന്നക്കുരുടി, തുരുത്തിപ്പള്ളി, റക്കാട്ട്, മഞ്ഞപ്ര, പീച്ചനിക്കാട്, കോട്ടപ്പടി, വെങ്ങേല, മഴവന്നൂർ, കാരക്കുന്നം, പോത്താനിക്കാട്, ചേലാട്, വേങ്ങൂർ, കടായി, അല്ലപ്ര, മാറാട്ടി.

ഭദ്രാസനവിഭജനത്തിൽ ഉൾപ്പെട്ടു കാണുന്നത് 158 പള്ളികളാണ്. എന്നാൽ ഇടവഴിക്കൽ ഫീലിപ്പോസ് കോറെപ്പിസ്കോപ്പായുടെ 1873-ലെ *സുറിയാനി സഭാ പഞ്ചാംഗ*ത്തിൽ "മലയാളത്തുള്ള സുറിയാനി പള്ളികളുടെ വിവരം" എന്ന തലക്കെട്ടിൽ *ബ്രിത്തീഷ സംസ്ഥാനത്ത് അഞ്ചും കൊച്ചി സംസ്ഥാനത്ത് പതിനെട്ടും തിരുവിതാംകൂർ സംസ്ഥാനത്ത് 142 ഉം* പള്ളികളുടെ പട്ടിക കൊടുത്തിട്ടുണ്ട്. അങ്ങനെ കോട്ടയം പഴയസെമിനാരി ഉൾപ്പെടെ ആകെ 165 പള്ളികൾ.

ആ നിലയ്ക്ക് ഭദ്രാസന വിഭജനകാലത്തിനു (1876) മുമ്പു തന്നെ ഉണ്ടായിരുന്ന ചില പള്ളികൾ ഭദ്രാസന വിഭജന പട്ടികയിൽപ്പെട്ടിട്ടില്ലെന്ന് വ്യക്തമാണ്. ഒരുപക്ഷേ ഈ പള്ളികൾ അന്ന് സ്വതന്ത്രനില കൈവരിച്ചിട്ടുണ്ടാവില്ല. അല്ലെങ്കിൽ വിട്ടുപോയതായിരിക്കാം. 1873-ലെ ലിസ്റ്റിൽ കാണുന്ന 'ഇഞ്ചക്ക പള്ളി' കണ്ടനാട്ടോ അങ്കമാലിയിലോ ഉൾപ്പെടേണ്ടതായിരുന്നു. 1906-ൽ ആകെയുള്ള 284 പള്ളികളിൽ 42 എണ്ണം കോട്ടയം ഭദ്രാസനത്തിലായിരുന്നു.

മലങ്കര അസോസിയേഷൻ സെക്രട്ടറിയും ഗ്രന്ഥകാരനും പത്രാധിപരുമായിരുന്ന ഇ. എം. ഫിലിപ്പിന്റെ ഒരു പ്രസ്താവന മലങ്കര സുറിയാനി സഭയുടെ അന്നത്തെ അവസ്ഥ വ്യക്തമാക്കുന്നു: "പരേതനായ പത്രോസു പാത്രിയർക്കീസു ബാവാ ഇവിടെ എഴുന്നള്ളിയിരുന്നപ്പോൾ മലങ്കര ഇടവകയെ ഏഴു ഇടവകകളായി തിരിച്ചു മെത്രാന്മാരെ വാഴിച്ചു സ്ഥാത്തിക്കോൻ കൊടുത്തപ്പോൾ മലങ്കര മെത്രാപ്പോലീത്തായുടെയും ഇടവക മെത്രാന്മാരുടെയും അധികാരഭേദത്തെ വ്യക്തപ്പെടുത്തുന്ന ഒരു രേഖയും ഉണ്ടാക്കിയില്ല. ഇടവക മെത്രാന്മാരുടെ സ്ഥാത്തിക്കോൻ വായിച്ചാൽ അവർ അവരവരുടെ ഇടവകയിൽ സ്വതന്ത്രരായിരുന്നു എന്നല്ലാതെ മറ്റു വിധത്തിൽ അനുമാനിക്കാൻ പ്രയാസമായിരുന്നു. ഇതിനെ അടിസ്ഥാനപ്പെടുത്തി മെത്രാന്മാരിലും ധാരാളം സൌന്ദര്യത്തിരക്കുണ്ടായിരുന്നു. ആ തർക്കം കേസിൽ ആദായപ്പെടുത്തിക്കൊള്ളാമെന്നു എതിർകക്ഷി കരുതിക്കൊണ്ടു വലിയ തിരുമേനിയുടെ മലങ്കര സ്ഥാത്തിക്കോൻ കൊച്ചു തിരുമേനികളുടെ ഇടവക സ്ഥാത്തിക്കോൻ കൊണ്ടു റദ്ദായിപ്പോയെന്നൊരു വാദം പുറപ്പെടുവിച്ചിരുന്നു. ഈ വാദം മെത്രാന്മാരുടെ മൊഴി കൊണ്ടു സ്ഥാപിച്ചുകൊള്ളാമെന്നു അവർക്കു വിശ്വാസവും ഉണ്ടായിരുന്നു. അവരിൽ ആദ്യമായി മൊഴി കൊടുത്തതു പരേതനായ മാർ ഗ്രീഗോ

റിയോസ് മെത്രാപ്പോലീത്തായായിരുന്നു. അദ്ദേഹത്തെ 13 ദിവസം കൊണ്ടാണു വിസ്തരിച്ചു തീർന്നത്. മലങ്കര മെത്രാപ്പോലീത്തായും ഇട വക മെത്രാപ്പോലീത്തായും തമ്മിലുള്ള ബന്ധങ്ങളും അധികാരഭേദങ്ങളും സംബന്ധിച്ചു എതിർകക്ഷി പല വിധത്തിൽ അദ്ദേഹത്തെ ക്രാസ്സു ചെയ്ത കൂട്ടത്തിൽ ഒരിക്കൽ വളച്ചുകെട്ടി കുഴച്ചുമറിച്ചു ഒരു ദീർഘചോദ്യം ചോദിച്ചു. .....” (*മലങ്കരസഭയുടെ രഹസ്യപേടകം അഥവാ ഇ. എം. ഫീലിപ്പോസ് ഒരു സ്വഹസ്തചരിതം*, 1956, പേജ് 51, 52). ഇവിടെ എതിർകക്ഷി എന്നുദ്ദേശിക്കുന്നത് നവീകരണകക്ഷിയെയാണ് (പിന്നീട് മാർത്തോമ്മാ സഭ).

തന്റെ നേരിട്ടുള്ള ഭരണത്തിൻകീഴിൽ സ്വതന്ത്രമായ ഭദ്രാസനങ്ങളും മെത്രാപ്പോലീത്താമാരുമാണ് പാത്രിയർക്കീസ് ബാവാ വിഭാവനം ചെയ്തത്. എന്നാൽ പാത്രിയർക്കീസ് മടങ്ങിയ ഉടനെ വെട്ടിക്കൽ ദയറായിൽ കൂടിയ മേൽപ്പട്ടക്കാരുടെ ധ്യാനയോഗത്തിൽ വച്ച് (1877 മെയ് 30 – ജൂലൈ 11) മാർ ദീവന്നാസിയോസ് അഞ്ചാമനെ തങ്ങളുടെ മേലദ്ധ്യക്ഷനായി അംഗീകരിക്കേണ്ടതിന്റെ ആവശ്യകത അഭിനവ മേല്പട്ടക്കാർക്ക് ബോദ്ധ്യമായതിനാൽ അവർ അപ്രകാരം സമ്മതിച്ചു.

കരവട്ടുവീട്ടിൽ ശെമവോൻ മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായ്ക്ക് കൊച്ചി ഭദ്രാസനത്തിന്റെയും കോനാട്ട് ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായ്ക്ക് തുമ്പമൺ ഭദ്രാസനത്തിന്റെയും ഭരണം ശരിയായി നിർവ്വഹിക്കാൻ കഴിഞ്ഞില്ല എന്നു പല സഭാചരിത്രകാരന്മാരും പറയുന്നു. ശെമവോൻ മാർ ദീവന്നാസിയോസ് രചിച്ച നാളാഗമവും ഇത് ശരി വയ്ക്കുന്നു.

അങ്കമാലി ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ അമ്പാട്ട് ഗീവർഗീസ് മാർ കൂറിലോസ് കാലം ചെയ്തതിനെ (1891 മാർച്ച് 9) തുടർന്ന് കടവിൽ പൗലോസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ കോട്ടയത്തിനു പുറമെ അങ്കമാലി ഭദ്രാസനത്തിന്റെ ചുമതല കൂടിയേറ്റു. 1907 നവംബർ രണ്ടിന് അദ്ദേഹം കാലം ചെയ്യുന്നതു വരെ ഇരു ഭദ്രാസനങ്ങളും ഒരുമിച്ചു ഭരിച്ചു.

പ. ഇഗ്നാത്തിയോസ് പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവാ ഏകപക്ഷീയമായും സ്വന്ത താൽപര്യപ്രകാരവുമാണ് മേൽപ്പട്ടവാഴ്ചയും ഭദ്രാസന വിഭജനവും നടത്തിയതെങ്കിലും സഭയുടെ പുരോഗതിക്ക് അതു പ്രയോജനപ്പെട്ടിട്ടുണ്ട്. കേരളത്തിലെ റോമൻ കത്തോലിക്കാ സഭയിൽ പോലും രൂപതാ സംവിധാനം ശരിയായി നിലവിൽ വരുന്നതിനു മുമ്പു തന്നെ മലങ്കര സുറിയാനിസഭയിൽ ഇപ്രകാരമൊരു സംവിധാനം നിലവിൽ വന്നുവെന്നുള്ളതു ശ്രദ്ധേയമാണ്. 1876-ലെ വിഭജനം മൂന്നോ നാലോ

ഭദ്രാസനങ്ങളായി പരിമിതപ്പെടുത്താമായിരുന്നു. പിൽക്കാലത്ത് ഭദ്രാസ നാധിപന്മാരുടെ ഒഴിവുകൾ വന്നപ്പോൾ വർഷങ്ങളായി അതു നികത്താതെ കിടന്നത് ഇതു വ്യക്തമാക്കുന്നു.

## ലേഖന രചനയ്ക്ക് ആധാരമായി സ്വീകരിച്ച രേഖകൾ


(1) കരവട്ടുവീട്ടിൽ ശെമവോൻ മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായുടെ (+ 1886) നാളാഗമം.

(2) *സെമിനാരി കേസ് ബുക്ക്* വാല്യം മൂന്ന് (1888).

(3) *കണ്ടനാട് ഭദ്രാസന ഡയറക്ടറി*, 1973.

(4) *മലങ്കരസഭ സന്ദർശിച്ച് ഭരിച്ച ശീമക്കാരായ പിതാക്കന്മാർ: ജീവചരിത്ര സംഗ്ര ഹം*, 1964.

(5) കോനാട്ട് ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ സ്താത്തി ക്കോൻ (സുറിയാനി), 1877 നീസാൻ 23 (പാമ്പാക്കുട കോനാട്ട് ലൈബ്രറി).

(6) ഇടവഴീക്കൽ ഫീലിപ്പോസ് കോറെപ്പിസ്കോപ്പാ, *സുറിയാനി സഭാ പഞ്ചാംഗം*, 1873.

(7) വാകത്താനം ഗീവർഗീസ് റമ്പാൻ, *മലങ്കര ഇടവക പഞ്ചാംഗം*, 1907, 1908.

(8) *മലങ്കരസഭയുടെ രഹസ്യപേടകം അഥവാ ഇ. എം. ഫീലിപ്പോസ് ഒരു സ്വഹ സ്തചരിതം*, 1956.

(9) *തൊഴിയൂർ സെന്റ് ജോർജ് ഭദ്രാസന ദേവാലയ കൂദാശാ സ്മരണിക,* 1989.

(10) *പരുമല സ്മൃതി*, 'മലങ്കരസഭാ മാസിക' പ്രസിദ്ധീകരണം, 2002.


❑